

പത്മഭൂഷൺ

**മൗലാനാ വഹീദുദ്ദീൻഖാൻ**

# ജീവിതവിജയം ഖുർആനിലൂടെ

വിവർത്തനം:

പ്രൊഫ. കെ. കെ. ഹാഷിം

# ജീവിതവിജയം
# ഖുര്‍ആനിലൂടെ

# മൗലാനാ വഹീദുദ്ദീൻഖാൻ

പക്വമായ ചിന്തയും ആഴമുള്ള പാണ്ഡിത്യവും ശാസ്ത്രവിഷയങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ വിശകലനം ചെയ്യാനുള്ള സിദ്ധിയും കൊണ്ട് ഇന്ത്യക്കകത്തും പുറത്തും പ്രസിദ്ധിനേടിയ ഗ്രന്ഥകാരനും പ്രഭാഷകനുമാണ് മൗലാനാ വഹീദുദ്ദീൻഖാൻ. ഇസ്‌ലാമിന്റെ മഷിയിൽ മുക്കി അദ്ദേഹം കുറിക്കുന്ന ഓരോവരിയും പ്രപഞ്ചസ്രഷ്ടാവിലേക്ക് മനുഷ്യരെ അടുപ്പിക്കാൻ ഉതകുന്നതും ലോകസമാധാനത്തിന്റെ സന്ദേശമടങ്ങിയതുമാണ്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for Peace and Spirituality International (CPSI) എന്ന സംഘടനയുടെ സ്ഥാപകനാണ്. പത്മഭൂഷൺ, Demiurges Peace International Award, രാജീവ് ഗാന്ധി സദ്ഭാവനാ അവാർഡ്, മുസ്‌ലിം സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന പ്രയത്നങ്ങൾക്കുള്ള ഇമാം അൽ ഹസൻ അവാർഡ് (ദുബൈ) തുടങ്ങിയ പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. ജോർദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്റ്റഡി സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലിം ചിന്തകരിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മൗലാനയുടെ കൃതികൾ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂനിവേഴ്സിറ്റികളിലെ പാഠ്യപദ്ധതികളിൽ മൗലാനയുടെ കൃതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. 1925-ൽ ഉത്തർപ്രദേശിലെ അസംഗഢിലാണ് ജനനം.

പത്മഭൂഷൺ
മൗലാനാ വഹീദുദ്ദീൻഖാൻ

# ജീവിതവിജയം ഖുർആനിലൂടെ

വിവർത്തനം:
പ്രൊഫ. കെ. കെ. ഹാഷിം
ഡോ. കെ. റഹീന

GOODWORD

Maulana Wahiduddin Khan's
**Quranic Wisdom**

*Jeevithavijayam Quraniloode*
Malayalam Translation

Translated by:
Prof. K.K. Hashim, Dr. K. Rehina

All rights reserved

Publishers:
**Goodword Books Kerala**
Court Road, S M Street, Calicut-1
Mob: 81 29 538 666, 99 95 826 996
Email: keralagoodword@gmail.com

www.keralagoodword.com

# ആമുഖം

മനുഷ്യ ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന ദൈവികഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ദൈവത്തിന്റെ സൃഷ്ടിപദ്ധതിയാണ് അതിന്റെ കേന്ദ്രവിഷയം. ഖുർആനിലെ 67-ാം അധ്യായത്തിൽ മനുഷ്യസൃഷ്ടിയുടെ ലക്ഷ്യം പരാമർശിക്കുന്നുണ്ട്. മനുഷ്യന്റെ ഭൂമിയിലെ ജീവിതം ഒരു പരീക്ഷണമാണ്. ആരാണ് സൽക്കർമി എന്നു ദൈവം പരീക്ഷിക്കുന്നു.

ഇഹലോകം നശ്വരവും പരലോകം അനശ്വരവും - ഇതാണ് ഖുർആന്റെ ഉപദേശം. ഭൂമിയിൽ മനുഷ്യന് താൽക്കാലിക ജീവിത വിഭവങ്ങളുണ്ട്. ശാശ്വതമായ ജീവിതസൗകര്യങ്ങളും ദുരിതങ്ങളും അവനെ പരലോകത്ത് കാത്തിരിക്കുന്നു. പീഡനങ്ങളുടെ ലോകമായ നരകവും സുഖജീവിതത്തിന്റെ ലോകമായ സ്വർഗ്ഗവും ഖുർആനിലുടനീളം വർണ്ണിക്കപ്പെടുന്നുണ്ട്. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഗേഹമായി ഖുർആൻ (10:25) സ്വർഗത്തെ അവതരിപ്പിക്കുന്നു.

ഖുർആൻ മനുഷ്യനെ ആത്മീയ ജീവിതത്തിന് പ്രേരിപ്പിക്കുന്നു. ലളിതജീവിതവും ഉയർന്ന ചിന്തയുമാണ് ആത്മീയതയുടെ ലക്ഷണം. മന:ശുദ്ധീകരണത്തിലൂടെ നേടിയെടുക്കാവുന്ന ഒന്നാണിത്. മനസ്സിനെ ശുദ്ധീകരിക്കുന്നവൻ വിജയിക്കുമെന്നും അല്ലാത്തവൻ പരാജയപ്പെടുമെന്നും ഖുർആൻ (91: 9-10) ഓർമ്മപ്പെടുത്തുന്നു. അതായത്, മന:ശുദ്ധിയും വിശുദ്ധ ജീവിതവുമാണ് ആത്മീയജീവിതം. അതാണ് ജീവിത വിജയത്തിന്റെ നിദാനം.

ഇഹലോകത്തും പരലോകത്തും വിജയം നേടണമെങ്കിൽ ഇവിടെ ആത്മീയജീവിതം നയിക്കണം. ഭൗതിക ജീവിതസൗകര്യങ്ങൾ ത്യജിക്കാനല്ല അവയെ, മറ്റുള്ളവരെകൂടി പരിഗണിച്ചുകൊണ്ട്, ആത്മനിയന്ത്രണത്തോടെ അനുഭവിക്കാനാണ് ഖുർആൻ പഠിപ്പിക്കുന്നത്. അതാണ് 'ലളിതജീവിതവും ഉയർന്നചിന്തയും' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മൗലാനാ വഹീദുദ്ദീൻഖാൻ

ഈ ജീവിതശൈലിയാണ് ഇസ്‌ലാമിന്റെ ആത്മീയജീവിതം. ജീവിതവിജയത്തിന് ഖുർആൻ പ്രതിപാദിക്കുന്ന ഏതാനും തത്വങ്ങളാണ് ഈ പുസ്തകത്തിൽ. ഉദാത്തമായ ജീവിതചിന്തകളും ആദർശങ്ങളും വെച്ചുപുലർത്തിയും ആത്മനിയന്ത്രണത്തിലൂടെ ലളിതജീവിതം നയിച്ചുകൊണ്ടും മനുഷ്യന് ഈ ലോകത്ത് നന്നായി ജീവിക്കാൻ കഴിയും. ഇതാണ് ഖുർആന്റെ പ്രായോഗിക ആത്മീയത. ഈ ജീവിതത്തിന്റെ അനിവാര്യ പ്രതിഫലനമാണ് പരലോകത്തെ സ്വർഗ്ഗീയ ജീവിതം!

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഉത്തമകഥ | 11 |
| 2. | സത്യസന്ധതയും കഠിനാധ്വാനവും | 13 |
| 3. | ആദ്യ കൊലപാതകം | 15 |
| 4. | പ്രാർത്ഥനകൊണ്ട് തുടങ്ങുക | 17 |
| 5. | വിലക്കപ്പെട്ട വൃക്ഷം | 19 |
| 6. | വിദ്യാഭ്യാസം | 21 |
| 7. | മനുഷ്യർ തുല്യരാണ് | 23 |
| 8. | സാമൂഹിക മര്യാദകൾ | 25 |
| 9. | ബോധ്യപ്പെട്ടശേഷം സ്വീകരിക്കുക | 27 |
| 10. | ഏറ്റുമുട്ടൽ ഒഴിവാക്കുക | 31 |
| 11. | മരുഭൂമിയെ ഹരിതഭൂമിയാക്കുക | 33 |
| 12. | ചങ്ങാതിമാരുടെ ലോകം | 35 |
| 13. | നല്ല മരം | 37 |
| 14. | സ്വയം തിരുത്തുക | 39 |
| 15. | സമയത്തിന്റെ പ്രാധാന്യം | 41 |
| 16. | കൊടുക്കുന്നവർ ബാക്കിയാകും | 43 |
| 17. | ഒരു ജ്ഞാനിയുടെ ഉപദേശം | 45 |
| 18. | സഫലസംവാദം | 47 |
| 19. | സഹവർത്തിത്വം | 49 |
| 20. | പ്രശ്നങ്ങളെ നേരിടുക | 51 |
| 21. | ദൈവത്തിന് കീഴടങ്ങുക | 53 |
| 22. | ജനതയുടെ വളർച്ചയും തകർച്ചയും | 55 |
| 23. | പ്രായോഗിക ജ്ഞാനം | 57 |
| 24. | ഇരുട്ടിനുശേഷം വെളിച്ചം | 59 |
| 25. | യഥാർത്ഥ വിജയി | 61 |
| 26. | പ്രവർത്തിയാണ് പ്രധാനം | 63 |
| 27. | വിജയത്തിന്റെ നിദാനം | 65 |
| 28. | സ്വയം പഴിക്കാതിരിക്കുക | 67 |
| 29. | പ്രകോപനം അരുത് | 69 |

30. വിവേചനം പാടില്ല 71
31. ദുർവ്യയം പാടില്ല 73
32. പൈതൃകം നിലനിർത്തുക 75
33. കോപം നിയന്ത്രിക്കുക 77
34. പ്രാർത്ഥനയോടെ തുടങ്ങുക 79
35. മനസ്സമാധാനം 81
36. ദൗത്യവും പ്രവർത്തനവും 83
37. മൗനത്തിന്റെ പ്രാധാന്യം 85
38. ശരിയായ സംസാരം 87
39. സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സ് 89
40. സ്വീകരണത്തിന്റെ സംസ്കാരം 92
41. ആത്മീയ പങ്കാളികൾ 94
42. മനസ്സിനെ ശുദ്ധീകരിച്ചുനിർത്തുക 96
43. പരദൂഷണം അരുത് 99
44. കുതന്ത്രങ്ങൾ കരുതിയിരിക്കുക 101
45. രഞ്ജിപ്പിന്റെ മാർഗം 103
46. ശരിയായ ഭാഷണം 105
47. സാർവത്രിക സാഹോദര്യം 107
48. മനുഷ്യനും പ്രകൃതിയും 109
49. പാരസ്പര്യത്തിന്റെ പ്രാധാന്യം 111
50. ദൈവത്തിന്റെ സൃഷ്ടിപദ്ധതി 113
51. നല്ലത് തെരഞ്ഞെടുക്കുക 115
52. വൈവിധ്യങ്ങളുടെ പ്രസക്തി 117
53. ആത്മനിയന്ത്രണം 119
54. അധഃപതനം 121
55. തിരുനബിയുടെ ജീവിതം ഒരു തുറന്ന പുസ്തകം 124
56. എല്ലാ സംസ്കാരങ്ങളെയും ആദരിക്കുക 127
57. പ്രാർത്ഥനയും കച്ചവടവും 129
58. മാനസാന്തരപ്പെടുക 131
59. ഗുണമാണ് പ്രധാനം 134
60. ശരിയായ പെരുമാറ്റം 137
61. വിവേചനം അരുത് 139
62. അധികാരം ഒരു വരം 141
63. ജിഹാദ്: സമാധാനത്തിന്റെ പ്രത്യയശാസ്ത്രം 143

64. തിന്മയുടെ ഫലം തിന്മ 145
65. അനാവശ്യ വർത്തമാനം ഒഴിവാക്കുക 147
66. നേതൃത്വവും പിന്തുണയും 149
67. സത്സംഘത്തിന്റെ പ്രാധാന്യം 151
68. അധികാരം ഒരു ഉത്തരവാദിത്തം 154
69. മനസ്സാക്ഷിയെ ആശ്രയിക്കുക 156
70. ഖുർആനിലെ പ്രഥമ അധ്യായം 158
71. സംഘർഷം ഒഴിവാക്കുക 161
72. ശരിയായ പരിപ്രേക്ഷ്യം 163
73. അറിവിന്റെ രണ്ടുസ്രോതസ്സുകൾ 165
74. ധൈഷണിക പങ്കാളികൾ 167
75. വിശ്വാസിയെ ആശ്രയിക്കാം 170
76. സമാധാനം സർവ്വപ്രധാനം 172
77. ബോധ്യമാണ് വിശ്വാസം 174
78. വിധിയും സ്വാതന്ത്ര്യവും 176
79. ഊഹങ്ങൾ കരുതിയിരിക്കുക 179
80. ശുഭാപ്തിവിശ്വാസം 182
81. നന്മനേരുക സത്യസന്ധരായിരിക്കുക 184
82. ഖുർആൻ ജ്ഞാനത്തിന്റെ വഴി 186
83. മനുഷ്യന്റെ വ്യക്തിത്വം 188
84. നേതൃഗുണം 190
85. നിരീക്ഷണപാടവം വളർത്തുക 192
86. സ്വഭാവഹത്യ അരുത് 194
87. ഉത്തരവാദിത്ത ബോധം 196
88. സ്ത്രീയുടെ പദവി 199
89. സംസാരത്തിലെ നിയന്ത്രണം 202
90. ആഗ്രഹങ്ങളുടെ അടിമയാകരുത് 204
91. ഇരട്ടത്താപ്പ് പാടില്ല 212
92. സഞ്ചരിക്കുക 214
93. ഖുർആൻ ഒരു പഠനഗ്രന്ഥം 216
94. പരിസ്ഥിതി സംരക്ഷണം 219
95. ഖുർആന്റെ സാരാംശം 221
96. സർവസ്പർശിയായ ഗ്രന്ഥം 223
97. ഉത്കൃഷ്ട ചിന്തകൾ 225

98. ദൈവത്തോട് തേടുക 227
99. അവരെ വിനയപൂർവം അവഗണിക്കുക 229
100. മൃത്യുബോധം 231
101. ജീവിതം ഒരു പരീക്ഷണം 233
102. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് 235
103. സമാധാനത്തിന്റെ തത്ത്വശാസ്ത്രം 237
104. മാത്സര്യത്തിന്റെ ലോകം 240
105. കൂടിയാലോചന 242
106. മാലാഖമാരെ കൂട്ടുപിടിക്കുക 245
107. ഏകാഗ്രചിന്ത 247
108. വ്യക്തിയും സമൂഹവും 249
109. യുക്തിചിന്ത 251
110. നീതി പുലർത്തുക 253
111. മനസ്സാക്ഷിയോട് നീതിപുലർത്തുക 255
112. അക്രമം അരുത് 257
113. പ്രകൃതിയുടെ ശബ്ദം 259
114. ജീവിത ലക്ഷ്യം 261
115. ആത്മീയതയും രാഷ്ട്രീയവും 263
116. സ്വയം നവീകരിക്കുക 265
117. സൃഷ്ടിയിലെ വൈവിധ്യം 267
118. സാധ്യമായത് ചെയ്യുക 269
119. പൊറുക്കുക 271
120. പ്രകൃതിയുടെ മതം 273
121. ആത്മപരിശോധന നടത്തുക 275
122. അറിവിന്റെ പരിമിതികൾ 277
123. ക്ഷമാപൂർവം കാത്തിരിക്കുക 279
124. സംവാദത്തിന്റെ പ്രസക്തി 281
125. ആത്മീയ യാത്ര 283
126. സമദർശനം 286
127. ആഗ്രഹ നിയന്ത്രണം 289
128. ഉത്തരവാദിത്ത സമൂഹം 291
129. വാർദ്ധക്യത്തെ തടയാം 294
130. അയുക്തികത 296
131. കർമത്തിനു മുമ്പുള്ള തയ്യാറെടുപ്പ് 298

132. കള്ളപ്പറ പാടില്ല 300
133. ആത്മീയ ഭക്ഷണം 302
134. വേണ്ടാത്തത് ഉപേക്ഷിക്കുക 304
135. ദൈവത്തിന്റെ പാത 306
136. വിശ്വാസിയുടെ സൗമ്യഭാവം 308
137. ഖുർആനെ സുമനസ്സോടെ സമീപിക്കുക 310
138. പ്രയാസത്തിലൂടെ ആത്മവികാസത്തിലേക്ക് 313
139. യുവാക്കൾ നന്മയുടെ ശക്തിസ്രോതസ്സ് 315
140. ശുദ്ധീകരണ പ്രക്രിയ 317
141. യുക്തിലംഘനം 319
142. ജീവിതം ഒരനുഗ്രഹം 321
143. നസ്ക് ഖുർആനിൽ 323
144. ന്യൂനപക്ഷവും ഭൂരിപക്ഷവും 325
145. ആബേലിന്റെ സംസ്കാരം 327
146. എല്ലാം ദൈവത്തിന്റെ അനുഗ്രഹം 329
147. സംതൃപ്തിയുടെ നിദാനം 331
148. യുക്തിയും വികാരവും 332
149. കാക്ക ഒരു അധ്യാപകൻ 335
150. ദിവ്യഭോജനം 337
151. ആർത്തി വെടിയുക 339
152. എല്ലാം നല്ലതിന് 342
153. വിശ്വാസികുടുംബം 344
154. വാക്കുപാലിക്കുക 346
155. ജീവിതവും മരണവും 348
156. അനുഗൃഹീത ജീവിതം 349
157. പ്രപഞ്ചവും മനുഷ്യനും 351
158. സ്വർഗം വിശ്വാസിയുടെ ഗേഹം 353
159. സഹനത്തിന്റെ സത്ഫലം 355
160. ദൈവഭയം 358
161. സ്വർഗാവകാശികൾ 361
162. പ്രയാസങ്ങൾ ഒരനുഗ്രഹം 364
163. ദൈവം കൂടെയുണ്ട് 366
164. രജതരേഖ 368
165. അന്ത്യയാത്ര 370

| | |
|---|---|
| 166. മരണാനന്തര ജീവിതം | 373 |
| 167. ശുഭചിന്തയുടെ അത്ഭുതസിദ്ധി | 375 |
| 168. അത്ഭുതകരമായ ഒമ്പത് ദിനങ്ങൾ | 377 |
| 169. അനുനിമിഷം നന്ദിപൂർവം ജീവിക്കുക | 379 |
| 170. ആരാധനയുടെ ഫലം | 381 |
| 171. ദൈവത്തെ ധാരാളമായി സ്മരിക്കുക | 383 |
| 172. പ്രകൃതിയിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുക | 385 |
| 173. ശാശ്വതജീവിതം പ്രതീക്ഷിക്കുക | 387 |
| 174. ധനസംസ്കാരം | 389 |
| 175. ആരിൽനിന്നും പഠിക്കണം | 391 |

1

# ഉത്തമകഥ

വിശുദ്ധ ഖുർആനിലെ, *യൂസഫ്* എന്ന അധ്യായം ഒരു ഉത്തമകഥ പറയുന്നുണ്ട്: പിതാവിനോടും മൂത്തസഹോദരന്മാരോടുമൊന്നിച്ച് ഫലസ്തീനിൽ ജീവിച്ചിരുന്ന ജോസഫിന്റെ കഥയാണത്. കൗമാരക്കാരനായ ജോസഫിനോട് മൂത്തസഹോദരന്മാർക്ക് അസൂയ തോന്നി. അവനെ ഒരു പൊട്ടക്കിണറ്റിൽ ഉപേക്ഷിക്കാൻ അവർ ഗൂഢാലോചന നടത്തി. ഒരു സാർത്ഥവാഹക സംഘം അവനെ കിണറ്റിൽ കണ്ടെത്തുകയും മോചിപ്പിക്കുകയും ചെയ്തു. അവരവനെ ഈജിപ്തിലെ അടിമച്ചന്തയിൽ വിറ്റു.

ഭാഗ്യവശാൽ ജോസഫിന്റെ യജമാനൻ ദർബ്ബാറിലെ ഒരംഗമായിരുന്നു. അദ്ദേഹം വിഗ്രഹാരാധകനായിരുന്നുവെങ്കിലും ജോസഫ് അബ്രഹാമിന്റെ കുടുംബാംഗമായതിനാൽ ഏകദൈവ വിശ്വാസിയായിത്തന്നെ വളർന്നു. വർഷങ്ങൾക്കുശേഷം, യുവാവായ ജോസഫിന് മിസ്റിലെ രാജാവിനെ നേരിട്ട് കാണാനുള്ള അവസരം ലഭിച്ചു. ജോസഫിന്റെ അറിവും വ്യക്തിത്വവും രാജാവിനെ ഹഠാദാകർഷിച്ചു. അങ്ങനെ അദ്ദേഹം ജോസഫിന് തന്റെ ഭരണസമിതിയിൽ ഉന്നത പദവി നല്കി. ഇന്നത്തെ കൃഷിമന്ത്രി സ്ഥാനത്തിന് തുല്യമായ ഒരു പദവിയായിരുന്നു അത്.

ബൈബിളിലെ വിവരണമനുസരിച്ച്, രാജാവ് പറഞ്ഞു: 'നീ എന്റെ സഭയിലെ ഉന്നത സ്ഥാനീയനും പ്രജകൾ നിന്റെ ആജ്ഞാനുവർത്തികളും ആയിരിക്കും. എനിക്ക് നിന്നെക്കാൾ മഹത്വം സിംഹാസനം കൊണ്ട് മാത്രമായിരിക്കും.' (ഉല്പത്തിപുസ്തകം: 42: 40)

രാജാവിന്റെ നിർദ്ദേശങ്ങൾ ജോസഫ് സർവാത്മനാ പാലിച്ചുപോന്നു. കാർഷിക രംഗം വിജയകരമായി കൈകാര്യം ചെയ്തു. അക്കാലത്താണ് മിസ്റിലും സമീപപ്രദേശങ്ങളിലും കഠിനമായ വരൾച്ച ഉണ്ടായത്. എങ്കിലും, തങ്ങളുടെ രക്ഷകനായി ജോസഫ് ഉള്ളതിനാൽ മിസ്റിലെ ജനങ്ങൾ സന്തുഷ്ടരായിരുന്നു. ജോസഫിന്റെ ഈ ജീവിത കഥതന്നെയാണ് വത്യസ്തമായൊരു ഉദ്ദേശ്യത്തോടെ ഖുർആൻ വിവരിക്കുന്നത്. കഥനത്തിനൊടുവിൽ ഖുർആൻ പ്രസ്താവിക്കുന്നു:

*തീർച്ചയായും ആർ സൂക്ഷ്മത പാലിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നുവോ ആ സദ്‌വൃത്തർക്കുള്ള പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല.* (12:90)

എന്തെല്ലാം ഗുണവിശേഷങ്ങളാണ് യൂസുഫിനെ ഒരു സദ്‌വൃത്തനായി ഉയർത്തിയത്?

1. മൂത്ത സഹോദരന്മാർ ജോസഫിന്റെ മരണത്തിന് കാരണമായേക്കാവുന്ന ഗൂഢാലോചനകൾ നടത്തി. എന്നാൽ, അതിനെതിരെ ഒരു വിധത്തിലുമുള്ള വിദ്വേഷമോ പ്രതികാരമോ ജോസഫ് പ്രകടിപ്പിച്ചില്ല. പകരം, ഖുർആനിൽ പരാമർശിച്ചതുപോലെ അവൻ അവരോട് ക്ഷമിച്ചു. ഈജിപ്തിലേക്ക് അവരെ സ്വാഗതം ചെയ്തു.

2. സാർത്ഥവാഹക സംഘം തന്നെ അടിമയാക്കി മിസ്റിലെ ചന്തയിൽ വിൽക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ ജോസഫ് അവരോട് പ്രതിഷേധിച്ചില്ല.

3. മിസ്റിലെ താമസക്കാലത്ത് തന്റെ യജമാനനോ ഭരണാധികാരിക്കോ ഒരു പ്രശ്നവും ജോസഫ് വരുത്തിവെച്ചില്ല.

4. മിസ്റിലെ അക്കാലത്തെ ബിംബാരാധകരോട് ജോസഫ് സഹിഷ്ണതയോടെ വർത്തിച്ചു.

5. സംഘട്ടനങ്ങൾ ഒഴിവാക്കുകയും തനിക്ക് ലഭിച്ച അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു.

ഖുർആനിലും ബൈബിളിലും പരാമർശിക്കപ്പെട്ട ഇത്തരം ഗുണങ്ങളാണ് ജോസഫിനെ ഉന്നതസ്ഥാനീയനും സദ്‌വൃത്തനുമാക്കിത്തീർത്തത്.

## 2

# സത്യസന്ധതയും കഠിനാധ്വാനവും

മോസസ് ജനിച്ചതും മുപ്പതോളം വർഷം ജീവിച്ചതും ഈജിപ്തിലായിരുന്നു. ചില കാരണങ്ങളാൽ അദ്ദേഹം ഈജിപ്ത് വിട്ടു മദിയനിൽ എത്തി. മദിയനിലെ ഒരു കുഗ്രാമത്തിലെ മരച്ചുവട്ടിൽ വിശ്രമിക്കവെ ഒരു കാഴ്ച അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ സംഭവം ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

*മദിയനിലെ ജലാശയത്തിങ്കൽ അദ്ദേഹം ചെന്നെത്തിയപ്പോൾ (ആടുകൾക്ക്) വെള്ളം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ അതിനടുത്ത് അദ്ദേഹം കണ്ടു. അവരുടെ ഇപ്പുറത്തായി (തങ്ങളുടെ ആട്ടിൻ പറ്റത്തെ) തടഞ്ഞുനിർത്തിക്കൊണ്ടിരിക്കുന്ന രണ്ട് സ്ത്രീകളെയും അദ്ദേഹം കണ്ടു. അദ്ദേഹം അവരോട് ചോദിച്ചു: എന്താണ് നിങ്ങളുടെ പ്രശ്നം?*

*അവർ പറഞ്ഞു: ഇടയന്മാർ (ആടുകൾക്ക് വെള്ളം കൊടുത്ത്) തിരിച്ചുകൊണ്ടുപോകുന്നത് വരെ ഞങ്ങൾക്ക് വെള്ളം കൊടുക്കാനാവില്ല. ഞങ്ങളുടെ പിതാവാകട്ടെ വലിയൊരു വൃദ്ധനുമാണ്.*

*അങ്ങനെ അവർക്കുവേണ്ടി അദ്ദേഹം (അവരുടെ ആടുകൾക്ക്) വെള്ളം കൊടുത്തു. പിന്നീടദ്ദേഹം തണലിലേക്ക് മാറിയിരുന്നിട്ട് പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മക്കും ഞാൻ ആവശ്യക്കാരനാകുന്നു.*

*അപ്പോൾ ആ രണ്ട് സ്ത്രീകളിൽ ഒരാൾ നാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് നടന്നുചെന്നിട്ട് പറഞ്ഞു: താങ്കൾ ഞങ്ങൾക്കുവേണ്ടി (ആടുകൾക്ക്) വെള്ളം കൊടുത്തതിനുള്ള പ്രതിഫലം താങ്കൾക്കുനല്കുവാനായി എന്റെ പിതാവ് താങ്കളെ വിളിക്കുന്നു. അങ്ങനെ മൂസാ അദ്ദേഹത്തിന്റെ അടുത്ത് ചെന്നിട്ട് തന്റെ കഥ വിവരിച്ചുകൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: ഭയപ്പെടേണ്ട. അക്രമികളായ ആ ജനതയിൽ നിന്ന് നീ രക്ഷപ്പെട്ടിരിക്കുന്നു.*

*ആ രണ്ടുസ്ത്രീകളിലൊരാൾ പറഞ്ഞു: എന്റെ പിതാവേ, ഇദ്ദേഹത്തെ താങ്കൾ കൂലിക്കാരനായി നിർത്തുക. തീർച്ചയായും താങ്കൾ കൂലിക്കാ*

*രായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമനും ശക്തനും വിശ്വസ്തനുമായി ട്ടുള്ളവനത്രെ.* (28: 23-26)

ഖുർആൻ വിവരണമനുസരിച്ച്, മൂസ മദിയൻ രാജ്യത്തിന്റെ അതിഥിയായി എട്ടോളം വർഷം കഴിഞ്ഞു. ആതിഥ്യമരുളിയ ശുഐബ് തന്റെ മകളെ മോസസിന് വിവാഹം ചെയ്തുകൊടുത്തു. എട്ടുവർഷത്തിനുശേഷം മോസസ് മദിയനിൽ നിന്ന് സ്വദേശമായ ഈജിപ്തിലേക്ക് മടങ്ങി.

മോസസിനെ കൂലിക്കാരനായെടുക്കാൻ മകൾ പിതാവിനോട് അപേക്ഷിച്ചപ്പോൾ അവൾ പറഞ്ഞതെന്താണോ, അതാണ് ഇഹലോക വിജയത്തിന്റെ ഏറ്റവും നല്ല സൂത്രവാക്യം - സത്യസന്ധതയും കഠിനാധ്വാനവും. സത്യസന്ധനെ സമൂഹം വിശ്വസിക്കും. കഠിനാധ്വാനമെന്നാൽ ഒരാൾ തന്റെ പ്രവൃത്തിയിൽ ആത്മാർപ്പണം ചെയ്യലാണ്.

കരുത്തും സത്യസന്ധതയും ഏറ്റവും വലിയ മനുഷ്യഗുണങ്ങളാണ്. കരുത്ത് കായബലവും സത്യസന്ധത ആത്മബലവുമാണ്. രണ്ടും തുല്യ പ്രാധാന്യമുള്ളവയാണ്. ഈ രണ്ടു ഗുണങ്ങളുമുള്ളവനെ, സുസജ്ജൻ എന്നു വിളിക്കാം. മാത്രമല്ല, അത്തരക്കാരെയാണ് ലോകം അംഗീകരിക്കുക.

'സ്വയം സഹായിക്കുന്നവനെ ദൈവം സഹായിക്കും' എന്നൊരു ചൊല്ലുണ്ട്. എന്താണ് സ്വയം സഹായം? സ്വയം സഹായമെന്നാൽ സത്യസന്ധതയും കഠിനാധ്വാനവും തന്നിൽ ഉണ്ടെന്ന് ഒരാൾ സ്വയം തെളിയിക്കുകതന്നെ.

3

# ആദ്യ കൊലപാതകം

വിശുദ്ധഖുർആനിലെ അഞ്ചാംഅധ്യായത്തിൽ ആദിമനുഷ്യനായ ആദമിന്റെ രണ്ടു പുത്രന്മാരുടെ കഥ വിവരിക്കുന്നുണ്ട്. അവരിൽ ഒരാൾക്ക് മറ്റെയാളോട് ശത്രുത തോന്നുകയും ആയാളെ വധിക്കുകയും ചെയ്തു. മനുഷ്യചരിത്രത്തിലെ ആദ്യത്തെ കൊലപാതകമായിരുന്നു അത്.

കഥനശേഷം ഖുർആൻ പറയുന്നു:

*അക്കാരണത്താൽ ഇസ്രായീൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നല്കുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു.* (5:32)

ഈ വചനം കൊലപാതകത്തിൽ നിയമവ്യവസ്ഥ കല്പിക്കുന്നതോടൊപ്പം ജീവിതത്തിന്റെ ഒരു പ്രത്യയശാസ്ത്രവും നമുക്ക് നല്കുന്നു. അതായത്, അഭിപ്രായ വ്യത്യാസം ജീവിതത്തിന്റെ ഭാഗമാണ്. അതിനെ നിരാകരിക്കുക സാധ്യമല്ല. എങ്കിലും, മറ്റുള്ളവരുമായി തർക്കത്തിലേർപ്പെടുമ്പോൾ നിങ്ങൾ അസ്വസ്ഥരാകരുത്. അവരെ വെറുതെ വിട്ടേക്കുക. ഭിന്നതകളുമായി സമരസപ്പെടാൻ ശ്രമിക്കുക. പ്രശ്നത്തെ അവഗണിച്ചുകൊണ്ടോ ചെറിയ നീക്കുപോക്കുകൾ വരുത്തിക്കൊണ്ടോ ജീവിതത്തെ മുന്നോട്ടുനയിക്കുക.

തർക്കങ്ങളും സംഘട്ടനങ്ങളും തെരഞ്ഞെടുക്കില്ലെന്ന് മുൻകൂട്ടി തീരുമാനിക്കുക. വിഷയമേതാണെങ്കിലും സമാധാനപരമായ ഒരു പരിഹാരം കാണുമെന്നും ബലപ്രയോഗത്തിലേർപ്പെടുകയില്ലെന്ന് സ്വയം ഉറപ്പാക്കുക.

അന്യായമായി ഒരാളെ വധിക്കുകയെന്നത് അയാളെ ഇല്ലാതാക്കൽ മാത്രമല്ല, അനഭിലഷണീയമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കലുമാണ്. അതിന്റെ ഫലം പ്രത്യക്ഷമായോ പരോക്ഷമായോ സമൂഹത്തിൽ അനുഭവപ്പെടും. അത് മനുഷ്യരാശിയുടെ മേൽ വിനാശകരമായ സ്വാധീനം

ചെലുത്തും. ആ അർത്ഥത്തിൽ, അകാരണമായ ഏതൊരു വ്യക്തിഹത്യയും ഒരു ആഗോളഹത്യയാണ്.

കലാപം ഒരു പ്രശ്നത്തിനും പരിഹാരമല്ല. അത് പ്രശ്നത്തേക്കാൾ മ്ലേച്ഛമാണ്. ഗുരുതരമായ ധാർമ്മിക ലംഘനമാണ്. കലാപമോ കൊലപാതകമോ ആണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അത് ആത്മ സംസ്കരണത്തിന്റെ പാതയല്ല. സമയവും ഊർജ്ജവും പാഴാക്കുകയാണ്. ഏതാക്രമണവും ബൂമറാങ്ങ് പോലെയാണ്. മറ്റുള്ളവർക്കെതിരെ പ്രയോഗിക്കുമ്പോൾ അത് നമുക്കെതിരെയും വരാം.

ഒരാൾ കലാപത്തിനോ കൊലപാതകത്തിനോ തുനിയുന്നത് അയാളിലെ കോപം മൂലമാണ്. ദേഷ്യത്തിന് വഴിപ്പെടുമ്പോൾ അയാൾ അത്യധികം ആകുലചിത്തനായി മാറുന്നു. അത്തരമൊരു മാനസികാവസ്ഥയിൽ നിന്ന് നല്ലൊരു തീരുമാനത്തിലെത്തിച്ചേരാൻ അയാൾക്ക് സാധ്യമല്ല. അതുകൊണ്ട് കോപം വരുമ്പോൾ ക്ഷമ അവലംബിച്ച് കോപം അടക്കിനിർത്തുക. മനസ്സിനെ ശാന്തമാക്കുക. മനസ്സ് ശാന്തമായ വേളയിൽ മാത്രം തീരുമാനങ്ങളെടുക്കുക.

4

# പ്രാർത്ഥനകൊണ്ട് തുടങ്ങുക

ഖുർആൻ അനുസരിച്ച് ഇല്ലാത്തവർക്കും അവരുടെതായ അവകാശങ്ങളുണ്ട്. ഇല്ലാത്തവർക്ക് ഉള്ളവർ കൊടുക്കണം. അല്ലാത്തപക്ഷം തങ്ങളുടെ ചുമതലകൾ വേണ്ടവണ്ണം നിറവേറ്റാൻ കഴിയാത്തതിന്റെ പേരിൽ നാളെ അവർ വലിയ വില കൊടുക്കേണ്ടിവരും. ജീവകാരുണ്യ പ്രവർത്തനം കേവലം ഒരു ദാനധർമ്മമല്ല. മറിച്ച്, അതൊരു കർത്തവ്യമാണ്.

ഖുർആനിലെ *ഖലം* (പേന) എന്ന അധ്യായത്തിൽ വിവരിക്കുന്ന ഒരു സംഭവമുണ്ട്:

*ആ തോട്ടക്കാരെ നാം പരീക്ഷിച്ചത് പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാത വേളയിൽ ആ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം.*

*അവർ (യാതൊന്നും) ഒഴിവാക്കിപ്പറഞ്ഞിരുന്നില്ല. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടതുപോലെ ആയിത്തീർന്നു. അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചുപറഞ്ഞു: നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തുതന്നെ പുറപ്പെടുക. അവർ അന്യോന്യം മന്ത്രിച്ചുകൊണ്ട് പോയി,*

*ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നു വരാൻ ഇടയാവരുത് എന്ന്. അവർ (സാധുക്കളെ)തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടുതന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു.*

*അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറഞ്ഞു: തീർച്ചയായും നാം പിഴവുപറ്റിയവരാകുന്നു. അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു.*

*അവരുടെ കൂട്ടത്തിൽ മധ്യ നിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ, എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്?*

*അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ച യായും നാം അക്രമികളായിരിക്കുന്നു.*

*അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു.*

*അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമ കാരികളായിരിക്കുന്നു.*

*നമ്മുടെ രക്ഷിതാവ് അതിനേക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്ര ഹിച്ചുചെല്ലുന്നവരാകുന്നു.*

*അപ്രകാരമാകുന്നു ശിക്ഷ. പരലോക ശിക്ഷയാവട്ടെ കൂടുതൽ ഗൗര വമുള്ളതാകുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ! (68: 17-33).*

ഒരാൾക്ക് വിള ലഭിക്കുന്നത് അയാളുടെ മാത്രം പ്രയത്നഫലമല്ല. മറിച്ച്, പ്രകൃതിയുടെ ചില ഘടകങ്ങളും ആ വിളയിൽ ഉൾച്ചേർന്നിട്ടു ണ്ട്. അതില്ലാതെ ഒരു വിളയും സാധ്യമല്ലതന്നെ. ഏതൊരു വിളയിലും പ്രകൃതിക്ക് അതിന്റേതായ പങ്കുണ്ട്. ഏതോ കാരണത്താൽ ദാരിദ്ര്യം അനുഭവിക്കാൻ വിധിക്കപ്പെട്ടവരിലേക്കും അതിൽ നിന്ന് ഒരു പങ്ക് എത്തിച്ചേരേണ്ടതുണ്ട്.

എന്താണ് ആ പ്രകൃതി ഘടകങ്ങൾ? പ്രകൃതി ഘടകങ്ങൾ അനേ കമുണ്ട്. ഉദാഹരണത്തിന് മണ്ണ്, ജലം, ബാക്ടീരിയ, വായു, സൂര്യൻ തുടങ്ങിയവ. അത്തരം ഘടകങ്ങൾ കൃഷിക്കാരന് തന്റെ വിളക്കുവേ ണ്ടി നല്കാൻ കഴിയുന്നതിനുമപ്പുറത്താണ്. വേണ്ട രീതിയിൽ അവ അപ്പപ്പോൾ നല്കാൻ പ്രകൃതിക്ക് വളരെ എളുപ്പമാണ്. അതുകൊണ്ട് എല്ലാ വിളയിലും പ്രകൃതിക്ക് അതിന്റേതായ ഒരു പങ്കുണ്ട്. പ്രകൃതി നല്കുന്ന അനുഗ്രഹം അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കലാണ് യഥാർത്ഥത്തിൽ മാനവമൈത്രി. അങ്ങനെ പ്രവർത്തിക്കുന്നവർക്കാണ് ദൈവത്തിൽ നിന്ന് പ്രതിഫലം ലഭിക്കുക. അല്ലാത്തവർക്ക് ദൈവത്തി ന്റെ ശിക്ഷയായിരിക്കും ലഭിക്കുക.

ഖുർആൻ നിർവ്വചിക്കുന്ന ജീവകാരുണ്യ പ്രവർത്തനം പ്രകൃതി വിഭ വങ്ങളുടെ ഉചിതമായ വിതരണമാണ്.

5

# വിലക്കപ്പെട്ട വൃക്ഷം

ആദം-ഹവ്വാ കഥ ബൈബിളിലും ഖുർആനിലും സമാനമാണ്. ഖുർആൻ വിവരണമനുസരിച്ച്, ആദം ഹവ്വാ ദമ്പതികളെ ദൈവം സൃഷ്ടിച്ചു. ദൈവം അവരെ സ്വർഗത്തിൽ താമസിപ്പിക്കുകയും ചെയ്തു. എന്നാൽ, ആ സ്വർഗം എവിടെയാണ്? ബൈബിളിൽ അക്കാര്യം വ്യക്തമാക്കുന്നുണ്ട്:

'കർത്താവായ ദൈവം ഏദനിന്റെ കിഴക്കുഭാഗത്ത് ഒരു തോട്ടമുണ്ടാക്കി. ദൈവം സൃഷ്ടിച്ച മനുഷ്യനെ അവിടെ താമസിപ്പിച്ചു.' (ഉല്പത്തി)

മനുഷ്യന്റെ സാമൂഹ്യജീവിതം അവിടെവെച്ചാണ് ആരംഭിക്കുന്നത്. ആദം-ഹവ്വമാർക്ക് ദൈവം അടിസ്ഥാനകല്പനയും പറഞ്ഞുകൊടുത്തു:

*ദൈവം ആജ്ഞാപിച്ചു: ആദമേ, നീയും നിന്റെ ഇണയും സ്വർഗത്തിൽ താമസിക്കുകയും അതിൽ നിങ്ങൾ ഇച്ഛിക്കുന്നിടത്തുനിന്ന് സുഭിക്ഷമായി ഇരുവരും ഭക്ഷിച്ചുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അതിക്രമകാരികളായിത്തീരും.* (2:35)

ഈ ഖുർആൻ സൂക്തത്തിലെ നിരോധിത വൃക്ഷം ഒരർത്ഥത്തിൽ സാമൂഹിക ആചാരത്തിൽ വിലക്കപ്പെട്ട ഒരു പ്രവർത്തിയുടെ പ്രതീകമാണ്.

ആദം-ഹവ്വാ ദമ്പതികൾ ദൈവത്തിന്റെ ഒരു ജോടി സൃഷ്ടികളല്ല. മറിച്ച്, അവർ സമൂഹത്തിന്റെ ആദ്യത്തെ ഒരു ഏകകമാണ്. അവരെ എന്നന്നേക്കുമായി ജീവിക്കാൻ സൃഷ്ടിച്ചതുമല്ല. ഉദ്ദിഷ്ട ലക്ഷ്യം ഒരുതലമുറയുടെ ആരംഭം കുറിക്കലാണ്. അതിലൂടെ എല്ലാ അർത്ഥത്തിലും സമ്പൂർണ്ണ സമൂഹം രൂപീകരിക്കലും നാഗരികത കെട്ടിപ്പടുക്കാനുള്ള വഴിയൊരുക്കലുമാണ്.

സമൂഹത്തിൽ സഹജീവിക്ക് ഹാനികരമാകുന്നതെന്തും ദുഷ്കൃത്യമാണ്.

ദൈവം ആദം-ഹവ്വാ ദമ്പതികൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നല്കിയിരുന്നുവെങ്കിലും അതിന് ഒരു പരിധിനിർണയിച്ചിരുന്നു. തങ്ങളുടെ കൂടെയുള്ളവർക്ക് എതിരായുള്ള എല്ലാ പ്രവർത്തികളിൽ നിന്നും അവരെ

മാറ്റിനിർത്തിയിരുന്നു. അതായത്, എല്ലാതരത്തിലുമുള്ള സാമൂഹിക ദുഷ്കൃത്യങ്ങളിൽ നിന്ന് അവരെ വിലക്കിയിരുന്നു. അങ്ങനെ അല്ലാതിരുന്നെങ്കിൽ ദൈവികപദ്ധതി നടപ്പാക്കുന്നതിൽ അവർ പരാജയപ്പെടുമായിരുന്നു.

എന്താണ് ആ ദുഷ്കൃത്യം? സഹജീവിക്ക് ഹാനികരമായിത്തീരുന്നതെന്തും ദുഷ്കൃത്യമാണ്. ആദമിനും ഹവ്വയ്ക്കും സുപരിചിതമായ ഒരു പദ്ധതി പിന്തുടരേണ്ടതായിട്ടുണ്ട്. അതായത്, നിങ്ങൾ സ്വതന്ത്രനാണ്. പക്ഷേ, മറ്റൊരാളുടെ പ്രയാസം എവിടെ ആരംഭിക്കുന്നുവോ അവിടെ നിങ്ങളുടെ സ്വാതന്ത്ര്യം അവസാനിക്കും എന്ന തത്ത്വം.

അതാണ് മനുഷ്യന് ദൈവം നല്കിയ ആദ്യ പാഠം. അതോടൊപ്പം അവന് ദൈവം സ്വാതന്ത്ര്യവും നല്കി. കഴിവുകൾ ഉപയോഗപ്പെടുത്താൻ വേണ്ടി സദ്ഗുണങ്ങൾ നല്കി മനുഷ്യനെ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്തു. മഹത്തായ ഗുണങ്ങളും അടിസ്ഥാന സൗകര്യങ്ങളും നല്കുക വഴി തന്റെ കഴിവുകൾ ഉപയോഗപ്പെടുത്തി ജീവിക്കാൻ അവനെ പ്രാപ്തനാക്കി. അങ്ങനെ മനുഷ്യൻ തന്റെ ചുറ്റുപാടിന്റെ യജമാനനായി. സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുകയില്ലെന്ന വ്യവസ്ഥയിൽ തന്റേതായൊരു ലോകം സൃഷ്ടിക്കാൻ അവന് കഴിഞ്ഞു. എന്നാൽ, വിലക്കപ്പെട്ട ആ വൃക്ഷത്തെ സമീപിക്കുന്നതിൽ നിന്ന് അവനെ നിർബ്ബന്ധമായി മാറ്റിനിർത്തി.

സമൂഹത്തിലെ വ്യക്തികൾ ദുഷ്പ്രവർത്തികളെ അനുകൂലിക്കുന്നതിൽ നിന്ന് മാറിനിന്നുകൊണ്ട് പരിമിതമായ അവരുടെ സ്വാതന്ത്ര്യം ഉപയോഗിക്കുകയാണെങ്കിൽ ആ സമൂഹത്തിലെ ഓരോ വ്യക്തിക്കും തങ്ങളുടെ വ്യക്തിത്വം വികസിപ്പിക്കാൻ കഴിയുകയും സമൂഹം മികച്ച രീതിയിൽ പുരോഗമിക്കുകയും ചെയ്യും. അത്തരമൊരു സമൂഹത്തിൽ ജീവിക്കുന്നത് പറുദീസയിൽ ജീവിക്കുന്നതിന് തുല്യമായിരിക്കും.

6

# വിദ്യാഭ്യാസം

ഇസ്ലാമിന്റെ പ്രവാചകന് ആദ്യമായി ലഭിച്ച ദിവ്യവെളിപാട് ഖുർആനിലെ *അലഖ്* എന്ന അധ്യായത്തിലാണ്. അതാരംഭിക്കുന്നത് ഇങ്ങനെയാണ്:

*സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.* (96: 1-5)

പ്രവാചകന് ദൈവം നല്കിയ പ്രഥമ സന്ദേശമാണത്. ഖുർആൻ പ്രകാരം മനുഷ്യ ജീവിതത്തിൽ വിജ്ഞാനത്തിന് വളരെ പ്രാധാന്യമാണുള്ളതെന്ന് ആ സൂക്തം വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ നമ്മുടെ സകലമാന പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും അടിസ്ഥാനം വിജ്ഞാനമാണ്. അത് എത്രത്തോളം വിപുലമാകുന്നുവോ ജീവിത വിജയവും അത്രത്തോളം വിശാലമാകും.

എ ഡി 610-ാം ആണ്ടിലെ ഒരു രാത്രി പ്രവാചകൻ ഹീറാ ഗുഹയിൽ സാധാരണപോലെ ഏകാന്തവാസത്തിലായിരുന്നു. ആകസ്മികമായി അവിടെ ജിബ്രീൽ മാലാഖ പ്രത്യക്ഷപ്പെട്ടു പറഞ്ഞു:

'മുഹമ്മദേ, വായിക്കുക.

നിരക്ഷരനായ മുഹമ്മദ്(സ) പറഞ്ഞു: എനിക്ക് വായിക്കാനറിയില്ല.

മാലാഖ വീണ്ടും പറഞ്ഞു: മുഹമ്മദേ, വായിക്കുക.

വായിക്കാനറിയില്ലെന്ന് പ്രവാചകൻ ആവർത്തിച്ചു. മാലാഖ മൂന്നാമത്തെ പ്രാവശ്യവും വായിക്കാനാവശ്യപ്പെട്ടു. വായിക്കാനറിയില്ലെന്ന ഉത്തരം പ്രവാചകൻ വീണ്ടും പറഞ്ഞു. മാലാഖ പ്രവാചകനെ മാറോട് ചേർത്തുപിടിച്ചു. വെളിപാടായിവന്ന വാക്കുകൾ അപ്പോൾ അദ്ദേഹം വായിച്ചുതുടങ്ങി.'

മഹത്തായൊരു പാഠമാണ് ഈ കഥ നല്കുന്നത്. ഒരു പ്രയത്നത്തിന്റെ കഥ. അതിന്റെ അർത്ഥം ഇങ്ങനെ വിശദീകരിക്കാം: വായി

ക്കാനറിയില്ലെങ്കിലും നീ വായിക്കണം. പഠിക്കാനറിയില്ലെങ്കിലും നീ പഠിക്കണം.

ഖുർആൻ നല്കുന്ന പ്രഥമ മാർഗനിർദ്ദേശമാണത്. പ്രവാചകന്റെയും അനുയായികളുടെയും മനസ്സുകളെ അത് മാറ്റിമറിച്ചു. പഠനവും വിദ്യാഭ്യാസവും സ്വായത്തമാക്കാനുള്ള ഓരോ അവസരവും പ്രയോജനപ്പെടുത്താൻ അവർ കഴിവിന്റെ പരമാവധി പ്രയത്നിച്ചു. താഴെ പറയുന്ന ഒരു സംഭവത്തിൽ അത് വിശദീകരിക്കുന്നു.

അതായത്, മദീനയിലേക്കുള്ള പലായനത്തിനുശേഷം എ ഡി 622-ാം ആണ്ടിൽ ഇസ്‌ലാമിന്റെ പ്രവാചകനെയും അനുയായികളെയും മക്കയിലെ ഖുറൈശികൾ ആക്രമിച്ചു. അത് ഒരു ഏകദിന യുദ്ധമായിരുന്നു. പ്രവാചകനും അനുയായികളും ആ യുദ്ധത്തിൽ വിജയിച്ചു. എഴുപതോളം ശത്രുക്കളെ യുദ്ധത്തടവുകാരായി പിടികൂടി മദീനയിൽ കൊണ്ടുവരാൻ അവർക്ക് സാധിക്കുകയും ചെയ്തു.

നമ്മുടെ എല്ലാ പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും അടിസ്ഥാനം അറിവാണ്. വിജ്ഞാനം എത്രത്തോളം വിപുലമാകുന്നുവോ ജീവിത വിജയവും അത്രത്തോളം വിശാലമാകും.

പ്രവാചകൻ ശത്രുക്കളായ തടവുകാർക്കെതിരെ ശിക്ഷാനടപടികളൊന്നും സ്വീകരിച്ചില്ല. അക്കാലത്തെ വിദ്യാസമ്പന്നരായ വ്യക്തികളായിരുന്നു തടവുകാർ. ഇസ്‌ലാമിന്റെ പ്രവാചകൻ അവരോട് പറഞ്ഞു: 'നിങ്ങളിൽ ഒരാൾ മദീനയിലെ പത്തുകുട്ടികളെ വിദ്യ അഭ്യസിപ്പിക്കുകയാണെങ്കിൽ ആ സേവനം ഒരു മോചന ദ്രവ്യമായി സ്വീകരിച്ച് അയാളെ ഞാൻ സ്വതന്ത്രനാക്കും.'

പ്രവാചകനെതിരായ ഒരു യുദ്ധത്തിന് അത് വീണ്ടും സാധ്യത വർദ്ധിപ്പിക്കുമായിരിക്കാം. എന്നാലും, ആ സംഭവത്തെ വിലയിരുത്തിക്കൊണ്ട് ഖുർആൻ നല്കുന്ന സന്ദേശം, അക്ഷരജ്ഞാനമില്ലാത്തവരാണെങ്കിലും പഠിക്കാൻ ശ്രമിക്കുക; അധ്യാപകർ ഇല്ലെങ്കിൽ അപരിചിതർ മുഖേനയെങ്കിലും അറിവ് സമ്പാദിക്കാൻ ശ്രമിക്കുക എന്നാണ്.

7

# മനുഷ്യർ തുല്യരാണ്

ദൗർഭാഗ്യകരവും എന്നാൽ ഏറെ പ്രസക്തവുമായ ഒരു സംഭവത്തിനുശേഷം പ്രവാചകന് ഇറങ്ങിയ ദിവ്യവെളിപാട് ഖുർആനിലെ, *അബസ* എന്ന അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇങ്ങനെ ആരംഭിക്കുന്നു:

*അദ്ദേഹം മുഖം ചുളിച്ച് തിരിഞ്ഞുകളഞ്ഞു...*

*അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ.*

*(നബിയേ,) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരു വേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ?*

*അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും, ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ.*

*എന്നാൽ സ്വയം പര്യാപ്തത നടിച്ചവനാകട്ടെ...*

*നീ അവന്റെ നേരെ ശ്രദ്ധതിരിക്കുന്നു.*

*അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് കുറ്റം?*

*എന്നാൽ നിന്റെ അടുക്കൽ ഓടിവന്നവനാകട്ടെ...*

*(അല്ലാഹുവെ) അവൻ ഭയപ്പെടുന്നവനായിക്കൊണ്ട്...*

*അവന്റെ കാര്യത്തിൽ നീ അശ്രദ്ധകാണിക്കുന്നു.* (80: 1-10)

ഉദ്ധരിച്ച വചനങ്ങളുടെ പശ്ചാത്തലം ഇനി വിവരിക്കുന്നു: ഒരു ദിവസം പ്രവാചകൻ മക്കയിലെ ചില പ്രമുഖ വ്യക്തികളുമായി സംഭാഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അവരിലും മക്കാ നിവാസികളിലും ദിവ്യ സന്ദേശമെത്തിക്കാൻ കഴിയുമെന്ന പ്രത്യാശയിലായിരുന്ന ആ സംഭാഷണം. തദവസരത്തിൽ അന്ധനും ദരിദ്രനും നബിയുടെ അനുയായിയുമായ അബ്ദുല്ലാഹിബ്നു മഖ്തൂം ഖുർആനിലെ പൊരുൾ ആവശ്യപ്പെട്ടുകൊണ്ട് നബിയെ സമീപിച്ചു. വളരെ പ്രാധാന്യമർഹിക്കുന്ന ഒരുദ്യമത്തിനിടയിലുണ്ടായ മഖ്തൂമിന്റെ ഇടപെടൽ നബിയെ അലോസരപ്പെടുത്തുകയും പ്രവാചകൻ മുഖം ചുളിച്ച് നീരസം പ്രകടിപ്പിക്കുകയും ചെയ്തു. ആ നിമിഷം ശാസനാ രൂപത്തിൽ ഇറങ്ങിയ വെളിപാടാണ് ഉദ്ധരിച്ച പത്ത് വചവനങ്ങൾ. പിൽക്കാലത്ത് ഇബ്നു

മഖ്തൂമിനെ കണ്ടുമുട്ടുമ്പോഴൊക്കെ നബി വിനയപൂർവ്വം അദ്ദേഹ ത്തെ അഭിവാദ്യംചെയ്തുകൊണ്ട്, 'ആരുടെ പേരിലാണോ ദൈവം എന്നെ ശക്തമായി ആക്ഷേപിച്ചത് അദ്ദേഹത്തിന് സ്വാഗതം' എന്ന് പറയുമായിരുന്നു.

എല്ലാ മനുഷ്യരും ബഹുമാനം അർഹിക്കുന്നവെന്നും ദരിദ്രനെന്നോ സമ്പന്നനെന്നോ സാധാരണക്കാരനെന്നോ ഉന്നത കുലജാതനെന്നോ വ്യത്യാസമില്ലാതെ സർവ്വരും തുല്യ പരിഗണന അർഹിക്കുന്നവെന്നു മാണ് ഖുർആനിൽ വിവരിച്ച ഈ സംഭവം പഠിപ്പിക്കുന്ന ആഗോള പാഠം.

ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാ സ്ത്രീ പുരുഷന്മാരും തുല്യരാണ്. ഇനി വ്യത്യാസം വല്ലതും ഉണ്ടെങ്കിൽ അത് സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. സൃഷ്ടികളെ സംബന്ധിച്ചിടത്തോളം ഓരോ സൃഷ്ടിയും അതാതിന്റെ പദവിയും ബഹുമാനവും ആസ്വദിക്കാനും ഒരേ പ്രാധാന്യം ഉൾക്കൊള്ളാനും അർഹരാണ്.

തുല്യത വെറും ധാർമ്മിക മൂല്യമല്ല, അതിനേക്കാൾ മഹത്തരമായ ഒന്നാണ്. തുല്യത എന്നാൽ ഒരേ പരിഗണനയും ഒരേ അവസരവും ഒരേ സ്വാതന്ത്ര്യവും, അഭിവൃദ്ധിക്കും പുരോഗതിക്കും വേണ്ടിയുള്ള അധികാരവുമാണ്. മുഹമ്മദുനബി (സ) ദൈവത്തിന്റെ പ്രവാചക നാണ്. സമത്വം കണക്കിലെടുക്കുമ്പോൾ സാധാരണക്കാരനും പ്രവാ ചകനും തമ്മിലുള്ള വ്യത്യാസം ഖുർആൻ പരിഗണിക്കുന്നില്ല. സമത്വ ത്തിന് ഇസ്‌ലാമിൽ പരിപൂർണ്ണ മൂല്യമാണുള്ളത്. അക്കാര്യത്തിൽ വിട്ടു വീഴ്ചയില്ല.

8

# സാമൂഹിക മര്യാദകൾ

സന്തുഷ്ടമായ സാമൂഹ്യ ജീവിതം ഉറപ്പുവരുത്തുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ ഖുർആൻ നല്കുന്നുണ്ട്. അത്തരമൊരു നിർദ്ദേശമാണ് ഖുർആനിലെ *നൂർ* എന്ന അധ്യായം മുന്നോട്ടുവെക്കുന്നത്:

*ഹേ; സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചുമനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത്).*

*ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത് വരെ നിങ്ങൾ അവിടെ കടക്കരുത്. നിങ്ങൾ തിരിച്ചുപോകൂ എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു.* (24: 27,28)

സാമൂഹ്യജീവിതത്തിനാവശ്യമായ മര്യാദകളാണ് ഉദ്ധരിച്ച ഖുർആൻ വചനം നിർദ്ദേശിക്കുന്നത്. സമൂഹത്തിലെ വ്യത്യസ്ത വ്യക്തികൾ തമ്മിൽ നല്ല ബന്ധം സ്ഥാപിക്കണമെന്ന് ഖുർആൻ പ്രേരിപ്പിക്കുകയും ഊന്നിപ്പറയുകയും ചെയ്യുന്നു. ഖുർആൻ പറഞ്ഞ, സാമൂഹ്യ ജീവിതത്തിൽ പാലിക്കേണ്ട തത്ത്വങ്ങൾ സാമൂഹ്യജീവിതത്തെ മെച്ചപ്പെടുത്തുകയും ആരോഗ്യപരവും ഫലപ്രദവുമായ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉദ്ധരിച്ച വചനങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന തത്ത്വങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:

1. നിങ്ങൾ ആരെയെങ്കിലും സമീപിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവരോട് സന്ദർശനാനുമതി മുൻകൂറായി വാങ്ങുക. എങ്കിലേ അയാൾക്ക് തുറന്നമനസ്സോടെ നിങ്ങളെ സ്വീകരിക്കാൻ കഴിയുകയുള്ളു.

2. ഗൃഹ സന്ദർശനത്തിന് മുൻകൂർ അനുമതി വാങ്ങിക്കാതെ ചെന്നാൽ വാതിലിൽ കൊട്ടുകയും അകത്ത് പ്രവേശിക്കാനുള്ള അനു

മതിക്കായി കാത്തിരിക്കുകയും വേണം. അനുവാദമില്ലാതെ അകത്തു കടക്കാൻ ഒരിക്കലും ശ്രമിക്കരുത്.

3. മുൻകൂർ അനുവാദം വാങ്ങിക്കാതെ ഒരാളുടെ വീട് സന്ദർശിക്കേണ്ടിവന്നാൽ വാതിലിൽ കൊട്ടിയിട്ടും മറുപടി ലഭിച്ചില്ലെങ്കിൽ അവിടെ നിന്ന് പോവുക. അല്പസമയം കഴിഞ്ഞ് വീണ്ടും വരിക.

4. മുൻകൂർ അനുവാദമില്ലാതെ സന്ദർശനത്തിനെത്തുന്ന നിങ്ങളെ കാണാൻ വീട്ടുടമ തയ്യാറല്ലെങ്കിൽ അതിനെ അംഗീകരിക്കുകയും സംയമനത്തോടെ തിരിച്ചുപോവുകയും ചെയ്യുക.

പ്രസ്തുത തത്ത്വങ്ങൾ വളരെ ലളിതവും പ്രായോഗികവും ഏത് സമൂഹത്തിനും സ്വീകാര്യവുമാണ്. ആ തത്ത്വങ്ങൾ അപരിചിതരിൽ മാത്രം പ്രയോഗിക്കേണ്ടവയല്ല. മറിച്ച്, ബന്ധുക്കളിലും സുഹൃത്തുക്കളിലും അനുവർത്തിക്കേണ്ട സാധാരണവും സാർവ്വത്രികവുമായ തത്ത്വങ്ങളാണ്. ഒരു കാരണവശാലും അവയ്ക്ക് ഒഴികഴിവുകളില്ല.

ഈ തത്ത്വത്തിന്റെ പൊരുൾ, വ്യക്തികൾ പരസ്പരം അഭ്യുദയകാംക്ഷികൾ ആയിരിക്കണമെന്നാണ്. മറ്റുള്ളവർക്ക് പ്രശ്നമാവാതിരിക്കാൻ ഓരോ വ്യക്തിയും പരമാവധി ശ്രദ്ധിക്കണം. ഓരോരുത്തരും അപരന്റെ കാഴ്ചപ്പാടിൽ തങ്ങളുടെ സ്വഭാവം അനുമാനിക്കാൻ കഴിവുള്ളവരാവണം. ഓരോരുത്തരും സഹജീവികൾക്ക് നീരസം വരാത്ത വിധം പ്രവർത്തിക്കണം.

## 9

# ബോധ്യപ്പെട്ടശേഷം സ്വീകരിക്കുക

സാമൂഹിക ജീവിതത്തിൽ തെറ്റിദ്ധാരണ ഒരു സാധാരണ പ്രതിഭാസമാണ്. സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാതെ പ്രസിദ്ധപ്പെടുത്തുന്ന വസ്തുതകൾ ജനങ്ങൾക്ക് വിശ്വസിക്കേണ്ടിവരുന്നു. സംഭവങ്ങളെ ഭാഗികമായി പ്രസിദ്ധപ്പെടുത്തുക എന്നത് പ്രസാധകരുടെ പൊതു സ്വഭാവമാണ്. അത്തരം പ്രസിദ്ധീകരണങ്ങൾ പ്രശ്നങ്ങൾ വിളിച്ചുവരുത്തും. അത്തരം സന്ദർഭങ്ങളിൽ ജനങ്ങൾ ഗുരുതരമായ തെറ്റിദ്ധാരണയിൽ അകപ്പെടുകയും അത്യാപത്തിൽ ചെന്നുപെടുകയും ചെയ്യും. ഖുർആനിലെ *ഹുജുറാത്ത്* എന്ന അധ്യായം ആ പ്രശ്നം കൈകാര്യം ചെയ്യുന്നു. അതിലേക്ക് വേണ്ട നല്ലൊരു ദിശാബോധം ആ അധ്യായം പ്രദാനം ചെയ്യുന്നുണ്ട്. പ്രസ്തുത ഖുർആനിക വചനത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

*സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതക്ക് നിങ്ങൾ ആപത്തു വരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.* (49:6)

ഈ വചനത്തിന് ഒരു പശ്ചാത്തലമുണ്ട്. പ്രവാചകൻ മദീന തലസ്ഥാന നഗരിയാക്കി അറേബ്യയിൽ ഭരണം സ്ഥാപിച്ചപ്പോൾ അനുയായികളിൽ ഒരാളായ വലീദ് ഇബ്നു ഉഖ്ബക്ക് പ്രാദേശിക ചുമതല നല്കുകയും ബനൂ അൽ മുസ്തലിഖ് എന്ന ഗോത്രക്കാരുടെ സമീപത്തേക്ക് അയക്കുകയും ചെയ്തു. വലീദ് ഗോത്ര തലസ്ഥാനത്ത് എത്തിയപ്പോൾ പട്ടണത്തിന് പുറത്ത് ഒരുകൂട്ടം ആളുകൾ തടിച്ചുകൂടിയത് കണ്ടു. അവർ ചിലപ്പോൾ തന്നെ വധിക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യുമെന്ന് ഭയന്ന അദ്ദേഹം മദീനയിലേക്ക് മടങ്ങി. ബനൂ അൽ മുസ്തലിഖ് ഗോത്രക്കാർ പ്രക്ഷോഭത്തിൽ ഏർപ്പെട്ടിരിക്കു

കയാണ്. അതുകൊണ്ട് അവരെ നേരിടാൻ പട്ടാളത്തെ അയക്കണമെന്ന് നബിയോട് അദ്ദേഹം ആവശ്യപ്പെട്ടു.

ഗോത്രത്തലവനായ ഹാരിസ് ഇബ്നു സറാർ ഒരിക്കൽ മദീന സന്ദർശിച്ചപ്പോൾ, അന്ന് പട്ടണത്തിന് പുറത്ത് ജനങ്ങൾ തടിച്ചുകൂടിയത് ഭരണാധികാരിയെ സ്വീകരിക്കാനായിരുന്നുവെന്നും എന്നാൽ ഭരണാധികാരി അവരെ കാണാൻ കൂട്ടാക്കാതെ തിരിച്ചുപോയെന്നുമുള്ള സത്യം വെളിപ്പെടുത്തി. ആ സംഭവത്തിനുശേഷമാണ് ഉദ്ധരിച്ച ഖുർആൻ വചനം ഇറങ്ങിയത്. ലഭിക്കുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനമെടുക്കുന്നതിനുമുൻപ് ഒരു സൂക്ഷ്മ പരിശോധന ആവശ്യമാണെന്നാണ് ഈ ഉദാഹരണത്തിലൂടെ ഖുർആൻ നിർദ്ദേശിക്കുന്നത്. അതായത് സംഭവങ്ങളുടെ നിജസ്ഥിതി സൂക്ഷ്മമായി അവലോകനം ചെയ്യുന്നതിനുമുൻപ് യാതൊന്നും മുഖവിലക്കെടുക്കരുത്.

ഒരു തീരുമാനത്തിലെത്തുന്നതിനുമുൻപ് നമുക്ക് ലഭിക്കുന്ന ഏതൊരു വാർത്തയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കണം.

നല്ല തീരുമാനമെടുക്കുമ്പോൾ സൂക്ഷ്മ പരിശോധനയുടെ ആവശ്യമില്ലെന്ന തത്വം നമുക്ക് സ്വീകരിക്കാം. ഒരാൾ നല്ല മനുഷ്യനാണെന്ന് നമുക്ക് വിശ്വസിക്കാം. പക്ഷേ, അയാളെക്കുറിച്ച് ചീത്ത അഭിപ്രായമാണ് ലഭിക്കുന്നതെങ്കിൽ നമ്മൾ അഭിപ്രായം പറയുന്നതിനുമുൻപ് അതിനെക്കുറിച്ച് അന്വേഷിക്കണം. അത്തരം സന്ദർഭങ്ങളിൽ നമുക്ക് രണ്ട് താത്പര്യങ്ങളേ ആകാവൂ. ഒന്നുകിൽ മൗനം പാലിക്കുക, അല്ലെങ്കിൽ അഭിപ്രായം പറയേണ്ട വിഷയത്തെക്കുറിച്ച് ശരിയായി മനസ്സിലാക്കുക. അപ്പോൾ മാത്രമേ മറിച്ചൊരു അഭിപ്രായത്തിൽ എത്താൻ നമുക്ക് അവകാശമുള്ളു.

10

# ഏറ്റുമുട്ടൽ ഒഴിവാക്കുക

നബിയുടെ ദൗത്യം തുടങ്ങിയകാലത്ത് ഇറങ്ങിയ ഖുർആനിലെ *മുദ്ദസ്സിർ* എന്ന അധ്യായത്തിൽ തൗഹീദിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാനുള്ള ഒരു മാർഗം പറയുന്നുണ്ട്:

*ഹേ, പുതച്ചുമൂടിയവനേ,*
*എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക.*
*നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും,*
*നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും,*
*പാപം വെടിയുകയും ചെയ്യുക.*

*കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിനുവേണ്ടി നീ ക്ഷമ കൈകൊള്ളുക.* (74: 1-7)

അക്കാലത്ത് മക്കയിൽ ജനങ്ങൾക്ക് ഒത്തുകൂടാൻ ഒരിടമേ ഉണ്ടായിരുന്നുള്ളൂ. പ്രവാചകൻ അബ്രഹാം നിർമ്മിച്ച കഅ്ബയുടെ മുറ്റമായിരുന്ന അത്. ബിംബാരാധകരായിരുന്ന മക്കക്കാർ കഅ്ബക്ക് ചുറ്റിലും 360 ബിംബങ്ങൾ സ്ഥാപിച്ചിരുന്നു. വിഗ്രഹങ്ങളിൽ നിന്ന് കഅ്ബയെ ശുദ്ധീകരിക്കാൻ പ്രവാചകൻ തീരുമാനിച്ചു. എന്നാൽ ആ ഉദ്ദേശ്യം നടപ്പാക്കുന്നതിനുപകരം ബിംബങ്ങളെ അവഗണിച്ചു കഅ്ബയുടെ അങ്കണത്തിൽ വെച്ച് പ്രവാചകൻ ജനങ്ങളെ അഭിസംബോധന ചെയ്തു. ഖുർആനിക സന്ദേശം അവരെ കേൾപ്പിച്ചു. നിലവിലെ സ്ഥിതി നില നിർത്തിക്കൊണ്ട് പ്രേക്ഷകരുടെ സാന്നിധ്യം പരമാവധി പ്രയോജനപ്പെടുത്തുകയായിരുന്നു പ്രവാചകൻ.

പ്രവാചകന്റെ പ്രസ്തുത നയത്തെ സംഘട്ടനേതര രീതി എന്ന് വിശേഷിപ്പിക്കാം. അത് വിജയിക്കുകയും 13 വർഷം സംഘട്ടനമില്ലാതെ സത്യസന്ദേശ പ്രചാരണവുമായി പ്രവാചകന് മുന്നോട്ട് പോകാൻ സാധിക്കുകയും ചെയ്തു. ഖുർആനിൽ ആ നയത്തെ ഇപ്രകാരമാണ് വ്യക്തമാക്കുന്നത്: നിങ്ങളുടെ വസ്ത്രം വൃത്തിയാക്കുക.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ മനസ്സ് ശുദ്ധമാക്കുക. അതായത്, സാഹചര്യം മാറിവരുന്നതുവരെ ബിംബങ്ങളുടെ സാന്നിധ്യം മറന്നേക്കുക.

വിവാദ വിഷയങ്ങളിൽ നിലവിലുള്ള രീതി സ്വീകരിക്കുകയും പ്രവർത്തനങ്ങൾ സംഘട്ടനേതര വഴിയിലൂടെ തിരിച്ചുവിടുകയും ചെയ്യുക.

നമ്മുടേത് സംഘട്ടനങ്ങളുടേയും ഭിന്നതകളുടേയും ലോകമാണ്. അത്തരത്തിലുള്ള ലോകത്തോട് ചോദിക്കാനുള്ള പ്രധാന ചോദ്യം, എവിടെ നിന്നാണ് കാര്യങ്ങൾ തുടങ്ങേണ്ടത് എന്നാണ്. മുകളിൽ പറഞ്ഞ ഉദാഹരണത്തിന്റെ വെളിച്ചത്തിൽ ഉത്തരം: പ്രശ്നങ്ങളുടെ നിലവിലുള്ള സ്ഥിതി നിലനിർത്തിക്കൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ സംഘട്ടന രഹിത മേഖലയിലേക്ക് തിരിച്ചുവിടുക എന്നാണ്.

സംഘട്ടനാത്മക സമീപനം സമയത്തിന്റെയും ഊർജ്ജത്തിന്റെയും നഷ്ടം വരുത്തിയേക്കാം. എന്നാൽ സംഘട്ടന രഹിത സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ നമ്മുടെ സമയവും ഊർജ്ജവും ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഫലപ്രദമായി ഉപയോഗപ്പെടുത്താം.

## 11

# മരുഭൂമിയെ ഹരിതഭൂമിയാക്കുക

മഹാനായ ഒരു പ്രവാചകനായിരുന്നു അബ്രഹാം. അദ്ദേഹത്തിന്റെ മഹത്വത്തെ മാനിച്ച്, അബൂ അമ്പിയ (പ്രവാചകന്മാരുടെ പിതാവ്) എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. പഴയ ഇറാഖിൽ ജനിച്ച അദ്ദേഹം പലസ്തീൻ, ഈജിപ്ത്, സിറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. അദ്ദേഹം പത്നി ഹാജറയും മകൻ ഇസ്മായീലും ഒന്നിച്ച് അറേബ്യൻ മരുഭൂമിയിലെ മക്കയുടെ സമീപത്ത് താമസമുറപ്പിച്ചു.

ഖുർആനിലെ ഏതാനും അധ്യായങ്ങളിൽ പ്രവാചകനായ അബ്രഹാമിന്റെ ജീവിത കഥ വിവരിക്കുന്നുണ്ട്. മക്കയിലെ താമസത്തെക്കുറിച്ച് ഖുർആനിലെ 14-ാം അധ്യായമായ *ഇബ്രാഹീമിൽ* കാണാം. അതിൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ഇപ്രകാരമാണ്:

*ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്‌വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുവാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും, അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നല്കുകയും ചെയ്യേണമേ. അവർ നന്ദികാണിച്ചേന്നവരാം.* (14:37)

പ്രഥമദൃഷ്ട്യാ ആ കഥ തീർത്തും മതാധിഷ്ഠിതവും പ്രചാരത്തിലുള്ളതുമാണെങ്കിലും അതിന് മതേതരമായ മറ്റൊരു ഭാഷ്യം കൂടി ഉണ്ട്. രണ്ടാമത്തെ കാഴ്ചപ്പാടിൽ, ആ പ്രാർത്ഥനയിൽ മഹത്തായ ഒരു പാഠമുണ്ട്. ഒരു സാർവ്വത്രിക പാഠമാണത്.

ആ പ്രർത്ഥനയ്ക്ക് നിഗൂഢാത്മക സ്വഭാവമൊന്നുമില്ല. ഒരു സ്വാഭാവിക നിയമത്തിന്റെ ആഹ്വാനമാണത്. വളരെയധികം സാധ്യതകളോടെയാണ് ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചത്. ഈ സാധ്യതകളെ യാഥാർത്ഥ്യമാക്കാനുള്ള കഴിവ് ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്.

നാലായിരം വർഷങ്ങൾക്ക് മുൻപ് ആ സംഭവം നടക്കുമ്പോൾ മക്കാ പ്രദേശം മിക്കവാറും ഒരു മരുഭൂമിയായിരുന്നു. ഇന്ന്, മിഡിലീസ്റ്റ് എന്ന

റിയപ്പെടുന്ന ആ പ്രദേശം പച്ചവിരിച്ച കൃഷിയിടങ്ങളും പൂന്തോട്ടങ്ങളും ആധുനിക സൗകര്യങ്ങളുള്ള നഗരങ്ങളും കൊണ്ട് മനോഹരമായ പ്രദേശമായി മാറിയിരിക്കുന്നു. 4000 വർഷങ്ങൾക്ക് മുൻപ് അതെല്ലാം പ്രകൃതിയിൽ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. ഇന്ന് അത് യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്.

ഇബ്രാഹീം നബിയുടെ കഥ ഒരു മതാത്മക കഥയാണെങ്കിലും, അതിന്റെ പൊരുൾ നമ്മുടെ ലോകം വളരെയധികം സാധ്യതകളോടുകൂടിയതാണെന്നും മരുഭൂമിയെ ഹരിതാഭമാക്കി മാറ്റാനുള്ള ത്രാണി ദൈവം മനുഷ്യർക്ക് നല്കിയിട്ടുണ്ടെന്നുമാണ്. ഖുർആനിലെ ഈ കഥയിൽ ഒരു സാർവലൗകിക പാഠമുണ്ട്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മഹത്തായൊരു മനസ്സിനുടമയായിട്ടാണ്. കണ്ടുമനസ്സിലാക്കുക എന്ന തത്ത്വത്തെ അടിസ്ഥാനമാക്കിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പ്രകൃതിയിൽ എല്ലാം മറഞ്ഞുകിടക്കുകയാണ്. അവയെ കണ്ടെത്താനായി മനുഷ്യമനസ്സ് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നാഗരികതയുടെ ചരിത്രം ആ തത്ത്വത്തിന്റെ അനസ്യൂതമായ പ്രകടനമാണ്.

12

# ചങ്ങാതിമാരുടെ ലോകം

ലോകം മുഴുവൻ ചങ്ങാതിമാരാണ്. അതിൽ ഒരാൾ ഉറ്റ ചങ്ങാതി. മറ്റൊരാൾ നല്ല കഴിവുള്ള സുഹൃത്ത്. ചുറ്റും ധാരാളം സുഹൃത്തുക്കളുള്ള ഒരു ലോകത്ത് നമ്മൾ ജീവിക്കുന്നു. ഖുർആനിലെ, *ഫുസ്സിലത്ത്* എന്ന അധ്യായത്തിൽ പറയുന്ന സാർവ്വത്രിക സങ്കല്പങ്ങളിലൊന്നാണത്. ആ വിഷയവുമായി ബന്ധപ്പെട്ടുള്ള ഖുർആനിലെ ഒരു വചനം ഇപ്രകാരമാണ്:

*നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത്കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധുവായിത്തീരുന്നു.* (41:34)

ഉദ്ധരിച്ച വചനത്തിന് ഒരു പശ്ചാത്തലമുണ്ട്. ഇസ്‌ലാമിന്റെ പ്രവാചകൻ മക്കയിലായിരുന്നപ്പോൾ ജനങ്ങൾ അദ്ദേഹത്തെ ശത്രുവായി കാണുകയും ദിവ്യ ദൗത്യത്തെ എതിർക്കുകയും ചെയ്തു. അവർ പ്രവാചകനെ ചീത്തവിളിക്കുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്തു. ഈ അവസ്ഥ പ്രവാചകനും അനുയായികൾക്കും അസഹ്യമായിത്തീർന്നു. ആ പ്രതിസന്ധിഘട്ടത്തിലാണ് പ്രവാചകനും കൂട്ടാളികൾക്കും നേരത്തെ സൂചിപ്പിച്ച മാർഗോപദേശം ലഭിക്കുന്നത്. ഈ വചനം സൂചിപ്പിക്കുന്നത് മോശമായി പ്രതികരിക്കരുത്, നീരസം പ്രകടിപ്പിക്കരുത്, പകരത്തിനുപകരം എന്ന നയം സ്വീകരിക്കരുത് എന്നിങ്ങനെയാണ്. ഒരു വ്യക്തി ഏതവസരത്തിലാണെങ്കിലും സംയമനം പാലിക്കണമെന്നും നിഷേധാത്മക സമീപനത്തിന് പകരം നല്ല പ്രതികരണം പ്രകടിപ്പിക്കണമെന്നുമാണ് അതിന്റെ സാരം.

ഈ സമീപനം ശത്രുക്കളിൽ ശരിക്കും ഫലിച്ചു. വളരെ പെട്ടെന്നു തന്നെ ശത്രുക്കളുടെ മനോഭാവം മാറി. ശത്രുത പുലർത്തിയിരുന്നവരിൽ ഭൂരിഭാഗവും നബിയുടെ ഇഷ്ട തോഴരായി. ആദ്യമത് മക്കയിലും പതുക്കെ അറേബ്യൻ ഉപദ്വീപ് ആസകലവും പരന്നു.

എന്തുകൊണ്ടാണ് ഈ സൂത്രം ഫലപ്രദമായത്? കാരണം വളരെ ലളിതമാണ്. മോശമായ പെരുമാറ്റത്തിന് പകരം നല്ല പെരുമാറ്റം ദൂരവ്യാപകമായ ഫലം ചെയ്യും. അത്തരത്തിലുള്ള പെരുമാറ്റം അപരന്റെ

മനസ്സാക്ഷിയെ സ്പർശിക്കും. നമുക്ക് മറ്റൊരാളുടെ മനസ്സാക്ഷിയെ സ്പർശിക്കാൻ സാധിച്ചാൽ അയാളുടെ ഹൃദയത്തെ വിജയകരമായി പരിവർത്തിപ്പിക്കാനാവും. പ്രകൃതി നിയമമനുസരിച്ചുള്ള മനഃശാസ്ത്ര പരമായൊരു പ്രേരണയാണത്. തന്റെ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കാൻ ആർക്കും സാധ്യമല്ല.

ഈ ഖുർആനിക അധ്യാപനം ഏകപക്ഷീയമായ ധാർമ്മികതയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്ന് കാണാം. ഉഭയകക്ഷി ധാർമ്മികത എന്നത് ഖുർആന്റെ സാമൂഹ്യപദ്ധതിയുടെ ഭാഗമല്ല. ഫലത്തിന്റെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായ ധാർമ്മികത ഉഭയകക്ഷി ധാർമ്മികതയെക്കാൾ വളരെ ഫലപ്രദമാണെന്നതിൽ സംശയമില്ല.

ഖുർആൻ പാരായണം ചെയ്യുമ്പോൾ അതിലെ ഓരോ വചനവും നന്മയുടെ യഥാർത്ഥ സന്ദേശം നേരിട്ടോ അല്ലാതെയോ കൈമാറ്റം ചെയ്യപ്പെടുന്നതായി കാണാം. സമൂഹത്തിലെ എല്ലാ വ്യക്തികളും നല്ല രീതിയിൽ പെരുമാറണമെന്ന് സ്ഥാപിക്കാൻ ഖുർആൻ ശ്രമിക്കുന്നു. പിന്തിരിപ്പൻ പെരുമാറ്റരീതികൾ ഖുർആൻ പദ്ധതിയുടെ ഭാഗമേ അല്ല.

13

# നല്ല മരം

ഖുർആനനസരിച്ച് മനഷ്യൻ നല്ലൊരു വൃക്ഷം പോലെ ആവണം. നല്ലൊരു വൃക്ഷം നല്ലൊരു മനഷ്യന്റെ സന്ദേശമാണ്. *ഇബ്രാഹീം* എന്ന അധ്യായത്തിലെ പ്രസക്ത വചനങ്ങളുടെ വിവർത്തനം ഇങ്ങനെയാണ്:

*അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നല്കിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നതുമാകുന്നു.*

*അതിന്റെ രക്ഷിതാവിന്റെ ഉത്തരവനസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നല്കിക്കൊണ്ടിരിക്കും. മനഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു.* (14: 24, 25)

വൃക്ഷം പ്രകൃതിയുടെ ഒരു തനത് പ്രതിഭാസമാണ്. മാത്രവുമല്ല, വൃക്ഷം മനഷ്യർക്ക് മാതൃകയാണ്. മനഷ്യൻ വൃക്ഷ സംസ്കാരത്തെ ജീവിത മാതൃകയാക്കണം. വൃക്ഷ സംസ്കാരം അർത്ഥമാക്കുന്നത് ആഴത്തിൽ വേരൂന്നിയ, വിശാലമായി പരന്നുകിടക്കുന്ന എപ്പോഴും പ്രയോജനം നല്കുന്ന സംസ്കാരമാണ്.

നല്ല മനഷ്യൻ ഒരു നല്ല വൃക്ഷത്തിന് തുല്യമാണ്. എന്താണ് വൃക്ഷം? വൃക്ഷം ആരംഭിക്കുന്നത് വിത്തിൽ നിന്നാണ്. പിന്നീടത് ബലമുള്ള തടിയും ശാഖകളും ഇലകളും പൂക്കളും പഴങ്ങളുമുള്ള വൃക്ഷമായിമാറുന്നു. കല്ലിന് വളർന്നുവലുതാകാനാവില്ല. എന്നാൽ, ഒരു വൃക്ഷമാകട്ടെ ഉദ്ധരിച്ച ഖുർആനിക വചനത്തിലേതുപോലെ വളരെയധികം ഗുണങ്ങളോടുകൂടി, സമൃദ്ധമായ പച്ചനിറത്തോടുകൂടി വളർന്നു പന്തലിക്കുന്നു.

സ്ത്രീ പുരുഷന്മാരും ഇതേ രീതി പിൻപറ്റണം. അവരും വൃക്ഷം പോലെ സ്വയം വികസിക്കണം. വൃക്ഷം ഭൗതികമായി വികസിക്കുമ്പോൾ സ്ത്രീ പുരുഷന്മാർ ധാർമ്മികതയുടെ ഗുണങ്ങളാണ് വികസിക്കേണ്ടത്.

ഓരോ മനുഷ്യനും തന്റെ വേരുകളിൽ സ്വയം ഉറച്ചുനിൽക്കണം. വൃക്ഷത്തിന്റെ തടിയെന്നോണം അവൻ ശക്തനാവണം. ഇലകൾ പോലെ അവൻ ഊർജ്ജസ്വലമായ സ്വഭാവത്തിന് ഉടമയാവണം. സമൂഹത്തിന് വേണ്ടി നിലകൊള്ളുന്നവനാണെന്ന് അവൻ സ്വയം തെളിയിക്കണം. ജീവന്റെ നല്ല സ്പന്ദനങ്ങൾ മറ്റുള്ളവരിലേക്കും പ്രസരിപ്പിക്കണം. വൃക്ഷം മനുഷ്യന് പ്രാണവായു നല്കുന്നതുപോലെ അവൻ തന്റെ സഹ ജീവികൾക്ക് സംരക്ഷണം നല്കണം.

വൃക്ഷം നമ്മുടെ ലോകത്തെ സുന്ദരമാക്കുന്നു. വൃക്ഷങ്ങളില്ലെങ്കിൽ നമ്മുടെ ഭൂമി തരിശുനിലമായിമാറും. വൃക്ഷം ഈ ലോകത്തെ ഒരു ദാതാവാണ്. ഏകപക്ഷീയമായ അടിസ്ഥാനത്തിൽ മാത്രമാണ് വൃക്ഷം നമുക്കെല്ലാം നല്കുന്നത്. ഉദാഹരണത്തിന്, തുടർച്ചയായി പ്രാണവായു ഭൂമിയിലേക്ക് എത്തിക്കുന്നതിന് വൃക്ഷം ഒരിക്കലും ബില്ല് നല്കാറില്ല. അതിന് സമാനമായ പെരുമാറ്റമാണ് സ്ത്രീ പുരുഷന്മാരിൽ നിന്ന് ഉണ്ടാവേണ്ടത്.

നല്ല മനുഷ്യൻ നല്ല വൃക്ഷം പോലെയാണ്. മരം വിത്തിൽ നിന്ന് തുടങ്ങി ചെടിയായും ബലമുള്ള തടിയായും കൊമ്പുകളായും ഇലകളും പൂവുകളും കായകളുമായും പരിണമിക്കുന്നു.

സ്ത്രീ പുരുഷന്മാർ തങ്ങളുടെ സമൂഹത്തിൽ ദാതാക്കളായി ജീവിക്കണം. ആ സംസ്കാരം അവർ ഏക പക്ഷീയമായി നടപ്പാക്കണം. സമൂഹത്തിന് എല്ലായ്പോഴും ഉപകരിക്കുന്ന രീതിയിലായിരിക്കണം അവർ സമൂഹത്തിലെ അംഗമായി ജീവിക്കേണ്ടത്. ഇപ്രകാരം എല്ലാ സ്ത്രീ പുരുഷന്മാരും തങ്ങളുടെ സമൂഹത്തെ മനോഹരമായൊരു പൂങ്കാവനമാക്കിമാറ്റണം.

14

# സ്വയം തിരുത്തുക

ഖുർആനിലെ 99-ാം അധ്യായമാണ് *സൽസല* (പ്രകമ്പനം). മഹത്തായ ഒരു പാഠം നല്കുന്ന ഈ അധ്യായവുമായി ബന്ധപ്പെട്ട ഒരു കഥയുണ്ട്:

ഒരിക്കൽ പ്രവാചകനെ സമീപിച്ച ഒരാൾ അല്പ സമയത്തെ സംസാരത്തിന് ശേഷം ഇസ്‌ലാം മതം സ്വീകരിച്ചു. തുടർപഠനത്തിനായി ആ മനുഷ്യനെ പ്രവാചകൻ അലീ ഇബ്നു അബീ ത്വാലിബിന്റെ കൂടെ താമസിക്കാൻ വിട്ടു.

നാളുകൾക്ക് ശേഷം നബി(സ) അലിയോട് ആ മനുഷ്യനെക്കുറിച്ച് ആരാഞ്ഞു. കുറച്ചുദിവസം തന്നോടൊപ്പം താമസിച്ചതിനുശേഷം അദ്ദേഹം യാത്ര ചോദിച്ചുവെന്നും, പിന്നീട് അദ്ദേഹത്തെക്കുറിച്ച് യാതൊരറിവും തനിക്കില്ലെന്നും അലി പറഞ്ഞു.

ആരെങ്കിലും അദ്ദേഹത്തെ കണ്ടുമുട്ടുകയാണെങ്കിൽ തന്റെയടുത്ത് കൂട്ടിക്കൊണ്ടുവരണമെന്ന് പ്രവാചകൻ പറഞ്ഞു. ദിവസങ്ങൾക്കു ശേഷം പ്രവാചകൻ അദ്ദേഹത്തെ കാണാനിടയായി.

തുടർന്നുള്ള പരിശീലനത്തിന് അലിയുടെ കൂടെ താമസിക്കണമെന്ന് പറഞ്ഞിരുന്നുവല്ലോ. പിന്നെ എന്താണ് പോയിക്കളഞ്ഞത്? എന്ന് പ്രവാചകൻ അദ്ദേഹത്തോട് ചോദിച്ചു.

അയാളിൽ നിന്ന് പരിശീലനം നേടണമെന്ന് പറഞ്ഞ പ്രകാരം ഞാനത് ചെയ്യുകയും തിരിച്ചുപോവുകയും ചെയ്തു എന്ന് അദ്ദേഹം മറുപടി നല്കി. തുടർന്നുള്ള ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞു:

അലി ഖുർആനിലെ *സൽസല* എന്ന അധ്യായമാണ് എന്നെ പഠിപ്പിച്ചത്. അതിൽ പറയുന്നു: *'ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തുവോ അവൻ അതും കാണും.'* (99: 7, 8)

അയാൾ തുടർന്നു: 'അതിലടങ്ങിയ സന്ദേശപ്പൊരുൾ ശരിക്കും മനസ്സിലാക്കിയ അവസ്ഥയിൽ അലിയുടെ കൂടെ തുടർന്നുതാമസിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നിയില്ല.'

ആ വചനത്തിലടങ്ങിയ സന്ദേശം മുഴുവനായി മനസ്സിലാക്കാൻ എങ്ങനെയാണ് സാധിച്ചതെന്ന് പ്രവാചകൻ ചോദിച്ചു.

'മനുഷ്യൻ ചെയ്ത ചെറുതും വലുതുമായ ഏതൊരു പ്രവർത്തിയും പരിശോധിക്കപ്പെടുകയും അതിന്റെ കണക്ക് ദൈവത്തോട് ബോധ്യപ്പെടുത്തുകയും വേണം. നല്ല പ്രവർത്തിക്ക് നല്ല പ്രതിഫലവും ചീത്ത പ്രവർത്തിക്ക് ശിക്ഷയും ലഭിക്കും. ഞാൻ ആ തത്ത്വം എന്റെ മനസ്സിൽ സൂക്ഷിക്കുന്നു. എപ്പോഴും നല്ലതെന്ന് തോന്നുന്നത് മാത്രം ചെയ്യുന്നു. ചീത്തയാണെന്ന് തോന്നുന്നതിൽ നിന്നെല്ലാം വിട്ടുനിൽക്കുകയും ചെയ്യുന്നു.'

സ്വയം തിരുത്തുന്ന കല എങ്ങനെയാണ് പരിപോഷിപ്പിക്കേണ്ടതെന്ന് ഈ കഥ വ്യക്തമാക്കുന്നു. സ്ത്രീയായാലും പുരുഷനായാലും എല്ലാവരും എല്ലായ്പോഴും സൂക്ഷ്മത പാലിക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു. ഓരോരുത്തരും നന്നായി പെരുമാറാൻ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കുന്നു. സ്വഭാവരൂപീകരണത്തിന്റെ അടിസ്ഥാന ഘടനയാണത്. ജീവിതത്തിന്റെ ഏത് സന്ദർഭത്തിലും ചീത്ത പെരുമാറ്റത്തിൽ നിന്ന് വേറിട്ടുനിൽക്കണമെന്നുള്ള ശക്തമായ പ്രേരണ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുകയാണ് ഈ ശാസന. രഹസ്യ ജീവിതത്തിലും പരസ്യ ജീവിതത്തിലും ഈ യാന്ത്രികവിദ്യ ഒരേപോലെ അനുവർത്തിക്കേണ്ടതുണ്ട്.

15

# സമയത്തിന്റെ പ്രാധാന്യം

ഖുർആനിലെ *അൽഅസർ* താരതമ്യേന ചെറിയ ഒരധ്യായമാണ്. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:

*കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽത്തന്നെയാകുന്നു. വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ. (103: 1-3)*

കാലത്തെയാണ് ഈ അധ്യായം പരാമർശിക്കുന്നത്. എന്താണ് സമയം? കടന്നുപോകുന്ന ഒരു പ്രതിഭാസമാണ് സമയം. അതിന് എപ്പോഴും യാത്രയുടെ അവസ്ഥയാണ്. അത് പ്രഭാതത്തിൽ നിന്ന് പ്രദോഷത്തിലേക്കും, ഇന്നിൽ നിന്ന് നാളെയിലേക്കും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. സമയം നിയന്ത്രണാതീതമാണ്. ആർക്കും അതിനെ തടയാനാവില്ല.

ഖുർആൻ വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ് ഇതിലൂടെ നമ്മോട് വ്യക്തമാക്കുന്നത്. എല്ലാ സ്ത്രീപുരുഷന്മാർക്കും ഉപയോഗപ്രദമായ ഒരു വിഷയം. സമയത്തെ നമുക്ക് കിട്ടിയ ഒരവസരമായി ഉപയോഗിക്കുക. എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നതിനുമുൻപ് സമയത്തെ ഉപയോഗപ്പെടുത്തുക. കൃത്യനിഷ്ഠ പാലിക്കാത്തതിന്റെ പേരിൽ നമുക്ക് ട്രെയിൻ നഷ്ടപ്പെടുന്നതുപോലെ, നഷ്ടപ്പെട്ട സമയത്തെ തിരിച്ചുപിടിക്കാനാവില്ല.

ഖുർആൻ വ്യാഖ്യാതാക്കളിൽ ഒരാളായ അൽ റാസി ഓർക്കുകയാണ്: കാലം മനുഷ്യന്റെ സാക്ഷിയാണെന്ന് ഖുർആൻ പറഞ്ഞത് എന്തുകൊണ്ടായിരിക്കാം? ബാഗ്ദാദിൽ നിന്ന് അതിനെക്കുറിച്ച് താൻ ചിന്തിക്കുകയായിരുന്നു. അപ്പോൾ ഒരു ഐസ് വില്പനക്കാരന്റെ ശബ്ദം കേട്ടു. അയാൾ ജനങ്ങളെ വിളിക്കുകയാണ്: 'ഹേ ജനങ്ങളേ, ഇത് ഉരുകി ഇല്ലാതായിപ്പോകുന്നതിനുമുൻപ് വേഗം വന്ന് വാങ്ങിക്കൊള്ളുവിൻ.'

ഐസിന്റെ ആ പ്രതിഭാസം, മേലുദ്ധരിച്ച ഖുർആൻ വചന ത്തിൽ സമുചിതമായി വിശദീകരിച്ചിരിക്കുകയാണ്. മാനവ ജീവിതം ഉരുകുന്ന ഐസുപോലെയാണ്. ഓരോരുത്തർക്കും തങ്ങളുടെ സമയം സ്ഥിരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. രാവിലെ എഴുന്നേൽക്കു മ്പോൾ പോയ രാത്രി ഒരിക്കലും തിരിച്ചുകിട്ടാതെ നമുക്ക് എന്നന്നേ ക്കുമായി നഷ്ടമാകുന്നു. വൈകുന്നേരമാകുമ്പോൾ നമുക്ക് അന്നത്തെ ദിവസവും നഷ്ടമാകുന്നു. ഈ ഖുർആനിക വചനം എല്ലാ മനുഷ്യരോ ടും സമയത്തെ യഥാവിധി ഉപയോഗിക്കണമെന്ന് താക്കീത് ചെയ്യു കയാണ്.

രാത്രി ലഭിക്കാത്ത അവസരത്തെ പകൽ ഉപയോഗപ്പെടുത്തുക, പകൽ സമയം ലഭിക്കാത്ത അവസരത്തെ രാത്രി ഉപയോഗപ്പെടുത്തുക എന്ന് സ്വയം ഉണർത്തുന്നു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ ഖുർആൻ വചനം സമയ നിർവ്വഹണം എങ്ങനെയായിരിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. സമയ നിർവ്വഹണം എപ്രകാരമായിരിക്കണമെന്ന് എല്ലാ സ്ത്രീപുരുഷ ന്മാരെയും അറിയിക്കുകയാണ്.

ഈ ഭൂമിയിൽ നമുക്ക് വളരെ കുറച്ച് സമയമേ ഉള്ളൂ. ഏതാനും വർഷങ്ങൾ കൊണ്ട് നമുക്ക് മരണത്തെ നേരിടേണ്ടിവരും. മരണ ത്തിനുമുൻപുള്ള കുറഞ്ഞ കാലം യഥോചിതം ഉപയോഗിക്കാനുള്ള ഗൗരവമായ ഒരു കർമ്മപദ്ധതി നാം ഓരോരുത്തരും ആവിഷ്കരി ക്കണം. നമുക്കുമുൻപിൽ രണ്ടേരണ്ട് വഴികളേയുള്ളൂ. ഒന്നുകിൽ, സമയത്തെ ബുദ്ധിപൂർവ്വം പ്രയോജനപ്പെടുത്തുക; അല്ലെങ്കിൽ, എന്നെ ന്നേക്കുമായി പരാജയത്തെ അഭിമുഖീകരിക്കുക.

16

# കൊടുക്കുന്നവർ ബാക്കിയാകും

ഖുർആൻ *റഅദ്* എന്ന അധ്യായത്തിൽ പ്രകൃതിനിയമങ്ങൾ വിവരിക്കുന്നതിനുവേണ്ടി ഒരു ദൃഷ്ടാന്ത കഥ പറയുന്നുണ്ട്. സമൂഹത്തിലെ ദാതാക്കളാണ് ജീവിതത്തിൽ വിജയിക്കൂ. ആ വചനത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

*അവൻ (അല്ലാഹു) ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്‌വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുക്കി. അപ്പോൾ ആ ഒഴുക്ക് പൊങ്ങിനിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടുകത്തിക്കുന്ന ലോഹത്തിൽ നിന്നും അതുപോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായിപ്പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു.* (13:17)

ഈ ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ ധാർമ്മിക യാഥാർത്ഥ്യങ്ങളാണ്. മേലുദ്ധരിച്ച രണ്ട് ഖുർആൻ വചനങ്ങളിൽ മനുഷ്യന് ഭൗതിക ലോകത്ത് ആവശ്യമുള്ളവ പ്രകൃതിനിയമ പ്രകാരം ഭൂമിയിൽ അവശേഷിക്കും എന്നുണർത്തുന്നു. പ്രതീകമായി ഇവിടെ പറയുന്നത്, പുഴകളിലും അരുവികളിലും വെള്ളമായി ഒഴുകിയെത്തുന്ന വർഷപാതത്തെയാണ്. ഒഴുക്കിന്റെ കൂടെയുള്ള നുര ഉപരിതലത്തെ പൊതിയുന്നു. ആഭരണങ്ങൾ പണിയാൻ ലോഹങ്ങൾ ചൂടാക്കുന്നതിനെയാണ് മറ്റൊരു പ്രതീകമായി കൊടുത്തിട്ടുള്ളത്. നുരയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന, മനുഷ്യന് ഉപകരിക്കാത്ത കുമിളകൾ വായുവിലേക്ക് ബാഷ്പീകരിച്ചുപോകുന്നുവെന്നും മനുഷ്യന് ഉപകാരപ്രദമായ വെള്ളവും ധാതുക്കളും ഊനം തട്ടാതെ ഭൂമിയിൽ നിലകൊള്ളുകയും ചെയ്യുന്നു.

ജീവിത വിജയത്തിന്റെയും പരാജയത്തിന്റെയും അടിസ്ഥാന കാരണങ്ങൾ എന്താണെന്ന് പ്രകൃതി പ്രതിഭാസങ്ങളിലൂടെ വ്യക്തമാക്കുകയാണിവിടെ. മറ്റുള്ളവർക്ക് ഉപകരിക്കുന്നവരാണെന്ന് തെളിയിച്ചവർക്കേ സമൂഹത്തിൽ സ്ഥാനമുള്ളൂ എന്നതാണ് ഒരു തത്ത്വം. അവർക്ക് ഉപകാരം ചെയ്യാനുള്ള കഴിവ് നഷ്ടപ്പെട്ടവർക്ക് ഈ ലോകത്ത് സ്ഥാനമില്ല. സമുദായങ്ങളിലായാലും സമൂഹങ്ങളിലായാലും അതുതന്നെയാണ് സത്യം.

ഉത്തമമായതേ നിലനിൽക്കൂ എന്ന പരിണാമസിദ്ധാന്തം വിവാദ വിഷയമാണെങ്കിലും സാമൂഹ്യ ജീവിതത്തിൽ അത് തീർത്തും സാധൂകരിക്കത്തക്കതാണ്. മാത്സര്യവും വെല്ലുവിളികളും എല്ലാ മനുഷ്യ സമൂഹത്തിന്റെയും അവിഭാജ്യഘടകങ്ങളാണ്. അവിടെ സ്വീകരണവും തിരസ്കാരവും അനിവാര്യമാണ്. നിങ്ങൾ നിങ്ങളെപ്പറ്റി എന്തുചിന്തിക്കുന്നുവെന്നതല്ല, സാമൂഹ്യവ്യവസ്ഥയിൽ നിങ്ങൾ ഒരു ദായകന്റെ കഴിവാണ് തെളിയിക്കേണ്ടത്. അല്ലാത്തപക്ഷം സമൂഹം നിങ്ങളെ തള്ളിക്കളയും. വ്യക്തി അല്ലെങ്കിൽ ഒരു സംഘം സമൂഹത്തിന്റെ സ്വാസ്ഥ്യഘടകമാണെന്ന് സ്ഥാപിച്ചാലേ അതിനെ സമൂഹം അംഗീകരിക്കുകയുള്ളൂ. ഉദ്ധരിച്ച ഖുർആനിക വചനം, ഇത് പ്രകൃതിയിലെ മാറ്റാനാവാത്ത നിയമമാണെന്ന് വ്യക്തമാക്കുന്നു.

17

# ഒരു ജ്ഞാനിയുടെ ഉപദേശം

ഖുർആനിലെ 31-ാം അധ്യായത്തിന് *ലുഖ്മാൻ* എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. ലുഖ്മാൻ പ്രവാചകനല്ലെങ്കിലും വലിയൊരു പണ്ഡിതനായിരുന്നു. ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപേ പ്രാചീന സുഡാനിൽ ജീവിച്ച ഒരാളായിരുന്നു ലുഖ്മാൻ. അദ്ദേഹം മകന് കൊടുത്ത ഉപദേശത്തിന്റെ ഏതാനും ഭാഗം താഴെ വായിക്കാം:

*എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുകുമണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.*

*എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സദാചാരം കല്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്.*

*നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ ചുളിച്ചുകാട്ടരുത്. ഭൂമിയിൽ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.*

*നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ. (31: 16-19)*

ആ ഉപദേശം ഇപ്രകാരം സംക്ഷേപിക്കാം:

1. ദൈവം സർവ്വജ്ഞനാണ്. ദൃശ്യവും അദൃശ്യവുമായ എല്ലാം അവൻ അറിയുന്നു. ആ വിശ്വാസം എല്ലാ സ്ത്രീപുരുഷന്മാരിലും ശക്തമായ ഉത്തരവാദിത്തബോധം ഉണ്ടാക്കുന്നു. അച്ചടക്കമുള്ള ജീവിതം നയിക്കാനും സ്രഷ്ടാവിന്റെ മാർഗ നിർദ്ദേശങ്ങൾ പിന്തുടരാനും അത് ഓരോരുത്തരെയും പ്രചോദിപ്പിക്കുന്നു. കാരണം, അതിൽ

പരാജയപ്പെടുകയാണെങ്കിൽ ദൈവം ശിക്ഷിക്കുമെന്നും അവൻ വിശ്വസിക്കുന്നു.

2. അപ്പോൾ ദൈവത്തോടുള്ള പ്രാർത്ഥന കേവലം ഒരു ചടങ്ങല്ല. ദൈവിക മഹത്വം അംഗീകരിക്കുന്നതിനുള്ള ഒരു മാർഗമാണത്. ആ അംഗീകരിക്കൽ ഒരുവനെ യാഥാർത്ഥ്യം തിരിച്ചറിയുന്നവനും സത്യസന്ധനുമാക്കുന്നു. മൃഗങ്ങളിൽ നിന്ന് മനുഷ്യനെ അത് വ്യത്യസ്തനാക്കുന്നു. മൃഗങ്ങൾക്ക് കൃതജ്ഞത പ്രകടിപ്പിക്കാനാവില്ല. എന്നാൽ മനുഷ്യന് അത് പ്രകടിപ്പിക്കാൻ സവിശേഷമായ കഴിവുണ്ട്.

3. മറ്റുള്ളവരെക്കൂടെ പരിഗണിക്കുക. നല്ലതും ചീത്തയുമായ പെരുമാറ്റത്തെക്കുറിച്ച് അറിയിച്ചുകൊടുക്കുകയെന്നത് ഓരോരുത്തരുടെയും കടമയാണ്. നന്മ ആഗ്രഹിക്കുന്നതിന്റെ പ്രകടനമാകുന്നു അത്. സത്യസന്ധനായ വ്യക്തിക്ക് ഒന്നിലും താത്പര്യമില്ലാത്ത ഒരംഗമായി ജീവിക്കാനാവില്ല.

4. സഹിഷ്ണുത ഏറ്റവും വലിയ മനുഷ്യ നന്മയാണ്. സഹിഷ്ണുത ഇല്ലാതെ ആർക്കുംതന്നെ ജീവിതത്തിൽ നന്മ ചെയ്യാനാവില്ല.

5. സത്യത്തിന്റെ പാത ലംഘിക്കില്ലെന്ന് നിശ്ചയദാർഢ്യത്തോടെ ഓരോരുത്തരും തീരുമാനിക്കേണ്ടതാണ്.

6. ഒരു വ്യക്തിയുടെ ഏറ്റവും വലിയ ദൗർബല്യം അഹങ്കാരമാണ്. അവന്റെ ഏറ്റവും വലിയ നന്മ എളിമയുമാണ്.

7. മറ്റുള്ളവരെ ശല്യപ്പെടുത്തുക എന്നത് കഴുതയുടെ സ്വഭാവമാണ്. ആ ദുസ്വഭാവത്തിൽ നിന്ന് മനുഷ്യൻ വിട്ടുനിൽക്കണം.

## 18

# സഫലസംവാദം

പ്രാചീന ഇറാഖിലേക്ക് ദൈവം അയച്ച പ്രവാചകനായിരുന്നു ഇബ്രാഹീം. അക്കാലത്താണ്, അതായത് ബി.സി. 2450-ാം ആണ്ടിലാണ് ബാബിലോണിലെ നമ്രൂദ് രാജാവ് ഷിനാറിലെ സിർക്ക എന്ന സമതല പ്രദേശത്ത് രാജാധിപത്യം സ്ഥാപിക്കുന്നത്. പ്രവാചകനായ ഇബ്രാഹീം തൗഹീദ് സന്ദേശവുമായി (ദൈവത്തിന്റെ ഏകത്വം) അദ്ദേഹത്തെ സമീപിച്ചു. രാജാവ് ആ സന്ദേശം തിരസ്കരിച്ചു. അവർ തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഏതാനും ഭാഗം ഖുർആനിലെ, *അൽ ബഖറ* എന്ന അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്:

*ഇബ്രാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന് ആധിപത്യം നല്കിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്രാഹീം പറഞ്ഞപ്പോൾ, ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്രാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറ് നിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യ നിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല.* (2:258)

പ്രവാചകനും രാജാവും തമ്മിൽ നടന്ന സംഭാഷണത്തിൽ നിന്ന് സംവാദത്തിന്റെ ഒരു പ്രധാന തത്ത്വം നമുക്ക് ലഭിക്കുന്നുണ്ട്. അതായത്, എതിർ കക്ഷിയുടെ പ്രതികരണം അനുകൂലമല്ലെങ്കിൽ നിഷ്ഫലമായ ശാഠ്യത്തിന്റെ പിറകെ പോകരുത്. എതിർകക്ഷിയുടെ മാനസികാവസ്ഥ പരിശോധിച്ചതിന് ശേഷം പ്രതികരിക്കുക.

ജനിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് സർവ്വശക്തനായ ദൈവമാണെന്ന് പ്രവാചകൻ പറഞ്ഞപ്പോൾ അതുപോലെ തനിക്കും സാധിക്കുമെന്നാണ് രാജാവ് പ്രതികരിച്ചത്. ആ പ്രതികരണം തെറ്റാണെന്ന് മനസ്സിലായിട്ടുപോലും പ്രവാചകൻ ആവർത്തനം സ്വയം ഒഴിവാക്കുകയും തന്റെ നിലപാടിൽ നിന്ന് സ്വയം മാറി വ്യത്യസ്തമായ

മറ്റൊരു ന്യായം ഉന്നയിക്കുകയുമാണ് ചെയ്തത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ ന്യായം അത്രയ്ക്ക് ശ്രദ്ധ പിടിച്ചുപറ്റുന്നതായതുകൊണ്ട് രാജാവ് മൗനംപൂണ്ടു.

ഈ സംഭവം ഏറ്റവും നല്ല സംവാദത്തിനുള്ള ഉദാഹരണമാണ്. സ്വമനസ്സിനെ സ്വാധീനിക്കാതെ താൻ അഭിമുഖീകരിക്കുന്ന എതിർ കക്ഷിയുടെ മനമറിയാൻ കഴിയുന്നവനാണ് യഥാർത്ഥ വാദി. വാദഗതിയിൽ മാറ്റം വരുത്തി അങ്ങനെ താൻ ഉന്നയിക്കുന്ന വാദം എതിർ കക്ഷിയെ മനസ്സിലാക്കിക്കാൻ അവന് കഴിയുന്നു.

ജനങ്ങൾക്ക് വ്യത്യസ്ത രീതികളിലുള്ള മാനസികാവസ്ഥകളാണുള്ളത്. ഓരോരുത്തരും തങ്ങളുടെ ദൃഷ്ടി കോണിലൂടെയാണ് കാര്യങ്ങൾ കാണുക. തങ്ങളുടേതായ വഴികളിലൂടെയാണ് ഓരോരുത്തരും ചിന്തിക്കുക. ഓരോരുത്തരും തങ്ങളുടേതായ ആശയങ്ങൾക്ക് വിധേയരാണ്. അതുകൊണ്ട് എതിർ കക്ഷിയെ ബോധ്യപ്പെടുത്താൻ അവരുടെ മാനസികാവസ്ഥ മനസ്സിലാക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ മനസ്സുകളെ അഭിമുഖീകരിക്കുമ്പോൾ നമ്മൾ നമ്മുടെ വാദഗതിയിൽ മാറ്റം വരുത്തേണ്ടിവരും. സംവാദത്തിന്റെ ശരിയായ വഴിയാണത്.

എതിർകക്ഷി നമ്മുടെ വാദങ്ങളെ അംഗീകരിക്കാതിരിക്കുമ്പോൾ നിരാശരാകാതെ നമ്മുടെ വാദഗതിയിൽ മാറ്റംവരുത്തുക. എതിർ കക്ഷി നമ്മുടെ കാഴ്ചപ്പാടിനെ അംഗീകരിക്കുന്നത് കാണാം.

## 19

# സഹവർത്തിത്വം

ഒരു സാർവ്വലൗകിക പ്രതിഭാസമാണ് ബഹുമത സമൂഹം. മിക്ക സമൂഹങ്ങളും ബഹുമതങ്ങളുടെ സങ്കലനമാണ്. ജനങ്ങൾ സാധാരണ ചോദിക്കാറുള്ള ഒരു ചോദ്യമാണ്, വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾ എങ്ങനെയാണ് ഇടപഴകി ജീവിക്കുക?

ഏഴാം നൂറ്റാണ്ടിന്റെ ആദ്യ കാല്പാതത്തിലാണ് വിശുദ്ധ ഖുർആൻ ഇറങ്ങുന്നത്. ഖുർആനിന്റെ ചില ഭാഗങ്ങൾ മക്കയിലും മറ്റുചില ഭാഗങ്ങൾ മദീനയിലും ഇറങ്ങി. ജൂത മതം, ക്രിസ്തുമതം, ഇസ്‌ലാം മതം എന്നീ വ്യത്യസ്ത മതങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങൾ ഒന്നിച്ചായിരുന്നു അന്നവിടെ താമസിച്ചിരുന്നത്. ഈ ഒരു സാഹചര്യത്തിൽ ഖുർആൻ സരളമായൊരു മാർഗം നിർദ്ദേശിച്ചു:

*നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം.* (109:6)

ലളിതമായ പ്രകൃതി തത്ത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ഖുർആൻ വചനം. അതായത്, സഹവർത്തിത്വം അഥവാ പരസ്പര ബഹുമാനം എന്ന സൂത്രവാക്യമായിരുന്നു അത്. ഈ സൂത്രവാക്യം ഇങ്ങനെ പ്രകടിപ്പിക്കാം: ഒന്നിനെ അനുസരിക്കുകയും എല്ലാറ്റിനെയും ബഹുമാനിക്കുകയും ചെയ്യുക.

ഏത് ബഹുമതസമൂഹത്തിലും പ്രാവർത്തികമായ, തൽക്ഷണ ശാന്തി ഉറപ്പാക്കുന്ന സൂത്രമവാക്യമാണത്. ആ സൂത്രവാക്യം പിന്തുടരുന്നതിലൂടെ സർവ്വ മതസ്ഥർക്കും ഇതര മതസ്ഥരെ ഹനിക്കാതെ ശാന്തി ഉറപ്പാക്കാൻ കഴിയും. ഓരോരുത്തർക്കും തങ്ങൾക്ക് അർഹതപ്പെട്ട സ്ഥാനമുറപ്പിക്കാൻ കഴിയും. ലോകത്തിന്റെ നിലനിൽപ്പിനാവശ്യം സമാധാനപരമായ സഹവർത്തിത്വം മാത്രമാണെന്നതാണ് സത്യം.

എല്ലാ മതങ്ങളിലും സാമാധാനം ആവശ്യമാണ്. സമാധാനമില്ലാതെ ഒരു മത പ്രവർത്തനവും പ്രത്യക്ഷമായോ പരോക്ഷമായോ നടത്താനാവില്ല. ഉദ്ധരിച്ച ഖുർആനിക സൂത്രവാക്യം ഓരോ മതവിഭാഗങ്ങൾക്കും സമൂഹത്തിനും തങ്ങളുടെതായ പദവി നല്കിക്കൊണ്ട് ശാന്തി ഉറപ്പാക്കുന്നു.

ഇസ്ലാമിന്റെ പൂർവ്വകാല ചരിത്രത്തിൽ ഈ തത്ത്വം സമുചിത മായി വിശദമാക്കുന്ന ഒരു കഥ പ്രവാചക ജീവിതത്തിൽ കാണാം. എ.ഡി 622-ാം ആണ്ടിലാണ് പ്രവാചകൻ മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്തത്. ആ സമയത്ത് ഏതാനും ജൂത ഗോത്രങ്ങൾ മദീനയിൽ താമസിച്ചിരുന്നു. ഒരിക്കൽ മദീനാ തെരുവിലൂടെ ഒരു വിലാപയാത്ര കടന്നുപോകുന്നത് പ്രവാചകൻ കാണാനിടയായി. അപ്പോൾ ഇരിക്കുകയായിരുന്ന പ്രവാചകൻ വിലാപയാത്ര കണ്ട ഉടനെ ബഹുമാനപൂർവ്വം എഴുന്നേറ്റുനിന്നു. അതുകണ്ട, പ്രവാചകന്റെ അനുയായികളിൽ ഒരാൾ നബിയോട് ചോദിച്ചു: 'പ്രവാചകരേ, ആ ജനാസയാത്ര മുസ്ലിമിന്റേതല്ല, ജൂതന്റേതാണ്.'

പ്രവാചകൻ പ്രതിവചിച്ചു: 'അവൻ ഒരു മനുഷ്യനല്ലയോ?'

ഇസ്ലാമിന്റെ പ്രവാചകനും ജൂതനും തമ്മിൽ സമാനത കാണുന്നു എന്നാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. കാരണം, രണ്ടുപേരും മനുഷ്യരാണ്, ദൈവത്തിന്റെ സൃഷ്ടികളുമാണ്. രണ്ടുപേരുടെയും പിതാമഹൻ ഒരാളാണ്. രണ്ടുപേരും വിശ്വവിശാലമായ മനുഷ്യ സമൂഹത്തിലെ അംഗങ്ങളുമാണ്. ആ തത്ത്വം മനുഷ്യർക്ക് ഒരുമിച്ച് നിലകൊള്ളാൻ വേണ്ട അടിത്തറ പണിയാൻ പര്യാപ്തമാണ്.

പരസ്പര ബഹുമാനത്തിന്റേതായ ആ സൂത്രവാക്യം എല്ലാ മത വിഭാഗങ്ങൾക്കും പ്രയോജനകരമാണ്. അതിലെ തത്ത്വം പിന്തുടരുകയാണെങ്കിൽ ഒരു തരത്തിലുള്ള സംഘട്ടനവുമില്ലാതെ മത സമൂഹങ്ങൾക്ക് ഇവിടെ ഒന്നിച്ചുവളരാൻ കഴിയും.

## 20

# പ്രശ്നങ്ങളെ നേരിടുക

ഏഴാം നൂറ്റാണ്ടിന്റെ ആദ്യപാതത്തിൽ അറേബ്യയിലാണ് ഇസ്‌ലാമിന്റെ പ്രവാചകൻ തന്റെ ദൗത്യം ആരംഭിക്കുന്നത്. ദൈവത്തിന്റെ ഏകത്വത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്ന ആ ദൗത്യം. മൂർത്തീപൂജയിൽ വ്യാപൃതരായിരുന്ന അക്കാലത്തെ ജനങ്ങൾ പ്രവാചകനെ ശത്രുവായി കാണുകയും അദ്ദേഹവും സഹപ്രവർത്തകരും പലതരത്തിലുള്ള പ്രയാസങ്ങൾക്ക് അടിമപ്പെടുകയും ചെയ്തു.

പ്രവാചകനും സഹപ്രവർത്തകർക്കും അത് തീർച്ചയായും പ്രതികൂല സാഹചര്യമായിരുന്നു. ആ നിർണ്ണായക ഘട്ടത്തിൽ ദൈവം അവർക്ക് അർത്ഥപൂർണ്ണമായ മാർഗ നിർദ്ദേശങ്ങൾ ഇറക്കിക്കൊടുത്തു. ഖുർആനിലെ, *ശർഹ്* എന്ന അധ്യായത്തിൽ ആയിരുന്നു അത്. ആ ദിവ്യമാർഗ നിർദ്ദേശം ഇപ്രകാരമാണ്:

*എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും.*

*തീർച്ചയായും ഞെരുക്കത്തിന്റെ കൂടെ ഒരു എളുപ്പമുണ്ടായിരിക്കും. (94: 5,6)*

പ്രസ്തുത വചനത്തിൽ ഒരേ ശൈലി രണ്ടുപ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. ഈ ആവർത്തനത്തിലൂടെ പ്രവാചകന് വളരെ അർത്ഥവത്തായ ഒരു അനുമാനം സാധിച്ചു. അതായത് പ്രകൃതി നിയമപ്രകാരം, ആശ്വാസാവസ്ഥ പ്രയാസാവസ്ഥയുടെ ഇരട്ടിയാണ്. ഒരു പ്രയാസാവസ്ഥയെ രണ്ട് ആശ്വാസാവസ്ഥകൾ അതിജീവിക്കും എന്ന തത്ത്വം അദ്ദേഹം രൂപപ്പെടുത്തി.

എല്ലാ സാഹചര്യങ്ങളിലും പ്രശ്നങ്ങളുണ്ട് എന്നതാണ് സത്യം. അതേസമയം നല്ല അവസരങ്ങളുമുണ്ട്. അത് പ്രകൃതി പ്രതിഭാസമാണ്. അവസരങ്ങളുടെ അളവ് പ്രശ്നങ്ങളുടെ അളവിനേക്കാൾ കൂടുതലായിരിക്കും. എന്നിരിക്കെ പ്രശ്നങ്ങളെ അവഗണിച്ച് അവസരങ്ങളെ ഉപയോഗപ്പെടുത്താൻ ഊർജ്ജം വിനിയോഗിക്കലാണ് സ്വീകാര്യമായ മാർഗം.

പ്രശ്നങ്ങൾക്കെതിരെ പരാതിപ്പെട്ടിട്ടോ പ്രതിഷേധിച്ചിട്ടോ പ്രയോജനമില്ല. പ്രശ്നങ്ങൾ കുറച്ചുപേർ കൂടിച്ചേർന്ന് ഉണ്ടാക്കുന്നതല്ല. അതും ദൈവത്തിന്റെ സൃഷ്ടിപദ്ധതിയുടെ ഭാഗമാണ്. പ്രകൃതി നിയമങ്ങളെ മാറ്റാൻ ആർക്കും അധികാരമില്ല. ആ സ്വാഭാവിക നിയമങ്ങളെ അംഗീകരിക്കുകയല്ലാതെ വേറെ മാർഗങ്ങളില്ല. ഈ ലോകത്ത് നമുക്ക് പിന്തുടരാൻ പറ്റുന്ന ഒരേയൊരു കാര്യം ഖുർആനിക സൂക്തങ്ങളാണ്.

നമ്മൾ ഒരു പ്രശ്നത്തെ നേരിടുമ്പോൾ ദുർബലരാവരുത്. സാധാരണ അവസ്ഥ നിലനിർത്തുക. അസ്വസ്ഥരാകാതിരിക്കുക. മനസ്സിൽ സമ്മർദ്ദം വളരാൻ അനുവദിക്കരുത്. സാഹചര്യത്തെ ലളിതമായി വിലയിരുത്തുക. പ്രശ്നം തരണം ചെയ്യുന്നതിനുള്ള അവസരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക. മറഞ്ഞും തെളിഞ്ഞുമായി ധാരാളം അവസരങ്ങൾ നമ്മെ കാത്തിരിക്കുന്നുണ്ടെന്ന് ദൃഢമായി വിശ്വസിക്കുക. നമ്മുടെ ഊർജ്ജവും ബുദ്ധിശക്തിയും ഉപയോഗിച്ച് അവ കണ്ടുപിടിക്കാൻ ശ്രമിക്കുക.

അത്തരം സാഹചര്യങ്ങളിൽ പരാതികൾ ഉന്നയിക്കുന്നതും പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതും അങ്ങനെ സമയം പാഴാക്കുന്നതും കൊണ്ട് പ്രയോജനമില്ല. പ്രകൃതി നിയമങ്ങളെ മനസ്സിലാക്കുന്നതിൽ നമുക്ക് പറ്റിയ പാളിച്ചയാണ് നമ്മുടെ മാനസിക സമ്മർദ്ദത്തിന് കാരണം. അതുകൊണ്ട് ഒരു യാഥാർത്ഥ്യവാദിയായി ജീവിക്കുക, അതുവഴി നമ്മുടെ വിജയം ഉറപ്പുവരുത്തുക.

## 21

# ദൈവത്തിന് കീഴടങ്ങുക

ഖുർആൻ ആത്മീയസംസ്കരണം നിർദ്ദേശിക്കുന്നു. ഖുർആനിക ആത്മീയതയിൽ ഒരു നിഗൂഢതയുമില്ല. അത് നല്ലൊരു ശിക്ഷണ മാണ്. ബൗദ്ധിക വികാസത്തിനുള്ള മറ്റൊരു വഴിയാണത്. ഖുർആനിക ആത്മീയതയുടെ തത്ത്വം *ആലു ഇംറാൻ* എന്ന അധ്യായത്തിൽ വിശ ദീകരിക്കുന്നുണ്ട്:

*ദൈവത്തിന്റെ നിഷ്കളങ്ക ദാസന്മാരായിത്തീരുക.* (3:79)

ദൈവത്തിന്റെ ആൾക്കാർ ആയിത്തീരൽ ദൈവത്തിന് കീഴടങ്ങി ജീവിക്കലാണ്. ദൈവത്തിലധിഷ്ഠിതമായ ജീവിതം ഒരു സമ്പൂർണ്ണ ജീവിത രീതിയാണ്. മനുഷ്യന്റെ സകല കഴിവുകളും ദൈവമാർഗ ത്തിൽ ഉപയോഗപ്പെടുത്തലാണത്. ദൈവാധിഷ്ഠിത ചിന്ത, ദൈവാ ധിഷ്ഠിത സംസാരം, ദൈവാധിഷ്ഠിത പെരുമാറ്റം, ദൈവാധിഷ്ഠിത ധാർമ്മികത എന്നിവയാണവ.

ദൈവ കേന്ദ്രീകൃത ജീവിതം ആത്മീയ ജീവിതത്തിന് പകരം വെക്കാവുന്ന പദമാണ്. ഉദ്ധരിച്ച ഖുർആനിക വചനത്തിൽ അൽ റബ്ബാനി എന്ന പദമുപയോഗിച്ചിരിക്കുന്നു. അതിനർത്ഥം ആത്മീയ വ്യക്തി അല്ലെങ്കിൽ റബ്ബിനെ കേന്ദ്രീകരിച്ച വ്യക്തി എന്നാണ്. അത് സൂചിപ്പിക്കുന്നത്, ഇസ്‌ലാം ആത്മീയതയുടെ മതമാണ്, ഇസ്‌ലാം ഒരു പരിശീലനമാണ്, ഇസ്‌ലാമിനെ യുക്തിവിചാര പദങ്ങളുടെ സഹാ യത്താൽ വിശദീകരിക്കാവുന്നതാണ് എന്നെല്ലാമാണ്. യുക്തിചിന്ത യാണ് ഇസ്‌ലാമിക ആത്മീയതയുടെ അടിസ്ഥാനം.

ഇസ്‌ലാമിക ആധ്യാത്മികതയുടെ അടിസ്ഥാനം വിചിന്തനമാണ്, ധ്യാനമല്ല. അത് ഭാവാത്മകതയേക്കാൾ ചിന്താത്മകമാണ്. അത് ഉയർന്നുവരുന്നത് ബൗദ്ധിക ഉണർവ്വിൽ നിന്നുമാണ്. സത്യത്തെക്കുറിച്ച് ചിന്തിക്കുകയും അത് കണ്ടെത്തുകയും ചെയ്താൽ നമ്മൾ ആത്മീയ വ്യക്തിയായി മാറും.

നമ്മൾ നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് വിചിന്തനം ചെയ്യുകയാണെ ങ്കിൽ, നമ്മുടെ തൊട്ടരികിലുള്ളവയിൽ നിന്ന് അപ്പുറത്തേക്ക് ചിന്തിക്കു കയാണെങ്കിൽ നമുക്കപ്പുറത്തുള്ള സത്യത്തെ തിരിച്ചറിയാൻ കഴിയും.

അതായത്, സമയത്തിനും കാലത്തിനും അപ്പുറത്തുള്ള സത്യത്തെ. അങ്ങനെ നമ്മൾ നമ്മെക്കുറിച്ചും സ്രഷ്ടാവിനെക്കുറിച്ചും ബോധവാന്മാരാവുക. അത് നമ്മുടെ വ്യക്തിത്വത്തിന്റെ ആത്മീയ പരിണാമ പ്രക്രിയയ്ക്ക് തുടക്കം കുറിക്കും. ആ പ്രക്രിയ വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ഇസ്‌ലാമിക ആധ്യാത്മികതയുടെ സാരാംശം അത് ദൈവാധിഷ്ഠിതമാണെന്നും ആത്മാധിഷ്ഠിതമല്ലെന്നുമാണ്. നമുക്ക് നമ്മുടെ സ്രഷ്ടാവിനെ കണ്ടെത്താനാകുമ്പോൾ ഉടനടി സ്രഷ്ടാവും നമ്മളും തമ്മിൽ അഗാധബന്ധം സ്ഥാപിക്കപ്പെടും. നമ്മുടെ മുറിയിലെ വൈദ്യുതി ബൾബ് പവർ ഹൗസുമായി ബന്ധം സ്ഥാപിക്കുന്നതുപോലെയായിരിക്കുമത്. വൈദ്യുതിബന്ധം നമ്മുടെ മുറിയെ പ്രകാശിപ്പിക്കുന്നതുപോലെ ദൈവികബന്ധം നമ്മുടെ മുഴുവൻ വ്യക്തിത്വത്തെയും പ്രകാശിപ്പിക്കും. അങ്ങനെ നമ്മൾ റബ്ബാനി അല്ലെങ്കിൽ ദൈവത്തിന്റെ ദാസൻ ആയിമാറും.

ഖുർആനിക ആധ്യാത്മികതയുടെ തത്ത്വം വളരെ ലളിതമാണ് - ലളിതമായ ജീവിതവും ഉന്നതമായ ചിന്താഗതിയും. ലളിതമാർന്ന ജീവിതം സംഭ്രമത്തിൽ അകപ്പെട്ടുപോകുന്നതിൽനിന്ന് മനുഷ്യനെ അകറ്റിനിർത്തുന്നു. അത് സാരവത്തായ പ്രവർത്തന മേഖലകളിലേക്ക് നമ്മുടെ മനസ്സിനെ കൂടുതൽ സമയം വ്യാപരിപ്പിക്കാൻ സഹായിക്കുന്നു. എളിമയാർന്ന ജീവിതവും ഉന്നതമായ ചിന്തയും പരസ്പര പൂരകങ്ങളാണ്. ലളിത ജീവിതം മഹത്തായ ചിന്തകൾക്ക് സമയം നല്കുന്നു. മഹത്തായ ചിന്തകൾ ലളിത ജീവിതത്തിന് പ്രാപ്തിനല്കുകയും ചെയ്യുന്നു.

ആത്മീയത വിശുദ്ധ ജീവിതത്തിന്റെ സാരാംശമാണ്. ആത്മീയത മാനസിക സമ്മർദ്ദമോ നിഷേധാത്മക ചിന്തയോ ഇല്ലാത്ത ജീവിതത്തിലേക്ക് മനുഷ്യനെ നയിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആത്മീയത നന്മയുള്ള മനുഷ്യരെ സൃഷ്ടിക്കുന്നു.

## 22

# ജനതയുടെ വളർച്ചയും തകർച്ചയും

ഈ ലോകത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും പ്രകൃതി നിയമമനുസരിച്ചാണ്. ഒരു രാജ്യത്തിന്റെ ഉയർച്ചയിലും താഴ്ചയിലും പ്രകൃതി നിയമത്തിന് സ്വാധീനമുണ്ട്. ഖുർആനിലെ, *അൻഫാൽ* എന്ന അധ്യായം ആ വിഷയമാണ് ചർച്ച ചെയ്യുന്നത്:

*ഒരു ജനവിഭാഗത്തിന് താൻ ചെയ്തുകൊടുത്ത അനുഗ്രഹം അവരുടെ സ്വന്തം നിലപാടിൽ അവർ മാറ്റം വരുത്തുന്നത് വരെ അല്ലാഹു മാറ്റിക്കളയുന്നതല്ല എന്നതുകൊണ്ടത്രെ അത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് എന്നതുകൊണ്ടും.* (8:53)

ഇതേ നിയമം ഖുർആനിലെ മറ്റൊരു അധ്യായത്തിലും പരാമർശിക്കുന്നുണ്ട്: *ഏതൊരു ജനയതും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ സ്ഥിതിക്ക് മാറ്റം വരുത്തുകയില്ല, തീർച്ച.* (13:11)

ഇവിടെ, ജനങ്ങൾ എന്ന വാക്കുകൊണ്ട് ഖുർആൻ അർത്ഥമാക്കുന്നത് രാഷ്ട്രം അഥവാ സമൂഹം എന്നും; ഹൃദയം അഥവാ സ്വന്തം നിലപാട് എന്ന വാക്കുകൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത് വ്യക്തികൾ എന്നുമാണ്. ജനങ്ങളുടെയും രാജ്യങ്ങളുടെയും വിധി തീരുമാനിക്കുന്ന പ്രകൃതി നിയമത്തെയാണ് ഖുർആൻ ഇവിടെ പരാമർശിക്കുന്നത്. ആ നിയമം യാതൊരുവിധ ഒഴിവുകേടുമില്ലാതെ എല്ലാവർക്കും ബാധകമാണ്.

ഈ നിയമമനുസരിച്ചാണ് ഒരു രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. വ്യക്തികളിലൂടെയാണ് രാഷ്ട്രം രൂപീകൃതമാകുന്നത്. വ്യക്തി സൽസ്വഭാവിയാണെങ്കിൽ അവന്റെ രാഷ്ട്രവും നല്ലതായിരിക്കും. അതുപോലെ, വ്യക്തി ദുസ്വഭാവിയാണെങ്കിൽ അവന്റെ രാഷ്ട്രവും മോശമായിത്തീരും.

ഒരു രാജ്യം അല്ലെങ്കിൽ സമൂഹം അധ:പതിച്ചുപോയാൽ എങ്ങനെ അതിനെ മോചിപ്പിക്കാനാവുമെന്ന് ഈ നിയമം ബോധ്യപ്പെടുത്തുന്നു. ഈ നിയമം അതിന്റെ ഉത്ഭവസ്ഥാനം വ്യക്തമാക്കുന്നുണ്ട്. ഒരു രാജ്യം അധ:പതനത്തിലേക്ക് നീങ്ങുന്നുവെന്ന് മനസ്സിലാകുമ്പോൾ അതിലെ വ്യക്തികളെ നവീകരിക്കാനുള്ള ശ്രമം ആരംഭിക്കേണ്ടതുണ്ട്. ആരംഭ സാധ്യമായ വഴി വ്യക്തികളിലൂടെയുള്ളതാണ്. ഒരു വ്യക്തിയുടെ മനസ്സിനെ നമുക്ക് ശരിയായ വിധത്തിൽ അഭിമുഖീകരിക്കാൻ കഴിയും. എന്നാൽ ഒരു ജനക്കൂട്ടത്തെ അതുപോലെ അഭിമുഖീകരിക്കാൻ സാധിച്ചെന്നുവരില്ല.

അത്തരം സന്ദർഭങ്ങളിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം നല്കി ജനങ്ങളെ മാറ്റിയെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. നാം ജനങ്ങളുടെ മനസ്സും ഹൃദയവും മാറ്റിയെടുക്കണം. അവരുടെ ചിന്താഗതിയെ മാറ്റണം. വ്യവസ്ഥാപിതമാക്കപ്പെട്ട അവരുടെ മനസ്സിനെ തിരുത്തണം.

തുടക്കത്തിൽ എല്ലാവർക്കും എല്ലാ രാഷ്ട്രങ്ങളും പ്രയപ്പെട്ടതായിരിക്കും. ദൈവം എല്ലാവരോടും കരുണയുള്ളവനാണ്. എന്നാൽ പ്രയാണം തുടരുമ്പോൾ കുറേശ്ശെയായി ധാർമ്മിക അധ:പതനം കണ്ടുതുടങ്ങും. അടുത്ത ചോദ്യം ഉയരുന്നത്, എങ്ങനെയാണ് രാജ്യത്തെ പൂർവ്വാവസ്ഥയിൽ എത്തിക്കുക എന്നായിരിക്കും. അധോഗതിയിലേക്ക് കൂപ്പുകുത്തിയതിനെ എങ്ങനെയാണ് ഉയിർത്തെഴുന്നേല്പിക്കുക?

ആരംഭത്തിൽത്തന്നെ തുടങ്ങുക എന്നതാണ് അതിനുള്ള ഉത്തരം. വ്യക്തി പരിഷ്കരണത്തിൽ നിന്ന് തുടങ്ങുക. വ്യക്തിയെ കേന്ദ്രീകരിച്ചാൽ മൊത്തം സമൂഹത്തിലും നമുക്ക് എത്തിപ്പെടാനാകും. നേരെമറിച്ച് മൊത്തം സമൂഹത്തെയാണ് നമ്മൾ അഭീമുഖീകരിക്കുന്നതെങ്കിൽ നമുക്ക് എങ്ങും എത്തിപ്പെടാനാവില്ല.

രാഷ്ട്രത്തിന്റെ പുനർനിർമ്മാണ പദ്ധതി ഒരു പൂന്തോട്ടം വളർത്തിയെടുക്കുന്നതുപോലെയാണ്. വിത്തുപാകി നമ്മൾ അതിന് തുടക്കം കുറിക്കുന്നതോടുകൂടി ഭാവിയിൽ മനോഹരമായ ഒരു പൂന്തോട്ടം നമുക്ക് വളർത്തിയെടുക്കാനാവും. അതല്ല പൂന്തോട്ടംതന്നെ ആയിട്ടാണ് നമ്മൾ തുടക്കം കുറിക്കുന്നതെങ്കിൽ നമുക്ക് നമ്മൾ വിഭാവനം ചെയ്ത ലക്ഷ്യസ്ഥാനത്തെത്താൻ കഴിയണമെന്നില്ല.

## 23

# പ്രായോഗിക ജ്ഞാനം

പലസ്തീൻ, സിറിയ എന്നീ രാജ്യങ്ങൾ ഭരിച്ച ഒരു പ്രാചീന രാജാവായിരുന്ന സോളമൻ. അദ്ദേഹം ഒരു പ്രവാചകനും ആയിരുന്നു. ബി.സി 1100-900-ാം ആണ്ടിൽ യമൻ ഭരിച്ചിരുന്ന ഷേബായിലെ രാജ്ഞി അദ്ദേഹത്തിന്റെ സമകാലികരിൽ ഒരുവളായിരുന്നു. ഖുർആനിലെയും ബൈബിളിലെയും വിവരണങ്ങളനുസരിച്ച്, തനിക്ക് കീഴടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാജാവ് രാജ്ഞിക്ക് കത്തയച്ചു. തുടർന്നുണ്ടായ സംഭവങ്ങൾ *നംല്* എന്ന അധ്യായത്തിൽ വിവരിക്കുന്നു:

*അവൾ പറഞ്ഞു: ഹേ പ്രമുഖന്മാരേ, എനിക്കിതാ മാന്യമായ ഒരു എഴുത്ത് നല്കപ്പെട്ടിരിക്കുന്നു.*

*അത് സുലൈമാന്റെ പക്കൽ നിന്നുള്ളതാണ്. ആ കത്ത് ഇപ്രകാരമത്രെ: പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.*

*എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും, കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുത്ത് വരികയും ചെയ്യുക.*

*അവൾ പറഞ്ഞു: ഹേ പ്രമുഖന്മാരേ, എന്റെ ഈ കാര്യത്തിൽ നിങ്ങൾ എനിക്ക് നിർദ്ദേശം നല്കുക. നിങ്ങൾ എന്റെ അടുക്കൽ സന്നിഹിതരായിട്ടല്ലാതെ യാതൊരു കാര്യവും ഖണ്ഡിതമായി തീരുമാനിക്കുന്നവളല്ല ഞാൻ.*

*അവർ പറഞ്ഞു: നാം ശക്തിയുള്ളവരും ഉഗ്രമായ സമര വീര്യമുള്ളവരുമാണ്. അധികാരം അങ്ങേക്കാണല്ലോ, അതിനാൽ എന്താണ് കല്പിച്ചരുളേണ്ടതെന്ന് ആലോചിച്ചുനോക്കുക.*

*അവൾ പറഞ്ഞു: തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും, അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യന്മാരാക്കുകയും ചെയ്യുന്നതാണ്. അപ്രകാരമാകുന്നു അവർ ചെയ്തുകൊണ്ടിരിക്കുന്നത്.* (27: 29-34)

ഏറ്റുമുട്ടൽ ഒഴിവാക്കാനായി രാജ്ഞി കീഴടങ്ങാൻതന്നെ തീരുമാനിച്ചു. അങ്ങനെ സോളമന്റെ ആക്രമണത്തിൽ നിന്ന് അവൾ തന്റെ

രാജ്യത്തെ രക്ഷിച്ചു. രാഷ്ട്രീയാവബോധമനുസരിച്ചും മറ്റും പരിഗണിക്കുമ്പോൾ ആ കീഴടങ്ങൽ രാജ്ഞിക്ക് സ്വയം ഭരണാധികാരത്തോടെ രാജ്യം ഭരിക്കാനുള്ള അവസരം ഒരുക്കുകയായിരുന്നു. വ്യാപാരികളായ ഷേബായിലെ ജനങ്ങൾക്ക് തങ്ങളുടെ വ്യാപാരം മുൻപത്തെപ്പോലെ തുടർന്നുകൊണ്ടുപോകാനും സാധിച്ചു.

അത്തരത്തിലുള്ള കർമ്മങ്ങളെ കീഴടങ്ങലുകളായി വിശേഷിപ്പിക്കാനാവില്ല. അത് പ്രായോഗിക ജ്ഞാനത്തിന്റെ ഏറ്റവും നല്ലൊരു ദൃഷ്ടാന്തമാണ്. പ്രായോഗിക ജ്ഞാനമെന്നാൽ, തികച്ചും യുക്തമായത് സ്വീകാര്യമല്ലെങ്കിൽ അല്പം യുക്തമായതിനെ സ്വീകരിക്കലാണ്. ഷേബാ രാജ്ഞി അത്രമാത്രം ശക്തയായിരുന്നില്ല. ഷേബായിലെ ജനങ്ങൾക്കാകട്ടെ തങ്ങളുടെ രാജ്യം സൈനിക ശക്തി തെളിയിക്കുന്നതിനേക്കാൾ താത്പര്യം വ്യാപാരം തുടർന്നുപോകുന്നതിലായിരുന്നു. അപ്രകാരം ഒരു ഭാഗിക കീഴടങ്ങൽ കൊണ്ട് ഭരണം നിലനിർത്താനും വ്യാപാരത്തെ രക്ഷപ്പെടുത്താനും കഴിഞ്ഞു.

ഈ പ്രായോഗിക ജ്ഞാനം ഭരണാധികാരികൾക്ക് മാത്രമല്ല ഓരോ വ്യക്തിക്കും അനിവാര്യമാണ്. കാരണം, വിവാദം ജീവിതത്തിന്റെ ഒരു ഭാഗമാണ്. വിവാദങ്ങൾക്കിടയിലും ഓരോരുത്തരും മികച്ച പരിഹാര മാർഗങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. എന്നാൽ ഈ ആശയം എല്ലാ വിഷയത്തിലും പ്രായോഗികമല്ല എന്നതാണ് വാസ്തവം. അസാധ്യമാണെന്ന് വ്യക്തമായതിന്റെ പിന്നാലെ ഓടുന്നതിൽ അർത്ഥമില്ല. അവരവർക്ക് സാധ്യമായതെന്തോ അതിനെ തെരഞ്ഞെടുക്കുക. അല്ലാത്തപക്ഷം ഫലം വിനാശകരമാകാനിടയുണ്ട്. ഇതിനെയാണ് പ്രായോഗിക ജ്ഞാനം എന്നുപറയുന്നത്.

## 24

# ഇരുട്ടിനുശേഷം വെളിച്ചം

പ്രവാചക ദൗത്യത്തിന്റെ ആദ്യ കാലങ്ങളിൽ പ്രവാചകനും സഹചാരികളും മക്കയിൽ നേരിട്ട ദുരനുഭവങ്ങൾ നിരാശയിലേക്ക് നയിച്ചു. അത് ഒരു ഭീഷണമായ സാഹചര്യമായിരുന്നു. തങ്ങളുടെ ദൗത്യം പ്രവൃത്തിപഥത്തിൽ നിന്ന് മാറിപ്പോയേക്കുമോ എന്നുപോലും അനുചരന്മാർ ചോദിച്ചുതുടങ്ങി. ഗുരുതരമായ ആ സാഹചര്യത്തിൽ ദൈവം ഇറക്കിയ അധ്യായമാണ് *ദുഹാ* (പൂർവ്വാഹ്നം). അതിലെ ഏതാനും വചനങ്ങൾ:

*പൂർവ്വാഹ്നം തന്നെയാണ് സത്യം,*

*രാത്രി തന്നെയാണ് സത്യം അത് ശാന്തമാവുമ്പോൾ,*

*(നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല.*

*തീർച്ചയായും പരലോകമാണ് നിനക്ക് ഇഹലോകത്തേക്കാൾ ഉത്തമമായിട്ടുള്ളത്.* (93: 1-4).

ഈ ഖുർആനിക വചനങ്ങളിൽ പ്രകൃതി പ്രതിഭാസത്തെ വിശദീകരിക്കുകയാണ്. ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്ഥിരമായി കറങ്ങുന്നതുകൊണ്ടാണ് രാപ്പകലുകൾ മാറിമാറി വരുന്നത്. ആ പ്രകൃതി പ്രതിഭാസം നമ്മുടെ ജീവിതത്തിന് വലിയൊരു പാഠം നല്കുന്നുണ്ട്. രാപ്പകലുകളുടെ മാറ്റം നല്ലതും ചീത്തയു മായ അനുഭവങ്ങളെ പ്രതീകവത്കരിക്കുന്നു.

ജീവിതത്തിൽ കറുത്ത രാത്രികളും തെളിഞ്ഞ പ്രഭാതങ്ങളും പോലെ നിരാശയും പ്രതീക്ഷയും തടസ്സങ്ങളും മാർഗങ്ങളും മാറിമാറി വരും. അത് സൂചിപ്പിക്കുന്നത്, ഒരാളുടെ ഇപ്പോഴത്തെ അവസ്ഥ നോക്കി നിരാശപ്പെടരുത് എന്നാണ്. ഭാവിയിലേക്ക് പ്രതീക്ഷ അർപ്പിക്കുകതന്നെ വേണം. രാത്രിയെന്നതുപോലെ ഇപ്പോഴത്തേത് വെറും താത്കാലിക നിരാശയാണ്. ദിവസങ്ങൾക്ക് ശേഷം ഭാസുരമായ ഭാവി സംജാതമാകുമെന്നത് തീർച്ചയാണ്. ആ ഭാസുര ഭാവിക്കുവേണ്ടി പ്രവർത്തിക്കുകയാണ് ഒരാളെ സംബന്ധിച്ചിടത്തോളം കരണീയം. കുറച്ചു നാളുകൾ കൊണ്ട് വിജയം കൈവരിക്കാൻ കഴിയുമെന്നും, ഉയരങ്ങളി

ലെത്തിച്ചേരാൻ സാധിക്കുമെന്നും ഉറച്ചുവിശ്വസിക്കണം. ആ വിശ്വാസം സമ്പൂർണ്ണാർത്ഥത്തിൽ സത്യമാണെന്ന് തെളിയിക്കാൻ പ്രവാചകനും അനുയായികൾക്കും സാധിച്ചു. അവർ ആ ഖുർആനിക തത്വം അംഗീകരിച്ചതുകൊണ്ട് തുടർന്നുള്ള ദിവസങ്ങളിൽ അവരുടെ ദൗത്യം അഭൂതപൂർവ്വമായ നേട്ടം കൈവരിക്കുകയുണ്ടായി.

രാത്രിയെന്നതുപോലെ നിലവിലെ സ്ഥിതി താത്കാലികം മാത്രമായിരിക്കും. ഏതാനും ദിവസങ്ങൾക്കുള്ളിൽ ശോഭനമായൊരു ഭാവിയുണ്ടാകുമെന്ന് തീർച്ച.

പ്രകൃതി നിയമം ശാശ്വതമാണ്. ഓരോരുത്തരിലും ഓരോ ജനതയിലും അത് പ്രായോഗികമാണ്. വ്യക്തികളുടെയും സമൂഹങ്ങളുടെയും നേട്ടങ്ങൾ ആ തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ്. ലളിതമായി പറഞ്ഞാൽ, ആ തത്ത്വം അർത്ഥമാക്കുന്നത്: കഠിനമായി പ്രവർത്തിക്കുക, ഭാവിയെ പ്രതീക്ഷയോടെ കാത്തിരിക്കുക.

ജീവിതത്തെ പോരാട്ടത്തിന്റെ കാലം, നേട്ടത്തിന്റെ കാലം എന്നിങ്ങനെ രണ്ടായി പകുക്കാം. പോരാട്ടത്തിന്റെ കാലം രാത്രിപോലെയാണെങ്കിൽ നേട്ടത്തിന്റെ കാലം പകൽ പോലെയാണ്. രാത്രി തീർച്ചയായും പ്രഭാതത്തിലേക്ക് നയിക്കും. മനുഷ്യ ജീവിതത്തിന്റെ കാര്യത്തിലും അത് ശരിയാണ്. ശോഭനമായൊരു ഭാവി മെനെഞ്ഞെടുക്കാനാണ് ഒരാൾ പോരാടേണ്ടത്. കാത്തിരുന്ന് കാണാം എന്ന നയമാണ് സ്വീകരിക്കേണ്ടത്.

25

# യഥാർത്ഥ വിജയി

*ഖസസ്* എന്ന അധ്യായത്തിൽ ഖുർആൻ പറയുന്ന കഥ സ്ത്രീപുരുഷന്മാർക്ക് മഹത്തായൊരു പാഠമാണ് നല്കുന്നത്.

പ്രാചീന ഈജിപ്തിലെ ഇസ്രയേൽ സമുദായ പ്രമുഖൻ ഖാറൂൻ അഥവാ കോറ വലിയ ധനികനായിരുന്നു. അവൻ തന്റെ സമ്പന്നതയിൽ അഹങ്കരിച്ചു. സ്വസമുദായത്തിൽ പെട്ടവർ തന്നെ അഹങ്കാരത്തിന്റെ ദുരന്തഫലങ്ങളെക്കുറിച്ച് അയാളെ ഓർമ്മപ്പെടുത്തി. ഖുർആനിൽ ആ കഥ വിവരിക്കുന്നത് ഇപ്രകാരമാണ്:

*തീർച്ചയായും ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തന്മാരായ ഒരു സംഘത്തിനുപോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നല്കിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ). നീ പുളകംകൊള്ളേണ്ട. പുളകംകൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല.*

*അല്ലാഹു നിനക്ക് നല്കിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മചെയ്തത് പോലെ നീയും നന്മചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല.*

*ഖാറൂൻ പറഞ്ഞു: എന്റെ കൈവശമുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതുലഭിച്ചത്. എന്നാൽ അവനുമുൻപ് അവനെക്കാൾ കടുത്ത ശക്തിയുള്ളവരും, കൂടുതൽ സംഘ ബലമുള്ളവരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സിലാക്കിയിട്ടില്ലേ? തങ്ങളുടെ പാപങ്ങളെപറ്റി കുറ്റവാളികളോട് അന്വേഷിക്കപ്പെടുന്നതല്ല.* (28: 76-78)

ഈ കഥയനുസരിച്ച്, അഹങ്കാരിയായ ഖാറൂനെ ദൈവം ശിക്ഷിച്ചു. ഈ കഥ ദിവ്യനിയമങ്ങളിൽ ഒന്നായി ഇപ്പോഴും സംരക്ഷിച്ചുപോരുന്നു. അതായത്, സമ്പന്നർ എപ്പോഴും ദൈവത്തോട് നന്ദിയുള്ളവരാ

വണം. അല്ലാത്ത പക്ഷം, അവർ ദൈവത്തിന്റെ അനിഷ്ടത്തിന് പാത്ര മായിത്തീരും.

ഈ ലോകത്ത് ഏതൊരു നേട്ടത്തിന് പിന്നിലും കാരണമായി രണ്ട് ഘടകങ്ങളുണ്ട്:

1. ഒരാളുടെ പ്രയത്നം.

2. ദൈവം ഈ ലോകത്ത് ഒരുക്കിക്കൊടുക്കുന്ന അടിസ്ഥാന സൗക ര്യങ്ങളുടെ പിന്തുണ.

അവയുടെ അനുപാതം അസമമാണ്. അതായത്, ഒരാളുടെ നേട്ട ത്തിന്റെ പിന്നിലുള്ള അയാളുടെ സ്വന്തം പങ്ക് ഒരു ശതമാനത്തിലും കുറവായിരിക്കും. അതിൽ ദൈവത്തിന്റെ അടിസ്ഥാന സൗകര്യത്തിന്റെ പങ്ക് തൊണ്ണൂറ്റൊമ്പത് ശതമാനത്തിലധികമാണ്. ആയതിനാൽ, ഒരു സ്ത്രീക്കോ പുരുഷനോ അഹങ്കാരിയായിത്തീരുക എന്നത് തീർത്തും അയഥാർത്ഥ്യമായ സംഗതിയാണ്. നേട്ടം കൈവരിച്ച ഏതൊരു സ്ത്രീയു ടെയും പുരുഷന്റെയും പെരുമാറ്റം എളിമയോടുകൂടിയതായിരിക്കണം.

അഹങ്കാരമെന്നത് ദൈവത്തിന്റെ ഔദാര്യത്തെ നിഷേധിക്കലും, എളിമയെന്നാൽ ദൈവത്തിന്റെ സഹായം അംഗീകരിക്കലുമാണ്. ഖുർആൻ പരാമർശിക്കുന്നത്, അഹങ്കാരികൾ നന്ദികേട് കാണിക്കു ന്നതുകൊണ്ട് ശിക്ഷിക്കപ്പെടുമെന്നും, എളിമയുള്ളവർ ദൈവത്തിന്റെ മഹത്തായ ഔദാര്യത്താൽ അനുഗ്രഹിക്കപ്പെടുമെന്നുമാണ്.

ഒരാളുടെ വ്യക്തിവികാസവുമായി നേരിട്ട് ബന്ധമുള്ളതാണത്. അഹങ്കാരം ഒരാളുടെ വ്യക്തിത്വത്തെ ദുഷിപ്പിക്കുന്നു. അതേ സമയം എളിമ സദ്ചിന്ത ഉണർത്തുന്നു. അവ രണ്ടും തമ്മിൽ വൈജാത്യമു ണ്ട്. നിഷേധാത്മകത എല്ലാ തരത്തിലുമുള്ള തിന്മകളുടെയും ഉറവി ടമാണ് എങ്കിൽ, സാരവത്തായ ചിന്തയാണ് എല്ലാ നന്മകളുടെയും ഉറവിടം. ജ്ഞാനികൾ എപ്പോഴും തങ്ങളുടെ സ്വഭാവത്തിൽ എളിമ യുള്ളവരായിരിക്കും.

## 26

# പ്രവർത്തിയാണ് പ്രധാനം

പ്രവാചകന്റെ മദീനാ ജീവിതകാലത്ത് സത്യത്തിനുവേണ്ടി യാതൊന്നും ചെയ്യാത്ത ചിലർ സത്യത്തെക്കുറിച്ച് വാചാലരാവുകയും നല്ല വാക്കുകൾ കൊണ്ട് തങ്ങൾ ചെയ്ത തെറ്റായ കർമ്മങ്ങൾ മറച്ചുവെക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

ആലു ഇംറാൻ എന്ന അധ്യായത്തിൽ അത്തരക്കാരുടെ ചെയ്തികളെ ഖുർആൻ തുറന്നുകാട്ടുന്നുണ്ട്:

*തങ്ങൾ ചെയ്തതിൽ സന്തോഷം കൊള്ളുകയും ചെയ്തിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ പ്രശംസിക്കപ്പെടാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ വിഭാഗത്തെപ്പറ്റി അവർ ശിക്ഷയിൽ നിന്ന് മുക്തമായ അവസ്ഥയിലാണെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്.* (3:188)

ഖുർആൻ മുന്നോട്ടുവെക്കുന്ന ദിവ്യതത്ത്വമനുസരിച്ച്, ഒരാൾ യാഥാർത്ഥ്യത്തോടുകൂടെ ചെയ്യുന്ന പ്രവർത്തനങ്ങളാണ് ശരി. പൊള്ളയായ വാക്കുകൾക്ക് ദൈവദൃഷ്ടിയിൽ യാതൊരു സ്ഥാനവുമില്ല. അത്തരം വാക്കുകൾ പുലമ്പുന്നവരെ ഖുർആൻ വിശേഷിപ്പിക്കുന്നത് ആത്മവഞ്ചകർ എന്നാണ്. ആത്മവഞ്ചകരെ ദൈവം ഒരിക്കലും അംഗീകരിക്കുകയില്ല.

ആര് സത്യത്തിനുവേണ്ടി യാതൊന്നും പ്രവർത്തിക്കാതെ സത്യത്തിനുവേണ്ടി വാദിക്കുന്നുവോ അവൻ വ്യാജനും കുറ്റവാളിയുമാണ്. അവൻ കീർത്തി സമ്പാദിക്കാനായി താൻ ഒരിക്കലും ചെയ്തിട്ടില്ലാത്ത കാര്യത്തെക്കുറിച്ച് വാദിക്കുന്നു. അത്തരക്കാർ ദൈവത്തിന്റെ ദുഷ്കീർത്തിക്കാണ് പാത്രമാവുക. അവർക്ക് കീർത്തി ലഭിക്കുകയുമില്ല.

എന്തുകൊണ്ടാണ് ചിലർ അങ്ങനെ സംസാരിക്കുന്നത്?

യഥാർത്ഥത്തിൽ അത്തരക്കാർ യാതൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, നല്ല വാക്കുകൾ സുന്ദരമായി പറയുകയും മനോഹരമായി ലേഖനങ്ങൾ എഴുതുകയും കേൾവ്വിക്കാരെ അല്ലെങ്കിൽ വായനക്കാരെ ആനന്ദിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. അത്തരക്കാരെ തങ്ങളുടെ കേൾവിക്കാരും വായനക്കാരും ചിലപ്പോൾ പുകഴ്ത്തിയെന്നും വരാം.

പക്ഷേ, അതുപോലുള്ള പുകഴ്ത്തലുകൾ ദൈവത്തിനുമുന്നിൽ വില പ്പോവില്ല.

സ്ത്രീപുരുഷന്മാരിൽ പെട്ട ചിലർ മറ്റുചിലരെ പൊള്ളയായ വാക്കുകൾ പറഞ്ഞ് വിഡ്ഢികളാക്കും. പക്ഷേ, എല്ലാം അറിയുന്ന ദൈവത്തെ അത്തരത്തിൽ വിഡ്ഢിയാക്കാൻ പറ്റില്ല. ഖുർആൻ പ്രകാരം അത് അധരവ്യായാമം മാത്രമാണ്. ഉദാഹരണത്തിന്, തെറ്റുചെയ്യുക എന്നിട്ട്, ക്ഷമിക്കണം എന്ന ഭംഗിവാക്ക് പറയുക, അല്ലെങ്കിൽ എന്തെങ്കിലും ഉപകാരം കൈപ്പറ്റിയതിന് ശേഷം, നന്ദിയെന്ന് പറയുക. അത്തരം പറച്ചിലുകൾ വ്യാജമാണ്.

തെറ്റുചെയ്തുപോയാൽ മനസ്സിൽ പശ്ചാത്താപം ഉണ്ടാകണം. നമുക്ക് അത്യാവശ്യ സഹായം ലഭിച്ചാൽ നമ്മൾ മനസ്സുകൊണ്ടും ആത്മാവുകൊണ്ടും കൃതജ്ഞത പ്രകടിപ്പിക്കണം. വാക്കുകൾ പ്രവർ ത്തികൾക്ക് പകരമാവില്ല.

സാമൂഹ്യ മര്യാദകളും സദാചാരവും തമ്മിൽ വലിയ അന്തരമുണ്ട്. സാമൂഹ്യ മര്യാദ ആത്മവഞ്ചനാപരമായ പ്രവർത്തനമല്ലാതെ മറ്റൊ ന്നുമല്ല. അതും യഥാർത്ഥ സദാചാരവും തമ്മിൽ വളരെ വ്യത്യാസമു ണ്ട്. സാമൂഹികമായ പെരുമാറ്റം സ്വാർത്ഥമാണ്. അത് ആത്മവഞ്ചന യാണ്. ധാർമ്മികവും നൈതികവുമായ സ്വഭാവ വിശേഷങ്ങളുടെ അടി സ്ഥാനത്തിലുള്ള യഥാർത്ഥ ധാർമ്മിക മൂല്യം തികച്ചും വ്യത്യസ്തമാണ്.

കാരുണ്യവാനായ ദൈവം സത്യസന്ധതയും ആത്മാർത്ഥതയുള്ള വർക്ക് മാത്രമേ നല്ല പ്രതിഫലം നല്കുകയുള്ളൂ. അത്തരക്കാർ മറ്റു ള്ളവരുടെ അഭ്യുദയകാംക്ഷികളും, അവർക്കുവേണ്ടി സത്യസന്ധത യോടും ആത്മാർത്ഥയയോടും കൂടി കാപട്യലേശമന്യേ പ്രവർത്തി ക്കുന്നവരും ആയിരിക്കണം. വില കുറഞ്ഞ അംഗീകാരത്തിനുവേണ്ടി ഒരിക്കലും ശ്രമിക്കരുത്.

27

# വിജയത്തിന്റെ നിദാനം

പ്രവാചകന്റെ കാലത്ത് നടന്ന രണ്ട് യുദ്ധങ്ങളാണ് ബദ്ർ (എ.ഡി 624), ഉഹ്ദ് (എ.ഡി 625) എന്നിവ. ബദ്ർ യുദ്ധത്തിൽ പ്രവാചകനും അനുയായികളും വിജയിച്ചു. ഉഹ്ദ് യുദ്ധത്തിൽ അവർക്ക് ശത്രുക്കളുടെ മുൻപിൽ കീഴടങ്ങേണ്ടിയും വന്നു. നിരാശരായ അനുയായികൾ പ്രവാചകനോട് ചോദിച്ചു: 'നമ്മൾ സത്യത്തിന്റെ പാത സ്വീകരിച്ച് യുദ്ധം ചെയ്തു. എന്നിട്ടും, സത്യനിഷേധം ജീവിത വ്രതമാക്കിയ ശത്രുസൈന്യത്തോട് തോൽക്കേണ്ടിവന്നു. അതിനെന്താണ് കാരണം?'

ആ സന്ദർഭത്തിലാണ് കാരുണ്യവാനായ ദൈവം ഈ ഖുർആൻ വചനങ്ങൾ ഇറക്കിയത്:

*നിങ്ങൾ ദൗർബ്ബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതന്മാർ.*

*നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റുന്നുവെങ്കിൽ (മുൻപ്) അക്കൂട്ടർക്കും അതുപോലെ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ) ദിവസങ്ങളിലെ ജയാപജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും, നിങ്ങളിൽ നിന്ന് രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല.* (3: 139-140)

ഇവിടെ സാർവ്വത്രികമായൊരു പ്രകൃതി നിയമം ഖുർആൻ നമുക്ക് പറഞ്ഞുതരികയാണ്. അതുപ്രകാരം, വിജയം ഒരാളുടെയോ ഒരു വിഭാഗത്തിന്റെയോ കുത്തകയല്ല. പ്രകൃതി നിയമപ്രകാരം ഓരോ മനുഷ്യനും ജയാപജയങ്ങൾ അനുഭവിക്കാൻ ബാധ്യസ്ഥനാണ്. ഒരു വേള ജയമാണെങ്കിൽ മറ്റൊരു വേള പരാജയമായിരിക്കും അനുഭവിക്കേണ്ടിവരിക.

വിജയം വരിക്കുമ്പോൾ സന്തോഷിക്കുക പതിവാണ്. അതുപോലെ തന്നെയാണ് പരാജയം അനുഭവിക്കേണ്ടിവരുമ്പോഴുണ്ടാകുന്ന നിരാശ. ജയപരാജയങ്ങളുടെ ചാഞ്ചാട്ടം അയഥാർത്ഥമാണ്. അത്തരം സന്ദർഭങ്ങളെ ഒരേ കാഴ്ചപ്പാടോടുകൂടി വേണം അഭിമുഖീകരിക്കേണ്ടത്. രണ്ട് സന്ദർഭങ്ങളും ഒരു സാധാരണ സംഭവമെന്നോണം പരിഗണിക്കുകയും വേണം.

അടുക്കും ചിട്ടയുമില്ലാത്ത ഒന്നല്ല പ്രകൃതി നിയമം. ഏതൊരാളും സ്വായത്തമാക്കേണ്ട ഒരു നിയമമാണത്. എപ്പോഴെല്ലാം വിജയം കൈവരുന്നുവോ അപ്പോഴെല്ലാം നമ്മൾ ദൈവത്തോട് കൃതജ്ഞത പ്രകടിപ്പിക്കണം. അതുപോലെ പരാജയം സംഭവിക്കുകയാണെങ്കിൽ അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും വേണം. സാഹചര്യത്തെ വിലയിരുത്തിയതിന് ശേഷം അതിന് യോജിച്ച പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

ആ ഇരട്ട സംഭവങ്ങൾ ഒരാൾക്കായാലും ഒരുകൂട്ടം ആൾക്കായാലും ഒരേപോലെയാണ്. പ്രകൃതിയുടെ ആ നിയമത്തെക്കുറിച്ച് ബോധ്യമില്ലെങ്കിൽ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളാൻ കഴിയാതെ നമ്മൾ പരാജയപ്പെടും. എന്നാൽ, ആ വസ്തുതയെക്കുറിച്ച് ബോധ്യമുള്ളവർ തീർച്ചയായും രണ്ടുതരം അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളുകയും സമ്മർദ്ദങ്ങളില്ലാതെ, ദുർവ്വിചാരങ്ങൾ തീണ്ടാതെ യഥാർത്ഥ ജീവിതം നയിക്കുകയും വേണം.

ജീവിതത്തിലെ ഉയർച്ച താഴ്ചകൾ ഓരോരുത്തരുടെയും ജീവിത കാഴ്ചപ്പാടിന്റെ വിഷയമാണ്. അത്തരം ജീവിതാനുഭവഭങ്ങളുടെ പ്രായോഗികതയെക്കുറിച്ച് മനസ്സിലാക്കുക. ജീവിതത്തിൽ നേരിടേണ്ടിവരുന്ന അത്തരം അനുഭവങ്ങൾ നമുക്ക് നന്മയായി ഭവിക്കും.

## 28

# സ്വയം പഴിക്കാതിരിക്കുക

പ്രവാചകനും അനുയായികളും രണ്ടുതവണയാണ് പരാജയം അനുഭവിച്ചറിഞ്ഞത്. ഒന്ന് ഉഹ്ദുയുദ്ധത്തിലും മറ്റേത് ഹുനൈൻ യുദ്ധത്തിലും. അതിൽ ഉഹ്ദുയുദ്ധത്തിൽ പൂർണ്ണ പരാജയവും ഹുനൈൻ യുദ്ധത്തിൽ ഭാഗിക പരാജയവുമായിരുന്നു.

ആ രണ്ട് യുദ്ധത്തിലും എതിരാളികൾ അമുസ്‌ലിംകളും പോരാളികൾ മുസ്‌ലിംകളും ആയിരുന്നു. അതുപോലെ രണ്ട് സംഭവങ്ങളിലും മുസ്‌ലിംകൾ നിർദ്ദോഷികളും എതിരാളികൾ കുറ്റവാളികളുമായിരുന്നു. നീതിയും അനീതിയും തമ്മിലുള്ള പോരാട്ടങ്ങളായിരുന്നു രണ്ടും. എന്നാൽ ഖുർആനിൽ ആ രണ്ട് സംഭവങ്ങളും പരാമർശിക്കുന്നത് എതിരാളികൾക്ക് പ്രതികൂലമായിട്ടല്ല; മറിച്ച്, മുസ്‌ലിംകളുടെ ബലഹീനതകളെ എടുത്തുകാട്ടി അവരെ ഉപദേശിക്കാനാണ്. ഉഹദുയുദ്ധത്തിൽ മുസ്‌ലിംകളുടെ ഭാഗത്ത് സംഭവിച്ച അനൈക്യത്തെ ഖുർആൻ ചൂണ്ടിക്കാണിക്കുന്നു:

*അല്ലാഹുവിന്റെ അനുമതിപ്രകാരം നിങ്ങളവരെ കൊന്നൊടുക്കിയപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും കാര്യനിർവ്വഹണത്തിൽ അന്യോന്യം പിണങ്ങുകയും നിങ്ങൾ ഇഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ചുതന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ നിങ്ങൾക്കെതിരായത്). നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്ന് നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ചുകളഞ്ഞു. എന്നാൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു.* (3: 152).

തെല്ല് അഹങ്കാരത്തോടെയാണ് മുസ്‌ലിംകൾ ഹുനൈൻ യുദ്ധത്തിൽ പങ്കെടുത്തത്. ഖുർആൻ അത് ചൂണ്ടിക്കാണിക്കുന്നത് ഇപ്രകാരമാണ്:

*തീർച്ചയായും ധാരാളം (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനൈൻ (യുദ്ധ) ദിവസത്തിലും (സഹായിച്ചു). അതായത് നിങ്ങളുടെ എണ്ണപ്പെരുപ്പം നിങ്ങളെ ആഹ്ലാദം കൊള്ളിക്കുകയും എന്നാൽ അത് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കാതിരിക്കുകയും ഭൂമി വിശാലമായിട്ടും നിങ്ങൾക്ക് ഇടുങ്ങിയതാവുകയും അനന്തരം നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്ത സന്ദർഭം.* (9:25)

ഖുർആനിക പരിപ്രേക്ഷ്യത്തിലുള്ള പരാമർശമാണത്. ഖുർആനിക അധ്യാപനം അനുസരിച്ച് അനഭിലഷണീയമായ ഒരനുഭവം ഇതരരിൽ നിന്നോ മറ്റോ നേരിടേണ്ടി വരുമ്പോൾ അതിനോട് പ്രതിഷേധിക്കാൻ തുനിയരുത്. നമുക്കവരോടുള്ള പരാതി രേഖപ്പെടുത്താം. അതിനേക്കാളുപരി മറ്റുള്ളവർക്ക് നമ്മെ മറികടക്കാൻ സഹായിച്ച നമ്മുടെ സ്വന്തം ബലഹീനതകളും പോരായ്മകളും മനസ്സിലാക്കാൻ ശ്രമിക്കുക. ദൈവത്തിന്റെ സൃഷ്ടിപദ്ധതിയനുസരിച്ച് നമ്മുടെ ലോകം വെല്ലുവിളികളുടെയും മാത്സര്യങ്ങളുടെയും ഇടമാണ്. ഇഹലോക വിജയം ഒരാളുടെയോ സമൂഹത്തിന്റെയോ കുത്തകയല്ല. മറ്റുള്ളവരോട് ആവലാതിപ്പെടുന്നതുകൊണ്ടോ പ്രതിഷേധിക്കുന്നതുകൊണ്ടോ പ്രയോജനമില്ല. നമ്മൾ നമ്മുടെ ബലഹീനതകൾ കണ്ടെത്താൻ ആത്മ പരിശോധന നടത്തുക. അതിനുശേഷം നമ്മളുടെ പദ്ധതികൾ പുനഃരാവിഷ്കരിക്കുക. പ്രതികൂല സാഹചര്യങ്ങൾ തരണംചെയ്യാനുള്ള വിവേകപൂർണ്ണമായ മാർഗ്ഗം അതുമാത്രമാണ്. നമുക്ക് നഷ്ടപ്പെട്ടുപോയ ലക്ഷ്യബോധം സ്വയം തിരുത്തലിലൂടെ വീണ്ടെടുക്കാൻ ശ്രമിക്കുക.

## 29

# പ്രകോപനം അരുത്

പ്രവാചകന്റെ അനുയായികളിൽ ചിലർ അവിശ്വാസികളുടെ ദൈവത്തെ അധിക്ഷേപിച്ചു സംസാരിച്ചു. എതിർകക്ഷികൾ അതിനോട് പ്രതികരിച്ചു. ആ സന്ദർഭത്തിൽ കാരുണ്യവാനായ ദൈവം വളരെ പ്രാധാന്യമർഹിക്കുന്ന ഒരുപദേശം വിശ്വാസികൾക്കായി നല്കി. ഖുർആനിലെ, *അൻആം* എന്ന അധ്യായത്തിലെ ആ വചനം ഇപ്രകാരമാണ്:

*അല്ലാഹുവിനുപുറമെ അവർ വിളിച്ചുപ്രാർത്ഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും. അപ്രകാരം ഓരോ വിഭാഗത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയായി തോന്നിച്ചിരിക്കുന്നു. പിന്നീട് അവരുടെ രക്ഷിതാവിങ്കലേക്കാണ് അവരുടെ മടക്കം. അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റിയെല്ലാം അപ്പോൾ അവൻ അവരെ അറിയിക്കുന്നതാണ്. (6:108)*

മുസ്‌ലിംകളുടെ ദൈവത്തെയോ പ്രവാചകനെയോ മറ്റുള്ളവർ ആക്ഷേപിക്കരുതെന്ന് ദൈവം പറഞ്ഞില്ല. അതിനുപകരം മറ്റുള്ളവരുടെ ബിംബങ്ങളെ മോശമാക്കി അവതരിപ്പിക്കുന്നതിൽ നിന്ന് മുസ്‌ലിംകൾ വിട്ടുനിൽക്കണമെന്നാണ് ദൈവം ഉപദേശിച്ചത്. അത് അവരെ പ്രകോപിപ്പിക്കുക മാത്രമല്ല മുസ്‌ലിംകളുടെ ദൈവത്തെയും പ്രവാചകനെയും തിരിച്ച് ആക്ഷേപിക്കാൻ അത് ഇടവരുത്തുകയും ചെയ്യും.

ഈ വാക്യം ഒരുദാഹരണം കൂടെ നല്കുന്നുണ്ട്. മുസ്‌ലിംകൾ ഈ വിഷയത്തിൽ ഏകപക്ഷീയമായി നൈതിക മാനദണ്ഡം ഉയർത്തിപ്പിടിക്കേണ്ടതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, പ്രകോപനമാണ് എല്ലാ സംഘട്ടനങ്ങൾക്കും കാരണം. പ്രകോപനങ്ങളിൽ നിന്ന് ഒരാൾ മാറിനിൽക്കുകയാണെങ്കിൽ പ്രതികാരത്തിൽ നിന്ന് അയാൾ സ്വയം രക്ഷപ്രാപിക്കും.

മറ്റുള്ളവരുടെ നിഷേധാത്മക പ്രസ്താവനകൾ കൊണ്ട് നമ്മൾ ഉപദ്രവിക്കപ്പെടുകയാണെങ്കിൽ ഉപദ്രവിക്കരുതെന്ന് പറയാൻ നമുക്ക്

അധികാരമില്ല. കാരണം, പ്രശ്നം നമ്മുടേതാണ്, മറ്റുള്ളവരുടേതല്ല. ഖുർആനിക അധ്യാപനമനുസരിച്ച്, ഒരാൾ ക്ഷമ അവലംബിക്കുകയും എതിർ പാർട്ടിക്ക് തിരിച്ചടിക്കാനുള്ള അവസരം നല്കാതികരിക്കുകയും വേണം. ആ തത്ത്വത്തെ ആത്മസംരക്ഷണം എന്നുവിളിക്കാം. മറ്റുള്ളവരോട് ആവശ്യങ്ങൾ ഉന്നയിക്കാതിരിക്കുക. അതിലുപരി നമ്മുടെ സംഭാഷണത്തിലും പെരുമാറ്റത്തിലും നിയന്ത്രണം പാലിക്കുകയും ചെയ്യുക.

ഈ തത്ത്വം പ്രതിയോഗിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം എളുപ്പമാക്കും. മാത്രവുമല്ല, അതുവഴി നമ്മുടെ സമയവും ഊർജ്ജവും ലാഭിക്കാനും നമുക്ക് നിർമ്മാണാത്മക പ്രവർത്തിയിൽ വ്യാപൃതരാവാനും കഴിയും. ഈ തത്ത്വം നീചവിചാരങ്ങളിൽ നിന്ന് രക്ഷിക്കും. നീച വിചാരങ്ങൾ പലപ്പോഴും ഉപയോഗശൂന്യവും സമയം പാഴായിപ്പോകുന്നതുമായ പ്രവർത്തനങ്ങളിലേക്ക് നയിക്കും.

എന്നെ ഉപദ്രവിക്കല്ലേ എന്ന് മറ്റുള്ളവരോട് പറയുന്നത് നിരർത്ഥകമായ കാര്യമാണ്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ നിന്ന് മാറിനിൽക്കലാണ് ഉത്തമം. എങ്കിൽ പ്രശ്നം തൽക്ഷണം പരിഹരിക്കപ്പെടും. ആരെങ്കിലും ദൈവത്തെയോ പ്രവാചകനെയോ നിന്ദിക്കുകയോ അധിക്ഷേപിച്ച് സംസാരിക്കുകയോ ചെയ്യുന്നുവെങ്കിൽ ദൈവം അവരെ തീർച്ചയായും ശിക്ഷിച്ചുകൊള്ളും. മറ്റുള്ളവരുടെ സ്വഭാവത്തെ കുറ്റപ്പെടുത്തലും അവരോട് മൗനം ദീക്ഷിക്കണമെന്ന് ആജ്ഞാപിക്കലും വിശ്വാസികൾക്ക് യോജിക്കാത്ത ഭാഷ ഉപയോഗിക്കാൻ ആവശ്യപ്പെടലും ഒരു വിശ്വാസിയുടെ കർത്തവ്യമല്ല. എല്ലാവരും ദൈവത്തോടാണ് ബാധ്യതപ്പെട്ടിരിക്കുന്നത്. മനുഷ്യരുടെ ദുഷ് പ്രവർത്തികളെ കൈകാര്യം ചെയ്യാൻ ദൈവത്തിനറിയാം.

## 30

# വിവേചനം പാടില്ല

ലോകത്തെ എല്ലാ സമൂഹങ്ങളിലുമെന്നപോലെ അറബ് സമൂഹങ്ങ ൾക്കിടയിലും വർണ്ണവിവേചനവും ഭിന്നതകളും നിലവിലുണ്ടായിരുന്നു. സമൂഹത്തിലെ താണവിഭാഗങ്ങളോട് അവർ വിവേചനം കാണിച്ചിരു ന്നു. അത് അറബ് ജനതയിൽ മാത്രം കണ്ടിരുന്ന പ്രത്യേകതയായിരുന്നി ല്ല; അക്കാലത്തെ ഒരു സാർവ്വത്രിക പ്രതിഭാസമായിരുന്നു. ആ പശ്ചാ ത്തലത്തിലാണ് കാരുണ്യവാനായ ദൈവം ഖുർആനിലെ, ഹുജുറാത്ത് എന്ന അധ്യായത്തിൽ ഇങ്ങനെ വെളിപ്പെടുത്തിയത്:

*ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങ ളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മ നിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.* (49:13)

ഈ വചനപ്രകാരം ഖുർആൻ അനുശാസിക്കുന്നത് ആഗോള സാഹോദര്യമാണ്. അത് വെറും മുസ്ലിം സാഹോദര്യമല്ല. ഏതൊരു വിഷയത്തിലും സങ്കുചിത സമീപനത്തെക്കാൾ സാർവ്വത്രിക സമീപ നമാണ് ഖുർആൻ സ്വീകരിക്കുന്നത്. ഖുർആനിലെ മിക്ക വചനങ്ങ ളിലും അതിന്റെ വായനക്കാരെ ജനങ്ങളേ എന്നല്ലാതെ, വേർത്തിരി ച്ചൊരു സമൂഹത്തെയല്ല അഭിസംബോധന ചെയ്യുന്നത്.

വർണ്ണത്തിന്റെ വിഷയത്തിൽ മനുഷ്യർ തമ്മിൽ വിവേചനമുണ്ടെ ന്നത് ശരിയാണ്. ആ ഒരു വിവേചനം കൊണ്ട് വ്യക്തികൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ യാതൊരു വിധത്തിലുള്ള അധീശത്വമോ വിധേ യത്വമോ ഇല്ലതന്നെ. അത് പ്രകൃത്യാലുള്ള വ്യത്യാസങ്ങൾ മാത്രമാണ്. യാതൊരു പ്രയാസവും കൂടാതെ പരസ്പരം തിരിച്ചറിയുക എന്ന ഒരേയൊരു ലക്ഷ്യമാണ് അതിനുള്ളത്.

ഉദ്ധരിച്ച, ഖുർആനിക വചനപ്രകാരം ഒരു വ്യക്തിയുടെ അല്ലെ ങ്കിൽ സമൂഹത്തിന്റെ സദ്ഗുണത്തെ മാത്രമാണ് യോഗ്യതയായി പരി

ഗണിക്കുക. ജനങ്ങൾ തമ്മിലുള്ള വർഗീകരണത്തിന് അടിസ്ഥാനം അവരുടെ സദ്ഗുണങ്ങളിലുള്ള ഏറ്റക്കുറച്ചിലുകളാണ്.

സദ്ഗുണത്തെ അടിസ്ഥാനമാക്കിയുള്ള വർഗീകരണം വിവേചന പരമാണ്. ജനങ്ങളെ തരംതിരിക്കാനുതകുന്ന ഒരുത്തമ രീതിയാണത്. അത് പ്രേരണയുടെ ഉറവിടമായി വർത്തിക്കുന്നു; ആരോഗ്യകരമായ മത്സരത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നു. അത് സാമൂഹിക പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനം തിന്മയാണ്. സദ്ഗുണ യോഗ്യതയെ അടിസ്ഥാനമാക്കിയുള്ള വിവേചനം ജനങ്ങ ൾക്കിടയിൽ സ്നേഹബഹുമാനാദികളെ പ്രോത്സാഹിപ്പിക്കുന്നു. സമൂ ഹത്തിലെ ഓരോ അംഗത്തിനും തങ്ങളുടെ നീതി നിഷേധിക്കപ്പെടില്ലെ ന്ന് ഉറപ്പുനൽകുന്നു. അത് വികസനത്തിനും പുരോഗതിക്കും ഉതകുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും സമൂഹത്തിലെ ഓരോ അംഗത്തിനും സമൂഹത്തിനുതകുന്ന സംഭാവനകൾ നല്കാൻ അവസരം ഒരുക്കു കയും ചെയ്യുന്നു. വിവേചനം മനുഷ്യർക്കിടയിൽ ഛിദ്രത വളർത്തു ന്നു. എന്നാൽ, ഖുർആനിക തത്ത്വങ്ങൾ പിന്തുടരുന്നതിലൂടെ സമൂ ഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ഐക്യവും മൈത്രിയും ഉടലെടുക്കുന്നു. അത് പരസ്പര ബഹുമാനത്തിന്റെ ചൈതന്യം വർദ്ധി പ്പിക്കുന്നു.

ഖുർആനിന്റെയും ജൈവശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ എല്ലാ സ്ത്രീപുരുഷന്മാർക്കും ഒരു പിതാമഹനാണുള്ളത്. അതുകൊണ്ടു തന്നെ എല്ലാ സ്ത്രീപുരുഷന്മാരും രക്തബന്ധമുള്ള സഹോദരീ സഹോ ദരന്മാരാണ്. മനുഷ്യകുലം ഒരു ആഗോള കുടുംബമാണ്.

## 31

# ദുർവ്യയം പാടില്ല

തങ്ങൾ സമ്പാദിച്ചുവെച്ചത് തങ്ങൾക്ക് സ്വന്തമാണെന്നാണ് പലരുടെയും ധാരണ. മറ്റ് ബാഹ്യ നിയന്ത്രണങ്ങളൊന്നുമില്ലാതെ തങ്ങൾ സമ്പാദിച്ച ധനം തങ്ങൾക്കുതന്നെ വിനിയോഗിക്കാൻ കഴിയുമെന്നാണ് അക്കൂട്ടരുടെ വിചാരം. ആ പ്രവണത അന്നത്തെ അറബ് സമൂഹത്തിലും വ്യാപകമായിരുന്നു. ആ പശ്ചാത്തലത്തിലാണ്, *അഅ്റാഫ്* എന്ന ആധ്യായത്തിലെ ഈ മാർഗനിർദ്ദേശം പ്രസക്തമാകുന്നത്:

*ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാ വേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.* (7:31)

നമ്മൾ സമ്പാദിച്ച ധനം എങ്ങനെയെങ്കിലും ചെലവഴിക്കുക എന്നതല്ല, അതിൽ മറ്റുചില വശങ്ങൾ കൂടെ പരിഗണിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, നമ്മുടെ പണമുപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണമോ പാനീയമോ ആണ് നമ്മൾ കഴിക്കുന്നതെങ്കിൽ അത് നമ്മുടെ ആരോഗ്യത്തെ സാരമായി ബാധിക്കും. അത് നമ്മുടെ ജീവിത ശൈലിയേയും മോശമായി സ്വാധീനിക്കും.

ധനത്തിന് രണ്ട് വശങ്ങളുണ്ട്. നല്ലതും ചീത്തയുമാണവ. നല്ലതിനു വേണ്ടി ചെലവാക്കൽ ശരിയും ചീത്തക്കുവേണ്ടിയുള്ളത് തെറ്റുമാണ്.

മനസ്സിന്റെ സ്വാസ്ഥ്യം നഷ്ടപ്പെടുത്തുന്നതിന്റെ ഉറവിടം ധനമാണ്. ഖുർആനിൽ ഈ ഉറവിടത്തിന് ഇസ്റാഫ് എന്ന പദമാണ് ഉപയോഗിച്ചത്. ആ പദം അർത്ഥമാക്കുന്നത്, എല്ലാ പരിമിതികളെയും ലംഘിക്കുക എന്നതാണ്. പണത്തിന്റെ ഏതുതരം ദുരുപയോഗവും ഇസ്റാഫിൽ പെടും. ഒരാൾ ഇസ്റാഫിന് അടിപ്പെട്ടാൽ അവന്റെ എല്ലാ പ്രവർത്തനങ്ങളിലും അത് പ്രതിഫലിക്കും. ഭാവിയിൽ അത് നാശത്തിലേക്കുള്ളതാണെന്ന് തെളിയിക്കപ്പെടുകയും ചെയ്യും.

സമ്പാദിക്കുന്നവർക്ക് ധനം വലിയൊരു ആസ്തിയാണ്. നല്ലൊരു ജീവിതം നയിക്കാൻ അവർക്കത് ഉപകരിക്കും. തന്റെ ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കാൻ അത് സഹായകമാകും.

ധനത്തിന്റെ ശരിയായ വിനിയോഗവും തെറ്റായ വിനിയോഗവും തമ്മിലുള്ള അന്തരം തിരിച്ചറിയാതാകുമ്പോൾ അവൻ ആഗ്രഹങ്ങളുടെ അടിമയായി മാറുന്നു. അനാവശ്യ സാധനങ്ങൾ വാങ്ങിക്കൂട്ടാൻ പണം ചെലവഴിക്കുന്നതുകൊണ്ട് ജീവിതത്തിൽ യാതൊരു ഗുണവും ലഭിക്കാൻ പോകുന്നില്ല.

അക്കാരണത്താൽ എല്ലാ സ്ത്രീ പുരുഷന്മാരും സാധനങ്ങൾ വാങ്ങിക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെ കണിശമായ ഒരു തെരഞ്ഞെടുപ്പ് ആവശ്യമാണ്.

ഷോപ്പിംഗിനുവേണ്ടി നമ്മൾ ഒരു കച്ചവട കേന്ദ്രത്തിലെത്തുമ്പോൾ അവിടെ കാണുന്ന സാധനങ്ങളൊക്കെ വാങ്ങിക്കൂട്ടാതെ അത്യാവശ്യമുള്ളതാണോ വാങ്ങിക്കാൻ പോകുന്നത് എന്ന് ഉറപ്പുവരുത്തണം. ധന നഷ്ടത്തിന്റെ മൂലഹേതു ആധുനിക കച്ചവടരീതിയും ഉപഭോഗ പരതയുമാണ്.

ഉപകാരപ്രദമായ പ്രതിഫലം ലഭിക്കുന്ന വിധത്തിലാവണം നമ്മൾ നമ്മുടെ പണം ചെലവഴിക്കേണ്ടത്. പ്രതിഫലമായി യാതൊന്നും ലഭിക്കാത്ത ധനച്ചെലവ് തികഞ്ഞ നഷ്ടമാണ്. പണം ചെലവഴിക്കൽ വിത്ത് വിതയ്ക്കുന്നതുപോലെയാണ്. വിത്ത് നല്ല വിളവാണ് നല്കുന്നതെങ്കിൽ വിത മൂല്യമുള്ളതാണ്. അല്ലാത്തപക്ഷം വിതയ്ക്കാതിരിക്കലാണ് ഉചിതം. ധനവിനിയോഗത്തിന്റെ കാര്യത്തിലും അതാണ് സത്യം.

## 32

# പൈതൃകം നിലനിർത്തുക

മനുഷ്യവർഗത്തിന്റെ പ്രാരംഭകാലത്ത് ആദം ഹവ്വമാരുടെ മക്കളായ ആബീലും ഖാബീലുമാണ് മനുഷ്യതലമുറ സ്ഥാപിച്ചത്. മതിയായ കാരണങ്ങളില്ലാതെ മൂത്ത സഹോദരനായ ഖാബീൽ ഇളയ സഹോദരനായ ആബീലുമായി വഴക്കടിക്കുകയും ആബീലിനെ വകവരുത്തുകയും ചെയ്തു. അത് ഗുരുതരമായൊരു കുറ്റകൃത്യമായിരുന്നു. അതിനുശേഷം ദൈവം തന്റെ മാർഗോപദേശം അക്കാലത്തെ പ്രവാചകന് ഓതിക്കൊടുത്തു. ആ ദിവ്യ മാർഗനിർദ്ദേശം ഖുർആനിൽ ചേർത്തിട്ടുണ്ട്:

*അക്കാരണത്താൽ ഇസ്രാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നല്കുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്രാഈല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനുശേഷം അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.* (5:32)

ഒരു മനുഷ്യനെ വധിക്കുന്നത് മനുഷ്യവർഗത്തെ മുഴുവൻ വധിക്കുന്നതുപോലെയാണെന്നും ഒരാൾക്ക് ജീവൻ നല്കുന്നത് സർവ്വ മനുഷ്യർക്കും ജീവൻ നല്കുന്നതുപോലെയാണെന്നും ദൈവം പറഞ്ഞത് എന്തുകൊണ്ടായിരിക്കണം?

പാരമ്പര്യത്തിന്റെ പ്രാധാന്യം അടിവരയിടുന്ന ചോദ്യമാണത്. ഒരു ചെറിയ പാരമ്പര്യമുണ്ടാക്കാൻ നിരവധി ചരിത്രങ്ങൾ ആവശ്യമുണ്ട് എന്ന് പറയുന്നതുപോലെ, സമൂഹത്തിന് ഗുണകരമായൊരു പാരമ്പര്യം നിലനിന്നുപോരണമെങ്കിൽ ആ പാരമ്പര്യം നിരവധി മുൻഗാമികളിലൂടെ നേടിയെടുത്തതായിരിക്കണം. അതല്ല, സമൂഹത്തിന് ഹിതകരമല്ലാത്ത ഒരു പാരമ്പര്യമാണ് നിലനിൽക്കുന്നതെങ്കിൽ അതിനെ ഇല്ലാ

താക്കി ആരോഗ്യകരമായ ഒരു പാരമ്പര്യമാക്കി മാറ്റിയെടുക്കുന്നതിന് ഒരു നീണ്ട പ്രക്രിയതന്നെ വേണ്ടിവരും.

സമൂഹം നിയമങ്ങളെയല്ല പാരമ്പര്യത്തെയാണ് പിന്തുടരുക. നിയമങ്ങൾക്ക് സാമൂഹ്യ പരിഷ്കരണത്തിൽ പരിമിതമായ പങ്കേ നിർവ്വഹിക്കാനുള്ളൂ. കുടുംബത്തിന്റെ കാര്യത്തിലും അതുതന്നെയാണ് ശരി. ഇരുവരും പാരമ്പര്യത്തെക്കുറിച്ച് കണിശത പാലിക്കാറുണ്ടെങ്കിലും ഏതെങ്കിലും നിയമങ്ങളെക്കുറിച്ച് കണിശത പാലിക്കാറില്ല. അതിനാൽ ഒരാൾ സമൂഹത്തിന്റെ കാര്യത്തിലും കുടുംബത്തിന്റെ കാര്യത്തിലും പാരമ്പര്യത്തെക്കുറിച്ച് വളരെ കരുതലുള്ളവനായിരിക്കണം.

സ്വാതന്ത്ര്യത്തെക്കുറിച്ച് ഇപ്പോൾ നാം വളർത്തിയെടുത്ത സങ്കല്പം നമ്മുടെ ജാഗ്രതക്കുറവിനുള്ള ഉദാഹരണമാണ്. ഇന്നത്തെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അത് പരമപ്രധാനം അല്ലെങ്കിൽ ഏറ്റവും മികച്ചത് എന്നതാണ്. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഈ ആധുനിക ആശയം സഹസ്രാബ്ദങ്ങളായി ഓരോ സമൂഹവും കൊണ്ടുനടക്കുന്ന പാരമ്പര്യത്തെ തകർത്തുകളഞ്ഞിട്ടുണ്ട്. പുരാതന സമൂഹം മാനുഷിക കർത്തവ്യം എന്ന സങ്കല്പത്തിൽ ഊന്നിയുള്ളതായിരുന്നു. എന്നാൽ മാനുഷിക കർത്തവ്യം എന്ന ആ പഴയ സങ്കല്പത്തെ മനുഷ്യാവകാശം എന്ന ആധുനിക സ്വാതന്ത്ര്യസങ്കല്പം ഉന്മൂലനം ചെയ്തിരിക്കുന്നു. ഇപ്പോൾ നാം കാണുന്നത് ഓരോരുത്തരും തങ്ങളുടെ കർമ്മ ബോധത്തിൽ ഊന്നാതെ അവകാശ ബോധത്തിൽ ഊന്നുന്ന കാഴ്ചയാണ്. അതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിന്റെ സമസ്ത ഘടനയും തകിടം മറിഞ്ഞിരിക്കുകയാണ്.

അതുകൊണ്ടുതന്നെ സമൂഹത്തോടും കുടുംബത്തോടും ബന്ധപ്പെട്ടുകിടക്കുന്ന പാരമ്പര്യങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ നാം ശ്രദ്ധാലുക്കളായിരിക്കേണ്ടതുണ്ട്.

33

# കോപം നിയന്ത്രിക്കുക

സാമൂഹിക പ്രശ്നങ്ങൾ വിശുദ്ധ ഖുർആന്റെ സ്ഥായിയായ ഉത്കണ്ഠയാണ്. ഖുർആൻ വലിയ പരിഗണനയാണ് അത്തരം പ്രശ്നങ്ങൾക്ക് നല്കുന്നത്. അത്തരത്തിലുള്ള പ്രശ്നങ്ങളിലൊന്നാണ് കോപം. അത് എല്ലാ സമൂഹത്തിലും കാണുന്ന ഒരു പ്രതിഭാസമാണ്. എവിടെ രണ്ട് വ്യക്തികളുണ്ടോ അവിടെ പ്രകോപനങ്ങൾക്കും വിദ്വേഷങ്ങൾക്കും അവസരമുണ്ടാകും. ആ വിഷയത്തിൽ, *ആലുഇംറാൻ* എന്ന അധ്യായത്തിൽ ഖുർആൻ ഒരു ലഘുനിർദ്ദേശം നല്കുന്നുണ്ട്.

*(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പുനല്കുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സത്കർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു.* (13: 134)

ഉദ്ധരിച്ച ഖുർആൻ വചനത്തിൽ ഒരു യഥാർത്ഥ വിശ്വാസി കോപരഹിതനായിരിക്കുമെന്ന് പറയുന്നില്ല. എന്നാൽ അതിനുപകരം, ഒരു യഥാർത്ഥ വിശ്വാസി കോപത്തെ അടക്കിനിർത്തുന്നവനായിരിക്കും. അതുകൊണ്ട് യഥാർത്ഥ വിശ്വാസിയുടെ നിർവ്വചനം, കോപരഹിതൻ എന്നല്ല; മറിച്ച്, ഹൃദയത്തിൽ കോപാഗ്നി നീറിക്കത്തുമ്പോൾ അതിനെ പിടിച്ചുനിർത്താൻ മാത്രം ശക്തമായിരിക്കും അവന്റെ വിശ്വാസം എന്നാണ്.

കോപം ഒരു തിന്മയല്ല. അത് മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. മനുഷ്യപ്രകൃതിയുടെ ആരോഗ്യകരമായ അവസ്ഥയുടെ ഒരു ദൃഷ്യഭാവമാണത്. മനുഷ്യൻ സഹജാവബോധമുള്ള ഒരു സചേതന ജന്തുവാണ്. ആ സഹജാവബോധത്തിന്റെ ഫലമായി നല്ലതും ചീത്തയും തിരിച്ചറിയാൻ അവന് കഴിയണം. ആദർശശൂന്യമായ പെരുമാറ്റം അല്ലെങ്കിൽ അധാർമ്മിക പ്രവർത്തനങ്ങൾ കാണുമ്പോൾ അവൻ അസ്വസ്ഥനാകണം. അത്തരം സന്ദർഭങ്ങളിൽ രണ്ട് വഴികളുണ്ട്. ഒന്നുകിൽ മോശമായി പ്രതികരിക്കുക; അല്ലെങ്കിൽ, നല്ല നിലയിൽ പ്രതികരിക്കുക.

കോപം ഒരു ചീത്ത പ്രതിപ്രവർത്തനമാണ്. എന്നാൽ തത്സമയം നല്ല നിലയിൽ പ്രതികരിക്കാൻ കഴിവുള്ളവനാണ് ഒരു യാഥാർത്ഥ

വിശ്വാസി. വെറുപ്പിൽ നിന്നാണ് പ്രതികൂല പ്രതികരണമുണ്ടാകുന്നത്. അതേ സമയം സ്നേഹത്തിൽ നിന്നും അനുകമ്പയിൽ നിന്നും അനുകൂല പ്രതികരണങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് ഒരു യാഥാർത്ഥ വിശ്വാസി അത്തരം സാഹചര്യങ്ങളിൽ ആർദ്രത ഉള്ളവനാകണം, ചീത്ത സ്വഭാവം ദൂരീകരിക്കാൻ ശ്രമിക്കുകയും വേണം. ഖുർആൻ വചനം തരുന്ന സന്ദേശം ഇപ്രകാരമാണ്: വെറുപ്പുളവാക്കുന്ന രീതിയിൽ പ്രതികരിക്കരുത്, അനുകമ്പയോടെ പ്രതികരിക്കുക.

പ്രകോപനത്തിന്റെ പരിണിതിയാണ് കോപം. പ്രകോപനം എന്നത് ഒരാളുടെ ആത്മ നിയന്ത്രണശേഷി അളക്കാനുള്ള മാർഗമാണ്. പ്രകോപനം നിങ്ങളുടെ അക്ഷോഭ്യത പരീക്ഷിക്കാനുള്ളതാണ്. ഒരാൾക്ക് പ്രകോപനമുണ്ടാകുമ്പോൾ അയാൾക്ക് തന്റെ സമചിത്തത നിലനിർത്താനും എല്ലാ പ്രകോപനങ്ങൾക്കും മീതെ ഉയർന്നുനിൽക്കാൻ കഴിവുള്ള വ്യക്തിയാണെന്ന് തെളിയിക്കാനും സാധിക്കണം. നമ്മൾ എല്ലായ്പോഴും നമ്മുടെ ദുർവിചാരങ്ങളുടെ യജമാനനായിരിക്കണം. അത് ഏതൊരു സ്ത്രീപുരുഷന്റെയും അന്തസ്സ് ഉയർത്തിപ്പിടിക്കും.

34

# പ്രാർത്ഥനയോടെ തുടങ്ങുക

ഖുർആനിലെ പ്രഥമ സൂക്തമാണ് *ബിസ്മില്ലാഹി റഹ്മാനിർറഹീം*. ഖുർആനിൽ അത് 114 തവണ ആവർത്തിച്ചിട്ടുണ്ട്. ഈ പ്രയോഗത്തിന് വളരെ പ്രാധാന്യമുണ്ട്. അതിന്റെ പരിഭാഷ ഇങ്ങനെ വായിക്കാം: 'പരമ കാരുണികനും കാരുണ്യനിധിയുമായ ദൈവത്തിന്റെ നാമത്തിൽ.'

നമ്മുടെ ഏത് കർമ്മത്തിന്റെയും തുടക്കത്തിൽ ഈ വചനം ഉച്ചരിക്കണമെന്ന് ഇസ്‌ലാമിന്റെ പ്രവാചകൻ അരുളിയിരിക്കുന്നു. അതുകൊണ്ടുതന്നെ അതിനെ ആരംഭ വാക്യം എന്നുപറയാം. അത്തരത്തിലൊരു തുടക്കം വളരെ പ്രാധാന്യമർഹിക്കുന്നു. അത് വലിയൊരു പ്രതീക്ഷ നല്കുന്നു. ചൊല്ലിക്കഴിഞ്ഞാൽ ലോക പരിപാലകനായ ദൈവത്തിന്റെ പേരിലാണ് നമ്മൾ നമ്മുടെ ജോലി ആരംഭിച്ചതെന്ന് ആശ്വസിക്കാം. നമ്മൾ നേർവഴിയിലൂടെയാണ് പോകുന്നതെങ്കിൽ ദൈവത്തിന്റെ അനുഗ്രഹം എപ്പോഴും നമ്മളിലുണ്ടാകും.

ആ വിശ്വാസം മാനസിക സമ്മർദ്ദവും നിരാശയും ഇല്ലായ്മ ചെയ്യുകയും മനസ്സിന് കരുത്ത് പകർന്നുനല്കുകയും ചെയ്യും. അത് പരമമായ ചൈതന്യവും നല്കും. ഈ വചനം വെറുമൊരു അധരവ്യായാമമായി ചൊല്ലാനുള്ളതല്ല. അത് ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ചുള്ള നമ്മുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നു.

ആ വചനം ഉരുവിടുന്നതിലൂടെ നമുക്ക് ഉൾക്കരുത്ത് ലഭിക്കുകയും നമ്മുടെ വ്യക്തിത്വത്തിൽ നന്മ നിഴലിക്കുകയും ചെയ്യും. അത് നമ്മുടെ ജീവിത പദ്ധതിയെ ശരിയായ വിധത്തിൽ രൂപപ്പെടുത്താൻ സഹായിക്കുന്നു. നമ്മുടെ മനസ്സിലെ നീചവിചാരങ്ങളെ ഇല്ലാതാക്കുകയും നമ്മുടെ സർഗ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യും. *പരമ കാരുണ്യവാനായ ദൈവത്തിന്റെ നാമത്തിൽ* എന്ന് പറയുന്നതിലൂടെ പ്രപഞ്ചനാഥനുമായുള്ള നമ്മുടെ ബന്ധം സ്ഥാപിച്ചു തുടങ്ങുകയാണ്. ഈ ലോകത്ത് താൻ തനിച്ചല്ല എന്നൊരു ബോധം നമ്മളിലുണ്ടാവുന്നു, ദൈവം എല്ലായ്പോഴും നമ്മളോടൊപ്പമുണ്ട്. അതിലൂടെ, താൻ ഒറ്റപ്പെട്ടവനല്ലെന്നും ചുറ്റുപാടുകളുടെ അവിഭാജ്യ ഘടകമാണെന്നുമുള്ള ബോധം നമുക്ക് അനുഭവപ്പെടുന്നു.

*ബിസ്മില്ലാഹി റഹ്മാനിർറഹീം* എന്ന് ഉരുവിടൽ ഒരു അനുഷ്ഠാനമല്ല. നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായിരിക്കണം അത്. നമ്മൾ ആത്മാവിൽ ഉൾക്കൊണ്ടുകൊണ്ടുള്ള ഉരുവിടലായിരിക്കണം അത്. അത്തരത്തിലുള്ള ഉരുവിടൽ ഒരുവശത്ത് പ്രപഞ്ച സ്രഷ്ടാവിനെ അംഗീകരിക്കലാണെങ്കിൽ മറുവശത്ത് ആത്മാർത്ഥതയുടെയും സത്യസന്ധതയുടെയും പാവനമായ ആവിഷ്കാരമായിരിക്കും.

*ദൈവനാമത്തിൽ ഞാൻ ആരംഭിക്കുന്നു* എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തന്റെ ജീവിതത്തിലും പ്രവർത്തിയിലും താൻ ദൈവത്തോട് സഹായം അർത്ഥിക്കുന്നു എന്നാണ്. ഈ വാക്കുകൾ ഉച്ചരിക്കുന്നതിലൂടെ നമ്മുടെ ആത്മാവിനെ പരിശുദ്ധപ്പെടുത്തുകയും എളിമയുടെ മാർഗത്തിലേക്ക് നമ്മുടെ മനസ്സിനെ പാകപ്പെടുത്തുകയും ചെയ്യുന്നു. അത് സ്രഷ്ടാവിന് സൃഷ്ടിയിൽ നിന്ന് ലഭിക്കുന്ന അംഗീകാരമാണ്. ബിസ്മില്ലാഹി... എന്ന് പറയുന്നത് ദൈവത്തിന്റെ ഉന്നതാധികാരത്തിനുള്ള അംഗീകാരമാണ്. അതായത് ദെവത്തിന്റെ സഹായമില്ലാതെ നമുക്ക് ഈ ലോകത്ത് യാതൊന്നും ചെയ്യാനാവില്ല.

ഖുർആനിലെ, ഖലം എന്ന അധ്യായത്തിൽ ബിസ്മിയെ ഉപേക്ഷിച്ച കൃഷിക്കാരുടെ കഥ പറയുന്നുണ്ട്. അത് ഇപ്രകാരമാണ്:

*ഈ തോട്ടക്കാരെ നാം പരീക്ഷിച്ചത് പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാതവേളയിൽ ഈ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം.*

*അവർ (യാതൊന്നും) ഒഴിവാക്കിപ്പറഞ്ഞിരുന്നില്ല. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷി താവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ഈ തോട്ടത്തെ ബാധിച്ചു. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടത് പോലെ ആയിത്തീർന്നു.* (68: 17-20)

ദൈവത്തിന്റെ സഹായമില്ലെങ്കിൽ ഒരാൾക്കും ഈ ലോകത്ത് യാതൊന്നും സാധ്യമല്ലെന്നാണ് വചനങ്ങൾ വ്യക്തമാക്കുന്നത്. ദൈവം ഈ പ്രപഞ്ചത്തിന്റെ നാഥനാണ്. *ബിസ്മില്ലാഹി...* എന്ന് ഒരാൾ പറയുമ്പോൾ അയാൾ ദൈവത്തോട് സഹായം അഭ്യർത്ഥിക്കുകയാണ്. അത് സർവ്വ ശക്തനായ ദൈവത്തോട് സമ്മതം തേടലിന് സമമാണ്. അതുകൊണ്ട് ദൈവത്തിന്റെ കഴിവുകളെ ഉൾക്കൊണ്ടുകൊണ്ടുള്ള ബിസ്മി ചൊല്ലൽ ഈ ലോകത്തെ ഏതൊരു കൃത്യത്തിന്റെയും വിജയം ഉറപ്പുവരുത്തുന്നു.

## 35

# മനസ്സമാധാനം

ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും മനസ്സുണ്ടെങ്കിലും മനസ്സ മാധാനം എന്നത് ഒരു ദുർല്ലഭ പ്രതിഭാസമാണ്. എല്ലാവരും മനസ്സമാ ധാനം ഇഷ്ടപ്പെടുന്നു. എന്നാൽ അത് നമ്മുടെ കൈപ്പിടിയിൽ നിന്ന് വളരെ അകലെയാണ്. ഒരുപക്ഷേ, മനുഷ്യൻ ഈ ലോകത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അതായിരിക്കാം. എന്താണ് അതിനൊരു പ്രതിവിധി?

ഖുർആൻ അതിനൊരു പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. *റഅ്ദ്* (ഇടിനാദം) എന്ന അധ്യായത്തിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്:

*വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ്മകൊണ്ട് മനസ്സു കൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരാണവർ. ശ്രദ്ധിക്കുക; അല്ലാ ഹുവെപ്പറ്റിയുള്ള ഓർമ്മ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരു ന്നത്.* (13:28)

ദൈവത്തെ സ്മരിക്കുക എന്നതിന്റെ ഉദ്ദേശ്യം, സമാധാനത്തിനു വേണ്ടി ദൈവനാമം ഉച്ചരിക്കുക എന്നതല്ല; ദൈവത്തിന്റെ സൃഷ്ടിപദ്ധ തിയെക്കുറിച്ച് ബോധ്യപ്പെട്ട് അംഗീകരിക്കുന്നവർക്കാണ് സംതൃപ്തി ലഭിക്കുക എന്നതാണ്. ഈ പ്രപഞ്ചം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട താണ്. ഇവിടെ പ്രകൃതി നിയമങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്. സമാ ധാനപരമായി ഇവിടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർ ദൈവത്തിന്റെ സൃഷ്ടിപദ്ധതികളെക്കുറിച്ച് മനസ്സിലാക്കുകയും അവയിലടങ്ങിയിരിക്കു ന്ന പ്രകൃതി നിയമങ്ങൾക്കനുസരിച്ച് ജീവിക്കുകയും വേണം.

ദൈവികപദ്ധതി പ്രകാരം മനുഷ്യൻ പൂർണ്ണത ആഗ്രഹിക്കുന്ന ജീവിയാണ്. ജന്മംകൊണ്ട് ഓരോ മനുഷ്യനും പൂർണ്ണനാണ്. എന്നാൽ അവന്റെ ചുറ്റുമുള്ള ലോകത്തിന്മേൽ അവനുള്ള കഴിവ് പൂർണ്ണമല്ല. മനു ഷ്യമനസ്സിന്റെ കഴിവുകൾക്ക് പരിമിതികളില്ല. എന്നാൽ അവനുചുറ്റുമു ള്ള ലോകത്തിന്മേൽ അവന് പരിമിതികളുണ്ട്. അവ തമ്മിലുള്ള ഭിന്ന തകളാണ് പ്രശ്നങ്ങളുടെ ഹേതു. അന്വേഷകന്റെയും ഫലപ്രാപ്തിയു ടെയും ഇടയിലുള്ള ശൂന്യതയാണ് മാനസിക സമ്മർദ്ദത്തിന് കാരണം.

ദൈവിക സൃഷ്ടിപ്പിന്റെ ഗതിമാറ്റാൻ ആരാലും സാധ്യമല്ല. ഈ സാഹചര്യത്തിൽ നമ്മുടെ ആഗ്രഹത്തിനനുസരിച്ച് ലോകത്തെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് ചുറ്റുമുള്ള ലോകവുമായി സമരസപ്പെടാൻ ശ്രമിക്കലാണ്.

ഈ ലോകത്ത് എല്ലാ ആഗ്രഹങ്ങളും സാധിച്ചെടുക്കുക എന്നതാകരുത് ഒരാളുടെ ലക്ഷ്യം. നമ്മൾ ആഗ്രഹങ്ങളെ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് ആഗ്രഹങ്ങളെ നിയന്ത്രിക്കാനുള്ള വഴി പഠിക്കലാണ്. ഓരോ സ്ത്രീയും പുരുഷനും അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. അതായത്, അവർക്ക് ചുറ്റുമുള്ള ഭൗതിക ലോകം പരിമിതമാണെങ്കിലും അതിലെ ആശയങ്ങൾ അപരിമിതമാണ്. ഭൗതിക നേട്ടങ്ങളുടെ അടിസ്ഥാനത്തിലാകരുത് ജീവിതലക്ഷ്യം വിലയിരുത്തേണ്ടത്. മറിച്ച്, ബൗദ്ധിക നേട്ടങ്ങളുടെ അടിസ്ഥാനത്തിലാവണം. ബൗദ്ധിക ലോകം എന്നത് വളരെ വിശാലമാണ്. ബൗദ്ധിക പ്രവർത്തനങ്ങൾക്ക് അന്ത്യമില്ല. ബൗദ്ധിക യാത്ര സ്ഥലത്തിനും സമയത്തിനും അതീതമാണ്. എന്നാൽ ഭൗതിക പ്രവർത്തനങ്ങൾക്ക് അവിടേക്കൊന്നും എത്തിപ്പെടാനാവില്ല. നിലവിലുള്ള സാഹചര്യം ദൈവത്തിന്റെ അനുഗ്രഹമാണ്. ഭൗതിക വിഭവങ്ങളുടെ കാര്യത്തിൽ സംതൃപ്തിത്വം സ്വീകരിക്കുക എന്നതാണ് ദൈവത്തിന്റെ തീരുമാനം. എന്നാൽ ബൗദ്ധിക നേട്ടങ്ങളെ സംബന്ധിച്ചിടത്തോളം അതിന് യാതൊരു പരിധിയുമില്ല. എല്ലാ സ്ത്രീ പുരുഷന്മാരും അത്തരം നേട്ടങ്ങൾ കൈവരിക്കണമെന്നാണ് ദൈവഹിതം. അത് ബൗദ്ധിക നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമാണ്, അല്ലാതെ ഭൗതിക നേട്ടങ്ങളുടെ കാര്യത്തിലല്ല.

അറ്റ്ലാന്റിക്ക് സമുദ്രം കടന്ന് പടിഞ്ഞാറോട്ട് സഞ്ചരിച്ച് ആഫ്രിക്കൻ തീരത്തുകൂടെ നമ്മൾ യാത്ര തുടരുമ്പോൾ അമേരിക്കൻ തീരത്ത് എത്തിച്ചേരും. പക്ഷേ, നമുക്ക് പ്രപഞ്ചത്തിന്റെ പരിധിയില്ലാത്ത നിയമങ്ങൾ കണ്ടെത്താൻ അതുപോലെ സാധിക്കില്ല. അത് വളരെ പ്രയാസവുമാണ്. വസ്തുതകളുടെ ലോകം അനന്തമാണ്. അതിൽ നമ്മുടെ യാത്ര അനന്തമായി തുടരാം.

നമ്മൾ മനസ്സമാധാനമാണ് ആഗ്രഹിക്കുന്നതെങ്കിൽ 'എളിയ ജീവിതം, വലിയ ചിന്ത' എന്ന തത്ത്വം സ്വീകരിക്കുക.

## 36

# ദൗത്യവും പ്രവർത്തനവും

ദൈവത്തിൽ നിന്നുള്ള ഗ്രന്ഥം ജനങ്ങളുടെ മാർഗ നിർദ്ദേശത്തിന് വേണ്ടിയുള്ളതാണ്. ജനങ്ങൾ മനസ്സാ വാചാ അതിനെ പിന്തുടരു മ്പോൾ ദൈവാനുഗ്രഹം ലഭിക്കാനുള്ള മാർഗങ്ങൾ അവർക്കതിൽ നിന്ന് ലഭിക്കുന്നു. എന്നാൽ കാലക്രമേണെ ആ ഗ്രന്ഥം ഒരു മത സമൂഹത്തി ന്റേത് മാത്രമായി മാറി. പിന്നീടതിൽ വാണിജ്യാംശംകൂടെ കയറിക്കൂടി.

ആദ്യകാലങ്ങളിലെ മാർഗനിർദ്ദേശഗ്രന്ഥമായ അത് പിന്നീടുള്ള കാലങ്ങളിൽ ഭൗതിക താത്പര്യങ്ങൾക്ക് വേണ്ടിയുള്ളതായിമാറി. ജനങ്ങൾ അതിനെ ഒരു അഭിമാന ഹേതുവാക്കി, വിപണിയിലെ വില്പനച്ചരക്കുപോലെ, മറ്റുള്ളവരുടെ ആദരവ് പിടിച്ചുപറ്റാനുള്ള ഒരു ഉപകരണം എന്നപോലെ.

ദിവ്യ ഗ്രന്ഥത്തെ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലേക്ക് തിരിച്ചു കൊണ്ടുവരിക എന്നത് ഒരു ദൗത്യമായി മാറി. അതായത് ദിവ്യ ഗ്രന്ഥ ത്തോട് യാതൊരു ഭൗതിക പരിഗണനയോ കച്ചവട താത്പര്യങ്ങളോ വെച്ചുപുലർത്തരുത്. നമ്മൾ ദൈവത്തിനുവേണ്ടിയാവണം ആ ഗ്രന്ഥ വുമായി ബന്ധപ്പെടേണ്ടത്, മറ്റൊന്നിനും വേണ്ടി ആകരുത്. ദിവ്യഗ്രന്ഥ വുമായുള്ള അത്തരത്തിലുള്ള ഇടപെടലുകളാണ് നമ്മുടെ ദൗത്യം. അതുവഴി നമുക്ക് ലഭിക്കുക കാരുണ്യവാനായ ദൈവത്തിൽ നിന്നുള്ള വലിയ അംഗീകാരമായിരിക്കും.

നമ്മുടെ സ്വന്തം താത്പര്യങ്ങളാണ് നമ്മുടെ അജണ്ടയെങ്കിൽ ഖുർആൻ എന്താണ് ആവശ്യപ്പെടുന്നതെന്ന് നമുക്ക് മനസ്സിലായിട്ടി ല്ല. ആ ദിവ്യ ഗ്രന്ഥത്തിന്റെ പേരിൽ നമുക്ക് തോന്നുംപോലെ, നമ്മുടെ മനസ്സിനിണങ്ങുന്ന വിധത്തിൽ നമ്മൾ പ്രവർത്തിക്കുകയാണ് ചെയ്യു ന്നത്. അത് ദിവ്യ ഗ്രന്ഥത്തെ വാണിജ്യവത്കരിക്കുന്നതിന് തുല്യമാണ്. മാർഗനിർദ്ദേശത്തിന്റെ സ്രോതായി പരിഗണിക്കാതെ ഒരു കച്ചവടച്ചര ക്കാക്കി മാറ്റുന്നതിന് തുല്യമാണത്.

ഇസ്രാഈൽ സന്തതികളെ ഉദ്ദേശിച്ചുകൊണ്ട് ഖുർആനിലെ രണ്ടാ മത്തെ അധ്യായമായ ആലു ഇംറാനിൽ ദൈവിക ഗ്രന്ഥത്തെ രണ്ടാമ ത്തെ തരത്തിൽ, അതായത് വാണിജ്യാവശ്യാർത്ഥമുള്ള ഉപയോഗത്തെ

ക്കുറിച്ച് പരാമർശമുണ്ട്. ആ പരാമർശം മുസ്‌ലിം സമുദായക്കാർക്കും ബാധകമാണ്. അതിന്റെ പരിഭാഷ ഇപ്രകാരമാണ്:

*വേദഗ്രന്ഥം നല്കപ്പെട്ടവരോട്, നിങ്ങളത് ജനങ്ങൾക്ക് വിവരിച്ചു കൊടുക്കണമെന്നും, നിങ്ങളത് മറച്ചുവെക്കരുതെന്നും അല്ലാഹു കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക). എന്നിട്ട് അവരത് (വേദഗ്രന്ഥം) പിന്നിലേക്ക് വലിച്ചെറിയുകയും, തുച്ഛമായ വിലക്ക് അത് വിറ്റുകളയുകയുമാണ് ചെയ്തത്. അവർ പകരം വാങ്ങിയത് വളരെ ചീത്ത തന്നെ.*

*തങ്ങൾ ചെയ്തതിൽ സന്തോഷം കൊള്ളുകയും ചെയ്തിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ പ്രശംസിക്കപ്പെടാൻ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആ വിഭാഗത്തെപ്പറ്റി അവർ ശിക്ഷയിൽ നിന്ന് മുക്തമായ അവസ്ഥയിലാണെന്ന് നീ വിചാരിക്കരുത്. അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്.* (3: 187, 188)

മേലുദ്ധരിച്ച ഖുർആനിക വചനം സൂചിപ്പിക്കുന്നത്, വിശുദ്ധ ഖുർആനെ ജീവിത കർത്തവ്യമാക്കാതെ ഒരു പ്രകടനം മാത്രമായി സ്വീകരിച്ച സമുദായത്തെക്കുറിച്ചാണ്. സാമ്പത്തിക ലാഭത്തിന് പുറമെ ജനപ്രീതി, പ്രാമാണ്യത, പ്രതിച്ഛായ വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കു വേണ്ടി ഖുർആനെ ഉപയോഗപ്പെടുത്തുന്നവരെക്കുറിച്ചാണ്.

യഥാർത്ഥ ജീവിത കർത്തവ്യമാക്കാതെ വെറുമൊരു പ്രകടനം മാത്രമായി വിശുദ്ധ ഖുർആനെ സമീപിക്കുന്ന രീതി ദൈവം ഒരിക്കലും പൊറുക്കില്ല. ആ രീതി, ചെയ്യാത്ത ഒരു കാര്യത്തിന്മേൽ മേന്മയെടുക്കുന്നതുപോലെയാണ്. ഖുർആനെ പൂർണ്ണമായും ഉപേക്ഷിക്കുന്നതിനേക്കാൾ ഒട്ടും മെച്ചമല്ല അതിനെ വെറുമൊരു പ്രകടനമായി സ്വീകരിക്കുന്നത്.

37

# മൗനത്തിന്റെ പ്രാധാന്യം

നിശ്ശബ്ദതയാണ് ഖുർആൻ ഊന്നൽ നല്കുന്ന മൂല്യങ്ങളിലൊന്ന്. നിശ്ശബ്ദതയ്ക്ക് വേണ്ടിയുള്ള നിശ്ശബ്ദതയല്ല അത്. ധ്യാനമാണ് ഖുർആൻ ഉദ്ദേശിക്കുന്ന നിശ്ശബ്ദത. കൂടുതൽ അറിവ് വർദ്ധിപ്പിക്കാനും കൂടുതൽ മനസ്സിലാക്കാനും വേണ്ടിയുള്ള നിശ്ശബ്ദതയാണത്. ഖുർആനിലെ, *അഅ്റാഫ്* എന്ന അധ്യായത്തിൽ ഒരു വചനമുണ്ട്. അതിന്റെ തർജ്ജമ ഇങ്ങനെ:

*ഖുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.* (7: 204)

ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ നമ്മൾ നിശ്ശബ്ദരായിരുന്ന് ശ്രദ്ധിച്ച് കേൾക്കണമെന്ന് ആ വചനം ആഹ്വാനം ചെയ്യുന്നു. അതിൽ ഒരു പൊതു നന്മ അടങ്ങിയിട്ടുണ്ട്. അതായത്, നമ്മൾ വായിക്കുകയോ, വായിക്കുന്നത് കേൾക്കുകയോ നിരീക്ഷിക്കുകയോ ചെയ്യുമ്പോൾ പൂർണ്ണമായ നിശ്ശബ്ദത പാലിക്കുകയും കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം. ശ്രദ്ധ മുഴുവനും അതിൽത്തന്നെ കേന്ദ്രീകരിക്കണം. പഠിക്കുന്നതിന്റെ ഉള്ളടക്കം മനസ്സിനുള്ളിൽ പ്രവേശിക്കാൻ അത്തരത്തിലുള്ള ശീലം വളരെ അത്യാവശ്യമാണ്.

ഖുർആൻ ചിന്താശേഷി വർദ്ധിപ്പിക്കുന്നു. ആന്തരികാർത്ഥം ഉൾക്കൊണ്ടുകൊണ്ട് വസ്തുനിഷ്ഠമായി വിശകലനം ചെയ്യാൻ ഉതകുന്ന ഒരു മനസ്സിനെ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. അവ യഥാവിധി നടപ്പിലാക്കുന്നതിന് നിശ്ശബ്ദത പാലിക്കാൻ പരിശീലിക്കേണ്ടതുണ്ട്.

ഇങ്ങനെയൊരു ചൊല്ലുണ്ട്: 'ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ശ്രദ്ധിക്കുന്നില്ല. ഞാൻ ശ്രദ്ധിക്കാത്തപ്പോൾ ഞാൻ ഒന്നും മനസ്സിലാക്കുന്നുമില്ല.' അതേ ആശയം തന്നെയാണ് ഉദ്ധരിച്ച ഖുർആനിക സൂക്തം സൂചിപ്പിക്കുന്നത്.

പ്രസംഗത്തിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കലല്ല നിശ്ശബ്ദത. അത് അതിലും ഉപരിയാണ്. അതിരുകളില്ലാത്ത മനുഷ്യ മനസ്സിന്റെ ശേഷി എപ്പോൾ അവൻ സംസാരിക്കുന്നത് നിർത്തുന്നുവോ അപ്പോൾ പ്രവർ

ത്തിക്കാൻ തുടങ്ങുന്നു. മനസ്സെന്നത് ഒരു സൂപ്പർ കമ്പ്യൂട്ടറാണ്. ജനന സമയത്ത് അത് സ്വിച്ച് ഓൺ ആകുന്നു. പിന്നീടത് തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അത് ഒരിക്കലും സ്വിച്ച് ഓഫ് ആകുന്നില്ല. ചിന്ത എന്നത് മനസ്സിന്റെ തുടർ പ്രക്രിയയാണ്. മനുഷ്യമനസ്സിനെ സംബന്ധിച്ച് വിശ്രമം എന്ന വാക്ക് മനുഷ്യ നിഘണ്ടുവിലില്ല.

എന്താണ് ചിന്ത? ചിന്ത എന്നാൽ പ്രതിഫലിപ്പിക്കലാണ്, പരിഗണിക്കലാണ്, സജീവമാക്കലാണ്. നമ്മുടെ ബൗദ്ധിക ശക്തിയെ സജീവമാക്കി ഉപയോഗപ്പെടുത്തലാണ്. ഒരാളുടെ ബുദ്ധിപരമായ കഴിവിനെ ഉപയോഗപ്പെടുത്തി അർത്ഥപൂർണ്ണമായ നിഗമനങ്ങളിൽ എത്തിക്കാൻ അയാളെ പ്രാപ്തനാക്കലാണ്. മനസ്സെന്നത് മനുഷ്യ ശരീരത്തിലെ മുഖ്യമായ ഒരു ഭാഗവും, ചിന്തിക്കുക എന്നത് അതിന്റെ പ്രധാന പ്രവർത്തനവുമാണ്.

ചിന്താശേഷിയുള്ള ജീവിയാണ് മനുഷ്യൻ. മനുഷ്യനിലെ പ്രധാനപ്പെട്ട ഒരു പ്രക്രിയയാണ് ചിന്ത. ചിന്തയുടെ ഫലമായുണ്ടായതാണ് മഹത്തായ കണ്ടുപിടുത്തങ്ങളിൽ പലതും.

എന്നാൽ ചിന്ത എന്നത് മനസ്സിന്റെ വല്ലപ്പോഴുമുള്ള ഒരു പ്രക്രിയയല്ല. അത് ഒരു തുടർ പ്രക്രിയയാണ്. അത് പകലിൽ മാത്രമല്ല, രാത്രിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഉറക്കത്തിൽ അത് സുബോധമനസ്സിൽ നിന്ന് ഉപബോധമനസ്സിലേക്ക് മാറുന്നുവെന്ന് മാത്രം.

ആ പശ്ചാത്തലത്തിൽ നിശ്ശബ്ദതയെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാം. മനുഷ്യമനസ്സിന്റെ സ്വഭാവ പ്രകാരം ഒരാൾ സംസാരിക്കാൻ തുടങ്ങുന്നതോടുകൂടെ അയാളുടെ ചിന്തകൾ നിന്നുപോകുന്നു. അയാൾ നിശ്ശബ്ദനാകുന്നതോടുകൂടെ അയാളുടെ മനസ്സിന് ചിന്തിച്ചുകൊണ്ടിരിക്കാനുള്ള അനുവാദം ലഭിക്കുന്നു. റോഡിലെ സ്പീഡ് ബ്രേക്കർ, കടന്നുപോകുന്ന വാഹനങ്ങളുടെ വേഗത കുറക്കുന്നതുപോലെ മനുഷ്യന്റെ സംസാരം മനുഷ്യ മനസ്സിന്റെ അന്യൂനമായ ചിന്താധാരയെ ദുർബലമാക്കുന്നു. നിശ്ശബ്ദത ഒരു നല്ല ശീലമാണ്. കാര്യങ്ങളെ കൂടുതൽക്കൂടുതൽ മനസ്സിലാക്കാൻ അത് നമ്മെ സഹായിക്കുന്നു. അത് നമ്മുടെ വ്യക്തിത്വത്തിന് ഭംഗം വരുത്താതെ വികസിച്ചുകൊണ്ടേയിരിക്കും.

38

# ശരിയായ സംസാരം

പൊതുവെ ജനങ്ങൾ ഏറെ സംസാരിക്കുകയും കുറച്ച് ചിന്തിക്കു കയും ചെയ്യുന്നവരാണ്. ഖുർആൻ ആ ദുശ്ശീലത്തെ വിമർശിക്കുന്നു. ഖുർആനിലെ, *നിസാഅ്* എന്ന അധ്യായത്തിൽ പ്രസ്താവിക്കുന്നു:

*അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയു മില്ല. വല്ല ദാന ധർമ്മവും ചെയ്യാനോ, സദാചാരം കൈക്കൊള്ളാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കല്പിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. വല്ലവനും അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊ ണ്ട് അപ്രകാരം ചെയ്യുന്നപക്ഷം അവന് നാം മഹത്തായ പ്രതിഫലം നല്കുന്നതാണ്.* (4: 114)

ഉദ്ധരിച്ച ഖുർആനിക വചനം രഹസ്യവും പരസ്യവുമായ സംസാര ത്തിന്റെ ഗുണനിലവാര തോത് നിർണ്ണയിക്കുന്നു. അതായത് അത്തരം സംസാരങ്ങളുടെ ഉദ്ദേശ്യശുദ്ധിയുടെയും പ്രയോജനത്തിന്റെയും തോത്. ഒരാൾ പറയുന്ന കാര്യം ആത്മാർത്ഥതയോടെയുള്ളതും അറിയാവുന്ന കാര്യങ്ങൾ ശരിയായി വിശകലനം ചെയ്തശേഷം മാത്രം പറയുന്നതുമായിരിക്കണം. ഒരാളുടെ നല്ല മനസ്സിൽ നിന്നായി രിക്കണം അയാൾ പറയുന്ന കാര്യത്തിന്റെ ഉത്ഭവം. സംസാരിക്കാൻ വേണ്ടി വെറുതെ എന്തെങ്കിലും സംസാരിക്കുന്നതിന് ഒരാൾ വഴങ്ങ രുത്. ഉദ്ധരിച്ച ഖുർആനിക വചനപ്രകാരം ഒരാൾ അനാവശ്യവർത്ത മാനങ്ങൾ വർജ്ജിക്കണം.

നല്ല സംസാരം എന്താണെന്ന് ചോദിച്ചേക്കാം. ഒരാളുടെ സംസാ രത്തിലെ ഏതുതരം ഉള്ളടക്കത്തെയാണ് നാം ഉപയോഗപ്രദം എന്ന് പരിഗണിക്കുക? ഖുർആനിക മാനദണ്ഡമനുസരിച്ച് സാമൂഹിക സംവാ ദങ്ങൾ മൂന്ന് തത്ത്വങ്ങളിൽ അധിഷ്ഠിതമാണ്. അവയെ ഇപ്രകാരം വിവരിക്കാം:

1. പരോപകാരം അഥവാ ആത്മാർത്ഥമായി പരസ്പരം സഹായി ക്കാൻ വേണ്ടിയുള്ള സംസാരം.

2. ദയാവായ്പ് അഥവാ മറ്റുള്ളവരുടെ നന്മ കാംക്ഷിച്ചുകൊണ്ടു ള്ള സംസാരം.

3. അനുരഞ്ജനം അഥവാ ജനങ്ങളിൽ മൈത്രീഭാവം ഉളവാക്കു ന്ന സംസാരം.

ഇവയാണ് ഒരാളുടെ സദ്ചിന്തകളിൽ നിന്ന് പുറത്തുവരുന്ന സംസാരത്തെ പ്രതിനിധാനം ചെയ്യുന്നത്. അപ്രകാരമായിരിക്കും യുക്തിയുക്തമായ പ്രയോഗങ്ങളിലൂടെ ഒരാളുടെ നാവിൻതുമ്പിൽ നിന്ന് പുറപ്പെടുന്ന സംസാരം. അത്തരത്തിലുള്ള സംസാരമായിരിക്കും പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും ഉപകാരപ്പെടുക. ഒരു പ്രഭാ ഷകനെ സംബന്ധിച്ചിടത്തോളം അയാൾ ഉദ്ദേശിക്കേണ്ടത് അയാളിലെ നന്മയും ആത്മാർത്ഥതയും മറ്റുള്ളവരിലേക്ക് എത്തിക്കലാണ്. അത് കേൾവിക്കാരന് ഫലപ്രദമാവണം.

മനുഷ്യശരീരത്തിലെ ഒരു പ്രധാന അവയവമാണ് നാക്ക്. അത് ഇരുതല മൂർച്ചയുള്ള വാളുപോലെയാണ്. അതിന് നന്മയുടെയും തിന്മ യുടെയും ഗുണങ്ങളുണ്ട്. നാവിന്റെ ശരിയായ ഉപയോഗം സമൂഹ ത്തിൽ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കും. നാവിന്റെ തെറ്റായ ഉപയോഗം സാമൂഹ്യഘടനയെ അപ്പാടെ നശിപ്പിക്കും. നാവിന്റെ ശരിയായ ഉപയോഗം മനുഷ്യർക്കിടയിൽ സ്നേഹചൈതന്യം രൂപപ്പെടു ത്തുമ്പോൾ അതിന്റെ തെറ്റായ ഉപയോഗം സമൂഹത്തിൽ വിദ്വേഷവും അസഹിഷ്ണുതയും വളർത്തും.

മനുഷ്യന് ലഭിച്ച വലിയ ഒരു അനുഗ്രഹമാണ് നാക്ക്. മനുഷ്യനൊ ഴികെ മറ്റൊരു ജീവിക്കും സ്വായത്തമാക്കാൻ കഴിയാത്ത ഒരു സമ്പാദ്യ മാണ് 'മനുഷ്യ നാക്ക്.' അർത്ഥപൂർണ്ണമായ ഒരു പ്രസംഗം മനുഷ്യജീ വിതത്തിൽ അപൂർവ്വമായ ഒരു കാര്യമാണ്. രണ്ട് ഗോളങ്ങൾ തമ്മിലോ പുഴകൾ തമ്മിലോ മൃഗങ്ങൾ തമ്മിലോ പർവ്വതങ്ങൾ തമ്മിലോ സംവാ ദങ്ങൾ നടക്കാറില്ല. അനന്യമായ ആ ത്രാണി മനുഷ്യർക്ക് മാത്രമായി ലഭിച്ച സിദ്ധിയാണ്.

എന്നാൽ, അതുല്യമായ ആ അനുഗ്രഹത്തെ ഉപയോഗക്രമപ്ര കാരം രണ്ടുരീതികളിൽ വിശദീകരിക്കാനാവും, ആരോഗ്യകരമായ ഉപയോഗവും അനാരോഗ്യകരമായ ഉപയോഗവും. ആരോഗ്യകരമായ രീതിയിൽ നാവിനെ ഉപയോഗിക്കുന്ന ആൾക്ക് ഇരട്ടി പ്രതിഫലമാണ് ലഭിക്കുക. ആ വ്യക്തിയുടെ വ്യക്തിത്വത്തെ വികസിപ്പിക്കാൻ അത് സഹായിക്കുന്നു. സ്രഷ്ടാവിൽ നിന്ന് അയാൾക്ക് കൂടുതൽ അനുഗ്രഹ ങ്ങൾ ലഭിക്കുന്നു. ദുർവ്വിചാരങ്ങളുടെ ഫലമായുണ്ടാകുന്ന പരുഷമായ പ്രകടനത്തേക്കാൾ സദ്വിചാരങ്ങളുടെ ഫലമായുണ്ടാകുന്ന ക്രിയാ ത്മക പ്രകടനമാക്കി സംസാരത്തെ മാറ്റുക.

## 39

# സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സ്

ജീവിതത്തോടുള്ള മനുഷ്യന്റെ കാഴ്ചപ്പാടുകളാണ് ജീവിതത്തിന് വ്യത്യസ്ത നിറങ്ങൾ നല്കുന്നതെന്ന് ഖുർആനിലെ, *ഫജർ* (പ്രഭാതം) എന്ന അധ്യായത്തിൽ കാണാം. സാഹചര്യങ്ങളോട് പ്രതികൂലമായാണ് പ്രതികരിക്കുന്നതെങ്കിൽ അയാൾ ജീവിതത്തിൽ പരാജയപ്പെടും. അതേസമയം, സാഹചര്യങ്ങളോട് അനുകൂലമായി പ്രതികരിക്കുന്നവർ ജീവിതത്തിൽ വിജയിക്കുകയും ചെയ്യും. ഈ വസ്തുത ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നു:

*ഹേ, സമാധാനമടഞ്ഞ മനസ്സേ,*

*നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക.*

*എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.* (89: 27-30)

ഈ വചന പ്രകാരം മനുഷ്യൻ സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സ് ലഭിക്കാനാണ് പരിശ്രമിക്കേണ്ടത്. അതിനുവേണ്ട പദ്ധതികൾ അവൻ പിന്തുടരണം.

അതായത്, നല്ലതും ചീത്തയുമായ സാഹചര്യങ്ങളിൽ നല്ലതിനെ സ്വീകരിക്കുകയും പ്രതികൂല സാഹചര്യങ്ങളിൽ ദുർവ്വികാരങ്ങൾ പ്രകടിപ്പിക്കാതിരിക്കുകയും, അനുകൂല സാഹചര്യങ്ങളിൽ ധിക്കാരിയും അഹങ്കാരിയും ആയിത്തീരാതിരിക്കുകയും ദൈവത്തിന്റെ സൃഷ്ടി പദ്ധതിയെ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുന്നവനായിരിക്കും സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സിന്റെ ഉടമ. അത്തരത്തിലുള്ള ആളുകൾ ഏത് സാഹസര്യങ്ങളിലും സമതുലിത നിലപാടുള്ളവനായിരിക്കും. അവർ ഏതുതരം പരീക്ഷണങ്ങളിലും തല ഉയർത്തിപ്പിടിച്ച് നിൽക്കാൻ കഴിവുള്ളവരായിരിക്കും.

നമ്മുടെ ലോകം വ്യത്യസ്തതകളുടെയും പ്രതികൂല സാഹചര്യങ്ങളുടെയും പ്രകോപനങ്ങളുടെയും ആയതിനാൽ എല്ലായ്പോഴും നമുക്ക്

പ്രതിസന്ധികളും അനിഷ്ടകരങ്ങളായ മാനസികാവസ്ഥകളും നേരിടേണ്ടതായിവരുന്നു. സാഹചര്യങ്ങളുടെ ആ നൈരന്തര്യം പ്രകൃതിയുടെ ഭാഗമാണ്. ആർക്കുംതന്നെ അതിൽ നിന്ന് സ്വതന്ത്രമാകാൻ കഴിയാത്തതിനാൽ പ്രശ്നങ്ങളിൽ നിന്ന് മുക്തമായൊരു ലോകം സൃഷ്ടിക്കുക പ്രയാസകരമായിരിക്കും. ലോകസാഹചര്യങ്ങളെ അംഗീകരിക്കുകയല്ലാതെ വേറെ വഴികളില്ല.

മനുഷ്യൻ ശാന്തമായി പ്രതിസന്ധികളെ നേരിടേണ്ടതുണ്ട്. പ്രതിസന്ധികളെ ഒരു വെല്ലുവിളിയായെടുക്കുകയും അവയെ നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ ശ്രമിക്കുകയും വേണം. ഏത് പ്രതികൂല സാഹചര്യങ്ങളിലും നല്ല പ്രതികരണങ്ങൾ പ്രകടിപ്പിക്കണം. അത്തരം ആൾക്കാർക്കാണ് സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനുണ്ടാവുക.

സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സെന്നാൽ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെ അംഗീകരിക്കലാണ്. അതിന് പകരമായി ദൈവം അവരെ അംഗീകരിക്കുകയും സ്വർഗം നല്കി ആദരിക്കുകയും ചെയ്യും. സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സുള്ളവർ എന്നതിന് സങ്കീർണ്ണതകൾ ഇല്ലാത്ത മനസ്സിനുടമകൾ എന്നർത്ഥമില്ല. മറിച്ച്, അവർ ഏതുതരം പ്രതിസന്ധികളെയും നേരിടാൻ കഴിവുള്ള മനസ്സിനുടമപ്പെട്ടവർ എന്നാണർത്ഥം. അത്തരക്കാർ വിഷമകരങ്ങളായ കാര്യങ്ങളെ ഒഴിവാക്കുന്നതിന് പകരം അവയെ നിയന്ത്രിക്കാനുള്ള ശേഷി കൈവരിക്കുന്നവരായിരിക്കും.

അസന്തുലിതത്വത്തെ കൈകാര്യം ചെയ്യൽ അനാവശ്യ സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതുപോലെയല്ല. നമുക്ക് ചുറ്റും പ്രതികൂലമായ പല ഘടകങ്ങളുമുണ്ട്. അവയെല്ലാം നിയന്ത്രിക്കാനുള്ള കഴിവ് ഒരാളുടെ ശരിയായ മാനസികാവസ്ഥയെ ദ്യോതിപ്പിക്കുന്നു. അത് സാധ്യമാവുക മനസ്സിന്റെ ആന്തരിക വ്യായാമത്തിലൂടെയാണ്. മനസ്സിന്റെ ആന്തരിക വ്യായാമത്തിലൂടെ എല്ലാ ബാഹ്യഘടകങ്ങളെയും നിയന്ത്രിക്കാൻ സാധിക്കുന്നു.

അത് അർത്ഥമാക്കുന്നത് നാം നേരിടുന്ന ഏതൊരു പ്രശ്നത്തിലും നന്മയുണ്ടെന്നാണ്. പ്രതികൂല സാഹചര്യങ്ങളെ നിയന്ത്രിക്കാൻ പാകത്തിലുള്ള മനസ്സിനെ വളർത്തിയെടുക്കുകയാണെങ്കിൽ നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നമ്മുടെ മാനസിക വളർച്ചയ്ക്ക് വേണ്ട പോഷകമായിരിക്കും.

സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സിന്റെ നേർവിപരീതമാണ് പക്ഷപാത ചിന്തകളുടെ മനസ്സ്. പക്ഷപാതപരമായ ചിന്തകളെ അകറ്റി

നിർത്തുന്നതിലൂടെ ഒരാൾക്ക് സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സിനുടമയായാകാൻ പറ്റും. സങ്കീർണ്ണതകളിൽ നിന്ന് മുക്തമായ മനസ്സിന് ഖുർആനിക രീതിശാസ്ത്രത്തിൽ ഉന്നത സ്ഥാനമാണുള്ളത്. ആ ഉന്നതസ്ഥാനം കരസ്ഥമാക്കാനുള്ള വഴി, എന്തുവിലകൊടുത്തും മനസ്സിനെ നന്മയിൽ നിലനിർത്താൻ ശ്രമിക്കുക എന്നതാണ്.

40

# സ്വീകരണത്തിന്റെ സംസ്കാരം

ക്ഷമയുടെയും സഹിഷ്ണതയുടെയും പ്രാധാന്യം ഊന്നിപ്പറയുന്ന നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. ക്ഷമാലുക്കൾക്കാണ് ഏറ്റവും വലിയ പ്രതിഫലം എന്ന ഖുർആൻ വചനം അതിലൊന്നാണ്. ഖുർആൻ പാരായണംചെയ്തുകൊണ്ടിരിക്കുന്ന ഒരാൾക്ക് അതിലെ ഓരോ കല്പനയും പ്രത്യക്ഷമായി അല്ലെങ്കിൽ പരോക്ഷമായി മേൽ പറഞ്ഞ സ്വഭാവത്തെ ദ്യോതിപ്പിക്കുന്നതാണെന്ന് കാണാൻ കഴിയും.

എന്തുകൊണ്ടാണ് ക്ഷമയ്ക്കും സഹിഷ്ണതയ്ക്കും ഖുർആൻ ഇത്രയധികം പ്രാധാന്യം നൽകുന്നത്? ഈ രണ്ട് ഗുണങ്ങൾ നിഷ്ക്രിയത്വത്തിൽ നിന്ന് ഉണ്ടായിവന്നതല്ല. അതിനുപിന്നിൽ വലിയ ഒരു ജ്ഞാനമുണ്ട്. അത് അപരനെ അംഗീകരിക്കുന്നതിനുള്ള ഒരു പരിശീലനമാണ്.

റോഡിൽ യാത്ര ചെയ്യുമ്പോൾ ട്രാഫിക്ക് നിയമങ്ങൾ പാലിക്കണം. ട്രാഫിക്ക് നിയമങ്ങൾ ഒരു പാരസ്പര്യമാണ്. അതായത്, നാം നമ്മുടെ പാത പിന്തുടരുന്നു. അവർ അവരുടേതും. അങ്ങനെ രണ്ട് പാതകൾ പരസ്പരം ഇട നല്കുന്നു.

നമ്മുടെ സാമൂഹികജീവിതത്തിൽ അതിന് വലിയ പ്രസക്തിയുണ്ട്. സാമൂഹ്യ ജീവിതം എന്നത് ഒരു ജനക്കൂട്ടത്തിനുള്ളിലെ ജീവിതമാണ്. നമ്മൾ മുന്നോട്ടുപോകാൻ ആഗ്രഹിക്കുമ്പോൾ മറ്റുള്ളവർ നമ്മൾക്ക് വഴിയൊരുക്കണം. ഈ തത്ത്വത്തിലാണ് വിജയകരമായ സാമൂഹ്യ ജീവിതം നിലകൊള്ളുന്നത്. ആ തത്ത്വത്തെ സ്വീകരണത്തിന്റെ സംസ്കാരമെന്നോ, അംഗീകരിക്കലിന്റെ പരിശീലനമെന്നോ വിളിക്കാം.

അംഗീകരിക്കലിന്റെ സംസ്കാരം അഥവാ പരിശീലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരസ്പരമുള്ള നീക്കുപോക്കിന്റെ സംസ്കാരം അഥവാ വൈജാത്യങ്ങളെ സമാധാനപരമായി കൈകാര്യംചെയ്യാനുള്ള പരിശീലനം എന്നാണ്. അവ പരസ്പരം സദൃശങ്ങളാണ്. സ്വീകാര്യമായതിനെ സ്വീകരിക്കുക വഴി നമ്മൾ മറ്റുള്ളവരെ ആദരിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ തടസ്സപ്പെടുത്താതെ നമ്മൾ നമ്മുടെ ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങുകയാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീക്കും പുരുഷനും സ്വാതന്ത്ര്യവും നല്കി. സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കിടയിൽ വ്യത്യാസങ്ങളില്ല. ആയതുകൊണ്ട് ഓരോരുത്തരും തങ്ങളുടെ സ്വാതന്ത്ര്യം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ചിലപ്പോൾ അത് വ്യത്യസ്ത ഗ്രൂപ്പുകൾ തമ്മിലുള്ള സംഘർഷത്തിന് ഇടയാക്കിയേക്കാം. മേൽ വിവരിച്ച ശിക്ഷണത്തിലൂടെ, അതായത് പരസ്പരം അംഗീകരിക്കുന്ന സംസ്കാരത്തിലൂടെ സമൂഹത്തിന്റെ സുഗമമായ പ്രയാണത്തിന് വേണ്ട ദിശാബോധം ലഭിക്കുന്നു.

സ്വീകരണം എന്നാൽ വെറും യോജിപ്പാക്കലല്ല, അതിൽ വിവേകത്തിന്റെ അംശവുമുണ്ട്. പരസ്പരം അംഗീകരിക്കുക എന്ന സംസ്കാരം വളർത്തുന്നതിലൂടെ നാം നമ്മുടെ വ്യക്തിത്വത്തിലേക്ക് നല്ല മൂല്യങ്ങൾ കൂട്ടിച്ചേർക്കുകയാണ്. ഉദാഹരണത്തിന്, നല്ല ചിന്ത, പരസ്പരമുള്ള ആദരവ്, അഭിമാനസംരക്ഷണം, പക്വതയാർന്ന വ്യക്തിയെന്ന നിലയിൽ മറ്റുള്ളവരെ സ്വാധീനിക്കൽ തുടങ്ങിയ ഗുണങ്ങളിലൂടെ മറ്റുള്ളവർ നമ്മെ ഉയർന്ന ചിന്താഗതിയുള്ള ഒരാളായി പരിഗണിക്കുന്നു. അതിലൂടെ നമ്മൾ സമ്മർദ്ദമില്ലാത്തവനും വിദ്വേഷമില്ലാത്തവനും അസഹിഷ്ണുത ഇല്ലാത്തവനും ദുർവിചാരങ്ങളിൽ നിന്ന് മുക്തനായവനും ആയി ജനങ്ങൾക്ക് അനുഭവപ്പെടുന്നു.

അംഗീകരണം അഥവാ സ്വീകരണം എന്നത് ആത്മീയതയിലൂടെയും വിചാരങ്ങളിലൂടെയും വളർത്തിയെടുക്കുന്ന നൈപുണ്യമാണ്. മറ്റുള്ളവരെ അംഗീകരിക്കുമ്പോൾ നാം അസ്വസ്ഥതയിൽ നിന്ന് സ്വയം സംരക്ഷിക്കപ്പെടുകയാണ്. മറ്റുള്ളവരെ അംഗീകരിക്കുമ്പോൾ അവരിലൂടെ നമ്മൾക്കായി അവസരങ്ങൾ തുറന്നുകിട്ടുന്നു. നാം മറ്റുള്ളവരെ അംഗീകരിക്കുമ്പോൾ സമാനമായത് അവരും ചെയ്യണമെന്ന നിശ്ശബ്ദ അഭ്യർത്ഥന അതിൽ അടങ്ങിയിട്ടുണ്ട്.

മറ്റുള്ളവരെ അംഗീകരിക്കാനുള്ള കഴിവ് സംസ്കാരവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ആ തത്ത്വം പിന്തുടരുന്നില്ലെങ്കിൽ ഈ ജീവിതം സുഖകരമാവില്ല.

41

# ആത്മീയ പങ്കാളികൾ

വിവാഹത്തിന് ഖുർആൻ വലിയ പ്രാധാന്യമാണ് നല്കുന്നത്. ഏതൊരു സമൂഹത്തിന്റെയും പ്രഥമ ഘടകം വീടാണ്. സർവ്വ ശ്രേഷ്ഠാനുഭവങ്ങളുടെയും ആദ്യത്തെ ഉറവിടം വീടാണ്. വീട് നന്നായാൽ സമൂഹം താനേ നല്ല സമൂഹമായി വളർന്നുവരും.

വിവാഹപരിപാവനതയെ സ്പർശിക്കുന്ന അനേകം സൂക്തങ്ങൾ ഖുർആനിലുണ്ട്. *റൂം* (റോം) എന്ന അധ്യായത്തിൽ അതുമായി ബന്ധപ്പെട്ട ഒരു പരാമർശമുണ്ട്.

*നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്.* (30:21)

ഈ സൂക്തത്തിൽ പ്രകൃതി നിയമത്തിന്റെ പ്രാധാന്യം ഖുർആൻ വെളിപ്പെടുത്തുന്നു. അതായത്, സ്ത്രീ പുരുഷന്മാർ പരസ്പരപൂരകങ്ങളാണെന്ന തത്ത്വം. പ്രവാചക വചനമനുസരിച്ച് ഒരു ഏകകത്തിന്റെ സമ പാതികളാണ് സ്ത്രീ പുരുഷന്മാർ. ഇണകൾ എന്ന നിലയിൽ സ്ത്രീ പുരുഷന്മാർക്ക് മനുഷ്യജീവിത ലക്ഷ്യം സഫലമാക്കാൻ സാധിക്കും.

ആ നിലയ്ക്ക് സ്ത്രീ പുരുഷന്മാർ പരസ്പരം ആത്മീയ ജോടികളാണ്. പരസ്പര സ്നേഹവും വാത്സല്യവുമാണ് അവരെ ഇണക്കുന്ന ശക്തികൾ. ജീവിതപങ്കാളികളായി ആരംഭിക്കുന്ന അവരുടെ ജീവിതം ഉന്നത നിലവാരം പുലർത്താൻ അവരെ പ്രാപ്തരാക്കുന്നു. അവരുടെ ദൈനംദിന കൂടിയാലോചനകളിലൂടെ ആത്മീയാനുഭവങ്ങൾ പങ്കുവെക്കാനും അവർക്ക് സാധിക്കുന്നു. അങ്ങനെ ആത്മീയ അടിത്തറയിലൂന്നിയ ജീവിതം കെട്ടിപ്പടുക്കാൻ അവർക്ക് സാധിക്കുന്നു. അവർ രണ്ടുപേരും സംയുക്തമായി ജീവിത പാഠങ്ങൾ പഠിക്കാൻ സമയം കണ്ടെത്തുന്നു. അവർക്കൊരുമിച്ച് ആത്മീയ ലോകത്തിന്റെ വിശാലമായ മേഖലകൾ കണ്ടെത്താൻ സാധിക്കുന്നു.

സ്ത്രീപുരുഷന്മാർ പരസ്പരപങ്കാളികളായാണ് ജനിക്കുന്നത്. ഈ പ്രകൃതി പങ്കാളികൾക്ക് ആത്മീയതയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ വ്യക്തിത്വങ്ങൾ പരിപോഷിപ്പിക്കാനുള്ള കഴിവുകളുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും കൂട്ടായ്മയിലൂടെ തങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ആത്മീയതയുടെ നിക്ഷേപം പുറത്തുകൊണ്ടുവരാനുള്ള അവസരങ്ങൾ ലഭിക്കുന്നു. സ്ത്രീപുരുഷന്മാർ ചക്രപ്പല്ലുകൾ പോലെയാണ്. ഒരു പല്ലുകൊണ്ട് മാത്രം ചക്രം കറങ്ങില്ല. ജീവിതചക്രം രണ്ടുപേരുടെയും സംയുക്തമായ കൂട്ടായ്മയിലൂടെ സുഗമമായി മുന്നോട്ടുനീങ്ങുന്നു.

പക്ഷേ, അതിന് വലിയ വില നല്കേണ്ടതായിട്ടുണ്ട്. ആ വില നല്കാതെ യാതൊരു ജോടികൾക്കും ജീവന്റെ ചക്രം സുഖമമായി കറക്കാനാവില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ, കൂട്ടായ്മക്കാണ് വില. അവർ തമ്മിൽ വളരെയധികം സാദൃശ്യങ്ങൾ ഉണ്ടാകാമെങ്കിലും അവർ വ്യത്യസ്ത ചുറ്റുപാടുകളിൽ ജനിച്ചുവളർന്നവരാണ്. വ്യത്യസ്തത എന്നത് പ്രകൃതിയുടെ ഭാഗമാണ്. അതുകൊണ്ട് വൈജാത്യങ്ങളോട് പൊരുത്തപ്പെടാനുള്ള പരിശീലനം നേടുകയല്ലാതെ വേറെ പോംവഴികളില്ല.

ആ വിഷയത്തിലുണ്ടാകുന്ന പരാജയം, ജീവിതം പരാജയപ്പെടുന്നതിന് തുല്യമാണ്. നമ്മളിൽ ആത്മീയത വളരണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഇണയുമായി ഇണങ്ങി ജീവിക്കാൻ ശ്രമിക്കുക. ആത്മീയതയാണ് ഒരാൾ കൈവരിക്കാൻ ഉദ്ദേശിക്കേണ്ട ഏറ്റവും ഉയർന്ന ലക്ഷ്യം. ആത്മീയത ഇല്ലെങ്കിൽ സ്ത്രീ പുരുഷന്മാർ അപൂർണ്ണരാണ്. ആത്മീയത നമുക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. നല്ലൊരു ജീവിതം നയിക്കാൻ അവ രണ്ടും അത്യാവശ്യമാണ്.

ആത്മീയത വ്യക്തിത്വ വികാസത്തിലേക്ക് നയിക്കുന്നു. ഉയർന്ന വ്യക്തിത്വമുള്ളവർക്കാണ് ഈ ലോകത്തിലെ ഏറ്റവും മികച്ച പദവി കൈവരിക്കാനാവുക.

42

# മനസ്സിനെ ശുദ്ധീകരിച്ചു നിർത്തുക

ഖുർആനിലെ, *ശംസ്* (സൂര്യൻ) എന്ന അധ്യായത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു തത്ത്വം പ്രതിപാദിക്കുന്നുണ്ട്. ആധുനിക ഭാഷയിൽ പറഞ്ഞാൽ, പാകപ്പെടലിന്റെ തത്ത്വമാണത്. ആ വചനങ്ങളുടെ വിവർത്തനം ഇങ്ങനെയാണ്:

*തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ നിർഭാഗ്യമടയുകയും ചെയ്തു.* (91: 9,10)

ഉദ്ധരിച്ച വചനപ്രകാരം, കളങ്കപ്പെടുത്തുക എന്നതിന് വ്യതിചലിക്കുക എന്നും, പരിശുദ്ധപ്പെടുത്തുക എന്നതിന് നേരെ നിർത്തുക എന്നമാണ് അർത്ഥം. അപ്രകാരം ഓരോരുത്തരും ശുദ്ധ പ്രകൃതിക്കാരായാണ് ജനിക്കുന്നത്. പാരിസ്ഥിതിക കാരണങ്ങളാൽ ഓരോരുത്തരും യഥാർത്ഥ സ്വഭാവത്തിൽ നിന്ന് വ്യതിചലിച്ച് ചായിപ്പുള്ളവരായിത്തീരുന്നു. ഓരോ സ്ത്രീപുരുഷനും തങ്ങളുടെ ശുദ്ധപ്രകൃതി നിലനിർത്തുകയാണ് വേണ്ടത്. വ്യതിചലിച്ചുപോയ സ്വഭാവത്തെ യഥാർത്ഥ സ്വഭാവത്തിലേക്ക് തിരിച്ചുവരുത്തേണ്ടതിന് വ്യതിചലിച്ച മനസ്സിനെ പരിശുദ്ധപ്പെടുത്തേണ്ടതുണ്ട്. ഒരാളുടെ മനസ്സിൽ വസ്തുനിഷ്ഠമായ ചിന്തകൾ രൂപവത്കരിക്കണമെങ്കിൽ മനസ്സിനെ പരിശുദ്ധപ്പെടുത്തൽ അനിവാര്യമാണ്. മാനസിക വ്യതിചലനങ്ങൾ പക്ഷപാതിത്വമുള്ള വ്യക്തിയെ സൃഷ്ടിക്കുന്നു. എന്നാൽ, മാനസിക പരിശുദ്ധി നേടുന്നതിലൂടെ ഒരാൾ തന്റെ ശ്രദ്ധ വീണ്ടും അതിന്റെ സ്വതസിദ്ധമായ പ്രകൃതിയിലേക്ക് കൊണ്ടുവരികയാണ് ചെയ്യുന്നത്. അങ്ങനെ അയാൾ വീണ്ടും ശുദ്ധ പ്രകൃതിക്കാരനായിമാറുന്നു.

മാനസിക പരിവർത്തനത്തിന് ഭൗതിക ലോകത്തുള്ള ഏറ്റവും നല്ല ഒരു ഉദാഹരണമാണ് ഉള്ളി. ഓരോ ഉള്ളിയുടെ അകത്തും ഒരു കാമ്പുണ്ട്. ആ കാമ്പ് പല പാളികളാൽ മൂടപ്പെട്ടിരിക്കുകയാണ്. അവസാനത്തെ പാളിവരെ മാറ്റിയാലെ കാമ്പിൽ എത്തുകയുള്ളൂ. എല്ലാ സ്ത്രീപുരുഷന്മാരുടെയും സ്ഥിതി അതുപോലെയാണ്. അവരുടെ വ്യക്തിത്വം പക്ഷപാത ദുർവ്വിചാരങ്ങളാലും മുൻവിധികളാലും മലീമ

സപ്പെട്ടിരിക്കുകയാണ്. പരിശുദ്ധമാക്കലിലൂടെ അത്തരം മാലിന്യങ്ങൾ നീക്കംചെയ്യപ്പെടുകയും മനുഷ്യന് തനത് വ്യക്തിത്വം പുന:സ്ഥാപിക്കാൻ കഴിയുകയും ചെയ്യും.

ആ അർത്ഥത്തിൽ ഓരോ മനുഷ്യ ജീവിതത്തിലും രണ്ട് വ്യത്യസ്ത കാലങ്ങളുണ്ടെന്ന് മനസ്സിലാക്കാം. പൂർണ്ണ വളർച്ച എത്തുന്നതിനുമുൻപുള്ള ജീവിതവും അതിന് ശേഷമുള്ളതും. ആദ്യകാലങ്ങളിൽ മാനസികവ്യതിചലനങ്ങൾ മൂലം മനസ്സുകളിൽ കറുപ്പിന്റെയും വെളുപ്പിന്റെയും അംശങ്ങൾ നിറഞ്ഞുകൂടും. അങ്ങനെ എല്ലാ മനസ്സുകളിലും കാടൻ ചിന്തകളായിരിക്കും. പരിശുദ്ധമാക്കൽ പ്രക്രിയയിലൂടെ അത്തരം മനസ്സുകളെ അടിസ്ഥാനപരമായി ശരിയാക്കാൻ കഴിയും. ആത്മ പരിശോധനയിലൂടെയും വിമർശനത്തിലൂടെയും അനഭിലഷണീയമായ എല്ലാ കാര്യങ്ങളും തിരിച്ചറിയാൻ സാധിക്കും. വാസ്തവത്തിൽ, അപക്വമായ പ്രായത്തിൽ സത്യവും പുറംമോടിയും തമ്മിൽ വേർതിരിച്ചറിയാൻ കഴിഞ്ഞെന്നുവരില്ല. അതിനാൽ ആ പ്രായത്തിൽ എല്ലാ കാര്യങ്ങളും വേർതിരിവില്ലാതെ പൂർണ്ണമായി ഉൾക്കൊള്ളും. എന്നാൽ പക്വതയാർജ്ജിക്കുന്നതോടുകൂടി അവന് മോടിയിലധിഷ്ഠിതമായി എല്ലാ ആശയങ്ങളെയും അബദ്ധങ്ങളെയും തള്ളിക്കളയണമെന്ന് തോന്നും. അതിനുവേണ്ടി അവന്റെ മനസ്സിൽ നിന്ന് ദൂരീകരിക്കേണ്ട അനാവശ്യ ഘടകങ്ങളെ തിരിച്ചറിയാനുള്ള ശക്തി ആർജ്ജിക്കേണ്ടതുണ്ട്. അതിനായി അവൻ ആത്മ ശുദ്ധി നേടിയ വ്യക്തിയോ പരിശുദ്ധമാക്കപ്പെട്ട മനസ്സിന്റെ ഉടമയോ ആകേണ്ടതുണ്ട്.

നല്ലതിനെയും ചീത്തയേയും തിരിച്ചറിയാനുള്ള ഗണിതശാസ്ത്ര മാർഗങ്ങളില്ല. അത് തികച്ചും കർതൃവിഷയമായ കാര്യമാണ്. ഓരോരുത്തരും ആവശ്യവും അനാവശ്യവും പക്ഷപാതപരവും പക്ഷപാതരഹിതവുമായ വിഷയങ്ങളെ തിരിച്ചറിയാനുള്ള ശക്തി വികസിപ്പിക്കണം. മലീമസമായ നമ്മുടെ മനസ്സുകളെ പരിശുദ്ധപ്പെടുത്താൻ അത്തരത്തിലുള്ള കഴിവ് അത്യന്താപേക്ഷിതമാണ്.

എന്തിനുവേണ്ടിയാണ് പരിശുദ്ധമാക്കൽ?

നമ്മുടെ മനസ്സിനെ കളങ്കപ്പെടുത്തുന്ന പ്രക്രിയകൾ നമ്മുടെ വ്യക്തിത്വത്തെ ഹാനികരമായി സ്വാധീനിക്കുന്നു. മനസ്സിനെ ശുദ്ധീകരിക്കുന്നതിലൂടെ നമ്മുടെ പൂർവ്വ സ്ഥിതിയിലേക്ക് തിരിച്ചുവരാൻ നമ്മെ പ്രാപ്തരാക്കുന്നു. അത് ഒരു ശുദ്ധീകരണ പ്രക്രിയയാണ്. നമ്മളുടെ കഴിവുകളെ വികസിപ്പിച്ചെടുക്കാൻ മനസ്സിനെ പരിശുദ്ധപ്പെടുത്തുകയല്ലാതെ വേറെ മാർഗങ്ങളില്ല.

പരിശുദ്ധപ്പെടുത്തുക എന്നത് എളുപ്പമുള്ള പ്രക്രിയയല്ല. നമ്മുടെ വ്യക്തിത്വത്തിലെ അനഭിലഷണീയങ്ങളായ വശങ്ങൾ തിരിച്ചറിയാനും ഉന്മൂലനം ചെയ്യാനും സമുചിതമായ പ്രക്രിയ ആരംഭിക്കണം. അത് ആത്മപ്രഹരം പോലെയാണ്. ഏതുതരത്തിലുള്ള വിമർശനങ്ങളെയും ഉൾക്കൊള്ളാൻ നമ്മൾ തയ്യാറായിരിക്കണം. മലീമസപ്പെടുമ്പോൾ ഇരുട്ടിൽ അകപ്പെട്ട പ്രതീതിയും പരിശുദ്ധപ്പെടുമ്പോൾ സൂര്യപ്രകാശത്തിൽ പ്രവേശിക്കുന്ന പ്രതീതിയുമാണ് ഉണ്ടാവുക.

43

# പരദൂഷണം അരുത്

49-ാം അധ്യായത്തിൽ ഖുർആൻ സാമൂഹിക നീതിയുമായി ബന്ധപ്പെട്ട ഒരു കല്പന പുറപ്പെടുവിക്കുന്നുണ്ട്. അതിന്റെ ഭാഷാന്തരം ഇപ്രകാരമാണ്:

*സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ.* (49:11)

നാക്കിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ദുഷ്ചെയ്തിയാണ് ഉദ്ധരിച്ച വചനത്തിൽ സൂചിപ്പിക്കുന്നത്. ജനങ്ങൾ മറ്റുള്ളവരുടെ ബലഹീനത ചൂണ്ടിക്കാണിക്കുക സാധാരണമാണ്. അത്തരത്തിലുള്ള ബലഹീനതകളൊന്നും ഒരാളിൽ കാണാനില്ലെങ്കിൽ അവർ എന്തെങ്കിലും ചിലത് കണ്ടുപിടിക്കാൻ ശ്രമിക്കും. അങ്ങനെ ചീത്ത അഭിപ്രായങ്ങൾ പറഞ്ഞുതുടങ്ങും.

വിളിപ്പേരുകൾ ഉപയോഗിക്കലും അപമാനകരങ്ങളായ അഭിപ്രായം പ്രകടിപ്പിക്കലും സ്ത്രീപുരുഷന്മാരുടെ സ്ഥിരം ശീലങ്ങളാണ്. വിളിപ്പേര് എന്നാൽ തെറ്റായ അപരനാമത്തിൽ ഒരാളെ സംബോധന ചെയ്യലാണ്. അത്തരം തിന്മകൾ സമൂഹത്തിന്റെ ആരോഗ്യകരമായ ചുറ്റുപാടിനെ വഷളാക്കും. അത് ഒരു സാമൂഹിക മലിനീകരണമാണ്. വിശ്വാസികൾ അത്തരം ദുഷ്പ്രവണതകളിൽ ഭാഗഭാക്കാകുന്നില്ലെന്ന് ഉറപ്പുവരുത്തണം.

മറ്റുള്ളവരെക്കുറിച്ചുള്ള മോശമായ അഭിപ്രായ പ്രകടനങ്ങൾ സ്വയം മോശമായി തോന്നണമെന്നില്ല. ചിലപ്പോൾ അത് ബൂമറാങ് പോലെ പ്രവർത്തിക്കും. അത് രണ്ടുവിഭാഗക്കാർക്കും ഗുണകരമാകണമെന്നി

ല്ല. അനിഷ്ടകരങ്ങളായ അത്തരം ഭാഷാ പ്രയോഗങ്ങൾ ഒരാളുടെ വ്യക്തിത്വത്തെ ഹാനികരമായി ബാധിച്ചേക്കാം. അത്തരം ചീത്ത പ്രയോഗങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഒരാൾ ധാർമ്മികതിന്മയാണ് ചെയ്യുന്നത്. കൂടാതെ അത് സമൂഹത്തിന്റെ ധാർമ്മികാന്തരീക്ഷത്തെ മലീമസപ്പെടുത്തുകയും ചെയ്യും.

അത് ഒരു പൊതു ഉപദേശമാണെങ്കിലും വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. അവർ സർവ്വ ശക്തനായ ദൈവത്തോട് ദൃഢനിശ്ചയം ചെയ്തവരാണ് അയോഗ്യകരങ്ങളായ അത്തരം പ്രവർത്തനങ്ങളിൽ അവർക്ക് ഏർപ്പെട്ടുകൂടാ. അത് അവരുടെ വിശ്വാസ ലംഘനത്തിന് തുല്യമാണ്.

തെറ്റുപറ്റുക മനുഷ്യസഹജമാണ്. എന്നിരുന്നാലും അത്തരം അനാവശ്യ പ്രവർത്തികളിൽ ഏർപ്പെട്ടുപോയാൽ തെറ്റിദ്ധാരണയുടെ പേരിലാണെങ്കിൽപ്പോലും അവന്റെ ദുഷിപ്പിന് ഇരയായ വ്യക്തിയോട് ക്ഷമ ചോദിക്കണം. അതിനുശേഷം കാരുണ്യവാനായ ദൈവത്തോട് പാപമോചനം തേടുകയും വേണം. പശ്ചാത്തപിക്കൽ നമ്മുടെ തെറ്റ് തിരുത്തൽ പോലെത്തന്നെ പ്രാധാന്യമുള്ളതാണ്.

ഒരു വ്യക്തിയുടെ മുന്നിൽ രണ്ട് വഴികളാണുള്ളത്. ഒന്നുകിൽ അനഭിലഷണീയങ്ങളായ അത്തരം പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കുക. ഇനി ഏതെങ്കിലും വിധത്തിൽ തെറ്റിൽ അകപ്പെട്ടുപോയെങ്കിൽ മാനസാന്തരപ്പെടുകയും പശ്ചാത്തപിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

ഓരോ സ്ത്രീപുരുഷനും ആരോഗ്യകരമായ സമൂഹം കെട്ടിപ്പടുക്കാൻ ബാധ്യസ്ഥരാണ്. ഒരു സമൂഹത്തിന്റെ ആരോഗ്യകരമായ അന്തരീക്ഷത്തിന് ഹാനികരങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കൽ ഓരോരുത്തരുടെയും സാമൂഹിക ഉത്തരവാദിത്തമാകുന്നു. അത്തരം പ്രവർത്തികൾ സ്രഷ്ടാവിന്റെ പദ്ധതികൾക്കെതിരാണ്. മറ്റുള്ളവരെ വിളിപ്പേരുകളിൽ വിളിക്കൽ, മറ്റുള്ളവരെക്കുറിച്ച് അപമാനകരങ്ങളായ പ്രസ്താവനകൾ നടത്തൽ മറ്റുള്ളവരുടെ സ്വഭാവഹത്യക്ക് ഒരുമ്പെടൽ എന്നിവ വിഷം പോലെയാണ്. ഭൗതികാർത്ഥത്തിൽ മാത്രമല്ല, മറിച്ച് മനശ്ശാസ്ത്രപരവും ധാർമ്മികവുമായ അർത്ഥത്തിൽ വിശ്വാസികൾ അച്ചടക്കം പാലിക്കണം. അത്തരം ധാർമ്മിക ശിക്ഷണങ്ങൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നവർ തീർച്ചയായും ദൈവത്തിന്റെ കഠിനശിക്ഷയ്ക്ക് പാത്രമാകേണ്ടിവരും.

## 44

# കുതന്ത്രങ്ങൾ കരുതിയിരിക്കുക

ജനങ്ങൾ പൊതുവെ കുതന്ത്രങ്ങൾ മെനയുന്നവരാണ്. സ്ത്രീപുരുഷന്മാരെ പലപ്പോഴും അലോസരപ്പെടുത്തുന്ന ഒരു ചിന്താഗതിയാണത്. തത്ഫലമായി ആളുകൾ ഒരുതരം മനോ വിഭ്രാന്തിയിൽ അകപ്പെട്ട് ജീവിക്കേണ്ടിവരുന്നു. ഖുർആൻ അത്തരത്തിലുള്ള ദുർവ്വിചാരങ്ങൾ വെടിയണമെന്ന് ആവശ്യപ്പെടുന്നു. *ആലു ഇംറാൻ* എന്ന അധ്യായത്തിൽ ഖുർആൻ ആ വിഷയത്തെക്കുറിച്ച് വളരെ പ്രാധാന്യമർഹിക്കുന്ന മാർഗനിർദ്ദേശം നല്കുന്നുണ്ട്. ആ വചനത്തിന്റെ തർജ്ജമ ഇപ്രകാരമാണ്:

*നിങ്ങൾക്ക് വല്ല നേട്ടവും ലഭിക്കുന്ന പക്ഷം അതവർക്ക് മനഃപ്രയാസമുണ്ടാക്കും. നിങ്ങൾക്ക് വല്ല ദോഷവും നേരിട്ടാൽ അവരതിൽ സന്തോഷിക്കുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു അവരുടെ പ്രവർത്തനങ്ങളൊക്കെയും സൂക്ഷ്മമായി അറിയുന്നവനാകുന്നു.* (3:120)

ഉദ്ധരിച്ച ഖുർആൻ വാക്യം ഒരു പ്രകൃതിനിയമം വ്യക്തമാക്കുന്നു. വിശ്വജനീനമായ ആ നിയമം എവിടെയും എക്കാലത്തും പ്രായോഗികമാണ്. കുതന്ത്രങ്ങളിലൂടെയുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും എക്കാലത്തും അതുവഴി പരിഹരിക്കാൻ സാധിക്കുന്നു.

വിശുദ്ധഖുർആനിലെ പ്രസ്തുത വചനപ്രകാരം കുതന്ത്രങ്ങൾ പ്രശ്നമുണ്ടാക്കുന്നില്ല. ക്ഷമയുടെയും സത്യസന്ധതയുടെയും അഭാവമാണ് യഥാർത്ഥ പ്രശ്നം. ക്ഷമ കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പ്രത്യേക സാഹചര്യത്തിൽ പെട്ടെന്ന് പ്രതികരിക്കാതിരിക്കുകയും പ്രശ്നത്തെ നന്നായി പരിഗണിച്ചതിനു ശേഷം പ്രതികരിക്കുകയും ചെയ്യുക എന്നതാണ്.

നമ്മുടെ ലോകം മാത്സര്യത്തിന്റേതാണ്. ആഗ്രഹിക്കുന്നതെന്തും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഓരോരുത്തർക്കുമുണ്ട്. അത്തരം സാഹചര്യങ്ങളിൽ കുതന്ത്രങ്ങൾ ഇല്ലാത്ത ഒരു ലോകം സാധ്യമല്ല. നമുക്ക് കുതന്ത്രങ്ങൾ എന്ന പ്രതിഭാസത്തെ അഥവാ ഉപായത്തെ ഇല്ലാതാക്കാനാവില്ല. എന്നാൽ കുതന്ത്ര വിപത്തിന്റെ ഇരയാവുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാൻ തീർച്ചയായും നമുക്ക് സാധിക്കും. അതിന്റെ തത്ത്വം വളരെ

ലളിതമാണ്. സഹിഷ്ണത, ആത്മാർത്ഥത എന്നീ ഗുണങ്ങൾ നിലനിർത്തുന്നതിലൂടെ കുതന്ത്രങ്ങളെ ഫലപ്രദമായി ഒഴിവാക്കാൻ സാധിക്കും.

കുതന്ത്രം അഥവാ ചീത്ത ഉപായം എന്നതിനെ പ്രതിരോധിക്കാൻ ശത്രുതാ മനോഭാവം സ്വീകരിക്കുന്നതിനേക്കാൾ ഉത്തമം അതിനെ ഒരു വെല്ലുവിളിയായിട്ടെടുക്കുന്നതാണ്. വെല്ലുവിളിയെ നേരിടുന്നതിലേക്ക് മാത്രം നമ്മുടെ ഊർജ്ജത്തെ പ്രസരിപ്പിക്കുക. കുതന്ത്രം പോലുള്ള പ്രശ്നങ്ങളുമായി സമരസപ്പെടാനുള്ള ഏറ്റവും നല്ല മാർഗം അതാണ്.

കുതന്ത്രം അഥവാ ചീത്ത ഉപായം എന്നത് തിന്മയല്ല. അതിന് ഗുണപരമായ മൂല്യമുണ്ട്. അത് നമ്മുടെ മനസ്സിനെയും ബുദ്ധിയെയും ഉത്തേജിപ്പിക്കും. നമ്മളിലെ കഴിവുകളെ യാഥാർത്ഥ്യമാക്കി പുറത്തുകൊണ്ടുവരാൻ സഹായിക്കും. നിഷ്ക്രിയത്വത്തിന്റെ ഇരയാകുന്നതിൽ നിന്ന് നമ്മെ രക്ഷിക്കും. അപ്രകാരം കുതന്ത്രത്തെ അനുഗ്രഹമാക്കിമാറ്റാം.

കുതന്ത്രം ശത്രുതയുടെ പ്രതിഫലനമല്ല. മറിച്ച്, അത് മാത്സര്യത്തിന്റെ പ്രകടനമാണ്. മാത്സര്യത്തിന്റേതായ ഈ ലോകത്ത് ഓരോരുത്തരും കുതന്ത്രക്കാരാണ്. ഓരോരുത്തരും മറ്റുള്ളവർക്കെതിരെ കുതന്ത്രങ്ങൾ മെനയുകയാണ്. മറ്റുള്ളവർക്കെതിരെയുള്ള ഗൂഢാലോചനയിലാണ് ഓരോരുത്തരും. ചിലപ്പോൾ ബോധപൂർവ്വം മറ്റുചിലപ്പോൾ അബോധപൂർവ്വം, ചിലപ്പോൾ പ്രത്യക്ഷമായി മറ്റുചിലപ്പോൾ പരോക്ഷമായി കുതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുകയാണ്. കുതന്ത്രം ഒരാളുടെ മാത്രം സ്വഭാവമല്ല. ഈ ലോകത്ത് ആരുംതന്നെ ആ സ്വഭാവത്തിൽ നിന്ന് മുക്തരല്ല. ഈ ലോകത്ത് കുതന്ത്രങ്ങളിൽ നിന്ന് മുക്തമായ ഒരിടമേ ഉള്ളൂ, അത് ശവകുടീരം മാത്രമാണ്.

ആകയാൽ, കുതന്ത്രങ്ങളെ നിസ്സാരമായി കാണുക. അതിന്മേൽ പ്രതിഷേധിച്ചോ പരാതിപ്പെട്ടോ സമയം കളയേണ്ടതില്ല. ഏതുസാഹചര്യത്തിലും നന്നായി പ്രതികരിക്കുക. നിർവ്വികാരതയോടെ സാഹചര്യത്തെ വിലയിരുത്തുക. ലക്ഷ്യബോധത്തോടെ കാര്യങ്ങൾ ആസൂത്രണം ചെയ്യുക.

വികാരങ്ങളെ വിവേകപൂർവ്വം കൈകാര്യംചെയ്യുക. ശാന്തമായി സാഹചര്യങ്ങളെ അഭിമുഖീകരിക്കുക. സ്വയം വിജയിക്കാൻ ശ്രമിക്കുക. അതിലൂടെ കുതന്ത്രങ്ങളെയും ശത്രുതയെയും ജയിച്ചടക്കാൻ നമുക്ക് സാധിക്കും.

വിജയപരാജയങ്ങളുടെ രഹസ്യം ഇങ്ങനെ സംഗ്രഹിക്കാം: 'ചീത്ത പ്രതികരണത്തിന്റെ ഫലം പരാജയവും നല്ല പ്രതികരണത്തിന്റെ ഫലം വിജയവുമായിരിക്കും.'

45

# രഞ്ജിപ്പിന്റെ മാർഗം

ഭൗതിക ലോകം പൂർണ്ണമായും സമാധാനത്തിന്റേതാണെന്ന് ഖുർആൻ ചൂണ്ടിക്കാട്ടുന്നു. ആകാശത്ത് സ്ഥിരമായി ചലിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങൾ ഒരിക്കലും കൂട്ടിമുട്ടുന്നില്ല. മനുഷ്യരിലും അതേ സംസ്കാരം തന്നെയാണ് ഖുർആൻ ആവശ്യപ്പെടുന്നത്. *നിസാഅ്* എന്ന അധ്യായത്തിൽ ഖുർആൻ ആ വിഷയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്.

*ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നല്ല നിലയിൽ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു.* (4:128)

വിവാദങ്ങളുണ്ടാകുമ്പോൾ അനുരഞ്ജനത്തിന്റെ നയമാണ് സ്വീകരിക്കേണ്ടതെന്ന് ഖുർആൻ നിർദ്ദേശിക്കുന്നു. ആ വാക്യത്തിന്റെ തൽസന്ദർഭം ഭാര്യാ ഭർത്താക്കന്മാർക്കിടയിലെ ഭിന്നതകൾ തീർപ്പാക്കുന്നതിനെക്കുറിച്ചാണെങ്കിലും ഒരു പ്രത്യേക സൂചന നല്കിക്കൊണ്ട് ഖുർആൻ ഒരു പൊതുനിയമം നിർദ്ദേശിക്കുന്നു. അത്തരത്തിലുള്ള അനുരഞ്ജന നയങ്ങൾ ഭാര്യാഭർത്താക്കന്മാർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് മാത്രമല്ല, ദേശീയമോ അന്തർദ്ദേശീയമോ ആയ എല്ലാ പ്രശ്നങ്ങൾക്കും ഉപകരിക്കും.

വിവാദങ്ങൾ ഉടലെടുക്കുമ്പോൾ അവയെ രഞ്ജിപ്പിലൂടെ പരിഹരിക്കുക എന്നതാണ് ഏറ്റവും നല്ല ഉപാധി. അത്തരം സന്ദർഭങ്ങളിൽ സംഘട്ടനാത്മക സമീപനത്തേക്കാൾ അനുനയ സമീപനമാണ് കൂടുതൽ നല്ലത്. അനുരഞ്ജന സമീപനം എല്ലായ്പോഴും പ്രശ്നങ്ങളെ ലഘൂകരിക്കും. സംഘട്ടനാത്മക സമീപനം മൂലപ്രശ്നങ്ങൾ പരിഹരിക്കാതെ കൂടുതൽ വഷളാക്കുകയാണ് ചെയ്യുക.

ഒറ്റപ്പെട്ട ഒരു ദ്വീപിലല്ല നമ്മുടെ ജീവിതം. മറിച്ച്, സമൂഹത്തോട് ഇടപഴകിക്കൊണ്ടുള്ളതാണത്. നമ്മൾ ഓരോരുത്തരും കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടുമൊപ്പം ഇടപഴകി ജീവിക്കേണ്ടതുണ്ട്. ആർക്കും അതിൽ നിന്ന് ഒഴിവാകാനാവില്ല. ആ പട്ടിക അന്തർദ്ദേശീയ തലംവരെ നീളും. അത്തരമൊരു സാഹചര്യത്തിൽ ഒരാൾക്കും സ്വന്തമായി ജീവിക്കാനാവില്ല. നമ്മൾ അഹന്തപൂണ്ട് മറ്റുള്ളവരെ അവഗണിക്കുകയാണെങ്കിൽ അതുവഴി അവർ നമ്മുടെ എതിരാളികളാവുയാണ്. അതുകൊണ്ട് നല്ലത്, മറ്റുള്ളവരുമായി അനുരഞ്ജനത്തിലേർപ്പെട്ടുകൊണ്ട് അവരെ അംഗീകരിക്കലാണ്. നമ്മുടെ ഊർജ്ജനഷ്ടവും സമയനഷ്ടവും ഒഴിവാക്കാൻ എല്ലാതരത്തിലുമുള്ള ഏറ്റുമുട്ടലുകളും ഒഴിവാക്കുക.

അനുരഞ്ജനനയം സ്വീകരിക്കുക എന്നതുകൊണ്ട് മറ്റുള്ളവരിലേക്ക് നാം കൂടിച്ചേരുക എന്നതല്ല. അത് അതിനേക്കാൾ ഉപരിയാണ്. അത് നമ്മുടെ ജീവിതയാത്ര സുഗമമാക്കുന്നു. നമ്മുടെ വ്യതിയാനങ്ങളിൽ നിന്ന് അത് നമ്മെ സംരക്ഷിക്കുന്നു. ഉന്നതമായ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജീവിതത്തെ ഉപയോഗപ്പെടുത്താൻ അവസരം നല്കുന്നു.

ഏറ്റുമുട്ടലിന്റെ നയമാണ് സ്വീകരിക്കുന്നതെങ്കിൽ ബുദ്ധിമുട്ടുകൾ അവസാനിക്കുകയില്ലെന്ന് നമുക്ക് തിരിച്ചറിയാനാകും. വ്യത്യസ്തതകളാണ് ഉരുത്തിരിഞ്ഞുവരുന്നതെങ്കിൽ അത് സംഘട്ടനങ്ങളിലേക്കും, സംഘട്ടനങ്ങൾ സംഘർഷത്തിലേക്കും നയിക്കും. സംഘർഷത്തിന് പിന്നാലെ പോരാട്ടത്തിലേക്കും യുദ്ധത്തിലേക്കും നയിക്കും. പ്രാരംഭത്തിൽത്തന്നെ സംഘട്ടന മനോഭാവത്തിൽ നിന്ന് മാറിനിൽക്കലാണ് ഏറ്റവും നല്ല നയം.

അനുരഞ്ജനസമീപനം വേറൊരു വ്യക്തിക്കെതിരായിട്ടുള്ളതാണ് എന്ന തോന്നലുണ്ടെങ്കിൽ സംഘട്ടന സമീപനം പ്രകൃതിനിയമത്തിന് എതിരായാണ് സംഭവിക്കുന്നത് എന്ന് മനസ്സിലാക്കണം. അത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പ്രശ്നത്തിലാണ് കലാശിക്കുക. നമുക്ക് പ്രകൃതിയുടെ ഗതി മാറ്റാനാവില്ല. ആയതിനാൽ, പ്രകൃതിയുമായി രമ്യതയിൽ ഏർപ്പെടുകയല്ലാതെ വേറെ മാർഗമില്ല. ലോകവിജയത്തിനുള്ള ഒരേയൊരു മാർഗം അതുമാത്രമാണ്.

46

# ശരിയായ ഭാഷണം

വ്യക്തമായ സംസാരത്തിന് ഖുർആൻ വളരെ ഊന്നൽ നല്കു ന്നുണ്ട്. സാമൂഹ്യ ജീവിതത്തിൽ അതിന് വളരെ പ്രാധാന്യമുണ്ട്. *അഹ്സാബ്* എന്ന അധ്യായത്തിൽ അതുസംബന്ധിച്ച് ഖുർആൻ നല്കുന്ന മാർഗ നിർദ്ദേശം ഇങ്ങനെയാണ്:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക.*

*എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്ത രികയും നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു.* (33: 70-71)

ദൈവഭയം എന്നത് കേവല ഭയമല്ല. അത് നമ്മെ സത്യസന്ധരാക്കു ന്നു. നമ്മെ ഉത്തരവാദിത്വവും സത്യസന്ധതയുമുള്ളവരാക്കുന്നു. ആ ഗുണങ്ങളാണ് ശരിയായ രീതിയിലുള്ള സംസാരത്തിന് നമ്മെ പ്രാ പ്തരാക്കുന്നത്. വ്യക്തിത്വവികസനത്തിലും, മെച്ചപ്പെട്ട സമൂഹത്തെ വാർത്തെടുക്കുന്നതിലും ശരിയായ ചിന്തകൾക്ക് വലിയ പ്രാധാന്യമു ണ്ട്.

നല്ല ചിന്തകളാണ് നല്ല സംസാരത്തിലേക്ക് നയിക്കുക. ശരിയായ സംസാരം ദുർഗ്രഹരഹിതവും വസ്തുനിഷ്ഠവുമായിരിക്കും. ശരിയായ ചിന്ത വസ്തുനിഷ്ഠ ചിന്തകളെ ഊട്ടിയുറപ്പിക്കുന്നു. വസ്തുതാപരമായ അത്തരം സമീപനം എല്ലാതരം വിജയത്തിലേക്കുമുള്ള വഴി തുറക്കുന്നു.

ഒരാളുടെ ശരിയായ സംസാരവും എഴുത്തും എളുപ്പം മനസ്സി ലാക്കാൻ സാധിക്കും. അവ മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്നതും ഹൃദയങ്ങളെ സ്പർശിക്കുന്നതുമായിരിക്കും. ശരിയായ ചിന്തകൾ എപ്പോഴും പ്രകൃതിയുടെ ഭാഷയിലായിരിക്കും സംസാരി ക്കുക. ശ്രോതാവിനും പ്രഭാഷകനും പ്രകൃതി ഒരുപോലെയാണ്. ആ ഒരു സമാനതയാണ് എഴുതുകയും വായിക്കുകയും ചെയ്യുന്ന ഒരു ചിന്തകനെ സുസമ്മതനാക്കുക.

നല്ല ചിന്തകൾ രൂപപ്പെടുക ഒരു ഹേതുവെ അടിസ്ഥാനമാക്കിയായിരിക്കും. മനസ്സ് ഉണരുന്നതിന്റെ ഫലമായി നല്ല ചിന്തകൾ ഉടലെടുക്കുന്നു. ആഴമുള്ള ധ്യാനത്തിൽ നിന്നാണ് നല്ല ചിന്തകൾ ഉണ്ടാകുന്നത്. നല്ല ചിന്തകൾ എല്ലാതരം പക്ഷപാതങ്ങളിൽ നിന്നും വിദ്വേഷകരങ്ങളായ മുൻവിധികളിൽനിന്നും മുക്തമായിരിക്കും.

നിലവാരമുള്ള എഴുത്തും സംസാരവും ജനങ്ങളുടെ ഹൃദയത്തിലേക്ക് നേരിട്ട് പ്രവേശിക്കുന്നു. ജനങ്ങളുടെ സ്വഭാവത്തെ മാറ്റിമറിക്കാൻ മാത്രം ശക്തിമത്താണവ. മനുഷ്യമനസ്സിനെ അത് സമൂലമായി പരിവർത്തിപ്പിക്കും. മികച്ച സംസാരം സാമൂഹ്യ പരിഷ്കരണം സാധ്യമാക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ അത് സഹായിക്കുന്നു.

ശരിയായ സംസാരവും ശരിയായ എഴുത്തും ഒരാളുടെ വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്നു. അവ സമന്വയ വ്യക്തിത്വത്തിന്റെ അടയാളമാണ്. അവ വ്യക്തിയെ സത്യസന്ധനാക്കുന്നു. അയാൾ എന്ത് പറയുന്നുവോ അത് അയാളുടെ ഭാഗത്തുനിന്നുള്ള അധര സേവനമല്ല. മറിച്ച്, അതദ്ദേഹത്തിന്റെ ആത്മാർത്ഥമായ അഭിപ്രായമായിരിക്കും. അയാൾ കാപട്യ മുക്തനായിരിക്കും. അയാളുടെ ചിന്തയും സംസാരവും തമ്മിൽ വ്യത്യാസമുണ്ടാവില്ല.

അത്തരത്തിലുള്ള മഹത്‌വ്യക്തി സമൂഹത്തിന് മുതൽക്കൂട്ടായിരിക്കും. സഹജീവികൾക്ക് അയാളിൽ നിന്ന് ഒരിക്കലും പ്രശ്നങ്ങൾ നേരിടേണ്ടിവരില്ലെന്ന് അയാളുടെ ചിന്തകൾ ഉറപ്പുനല്കുന്നു. എല്ലാവരുടെയും വിശ്വാസ യോഗ്യനായി അയാൾ ആ സമൂഹത്തിൽ ജീവിക്കും. അയാൾ സ്വാർത്ഥ വിചാരങ്ങളിൽ നിന്ന് മുക്തനായിരിക്കും. അയാൾ സ്വന്തം താത്പര്യങ്ങൾക്ക് വഴങ്ങാതെ മനഃസാക്ഷിക്ക് വഴങ്ങി പ്രവർത്തിക്കും. അയാൾ ആദർശാത്മകജീവിതം നയിക്കുന്നവനായിരിക്കും. അയാളുടെ ശരിയായചിന്ത സർവമേഖലകളിലും സൗഖ്യംനല്കും.

ഖുർആൻ പ്രകാരം, നല്ല സംസാരം അഥവാ സുവ്യക്ത ഭാഷണം ദിവ്യ ഭാഷണമാണ്. അത് സ്വർഗത്തിലെ ഭാഷ പോലെയാണ്. സ്വർഗം സന്മാർഗികൾ മാത്രം പ്രവേശിക്കുന്ന ഇടമാണ്. അതിനാൽ, ആ തത്ത്വം പിന്തുടരുന്നവർ ദൈവത്തിന്റെ ഇരട്ട അനുഗ്രഹം നേടുന്നവരായിരിക്കും. അവൻ ഇഹലോക സമൂഹത്തിലെ ഒരു നല്ല അംഗമായിരിക്കുകയും സ്വർഗ സമൂഹത്തിലേക്ക് സൗഭാഗ്യംലഭിച്ച വ്യക്തിയായി അംഗീകരിക്കപ്പെടുകയും ചെയ്യും.

## 47

# സാർവത്രിക സാഹോദര്യം

ഖുർആനിലെ പ്രഥമ അധ്യായമായ ഫാത്തിഹ സാർവ്വത്രിക സാഹോദര്യം എന്ന ആശയമാണ് വിശദീകരിക്കുന്നത്. അതിലെ പ്രസക്തമായ വാക്യത്തിന്റെ വിവർത്തനം ഇങ്ങനെയാണ്:

*സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.* (1:2)

ഉദ്ധരിച്ച ഖുർആനിക വാക്യപ്രകാരം ദൈവം ഏതെങ്കിലും ചില സമൂഹത്തിന്റെയോ സമുദായത്തിന്റെയോ മാത്രം ദൈവമല്ല. മനുഷ്യരാശിയുടെ മുഴുവൻ ദൈവമാണവൻ. അവൻ മാത്രമാണ് സ്രഷ്ടാവ്, അവൻ മാത്രമാണ് പരിപാലകൻ, അവൻ മാത്രമാണ് പ്രപഞ്ച നാഥൻ.

മാനവ ഏകത്വത്തിന്റെ അടിത്തറയാണ് ദൈവത്തിന്റെ ഏകത്വം. അതിനർത്ഥം ദൈവം ഒന്നേ ഉള്ളൂ, മനുഷ്യത്വവും ഒന്നേ ഉള്ളൂ. മനുഷ്യനും മനുഷ്യനും തമ്മിൽ, കറുത്തവനും വെളുത്തവനും തമ്മിൽ, ദരിദ്രനും സമ്പന്നനും തമ്മിൽ വിവേചനം പാടില്ല. ദൈവദൃഷ്ടിയിൽ മനുഷ്യസമൂഹം ഒന്നേയുള്ളൂ. മനുഷ്യവർഗം ആ ചിന്താധാര ഉൾക്കൊണ്ടുകൊണ്ട് ഒരൊറ്റ ദിവ്യസമൂഹമെന്ന നിലയിൽ ജീവിക്കേണ്ടതുണ്ട്.

ആ ആശയം വിശദീകരിക്കുന്ന, ഇസ്‌ലാമിന്റെ ദൂതനെക്കുറിച്ച് മനോഹരമായ ഒരു കഥയുണ്ട്. ആ കഥയുടെ ആഖ്യാതാവ് ബുഖാരിയായതുകൊണ്ടുതന്നെ അതിന് വളരെ പ്രാധാന്യവുമുണ്ട്. അദ്ദേഹം മുഹദ്ദിസിൻ (പ്രവാചക പാരമ്പര്യ വിവരണം) സംഘത്തിലെ പ്രഥമസ്ഥാനീയനാണ്. കഥ ഇങ്ങനെ:

എ.ഡി 610-ാം ആണ്ടിലാണ് ഇസ്‌ലാമിന്റെ പ്രവാചകൻ തന്റെ ദൗത്യം ആരംഭിക്കുന്നത്. 13 വർഷത്തിന് ശേഷം അറേബ്യയിലെ രണ്ടാമത്തെ പ്രധാന നഗരമായ മദീനയിലേക്ക് അദ്ദേഹം പലായനം ചെയ്തു. അക്കാലത്ത് ഏതാനും ചില ജൂത ഗോത്രക്കാർ മദീനയിൽ താമസിച്ചിരുന്നു. അവരുടെ ഒരു വിലാപയാത്ര തെരുവിലൂടെ കടന്നു പോകുന്നത് പ്രവാചകൻ കണ്ടു. പ്രവാചകൻ തന്റെ ഇരിപ്പിടത്തിൽ നിന്ന് ബഹുമാനപൂർവ്വം എഴുന്നേറ്റുനിന്നു. തിരുനബിയുടെ അനുയായികളിൽ ഒരാൾ നബിയോട് ചോദിച്ചു: 'ഒരു ജൂതന്റെ വിലാപയാത്രയ

ല്ലേ അത്? അമുസ്‌ലിമായ അദ്ദേഹത്തെ താങ്കൾ എന്തിനാണ് ബഹു മാനിച്ചത്?'

പ്രവാചകൻ ചോദിച്ചു: 'അദ്ദേഹവും ഒരു മനുഷ്യനല്ലേ?' (സഹീഹുൽ ബുഖാരി - 1312)

പ്രവാചകന്റെ ആ ചര്യയിലൂടെ വ്യക്തമാകുന്നത്, മതമോ പാരമ്പ ര്യമോ പരിഗണിക്കാതെ എല്ലാ സ്ത്രീ പുരുഷന്മാരും തുല്യരാണെന്നും എല്ലാവരും ആദരിക്കപ്പെടേണ്ടവരാണെന്നുമാണ്. മനുഷ്യരെ ദൈവം സൃഷ്ടിക്കുന്നത് തനിച്ചാണെങ്കിലും എല്ലാവരും ഒരൊറ്റ സമുദായ ത്തിലെ അംഗങ്ങളാണ്. ആ സാർവ്വജനീന സങ്കല്പമാണ് മനുഷ്യരുടെ ആഗോള യോജിപ്പിന് അടിസ്ഥാനം.

ആഗോള സാഹോദര്യം എന്നത് കേവലമൊരു അമൂർത്താശയമ ല്ല. ഉന്നതമായ മാനവിക മൂല്യങ്ങൾ ഓരോ സ്ത്രീയിലും പുരുഷനിലും ഊട്ടിയുറപ്പിക്കാൻ അതിന് കഴിവുണ്ട്. അത് വ്യക്തികളുടെ ചക്ര വാളത്തെ വികസിപ്പിക്കുകയും അവരെ വിശാല മനസ്കരാക്കുക യും ചെയ്യും. എല്ലാ തരത്തിലുമുള്ള ഉപരിപ്ലവ ചിന്തകളിൽ നിന്നും മനുഷ്യരെ ഉയർത്തും. അവരുടെ ജീവിതത്തിന് ഉന്നത നിലവാരം പ്രദാനം ചെയ്യും. അത് മനുഷ്യ മനസ്സുകളെ മാറ്റിമറിച്ച് ആഗോള വിശ്വാ സത്തെ പ്രോത്സാഹിപ്പിക്കും. താൻ എല്ലാവർക്കും വേണ്ടി; എല്ലാവരും തനിക്കുവേണ്ടി എന്ന ആശയത്തിലേക്ക് വ്യക്തികൾ ഉയരും.

സാർവ്വദേശീയ സാഹോദര്യം എന്ന സങ്കല്പം എല്ലാ ചീത്ത ചിന്ത കളുടെയും കൊലയാളിയാണ്. അത് മനുഷ്യനിൽ പുതുചിന്തകൾ ജനിപ്പിക്കുന്നു. അതുവഴി ദൈവ ചിന്തയിൽ മുഴുകാൻ അവരെ പ്രാ പ്തരാക്കുന്നു. ആ തത്ത്വം സ്വീകരിക്കുന്നതിലൂടെ ഓരോ സമൂഹവും സാർവ്വദേശീയ സമൂഹമായി മാറുന്നു. എല്ലാ തരത്തിലുമുള്ള മുൻവി ധികൾക്കും വിവേചനങ്ങൾക്കും എതിരെയുള്ള ബുൾഡോസറായി ആ ആശയം പ്രവർത്തിക്കുന്നു.

48

# മനുഷ്യനും പ്രകൃതിയും

ഖുർആനിലെ, *കഹ്ഫ്* (ഗുഹ) എന്ന അധ്യായം വളരെ പ്രാധാന്യ മർഹിക്കുന്ന ഒരാശയം മുന്നോട്ടുവെക്കുന്നു:

*തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കിനിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറി പ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ട് നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചുപോകരുത്.* (18:28)

ഈ വാക്യം ഒരു മത നിരോധനത്തെ മുന്നോട്ടുവെക്കുകയും അതോടൊപ്പം പ്രകൃതിയുടെ സാർവ്വത്രിക നിയമത്തെ സൂചിപ്പിക്കു കയും ചെയ്യുന്നു. ഒരർത്ഥത്തിൽ പ്രകൃതിനിയമങ്ങളുടെ പ്രസ്താവനക ളാണ് ഇതിലെ ഉള്ളടക്കം. പ്രകൃതിനിയമങ്ങളെ അനുസരിക്കുന്നവർ വിജയിക്കുന്നു. സ്വന്തം താത്പര്യങ്ങളെയും ആഗ്രഹങ്ങളെയും സംര ക്ഷിക്കാൻ ശ്രമിക്കുന്നവർ പരാജയപ്പെടുകയും ചെയ്യുന്നു.

ഓരോരുത്തരും ഓരോ ആഗ്രഹങ്ങളുടെ പിന്നാലെയാണ് പോയി ക്കൊണ്ടിരിക്കുന്നത്. ആഗ്രഹങ്ങൾക്ക് പിന്നാലെ പോകുമ്പോൾ ദൈവം കാട്ടിത്തന്ന പാതയിൽ നിന്ന് വ്യതിചലിച്ചുപോകുമെന്ന് തീർച്ചയാണ്. എന്നാൽ ആഗ്രഹങ്ങളെ സ്വയം നിയന്ത്രിച്ച്, പ്രകൃതിയിൽ പ്രത്യക്ഷ പ്പെടുന്നതും ഖുർആനിൽ വിവരിച്ചിട്ടുള്ളതുമായ ദിവ്യനിയമങ്ങളെ അറിയാനായി പരിശ്രമിക്കുന്നവർ ശരിയായപാത സ്വീകരിച്ചവരാണ്. അടുത്തഭാവിയിൽ അവർ തങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരു കതന്നെ ചെയ്യും. ഒരാൾ ജീവിതത്തിന്റെ അതിരുകളെ തിരിച്ചറിഞ്ഞ് അവക്ക് അർഹമായ പരിഗണന നല്കേണ്ടതുണ്ട്.

ഉദാഹരണത്തിന്, ഒരു വ്യക്തിക്ക് ലഭിച്ച സ്വാതന്ത്ര്യം ആസ്വദി ക്കാം, എന്നാൽ അരാജകത്വത്തെ അവൻ തെരഞ്ഞെടുക്കരുത്. സമാ ധാനത്തിന്റ വഴിയാണവൻ തെരഞ്ഞെടുക്കേണ്ടത്. അവൻ ഒരിക്കലും

അക്രമ മാർഗം സ്വീകരിച്ചുകൂടാ. സമൂഹത്തിൽ സ്നേഹത്തിന്റെ സംസ്കാരം പ്രചരിപ്പിക്കാൻ അവൻ ശ്രമിക്കണം. വെറുപ്പിന്റെയും അസഹിഷ്ണുതയുടെയും സംസ്കാരത്തെ പ്രോത്സാഹിപ്പിക്കരുത്. ഒരിക്കലും കള്ളം പറയരുത്. അക്കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ച യും പാടില്ല.

മനുഷ്യന് ഈ ലോകത്ത് പിന്തുടരേണ്ട രണ്ട് പാതകളുണ്ട്. ഒന്ന് സ്വന്തം താത്പര്യത്തിന്റെ പാത, മറ്റൊന്ന് ദൈവിക നിയമങ്ങളുടെ പാത. വികാരങ്ങളെ അഥവാ ആഗ്രഹങ്ങളെ പിൻപറ്റാൻ വളരെ എളു പ്പമാണ്. അത് വിനാശകരമായ തീരുമാനമാണ്. ഈ ലോകം നമ്മളാൽ നിർമ്മിക്കപ്പെട്ടതല്ല; ദൈവ നിർമ്മിതിയാണ്. അതിനാൽ ദിവ്യ നിയമങ്ങ ളോട് നമ്മൾ സ്വയം സമരസപ്പെടേണ്ടതാണ്. ഈ ലോകത്ത് നമ്മൾ സ്വതന്ത്രരാണ്. എന്നാൽ നമ്മുടെ സ്വാതന്ത്ര്യത്തിന് ചില പരിമിതി കളുണ്ട്. ദൈവം നിശ്ചയിച്ച പ്രകൃതി നിയമങ്ങളെ അനുസരിക്കേണ്ട തും അരാജകത്വത്തെ തിരസ്കരിക്കേണ്ടതുമുണ്ട്. അച്ചടക്ക സ്വഭാവ മുള്ള സ്വതന്ത്ര്യമേ അനുഭവിക്കാവൂ. അനിയന്ത്രിത സ്വതന്ത്ര്യം അനു വദിക്കരുത്.

പ്രകൃതി നിയമങ്ങൾ മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിത ത്തെ ചിട്ടപ്പെടുത്തലുമാണ് രണ്ടാമത്തെ പാത. ഖുർആൻ പ്രകൃതി നിയമങ്ങളുടെ അക്ഷര പ്രസ്താവനയാണ്. ഒരാൾ സത്യസന്ധനാണെ ങ്കിൽ പ്രകൃതി നിയമങ്ങളെ വിഴ്ചവരുത്താതെ പിന്തുടരാനാകും.

ഒരാൾ തന്റെ ആഗ്രഹങ്ങളെ സ്വയം നിയന്ത്രിക്കുകയും ദൈവം പ്രകൃതിയിൽ വെളിപ്പെടുത്തിയ, അഥവാ ഖുർആനിൽ പ്രസ്താവിച്ച ദൈവിക നിയമങ്ങളെക്കുറിച്ച് അറിയാൻ പ്രയത്നിക്കുകയുമാണെങ്കിൽ അയാൾ ശരിയായ പാത തെരഞ്ഞെടുത്തിരിക്കുന്നുവെന്ന് അർത്ഥം. അവിദൂര ഭാവിയിൽ അവൻ തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുക തന്നെ ചെയ്യും.

മനുഷ്യന് പ്രകൃതി നിയമങ്ങളെ ഒരിക്കലും അവഗണിക്കാനാവില്ല. അവന് സമാന്തര നിയമസംവിധാനം സ്ഥാപിക്കാനുമാവില്ല. നിലവിലു ള്ള നിയമങ്ങളെ കണ്ടെത്തുകയും അതിനനുസൃതമായ പ്രയത്നങ്ങൾ ആസൂത്രണം ചെയ്യുകയുമല്ലാതെ മറ്റ് പോംവഴികളില്ല. അതിന് വിപരീ തമായി പ്രവർത്തിക്കുന്ന ഏതൊരു സ്ത്രീക്കും പുരുഷനും യാതൊരുവിധ പ്രയോജനവും ലഭിക്കാൻ പോകുന്നില്ല. ഇവിടെ മുന്നോട്ടുവെക്കുന്ന മാർഗം വളരെ ലളിതമാണ്. ഒന്നുകിൽ പ്രകൃതി മാർഗം പിന്തുടരുക, അല്ലെങ്കിൽ സ്വയം നശിക്കുക.

## 49

# പാരസ്പര്യത്തിന്റെ പ്രാധാന്യം

ഖുർആൻ പാരസ്പര്യത്തിന് വലിയ പ്രാധാന്യമാണ് നല്കുന്നത്. പാരസ്പര ചർച്ചകൾ ഏതൊരു സാഹചര്യത്തിലും നടത്തണം. *ഫതഹ്* (വിജയം) എന്ന ഖുർആനിക അധ്യായം ആ തത്ത്വത്തിന് പ്രാമുഖ്യം നല്കുന്നുണ്ട്. പ്രസക്തമായ ആ ഖുർആൻ വചനങ്ങളുടെ വിവർത്തനം ഇപ്രകാരമാണ്:

*തീർച്ചയായും നിനക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നല്കിയിരിക്കുന്നു. നിന്റെ പാപത്തിൽ നിന്ന് മുൻപ് കഴിഞ്ഞുപോയതും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു നിനക്ക് പൊറുത്തുതരുന്നതിനുവേണ്ടിയും, അവന്റെ അനുഗ്രഹം നിനക്ക് നിറവേറ്റിത്തരുന്നതിനുവേണ്ടിയും, നിന്നെ നേരായ പാതയിലൂടെ നയിക്കുന്നതിനുവേണ്ടിയുമാകുന്നു അത്. അന്തസ്സാർന്ന ഒരു സഹായം അല്ലാഹു നിനക്ക് നല്കാൻ വേണ്ടിയും.* (48: 1-3)

ഈ ഖുർആൻ വാക്യത്തിന്റെ ഒരു ചരിത്രപശ്ചാത്തലമുണ്ട്. പ്രവാചകൻ സമാധാനപരമായ ദൗത്യം അറേബ്യയിൽ ആരംഭിച്ചു. അക്കാലത്ത് ഇന്നത്തെപ്പോലെ മത സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. അതിനാൽ, ജനങ്ങൾ അതിനെതിരെ രോഷാകുലരാവുകയും യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു.

പ്രവാചകൻ യുദ്ധത്തെ അനുകൂലിച്ചിരുന്നില്ല. ദിവ്യ സന്ദേശം എല്ലാവരിലുമെത്തിക്കാൻ അദ്ദേഹം വളരെയധികം ആഗ്രഹിച്ചിരുന്നുവെങ്കിലും പ്രതികൂല സാഹചര്യം നിലനിൽക്കുന്നതിനാൽ സമ്പർക്കങ്ങളെല്ലാം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. അത്തരുണത്തിൽ പ്രവാചകനും അനുയായികളും അമുസ്‌ലിം ശക്തികൾക്കെതിരെ ഹുദൈബിയയിൽ വെച്ച് നടത്തിയ യുദ്ധം തീവ്രമായിരുന്നു. ഹുദൈബിയയിൽ നിന്ന് മക്കയിലേക്ക് പോകാനൊരുങ്ങിയ പ്രവാചകനെയും അനുയായികളെയും ശത്രുക്കൾ തടഞ്ഞു. സ്വാഭാവികമായും സാഹചര്യം സാധാരണ നില കൈവരിക്കണമെന്നാഗ്രഹിച്ച പ്രവാചകൻ സമാധാന ചർച്ചകൾക്ക് തുടക്കം കുറിച്ചു. അത് രണ്ടാഴ്ചയോളം നീണ്ടുനിന്നു. ഹുദൈബിയാ സന്ധി എന്ന പേരിൽ അത് പിന്നീട് ചരിത്രത്തിൽ ഇടംപിടിച്ചു.

എതിരാളികൾ അക്രമം ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല. അക്കാര്യം മനസ്സിലാക്കിയ പ്രവാചകൻ അവരുടെ വ്യവസ്ഥകൾ ഏകപക്ഷീയമായി സ്വീകരിക്കാൻ തയ്യാറായി. അപ്രകാരം തർക്കങ്ങൾ അവസാനിപ്പിക്കാൻ എതിരാളികളും തയ്യാറായി. ആ സമാധാന ഉടമ്പടി അന്തിമ രൂപത്തിലെത്തിയപ്പോഴാണ് ഖുർആനിലെ പ്രസ്തുത സൂക്തം ഇറങ്ങിയത്. എതിർ പാർട്ടിയുടെ വ്യവസ്ഥകൾ ഏകപക്ഷീയമായി അംഗീകരിക്കുക വഴി യഥാർത്ഥത്തിൽ ഹുദൈബിയാ ഉടമ്പടി ഒരു അടിയറവ് പറയലായിരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ അതിനെ വിജയമായാണ് പ്രഖ്യാപിച്ചത്. അത് എന്തുകൊണ്ടായിരിക്കും?

ഉത്തരം വ്യക്തമാണ്. ഹുദൈബിയാ ഉടമ്പടിയിലൂടെ രണ്ടുവിഭാഗക്കാർ തമ്മിലുള്ള തടസ്സം നീങ്ങുകയും സമാധാനാന്തരീക്ഷം ഉടലെടുക്കുകയും ആശയ വിനിമയം നടത്തുന്നതിനുള്ള വാതിൽ തുറക്കപ്പെടുകയുമാണ് ഉണ്ടായത്. സത്യത്തിൽ അത് നയപരമായ ഒരു സമര തന്ത്രമായിരുന്നുവെന്നാണ് അതിന്റെ പരിണിത ഫലം തെളിയിച്ചത്.

യുദ്ധസമയത്ത് എല്ലാതരം ഇടപെടലുകൾക്കും വിലക്കുണ്ടായിരുന്നു. ഉടമ്പടിക്കുശേഷം ഇടപെടാനുള്ള വാതിലുകൾ പരക്കെ തുറക്കപ്പെട്ടു. എവിടെ ഇടപെടലുകൾ, കൂടിച്ചേരലുകൾ ഉണ്ടാകുന്നുവോ അവിടെയാണ് ചർച്ചകൾ നടക്കുക. അതേപോലെ എവിടെ ചർച്ചയുണ്ടോ അവിടെ പ്രത്യയശാസ്ത്രവിനിമയവും നടക്കും. എവിടെ ഇസ്‌ലാമിക പ്രത്യയശാസ്ത്ര വിനിമയം നടക്കുന്നുവോ അവിടെ എതിർ പാർട്ടിയുടെ മേൽ പ്രത്യയശാസ്ത്രപരമായ മേൽക്കോയ്മ സ്ഥാപിക്കാൻ ഇസ്‌ലാമിന് സാധിച്ചു. യഥാർത്ഥത്തിൽ ഇവിടെ സംഭവിച്ചതും അതുതന്നെയാണ്.

ആ ഉടമ്പടി പ്രാബല്യത്തിൽ വന്നതിന്റെ ഏതാനും വർഷങ്ങൾക്ക് ശേഷം അറേബ്യ മുഴുവനും ഇസ്‌ലാമിക ആശയങ്ങൾ പ്രചരിച്ചു. പ്രത്യയശാസ്ത്രത്തിലൂന്നിയ സമാധാന പോരാട്ടത്തിന് വാളുകളേക്കാൾ ശക്തിയുണ്ടെന്ന് തെളിയിക്കപ്പെട്ടു.

ഹുദൈബിയാസന്ധി കേവലമൊരു മതവിഷയമല്ല. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും കുടുംബത്തിലും സമൂഹത്തിലും ദേശീയ തലത്തിലുമുള്ള വിഷയങ്ങളെ സ്പർശിക്കുന്ന ഒരു പൊതു തത്ത്വമാണ് അതിലൂടെ സാധ്യമായത്. അതായത്, എതിരാളികളിൽ നിന്ന് തീവ്രമായ അക്രമങ്ങൾ നേരിടേണ്ടി വന്നാൽപ്പോലും അവരുടെ വ്യവസ്ഥകൾ ഏകപക്ഷീയമായി അംഗീകരിച്ച് സമാധാനം പുനസ്ഥാപിക്കാൻ തയ്യാറാവുക. സമാധാനപരമായ ബന്ധം നിലനിൽക്കുകയാണെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വിജയിക്കാൻ കഴിയും.

## 50

# ദൈവത്തിന്റെ സൃഷ്ടിപദ്ധതി

ഒരേതരം ചോദ്യങ്ങളാണ് എല്ലാവരും ചോദിച്ചുകൊണ്ടിരിക്കുന്നത്. താൻ ആരാണ്? ഈ ഭൂമിയിൽ തന്റെ കർത്തവ്യമെന്താണ്? മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമെന്താണ്? വിജയം എന്താണ്? പരാജയം എന്താണ്? അത്തരം ചോദ്യങ്ങളെ സ്വരൂപിച്ചാൽ ഒരേയൊരു ചോദ്യം മാത്രം: എന്താണ് ദൈവത്തിന്റെ പദ്ധതി?

ഖുർആനിലെ *മുൽക്ക്* (ആധിപത്യം) എന്ന അധ്യായത്തിൽ അതിനുള്ള ഉത്തരം നല്കുന്നുണ്ട്. അതിന്റെ പരിഭാഷ ഇങ്ങനെയാണ്.

*നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കാൻവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.* (67:2)

മനുഷ്യനെ ഒരനശ്വര ജീവി എന്ന നിലയിലാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ഖുർആനിക കാഴ്ചപ്പാടിൽ മനുഷ്യന്റെ ജീവിതവും മരണവും മരണത്തിന് മുൻപുള്ള ജീവിതവും മരണത്തിന് ശേഷമുള്ള ജീവിതവും വിലയിരുത്തപ്പെടുന്നു. അതുകൊണ്ട് ജനനവും മരണവും മനുഷ്യന്റെ അനശ്വര ജീവിതത്തെ മുഴുവനും ഉൾക്കൊള്ളുന്നു.

ദൈവം മനുഷ്യരെ സൃഷ്ടിച്ചത് സുചിന്തിതമായ പദ്ധതിയോടുകൂടെയാണ്. ഒരു സമ്മാനമായിട്ടല്ല ദൈവം മനുഷ്യന് പരിപൂർണ്ണ സ്വാതന്ത്ര്യം നല്കിയത്. ഒരു പരീക്ഷണം എന്ന നിലക്കാണ്. ഒരു പരിശോധനയിലൂടെ ആരെല്ലാമാണ് ലഭിച്ച സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതെന്നും ആരെല്ലാമാണ് അതിനെ ഉപയോഗപ്രദമാക്കിയതെന്നും ദൈവത്തിന് മനസ്സിലാക്കാൻ സാധിക്കും. മനുഷ്യന് എപ്പോഴത്തേക്കുമുള്ള ദൈവത്തിന്റെ ദിവ്യപദ്ധതിയാണത്.

പരീക്ഷണങ്ങൾ മനുഷ്യനെ പരീക്ഷിക്കാൻ വേണ്ടി മാത്രമുള്ളതല്ല. അതിന് മഹത്തായൊരു ലക്ഷ്യവുമുണ്ട്. മനുഷ്യ സൃഷ്ടിപ്പിനുമുൻപ് ദൈവം ഒരു ഉത്തമലോകം സൃഷ്ടിച്ചു. അതാണ് സ്വർഗം. ഉത്തമരായ സ്ത്രീ പുരുഷന്മാർ നിത്യതയുടെ ആ പറുദീസയിൽ സ്ഥിരതാമസക്കാരാകണമെന്ന് ദൈവം ആഗ്രഹിച്ചു. അതിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ സ്ഥലമാണ് വർത്തമാനലോകം.

ദിവ്യപദ്ധതിയിൽ വർത്തമാനലോകം മനുഷ്യന് വലിയൊരു അവസരമാണ് നല്കുന്നത്. മരണത്തിന് മുൻപുള്ള കാലഘട്ടത്തിൽ സ്വർഗ പ്രവേശനത്തിന് യോഗ്യതനേടാനുള്ള അവസരമാണീ ലോകം. അതിലൂടെ അവൻ സ്വർഗജീവിതത്തിന് യോഗ്യതയുള്ള സ്ഥാനാർത്ഥിയായി മാറുന്നു.

ആ ദിവ്യപദ്ധതി മനുഷ്യന് മഹത്തായ പ്രത്യാശനല്കുന്നുണ്ട്. വർത്തമാന ലോകം പ്രശ്നാധിഷ്ഠിതമാകാം. ദുഃഖങ്ങളും ദുരിതങ്ങളും പ്രതികൂല സാഹചര്യങ്ങളുമുള്ളതാകാം. ഖുർആൻ രേഖപ്പെടുത്തിയിട്ടുള്ള ദിവ്യ ജീവിതപദ്ധതി നമുക്ക് വലിയ ആശ്വാസം പ്രദാനംചെയ്യുന്നു. അത് കൂരിരുട്ടിലെ വെളിച്ചം പോലെയാണ്. ലോകത്ത് വേദനകൾ അനുഭവിക്കുന്ന സ്ത്രീ പുരുഷന്മാർക്ക് അത് വലിയ പ്രതീക്ഷനല്കുന്നു. ഈ ലോകത്ത് അനുഭവിക്കുന്ന എല്ലാ പരീക്ഷണങ്ങളും ചുരുങ്ങിയ കാലത്തേക്കുള്ളതാണ്. അത്തരം പരീക്ഷണങ്ങളിലൂടെ യോഗ്യത നേടിയവർ നിത്യതയുടെ പറുദീസയിലേക്ക് പ്രവേശനംനേടിയ ഭാഗ്യവാന്മാർ ആയിരിക്കും.

ഈ ഖുർആനിക ചിന്ത മനുഷ്യജീവിതത്തെ വിശദീകരിക്കുന്നു. അത് മനുഷ്യന്റെ നിലനിൽപ്പിനെ മാത്രമല്ല, അവൻ നേരിടുന്ന എല്ലാ വിഷമങ്ങളെയും വിശദീകരിക്കുന്നു. ജീവിതത്തിലെ നല്ലതും ചീത്തയുമായ എല്ലാറ്റിനും അത് വലിയ അർത്ഥംനല്കുന്നു.

മനുഷ്യൻ ഭൂമിയിൽ പിറന്നുവീഴുന്നത് അതിവിശിഷ്ട ഗുണങ്ങളോടുകൂടെയാണ്. പരിമിതികളില്ലാത്ത ആഗ്രഹങ്ങളുമായാണ് അവൻ ജനിക്കുന്നത്. അവന്റെ മനസ്സിന് അളവറ്റ കഴിവുകളുണ്ട്. എന്നാൽ ആ കഴിവുകളെ തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതുനും മുൻപ് അവന്റെ ജീവിതം അവസാനിച്ചുപോകുന്നു.

അകാലത്തിൽ സംഭവിക്കുന്ന മനുഷ്യ തിരോധാനം പൂർണ്ണമായും വിശദീകരിക്കാനാവാത്ത ഒരു പ്രതിഭാസമായി അനുഭവപ്പെടുന്നു. എന്നാൽ മേൽ വിവരിച്ച ദിവ്യപദ്ധതിയുടെ വെളിച്ചത്തിൽ മനുഷ്യജീവിതത്തെ പൂർണ്ണമായി വിശദീകരിക്കാനും മനസ്സിലാക്കാനും കഴിയും. അത് മനസ്സിൽ സൂക്ഷിച്ചാൽ ഓരോന്നും അതാതിന്റെ സമയത്ത് എങ്ങനെയാണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും.

## 51

# നല്ലത് തെരഞ്ഞെടുക്കുക

വിശുദ്ധ ഖുർആനിലെ, *തീൻ* (അത്തിമരം) ചെറിയൊരു അധ്യായമാണ്. എന്നാൽ അത് വലിയൊരു പാഠം ഉൾക്കൊള്ളുന്നതും സ്ത്രീ പുരുഷന്മാരുടെ ജീവിതത്തിന് ശാശ്വത പരിഹാരം നല്കുന്നതുമായ ഒരധ്യായമാണ്. അതിലെ പ്രസക്തമായ വചനങ്ങളുടെ ഭാഷാന്തരം ഇപ്രകാരമാണ്:

*തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു. വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. എന്നാൽ അവർക്കാകട്ടെ മുറിഞ്ഞ് പോകാത്ത പ്രതിഫലമുണ്ടായിരിക്കും.* (95: 4-6)

വിപുലമായ അർത്ഥം ഒളിഞ്ഞിരിക്കുന്ന വാക്യങ്ങളാണവ. പ്രകൃത്യാ ഓരോരുത്തർക്കും തങ്ങളുടേതായ വ്യക്തിത്വമുണ്ട്. ഇഹലോകത്തെ സർവ്വ വസ്തുക്കൾക്കും നല്ല ഗുണവും ചീത്ത ഗുണവും ഉള്ളതുപോലെ മനുഷ്യ വ്യക്തിത്വത്തിലും നന്മയും തിന്മയുമുണ്ട്. ആര് നന്മചെയ്യുന്നുവോ അവൻ വിജയിക്കുന്നു. ആര് തിന്മ പ്രവർത്തിക്കുന്നുവോ അവൻ പരാജയപ്പെടുന്നു.

നന്മ തിന്മകളെ യുക്തി, വികാരം എന്നീ തലക്കെട്ടുകളിൽ സംഗ്രഹിക്കാം. യുക്തിക്ക് വിധേയപ്പെടുന്നവനാണ് വിജയി. വികാരങ്ങൾക്ക് അടിപ്പെടുന്നവർക്ക് ദുരന്തത്തെ നേരിടേണ്ടിവരുന്നു. കാരണം, പക്ഷപാതരഹിതമായ നിലപാടുകൾ മനുഷ്യനെ യാഥാർത്ഥ്യബോധത്തിലേക്ക് നയിക്കും. അത് നമ്മെ പക്വതയുള്ള വ്യക്തിയായി മാറാനും, നന്നായി പ്രതികരിക്കാനും പ്രവർത്തനങ്ങളെ യുക്തിസഹമായി ആസൂത്രണം ചെയ്യാനും സഹായിക്കും.

വൈകാരികസമീപനം എന്നത് അവിവേക സമീപനത്തിനുള്ള മറ്റൊരു പേരാണ്. ഒരാൾ തന്റെ വികാരങ്ങൾക്ക് അടിമപ്പെട്ടവനാണെങ്കിൽ അയാളുടെ ഇടപെടലുകൾ യഥാർത്ഥമായിരിക്കില്ല. അവന്റെ പ്രവർത്തനങ്ങൾ പ്രമുഖമായ ഒരു ചൊല്ലിന് സദൃശമാകും: 'മാലാഖമാർ ചവിട്ടാൻ മടിക്കുന്നിടത്തിന് വിഡ്ഢികൾ തിരക്കുകൂട്ടുന്നു.' അതിലെ

ഒരു വാക്ക് മാറിയാൽ, 'മാലാഖമാർ ചവിട്ടാൻ മടിക്കുന്നിടത്തിന് വികാരാധീനരായവർ തിരക്കുകൂട്ടുന്നു' എന്നായിമാറും.

വൈകാരിക സമീപനം എന്നത് ലളിതമായ ഒരു കാര്യമല്ല. അതിന് വലിയ വില നല്കേണ്ടിവരും. വൈകാരികമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് സ്ഫടിക വസ്തുക്കൾ തെറ്റായി കൈകാര്യം ചെയ്യുന്നതുപോലെയായിരിക്കും. നമുക്ക് ഇരുമ്പുപാത്രങ്ങൾ അലസമായി കൈകാര്യം ചെയ്യാം. പക്ഷേ, സ്ഫടിക പാത്രങ്ങൾ അങ്ങനെ കൈകാര്യം ചെയ്യാനാവില്ല. കാരണം, അത് താഴെവീണ് തകർന്ന് തരിപ്പണമായിപ്പോകും. ഏതൊരു മാനസികാവസ്ഥയിലും കാര്യങ്ങളെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യണം. അല്ലാത്തപക്ഷം സ്ഫടിക പാത്രം പൊട്ടിച്ചിതറിയ പ്രതീതിയാകും സൃഷ്ടിക്കുക. അപ്രകാരമാണ് സംഭവിക്കുന്നതെങ്കിൽ ബന്ധങ്ങൾ തകർന്നടിഞ്ഞുപോകും. അത്തരമൊരു തകർച്ച നമുക്ക് താങ്ങാൻ കഴിയുന്നതിനുമപ്പുറമായിരിക്കും.

മനുഷ്യമനസ്സിന്റെയും ശരീരത്തിന്റെയും അതുല്യസങ്കലനമാണ് മനുഷ്യവ്യക്തിത്വം. എല്ലാ സ്ത്രീ പുരുഷന്മാർക്കും ലഭിച്ച വലിയൊരു വരദാനമാണത്. ആ വ്യക്തിത്വത്തെ ഒരാൾ നല്ല കാര്യത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെങ്കിൽ അതിലൂടെ ഉയർന്ന നേട്ടം കൈവരിക്കാനാകും. എന്നാൽ ഒരാളുടെ വ്യക്തിത്വത്തെ തെറ്റായ രീതിയിലാണ് ഉപയോഗിക്കുന്നതെങ്കിൽ അത് സ്ഫടികപാത്രത്തെ തെറ്റായി കൈകാര്യം ചെയ്യുന്നതുപോലെയായിരിക്കും. അതിന് വലിയ വില കൊടുക്കേണ്ടിയും വരും. അത് നിരാശാജനകമായ പരാജയത്തിലേക്ക് നയിക്കും. വ്യക്തിത്വത്തെ ശരിയായി ഉപയോഗിക്കുന്നതിലൂടെ മഹത്തായ നേട്ടം കൈവരിക്കാനാകും.

ഇഹലോകത്തെ മറ്റെല്ലാ ജീവജാലങ്ങളിൽ നിന്നും മനുഷ്യനുമാത്രമായുള്ള സവിശേഷത അവന് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ടെന്നതാണ്. മനുഷ്യനെ ഉന്നതങ്ങളിലേക്കുയർത്തുന്ന ഒരു വലിയ സൗഭാഗ്യമാണവന് നല്കപ്പെട്ടത്. എന്നാൽ, തെരഞ്ഞെടുപ്പിനുള്ള ആ സ്വാതന്ത്ര്യം ഇരുതല മൂർച്ചയുള്ള വാളുപോലെയാണ്. അത് നമ്മുടെ ശത്രുവെ ഇല്ലാതാക്കുന്നതോടൊപ്പം നമ്മെയും ഇല്ലാതാക്കിയേക്കും. ആയതിനാൽ ആ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നതിൽ നമ്മൾ ശ്രദ്ധാലുക്കളാണെങ്കിൽ നമ്മൾ വിജയിക്കും. നമ്മൾ സാർവ്വദേശീയ നായകനായി മാറും. എന്നാൽ, നമ്മളാ സ്വാതന്ത്ര്യത്തെ മോശമായ വിധത്തിലാണ് കൈകാര്യംചെയ്യുന്നതെങ്കിൽ അതിന്റെ ഫലം നമ്മൾ അനുഭവിക്കും.

52

# വൈവിധ്യങ്ങളുടെ പ്രസക്തി

സാർവ്വത്രിക ഐക്യം ലോകസംസ്കാരമല്ല. അതിന്റെ അഭാവം ലോകമെങ്ങും പ്രകടമാണ്. ഖുർആൻ ആ വസ്തുത ഊന്നിപ്പറയുന്നുണ്ട്: '*പർവ്വതങ്ങളിലെ കല്ലുകൾക്ക് വ്യത്യസ്ത നിറമാണ്*' (35:27), '*സസ്യങ്ങളിൽ വൈവിധ്യമുണ്ട്*' (20:53). ജന്തുലോകത്തും അത് പ്രകടമാണ്. '*ആകാശ ഭൂമികളുടെ സൃഷ്ടിയും, നിങ്ങളുടെ ഭാഷകളിലും വർണ്ണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.*' (30:22)

ജീവിതം വൈവിധ്യപൂർണമാണെന്നത് വസ്തുതയാണ്. യഥാർത്ഥത്തിൽ ഓരോ സ്ത്രീയും പുരുഷനും ശ്രീമതി വ്യത്യസ്ത, ശ്രീമാൻ വ്യത്യസ്തൻ എന്ന നിലയിലാണുള്ളത്. വൈവിധ്യം എന്നത് പ്രകൃതിയുടെ അവിഭാജ്യ ഘടകമാണ്. അതിനെ മാറ്റിമറിക്കുക അസാധ്യവും. അത്തരം സന്ദർഭങ്ങളിൽ നാം അവലംബിക്കേണ്ട മാർഗം എന്താണ്?

സഹിഷ്ണുതയുടെ മാർഗം അവലംബിക്കുക എന്നതാണ് അതിനുള്ള ഏകപോംവഴി. ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്വത നിർണ്ണയിക്കുന്നത് ചുറ്റുപാടുകളെ സഹിഷ്ണുതയോടെ ഉൾക്കൊള്ളുന്നതിലൂടെയാണ്. അത്തരം സാഹചര്യങ്ങളിൽ ഭിന്നതകളെ കൈകാര്യം ചെയ്യാനുള്ള കഴിവ് സ്വായത്തമാക്കണം. സമൂഹത്തിലെ ഭിന്നതകൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് അവയെ ശരിയായി കൈകാര്യംചെയ്യലാണ്.

ഭിന്നതകൾ കൈകാര്യംചെയ്യുക പ്രയാസമുള്ള കാര്യമല്ല. മനുഷ്യമനസ്സിന് അത് എളുപ്പമാണ്. മനുഷ്യമനസ്സിനെ സംബന്ധിച്ച് ഇപ്രകാരം പറയാറുണ്ട്: 'അത് വൈരുധ്യങ്ങളെല്ലാം ഉൾക്കൊള്ളാൻ മാത്രം വലുതാണ്.'

ഭിന്നത എന്നത് സമൂഹത്തിന്റെ നന്മയാണ്. അത് തിന്മയല്ല. ഭിന്നത ഒരു വെല്ലുവിളിയാണ്. ഭിന്നത മനസ്സിനെ ഊർജ്ജസ്വലമാക്കുന്നു. ഭിന്നത ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കും. ചർച്ചകളും സംവാദങ്ങളും ബൗദ്ധിക വികസനം സാധ്യമാക്കും. ഭിന്നത ബൗദ്ധിക മുരടിപ്പിൽ നിന്ന് നമ്മെ രക്ഷിക്കും.

എല്ലാവരും ഒരേപോലെ ചിന്തിച്ചാൽ ആരും അധികം ചിന്തിക്കില്ല എന്നൊരു ചൊല്ലുണ്ട്. സർവൈക്യം പ്രകൃതിയുടെ ഭാഗമല്ല. പ്രകൃതി പദ്ധതികൾ വൈവിധ്യത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. അവ ഏകീകൃത സ്വഭാവമുള്ളവയല്ല.

സഹിഷ്ണുത എന്നത് ഒരു നിഷ്ക്രിയ മനോഭാവമല്ല. അത് ക്ഷമ, പരിശീലനം, ആദരവ്, സംയമനം, ഗാഢമായ ജ്ഞാനം, മറ്റുള്ളവരുമായി സഹവസിക്കാനുള്ള സന്നദ്ധത എന്നീ ശ്രേഷ്ഠമൂല്യങ്ങളുടെ സംയോജനമാണ്. അത്തരം ഗുണങ്ങളാണ് ഒരു നല്ല വ്യക്തിയെ വാർത്തെടുക്കുന്നത്. സഹിഷ്ണുതയുടെ ചൈതന്യം നഷ്ടപ്പെട്ട ഒരാൾ എല്ലാതരം മാനുഷിക മൂല്യങ്ങളും നഷ്ടപ്പെട്ടവനായിരിക്കും.

വിലപ്പെട്ട മൂല്യങ്ങളിൽ നിന്നുള്ള വ്യതിചലനം സ്ത്രീയുടേതാണെങ്കിലും പുരുഷന്റേതാണെങ്കിലും വിനാശകരമായ വീഴ്ചതന്നെയാണ്. സഹിഷ്ണുത എന്ന ഗുണം ഒരാളിലുണ്ടെങ്കിൽ അത് അവനെ അത്തരത്തിലുള്ള വീഴ്ചകളിൽ നിന്ന് സംരക്ഷിക്കും. സഹിഷ്ണുതയുള്ള ഒരാൾ അസുഖകരങ്ങളായ സാഹചര്യങ്ങളെ ഒഴിവാക്കും. എന്നാൽ, ഒരാൾ അസഹിഷ്ണുത പുലർത്തുന്നവനാണെങ്കിൽ അയാൾ എല്ലാതരം വിഷയങ്ങളിലും ഇടപെടും. അവർ ജീവിതത്തെ നാശത്തിലേക്ക് നയിക്കുകയും ചെയ്യും.

സഹിഷ്ണുത എന്നത് ഏത് സാഹചര്യങ്ങളിലും പരിഗണന നല്കുന്ന പ്രതികരണമാണ്. ഒരു സുബോധ മനസ്സിന്റെ ചിഹ്നമാണത്. സുബോധ മനസ്സിനുടമ പെട്ടെന്നുള്ള പ്രതികരണത്തിൽ നിന്ന് മാറി നിൽക്കും. അത്തരക്കാർ സാഹചര്യങ്ങളെ പരിശോധിക്കാൻ ശ്രമിക്കുന്നവരും തങ്ങളുടെ പ്രവർത്തികളുടെ ഗുണദോഷങ്ങളെ വിലയിരുത്തുന്നവരും അതിനുശേഷം മാത്രം പ്രതികരിക്കുന്നവരുമായിരിക്കും. അതാണ് സഹിഷ്ണുതയുടെ ആത്മാവ്. സഹിഷ്ണുത ജ്ഞാനിയുടെ അടയാളമാണ്.

53

# ആത്മനിയന്ത്രണം

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ, റമളാൻ മാസത്തിലെ ഉപവാസം ഖുർആനിലെ *ബഖറ* (പശു) എന്ന അധ്യായത്തിൽ പറഞ്ഞ തനുസരിച്ച് വിശ്വാസികൾ അനുഷ്ഠിച്ചുവരുന്നു. പ്രസ്തുത വചനത്തിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്:

*സത്യവിശ്വാസികളേ, നിങ്ങളുടെ മുൻപുള്ളവരോട് കല്പിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബ്ബന്ധമായി കല്പിക്കപ്പെട്ടി രിക്കുന്നു. നിങ്ങൾ (ദോഷബാധയെ) സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.* (2:183)

എന്താണ് ഉപവാസം കൊണ്ട് ഉദ്ദേശിക്കുന്നത്? നീണ്ട ഒരു മാസക്കാലം അന്നപാനീയങ്ങൾ വർജ്ജിക്കൽ മാത്രമാണോ അത്?

സൂര്യോദയത്തോടുകൂടെ ആരംഭിച്ച് സൂര്യാസ്തമയത്തോടുകൂടെ അവസാനിപ്പിക്കുന്നതാണ് ഉപവാസം. അതായത്, പകൽ സമയത്തൊ ഴികെ വിശ്വാസികൾക്ക് തിന്നുകയും കുടിക്കുകയുമാവാം.

എന്നാൽ ഇസ്‌ലാമിക അധ്യാപന പ്രകാരം ഉപവാസം വിശപ്പും ദാഹവും അനുഭവിക്കൽ മാത്രമല്ല, ആഗ്രഹങ്ങളെ സ്വയം നിയന്ത്രി ക്കാനും ആത്മാവിനെ വിമലീകരിക്കാനുമുള്ള പരിശീലനമാണത്. പ്രവാചകൻ പറഞ്ഞിരിക്കുന്നു: 'അസഭ്യ ഭാഷ ഉപയോഗിക്കുന്നതിൽ നിന്നും ചീത്ത നടപടിക്രമങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാത്ത ഒരാളുടെ ഉപവാസം ദൈവം സ്വീകരിക്കുന്നതല്ല.'

യഥാർത്ഥത്തിൽ, മനുഷ്യർ വലിയ ആഗ്രഹങ്ങളും, ഞാനെന്ന ഭാവവും കൊണ്ടുനടക്കുന്നവരാണ്. മനുഷ്യഹൃദയത്തിൽ അഹംഭാവവും നീച ചിന്തകളും ഒളിഞ്ഞിരിപ്പുണ്ട്. ഒരു യാഥാർത്ഥ വിശ്വാസി തന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കുകയും ആത്മനിയന്ത്രണത്തോടുകൂടെ ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവനാണ്.

റമളാൻമാസത്തിൽ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് മനുഷ്യൻ എല്ലാതരം ദുശ്ശീലങ്ങളിൽനിന്നും മാറിനിൽക്കാൻ പരിശീലിക്കുന്നു. ഒരു മാസക്കാലത്തെ നീണ്ട ഉപവാസം മനുഷ്യസ്വഭാവത്തെ സമൂലമായി മാറ്റുമെന്ന് മനശ്ശാസ്ത്രപഠനങ്ങൾ തെളിയിക്കുന്നു. മറ്റൊരു വിധത്തിൽ

പറഞ്ഞാൽ, റമളാൻ മാസത്തെ ഉപവാസം മനുഷ്യമനസ്സിനെ ആസ്പദമാക്കിയുള്ളതാണ്, അത് മനുഷ്യമനസ്സിന് ധാർമ്മിക പരിശീലനം നേടിയെടുക്കാനുള്ളതാണ്.

ഒരു യഥാർത്ഥ വിശ്വാസി തന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കുകയും ആത്മനിയന്ത്രണത്തോടുകൂടിയ ജീവിതം നയിക്കാൻ ശ്രമിക്കുകയും ചെയ്യും.

അച്ചടക്കമുള്ള പെരുമാറ്റത്തിന് ഏതൊരു സ്ത്രീയുടെയും പുരുഷന്റെയും ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. ആത്മനിയന്ത്രണം സിദ്ധിച്ച ഒരു വ്യക്തിയെ സമൂഹം അംഗീകരിക്കും. അയാൾ സമൂഹത്തിലെ ഉന്നത വ്യക്തിത്വവുമായിരിക്കും. ആത്മനിയന്ത്രണം ഒരാളെ ആദർശവാനും, തന്റെ കർത്തവ്യങ്ങളെ ഭംഗിയായി നിറവേറ്റാൻ പ്രാപ്തിയുള്ളവനുമാക്കും. ആത്മനിയന്ത്രണം പക്വതയുള്ള വ്യക്തിത്വത്തെ വളർത്തിയെടുക്കുകയും അയാളുടെ കഴിവുകൾ സന്മാർഗ പാതയിൽ ഉപയോഗപ്പെടുത്താൻ സഹായിക്കുകയും ചെയ്യും. പക്വതയാർന്ന വ്യക്തിത്വം രൂപപ്പെടുത്തുക എന്നതാണ് സകല ജീവിത വിജയങ്ങൾക്കും ആധാരം. അത് ഒരാളെ പ്രകോപനങ്ങളിൽ നിന്നും, വിദ്വേഷങ്ങളിൽ നിന്നും അനാവശ്യ ഇടപെടലുകളിൽ നിന്നും മോചിപ്പിക്കും. ജീവിതത്തിന്റെ സകല തലങ്ങളും ശരിയാംവണ്ണം കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുന്ന ഒരു തത്ത്വമാണ് ആത്മനിയന്ത്രണം. ആത്മനിയന്ത്രണമുള്ള വ്യക്തി ആ വാക്കിന്റെ മുഴുവൻ പൊരുളും ഉൾക്കൊണ്ടുകൊണ്ട് ജീവിതത്തിന്റെ സകല മേഖലകളും നിയന്ത്രിക്കും. ആത്മനിയന്ത്രണം പാലിക്കാത്ത വ്യക്തി മൃഗത്തെപ്പോലെയാണ്. ആത്മനിയന്ത്രണം ഒരാളെ പൂർണ്ണ വ്യക്തിയാക്കിമാറ്റുന്നു. ആത്മനിയന്ത്രണം സ്വാതന്ത്ര്യത്തിന് അതിരുകൾ നിർണ്ണയിക്കുന്നു. ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുകയും വഴിപിഴക്കാതെ സംരക്ഷിക്കുകയും ചെയ്യുന്നു.

ആത്മ നിയന്ത്രണം ഭാവിയിൽ വലിയ പ്രയോജനം ചെയ്യും. ഭാവി കെട്ടിപ്പടുക്കുന്നതിൽ അതിന് വലിയ പങ്കുണ്ട്. അത് ഒരാളെ, 'അയ്യോ! എനിക്ക് ബസ് മിസ്സായിപ്പോയല്ലോ...' എന്ന പറച്ചിലിൽ നിന്ന് രക്ഷിക്കും.

## 54

# അധഃപതനം

മറ്റ് മത സമുദായങ്ങളെപ്പോലെ മുസ്ലിംകളും ധാർമ്മികാധഃപതന ത്തിന്റെ കാലഘട്ടത്തിലൂടെയാണ് കടന്നുപോയത്. കാലമിത്ര കടന്നു പോയിട്ടും കാര്യങ്ങൾ ഇനിയും മെച്ചപ്പെട്ടിട്ടില്ലെന്നതാണ് വസ്തുത. അതിനെതിരെ നമുക്കെന്താണ് ചെയ്യാൻ സാധിക്കുക?

പ്രതിവിധി ഖുർആനിലെ, *ഹദീദ്* എന്ന അധ്യായത്തിൽ വിവരിച്ചി ട്ടുണ്ട്. പ്രസക്തമായ അതിന്റെ വിവർത്തനം ഇപ്രകാരമാണ്:

*വിശ്വാസികൾക്ക് അവരുടെ ഹൃദയങ്ങളെ അല്ലാഹുവിനെ പറ്റിയു ള്ള സ്മരണയിലേക്കും, അവതരിച്ചുകിട്ടിയ സത്യത്തിലേക്കും കീഴൊ തുങ്ങുവാനും തങ്ങൾക്ക് മുൻപ് വേദഗ്രന്ഥം നല്കപ്പെട്ടവരെപ്പോലെ ആകാതിരിക്കുവാനും സമയമായില്ലേ? അങ്ങനെ ആ വേദക്കാർക്ക് കാലം ദീർഘിച്ചുപോകുകയും തന്മൂലം അവരുടെ ഹൃദയങ്ങൾ കടു ത്തുപോകുകയും ചെയ്തു. അവരിൽ അധികമാളുകളും ദുർമ്മാർഗി കളാകുന്നു.*

*നിങ്ങൾ അറിഞ്ഞുകൊള്ളുക: തീർച്ചയായും അല്ലാഹു ഭൂമിയെ അത് നിർജ്ജീവമായതിനുശേഷം സജീവമാക്കുന്നു. തീർച്ചയായും നാം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചുതന്നിരിക്കുന്നു. നിങ്ങൾ ചിന്തിക്കു വാൻ വേണ്ടി.* (57: 16,17)

മുസ്ലിം സമുദായത്തിന്റെ പതനകാലമാണ് മേലുദ്ധരിച്ച ഖുർആനിക വചനം സൂചിപ്പിക്കുന്നത്. ദൈവഭയം നഷ്ടപ്പെട്ടതിനാ ലും വിശ്വാസരാഹിത്യം സംഭവിച്ചതിനാലുമാണ് മുസ്ലിം സമുദായം അധഃപതനത്തിൽ അകപ്പെട്ടത്. അങ്ങനെയാണെങ്കിൽ അവരെ നേർവ ഴിയിലേക്ക് നയിക്കാനുതകുന്ന പുനരുദ്ധാരണത്തിന്റെ, അല്ലെങ്കിൽ പരി ഷ്കരണത്തിന്റെ മാർഗം ഏതാണ്?

കാർഷികമേഖലയിൽ നിന്നുള്ള ഒരു ഉദാഹരണത്തിലൂടെ അക്കാര്യം വിശദീകരിക്കാം: കാലം ചെല്ലുമ്പോൾ ഫലഭൂയിഷ്ഠമായ നിലം തരിശു നിലമായിമാറുന്നു. കൃഷിക്കുവേണ്ടി കർഷകൻ വീണ്ടും തന്റെ ഭൂമിയെ ഫലഭൂയിഷ്ഠമാക്കാൻ ശ്രമിക്കുന്നു. തരിശായ ഭൂമിയിലാണ് അയാൾ വീണ്ടും കൃഷി ചെയ്യുന്നതെങ്കിൽ അത് കുതിരയുടെ മുൻ ഭാഗത്ത്

വണ്ടി ഘടിപ്പിച്ചതുപോലെയായിരിക്കും. കൃഷിക്കാരൻ കൃഷിയിലൂടെയല്ല തുടങ്ങേണ്ടത്, കൃഷിയിടത്തെ ഫലഭൂയിഷ്ഠമാക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

അധഃപതിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം സമുദായത്തിനും അത് ബാധകമാണ്. പരിഷ്കർത്താക്കൾ തങ്ങളുടെ പ്രവർത്തനം മുതൽ ആരംഭിക്കണം, മറിച്ച് അവസാനത്തിൽ നിന്നല്ല. ഉദാഹരണത്തിന്, അത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ പരിഷ്കർത്താക്കൾ ഭരണം സ്ഥാപിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അത് വിജയിക്കുകയില്ല. മറിച്ച്, ജനങ്ങളിൽ മതത്തിന്റെ അന്തസ്സത്ത പുനരുജ്ജീവിപ്പിക്കുകയും, അവരുടെ ആത്മാക്കളെ ഉണർത്തുകയും അവരിൽ ബൗദ്ധിക വികസനം കൊണ്ടുവരികയുമാണെങ്കിൽ അതായിരിക്കും ശരിയായ തുടക്കം.

ഒരു മതത്തിന്റ പതനം അതിന്റെ അന്തസ്സത്തയിലുള്ള പതനമാണ്, അല്ലാതെ രൂപത്തിലുള്ളതല്ല. രൂപങ്ങളും ആചാരങ്ങളും എല്ലായ്പോഴും നിലനിൽക്കുന്നതാണ്. അപ്രത്യക്ഷമാകുന്നത് അന്തസ്സത്തയാണ്. അതുകൊണ്ട് അന്തസ്സത്തയാണ് പുനരുജ്ജീവിപ്പിക്കേണ്ടത്. അല്ലാതെ, രൂപങ്ങളോ ആചാരങ്ങളോ അല്ല.

എന്താണ് ജീർണ്ണത?

അത് ഒരുതരത്തിലുള്ള നിസ്സംഗതയാണ്. ജനങ്ങൾ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം മറക്കുകയും ചില നിർജ്ജീവ ആചാരങ്ങളിൽ മാത്രമായി ഒതുങ്ങുകയും ചെയ്യുന്നതാണ് ജീർണ്ണതയുടെ യഥാർത്ഥ അടയാളം.

അപ്പോൾ മുസ്‌ലിംകൾ തങ്ങളുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്, ഇസ്‌ലാമിന്റെ നിലവിലെ പ്രത്യയശാസ്ത്രം പുനരുദ്ധീകരിക്കുകയും അവരുടെ മനസ്സുകളെ പ്രവാചകനും അദ്ദേഹത്തിന്റെ അനുചരന്മാരും പിന്തുടർന്ന പാതയിലേക്ക് നയിക്കുകയുമാണ് വേണ്ടത്. അതിനെയാണ്, തജ്ദീദ് അല്ലെങ്കിൽ പുനരുത്ഥാനം എന്ന് ഹദീസിൽ വിളിക്കുന്നത്.

പരിഷ്കർത്താക്കൾക്ക് മതാചാരങ്ങളെ മാത്രം പുനരുജ്ജീവിപ്പിക്കുകയാണ് വേണ്ടതെങ്കിൽ തജ്ദീദ് എന്ന നടപടി വിജയകരമാവില്ല. തരിശുനിലത്തിന്റെ ഉദാഹരണം നമ്മോട് പറയുന്നത്, പരിഷ്കരണത്തിന്റെ ആരംഭം ബൗദ്ധിക ഉണർവ്വ് ആണെന്നാണ്. അല്ലാതെ, മതാചാരങ്ങളെ പുനരുജ്ജീവിപ്പിക്കലല്ല.

പുനരുത്ഥാന പ്രവർത്തനത്തിന് സമകാലിക ശൈലി ഉപയോഗിച്ചുകൊണ്ടുള്ള സൃഷ്ടിപരമായ സമീപനമാണ് ആവശ്യം. പരിഷ്കർത്താക്കൾ തങ്ങളുടെ കേൾവിക്കാരുടെ മനോഭാവം മനസ്സിലാക്കി അവരുടെ മനസ്സുകളെ അഭിസംബോധന ചെയ്യുന്നവിധത്തിൽ ധർമ്മോപദേശങ്ങൾ നല്കണം. ജനങ്ങളുടെ മനസ്സിനെ തൊട്ടുണർത്തിയില്ലെങ്കിൽ പരിഷ്കരണ പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കില്ല.

## 55

# തിരുനബിയുടെ ജീവിതം ഒരു തുറന്ന പുസ്തകം

ഇസ്‌ലാമിന്റെ പ്രവാചകന്റേത് ഖുർആൻ അനുസരിച്ചുള്ള ഒരു മാതൃകാജീവിതമായിരുന്നു. പ്രവാചകന്റെ സ്വഭാവ വൈശിഷ്ട്യങ്ങൾ ഖുർആനിൽ വിവരിക്കുന്നുണ്ട്. അവയിൽ ഒന്നാണ്, *യൂനുസ്* എന്ന അധ്യായത്തിലേത്. അതിലെ പ്രസക്ത വചനത്തിന്റെ തർജ്ജമ ഇപ്രകാരമാണ്:

*പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് ഞാനിത് ഓതിക്കേൾപ്പിക്കുകയോ, നിങ്ങളെ അവൻ ഇത് അറിയിക്കുകയോ ചെയ്യില്ലായിരുന്നു. ഇതിനുമുൻപ് കുറെ കാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ചിന്തിക്കുന്നില്ലേ?* (10:16)

പ്രവാചകന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവ മഹിമ സുവിദിതമാണ്. പ്രവാചകന്റെ ജീവിത പുസ്തകത്തിലെ ഒരധ്യായം പോലും സമകാലികർക്ക് അന്യമായിരുന്നില്ല. എല്ലാവർക്കും എപ്പോഴും അദ്ദേഹത്തെ സമീപിക്കാമായിരുന്നു. ചോദ്യങ്ങൾക്ക് ഉത്തരം നല്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതവും പൊതു ജീവിതവും തമ്മിൽ വൈരുധ്യമുണ്ടെന്ന് ശത്രുക്കൾക്ക് പോലും പറയാൻ കഴിഞ്ഞിരുന്നില്ല.

അത് കേവലം വ്യക്തിപരമായ ഒരു കാര്യമല്ല. അതിന് വലിയ സാമൂഹ്യമൂല്യമാണുള്ളത്. ഒരാളുടെ കുറ്റമറ്റ ജീവിതവും വിശ്വസനീയ ഗുണവും അയാളെ വിശ്വാസ യോഗ്യനാക്കുകയും, പറയത്തക്ക ഗുണങ്ങളുള്ള വ്യക്തിയായി അദ്ദേഹത്തെ അംഗീകരിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. അത്തരത്തിലുള്ള സ്വഭാവ മഹിമ ഉള്ളതുകൊണ്ടാണ് പ്രവാചകന് മക്കയിൽ മഹത്തായ പ്രതിഛായ നേടിയെടുക്കാൻ സാധിച്ചത്. ജനങ്ങൾ അദ്ദേഹത്തിന് അൽ സ്വാദിഖ്, അൽ അമീൻ (വിശ്വാസയോഗ്യൻ, സത്യസന്ധൻ) എന്നീ വിശേഷണങ്ങൾ നല്കി.

ഖുർആനിൽ പ്രസ്താവിച്ച പ്രകാരം പ്രവാചകന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവം ഓരോരുത്തർക്കും അതിസൂക്ഷ്മമായി അറിയാമായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദോഷ മായ ആ സ്വഭാവ മഹിമയാണ് പുരാതന അറേബ്യയിലെ ജനങ്ങളെ, 'അല്ലയോ പ്രവാചകാ, താങ്കൾ പറയുന്നത് കള്ളമാണ്. താങ്കൾ ദൈവ ത്തിന്റെ പ്രവാചകനാണെന്ന് പറയുന്നത് സത്യമല്ല' എന്ന് പറയുന്ന തിൽ നിന്ന് തടഞ്ഞത്.

ദൈവം അദ്ദേഹത്തെ പ്രവാചകനായി നിയമിച്ചിരിക്കുന്നുവെന്ന പ്ര ഖ്യാപനത്തെ നിഷേധിക്കാൻ അവർക്കാർക്കും കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ വിശിഷ്ട സ്വഭാവം ഒന്നുകൊണ്ട് മാത്രമാണ് അംഗീകാ രത്തിന്റെ ആ അത്ഭുതം സംഭവിച്ചത്. അദ്ദേഹവുമായി അടുത്ത ബന്ധ മുള്ളവരും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് നന്നായി അറിയുന്ന വരും ആദ്യവസരത്തിൽത്തന്നെ രഹസ്യമായും പരസ്യമായും അദ്ദേഹ ത്തിന്റെ പ്രവാചകത്വം അംഗീകരിച്ചിരുന്നു.

ഒരിക്കൽ മക്കയിലെ ഒരു നേതാവ് പ്രവാചകനെ കണ്ടുമുട്ടുകയും, പ്രവാചകന്റെ ദിവ്യ വെളിപാടുകളെക്കുറിച്ചുള്ള മക്കാ നിവാസികളുടെ വൈമനസ്യം അറിയിക്കുകയും ചെയ്തു. കാരണം, അവർ ഒരിക്കലും പ്രവാചകന്റെ അടുക്കൽ മാലാഖ വെളിപ്പെടുന്നത് കണ്ടിരുന്നില്ല. പക്ഷേ, അദ്ദേഹം കൂട്ടിച്ചേർത്തു: 'ഓ പ്രവാചകരേ, നിങ്ങളുടെ സത്യസ ന്ധതയെക്കുറിച്ച് ഞങ്ങൾക്ക് അറിയാവുന്നതുകൊണ്ട് താങ്കൾ പറയു ന്നത് കള്ളമാണെന്ന് ഞങ്ങൾ പറയില്ല.'

പ്രവാചകത്വത്തിൽ വിശ്വസിക്കുന്ന ഏവർക്കും പ്രവാചകൻ ഒരു മാതൃകാ പുരുഷനായിരുന്നു. അത്തരത്തിലുള്ള സ്വഭാവമഹിമ ദൈവ ത്തിന്റെയും ജനങ്ങളുടെയും ദൃഷ്ടിയിൽ അദ്ദേഹത്തിന് പ്രതിഷ്ഠ നേടിക്കൊടുത്തു. എന്നാൽ, അത്തരത്തിലുള്ള സ്വഭാവം പ്രവാചക ന്റെ മാത്രം പ്രത്യേകാവകാശമല്ല. ഓരോ വിശ്വാസിയും തീർച്ചയായും അത്തരത്തിലുള്ള സ്വഭാവത്തെ അനുകരിക്കേണ്ടതും അത്തരം സ്വഭാ വത്തിന്റെ ഉടമയാവേണ്ടതുമാണ്.

മക്കാ നിവാസികൾക്ക് പ്രവാചകന്റെ സത്യസന്ധത സുപരിചിതമാ യിരുന്നു. ക്രിസ്ത്യൻ ചക്രവർത്തി ഹിറാക്ലസും അക്കാലത്ത് പ്രവാച കന്റെ എതിരാളിയായിരുന്ന അബൂ സുഫിയാനും തമ്മിലുള്ള സംഭാ ഷണത്തിന്റെ പ്രസക്ത ഭാഗം ഇങ്ങനെയാണ്:

ചക്രവർത്തി: 'അയാൾ എന്തെങ്കിലും പറയുന്നതിനുമുൻപ്തന്നെ കളവാണ് പറയാൻ പോകുന്നതെന്ന് നിങ്ങൾ സംശയിക്കാറുണ്ടോ?'

അബൂ സുഫിയാൻ: 'ഇല്ല.'

'അയാൾ തന്റെ ശപഥം തെറ്റിക്കാറുണ്ടോ?'

'ഇല്ല.'

'മനുഷ്യനോട് കളവുപറയാത്ത ഒരാൾ എങ്ങനെയാണ് ദൈവത്തിന്റെ പേരിൽ കളവുപറയുക?'

ആ സംഭാഷണം ഒരു വ്യക്തിയുടെ കലർപ്പില്ലാത്ത സ്വഭാവമഹിമയെ തുറന്നുകാട്ടുന്നു. അയൽവാസികൾ നമ്മെ അറിയുന്നത് നമ്മുടെ സ്വഭാവംകൊണ്ടാണ്.

56

# എല്ലാ സംസ്കാരങ്ങളെയും ആദരിക്കുക

ദൈവം ഒരു ലക്ഷത്തിലധികം പ്രവാചകന്മാരെ വ്യത്യസ്ത സമൂഹങ്ങളിലായി അയച്ചിട്ടുണ്ട്. അവരെല്ലാം തന്നെ തുല്യപദവി അനുഭവിച്ചവരാണ്. അതുമായി ബന്ധപ്പെട്ട ഒരു സൂക്തം ഖുർആനിലുണ്ട്. *ബഖറ* എന്ന അധ്യായത്തിൽ ദൈവദൂതന്മാരെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:

*തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കല്പിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്). അവർ പറയുകയും ചെയ്തു: 'ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം.* (2:285)

ഉദ്ധരിച്ച ഖുർആനിക വചനം പ്രവാചകന്മാരുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതിന് വിപുലമായൊരു സാംഗത്യമുണ്ട്. വിശ്വാസമോ സംസ്കാരമോ കണക്കിലെടുക്കാതെ ഓരോരുത്തരും ബഹുമാനവും ആദരവും അർഹിക്കുന്നവരാണ്.

അത്തരത്തിലുള്ള വിശ്വാസം മനുഷ്യർക്കിടയിൽ തുല്യ ബഹുമാനം എന്ന സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. വിശ്വാസത്തിലെ വൈജാത്യം ചർച്ചയ്ക്ക് വിധേയമാക്കാവുന്നതാണ്. എന്നാലത് വിവേചനത്തിന് ഉള്ളതല്ല. നമ്മുടെ വിശ്വാസസമ്പ്രദായം മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നമുക്കതിന്മേൽ ചർച്ചയും സംവാദവും നടത്താനുള്ള അവകാശമുണ്ട്. എന്നാൽ, അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ മറ്റുള്ളവരോട് അനാദരവ് കാണിക്കാൻ പാടില്ല. നമ്മൾ പാലിക്കുന്ന പ്രത്യയശാസ്ത്രമാണ് സുതാര്യമായ സത്യത്തെ

ഉൾക്കൊള്ളുന്നതെന്ന് കരുതുന്നുണ്ടെങ്കിൽപോലും. വിവേചനത്തിന്റെ സംസ്കാരം ദിവ്യമതത്തിന് എതിരാണ്.

സമൂഹത്തിന്റെ കാര്യത്തിൽ ഇസ്ലാമിന് രണ്ട് ഉദ്ദേശ്യങ്ങളാണു ള്ളത് - ഖുർആൻ മുന്നോട്ടുവെച്ച സത്യം പ്രചരിപ്പിക്കുക; ബഹുമാന ത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും ആശയ ങ്ങൾ ആദരിക്കുന്ന, ആരോഗ്യപരമായ ഒരു സമൂഹത്തെ നിലനി ർത്തുക. സംയമനത്തിനും അച്ചടക്കത്തിനും ഖുർആൻ വലിയ ഊന്നൽ നല്കുന്നു. സംഘർഷവും തീവ്രവാദവും ഇസ്ലാമിക ചിന്താധാരയ്ക്ക് തികച്ചും എതിരാണ്.

നിത്യജീവിതത്തിൽ എല്ലാവരും അച്ചടക്കം പാലിക്കുകയും സഹിഷ്ണുത അംഗീകരിക്കുകയും വേണം. മറ്റുള്ളവർക്കും തങ്ങളുടെ വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്റെ വിശ്വാസ മനുസരിച്ച് എനിക്ക് ജീവിക്കാൻ അവകാശമുള്ളതുപോലെ മറ്റുള്ളവ ർക്കും അവരുടെ വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള അവകാശമുണ്ട്. ആരോഗ്യകരമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള ഏറ്റവും നല്ല മാർ ഗമാണത്. ആരോഗ്യകരമായ സമൂഹം ഒരു ഏകീകൃത സമൂഹമായി ക്കൊള്ളണമെന്നില്ല. മതപരമായ സ്വാതന്ത്ര്യവും സഹിഷ്ണുതയും അടിസ്ഥാനമാക്കിയുള്ളതാണ് ആരോഗ്യകരമായ സമൂഹം.

പരസ്പര ബഹുമാനം ഒരു ധാർമ്മിക മൂല്യം മാത്രമല്ല, ബൗദ്ധിക പുരോഗതിയുടെ ഒരു വലിയ സ്രോതസ്സുകൂടെയാണത്. മറ്റുള്ളവരുടെ പ്രത്യയശാസ്ത്രത്തെ നമ്മൾ അംഗീകരിക്കുമ്പോൾ അവരുടെ കാഴ്ചപ്പാ ടുകൾ പ്രകടിപ്പിക്കാൻ അവർക്ക് സ്വാതന്ത്ര്യം ലഭിക്കുകയാണ്. അവിടെ സമാധാനപരമായ ചർച്ചകൾക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടി ക്കപ്പെടുന്നു. നന്മ ഉദ്ദേശിച്ചുകൊണ്ടുള്ള ചർച്ചകളും സാമാധാനപര മായ സംഭാഷണങ്ങളും ബൗദ്ധിക വെല്ലുവിളികളിലേക്കും ആശയപ രമായ ചോദ്യങ്ങളിലേക്കും നയിക്കും. ബൗദ്ധിക വികാസത്തിന് വലിയ പിന്തുണ ലഭിക്കുന്ന ഒരു ഘടകമാണ് എല്ലാതരം സംസ്കാരങ്ങളെയും ബഹുമാനിക്കുക എന്നത്.

എല്ലാതരം നിഷേധാത്മക ചിന്തകളെയും ഒഴിവാക്കുക എന്നതാണ് എല്ലാ സംസ്കാരങ്ങളെയും ബഹുമാനിക്കുക എന്നതിന്റെ പ്രധാന വശം. അത് മറ്റുള്ളവരുടെ ചിന്താസൗന്ദര്യത്തെയും ജീവിത രീതിയെയും മനസ്സിലാക്കാൻ നമ്മെ സഹായിക്കും. ആരോഗ്യകരമായ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ മർമ്മപ്രധാനമാണത്.

## 57

# പ്രാർത്ഥനയും കച്ചവടവും

ഖുർആൻ അനുസരിച്ചുള്ള ജീവിതശൈലിയിൽ പ്രാർത്ഥനയും കച്ചവടവും തമ്മിൽ വേർതിരിവില്ല. അവ തമ്മിൽ വേർതിരിച്ച് കാണുക എന്നത് ഖുർആന്റെ ഉദ്ദേശ്യമല്ല. ദിവ്യകല്പനകളെ മാനിക്കുന്ന ഒരു വിശ്വാസിക്ക് രണ്ടുപ്രവർത്തനങ്ങളും ദൈവികമാണ്. *ജുമുഅ* എന്ന അധ്യായത്തിൽ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക:

*സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെപറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നവെങ്കിൽ.*

*അങ്ങനെ നമസ്കാരം നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയംപ്രാപിച്ചേക്കാം.* (62: 9,10)

ഉദ്ധരിച്ച സൂക്തങ്ങൾ വ്യക്തമാക്കുന്നത്, പ്രാർത്ഥനയ്ക്കുള്ള വിളിക്കുമുൻപായി കച്ചവടത്തിൽ ഏർപ്പെടാനുള്ള അനുവാദം ജനങ്ങൾക്ക് നല്കുന്നുവെന്നാണ്. പ്രാർത്ഥനയ്ക്ക് ശേഷം വീണ്ടും ജോലിയിൽ വ്യാപൃതരാവാൻ ആഹ്വാനംചെയ്യുന്നുമുണ്ട്. അതിനാൽ ആ രണ്ട് പ്രവർത്തനങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങളില്ലെന്ന് വ്യക്തമാവുന്നു.

വിശ്വാസി ഖുർആനിക സത്യത്തെ ജീവിതത്തിന്റെ സമ്പൂർണ്ണ സിദ്ധാന്തമായി കാണും. ആ വിശ്വാസം അവന്റെ ഇഹലോക ജീവിതത്തിലും, പൂർണ്ണ മതപരം എന്ന് നിർവ്വചിക്കപ്പെട്ട ജീവിതത്തിലും പ്രകടമാകും.

ദിവ്യസ്മരണയിൽ ജീവിക്കലാണ് ഖുർആൻ പരാമർശിക്കുന്ന മതത്തിന്റെ സാരാംശം. നിർദ്ദേശിക്കപ്പെട്ട പ്രാർത്ഥനകൾ ആചാരപരമായ ദൈവസ്മരണകളാണ്. എന്നാൽ, വ്യാപാര വ്യവഹാരങ്ങളിലും വിശ്വാസികൾ ദൈവസ്മരണ പുലർത്തേണ്ടതുണ്ട്. അവർ അപ്രകാരം ചെയ്യാതിരുന്നാൽ മതത്തിന്റെ ശ്രേഷ്ഠത അവർക്ക് അന്യമായിപ്പോ

കും. മതവും ലൗകിക പ്രവർത്തനങ്ങളും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. യഥാർത്ഥ വിശ്വാസികൾ ആ ദിവ്യ സത്യം മനസ്സിലാക്കി പ്രവർത്തിക്കുന്നു. ആ തിരിച്ചറിവ് വിശ്വാസിയുടെ ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കുന്നു. അത് അവന്റെ മനസ്സിനെയും ഹൃദയത്തെയും പരിവർത്തിപ്പിക്കുന്നു. അവൻ ഒരു പൂർണ്ണ വിശ്വാസിയായിമാറുന്നു. രാത്രിയും പകലും, രാവിലെയും വൈകുന്നേരവും എന്നുവേണ്ട എല്ലാ നേരങ്ങളിലും അവൻ പൂർണ്ണ വിശ്വാസിയായി തുടരുന്നു. ഔപചാരിക പ്രാർത്ഥനകളിൽ മുഴുകുമ്പോഴും തന്റെ വ്യാപാരത്തിലേർപ്പെടുമ്പോഴും മറ്റെന്തെങ്കിലും ലൗകിക പ്രവർത്തനങ്ങളിലേർപ്പെടുമ്പോഴും അവൻ ദൈവത്തെ സ്മരിക്കുന്നു. ഒരു വിശ്വാസിക്ക് ജീവിതത്തിൽ രണ്ടുതരം ജീവിത രീതി സാധ്യമല്ല. അവന്റെ വ്യക്തിത്വം പ്രകൃതിയോട് താദാത്മ്യം പ്രാപിച്ചതാണ്. അതാണ് ഖുർആനിക ജീവിത രീതിയുടെ സാരാംശം.

ഈ തത്ത്വം ജുമുഅ ദിവസത്തെ കൂട്ടപ്രാർത്ഥനയ്ക്ക് മാത്രം ബാധകമായിട്ടുള്ളതല്ല. അത് ഒരു വിശ്വാസിയുടെ സമ്പൂർണ്ണ ജീവിതപദ്ധതിയാണ്. ഖുർആൻ അനുശാസിക്കുന്നത്, വിശ്വാസം എന്നത് അനുഷ്ഠാനത്തിൽ മാത്രം പ്രകടമാക്കേണ്ടതല്ല, മറിച്ച് ജീവിതകാലം മുഴുവനും പാലിക്കേണ്ട തത്ത്വമാണ് എന്നാണ്.

ഖുർആനിക സത്യത്തെ ജീവിതത്തിന്റെ സമ്പൂർണ്ണ തത്ത്വമായി കണ്ടെത്തിയവനാണ് ഒരു യഥാർത്ഥ വിശ്വാസി. ആ വിശ്വാസം അവന്റെ ലൗകിക ജീവിതത്തിലും മതപരമായ അനുഷ്ഠാനങ്ങളിലും പ്രകടമായി കാണാം. ഒരു വിശ്വാസി തന്റെ ലൗകിക പ്രവർത്തനങ്ങളിലും മതപരമായ പ്രവർത്തനങ്ങളിലും വിശ്വാസ്യത പുലർത്തുന്നവനായിരിക്കും.

ഖുർആനിക മതം മനസ്സിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഖുർആൻ ഒരു വിശ്വാസിയുടെ വ്യക്തിത്വത്തെ പൂർണ്ണമായും പരിവർത്തിപ്പിക്കുന്നു. അത് എപ്രകാരമെന്നാൽ, അയാളുടെ ചിന്ത, ഉദ്ദേശ്യം, പെരുമാറ്റം, ബാഹ്യഇടപെടലുകൾ തുടങ്ങി എല്ലാറ്റിനും ഒരു ദിവ്യപരിവേഷം ഉണ്ടായിരിക്കും. ആരാധനാലയങ്ങളിലായാലും ചന്തകളിലായാലും മറ്റെവിടെയായാലും അവൻ യഥാർത്ഥ വിശ്വാസിതന്നെ ആയിരിക്കും. ഒരു വിശ്വാസിയുടെ മാനദണ്ഡം അവന്റെ ആത്മാവാണ്, അല്ലാതെ പുറംമോടിയല്ല.

58

# മാനസാന്തരപ്പെടുക

ഖുർആനിക അധ്യാപനങ്ങളിലെ അതിപ്രധാനമായ ഒന്നാണ് തൗബ, അഥവാ മാനസാന്തരം. തൗബ ചെയ്യുന്നതിലൂടെ ദൈവാനുഗ്രഹം തിരിച്ചുലഭിക്കുന്നു. ഖുർആൻ പറയുന്നു:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ആ ദിവസത്തിൽ. അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതുവശങ്ങളിലൂടെയും സഞ്ചരിക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കുനീ പൂർത്തീകരിച്ച് തരികയും, ഞങ്ങൾക്കുനീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.* (66:8)

തെറ്റുചെയ്ത വ്യക്തി നിഷ്കളങ്കമായി മാനസാന്തരപ്പെട്ടാൽ അവന്റെ ദുഷ്പ്രവർത്തികളുടെ ഭാരം അവനിൽ നിന്ന് നീങ്ങി അവന് സ്വസ്ഥതലഭിക്കും. തെറ്റുചെയ്തവന് തൗബയിലൂടെ മാപ്പുലഭിക്കുന്നു. തൽഫലമായി പരലോകത്ത് സ്വർഗം പ്രതിഫലമായി ലഭിക്കും. ഈ ദിവ്യാനുഗ്രഹം പരലോകത്ത് മാത്രമായി ഒതുങ്ങുന്നതല്ല. വിശാലാർത്ഥത്തിൽ ഇഹലോകവും അതിൽ ഉൾപ്പെടുന്നു. കുടുംബ ജീവിതവും സാമൂഹ്യ ജീവിതവും തൗബയുടെ ഫലത്താൽ അനുഗ്രഹിക്കപ്പെടും.

മനോവിഷമം ഉളവാക്കുന്ന ഒരു തെറ്റ് ചെയ്യുകയും എന്നിട്ട് മാനസാന്തരപ്പെടുകയും, 'എനിക്ക് തെറ്റുസംഭവിച്ചുപോയി, എന്നോട് ദയവുചെയ്ത് ക്ഷമിക്കുക' എന്ന് നമ്മൾ വിഷമിപ്പിച്ച ആളോട് അപേക്ഷിക്കുകയാണെങ്കിൽ തീർച്ചയായും അയാളുടെ മനസ്സ് ചാഞ്ചല്യപ്പെടും. ഒരർത്ഥത്തിൽ അത്തരമൊരു ക്ഷമാപണം നമ്മുടെ മനസ്സിൽ നന്മ വിതറും. നമ്മുടെ ചുറ്റുമുള്ളവരിലേക്കും സ്നേഹത്തിന്റെ സംസ്കാരം പ്രസരിക്കും. അത് ആത്മീയ വളർച്ചയിലേക്കു നയിക്കും.

കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഉണ്ടാകുന്ന അസ്വാഭാവിക സംഭവങ്ങളെ ഒഴിവാക്കാനാവില്ല. അത്തരം സംഭവങ്ങൾ പരസ്പരബന്ധത്തെ ബാധിക്കുകയും ജനങ്ങൾ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ബന്ധം പുനഃസ്ഥാപിക്കാനുള്ള ഏറ്റവും നല്ല മാർഗം തൗബയാണ്. അത് ആര് നയിക്കും എന്ന് കാത്തുനിൽക്കേണ്ടതില്ല. അതിന് നമ്മൾതന്നെ മുൻ കയ്യെടുക്കുകയും മടികൂടാതെ, 'എനിക്ക് തെറ്റുപറ്റിപ്പോയി, എന്നോട് ക്ഷമിക്കുക.' എന്ന് പറയുകയും ചെയ്യാം. ബന്ധുക്കൾ, സുഹൃത്തുക്കൾ, അപരിചിതർ എന്നിവർ തമ്മിലുള്ള ബന്ധം പൂർവ്വാവസ്ഥയിലേക്ക് കൊണ്ടുവരാൻ പറ്റിയ ഒരേയൊരു മാർഗം അതാണ്.

ജീവിതത്തിലെ പ്രശ്നങ്ങൾ പലപ്പോഴും തെറ്റായ പെരുമാറ്റത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. യഥാർത്ഥത്തിൽ പുരുഷന്മാർ പ്രകൃത്യാ അഹംഭാവികളും സ്ത്രീകൾ വികാരാധീനരുമാണ്. ശാന്തമായ സാമൂഹിക ജീവിതം കെട്ടിപ്പടുക്കാനുള്ള ലളിതമായ പരിഹാരം പുരുഷന്റെ അഹന്തയെ നിരാകരിക്കലല്ല, സ്ത്രീയുടെ വികാരത്തെ അവഗണിക്കലുമല്ല. പ്രമാണതത്ത്വങ്ങൾക്ക് ക്രമീകരിക്കാൻ കഴിയാത്ത സാമൂഹ്യ രോഗങ്ങളില്ല. തെറ്റുകൾ മനുഷ്യസഹജമാണെന്ന് അംഗീകരിക്കുക. അതിനാൽ, നമുക്ക് വല്ല തെറ്റും സംഭവിക്കുകയാണെങ്കിൽ, ആരെങ്കിലും നമുക്കെതിരിൽ പ്രതികരിക്കുയാണെങ്കിൽ, മടികൂടാതെ തെറ്റ് സമ്മതിക്കുക. 'ക്ഷമിക്കുക, എനിക്ക് തെറ്റുപറ്റി.' ഈ ചെറിയ വാക്യം മാന്ത്രികമാണെന്ന് ഫലത്തിൽ തെളിയും. സാഹചര്യം സാധാരണ നിലയിലേക്ക് വരും. അതാണ് തൗബയുടെ അത്ഭുതം.

തൗബ സ്വയം തിരുത്താനുള്ള ഒരു ഉപകരണമാണ്. അത് പുനരാലോചനയ്ക്കുള്ള അവസരംതരുന്നു. ആ പ്രക്രിയ വളരെ പ്രധാനപ്പെട്ടതാണ്. അത് നമ്മിലെ ബൗദ്ധിക സ്വഭാവഗുണത്തെ ഉയർത്തും. അപഗ്രഥനശേഷിയെ വർദ്ധിപ്പിക്കും. അത് ആത്മീയവളർച്ചയിലേക്ക് നയിക്കും.

'ദൈവമേ, എന്നോട് ക്ഷമിക്കൂ...' എന്ന് പറയാൻ ജനങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. പക്ഷേ, അതൊരു മാനുഷിക പ്രശ്നമാണെങ്കിൽ, 'സഹോദരാ, എന്നോട് ക്ഷമിക്കൂ...' എന്നുപറയാൻ നമ്മൾ മടിക്കുന്നു. അത് വിശ്വാസത്തിന്റെ അന്തസ്സത്തയ്ക്ക് എതിരാണ്. ഒരു യഥാർത്ഥ വിശ്വാസി മറ്റുള്ളവരോട്, 'എന്നോട് ക്ഷമിക്കൂ...' എന്ന് എളുപ്പത്തിൽ പറയും. തൗബ ഒരു ആന്തരിക ചൈതന്യമാണ്. എല്ലാ തെറ്റിനും പ്രായശ്ചിത്തം ചെയ്യാനുള്ള മനസ്സിന്റെ വെമ്പലാണത്.

59

# ഗുണമാണ് പ്രധാനം

ഖുർആനിലെ, *അൽ ബഖറ* എന്ന അധ്യായം ജീവിത പോരാട്ടങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രകൃതിനിയമം മുന്നോട്ട് വെക്കുന്നുണ്ട്. അതിലെ പ്രസക്തവാക്യത്തിന്റെ വിവർത്തനം ഇങ്ങനെയാണ്:

*അങ്ങനെ സൈന്യവുമായി പുറപ്പെട്ടപ്പോൾ ത്വാലൂത്ത് പറഞ്ഞു: 'അല്ലാഹു ഒരു നദി മുഖേന നിങ്ങളെ പരീക്ഷിക്കുന്നതാണ്. അപ്പോൾ ആർ അതിൽ നിന്ന് കുടിച്ചുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനല്ല. ആരത് രുചിച്ചുനോക്കാതിരുന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു. എന്നാൽ തന്റെ കൈകൊണ്ട് ഒരിക്കൽ മാത്രം കോരിയവൻ ഇതിൽ നിന്ന് ഒഴിവാണ്.' അവരിൽ നിന്ന് ചുരുക്കം പേരൊഴികെ അതിൽ നിന്ന് കുടിച്ചു. അങ്ങനെ അദ്ദേഹവും കൂടെയുള്ള വിശ്വാസികളും ആ നദി കടന്നുകഴിഞ്ഞപ്പോൾ അവർ പറഞ്ഞു: 'ജാലൂത്തി(ഗോലിയത്ത്)നെയും അവന്റെ സൈന്യങ്ങളെയും നേരിടാൻ മാത്രമുള്ള കഴിവ് ഇന്ന് നമുക്കില്ല.' തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടേണ്ടവരാണ് എന്ന വിചാരമുള്ളവർ പറഞ്ഞു: 'എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ അനുമതിയോടെ വലിയ സംഘങ്ങളെ കീഴ്പെടുത്തിയിട്ടുള്ളത്!' അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.* (2:249)

ഈ വാക്യപ്രകാരം ജീവിതത്തിലെ രണ്ട് ഗുണങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. വിശ്വാസവും ക്ഷമയുമാണ് ആ ഗുണങ്ങൾ. മറ്റുള്ള ഗുണങ്ങളെക്കാൾ കൂടുതലായി ആ രണ്ട് ഗുണങ്ങളെക്കുറിച്ചാണ് ഖുർആനിൽ പറയുന്നത്. അതിനാൽ വിശ്വാസവും ക്ഷമയും മനസ്സിൽ ഊട്ടിയുറപ്പിക്കുക. മറ്റ് സദ്ഗുണങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത് അവ രണ്ടും പരിപോഷിപ്പിക്കലാണ്.

ഭൂരിപക്ഷം, അഥവാ വലിയൊരു സംഘം എന്നാൽ എന്താണ്? അത് വ്യക്തികളുടെ സമ്മിശ്രമാണ്. വ്യക്തികൾ ശക്തരാണെങ്കിൽ സംഘവും ശക്തമായിരിക്കും. അതുപോലെ വ്യക്തികൾ ദുർബലരാണെങ്കിൽ സംഘവും ദുർബലമായിരിക്കും. വ്യക്തി കെട്ടിടത്തിലെ ഇഷ്ടിക പോലെയാണ്. ഇഷ്ടികകൾ നിരത്തിയാണല്ലോ കെട്ടിടം പണിയുക. ഇഷ്ടികകൾ ഓരോന്നും ഉറപ്പുള്ളതാണെങ്കിൽ കെട്ടിടം

ബലവത്താകും. ഇഷ്ടികകൾ ദുർബലമാണെങ്കിൽ കെട്ടിടം നിലംപ റ്റാൻ സാധ്യതയുണ്ട്. ശക്തി സംഘത്തിനല്ല, വ്യക്തികളിലാണെന്ന താണ് യാഥാർത്ഥ്യം. വ്യക്തികൾ അഥവാ അംഗങ്ങളാണ് സംഘത്തി ന്റെ കരുത്ത് നിർണ്ണയിക്കുന്ന ഘടകം. അല്ലാതെ സംഘം സ്വയമല്ല.

ഉദ്ധരിച്ച ഖുർആനിക വാക്യം പരാമർശിക്കുന്ന രണ്ട് ഗുണങ്ങ ളിൽ (വിശ്വാസവും ക്ഷമയും) ആദ്യത്തേത് വ്യക്തിയുടെ പ്രത്യയ ശാസ്ത്രത്തെ ഉറപ്പിക്കുന്നു. രണ്ടാമത്തേത് പ്രായോഗിക കാര്യങ്ങളിൽ അവന്റെ ശക്തിയെ ബലപ്പെടുത്തുന്നു. ആ രണ്ട് സവിശേഷ ഗുണങ്ങൾ ഒരാൾക്ക് ഒഴിവാക്കാനാവില്ല.

മനുഷ്യന്റെ ബൗദ്ധികശക്തിയുടെ മുഖ്യകേന്ദ്രം അവന്റെ പ്രത്യയ ശാസ്ത്രമാണ്. അവന് സ്ഥൈര്യവും ധൈര്യവും കാഴ്ചപ്പാടും നല്കുന്ന ഏതൊരു പ്രത്യയശാസ്ത്രത്തെ ഉൾകൊണ്ടാലും അവൻ ഒരു പൂർണ്ണ മനുഷ്യനായിരിക്കും. അവൻ ചിന്തിക്കാനും സാഹചര്യങ്ങളിലേക്കിറങ്ങി തീരുമാനങ്ങൾ എടുക്കാനും വസ്തുനിഷ്ഠമായി കാര്യങ്ങളെ വിലയിരു ത്താനും കഴിവുള്ളവനായിരിക്കും. ബുദ്ധിമുട്ടുകളുടെ മുന്നിൽ, താൻ അവയെ മറികടക്കുമെന്ന് പറയുന്നവനുമായിരിക്കും.

ക്ഷമ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സിദ്ധിയാണ്. ജീവിതമെ ന്നാൽ പ്രശ്നങ്ങളും പ്രയാസങ്ങളും നിറഞ്ഞതാണ്. അതിനാൽ, നമ്മൾ പ്രകോപനങ്ങൾക്ക് ഇരയാകരുത്. തൽക്ഷണ സാഹചര്യത്തിൽ പ്രകോ പിതനാകാതെ പ്രതികരണ സമീപനത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുക. ക്ഷമയുള്ള ഒരാൾക്കേ സ്വയം പ്രതിരോധം തീർക്കാൻ സാധ്യമാകൂ. ക്ഷ മയുള്ളവർക്കേ തൽക്ഷണ സാഹചര്യങ്ങൾക്കപ്പുറത്തേക്ക് കടന്നുചെന്ന് പ്രസക്തമായ ഘടകങ്ങൾ പരിശോധിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ജീവിതത്തെ ആസൂത്രണം ചെയ്യാൻ കഴിയുകയുള്ളു.

ഭാവി ലക്ഷ്യമാക്കിയുള്ള ആസൂത്രണം ക്ഷമാശീലർക്കേ സാധ്യ മാകൂ. അത് വിജയത്തിലേക്ക് നയിക്കും. ജീവിത തത്രപ്പാടിനിടയിൽ പല സന്ദർഭങ്ങളിലും പെട്ടെന്നുള്ള തീരുമാനങ്ങൾ എടുക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ സംഘത്തിലെ ഓരോ അംഗവും തങ്ങളുടെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നവരാവണം. അല്ലാതെ നടപടിക്ര മങ്ങൾ സ്വീകരിക്കുന്നവർ മാത്രമാകരുത്. വിശിഷ്ട ഗുണങ്ങളുള്ള അംഗങ്ങൾ ചേർന്ന സംഘത്തിനേ വിശിഷ്ട നേട്ടം കൈവരിക്കാനാവൂ. ദുർബലരായ വ്യക്തികളുടെ സംഘം ബലൂൺ പോലെ ദുർബലമാ യിരിക്കും. അതേ സമയം ശക്തരായ അംഗങ്ങളുടെ ചെറു സംഘം പാറപോലെ ശക്തമായിരിക്കും.

## 60

# ശരിയായ പെരുമാറ്റം

ഖുർആനിലെ, 5-ാം അധ്യായത്തിൽ നീതി ശരിയായി പാലിക്കാൻ വേണ്ട നിർദ്ദേശങ്ങളുണ്ട്:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.* (5:8)

സമാധാനപരമായ സാഹചര്യങ്ങളിൽ ധാർമ്മിക മാനദണ്ഡങ്ങൾ പാലിക്കാൻ എളുപ്പമായിരിക്കും. എന്നാൽ അതുകൊണ്ട് മാത്രമായില്ല, സാഹചര്യം പ്രകോപനപരവും അസാധാരണവും ആവുമ്പോഴാണ് നാം പരിശോധനയ്ക്ക് വിധേയരാവുക. അത്തരം സാഹചര്യങ്ങളിൽ നമ്മുടെ സംസാരം നീതിപൂർവ്വമായിരിക്കണം.

സാധാരണ അവസ്ഥയിലാണെങ്കിൽ ഒരാൾക്ക് ധാർമ്മിക മൂല്യങ്ങൾ മുറുകെപ്പിടിക്കുക എളുപ്പമായിരിക്കും. എന്നാൽ ഒരു ഗുണവാനെ ശരിയായി പരീക്ഷിക്കുന്നത് വിപൽ ഘട്ടങ്ങളിൽ അവന്റെ നീതിപൂർവ്വകമായ പ്രതികരണത്തെ അടിസ്ഥാനമാക്കിയായിരിക്കും.

പ്രകോപനപരമായ സാഹചര്യങ്ങളിൽ ജനങ്ങൾ അന്യായമായാണ് സാധാരണ പ്രതികരിക്കുക. അതിന് ഒഴികഴിവായി പ്രകോപനപരമായ സാഹചര്യങ്ങളെയായിരിക്കും അവർ കുറ്റപ്പെടുത്തുക. എന്നാൽ, അത്തരം ഒഴികഴിവുകൾ ഖുർആനിക കർമ്മശാസ്ത്ര മാനദണ്ഡങ്ങളല്ല. ഉദ്ധരിച്ച ഖുർആനിക വചനത്തിന്റെ വെളിച്ചത്തിൽ അതുസംബന്ധിച്ചുള്ള ഖുർആനിക തത്ത്വം വിശദീകരിക്കാൻ കഴിയും. നല്ലൊരു ഒഴികഴിവുണ്ടെങ്കിലും നമ്മളത് ഉപയോഗിക്കരുത്.

ഭിന്നതകളും അനിഷ്ടകരങ്ങളായ സംഭവങ്ങളും സമൂഹത്തെ കീറിമുറിക്കും. ചില നല്ല കാര്യങ്ങൾവരെ മറ്റുള്ളവർക്ക് അരോചകമായി അനുഭവപ്പെട്ടേക്കാം. അവ പ്രകോപനപരമായ സ്വഭാവത്തി

ലേക്കായിരിക്കും നയിക്കുക. അത് സാധാരണത്വത്തെ നശിപ്പിക്കും. ജനങ്ങൾ തങ്ങളുടെ വൈകൃതസ്വഭാവങ്ങളെ കാര്യമായെടുത്തില്ലെങ്കിൽ അവരുടെ സമൂഹം വിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും കേളീരംഗമായി മാറും.

സ്ത്രീകൾക്കും പുരുഷന്മാർക്കും എന്തും പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ഉണ്ടെങ്കിൽ ആ സമൂഹം വേഗത്തിൽ ഒരു കാടായിമാറും. മേൽ സൂചിപ്പിച്ച നീതിയുടെ മാനദണ്ഡം സദാചാരങ്ങളുടെ കേന്ദ്രബിന്ദു എന്നതിലപ്പുറം സമൂഹത്തിന്റെ സാധാരണ അവസ്ഥ നിലനിർത്താൻ വേണ്ട ഏക ഘടകമാണ്.

ഈ തത്ത്വം അംഗീകരിക്കൽ നിഷ്ക്രിയത്വത്തിന്റെ അടയാളമല്ല, മറിച്ച് പക്വതയുടേതാണ്. സമൂഹത്തിലെ ഒരംഗം നീതിക്കുവേണ്ടി സംസാരിക്കുമ്പോൾ അത് നികൃഷ്ട മനോഭാവമല്ല, മറിച്ച് അത് അവന്റെ പക്വതയാണ് കാണിക്കുന്നത്. അവൻ തന്റെ നീചവികാരങ്ങളെ നിയന്ത്രിക്കാൻ കഴിവുള്ള ഒരു ജ്ഞാനിയാണെന്നാണ് അത് സൂചിപ്പിക്കുന്നത്.

ശത്രുതയിൽനിന്ന് മാറിനിൽക്കൽ ശത്രുവിനെ ഉപായത്തിൽ തോൽപ്പിക്കാനുള്ള ഒരു തന്ത്രമല്ല. അത് ആത്മീയത വർദ്ധിപ്പിക്കുന്ന നല്ല പെരുമാറ്റ രീതിയാണ്. ഉയർന്ന ധാർമ്മിക നിലവാരത്തിന്റെ അടയാളമാണത്. നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിക്കാൻ അത് സഹായിക്കും. നമുക്ക് പുതിയ അനുഭവങ്ങൾ നല്കുകയും നമ്മുടെ ക്രിയാത്മകതയെ വർദ്ധിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ പെരുമാറാൻ സാധിച്ചാൽ നമ്മൾ ആരോഗ്യമുള്ള മനസ്സിന്റെ ഉടമയായി വളർന്നുവരും.

നമുക്കീ ലോകത്തുള്ള ഒരേയൊരവകാശം നീതിയുക്തമായ സംസാരമാണ്. മറ്റുള്ളവ വിനാശകരങ്ങളാണ്. അത് തെരഞ്ഞെടുക്കൽ അവകാശമല്ല, നിർബ്ബന്ധമായ കാര്യമാണ്. നമ്മുടെ ലോകം പ്രകൃതിനിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിനിയമങ്ങൾ നീതിപൂർവ്വമല്ലാത്തതൊന്നും സ്വീകരിക്കുന്നില്ല. പ്രകൃതിനിയമങ്ങളെ ലംഘിക്കാനാവില്ല. പ്രതികൂലമായ ഒരു സാഹചര്യത്തിൽ നീതിനിഷ്ഠമായി സംസാരിക്കേണ്ടിവരുമ്പോൾ വികാരങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കണം. പ്രകൃതി നിയമങ്ങൾക്ക് എതിരായാണ് നാം നീങ്ങുന്നതെങ്കിൽ അത് നമ്മുടെ ജീവിതത്തെ നാശത്തിന്റെ പടുകുഴിയിലേക്കു നയിക്കും.

## 61

# വിവേചനം അരുത്

വിവേചനം ഏത് തരത്തിൽ ഉള്ളതാണെങ്കിലും ഖുർആനിക കർമ്മ പദ്ധതികൾക്ക് വിരുദ്ധമാണ്. എല്ലാ സ്ത്രീപുരുഷന്മാരും ദൈവത്തിന് മുന്നിൽ തുല്യരാണെന്ന്, *ഹുജുറാത്ത്* എന്ന അധ്യായത്തിൽ ഖുർആൻ വ്യക്തമാക്കുന്നുണ്ട്:

*ഹേ മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മ നിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മ ജ്ഞാനിയുമാകുന്നു.* (49:13)

നിറം, വർഗം, സാമ്പത്തിക പദവി എന്നിവയ്ക്കനുസരിച്ച് ജനങ്ങൾക്കിടയിൽ വ്യക്തമായ വൈരുധ്യങ്ങളുണ്ട്. എന്നാൽ, ഖുർആൻ പ്രകാരം അവ വെറും വൈരുധ്യങ്ങൾ മാത്രമാണ്. അവയെ വിവേചനത്തിനുള്ള അടിസ്ഥാനമായി പരിഗണിക്കാനാവില്ല. വ്യത്യസ്ത ഗുണവിശേഷങ്ങളോടെയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. സൈദ്ധാന്തിക കാരണങ്ങളെക്കാൾ പ്രായോഗിക കാരണങ്ങളാണ് ആ വൈരുധ്യത്തിനടിസ്ഥാനം. ഒരാളെ മറ്റൊരാളിൽ നിന്ന് വേർതിരിച്ചറിയുക എന്നതാണ് അതിന്റെ പ്രധാന ലക്ഷ്യം.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ജനങ്ങൾ തമ്മിലുള്ള വ്യത്യാസം ആരോഗ്യകരമായ ഒരു ചിഹ്നമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് നാം പരസ്പരം തിരിച്ചറിയുകയും ഇടപാടുകൾ നടത്തുകയും ചെയ്യുന്നത്. ഒരേ അച്ചിൽ വാർത്തപോലെ എല്ലാവരും ഒരേപോലെ ആയിരുന്നുവെങ്കിൽ സമൂഹത്തിൽ ജീവിക്കുക ദുസ്സഹമാകും. വൈരുധ്യം പ്രകൃതിയുടെ ഭാഗമാണ്. വിവേചനത്തെ മുൻനിർത്തിയാണ് വൈരുധ്യത്തെ പരിഗണിക്കുന്നതെങ്കിൽ അത് അനാരോഗ്യകരമായ ഒരു ചിഹ്നമാകും. അത് സമൂഹത്തിന്റെ സാധാരണ നിലയെ അസ്വസ്ഥമാക്കും. അതിനാൽ, ആ വൈരുധ്യങ്ങളെ കൈകാര്യംചെയ്യാൻ പഠിക്കേണ്ടതുണ്ട്.

വൈരുധ്യംകൊണ്ട് മറ്റ് പ്രയോജനങ്ങളുണ്ട്. ജനങ്ങൾ വിവിധ ജോലികൾ ഏറ്റെടുക്കുകയും വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നത് വൈരുധ്യമുള്ളതുകൊണ്ടാണ്. വൈരുധ്യങ്ങൾ തൊഴിൽ വിഭജനത്തിന് ആവശ്യമായ അടിത്തറയിടുന്നു. സമൂഹത്തിന്റെ സമഗ്രവികസനത്തിൽ ഈ തത്ത്വത്തിന് വളരെ പ്രാധാന്യമുണ്ട്. ദിവ്യപദ്ധതി പ്രകാരം ബഹുമാനം യോഗ്യതയുടെ അടിസ്ഥാനമാക്കിയാവണം. മറിച്ച്, ഏതെങ്കിലും തരത്തിലുള്ള ബാഹ്യസവിശേഷതകൾ നോക്കിയാവരുത്. പ്രവാചകൻ ഒരിക്കൽ പറഞ്ഞു: 'ചുവപ്പും കറുപ്പും വെളുപ്പും ദൈവത്തിനുമുന്നിൽ തുല്യമാണ്.'

അവൻ പറഞ്ഞു: 'ജാഹിലിയ്യാകാലത്തെ ജനങ്ങളുടെ പൂർവ്വ പിതാക്കളുടെ മഹിമയിൽ അഹങ്കരിച്ചുകൊണ്ടുള്ള ഗർവ്വ് ദൈവം നിന്നിൽ നിന്നും നീക്കിയിരിക്കുന്നു. മനുഷ്യൻ ഒന്നുകിൽ ദൈവബോധമുള്ള വിശ്വാസിയാണ്. അല്ലെങ്കിൽ നിർഭാഗ്യവാനായ പാപിയാണ്. എല്ലാവരും ആദമിന്റെ മക്കളാണ്. ആദമിനെ നാം മണ്ണിൽനിന്നാണ് സൃഷ്ടിച്ചത്.'

മനുഷ്യരുടെ വർണ്ണത്തിലും ശാരീരിക പ്രകൃതിയിലും വ്യത്യാസങ്ങൾ കണ്ടേക്കാം. എന്നാൽ, അവന്റെ ആന്തരിക പ്രകൃതം എന്താണോ, അതാകുന്നു അവൻ. അതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും ഒരേ കഴിവാണുള്ളത്. എല്ലാവരും ഒരേ ആന്തരിക കഴിവുകളുമായാണ് ജനിക്കുന്നത്. അതിനാൽ, ആരാണോ സ്വയം തിരിച്ചറിയുകയും തന്റെ കഴിവുകളെ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്, അവനാണ് വിജയി.

മറ്റുള്ളവർ നിങ്ങളെക്കുറിച്ച് എന്താണോ ധരിച്ചിരിക്കുന്നത്, അതല്ല നിങ്ങൾ. നിങ്ങൾ എന്താണ് സ്വയം തെളിയിക്കുന്നത്, അതാണ് നിങ്ങൾ. ഓരോരുത്തർക്കും സ്വയമേവ നല്ല മനുഷ്യനായിത്തീരാനുള്ള കഴിവുണ്ട്. മറ്റുള്ളവരിൽ അവനെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെ ഇല്ലാതാക്കാനുള്ള കഴിവ് ഓരോരുത്തർക്കുമുണ്ട്. മനുഷ്യർ ആ കഴിവുകൾ ഉപയോഗപ്പെടുത്തണമെന്നാണ് ദൈവം ഉദ്ദേശിക്കുന്നത്. വ്യക്തികൾക്കിടയിൽ യാതൊരു തരത്തിലുമുള്ള വിവേചനവും ദൈവം വരുത്തിയിട്ടില്ല. സ്ത്രീയും പുരുഷനും സ്വയം തങ്ങൾക്കെതിരെ മറ്റുള്ളവർക്ക് വിവേചനം കാണിക്കാനുള്ള അവസരം നല്കുകയാണ്.

## 62

# അധികാരം ഒരു വരം

രാഷ്ട്രീയാധികാരത്തെ ഖുർആൻ വർണിക്കുന്നതിങ്ങനെ:

*പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നല്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.* (3:26)

ഉദ്ധരിച്ച പ്രസ്താവന പ്രകാരം ദൈവം നല്കിയ ഒരു വരദാനമാണ് രാഷ്ട്രീയാധികാരം. അത് സമരത്തിലൂടെയോ കീഴടക്കലിലൂടെയോ കൈവരിക്കാവുന്ന ഒന്നല്ല. നിലവിലുള്ള ഭരണാധികാരിയെ സ്ഥാനഭ്രഷ്ടനാക്കി രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അത് പ്രകൃതി നിയമത്തിന് എതിരാണെന്ന് മാത്രമല്ല, അത്തരത്തിലുള്ള ഏതൊരു ശ്രമവും പരാജയപ്പെടുകയും ചെയ്യും.

ഖുർആനിലെ ഈ തത്ത്വം രണ്ടായി സംഗ്രഹിക്കാം - നിലവിലുള്ള രാഷ്ട്രീയാവസ്ഥയെ അംഗീകരിക്കുക, നമ്മുടെ അവസരത്തിനായി കാത്തിരിക്കുക.

ദൈവഹിതമനുസരിച്ചുള്ള രാഷ്ട്രീയ ശക്തി ആരെങ്കിലും കൈവരിക്കുകയാണെങ്കിൽ അതവന് ഗുണകരമാണെന്ന് തെളിയിക്കപ്പെടും. എന്നാൽ, ബലമായി മറ്റുള്ളവരിൽ നിന്ന് അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചാൽ അത് വിപരീത ഫലമായിരിക്കും സൃഷ്ടിക്കുക.

രാഷ്ട്രീയസ്ഥിരത നിഷ്ക്രിയത്വത്തിന്റെയോ ഭീരുത്വത്തിന്റെയോ ഫലമായുള്ളതല്ല. അത് മഹത്തായ വിവേകത്തിന്റെ ഫലമാണ്. രാഷ്ട്രീയസ്ഥിരത തുടർന്നുപോകുമ്പോൾ നമ്മൾ ജോലിക്ക് സമയം കണ്ടെത്തുന്നു. എന്നാൽ, പോരാട്ടത്തിലൂടെയും അക്രമത്തിലൂടെയും നിലനിന്നുപോകുന്ന രാഷ്ട്രീയത്തെ നമ്മൾ മാറ്റാൻ ശ്രമിക്കുകയാണെങ്കിൽ അതുവഴി ജോലിചെയ്യാനുള്ള അവസരങ്ങളെ നമ്മൾ നഷ്ടപ്പെടുത്തുകയാണ്.

ഖുർആനിക തത്ത്വം അർത്ഥമാക്കുന്നത്, രാഷ്ട്രീയ സമരങ്ങളിൽ നമ്മൾ നമ്മുടെ പര്യവസാനത്തെ കുറിച്ച് ബോധവാന്മാരായിരിക്കണം എന്നാണ്. നമ്മുടെ സമരങ്ങൾ ആഗ്രഹങ്ങളുടെ അടിസ്ഥാനത്തിലാവരുത്. മറിച്ച്, അന്തിമ ഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. നമ്മുടെ രാഷ്ട്രീയ താത്പര്യങ്ങളെ പരിഗണിക്കാതെ വസ്തുതകളെ വിശകലനം ചെയ്ത്, വരാൻ പോകുന്ന അന്ത്യഫലത്തെ മുൻകൂട്ടിക്കാണുക. അപ്പോൾ നിലവിലെ അവസ്ഥ തുടരുന്നതാണ് പരിണാമ തത്ത്വത്തെക്കാൾ മെച്ചമെന്ന് ബോധ്യമാകും. നിലവിലുള്ള രാഷ്ട്രീയ സ്ഥിതി പിന്തുടരുമ്പോൾ നമ്മൾ സ്വയം അതിനുവേണ്ടി ക്രമീകരിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ പ്രകൃതിയോട് ഇണങ്ങി ജീവിക്കുകയാണ് അപ്പോൾ നമ്മൾ ചെയ്യുന്നത്. അതിലൂടെ, സമയത്തെ വാങ്ങുക എന്ന നയം നമ്മൾ പിന്തുടരുകയാണ്.

പ്രകൃതിനിയമത്തിൽ, രാഷ്ട്രീയവാഴ്ച ഒരു വ്യക്തിയുടെയോ സംഘത്തിന്റെയോ കുത്തകയല്ല. അത് ഒരു സംഘത്തിൽ നിന്ന് മറ്റൊരു സംഘത്തിലേക്ക് മാറ്റപ്പെടുന്നതാണ്. മാറ്റപ്പെടുന്നതിനുമുമ്പെ നമ്മൾ അതിനെ മാറ്റാനുള്ള തത്ത്വം സ്വീകരിക്കുകയാണെങ്കിൽ അത് സമയത്തിന്റെയും ഊർജ്ജത്തിന്റെയും നഷ്ടമാണ് വരുത്തിവെക്കുക. നാം അല്പം കാത്തിരുന്നാൽ മതി ഇന്നല്ലെങ്കിൽ നാളെ അത് നമ്മെ തേടിവരും.

രാഷ്ട്രീയം മാത്രമല്ല മനുഷ്യന്റെ പ്രധാന പ്രവർത്തന മേഖല. വിദ്യാഭ്യാസം, വാണിജ്യം, വ്യവസായം, സാമൂഹ്യ പരിഷ്കരണം, അക്കാദമിക പഠനം, ശാസ്ത്ര ഗവേഷണം തുടങ്ങി പല സുപ്രധാന മേഖലകൾ വേറെയുമുണ്ട്. നിലനിൽക്കുന്ന രാഷ്ട്രീയം സ്വീകരിക്കുക, നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാതെ മറ്റുമേഖലകളിൽ നിലനിൽക്കുന്ന അവസരങ്ങളെ ഉപയയോഗപ്പെടുത്താം. ആ അർത്ഥത്തിൽ രാഷ്ട്രീയ സ്ഥിരത എന്ന തത്ത്വം മഹത്തായ വിവേകത്തിൽ ഊന്നിയ ഒന്നാണ്.

എന്നാൽ, നമ്മൾ പോരാട്ടത്തിന്റെ മാർഗമാണ് പിന്തുടരുന്നതെങ്കിൽ എതിർപാർട്ടിയുമായി നമ്മൾ സംഘട്ടനത്തിലേർപ്പെടേണ്ടിവരും. അത് തിന്മയിലായിരിക്കും കലാശിക്കുക. അതല്ല, നിലനിന്നുപോകുന്ന രാഷ്ട്രീയം തുടരുക എന്ന തത്ത്വമാണ് നമ്മുടേതെങ്കിൽ നമുക്ക് ആരേയും പേടിക്കേണ്ടിവരില്ല. നമുക്ക് എതിരാളികളുണ്ടാവില്ല. അതിലൂടെ നമുക്ക് വേണ്ടത് നേടിയെടുക്കാനായി ധാരാളം സമയം ലഭിക്കുകയും ചെയ്യും.

63

# ജിഹാദ്: സമാധാനത്തിന്റെ പ്രത്യയശാസ്ത്രം

ഖുർആനിനെ മീഡിയകളിലൂടെ പരിചയപ്പെടാൻ ശ്രമിക്കുന്നവർക്ക് അത് ഒരു ജിഹാദിന്റെ ഗ്രന്ഥമാണെന്നാണ് തോന്നുക. അവരെ സംബന്ധിച്ചിടത്തോളം, ജിഹാദ് എന്നാൽ അക്രമ മാർഗത്തിലൂടെ ലക്ഷ്യം നേടാനുള്ള ശ്രമമാണ്.

എന്നാൽ, അത് തെറ്റിദ്ധാരണയുടെ ഫലമായി ഉണ്ടായതാണ്. ഖുർആൻ പാരായണം ചെയ്യുന്ന ഏതൊരാൾക്കും അതിലെ സന്ദേശത്തിന് അക്രമവുമായി യാതൊരു ബന്ധവുമില്ലെന്ന് മനസ്സിലാകും.

സമാധാനപരമായ സമരത്തിന്റെ ദൈവിക പ്രത്യയശാസ്ത്രത്തെ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ഖുർആൻ അതേക്കുറിച്ച് പരാമർശിക്കുന്നത്, '*അവരുടെ മനസ്സിൽ തട്ടുന്നവാക്ക് അവരോട് പറയുകയും ചെയ്യുക*' (4:63) എന്നാണ്.

തുടക്കം മുതൽ ഒടുക്കം വരെ സമാധാനം വിളംബരം ചെയ്യുന്ന ഒരു ഗ്രന്ഥമാണ് ഖുർആൻ. അക്രമത്തെ അത് ഒരു തരത്തിലും അനുകൂലിക്കുന്നില്ല. ജിഹാദ് എന്നത് ഖുർആൻ അധ്യാപനങ്ങളിലെ ഒരു പ്രധാന വിഷയമാണ്. എന്നാൽ ജിഹാദ് അക്രമസമരമല്ല. അതൊരു സമാധാനപരമായ സമരമാണ്. ജിഹാദിന്റെ ഖുർആനിക കാഴ്ചപ്പാട് ഈ വചനം പ്രകടമാക്കുന്നു:

*അതിനാൽ, സത്യനിഷേധികളെ അനുസരിച്ചുപോകരുത്. ഇതുകൊണ്ട് (ഖുർആൻ കൊണ്ട്) നീ അവരോട് വലിയൊരു സമരം നടത്തിക്കൊള്ളുക.* (25:52)

മനുഷ്യമനസ്സിനെയും ഹൃദയത്തെയും സ്വാധീനിക്കുന്ന സമീപനമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത്. അതുതന്നെയാണ് വിശുദ്ധ ഖുർആനിന്റെ ദൗത്യം. യുക്തിസഹമായ സംവാദത്തിലൂടെ മാത്രമെ അത് സാധ്യമാകൂ. ആ ലക്ഷ്യം ഒരിക്കലും അക്രമത്തിലൂടെയോ സായുധ സമരത്തിലൂടെയോ നേടാനാവില്ല.

യുദ്ധത്തിന് അനുവാദം നല്കുന്ന ചില സൂക്തങ്ങൾ വിശുദ്ധ ഖുർആനിൽ ഉണ്ടെന്നത് ശരിയാണ്. എന്നാൽ, അതിന് ഒരു യുദ്ധം വ്യാപിക്കുമ്പോൾ മാത്രമേ പ്രസക്തിയുള്ളു. ശാരീരിക പോരാട്ടം യുദ്ധകാലത്തെ ഉദ്ദേശിച്ച് മാത്രമുള്ളതാണത്. പ്രതിരോധത്തിനല്ലാതെ യുദ്ധത്തിൽ ഏർപ്പെടരുതെന്നാണ് ഇലസ്‌ലാമിക കാഴ്ചപ്പാട്. അത്തരത്തിലുള്ള പ്രതിരോധയുദ്ധം ഒരു സ്ഥാപിത ഭരണകൂടത്തോട് മാത്രമെ സാധ്യമാകൂ. ഒരു വ്യക്തിയോടോ സംഘടനയോടോ സായുധ ജിഹാദിൽ ഏർപ്പെടാൻ പാടുള്ളതല്ല.

## 64

# തിന്മയുടെ ഫലം തിന്മ

തെറ്റായ പ്രവർത്തനങ്ങളുടെ അനന്തര ഫലം തീർച്ചയായും തിന്മയായിരിക്കും. തന്റെ തെറ്റിന്റെ ദുഷ്ഫലങ്ങളെ സ്വയം ഏറ്റെടുക്കാതെ പറ്റില്ല. അത് പ്രകൃതി നിയമമാണ്. ആ പ്രായോഗികതയെക്കുറിച്ച് ഖുർആനിലെ, *ത്വലാഖ്* എന്ന അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്:

*എത്രയെത്ര രാജ്യക്കാർ അവരുടെ രക്ഷിതാവിന്റെയും അവന്റെ ദൂതന്മാരുടെയും കല്പന വിട്ട് ധിക്കാരം പ്രവർത്തിച്ചിട്ടുണ്ട്. അതിനാൽ നാം അവരോട് കർക്കശമായ നിലയിൽ കണക്കുചോദിക്കുകയും അവരെ നാം ഹീനമായ വിധത്തിൽ ശിക്ഷിക്കുകയും ചെയ്തു.*

*അങ്ങനെ അവർ അവരുടെ നിലപാടിന്റെ ദുഷ്ഫലം ആസ്വദിച്ചു. അവരുടെ നിലപാടിന്റെ പര്യവസാനം നഷ്ടം തന്നെയായിരുന്നു.* (65:8,9)

ഭൗതികശാസ്ത്രത്തിൽ ഒരു സാർവലൗകിക നിയമമുണ്ട്: ഓരോ പ്രവർത്തനത്തിനും തുല്യവും വിപരീതവുമായ പ്രതിപ്രവർത്തനം ഉണ്ടായിരിക്കും. ആ തത്ത്വം മനുഷ്യ ജീവിതത്തിനും ബാധകമാണ്. നമ്മൾ തെറ്റായ ഒരു പ്രവൃത്തി ചെയ്യുകയാണെങ്കിൽ അതിന്റെ ദോഷഫലങ്ങളിൽ നിന്ന് നമുക്ക് രക്ഷപ്പെടാനാവില്ല. ഒരു സ്ത്രീക്കും പുരുഷനും ആ നിയമത്തിൽ നിന്ന് ഒഴിവാകാനുമാവില്ല.

ഒരാൾ ചെയ്ത തെറ്റിന്റെ പ്രത്യാഘാതം അയാൾ അനുഭവിക്കേണ്ടി വരുമ്പോൾ അയാളത് ഏതെങ്കിലും ബലിയാടുകളിൽ ചാർത്താൻ ശ്രമിക്കും. പക്ഷേ, അത്തരം ബലിയാടുകളെ നിഘണ്ടുവിലല്ലാതെ യഥാർത്ഥ ജീവിതത്തിൽ ലഭിക്കില്ല. നമ്മൾ ചെയ്ത തെറ്റിന്റെ അനന്തര ഫലം അനുഭവിക്കേണ്ടിവരുമ്പോൾ ഒട്ടും സമയം കളയാതെ ഹൃദയാത്മനാ, നമ്മൾ ചെയ്തുപോയ തെറ്റിനെ അംഗീകരിക്കണം. നമ്മൾ ചെയ്തത് തെറ്റാണെന്ന് തുറന്നുസമ്മതിക്കണം. നമ്മൾ മറ്റുള്ളവരുടെ മേൽ കുറ്റം ചാർത്താൻ ശ്രമിച്ചാൽ അവ ഏറ്റെടുക്കാൻ ആരും ഇല്ലെന്ന് വളരെ വേഗം തിരിച്ചറിയാൻ സാധിക്കും.

അത്തരം സാഹചര്യങ്ങളിൽ നമ്മുടെ തെറ്റുകൾ സ്വയം ഏറ്റെടുത്താൽ നമുക്കത് യഥാർത്ഥത്തിൽ പ്രയോജനകരമായിരിക്കും. ചെയ്തുപോയ തെറ്റിനെ പുനർ വിചിന്തനം ചെയ്യാൻ അത് നമ്മെ പ്രേ

രിപ്പിക്കും. നമ്മുടെ തന്ത്രത്തെ പുനർ നിർണ്ണയം നടത്താനും അതിനെ പുനക്രമീകരിക്കാനും നമ്മെ പ്രാപ്തരാക്കും. ഒടുവിൽ, ആദ്യത്തെ വണ്ടി നഷ്ടപ്പെട്ടുപോയ നമ്മെ അടുത്തതിൽ കയറാൻ ശക്തരാക്കും.

മനുഷ്യന് ചില പരിമിതികളുണ്ട്. അവൻ നല്ല ഉദ്ദേശ്യത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികൾ തെറ്റായ കണക്കുകൂട്ടലുകളിലൂടെ ലക്ഷ്യം പ്രാപിക്കാതെ പരാജയപ്പെടുന്നു. അത്തരത്തിലുള്ള പരാജയങ്ങൾ ക്ഷമിക്കപ്പെടണം. നമ്മുടെ നിരപരാധിത്വം സ്വീകരിക്കപ്പെടണം. നമ്മുടെ വിലയിരുത്തലുകൾ യഥാർഥ്യമല്ലാത്തവ ആയതുകൊണ്ടാണ് നമ്മൾ പരാജയപ്പെട്ടതെന്ന് നമുക്കു മനസ്സിലാക്കാം.

എന്നാൽ, വിഷയത്തിന്റെ അന്ത്യം അതല്ല. അങ്ങനെ സംഭവിക്കുകയാണെങ്കിൽ നമ്മുടേത് തെറ്റായിരുന്നുവെന്ന് നമ്മൾ പറയേണ്ടതുണ്ട്. വിഷയങ്ങളിൽ നിന്ന് മോചനം നേടാനുള്ള എളുപ്പമാർഗം തെറ്റിനെ അംഗീകരിക്കുക എന്നതാണ്. അതിനുപകരം ഏതെങ്കിലും ബലിയാടുകളെ കണ്ടെത്തി മുഴുവൻ തെറ്റും അവരിൽ പഴിചാരുക ശരിയായ രീതിയല്ല.

തെറ്റുകൾ ബൂമറാങ്ങ് പോലെ പ്രവർത്തിക്കും. സാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കരുത്. അത് വെറും സമയം പാഴാക്കലാണ്. ആ കുറ്റത്തെ ഏറ്റെടുക്കാൻ ആരുമുണ്ടാവില്ല. നമ്മുടെ ഭാഗത്ത് വല്ല തെറ്റും വന്നുപോവുകയാണെങ്കിൽ അതിന്റെ അനന്തര ഫലത്തെ വേഗത്തിൽ ഉൾക്കൊള്ളാൻ ശ്രമിക്കുക. നമ്മുടെ ആദ്യത്തെ അവസരം നഷ്ടപ്പെട്ട് രണ്ടാമതൊരു അവസരം വന്നുചേർന്നിരിക്കുകയാണെന്ന് മനസ്സിലാക്കണം. കൈവന്നിരിക്കുന്ന രണ്ടാമത്തെ അവസരം നമുക്ക് പ്രയോജനകരമാകുന്നത് ആദ്യത്തെ തെറ്റ് നമ്മൾ അംഗീകരിക്കുമ്പോൾ മാത്രമാണ്. അല്ലാതെ, മറ്റുള്ളവരിൽ പഴി ചാരുമ്പോഴല്ല.

## 65

# അനാവശ്യ വർത്തമാനം ഒഴിവാക്കുക

ഖുർആനിലെ, *വാഖിഅ* (മഹാസംഭവം) എന്ന അധ്യായത്തിൽ സ്വർഗത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. മനുഷ്യൻ എങ്ങനെയാണ് സ്വർഗത്തിൽ ജീവിക്കുക:

*അനാവശ്യവാക്കോ കുറ്റപ്പെടുത്തലോ അവിടെവെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്നുള്ള വാക്കല്ലാതെ.* (56: 25,26)

ആദർശാത്മക സമൂഹമാണ് സ്വർഗത്തിലുണ്ടായിരിക്കുക. ഇഹലോകം ഒരു പരീക്ഷണാലയമാണ്. ഇവിടെ ജനങ്ങൾ പരീക്ഷണത്തിലാണ്. ആ പരീക്ഷണത്തിൽ ആര് യോഗ്യതനേടുന്നുവോ അവർക്ക് സ്വർഗപ്രവേശം ലഭിക്കുന്നു. ഇഹലോകമെന്നത് പരീക്ഷണനിലവും ഇവിടെനിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ വസിക്കുന്നിടം സ്വർഗലോകവുമാണ്.

സ്വർഗാവകാശികൾക്കുവേണ്ട ഒരു ഗുണം മറ്റുള്ളവർക്ക് വിഷമമുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്ന് മാറിനിൽക്കുക എന്നതാണ്. അതായത്, ശാന്തിയും സമാധാനവും പൂർണ്ണമായി കൈവരിച്ചുകൊണ്ട് സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തി നേടുക. ആ വ്യവസ്ഥിതിയിൽ ജീവിക്കാൻ കഴിയുന്നുവെന്ന് തെളിയിക്കുന്നവരാണ് സ്വർഗ നിവാസികളുടെ പട്ടികയിൽ ഉൾപ്പെടുക.

സ്വർഗ നിവാസികളിൽ ഉൾപ്പെടാൻ ഖുർആൻ അനുശാസിക്കുന്ന രണ്ട് മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്. അതിൽ ഒന്നാമത്തേത്, അവർ പൂർണ്ണ സമാധാനത്തോടെ ജീവിക്കുന്നവരായിരിക്കണം. അതിലൂടെ സമൂഹത്തിലെ മറ്റ് അംഗങ്ങൾക്കും ശാന്തിയും സമാധാനവും ഉറപ്പാക്കണം.

രണ്ടാമത്തെ മാനദണ്ഡം, മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്നതിൽ നിന്ന് മാറിനിൽക്കുക എന്നതാണ്. അഥവാ, അവർ സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരല്ലെന്ന് തെളിയിക്കപ്പെടണം.

മേൽവചനം സ്വർഗ സമൂഹത്തെക്കുറിച്ചാണെങ്കിലും ഏതുതരം സാമൂഹിക മൂല്യങ്ങളാണ് ഇഹലോകത്തും സ്വീകാര്യമെന്ന് ഈ

വചനം വ്യക്തമാക്കുന്നു. ഇഹലോകം പരീക്ഷണാലയമാണെന്ന് ബോധ്യപ്പെടുമ്പോൾ ഒരേ നൈതിക മാനദണ്ഡങ്ങൾ രണ്ടുലോകത്തും ബാധകമാണെന്ന് ബോധ്യമാകും. അതായത്, ഇഹലോകത്തും പരലോകത്തും.

അതിനാൽ, ഓരോ സ്ത്രീയും പുരുഷനും അക്കാര്യത്തിൽ ജാഗ്രത പുലർത്തണം. നമ്മൾ മറ്റുള്ളവർക്ക് അസഹ്യമാകുമ്പോൾ അത് നമുക്കുതന്നെയും അസഹ്യത ഉളവാക്കുമെന്ന് തിരിച്ചറിയണം. സ്വർഗത്തിൽ പ്രവേശിക്കുന്നവരുടെ പട്ടികയിൽ നിന്ന് അത് നമ്മെ തടയും. അത്തരത്തിലുള്ള പെരുമാറ്റത്തിൽ ഏർപ്പെടാൻ ഒരിക്കലും പാടുള്ളതല്ല.

വിദ്വേഷത്തെ എങ്ങനെ നിർവ്വചിക്കാം?

സഹജീവികൾക്ക് തൃപ്തിപ്പെടാൻ കഴിയാത്ത നമ്മുടെ സ്വഭാവത്തിലെ ഏത് ഭാഗവും വിദ്വേഷമാണ്. ഏതൊരു വിദ്വേഷവും വിദ്വേഷമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള ഉത്തരവാദിത്തം നമുക്കല്ല, സഹജീവികൾക്കാണ്. മറ്റുള്ളവർക്ക് ശല്യമുണ്ടാക്കാൻ വേണ്ടി നമ്മൾ ഏതെങ്കിലും തരത്തിൽ പ്രവർത്തിച്ചിട്ടില്ലെന്ന് നമ്മളല്ല പറയേണ്ടത്, സഹജീവികളാണ്.

അത്തരം സാഹചര്യങ്ങളിൽ നമ്മുടെ ഉദ്ദേശ്യങ്ങൾ നല്ലതായിരുന്നുവെന്ന് ന്യായീകരിക്കാൻ നമുക്ക് അവകാശവുമില്ല. നമ്മുടെ ഉദ്ദേശ്യം നല്ലതാണോ മോശമാണോ എന്നതിനല്ല പ്രസക്തി. നമ്മുടെ സഹവാസികളുടെ പ്രതികരണമാണ് പരിഗണിക്കേണ്ടത്. നമ്മുടെ സഹവാസികൾക്ക് നമ്മുടെ സ്വഭാവം സ്വീകാര്യമെങ്കിൽ അത് ഒരു ശല്യമല്ല. നമ്മുടെ സ്വഭാവം നമ്മുടെ സഹവാസികൾക്ക് സ്വീകാര്യമല്ലെങ്കിൽ അത് തീർച്ചയായും ശല്യമാണ്. ശല്യമെന്നത് ഒരു പാപമല്ലെങ്കിലും അത് പാപമെന്നതുപോലെ ദുഷിച്ചതാണ്. കാരണം, നമ്മുടെ സഹജീവികളുടെ വികാരങ്ങളെ നമ്മുടെ പ്രവർത്തനങ്ങൾ വ്രണപ്പെടുത്തുന്നുണ്ടെങ്കിൽ ഫലത്തിൽ അത് പാപമാണ്.

66

# നേതൃത്വവും പിന്തുണയും

രാഷ്ട്ര നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ ഒരു പ്രകൃതി നിയമത്തെക്കുറിച്ച് ഖുർആൻ *സുഖുറൂഫ്* എന്ന അധ്യായത്തിൽ പറയുന്നുണ്ട്:

*അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? നാമാണ് ഐഹിക ജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിത മാർഗം പങ്കുവെച്ചുകൊടുത്തത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരെക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനെക്കാൾ ഉത്തമം.* (43:32)

ജനങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങൾ ഭിന്നതയുടെയോ വിവേചനത്തിന്റെയോ വിഷയമല്ല. ആ വ്യത്യാസങ്ങൾക്കുപിന്നിൽ വലിയൊരു വിവേകം ഒളിഞ്ഞുകിടപ്പുണ്ട്. നമ്മുടെ സാമൂഹ്യ വ്യവസ്ഥയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ അവയിൽ നിന്ന് ലഭിക്കുന്നു. ലളിതമായി പറഞ്ഞാൽ, വ്യക്തി സമൂഹത്തിന്റെ പ്രാഥമിക പദവി ഏറ്റെടുക്കണം. തുടർന്നുവരുന്ന പദവികൾ മറ്റുള്ളവരും ഏറ്റെടുക്കട്ടെ. അത്തരത്തിലുള്ള ഘടനാ വ്യവസ്ഥിതിയിലൂടെ മാത്രമെ സമൂഹത്തിന് ഉന്നത ലക്ഷ്യം കൈവരിക്കാനാവൂ.

വലിയ നേട്ടങ്ങൾ കൈവരിക്കാൻ കുറെ പേരുടെ സംയുക്ത ശ്രമങ്ങൾ ആവശ്യമാണ്. അത് ഒരു വ്യക്തി മാത്രം വിചാരിച്ചാൽ നേടാവുന്നതല്ല. വിജയിച്ച സംയുക്ത സംരംഭങ്ങളുടെ തത്ത്വം എന്താണ്?

പ്രാപ്തിയുള്ള ഒരു വ്യക്തിയെ നേതൃത്വം ഏല്പിക്കുക, മറ്റുള്ളവർ അയാളുടെ പിന്നിൽ അണിനിരന്ന് തുടർന്നുവരുന്ന കാര്യങ്ങൾ നിറവേറ്റുക എന്നതാണത്. കൂട്ടായപരിശ്രമമില്ലാതെ ഉയർന്ന ലക്ഷ്യം കൈവരിക്കാനാവില്ല. കൂട്ടായ സംരംഭങ്ങൾക്ക് എല്ലായ്പോഴും ഒരു നിയന്ത്രണം ആവശ്യമാണ്. ഒരു മേലധികാരിയില്ലാതെ ഒരു കമ്പനി നടത്തിക്കൊണ്ടുപോകാനാവില്ല. ഒരു പ്രധാനമന്ത്രിയില്ലാതെ ഒരു സർക്കാർ നടത്തിക്കൊണ്ടുപോകാനാവില്ല. ഒരു കുടുംബനാഥനില്ലാതെ ഒരു

വീട് നടത്തിക്കൊണ്ടുപോകാനാവില്ല. അതുപോലെ, ഒരു മേധാവിയില്ലാതെ സംയുക്ത സംരംഭം നടത്തിക്കൊണ്ടുപോകാനാവില്ല. നേതൃത്വ സിദ്ധാന്തം പിന്തുടരുക എന്നത് വിജയകരമായ സംയുക്ത സംരംഭത്തിന്റെ അവിഭാജ്യഘടകമാണ്.

ഉദ്ധരിച്ച ഖുർആനിക വചനത്തിലെ പ്രകൃതി നിയമം അത്തരുണത്തിൽ അനുഗ്രഹമാണ്. ഭിന്നതകളോടെയും വൈജാത്യങ്ങളോടെയുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അത്തരം ഭിന്നതകളും വൈജാത്യങ്ങളുമാണ് നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളിൽ, നേതൃത്വത്തിന് കീഴൊതുങ്ങുക എന്ന സിദ്ധാന്തത്തിന് പ്രായോഗികത നല്കുന്നത്. സമൂഹത്തിലെ എല്ലാ അംഗങ്ങളും തികച്ചും തുല്യരാണെങ്കിൽ ഈ സിദ്ധാന്തത്തിന് പ്രസക്തിയില്ല. കാര്യങ്ങൾ ശരിയാംവണ്ണം നിർവ്വഹിക്കണമെങ്കിൽ അവർക്കിടയിൽ ഒരു നേതാവ് ആവശ്യമാണ്. അത് അവരെ നേതൃത്വ തത്ത്വങ്ങളെ അംഗീകരിപ്പിക്കും.

ഓടാൻ ട്രെയിനുകൾക്ക് എഞ്ചിൻ ആവശ്യമാണ്. എഞ്ചിൻ ഇല്ലെങ്കിൽ ട്രെയിൻ നീങ്ങില്ല. ഇത് സമൂഹത്തെ സംബന്ധിച്ചും ശരിയാണ്. സമൂഹം ഒരുമിച്ചുകൂടേണ്ട ഒരു ട്രെയിൻ പോലെയാണ്. ആ ഏകോപനം സാധ്യമാകണമെങ്കിൽ അതിനെ നയിക്കുന്ന ഒരു എഞ്ചിൻ ആവശ്യമാണ്. ഭൗതിക ചലനത്തിന്റെ അതേ തത്ത്വം സാമൂഹിക ചലനത്തിനും ബാധകമാണ്. സമൂഹത്തിന് നേതാവില്ലാതെ ലക്ഷ്യത്തിലേക്ക് നീങ്ങാൻ കഴിയില്ല.

തുടർന്നുവരുന്ന പദവികൾ മോശമല്ല. ആജ്ഞാ ശക്തിയുള്ള പ്രഥമ വ്യക്തിയെക്കാൾ ഉയർന്ന പദവിയാണ് തുടർന്നുവരുന്നവർക്കുള്ളത്. അഹംഭാവ നിയന്ത്രണം സാധ്യമാണെന്ന് തെളിയിച്ചതുകൊണ്ടുതന്നെ അവർ ഇരട്ടി അംഗീകാരത്തിന് അർഹരാണ്. അഹങ്കാര നിയന്ത്രണം പരിശീലിക്കാതെ തുടർന്നുവരുന്ന പദവികൾ വഹിക്കുന്നവർക്ക് അവയെ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ല.

## 67

# സത്സംഘത്തിന്റെ പ്രാധാന്യം

യഥാർത്ഥ വിശ്വാസിക്ക് ഒരു വിശിഷ്ട ഗുണം ഉണ്ടായിരിക്കും. അയാൾക്ക് എതിരാളികളുമായി കൂടിക്കലരാനുള്ള വ്യക്തിത്വം ഉണ്ടാവണം. ഖുർആനിലെ, *ഫതഹ്* (വിജയം) എന്ന അധ്യായത്തിൽ ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട ആ ഗുണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്:

*മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹ ത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജ്ജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജ്ജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടുവരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.* (48:29)

ഒരു വിശ്വാസി വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ ജീവിക്കേണ്ടവനാണ്. അവൻ നല്ല ആളുകളുമായി ഇടപഴകുമ്പോൾ ആത്മീയതയുടെയും നല്ല ചിന്തകളുടെയും ഗുണങ്ങൾ അവനും ലഭിക്കും. അതല്ല, മോശക്കാരായ ആളുകളുമായാണ് ഇടപഴകുന്നതെങ്കിൽ അത് അവന്റെ സദാചാരത്തെയും ധാർമ്മികതയെയും ബാധിക്കും.

നല്ലതും ചീത്തയുമായ അത്തരം സ്വഭാവ വൈരുധ്യങ്ങൾ എല്ലാ സമൂഹത്തിലും കാണാവുന്നതാണ്. സമൂഹത്തിലെ ഒഴിവാക്കാൻ

പറ്റാത്ത വസ്തുതയാണത്. യഥാർത്ഥത്തിൽ അത് ഒരു വിശ്വാസിയുടെ പരീക്ഷണമാണ്. ആ പരീക്ഷണത്തിൽ വിശ്വാസി വിജയിച്ചിരിക്കണം. അവൻ ദുസ്വഭാവക്കാരുമായി അടുക്കാതിരിക്കാൻ പക്വതയോടെ പെരുമാറണം. സൽസ്വഭാവക്കാരുമായുള്ള ഇടപഴകലിലൂടെ നന്മയുടെ നല്ല വശങ്ങൾ സ്വായത്തമാക്കിക്കൊണ്ടിരിക്കണം. ജീവിതത്തെ പുഷ്കലമാക്കാൻ ഉതകുന്ന നല്ല ഉപദേശങ്ങൾ അവരിൽ നിന്ന് സ്വീകരിക്കുകയും വേണം.

സമകാലിക സാമൂഹിക ജീവിതം, പൊന്തക്കാടിനുള്ളിൽ കഴിയുന്നതുപോലെയാണ്. അതിൽ ധാരാളം മനോഹര പുഷ്പങ്ങളുണ്ട്. അതിനരുകിൽ മുള്ളുകളുമുണ്ട്. മുള്ളുകളുടെ കുത്തേൽക്കാതെ പൂക്കൾ പറിച്ചെടുക്കണമെങ്കിൽ സൂക്ഷ്മത അത്യാവശ്യമാണ്. ഞാണിന്മേൽക്കളി പോലെയാണത്. അടിതെറ്റി നിലം പറ്റാതിരിക്കാൻ വൈദഗ്ധ്യം വേണം. വൈദഗ്ധ്യമില്ലാതെ ഒരാൾക്കും ഉയർന്ന ലക്ഷ്യത്തിൽ എത്തിച്ചേരാനാവില്ല.

ദു:സ്വഭാവക്കാർ പൂർണ്ണമായും അയോഗ്യരല്ല. അവരിലും നന്മയുടെ അംശങ്ങളുണ്ട്. സന്മനസ്സോടെ അവരുമായി ഇടപഴകുമ്പോൾ നമുക്കത് മനസ്സിലാകും. ആ സദ്ഗുണം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ ദു:സ്വഭാവക്കാരിൽ നിന്നും നമുക്ക് പാഠങ്ങൾ ഉൾക്കൊള്ളാൻ സാധിക്കും.

വ്യക്തിത്വത്തിൽ വൈവിധ്യങ്ങളുടെ സങ്കലനം സ്വരൂപിക്കാൻ ഒരാൾക്ക് സാധ്യമാണ്. അത് അസ്വഭാവികമോ അസാധ്യമോ ആയതല്ല. ആത്മാർത്ഥതയുള്ള ഏതൊരാൾക്കും അത് പൂർണ്ണമായി നേടാവുന്നതാണ്. മനുഷ്യന്റെ ആ കഴിവിനെ ഉദ്ധരിച്ചുകൊണ്ട് ഒരു പാശ്ചാത്യ പണ്ഡിതൻ പറഞ്ഞു: 'അത്തരം വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ ഞാൻ ധാരാളം മതി.'

ഈ ഗുണവിശേഷം മൃഗങ്ങൾക്കില്ല. സ്രഷ്ടാവ് മനുഷ്യനുമാത്രം കനിഞ്ഞുനല്കിയതാണത്. സ്രഷ്ടാവ് നല്കിയ വരദാനം മനുഷ്യൻ തങ്ങളുടെ വ്യക്തിത്വത്തിൽ പ്രകാശിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വൈരുധ്യമിശ്രിതത്തിൽ ഭാഗഭാക്കാകുക എന്നത് വ്യക്തിത്വ വികസനത്തിലെ പ്രധാന ഘടകമാണ്.

അതൊരു അവസരമാണ്, ഒരു പ്രശ്നമല്ല. വൈരുധ്യങ്ങളുടെ മിശ്രിതം എന്നാൽ വൈവിധ്യത്തിന്റെ ഗുണങ്ങളോടുകൂടിയത് എന്നാണർത്ഥം. അതിലടങ്ങിയ വൈരുധ്യങ്ങളെ നിയന്ത്രിക്കാനുള്ള വിവേകം നേടുക എന്നത് പ്രധാനമാണ്. അത് ഒരു വ്യക്തിയുടെ പക്വതയുടെ

അടയാളമാണ്. പക്വത കൈവന്ന ആളുകൾ പ്രശ്നങ്ങളെ മാറ്റിനിർത്തി അവസരങ്ങളെ പ്രയോജനപ്പെടുത്തുക എന്ന തത്ത്വമാണ് പ്രയോഗി ക്കുക. അവന് സവിശേഷമായി പ്രവർത്തിക്കാനുള്ള കഴിവുണ്ടായിരി ക്കും. അവന് ഉന്നതമായ ധാർമ്മിക മൂല്യങ്ങൾ ഉണ്ടായിരിക്കും. സൗഹാ ർദ്ദപരമായ പെരുമാറ്റത്തിന്റെ ഉടമയാണവൻ എന്നാണത് അർത്ഥമാ ക്കുന്നത്. ശത്രുവിനോടും മിത്രത്തോടും ഒരേപോലെ ഇടപഴകാൻ അവന് സാധിക്കും.

## 68

# അധികാരം ഒരു ഉത്തരവാദിത്തം

സോളമൻ പലസ്തീൻ, സിറിയ, ഇസ്രയേൽ എന്നീ രാജ്യങ്ങളിലെ ഭരണാധികാരിയും പ്രവാചകനുമായിരുന്നു. രാഷ്ട്രീയവും മതപരവുമായ ശക്തിപ്രയോഗിച്ച് ഷേബായിലെ രാജ്ഞിയെ ജയിക്കാൻ ശ്രമിക്കുന്ന തിനിടയിൽ രാജ്ഞിയുടെ സിംഹാസനം രാജാവിനുമുൻപിൽ എത്തി ക്കാൻ ആജ്ഞാപിക്കപ്പെട്ടു. രാജ്ഞിയും അവളുടെ സിംഹാസനവും നൂറുകണക്കിന് മൈൽ അപ്പുറമായിരുന്നു. തനിക്ക് പ്രത്യേക അധികാ രങ്ങളുള്ളതുകൊണ്ട് ഉത്തരവ് ഉടനടി അനുസരിക്കപ്പെടുമെന്ന് രാജാവ് പ്രതീക്ഷിച്ചു. സോളമന്റെ ഉത്തരവ് എങ്ങനെയാണ് അനുസരിക്കപ്പെട്ട തെന്ന് ഖുർആനിലെ, 27-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്.

*വേദത്തിൽ നിന്നുള്ള വിജ്ഞാനം കരഗതമാക്കിയിട്ടുള്ള ആൾ പറഞ്ഞു; താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരുന്നതിന് മുമ്പായി ഞാനത് താങ്കൾക്ക് കൊണ്ടുവന്നുതരാം. അങ്ങനെ അത് (സിംഹാസനം) തന്റെ അടുക്കൽ സ്ഥിതിചെയ്യുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നന്ദികാണിക്കുമോ, അതല്ല നന്ദികേട് കാണിക്കുമോ എന്ന് എന്നെ പരീക്ഷിക്കുവാനായി എന്റെ രക്ഷിതാവ് എനിക്ക് നല്കിയ അനുഗ്രഹത്തിൽപ്പെട്ടതാകുന്നു ഇത്. വല്ലവനും നന്ദി കാണിക്കുന്ന പക്ഷം തന്റെ ഗുണത്തിനായിട്ട് തന്നെയാകുന്നു അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുന്നപക്ഷം തീർച്ചയാ യും എന്റെ രക്ഷിതാവ് പരാശ്രയമുക്തനും, ഉൽകൃഷ്ടനുമാകുന്നു.* (27:40)

ആ വചനം രാഷ്ട്രീയാധികാരത്തിന്റെ ഖുർആനിക സങ്കല്പത്തെ പ്ര തിഫലിപ്പിക്കുന്നു. അതൊരു ലൗകിക അനുഗ്രഹമായിരുന്നില്ല. മറിച്ച്, പരീക്ഷണമായിരുന്നു. ഈ ലോകത്ത് ഒരാൾ സ്വന്തമാക്കുന്നതെല്ലാം പരീക്ഷണമാണ്. രാഷ്ട്രീയശക്തിയും അതേപോലെ പരീക്ഷണമാണ്. ഒരു ഭരണാധികാരി തന്റെ കർത്തവ്യം നീതിപൂർവ്വമാണോ അല്ലയോ നിർവ്വഹിക്കുന്നതെന്ന് ദൈവം നിരീക്ഷിക്കും. ഏതൊരു രാജാവും ദൈവത്തിനുമുന്നിൽ ഒരു സാധാരണ മനുഷ്യനെപ്പോലെ കണക്കുകൾ ബോധിപ്പിക്കേണ്ടതാണ്.

ഖുർആനിക സങ്കല്പത്തിൽ രാഷ്ട്രീയാധികാരം മറ്റ് അനുഗ്രഹത്തെക്കാൾ ഉത്തരവാദിത്തമുള്ളതാണ്. രാഷ്ട്രീയാധികാരമെന്നതുകൊണ്ട് ഭരണാധികാരി ശ്രേഷ്ഠനെന്നോ, പ്രജകളുടെ ഉടമസ്ഥനെന്നോ, ഭരണാധികാരി വലിയവനും മറ്റുള്ളവർ ചെറിയവരും എന്നോ പരിഗണനയില്ല. ന്യായവിധി നാളിൽ മറ്റെല്ലാ മനുഷ്യരുമെന്നപോലെ ഭരണാധികാരിയും ദൈവത്തിനുമുന്നിൽ ഹാജരാക്കപ്പെടും.

ഭരണത്തെക്കുറിച്ചുള്ള ഈ സങ്കല്പം ഭരണാധികാരിയെ തന്റെ ഔദ്യോഗിക നിർവ്വഹണത്തിൽ ഗൗരവമുള്ളവനാക്കും. അയാൾ ദൈവത്തിന്റെ ദാസനാണെന്ന് സ്വയം തിരിച്ചറിയും. ദൈവ കല്പനകളെ അംഗീകരിക്കുകയല്ലാതെ വേറെ മാർഗമില്ലെന്ന തിരിച്ചറിവുണ്ടാകണം. ഭരണാധികാരി അടിസ്ഥാനപരമായി വിനയാന്വിതനും അനുയായികളുടെ അഭ്യുദയകാംക്ഷിയും ആയിരിക്കണം. താൻ പരമാധികാരിയാണെന്ന ഭാവം പുലർത്തരുത്. ദൈവമാണ് പരമാധികാരിയെന്നും ഭരണാധികാരിക്ക് ദൈവത്തിന്റെ ആജ്ഞകളെ പിന്തുടരേണ്ടതുണ്ടെന്നും തിരിച്ചറിയണം. രാജകീയ സംസ്കാരത്തെക്കാൾ ലാളിത്യത്തിന്റെ സംസ്കാരമാണ് ഭരണാധികാരി പിന്തുടരേണ്ടതെന്നും അത് അർത്ഥമാകുന്നു. രാജകീയ ആഢംബരങ്ങൾ കൊണ്ടുനടക്കാൻ സമയം ഉപയോഗിക്കരുത്. രാജ്യനിയമങ്ങൾ നടപ്പിലാക്കുകയല്ലാതെ സ്വന്തം താത്പര്യങ്ങൾ ജനങ്ങളിൽ അടിച്ചേല്പിക്കരുത്. ദൈവത്തിന്റെ ആജ്ഞാനുവർത്തിയാവുക എന്ന സ്വാതന്ത്ര്യം മാത്രമെയുള്ളു. അത് പാലിക്കാൻ സാധ്യമല്ലെങ്കിൽ അവൻ തന്റെ സിംഹാസനത്തെ ഉപേക്ഷിക്കുന്നതാണ് നല്ലത്.

ശ്രേഷ്ഠനായ ഒരു ഭരണാധികാരിയെ സംബന്ധിച്ചിടത്തോളം ഭരണം മേന്മയുടെ ഉറവിടമല്ല, ഭരണം ജനങ്ങളുടെ ഭരണാധികാരിയാകാനുള്ളതല്ല, ഭരണം അഹങ്കാരത്തിന്റെ ഉറവിടവുമല്ല. ഭരണാധികാരിയെ സംബന്ധിച്ചിടത്തോളം ഭരണം അനുയായികൾക്കുവേണ്ടിയുള്ള സേവനം എന്നതിലപ്പുറം മറ്റൊന്നുമല്ല.

ആ സങ്കല്പമനുസരിച്ച് ഒരു ഭരണാധികാരി ഭരണ നിർവ്വഹണത്തിന്റെ മേലധികാരിയാണ്, രാജ്യ തലവനാണ് എന്നല്ലാതെ അയാൾ രാജ്യത്തിന്റെ പ്രഭുവല്ല. അയാൾക്ക് ജനങ്ങളെ ചൂഷണം ചെയ്യാനുള്ള അധികാരമില്ല. അയാൾക്ക് രാജ്യത്തെ സ്വന്തം സ്വത്തായി കാണാനുള്ള അവകാശവുമില്ല. ജനങ്ങളെ സേവിക്കുന്നതിനുവേണ്ടി ദൈവം നല്കിയ സമ്മാനമാണ് അധികാരം.

## 69

# മനസ്സാക്ഷിയെ ആശ്രയിക്കുക

ഖുർആനിക അധ്യാപന പ്രകാരം സ്ത്രീ പുരുഷന്മാർ രണ്ട് വിപരീത ധാർമ്മിക ഘടകങ്ങളുമായാണ് ജനിക്കുന്നത്. ആദ്യത്തേത് ഖുർആനിലെ, *യൂസുഫ്* എന്ന അധ്യായത്തിൽ, *നഫ്സ് അൽ അമ്മാറ* എന്നും രണ്ടമത്തേത്, *ഖിയാമ* എന്ന അധ്യായത്തിൽ, *നഫ്സ് അൽ അവ്വാമ* എന്നും വിശേഷിപ്പിച്ചിരിക്കുന്നു.

*നഫ്സ് അൽ അമ്മാറ, നഫ്സ് അൽ അവ്വാമ* എന്നാൽ എന്താണ്?

മനഃശാസ്ത്രപരമായി അവ അഹന്തയും ധർമ്മബോധവുമാണ്. അവയുമായാണ് ഓരോ മനുഷ്യനും ജനിക്കുന്നത്. ആ രണ്ട് സവിശേഷതകളും മനുഷ്യ സ്വഭാവത്തെ സാരമായി ബാധിക്കുന്നുണ്ട്. നഫ്സ് അൽ അവ്വാമയുടെ സ്വാധീനത്താൽ സൽസ്വഭാവവും, നഫ്സ് അൽ അമ്മാറയുടെ സ്വാധീനത്താൽ ദുസ്വഭാവവും ഉണ്ടാകുന്നു.

അഹംബോധത്തെ അനിയന്ത്രിതമായി വിടുകയാണെങ്കിൽ അത് മനുഷ്യന്റെ സർവ്വമാന തിന്മകളുടെയും ഉറവിടമായി മാറും. എളുപ്പത്തിൽ പ്രകോപിക്കപ്പെടാവുന്ന മനുഷ്യഗുണമാണത്. സാധാരണ നിലയിൽ അത് നിർജ്ജീവാവസ്ഥയിലായിരിക്കും. ഒരാളുടെ അഹംബോധത്തെ അവനിലെ തിന്മ സ്പർശിക്കുമ്പോൾ അത് അന്തഃകരണശക്തിയായി പരിണമിക്കുകയും എല്ലാം തകർക്കുകയുംചെയ്യും. അഹംബോധം എന്ന ഒരു പ്രശ്നത്തെ ഒഴിവാക്കാനുള്ള ഏറ്റവും ഉചിത മാർഗം അതിനെ പ്രകോപിപ്പിക്കാതിരിക്കലാണ്. പ്രകോപനമില്ലെങ്കിൽ അഹംബോധം യാതൊരു പ്രശ്നവും സൃഷ്ടിക്കില്ല. എന്നാൽ അതിനെ പ്രകോപിപ്പിക്കുന്നത് ഒരു ഊർജ്ജച്ചെപ്പിന് തീ കൊളുത്തുന്നതുപോലെയാകും.

നേരെമറിച്ച്, എല്ലാതരം നന്മകളുടെയും ഉറവിടമാണ് ധർമ്മബോധം. ദുഷ്പ്രവർത്തികളിൽ ഏർപ്പെടുന്നതിൽ നിന്ന് ധർമ്മബോധം നമ്മെ തടയുന്നു. നമ്മൾ ഏതെങ്കിലും ദുർന്നടപടിയിൽ ഏർപ്പെടുകയാണെങ്കിൽ നമ്മളിലെ ധർമ്മബോധം സചേതനമാകുകയും മാനസാന്തരപ്പെടാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യും. അത് നമ്മളിലെ സ്വഭാ

വത്തെ പുനഃക്രമീകരിക്കുന്നു. ആ വിധത്തിൽ മനുഷ്യ വ്യക്തിത്വത്തെ നന്നാക്കിയെടുക്കുന്നതിൽ ധർമ്മ ബോധത്തിന് വലിയ പങ്കാണുള്ളത്.

ഏതെങ്കിലും തരത്തിലുള്ള വിവാദങ്ങൾ എപ്പോഴെങ്കിലും ഉണ്ടായാൽ നമ്മൾതന്നെ അതിന്റെ ഫലം അനുഭവിക്കേണ്ടിവരും. നമ്മൾ എതിർകക്ഷിയുടെ അഹംബോധത്തെ പ്രകോപിപ്പിച്ചാൽ അത്തരം കർമ്മങ്ങളുടെ ദൂഷ്യഫലം നമ്മൾ അനുഭവിക്കേണ്ടിവരും. നമ്മുടെ ദുർന്നടപടിക്ക് നീച പ്രതികരണമായിരിക്കും ലഭിക്കുക. നമ്മുടെ അനാവശ്യ ഇടപെടലുകൾക്ക് വലിയ വില കൊടുക്കേണ്ടിയുംവരും. വിവാദസാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടത് ജാഗ്രത പാലിക്കലും, എതിർപാർട്ടിയുടെ ധർമ്മബോധത്തെ സജീവമാക്കാൻ ശ്രമിക്കലുമാണ്. ആ നയം തീർച്ചയായും വിജയിക്കും. എതിരാളിയുടെ ധർമ്മബോധത്തിന്റെ ഫലം തീർച്ചയായും നമുക്കനുകൂലമായിരിക്കും. മെച്ചപ്പെട്ട ജീവിതത്തിനുവേണ്ട ലളിതമായ മാർഗമാണത്.

ആരും ശത്രുവായി ജനിക്കുന്നില്ല. ശത്രുത വ്യക്തിത്വത്തിന്റെ ആപേക്ഷിക പ്രതിഭാസമാണ്. നമ്മുടെ ചീത്ത പ്രവർത്തികളാണ് ഒരു വ്യക്തിയെ നമ്മുടെ ശത്രുവാക്കുന്നത്. നമ്മൾ തിന്മയിൽ നിന്ന് മാറിനിൽക്കുകയാണെങ്കിൽ നമ്മുടെ പ്രത്യക്ഷശത്രു അപ്രത്യക്ഷമാകും. നമ്മുടെ തെറ്റായ പെരുമാറ്റത്തിന്റെ ഫലമാണ് ശത്രുത. നല്ല പെരുമാറ്റത്തിലൂടെ നമുക്ക് ആത്മ സുഹൃത്തുക്കളെ സമ്പാദിക്കാൻ സാധിക്കും.

അഹംബോധവും ധർമ്മബോധവും മനുഷ്യ വ്യക്തിത്വത്തിന്റെ നല്ലതും ആരോഗ്യകരവുമായ അംശങ്ങളാണ്. ശുഭാപ്തിവിശ്വാസത്തോടെയുള്ള അഹംബോധം നമുക്ക് നിശ്ചയദാർഢ്യം നല്കുന്നു. ശക്തമായ വ്യക്തിത്വം കെട്ടിപ്പടുക്കാൻ അത് നമ്മെ സഹായിക്കും. അത് നമുക്ക് ഏറ്റവും വലിയ ശക്തിയായി മാറുകയും ഏതു വെല്ലുവിളികളെയും നേരിടാനുള്ള ശക്തി പകരുകയും ചെയ്യും. അഹംബോധത്തെ നിയന്ത്രിക്കാനുള്ള കഴിവിനെക്കുറിച്ച് പഠിക്കുന്നത് അനുഗ്രഹമാണെന്ന് തെളിയിക്കപ്പെടും.

വ്യക്തിത്വ വികസനത്തിന് ധർമ്മബോധവും വളരെ പ്രധാനമാണ്. ധർമ്മബോധം കാരുണ്യത്തിന്റെ ചൈതന്യം നമ്മുടെ മനസ്സിൽ പ്രവേശിപ്പിച്ച് ശരിതെറ്റുകളെ തിരിച്ചറിയാൻ നമ്മെ പ്രാപ്തരാക്കും. എല്ലാറ്റിനുമുപരി ധാർമ്മികബോധം നമ്മുടെ വ്യക്തിത്വത്തിന്റെ ധാർമ്മിക സൂക്ഷിപ്പുകാരനായി വർത്തിക്കുന്നു.

## 70

# ഖുർആനിലെ പ്രഥമ അധ്യായം

ഖുർആനിൽ ചെറുതും വലുതുമായി 114 അധ്യായങ്ങളുണ്ട്. പ്രഥമ അധ്യായമായ, *ഫാത്തിഹ* എന്ന ആമുഖത്തിൽ 7 ചെറിയ സൂക്തങ്ങളേയുള്ളൂ. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:

*സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.*

*പരമ കാരുണികനും കരുണാനിധിയും,*

*പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥനുമായ (അല്ലാഹുവിന്).*

*നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.*

*ഞങ്ങളെ നീ നേർമ്മാർഗത്തിൽ ചേർക്കേണമേ.*

*നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.* (1:1-6)

സ്തുതി സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു എന്നതാണ് പ്രഥമസൂക്തം. ഖുർആന്റെ മുഖ്യാംശമാണത്. മനുഷ്യൻ ദൈവത്തോട് കൂറുള്ളവനായിരിക്കണം എന്നതാണ് ഖുർആന്റെ അടിസ്ഥാന സന്ദേശം. മനുഷ്യൻ സർവ്വശക്തനായ ദൈവത്തെ അംഗീകരിക്കണം. അവൻ ദൈവത്തിന് കീഴ്പെട്ടുകൊണ്ട് ജീവിതം നയിക്കണം. അൽഹംദുലില്ലാ - സ്തുതി ദൈവത്തിനാകുന്നു എന്നത് ആ മൂല്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്നു.

ഏറ്റവും ഉയർന്ന തലത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അവന്റെ ജീവിത സംരക്ഷണത്തിന് അനുകൂലമായ എല്ലാ സൗകര്യങ്ങളും ദൈവം അവന് നല്കി. ദൈവം ഭൂമിയെ മനുഷ്യജീവിതത്തിന് അനുകൂലമായ ഒരേയൊരു ഗ്രഹമായി സൃഷ്ടിച്ചു. ബൃഹത്തായ കഴിവുകളുള്ള മനസ്സ് ദൈവം നല്കി. മനസ്സിന്റെ ആ അത്ഭുത സിദ്ധിയാണ് നാഗരികത സൃഷ്ടിക്കാൻ മനുഷ്യനെ പ്രാപ്തനാക്കിയത്. എല്ലാ ശാസ്ത്രങ്ങളും മനുഷ്യ മനസ്സിന്റെ പ്രവർത്തനഫലമാണ്.

അത്തരം സാഹചര്യങ്ങളിൽ മനുഷ്യൻ തീർച്ചയായും ദൈവത്തെ അംഗീകരിച്ച്, 'നിനക്കാണ് സ്തുതി' എന്ന് പറയേണ്ടതുണ്ട്. ആ അംഗീകരണമില്ലാതെ ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് അർഹതയില്ല. ആ

അംഗീകാരമാണ് ദൈവത്താൽ സൃഷ്ടിക്കപ്പെട്ട സർവ്വവും ആസ്വദിച്ചു കൊണ്ട് ഭൂമിയിൽ ജീവിക്കാനുള്ള നിയമസാധുത മനുഷ്യന് നല്കുന്നത്.

രണ്ടാം വാക്യത്തിൽ, പരമകാരുണികനും കരുണാനിധിയുമെന്നാണ് ദൈവത്തെ അഭിസംബോധന ചെയ്യുന്നത്. അവ രണ്ടും സ്വീകാര്യത യുടെ വാക്കുകളാണ്. ലോകം തനിക്ക് അനുകൂലമാണെന്ന് തിരിച്ചറി യുമ്പോൾ അവയെല്ലാം തനിക്ക് മാത്രമായി സൃഷ്ടിക്കപ്പെട്ടതാണെന്ന തോന്നലുണ്ടാവും. തന്റെ സ്രഷ്ടാവ് വെറുമൊരു സ്രഷ്ടാവല്ലെന്ന് വിശ്വ സിക്കാൻ അവൻ നിർബ്ബന്ധിതനാകും - വാക്കിന്റെ പൂർണ്ണാർത്ഥത്തിൽ ദൈവം ഉത്കൃഷ്ടനായ ഒരു സ്രഷ്ടാവാണെന്ന ബോധം, ആ തിരിച്ചറിവ്, *അൽഹംദു ലില്ലാഹി*യുടെ ചൈതന്യം വർദ്ധിപ്പിക്കും. ദൈവത്തോടുള്ള സ്നേഹത്താൽ അവൻ ഉത്തേജിപ്പിക്കപ്പെടും. അവൻ ഒരു യഥാർത്ഥ വിശ്വാസിയായിമാറുക മാത്രമല്ല, അവന്റെ പരമമായ വിഷയം ദൈവ ത്തിലൂന്നിയതുമായിരിക്കും.

ആ അധ്യായത്തിലെ മൂന്നാമത്തെ സൂക്തത്തിൽ ദൈവത്തെ, ന്യാ യവിധിയുടെ അധിപൻ എന്നാണ് വിശേഷിപ്പിക്കുന്നത്. ആ പ്രയോഗം മനുഷ്യ വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കു കയും അവന് ധാരാളം നന്മകൾ നല്കുകയും ചെയ്തപ്പോൾ സ്വാഭാ വികമായും അവൻ ദൈവത്തോട് മറുപടി പറയേണ്ടതുണ്ട്. തനിക്ക് ലഭിച്ച സ്വാതന്ത്ര്യം ആര് ശരിയായ വിധത്തിൽ ഉപയോഗിക്കുന്നുവോ അവന് അതിനുതക്കതായ പ്രതിഫലവും, തനിക്ക് ലഭിച്ച സ്വാതന്ത്ര്യ ത്തെ ആര് ദുരുപയോഗം ചെയ്യുന്നുവോ അവന് തക്കതായ ശിക്ഷയും ലഭിക്കും. മനുഷ്യന് ലഭിക്കുന്ന ഓരോ അനുഗ്രഹവും അവന്റെ ഉത്തര വാദിത്തത്തെ വർദ്ധിപ്പിക്കുന്നു. ആരുംതന്നെ ആ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നതല്ല.

ഈ അധ്യായത്തിലെ നാലാം സൂക്തം ഇങ്ങനെ വായിക്കാം: *നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.*

സ്രഷ്ടാവിനോടുള്ള മനുഷ്യന്റെ യഥാർത്ഥ പ്രതികരണമാണ്. മനുഷ്യൻ ദൈവത്തെ ആരാധിക്കണം. തന്റെ യജമാനനെ മനുഷ്യൻ മനസ്സിലാക്കാൻ ശ്രമിച്ചാൽ അവൻ സ്വയം കുമ്പിട്ട് യജമാനന് കീഴട ങ്ങുന്നു. ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവ് ദൈവത്തോട് സഹായത്തി നർത്ഥിക്കാൻ നമ്മെ നിർബ്ബന്ധിതരാക്കും. കാരണം, ദൈവം ദാതാവും മനുഷ്യൻ സ്വീകർത്താവുമാണ്. മനുഷ്യനും ദൈവത്തിനും ഇടയിലുള്ള സമവാക്യത്തിന്റെ സത്ത അതാണ്.

അഞ്ചാമത്തെ സൂക്തം, 'ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ' എന്നാണ്. അത് മനുഷ്യരിൽ നിന്ന് ദൈവത്തിലേക്കുള്ള യാന്ത്രിക പ്രതികരണമാണ്. ദൈവത്തോട് മനുഷ്യന് ആവശ്യപ്പെടാവുന്ന ഏറ്റവും വലിയ അനുഗ്രഹം ശരിയായ മാർഗനിർദ്ദേശം എന്നതാണെന്ന് മനുഷ്യന്റെ യാഥാർത്ഥ്യ ബോധം അവനോട് പറയുന്നു. ശരിയായ മാർഗ നിർദ്ദേശം മനുഷ്യന് അത്യാവശ്യമാണ്. ദൈവത്തിന് മാത്രമെ മനുഷ്യന്റെ പാദങ്ങളെ ശരിയായ പാതയിൽ നിർത്താനാകൂ. സ്രഷ്ടാവിനോടുള്ള കടപ്പാടിന്റെ വികാരങ്ങളാൽ പരവശനായിക്കൊണ്ട് ശരിയായ പാത കാണിച്ചുകൊടുക്കാൻ മനുഷ്യൻ ദൈവത്തോട് അപേക്ഷിക്കുന്നു.

അധ്യായത്തിലെ ആറാമത്തെ സൂക്തം ഇങ്ങനെയാണ്: '*നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന് ഇരയായവരുടെയും പിഴച്ചുപോയവരുടെയും മാർഗത്തിലുമല്ല.*'

ഈ സൂക്തം മുകളിലുദ്ധരിച്ച മറ്റ് സൂക്തങ്ങളുടെ സൂക്ഷ്മമായ വിശദീകരണമാണെന്നു പറയാം.

## 71

# സംഘർഷം ഒഴിവാക്കുക

പ്രവാചകൻ മക്കയിൽ തന്റെ ദൗത്യം ആരംഭിച്ച കാലത്ത് കഅ്ബ യായിരുന്ന ഖിബ്‌ലയായി സ്വീകരിച്ച് പ്രാർത്ഥിച്ചിരുന്നത്. പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തശേഷം പതിനഞ്ചോ പതിനാറോ മാസക്കാലത്തെ പ്രാർത്ഥനയ്ക്ക് ജൂതന്മാരുടെ ഖിബ്‌ലയാണ് സ്വീ കരിച്ചിരുന്നത്. പിന്നീടദ്ദേഹം മക്കയിലെ കഅ്ബക്ക് അഭിമുഖമായി നിന്ന് പ്രാർത്ഥിച്ചുതുടങ്ങി. *ബഖറ* എന്ന അധ്യായത്തിൽ ആ സംഭവം പരാമർശിക്കുന്നുണ്ട്:

*വേദം നല്കപ്പെട്ടവരുടെ അടുക്കൽ നീ എല്ലാവിധ ദൃഷ്ടാന്തവും കൊണ്ട് ചെന്നാലും അവർ നിന്റെ ഖിബ്‌ലയെ പിന്തുടരുന്നതല്ല. അവരുടെ ഖിബ്‌ലയെ നീയും പിന്തുടരുന്നതല്ല. അവരിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന്റെ ഖിബ്‌ലയെ പിന്തുടരുകയുമില്ല. നിനക്ക് ശരിയായ അറിവ് വന്നുകിട്ടിയ ശേഷം നീയെങ്ങാനും അവരുടെ ഇച്ഛകളെ പിൻപറ്റിയാൽ നീയും അതിക്രമകാരികളുടെ കൂട്ടത്തിൽത്ത ന്നെയായിരിക്കും.* (2:145)

ഉദ്ധരിച്ച വചനത്തിൽ, അനാവശ്യ സംഘട്ടനം ഒഴിവാക്കുക എന്ന സുപ്രധാന തത്ത്വം ഉൾച്ചേർന്നിട്ടുണ്ട്. യഹൂദന്മാർ അക്കാലത്ത് മദീനയിലെ ഒരു പ്രമുഖ സമൂഹമായിരുന്നു. നൂറ്റാണ്ടുകളായി അവർ പ്രാർത്ഥനയ്ക്ക് ഖിബ്‌ലയായി ജറുസലം ആയിരുന്നു ഉപയോഗിച്ചിരു ന്നത്. ജറുസലം യഹൂദർക്ക് മാത്രമല്ല, യഹൂദേതര സമൂഹക്കാർക്കും വിശുദ്ധമായിരുന്നു.

അത്തരമൊരു സാഹചര്യത്തിൽ കഅ്ബയെ ഖിബ്‌ലയാക്കി സ്വീക രിക്കുക എന്നത് ഒരു അസാധാരണ സംഭവമായിരുന്നു. ആദ്യത്തെ കുറ ച്ചുമാസങ്ങൾ പ്രവാചകൻ വിവാദങ്ങൾ ഒഴിവാക്കാൻ വേണ്ടി ജൂതന്മാ രുടെ ഖിബ്‌ലയെത്തന്നെ അഞ്ചുനേരത്തെ പ്രാർത്ഥനയ്ക്ക് ഉപയോ ഗിച്ചു. ആ സംഭവത്തിൽ നിന്ന് പ്രാർത്ഥനയുടെ വിഷയത്തിൽ മാത്രമ ല്ല, ജീവിതത്തിലെ മറ്റ് മേഖലകൾക്കുകൂടെ ബാധകമായ ഒരു തത്ത്വം വായിച്ചെടുക്കാം.

അത് വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. അനാവശ്യസംഘർഷങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്ന എന്നതുകൊണ്ട് അത് വളരെ പ്രാധാന്യമർഹിക്കുന്ന തത്ത്വമാണ്. മാത്രവുമല്ല, സമൂഹത്തിൽ ഭംഗലേശമന്യേ ദൗത്യം നിർവ്വഹിക്കാനുള്ള അവസരവും നല്കുന്നു. അത് നമ്മുടെ സമയവും ഉർജ്ജവും പാഴാക്കിക്കളയുന്ന തർക്കവിതർക്കങ്ങൾ തടയുന്നു. നമുക്ക് വലിയൊരു പ്രായോഗിക ജ്ഞാനവും നല്കുന്നു.

ഒരു ദൗത്യം ഏറ്റെടുക്കുന്ന ഒരാൾക്ക് അനാവശ്യ പോരാട്ടത്തിലേർപ്പെടാനാവില്ല. ദൃഢ ശക്തിയുള്ള ഒരു വ്യക്തിയെന്ന നിലയിൽ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിൽ അവന് നല്ല ധാരണയുണ്ടാകും. അവനെപ്പോഴും പ്രവർത്തനങ്ങൾ ശരിയായി തെരഞ്ഞെടുത്ത ഭൂമികയിൽ നിന്നും ആരംഭിക്കുന്നു. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചാടിക്കടക്കുന്ന ഒരു പുൽച്ചാടിയെപ്പോലെ ആകില്ല അവൻ. ഒരു ദൗത്യം ഏറ്റെടുക്കുന്ന ആൾ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും പ്രതിബന്ധങ്ങൾ ഒഴിവാക്കിക്കൊണ്ടിരിക്കുകയും ചെയ്യും.

പ്രവാചകൻ പിൻപറ്റിയ മാതൃക അതിന് യോജിച്ച ഉദാഹരണമാണ്. പ്രാർത്ഥന പോലുള്ള വിഷയങ്ങളിൽ ജനങ്ങൾ പൊതുവെ ഒന്നിനും വഴങ്ങുന്നവരല്ല. വളരെ മൃദുലവിഷയമായ പ്രാർത്ഥന കൈകാര്യം ചെയ്യുമ്പോൾ പ്രവാചകൻ ആ തത്ത്വമാണ് സ്വീകരിച്ചത്. ആ തത്ത്വം മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമാണ്. പ്രത്യേകിച്ച് ഭാര്യാ ഭർത്തൃ ബന്ധങ്ങൾ, കുടുംബബന്ധങ്ങൾ, ദേശീയവും അന്തർദ്ദേശീയവുമായ വിഷയങ്ങൾ. എവിടെ അത്തരം സാഹചര്യങ്ങളുണ്ടോ അവിടെയെല്ലാം ആ സാർവ്വത്രിക തത്ത്വം പ്രായോഗികമാണ്. ആ അർത്ഥത്തിൽ അതൊരു ദിവ്യതത്ത്വമാണെന്നുകൂടി പറയാം. മതപരവും മതേതരവുമായ കാര്യങ്ങൾക്ക് അത് പ്രായോഗികമാണ്.

72

# ശരിയായ പരിപ്രേക്ഷ്യം

ഖുർആനിലെ, 39-ാം അധ്യായത്തിലെ ഒരു വചനം:

*അതായത് വാക്ക് ശ്രദ്ധിച്ചുകേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗ ദർശനം നല്കിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാന്മാർ.* (39:18)

മതപരമോ മതനിരപേക്ഷമോ ആയ ആ പ്രസ്താവനയ്ക്ക് വ്യ ത്യസ്ത കാഴ്ചപ്പാടുകളുണ്ട്. അതിനെ വ്യത്യസ്ത കോണുകളിലൂടെ കാണാൻ കഴിയും. മനുഷ്യാവസ്ഥയെക്കുറിച്ചുള്ള പ്രസ്താവനകൾ 2+2=4 എന്നപോലെ ലളിതമല്ല. അതിനാൽ അത്തരം പ്രസ്താവന കളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ സാധിക്കും. ഓരോ പ്ര സ്താവനയ്ക്കും ഒരു യാഥാർത്ഥ്യമേ ഉള്ളൂവെങ്കിലും ഓരോരുത്തർക്കും തെറ്റായോ ശരിയായോ വ്യാഖ്യാനിക്കാൻ സ്വാതന്ത്ര്യമുണ്ട്. പ്രസ്താവന യുടെ യഥാർത്ഥ അർത്ഥം പരിഗണിച്ചാൽ മതിയോ, അതോ പ്രസ്താവ നയുടെ വ്യംഗ്യാർത്ഥം മാത്രം പരിഗണിച്ചാൽ മതിയോ?

ശ്രോതാവിന്റെ മനസ്സാണ് തീരുമാനമെടുക്കേണ്ടത്. ശ്രോതാവ് വസ്തുനിഷ്ഠനാണെങ്കിൽ പ്രസ്താവനയുടെ സാരാംശങ്ങൾ എങ്ങനെ മനസ്സിലാക്കുമെന്നും എങ്ങനെയാണ് സാധുവും അസാധുവും വേർതി രിച്ച് വേണ്ടതുമാത്രം സ്വീകരിക്കാൻ കഴിയുക എന്നും അയാൾക്കറി യാം. കാര്യങ്ങൾ വിലയിരുത്താനും വിശകലനം ചെയ്യാനും അയാൾക്ക് സാധിക്കും. കൂടാതെ അയാൾ സത്യസന്ധനാണെങ്കിൽ തെറ്റിദ്ധാരണ കൾ വരാത്ത വിധം പ്രസ്താവനകളെ ശരിയായ വിധത്തിൽ പരിഗണി ക്കുകയും ചെയ്യും. ശരിയായൊരു മനുഷ്യന്റെ അടയാളം, പ്രസ്താവന കളെ ശരിയായ കാഴ്ചപ്പാടിൽ പരിഗണിക്കാനുള്ള കഴിവാണ്. പക്ഷ പാതപരമായ ചിന്തയിൽ നിന്ന് അയാൾ മുക്തനായിരിക്കും. വഴിതെ റ്റിപ്പോകാത്തവനായതിനാൽ കാര്യങ്ങൾ യഥാവിധി സ്വീകരിക്കാൻ അയാൾക്ക് കഴിയും.

യുക്തിയും വിവേകവുമുള്ളവർ അത്തരത്തിലുള്ള തിരിച്ചറിവ് വികസിപ്പിച്ചെടുക്കണം. കാര്യങ്ങൾ ശരിയായ വിധത്തിൽ മനസ്സിലാ

ക്കാൻ കഴിയുന്നവിധം മനസ്സിനെ പാകപ്പെടുത്തണം. നമ്മൾ ശരിയായ ചിന്തകരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വപരിശീലനത്തിലൂടെ ആ ഗുണം വികസിപ്പിച്ചെടുക്കണം. എല്ലാതരം പക്ഷപാതങ്ങളിൽ നിന്നും മുൻവ്വിധികളിൽ നിന്നും മുക്തനും നിഷ്പക്ഷനുമായിരിക്കുക എന്നതാണ് പ്രഥമ വ്യവസ്ഥ. യുക്തിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവും ഉണ്ടായിരിക്കണം. പ്രസക്തവും അപ്രസക്തവും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് നല്ല അറിവുമുണ്ടായിരിക്കണം.

കൂടാതെ, നമുക്ക് ശരിയായ കോണിൽ നിന്ന് കാര്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ നമ്മൾ ബുദ്ധിപരമായി സത്യസന്ധരും എളിമയുള്ളവരുമായിരിക്കണം. ഒരാൾ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ കേവലം മനസ്സിലാക്കാൻ കഴിയാതെപോയ ഒരു പരാജയം മാത്രമല്ല, അതിനേക്കാളുപരി നഷ്ടപ്പെടുത്തിയ ഒരവസരം കൂടെയാണത്. കാര്യങ്ങൾ ശരിയായ രീതിയിലാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ നമ്മുടെ ബുദ്ധിയും വ്യക്തിത്വവും വികസിക്കും. അത്തരം അവസരങ്ങൾ നമ്മൾ നഷ്ടപ്പെടുത്തരുത്.

നമ്മൾ സങ്കീർണ്ണതകളിൽ നിന്ന് മുക്തനായ ഒരു വ്യക്തിയാണെങ്കിൽ നമുക്ക് ബുദ്ധിമുട്ടുകൾ കൂടാതെ നിഷ്പ്രയാസം കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. അഹങ്കാരം, പക്ഷപാതം, വിദ്വേഷം എന്നിവയിൽ നിന്ന് സ്വയം മുക്തനാവുക. എന്നാൽ നമ്മൾ മേൽ വിവരിച്ചതനുസരിച്ചുള്ള വിവേകിയായ വ്യക്തിയായി മാറും. ബുദ്ധിശാലികൾ ബുദ്ധിശാലികളായി ജനിച്ചവരല്ല. പരിശീലനം കൊണ്ടാണ് അവർ ബുദ്ധിശാലികളായിമാറിയത്. നമ്മൾ സ്വയം പരിശീലിക്കുകയും മറ്റുള്ളവരെ പരിശീലിപ്പിക്കുകയും ചെയ്യുക. അതിലൂടെ നമ്മൾ കാര്യങ്ങൾ തിരിച്ചറിയാൻ കഴിവുള്ളവരായി മാറും.

## 73

# അറിവിന്റെ രണ്ടുസ്രോതസ്സുകൾ

മനുഷ്യൻ എപ്പോഴും കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നവ നാണ്. ഖുർആനിലെ, 46-ാം അധ്യായത്തിൽ യഥാർത്ഥ അറിവിന് രണ്ട് സ്രോതസ്സുകളുണ്ട് എന്ന് പറയുന്നു.

*(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നതിനെപറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുൻപുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നതരൂ.* (46:4)

ഈ വചനപ്രകാരം ആധികാരിക അറിവിന് രണ്ട് ഉറവിടങ്ങളുണ്ട്. വെളിവാക്കപ്പെട്ട അറിവും ശാസ്ത്രീയഅറിവും. വെളിവാക്കപ്പെട്ട അറിവിന് ആധികാരികതയുണ്ട്. കാരണം, അത് സർവ്വശക്തനായ ദൈവത്തിൽ നിന്ന് നേരിട്ടുവന്നതാണ്. ശാസ്ത്രീയഅറിവും ആധികാരികമാണ്. കാരണം, അത് പ്രകൃതി നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ രണ്ട് സ്രോതസ്സുകളല്ലാതെ വിശ്വാസയോഗ്യമെന്ന് കരുതാവുന്ന മൂന്നാമതൊരു സ്രോതസ്സ് അറിവിനില്ല.

ആ അർത്ഥത്തിൽ ഖുർആനും പ്രകൃതിയും പരസ്പരം സമാനത പുലർത്തുന്നവയാണ്. ഖുർആനിൽ അവതീർണ്ണമായത് പ്രകൃതിയിൽ മറഞ്ഞുനിൽക്കുന്നവയാണ്. അത് മനുഷ്യന് മനസ്സിലാകുന്ന ഭാഷയിൽ ഖുർആനിൽ വെളിപ്പെടുത്തിയിരിക്കുന്നു. അറബിഭാഷയിൽ പരിജ്ഞാനം നേടി ഖുർആൻ മനസ്സിലാക്കുക, അല്ലെങ്കിൽ അതിന്റെ ശരിയായ വിവർത്തനത്തിലൂടെ. പ്രകൃതിയിൽ ഒളിഞ്ഞിരിക്കുന്ന കാര്യങ്ങൾ ശാസ്ത്രീയമായി തിരിച്ചറിയാവുന്നതാണ്.

വേറൊരു തരത്തിൽ പറഞ്ഞാൽ, വിജ്ഞാനത്തിന് മതാധിഷ്ഠിതമെന്നും മതേതരമെന്നുമുള്ള രണ്ട് സ്രോതസ്സുകളുണ്ട്. മതപരമായ അറിവ് ദിവ്യ വെളിപാടിനെ അടിസ്ഥാനമാക്കിയുള്ളതും മതേതരമായ അറിവ് ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ശരിയായ

ജ്ഞാനം ആഗ്രഹിക്കുന്ന ഏതൊരാളും ആ രണ്ട് അറിവുകളും സമ്പാദിച്ചിരിക്കണം. അതിനപ്പുറമെയുള്ള അറിവ് ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതിന് ആധികാരികതയില്ല.

വിവരിച്ച രണ്ടറിവുകളും പരസ്പര ഭിന്നങ്ങളല്ല. പരസ്പര പൂരകങ്ങളാണ്. ഖുർആനിലൂടെ വെളിപ്പെടുത്തിയ അറിവ് ശാസ്ത്രീയ വീക്ഷണത്തെ ന്യായീകരിക്കുന്നതാണ്. ശാസ്ത്രീയ അറിവ് വെളിപ്പെടുത്തപ്പെട്ട അറിവിനെ സ്ഥിരീകരിക്കുന്നു. രണ്ടും ബൗദ്ധിക വികാസത്തിന് അത്യാവശ്യമാണ്. വെളിപ്പെടുത്തപ്പെട്ട അറിവ് അടിസ്ഥാന വസ്തുതകളുടെ ചട്ടക്കൂടാണെന്ന് പറയാം. ശാസ്ത്രീയ അറിവ് അതിന്റെ കൂടുതൽ വിശദീകരണത്തിലേക്ക് കടക്കുന്നു. അവ രണ്ടും പരസ്പര വിരുദ്ധമായ ഒരു ബിന്ദുവിൽ എത്തിച്ചേരുക അസാധ്യമാണ്. വെളിപ്പെടുത്തപ്പെട്ട അറിവ് അതിന്റെ യഥാർത്ഥ രൂപത്തിൽ സംരക്ഷിക്കപ്പെടുകയും, ശാസ്ത്രീയ അറിവ് അന്വേഷണങ്ങളിലൂടെ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

ഉദ്ധരിച്ച സൂക്തം ശരിയായ പഠനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആദ്യം നാം നമുക്ക് വെളിപ്പെടുത്തപ്പെട്ട ഗ്രന്ഥം വായിക്കണം. പൂർണ്ണമായ ആത്മാർത്ഥതയോടെ ആ ഗ്രന്ഥം പരിശോധിക്കണം. അതിലൂടെ സൃഷ്ടിയുടെ അടിസ്ഥാന തത്ത്വങ്ങൾ, മാനുഷിക പ്രവർത്തനങ്ങളുടെ യഥാർത്ഥ ദിശകൾ, മനുഷ്യ വർഗത്തിന്റെ യഥാർത്ഥ ലക്ഷ്യം എന്നിവയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ശാസ്ത്രീയ അറിവിനെ പിന്തുണാഘടകമായി ഉപയോഗിക്കാം. യഥാർത്ഥത്തിൽ ശാസ്ത്രം സൃഷ്ടിയുടെ നിഘണ്ടുവാണ്. സ്രഷ്ടാവ് അവതരിപ്പിച്ച ഗ്രന്ഥം മനസ്സിലാക്കുന്നതിന് ആ നിഘണ്ടു വളരെ സഹായകമാണ്. അതിനാൽ ശരിയായ അറിവ് സമ്പാദിക്കുന്നതിൽ രണ്ടിനും ഒരേ പ്രാധാന്യമാണുള്ളത്. കാര്യങ്ങൾ വസ്തുനിഷ്ഠമായും അന്വേഷണബുദ്ധിയോടുകൂടെയും നമ്മൾ പഠിക്കുകയാണെങ്കിൽ പ്രസ്താവിക്കപ്പെട്ട രണ്ട് അറിവിന്റെയും ഉറവിടങ്ങൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് കാണാൻ കഴിയും. സത്യത്തെ തിരിച്ചറിയുന്നതിൽ രണ്ടും ഒരേപോലെ ഫലപ്രദമാണ്.

## 74

# ദൈഷണിക പങ്കാളികൾ

സ്ത്രീപുരുഷന്മാർ പദവികൾകൊണ്ട് തുല്യരാണ്. വാസ്തവത്തിൽ സ്ത്രീപുരുഷന്മാർ ഒരു ഏകകത്തിന്റെ രണ്ട് വശങ്ങളാണ്. അതേ സമയം രണ്ടുപേരും ബൗദ്ധികവും ആത്മീയവുമായ പങ്കാളികളാണ്. ഖുർആൻ *ആലു ഇംറാൻ* എന്ന അധ്യായത്തിൽ ഈ ആശയം വിവരിക്കുന്നു:

*അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നല്കി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റുവിഭാഗത്തിൽ നിന്ന് ഉൽഭവിച്ചവരാകുന്നു. ആകയാൽ സ്വന്തം നാട് വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദ്ദിക്കപ്പെടുകയും, യുദ്ധത്തിൽ ഏർപ്പെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിന്മകൾ മായിച്ചുകൊടുക്കുന്നതും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്.* (3:195)

ഓരോ വിഭാഗവും മറുവിഭാഗവുമായി എല്ലാ അർത്ഥത്തിലും സമമാണെന്ന് കരുതരുത്. ഒരാൾ മറ്റൊരാളുടെ പ്രതിരൂപമാണെന്നും അതിനർത്ഥമില്ല. രണ്ടുവിഭാഗത്തെയും സൃഷ്ടിച്ചത് പരസ്പരം പങ്കുവഹിക്കാനാണ്. അവർ പരസ്പര പൂരകങ്ങളാണ്. അല്ലാതെ, ഒരാൾ മറ്റൊരാളുടെ പകർപ്പല്ല.

എല്ലാവരും ഒരുപോലെ ചിന്തിച്ചാൽ ആരും നന്നായി ചിന്തിക്കുകയില്ല എന്നൊരു ചൊല്ലുണ്ട്. അതുപോലെ, സ്ത്രീപുരുഷന്മാർക്ക് സമാനതയുണ്ടായിരുന്നാൽ അത് മനുഷ്യകുലത്തിന് നന്മയല്ല. പുരുഷന്റെയും സ്ത്രീയുടെയും സൃഷ്ടി അസമമാണ്. അത് വ്യത്യസ്തതയെ അടിസ്ഥാനമാക്കിയുള്ളതാണ്. ആയതുകൊണ്ട്, പരസ്പരം ഉപകാരപ്രദമായ പങ്കാളികളായിരിക്കാൻ ഇരു വിഭാഗത്തിനും കഴിയും.

ദിവ്യ പദ്ധതിയനുസരിച്ച് സ്ത്രീപുരുഷന്മാർ പരസ്പരാശ്രിതരായാണ് സൃഷ്ടിക്കപ്പെട്ടത്. രണ്ടു വിഭാഗവും പരസ്പരം ഭൗതിക പങ്കാളികളാണ്.

ഇരുവർക്കും തങ്ങളുടെ ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കാനും, വിനിമയം ചെയ്യാനുമുള്ള കഴിവുണ്ട്. വിവാഹം അത്തരത്തിലുള്ള രണ്ട് പങ്കാളികളുടെ കൂട്ടായ്മയാണ്.

സ്ത്രീ പുരുഷന്മാർ രണ്ട് ചക്രങ്ങളുള്ള വണ്ടിപോലെയാണ്. വണ്ടി ഓടുന്നത് രണ്ട് ചക്രങ്ങളിന്മേലാണ്. മനുഷ്യ ജീവിതവും അപ്രകാരമാണ്. മനുഷ്യ ജീവിതത്തിന്റെ രണ്ട് ചക്രങ്ങളും ഒരേ സമയം പ്രവർത്തിക്കണം. വിവാഹ ശേഷം സ്ത്രീപുരുഷന്മാർ രണ്ട് ചക്രങ്ങളാകേണ്ടതുണ്ട്. ചക്രങ്ങൾ വണ്ടിയുടെ രണ്ട് വ്യത്യസ്ത ഭാഗങ്ങളിലാണെങ്കിലും അവ ഒന്നിച്ച്, വണ്ടി ഓടുക എന്ന പ്രധാന കർമ്മം നിർവ്വഹിക്കുന്നു. പ്രവർത്തനത്തിൽ അവ രണ്ടും സമമാണ്, യാതൊരു അസമത്വവും ഇല്ലതന്നെ.

ജീവിതം ഫലപ്രദമാകണമെങ്കിൽ വിദ്യാഭ്യാസം, ജീവിതത്തിന്റെ ധാർമ്മിക തത്ത്വങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, അവ ഉയർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നീ ഉൽകൃഷ്ട ഗുണങ്ങളെ ജീവിതത്തിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. വീട്ടിലെ അച്ചടക്കത്തെക്കുറിച്ച് പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരായ സ്ത്രീപുരുഷന്മാർ തങ്ങളുടെ പദവികൾ അലങ്കരിക്കുന്നതിൽ കൂടുതൽ യോഗ്യത തെളിയിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം യോഗ്യരായ പങ്കാളികളാകാൻ രണ്ടുപേരേയും നിർബ്ബന്ധിക്കുന്നു.

വീട് സമൂഹത്തിന്റെ ഏകകവും സമൂഹം വ്യത്യസ്ത വീടുകളുടെ സംയോജനവുമാണ്. ഖുർആൻ അനുശാസിക്കുന്നത്, ഓരോ വീടും പൗരസംബന്ധിയായ ഉത്തരവാദിത്തങ്ങൾ പഠിപ്പിക്കുന്ന പരിശീലന ക്കളരിയും, സമൂഹത്തിന് മികച്ച അംഗങ്ങളെ വാർത്തെടുക്കുന്ന പരിശീലന കേന്ദ്രവുമായിരിക്കണം എന്നാണ്. ഫലത്തിൽ വീട് ഒരു സ്കൂളാണ്, മാതാപിതാക്കൾ അവിടുത്തെ അധ്യാപകരും. ആരോഗ്യമുള്ള അധ്യാപകർ ആരോഗ്യമുള്ള വീടുകൾ സൃഷ്ടിക്കുന്നു. അത് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സഹായിക്കുന്നു. ആ അർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാർ സമൂഹ നിർമ്മാതാക്കളാണ്. തീർച്ചയായും രാഷ്ട്ര നിർമ്മാതാക്കളും അവർതന്നെയാണ്.

പ്രകൃത്യാ സ്ത്രീപുരുഷന്മാർ വ്യത്യസ്തരാണ്. അവർ ആ വ്യത്യസ്തതകളെ നിയന്ത്രിക്കാനുള്ള പരിശീലനം ലഭിച്ചവരാണെങ്കിൽ ആ വ്യത്യസ്തത അവർക്ക് ഗുണകരമാവും. വ്യത്യസ്തതമൂലം അവർക്ക് സമയം ലാഭിക്കാൻ കഴിയും. ലാഭകരമായ വ്യവഹാരങ്ങളിൽ നിന്ന് അവർ വ്യതിചലിക്കാതിരിക്കുകയും ചെയ്യുന്നു. ഗാർഹികവും സാമൂഹികവു

മായ പദവികളെ നല്ല നിലയിൽ കാര്യകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്നു.

ബൗദ്ധിക പുരോഗതി, ആത്മീയ വികാസം, സമൂഹത്തിലെ സമാധാനം എന്നിവ അവർക്ക് പ്രകൃത്യാ ലഭിച്ച വ്യത്യസ്ത പ്രവർത്തന മേഖലകളാണ്. ആ മേഖലകളിൽ പ്രവർത്തിക്കുകയാണ് സ്ത്രീയുടെയും പുരുഷന്റെയും യഥാർത്ഥ കടമ. വിജയകരമായ വിവാഹജീവിതത്തിൽ വേണ്ട മാനദണ്ഡവും അതുതന്നെ.

## 75

# വിശ്വാസിയെ ആശ്രയിക്കാം

ഖുർആൻ പ്രകാരം ഒരു യഥാർത്ഥ വിശ്വാസിയുടെ സ്വഭാവം പ്രവചിക്കാനാകും. ഖുർആൻ പറയുന്നു:

*നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകന്മാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും, അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കനും, ചോദിച്ചുവരുന്നവർക്കും, അടിമമോചനത്തിനും നല്കുകയും, പ്രാർത്ഥന (നമസ്കാരം) മുറപ്രകാരം നിർവ്വഹിക്കുകയും, സക്കാത്ത് നല്കുകയും, കരാറിൽ ഏർപ്പെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ.* (2:177)

യഥാർത്ഥ വിശ്വാസിക്ക് ഏതുതരം ഗുണങ്ങളാണുണ്ടാവുക എന്ന് ഉദ്ധരിച്ച വചനം വ്യക്തമാക്കുന്നു. അതിന്റെ രത്നച്ചുരുക്കം, അവൻ ഒരു പ്രവചനാത്മക ഗുണവാനാണെന്നാണ്. ഏത് സാഹചര്യത്തിലും അവൻ ഇന്നതേ ചെയ്യൂ, ഇന്നത് ചെയ്യില്ല എന്ന് തീർത്തുപറയാനാകും.

ഉദാഹരണത്തിന്, അവൻ നമ്മളോട് ഇടപെടുമ്പോൾ എന്തെങ്കിലും വാഗ്ദാനം ചെയ്താൽ അയാളത് ലംഘിക്കില്ലെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം. ഏതുവിധേനയും അയാൾ വാഗ്ദാനം നിറവേറ്റിയിരിക്കും. അയാൾ നമ്മുടെ അയൽവാസിയാണെങ്കിൽ അയാൾ യാതൊരു വിധ പ്രശ്നവുമുണ്ടാക്കില്ലെന്ന് നമുക്ക് ഉറച്ചുവിശ്വസിക്കാം.

ഒരു ഉത്തമ മനുഷ്യന്റെ ഏറ്റവും നല്ല വിശദീകരണമാണ് അയാൾ പ്രവചിക്കപ്പെടാവുന്നയാളാണ് എന്നത്. മനുഷ്യൻ ഒരു സമൂഹ ജീവി എന്ന നിലയിൽ മറ്റുള്ളവരോട് എപ്പോഴും നല്ലത് പ്രകടിപ്പിക്കണം. അതിൽ പ്രധാനപ്പെട്ടതാണ് അയാളുടെ പ്രവചനാത്മക സ്വഭാവം. അയാൾ തന്റെ പ്രവചനങ്ങൾ നിറവേറ്റുകയും സംസാരത്തിലും പെരുമാറ്റത്തിലും മറ്റുള്ളവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുകയും

ചെയ്യണം. അയാളുടെ ഇടപെടലുകൾ ഉചിതവും സാമൂഹ്യ മാനദണ്ഡ ങ്ങൾക്ക് അനുസൃതവും ആയിരിക്കണം.

പ്രവചാനാത്മക സ്വഭാവമുള്ളവൻ തന്റെ മികച്ച വ്യക്തിത്വം ഉയർത്തിപ്പിടിക്കുന്നതിലൂടെ ധാരാളം നേട്ടങ്ങൾ കൈവരിക്കും. അത് എല്ലാതരം സാമൂഹ്യ നന്മകളുടെയും ഉറവിടമായിരിക്കും.

പ്രവചനാത്മക സ്വഭാവഗുണം പരസ്പരവിശ്വാസം പോലുള്ള ഉയർന്ന മൂല്യങ്ങൾ ഊട്ടിയുറപ്പിക്കും. വിദ്വേഷം, അസഹിഷ്ണുത, നിസ്സംഗത തുടങ്ങിയ ദുർവ്വികാരങ്ങളെ വിപാടനംചെയ്യും. പരാതി, പ്രതിഷേധം, സംഘർഷം എന്നിവയ്ക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുകയും തെറ്റിദ്ധാരണകൾക്ക് തടയിടുകയും ചെയ്യും.

എല്ലാ നല്ല യന്ത്രങ്ങളുടെയും പ്രവർത്തനം പ്രവചനാത്മകമാണ്. എന്നാൽ മനുഷ്യനും യന്ത്രവും തമ്മിൽ വ്യത്യാസമുണ്ട്. യന്ത്രം ജീവനില്ലാത്ത സംവിധാനമാണ്. സാങ്കേതിക വിദ്യയുടെ ഉത്പന്നമാണത്. മനുഷ്യന്റെ പ്രവചനാത്മക സ്വഭാവം അവന്റെ ബൗദ്ധിക ഉണർവ്വ് മൂലമാണ്. വികാരങ്ങളെ നിയന്ത്രിക്കാനുള്ള അവന്റെ കഴിവാണത്. അത് അവന്റെ സ്വഭാവത്തനിമയുടെ പ്രകടനമാണ്. ഒരു വശത്ത് സ്വയം ആ വ്യക്തിയുടെ മനസ്സിന് സമാശ്വാസം നല്കുമ്പോൾ മറുവശത്ത് സമൂഹത്തിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

പ്രവചന സ്വഭാവം അച്ചടക്കമുള്ളതാണ്. ആ വ്യക്തി കഴിവുറ്റവനായിരിക്കും. അയാളുടെ സമീപനം തന്മയത്വം ഉള്ളതായിരിക്കും. അയാൾ നല്ല ചിന്തകനും എല്ലാതരം ദുഷ്ചിന്തകളിൽ നിന്ന് സ്വതന്ത്രനുമായിരിക്കും. പ്രവചനാത്മക സ്വഭാവമുള്ളവർക്കേ മികച്ച സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കൂ. അതിന് ബദലുകളില്ല.

പ്രകൃതി പൂർണ്ണമായും പ്രവചനാതീതമാണ്. പ്രകൃതിയിലെ മറ്റ് ഘടകങ്ങളെപ്പോലെ, സ്വഭാവത്തെ പ്രവചിക്കപ്പെടാമെന്ന് തെളിയിച്ച സ്ത്രീപുരുഷന്മാരെ മാത്രമെ പ്രകൃതി സ്വീകരിക്കുകയുള്ളു.

## 76

# സമാധാനം സർവ്വപ്രധാനം

ജനങ്ങൾ പൊതുവെ രാഷ്ട്രീയ ഭ്രാന്തന്മാരാണ്. ഒരു പ്രദേശത്തെ കൈക്കലാക്കി അവിടെ ഭരണം സ്ഥാപിക്കലാണ് ഏറ്റവും വലിയ വിജയമെന്ന് അവർ കരുതുന്നു. ഖുർആൻ അനുശാസിക്കുന്നത് സമാധാനമാണ് സർവപ്രധാനം. രാഷ്ട്രീയവിജയത്തിന് പരിധികളുള്ളപ്പോൾ സമാധാനം നിസ്സീമമാണ്. അതുകൊണ്ടുതന്നെ സമാധാനം രാഷ്ട്രീയാധികാരത്തേക്കാൾ മഹത്തരമാണ്.

ഹിജ്റ 6-ാം ആണ്ടിൽ പ്രവാചകനും എതിരാളികളും തമ്മിൽ നടന്ന സമാധാന ഉടമ്പടിയെക്കുറിച്ച് ഖുർആൻ വ്യക്തമായ വിജയം എന്നാണ് വിശേഷിപ്പിക്കുന്നത്.

ഹിജ്റ എട്ടാം വർഷം മക്കക്കുമേലുണ്ടായ രാഷ്ട്രീയ വിജയത്തെയും ഖുർആൻ *ഫതഹ്* അഥവാ വിജയം എന്ന പദമാണ് ഉപയോഗിച്ചത്. അത് സൂചിപ്പിക്കുന്നത് ഒരു പ്രത്യേക ദേശത്തെ എതിരാളികളെ അക്രമിച്ചു കീഴ്പെടുത്തി വിജയിക്കുകയല്ല ശരിയായ വിജയം എന്നാണ്. എന്നാൽ, ശരിയായ വിജയം സമാധാനം സ്ഥാപിക്കലാണ്. അതാണ് യഥാർത്ഥ വിജയം. രാഷ്ട്രീയ വിജയത്തേക്കാൾ സമാധാന പുന:സ്ഥാപനമാണ് പ്രധാനം എന്നാണ് അത് സൂചിപ്പിക്കുന്നത്.

എന്തുകൊണ്ടാണ് ആ വ്യത്യാസം? കാരണം, രാഷ്ട്രീയവിജയം നമുക്ക് ഒരുകാര്യം മാത്രമാണ് നല്കുന്നത്. ഒരു ചെറിയ പ്രദേശത്തിന്മേലുള്ള ഭരണപരമായ നിയന്ത്രണം മാത്രമാണത്. എന്നാൽ സമാധാനം എന്നത് ഏറെ പ്രസക്തമാണ്. അത് ഒരുപാട് അവസരങ്ങൾ നമുക്ക് ഒരുക്കിത്തരുന്നു. അവ ഉപയോഗപ്പെടുത്തി രാഷ്ട്രീയം ഉൾപ്പെടെ ഏതു തരത്തിലുള്ള വിജയവും നമുക്ക് സാധ്യമാക്കുന്നു.

ഇസ്ലാമിന്റെ ആദ്യകാല ചരിത്രം ആ വസ്തുതയുടെ വ്യക്തമായ തെളിവാണ്. ഹുദൈബിയാ കരാറിൽ ഒപ്പിടുന്നതിനുമുൻപ് ഇസ്ലാം അന്ധകാരത്തിൽ അകപ്പെട്ടതുപോലെയായിരുന്നു. കരാറിനുശേഷം പ്രവാചകനും അനുയായികളും തങ്ങൾക്ക് തുറന്നുകിട്ടിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുകയും രണ്ടുവർഷത്തിനകം ഇസ്ലാം അറേബ്യൻ ഉപദ്വീപിൽ പ്രചരിക്കുകയും ചെയ്തു. ആ തത്ത്വം മനുഷ്യ ജീവിതത്തെ

പൂർണ്ണമായും, കുടുംബ ജീവിതം, സാമൂഹിക ജീവിതം, അന്തർദ്ദേശീയ ജീവിതം തുടങ്ങി എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്ന ഈ തത്ത്വം എല്ലായിടത്തും പ്രതിഫലിച്ചു. രാഷ്ട്രീയ വിജയം കൊണ്ട് ഒരാൾക്കു പോലും യാതൊന്നും നേടാനായിട്ടില്ലെന്ന് വസ്തുതകൾ സാക്ഷ്യപ്പെടുത്തുന്നു. നേരെ മറിച്ച്, മഹത്തായ എല്ലാ നേട്ടങ്ങളും സമാധാനപരമായ പ്രവർത്തനം കൊണ്ട് നേടിയതാണ്.

രാഷ്ട്രീയ ഭരണത്തിൽ പ്രതികരണം, അസൂയ, ശത്രുത, അക്രമം എന്നിങ്ങനെ നിരവധി ദുർലാക്കുകളുണ്ട്. അവസാനം അവ യുദ്ധത്തിലേക്കുവരെ നയിക്കും. രാഷ്ട്രീയഭരണം അർത്ഥമാക്കുന്നത് മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കലാണ്. അതുകൊണ്ടുതന്നെ എല്ലാ രാഷ്ട്രീയ ഭരണകൂടങ്ങളും ഭരണവും സ്ഥിരം ശത്രുതയിലേക്ക് നയിക്കുന്നു. അത് ചിലപ്പോൾ ഹൃദയത്തിലെ ശത്രുതയാവാം, മറ്റുചിലപ്പോൾ യുദ്ധക്കളത്തിലേതുമാകാം.

ഭരണാധികാരിക്ക് മാത്രമാണ് രാഷ്ട്രീയാധികാരം നന്മയാകുന്നത്. ഭരണീയർക്ക് അത് ദോഷകരമാണ്. അതിന് വിപരീതമായി, സമാധാനത്തിന് അത്തരം ദോഷവശങ്ങളേയില്ല. സമാധാനം സ്വാഭാവികത നിലനിർത്തുന്നു. അത് ആരോഗ്യകരമായ ചര്യകളെ പ്രോത്സാഹിപ്പിക്കുന്നു. അത് സൗഹൃദ സംസ്കാരത്തെ വളർത്തുന്നു. സമൂഹത്തിലെ മുഴുവൻ അംഗങ്ങളും തങ്ങൾ സമത്വത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷത്തിലാണ് ജീവിക്കുന്നതെന്ന് ആശ്വസിക്കുന്നു. എല്ലാ സ്ത്രീ പുരുഷന്മാരും ഒരു വലിയ കുടുംബത്തിലെ അംഗങ്ങളാണെന്ന് വിശ്വസിക്കുന്നു.

രാഷ്ട്രീയ ഭരണത്തിൻ കീഴിൽ ജീവിക്കുന്നവർക്ക് തങ്ങൾ, ആരുടെയോ കീഴിലാണ്, അല്ലെങ്കിൽ ഒരു സംഘത്തിന്റെ കീഴിലാണ് ജീവിക്കുന്നതെന്ന തോന്നലുണ്ടാകുന്നു. അവർ പ്രജകളാണ്. എന്നാൽ സമാധാനാന്തരീക്ഷത്തിൽ ജീവിക്കുന്നവർക്ക് ബോധപൂർവ്വമോ അല്ലാതെയോ സാർവ്വത്രിക പ്രകൃതി നിയമങ്ങൾക്ക് ഉള്ളിലാണ് തങ്ങൾ ജീവിക്കുന്നതെന്ന തോന്നലുണ്ടാവുന്നു. അവിടെ ആരുംതന്നെ ഉൽകൃഷ്ടനോ അധീനനോ അല്ല, ഓരോരുത്തരുടെയും അന്തസ്സിനെ അംഗീകരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.

## 77

# ബോധ്യമാണ് വിശ്വാസം

ഖുർആനിലെ, *മാഇദ* എന്ന അധ്യായത്തിൽ ഒരു സംഘം ആളുകൾ പ്രവാചകനെ കാണുകയും അംഗീകരിക്കുകയും ചെയ്ത സംഭവം പരാമർശിക്കുന്നുണ്ട്:

*റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ.* (5:83)

ഈ സൂക്തമനുസരിച്ച് ആ ആളുകൾ പ്രവാചകന്റെ വിശ്വാസത്തെ സ്വീകരിക്കുന്നു. പക്ഷേ, അവരുടെ സ്വീകരണം ലളിതമായ ഒന്നായിരുന്നില്ല. അത് മഅരിഫത്ത് അഥവാ സത്യത്തിന്റെ തിരിച്ചറിവായിരുന്നു.

തിരിച്ചറിവ് അല്ലെങ്കിൽ കണ്ടെത്തൽ എന്താണ്?

ആഴത്തിലുള്ള ചിന്തയാണത്. ഒരാൾ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുകയും സ്വയം വിശകലനം നടത്തുകയും ചെയ്താൽ ആ സൃഷ്ടിപ്പിന് പിന്നിൽ വലിയൊരു ശക്തിയുണ്ടെന്ന് തിരിച്ചറിയും. അയാളുടെ പഠനവും നിരീക്ഷണങ്ങളും ധ്യാനവുമെല്ലാം ആ വലിയ യാഥാർത്ഥ്യത്തിൽ വിശ്വസിക്കുന്നതിലേക്ക് നയിക്കും. ആ തിരിച്ചറിവിന് ശേഷം, ദൈവമുണ്ടെന്ന് പ്രഖ്യാപിക്കുകയല്ലാതെ വേറെ മാർഗങ്ങളൊന്നുമില്ലെന്ന് അയാൾക്ക് ബോധ്യപ്പെടും. ഒരൊറ്റ ദൈവമല്ലാതെ വേറെ ആരാധ്യനില്ലെന്ന് അവർ ദൃഢമായി പറയും.

ഈ പ്രഖ്യാപനം അനിവാര്യമായും ദൈവത്തിലേക്ക് കീഴൊതുങ്ങുക എന്നതിലേക്ക് നയിക്കും. അത്തരത്തിലുള്ള പ്രഖ്യാപനം നടത്തുന്നവർ സത്യത്തെ അംഗീകരിക്കുക മാത്രമല്ല, ഈശ്വരാരാധകരും ദിവ്യമാർഗനിർദ്ദേശത്തിന്റെ അനുയായികളായും മാറും. അവരുടെ ചിന്ത, സംസാരം, സ്വഭാവം എന്നിവ ദിവ്യപരിവേഷത്താൽ മൂടപ്പെടും. അവർ ഒരു ദൈവാധിഷ്ഠിത ജീവിതം സ്വീകരിക്കും. ആ വിശ്വാസം, അല്ലെങ്കിൽ ഈമാൻ ഒരാളുടെ ചിന്തയെ മാറ്റിമറിക്കും. അത് ഒരാളുടെ ജീവിതത്തെ അടിമുടി മാറ്റും.

വിശ്വാസം അല്ലെങ്കിൽ ഈമാൻ ഒരു വിത്തുപോലെയാണ്. വളരുന്ന ഒരു വസ്തുവാണ് വിത്ത്. വേരുകൾ, ഇലകൾ, ശാഖകൾ, പൂക്കൾ, കായ്കൾ എന്നിവയുള്ള ഒരു വൃക്ഷമാകുന്നതുവരെ അത് വളർന്നു കൊണ്ടേയിരിക്കും. അവയെല്ലാംതന്നെ വിത്തിലെ ലീനമായ ഘടകങ്ങളാണ്. ഒരു വൃക്ഷം വിത്തിൽ അന്തർല്ലീനമായ ഘടകങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു.

വിശ്വാസം അഥവാ ഈമാനിന്റെ കാര്യത്തിലും അത് ബാധകമാണ്. വിശ്വാസം എന്നത് ആത്മീയ വിത്തുപോലെയാണ്. ഒരു വ്യക്തിത്വത്തിൽ വിശ്വാസത്തിന്റെ വിത്ത് പാകുമ്പോൾ അത് വളരാൻ തുടങ്ങുന്നു. ആ ആത്മീയ വിത്തിൽ എല്ലാം അടങ്ങിയിട്ടുണ്ട്. എല്ലാം അന്തർല്ലീനമായ ശക്തിയുടെ രൂപത്തിലാണ് എന്നുമാത്രം. ഒരാളുടെ മനസ്സിൽ അത് ഇടം കണ്ടെത്തുമ്പോൾ വളരുകയും ദിവ്യ മതത്തിന്റെ ഭാഗങ്ങൾ അയാളിൽ വെളിപ്പെടുകയും ചെയ്യുന്നു. ഒരു വ്യക്തി പൂർണ്ണാർത്ഥത്തിൽ ദിവ്യ വ്യക്തിയായിത്തീരുന്നതുവരെ ആ പ്രക്രിയ തുടരുന്നു.

വിശ്വാസം അഥവാ ഈമാൻ ഒരാളുടെ ചിന്തകളെ വിപ്ലവകരമാക്കുന്നു. അത് അയാളുടെ ജീവിതത്തെ സമൂലമായി പരിവർത്തിപ്പിക്കുന്നു. ഈമാൻ കഴിവുകളുടെ ഉറവിടമാണെങ്കിലും വൃക്ഷത്തിന്റെ വിത്തുപോലെ സ്വയം വളരുകയില്ല. അതിന് വലിയ പരിശ്രമം ആവശ്യമുണ്ട്. വ്യക്തിത്വം വളരാൻ ആഗ്രഹിക്കുന്ന ഏതൊരാളും പ്രത്യയശാസ്ത്ര സമരം ആരംഭിക്കേണ്ടതുണ്ട്. അങ്ങനെയല്ലാതെ ആർക്കുംതന്നെ ദിവ്യമതത്തിന്റെ പൂർണ്ണ വളർച്ചയെത്തിയ വൃക്ഷമാകാനാവില്ല.

പ്രത്യയശാസ്ത്ര സമരം അർത്ഥമാക്കുന്നത് വിചിന്തനം, ആത്മീയ പരിശോധന, നിരീക്ഷണം, അനുഭവങ്ങളിൽനിന്ന് പാഠങ്ങളുൾക്കൊള്ളാനുള്ള കഴിവ് വികസിപ്പിക്കൽ, വേദപഠനം എന്നിവയാണ്. അവയെല്ലാം ആത്മീയ വളർച്ചയുടെ വഴികളാണ്. ഒരാൾ ആ പാഠ്യക്രമം പിന്തുടരുമ്പോൾ അയാൾ തീർച്ചയായും ലക്ഷ്യസ്ഥാനം പ്രാപിക്കും. ഒരു വൃക്ഷത്തിന്റെ വളർച്ച ഭൗതിക ശാസ്ത്രത്തിന്റെ ബാഹ്യനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുമ്പോൾ ദിവ്യ വ്യക്തിത്വത്തിന്റെ വളർച്ച ഒരു ആത്മനിയന്ത്രണ പ്രതിഭാസമാണ്.

78

# വിധിയും സ്വാതന്ത്ര്യവും

ദൈവം പരമകാരുണികനും പ്രപഞ്ചനാഥനുമാണ്. അവൻ സർവ്വലോക പരിപാലകനും നിയന്താവുമാണ്. ദൈവത്തിന്റെ അനുവാദമില്ലാതെ മനുഷ്യന് യാതൊന്നും ചെയ്യാനാകില്ല.

*അല്ലാഹു ഉദ്ദേശിക്കുന്നപക്ഷമല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.* (76:30)

ഉദ്ധരിച്ച സൂക്തം സർവ്വശക്തനായ ദൈവത്തിന്റെ മഹത്വം ഊന്നിപ്പറയുന്നു. എന്നാൽ, ഈ ലോകത്തിലെ സകലവും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് മനുഷ്യന് സ്വന്തമായി ഒന്നും തെരഞ്ഞെടുക്കാനുള്ള അവസരമില്ലെന്നല്ല അത് അർത്ഥമാക്കുന്നത്.

എല്ലാവരും സ്വാതന്ത്ര്യം ആസ്വദിക്കുന്നു. ആ സ്വാതന്ത്ര്യത്തിൽ ഓരോരുത്തരും ജീവിക്കുന്നു. ഒരാൾ എന്തുചെയ്യണമെന്നും എന്തുചെയ്യണ്ടാ എന്നും തീരുമാനിക്കുന്നത് അയാളുടെ സ്വാതന്ത്ര്യമാണ്. അത് സാക്ഷ്യപ്പെടുത്തുന്നത്, യാതൊന്നിലും നിർബ്ബന്ധമില്ല; അവൻ അല്ലെങ്കിൽ അവൾ തന്റെ താത്പര്യാനുസൃതം പ്രവർത്തിക്കുന്നുവെന്നാണ്. സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഒരാൾക്ക് സ്വതന്ത്രനായി ജീവിക്കണമെന്ന തോന്നലുണ്ടാവുന്നു. വാസ്തവത്തിൽ മനുഷ്യൻ പൂർണ്ണ സ്വാതന്ത്ര്യം ആസ്വദിക്കുന്നുണ്ട്. പക്ഷേ, ആ സ്വാതന്ത്ര്യം അവന്റെ ചിന്താ ബോധത്തിന്റെ വിഷയമാണ്. അവനോ അവളോ ആരുടെയും നിയന്ത്രണത്തിലോ നിർബ്ബന്ധത്തിലോ അല്ല ജീവിക്കുന്നതെന്നാണ് അവരുടെ തോന്നൽ.

അപ്പോൾ, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം എന്താണ്?

ഈ ലോകത്തുള്ളതെല്ലാം ദൈവ സൃഷ്ടിയാണ്. മനുഷ്യന് ഈ ലോകത്ത് എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ മനുഷ്യജീവനെ പിന്താങ്ങുന്ന ഘടകങ്ങളായ സൂര്യപ്രകാശം, വെള്ളം, വായു, ധാതുക്കൾ മുതലായവയെ ആശ്രയിക്കേണ്ടിവരും. അവയെല്ലാം അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ്. അവ ദൈവത്തിന്റെ പരമാധികാരത്തിലുള്ളവയാണ്. ആയതിനാൽ, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന്റേതാണെങ്കിലും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ദൈവത്തിൽ നിന്നാണ്.

അപ്പോൾ, അതൊരു പാതി-പാതി സാഹചര്യമാണ്. മനുഷ്യന് ചിന്തിക്കാനും ആസൂത്രണം ചെയ്യാനുമുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അവന്റെ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ദൈവത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെ ആശ്രയിക്കാതെ പറ്റില്ല. സ്വന്തം ഇച്ഛാ ശക്തിയുടെ കാര്യത്തിൽ അവന് പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കാം. എന്നാൽ, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ അവൻ പൂർണ്ണമായും ദൈവത്തെ ആശ്രയിക്കേണ്ടതുണ്ട്.

ഖദറിയ, ജബ്രിയ, വസാത്തിയ എന്നീ മൂന്ന് മുസ്‌ലിം പണ്ഡിതന്മാർക്ക് ഈ വിഷയത്തിൽ വ്യത്യസ്ത കാഴ്ചപ്പാടുകളാണ്. അവരിൽ വസാത്തിയാ പണ്ഡിതന്മാർ, മേൽവിവരിച്ച സമവാക്യത്തിൽ വിശ്വസിക്കുന്നു. അതായത്, ഉദ്ദേശിക്കുന്നതിലും ആസൂത്രണം ചെയ്യുന്നതിലും മനുഷ്യൻ പൂർണ്ണസ്വതന്ത്രനാണ്. എന്നാൽ നടപ്പിലാക്കുന്നതിലോ യാഥാർത്ഥ്യമാക്കുന്നതിലോ മനുഷ്യന് യാതൊരു സ്വാതന്ത്ര്യവുമില്ല. ദൈവത്തിൽ നിന്നുള്ള സഹായത്തിന് അയാൾ നിർബ്ബന്ധിതനാകുന്നു.

ഖുർആൻ അനുശാസിക്കുന്നത്, മനുഷ്യൻ ദൈവത്തിന് മുന്നിൽ കണക്ക് ബോധ്യപ്പെടുത്തേണ്ടവനാണെന്നാണ്. ആ ബോധ്യപ്പെടുത്തൽ അയാളുടെ ഉദ്ദേശ്യത്തിൽ അല്ലെങ്കിൽ സ്വതന്ത്ര ഇച്ഛയിൽ പരിമിതമാണ്. അതിന്റെ സൽഫലം അല്ലെങ്കിൽ അതിന്റെ ശിക്ഷ അവന്റെ ഉദ്ദേശ്യത്തിനെയും, ശരിയായോ തെറ്റായോ ഉള്ള സ്വതന്ത്ര ഇച്ഛയെയും അനുസരിച്ചായിരിക്കും.

ആ സമവാക്യം തികച്ചും യുക്തിസഹമാണ്. മനുഷ്യൻ പൂർണ്ണാർത്ഥത്തിൽ സ്വതന്ത്ര ഇച്ഛാശക്തി ആസ്വദിക്കുന്നുണ്ട്. എന്നാൽ, പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനോ, ജീവിത സംരക്ഷണത്തിന് വേണ്ട വസ്തുക്കൾ ഉല്പാദിപ്പിക്കാനോ അവന് കഴിവില്ല. അതിനാൽ, കാരുണ്യവാനായ ദൈവം മനുഷ്യനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവന് നല്കി. അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ അവന്റെ സ്വതന്ത്ര ഇച്ഛാ ശക്തി പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നല്കുന്നുണ്ട്. അങ്ങനെ പ്രവർത്തിക്കുമ്പോൾ ഒരുവിധ നിയന്ത്രണവും അനുഭവപ്പെടില്ല.

മനുഷ്യന്റെ എല്ലാ കർമ്മങ്ങളും മാലാഖമാർ രേഖപ്പെടുത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കും അന്ത്യനാളിൽ സത്ഫലമോ ദുഷ്ഫലമോ ലഭിക്കുക. മനുഷ്യന്റെ കണക്കുനോട്ടത്തിന് ഒരൊറ്റ മാനദണ്ഡമേയുള്ളൂ. അതായത്, അവന് ലഭിച്ച സ്വാതന്ത്ര്യം ഉപയോഗിച്ചത് ശരിയായ വിധത്തിലാണോ അല്ലയോ എന്ന് മാത്രം.

## 79

# ഊഹങ്ങൾ കരുതിയിരിക്കുക

ഊഹം ത്യജിക്കണമെന്നാണ് ഖുർആന്റെ ഒരു അധ്യാപനം. *ഹുജുറാത്ത്* എന്ന അധ്യായത്തിൽ പഠിപ്പിക്കുന്നു:

*സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.* (49:12)

സ്പഷ്ടമായ തെളിവുകൾ ഇല്ലാതെ ഏതെങ്കിലും ഒരു കാര്യത്തെ മോശമായി കരുതുന്നതാണ് സന്ദേഹം അഥവാ സംശയം. സംശയത്തെ ഒരു ശീലമാക്കരുത്. അത് സമൂഹത്തിൽ ആപത്ത് വിളിച്ചുവരുത്തും. ധാർമ്മികമായി സംശയം ഒരു പാപമാണ്. നിയമപരമായി അതൊരു കുറ്റകൃത്യവുമാണ്. അവ രണ്ടും ഒഴിവാക്കേണ്ടതാണ്.

ഒരിക്കൽ പ്രവാചകൻ അരുളി: 'നിങ്ങൾ നിങ്ങളുടെ കൂട്ടാളികളെ സംശയിക്കരുത്. സംശയം അസത്യത്തിന് തുല്യമാണ്. ഒരു തെറ്റായ പ്രവർത്തനത്തിന് വ്യക്തമായ തെളിവില്ലാതെ നിങ്ങൾ ഒരാളെ സംശയിക്കുന്നത് കള്ളം ചമക്കുന്നതിന് തുല്യമാണ്. മറ്റൊരർത്ഥത്തിൽ അത് നിങ്ങൾ നുണപറയുന്നതിന് സമമാണ്.'

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. കൂട്ടായ ജീവിതം ഈ ലോകത്ത് അനിവാര്യമാണ്. കൂട്ടായ ജീവിതം സാധ്യമാകുന്നത് പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. പരസ്പര വിശ്വാസമില്ലാതെ ഒരു സമൂഹത്തിനും നിലനിൽക്കാനാവില്ല. സമൂഹത്തിലെ വ്യക്തികൾ ആശയക്കുഴപ്പത്തിൽ അകപ്പെടുകയും സംശയിക്കുകയും ചെയ്താൽ അവിടെ പരസ്പര വിശ്വാസം നഷ്ടപ്പെടും.

സംശയ ശീലം പുകവലി പോലെയാണ്. ഈ ദുശ്ശീലം വ്യക്തിയുടെ ആരോഗ്യത്തെ നശിപ്പിക്കുക മാത്രമല്ല, സാമൂഹ്യ അന്തരീക്ഷത്തെ മലിനപ്പെടുത്തുകയും ചെയ്യും. സംശയം ധാർമ്മിക മലിനീകരണം പോലെയാണ്. വായുമലിനീകരണം മനുഷ്യന് ഹാനികരമാകുന്നതു പോലെയാണത്. യഥാർത്ഥത്തിൽ അത് ആത്മീയ മലിനീകരണമാണ്.

സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും, സംശയാസ്പദമായ മാനസികനില വെച്ചുപുലർത്തുന്നവരാണെങ്കിൽ അവർ ധാർമ്മിക മായി മലിനപ്പെട്ട വായു ശ്വസിക്കാൻ നിർബ്ബന്ധിതരാകും. ധാർമ്മികത യുടെ അനാരോഗ്യം അനുഭവിക്കേണ്ടിവരും. ആയതിനാൽ സംശയം ഒരു വ്യക്തിദോഷമല്ല, സാമൂഹ്യ തിന്മയാണ്.

അത്തരത്തിലുള്ള ഒരു സമൂഹത്തിൽ എല്ലാവരും പ്രവചനാ തീതരായി മാറും. അത് പരസ്പര വിശ്വാസം നഷ്ടപ്പെടുന്നതിന് കാരണമാകും. പരസ്പര വിശ്വാസത്തിന്റെ അഭാവം മറ്റുപല പ്രശ്ന ങ്ങളിലേക്കും നയിക്കും. ഉദാഹരണത്തിന്, സമൂഹത്തിൽ ഒരാളെ മറ്റൊ രാൾക്ക് പിന്തുണക്കാനുള്ള ധൈര്യമുണ്ടാവില്ല. അവിടെ സൗഹൃദ സംസ്കാരത്തിന് വികസിക്കാനാവില്ല.

അത്തരത്തിലുള്ള സമൂഹത്തിൽ ഐക്യവും ഐക്യദാർഢ്യവും ഉണ്ടാവില്ല. അംഗങ്ങൾക്ക് ആത്മവിശ്വാസം നഷ്ടപ്പെടും. അവർ പുതിയ പദ്ധതി നടപ്പാക്കുന്ന ഉദ്യമത്തിൽ നിന്ന് പിന്തിരിയുകയും ചെയ്യും. കാരണം, പദ്ധതികൾ ആവിഷ്കരിക്കാൻ കൂട്ടായ പരിശ്രമം ആവശ്യ മാണ്. സംശയിക്കപ്പെടുന്ന ചുറ്റുപാടിൽ കൂട്ടായ പരിശ്രമങ്ങൾ സാധ്യ മല്ലെന്ന കാരണത്താൽ അവർ പിന്തിരിയും.

സംശയം ഒരു തിന്മയിൽ ഒതുങ്ങുകയില്ല. അത് മറ്റുപല തിന്മക ളിലേക്ക് നയിക്കുകയും ചെയ്യും. അത് ഒരു വിഷപ്പുല്ലുപോലെയാണ്. ധാർമ്മിക തിന്മയാകുന്ന കാട്ടിൽ അത് അതിവേഗം വളരും. സംശയ ത്തിന് ദോഷമല്ലാതെ ഗുണങ്ങളില്ല. ഏത് ഗണത്തിലായാലും അതിന് ചീത്ത ഗുണങ്ങളെയുള്ളു. നല്ല ചിന്തകളെ മനസ്സിൽ വളർത്തിയെടു ക്കണമെന്നുള്ളവർ സംശയത്തെ സർവ്വവിധേനയും മനസ്സിൽ നിന്ന് ഒഴിവാക്കണം.

സംശയശീലത്തെ ഒരു വ്യക്തി സ്വഭാവമാക്കിയാൽ അത് ക്രമേണ അവന്റെ നിത്യശീലമായി മാറും. അവൻ പിന്നെ എല്ലാറ്റിനെയും സംശയിച്ചുതുടങ്ങും. അവന് ദൃഢവിശ്വാസം ക്രമേണ നഷ്ടപ്പെടും. താനൊഴികെ മറ്റെല്ലാവരും സംശയാസ്പദമായ വ്യക്തികളാണെന്ന് അവന് അനുഭവപ്പെടും. ആശയക്കുഴപ്പത്തിന്റെ ഫലമാണ് സംശയമെ

ന്നോ, അത് തനിക്കും മറ്റുള്ളവർക്കും അപകടകരമാണെന്നോ അദ്ദേഹം മനസ്സിലാക്കുന്നില്ല.

സംശയം ഒരുതരം വിഭ്രാന്തിയാണ്. അത് ഒരു മനോരോഗമാണ്. മറ്റുള്ളവരെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താൻ എളുപ്പമാണ്. എന്നാൽ സംശയത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെക്കുറിച്ച് അഭിപ്രായം പറയുന്നത് തികച്ചും തെറ്റാണ്.

## 80

# ശുഭാപ്തിവിശ്വാസം

ഇസ്‌ലാമിന്റെ പ്രധാന അധ്യാപനങ്ങളിൽ ഒന്നാണ് *സ്വബ്ർ* അഥവാ ക്ഷമ. എല്ലാ വിജയത്തിനും നിദാനം ക്ഷമയാണ്. *ബഖറ* എന്ന അധ്യായത്തിൽ ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു:

*സത്യവിശ്വാസികളേ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു.* (2:153)

*സ്വബ്ർ* അഥവാ ക്ഷമ ഒരു അലസഭാവമോ നിഷ്ക്രിയത്വമോ അല്ല. ക്ഷമയെ ശ്രേഷ്ഠമായൊരു പ്രവർത്തിയായാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. നമ്മൾ വിചാരിച്ചപോലെ കാര്യങ്ങൾ നടക്കാതാകുമ്പോൾ ക്ഷമ അവലംബിക്കുകയാകും അനുയോജ്യം.

അഹിതകരമായ സാഹചര്യമുണ്ടാകുമ്പോൾ അതിനോട് പ്രതികരിക്കാതെ ഒഴിഞ്ഞുമാറുകയാണെങ്കിൽ നമ്മൾ കാര്യങ്ങൾ സ്വാഭാവിക ഗതിയിലേക്ക് മാറാൻ അനുവദിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ക്ഷമ എന്നത് ഒരു പ്രയോഗ തന്ത്രമാണ്. ഒരാൾക്ക് അതിനെ വേണമെങ്കിൽ തന്ത്രങ്ങളുടെ രാജാവെന്ന് വിളിക്കാം.

നമ്മുടെ സാമൂഹ്യ മണ്ഡലത്തിന് പല ഘടകങ്ങളുണ്ട്. അവയിൽ പലതും സ്വയമേവ സത്ഫലങ്ങളിലേക്കാണ് നയിക്കുക. എന്നാൽ നമ്മൾ പെട്ടെന്നുള്ള നടപടികളാണ് സ്വീകരിക്കുന്നതെങ്കിൽ അത്തരം ഘടകങ്ങളുടെ പിന്തുണ ലഭിക്കാനുള്ള സമയം നമ്മൾ നല്കുന്നില്ല. എന്നാൽ നമ്മൾ ക്ഷമയോടെ കാത്തിരിക്കുകയാണെങ്കിൽ സാമൂഹ്യ മണ്ഡലത്തിലെ ഘടകങ്ങളെ നമ്മുടെ വിജയത്തിന് സംഭാവന ചെയ്യാൻ നമ്മൾ അനുവദിക്കുകയാണെന്നാണ് അത് അർത്ഥമാക്കുന്നത്.

ഉദാഹരണത്തിന്, നമ്മൾ രാത്രിയുടെ ഇരുട്ടിൽ അകപ്പെട്ടു. അവിടെ നമ്മൾ പേടിച്ച് കരയുകയാണ് ചെയ്യുന്നതെങ്കിൽ നമ്മുടെ ഊർജ്ജം വൃഥാ നഷ്ടപ്പെടുകയല്ലാതെ നമുക്ക് യാതൊരു ഗുണവും ലഭിക്കുന്നില്ല. എന്നാൽ, നമ്മൾ ക്ഷമയോടെ വെളിച്ചത്തെ പ്രതീക്ഷിച്ചിരിക്കുകയാണെങ്കിൽ പ്രഭാതം നമ്മളിലേക്ക് പെട്ടെന്ന് വന്നെത്തിയതായും ചുറ്റും പ്രകാശപൂരിതമായതായും നമുക്ക് അനുഭവപ്പെടും.

ക്ഷമയോടെ കാത്തിരിക്കുക എന്നതിന് നിഷ്ക്രിയമായിരിക്കുക എന്നല്ല അർത്ഥം. യഥാർത്ഥത്തിൽ നമ്മൾ ആ സമയത്ത് തന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയാണ്. നമ്മൾ ലഭ്യമായ വിഭവങ്ങളെ വിലയിരുത്തുകയും തക്കതായ പ്രകൃതിദത്ത ഘടകങ്ങളെ പരിഗണനയിൽ എടുക്കുകയുമാണ് ചെയ്യുന്നത്. അതാണ് ശരിയായ ആസൂത്രണം.

ഈ ലോകത്തെ ഏതൊരു പദ്ധതിയുടെയും 50% ആസൂത്രണച്ചുമതല ഒരാൾ ഏറ്റെടുക്കുമ്പോൾ ബാക്കി 50% പ്രകൃതിഘടകങ്ങൾ ഏറ്റെടുക്കുന്നു. ആ രണ്ട് ഘടകങ്ങളും ഒരു സൈക്കിൾ സവാരിക്കാരനെ ലക്ഷ്യസ്ഥാനത്തെത്തിക്കാൻ ഒരുപോലെ പ്രവർത്തിക്കുന്ന രണ്ട് ചക്രങ്ങളെപ്പോലെയാണ്. ഒരു ചക്രമില്ലെങ്കിൽ മറ്റേത് അങ്കലാപ്പിലേക്കും ആപത്തിലേക്കും നയിക്കും.

ക്ഷമയെന്നാൽ വിവേകപൂർണ്ണമായ ചിന്തയാണ്. അക്ഷമ ബുദ്ധിശൂന്യമായ ചിന്തകളുടെ ഫലമാണെങ്കിൽ ക്ഷമ ബുദ്ധിപരമായ ചിന്തകളുടെ ഫലമാണ്. അതാണ് ജീവിതത്തിന്റെ രഹസ്യം, അതാണ് മഹത്തായ ആസൂത്രണത്തിന്റെ രഹസ്യം.

നമുക്ക് പ്രകൃതിയോട് പോരാടാനാവില്ല. അതിനാൽ നമുക്ക് അക്ഷമനാകാനുള്ള പ്രാപ്തിയില്ല. ഏകപക്ഷീയമായി കാര്യങ്ങളെ നേരിടാൻ ശ്രമിക്കലാണ് അക്ഷമ. അത് അസാധ്യമാണ്. മറുവശത്ത്, ക്ഷമയെന്നാൽ ഉഭയകക്ഷീയമായി കാര്യങ്ങൾ ചെയ്യലാണ്. നമ്മുടെ ലോകത്ത് ഏകപക്ഷീയത ഒരു അയഥാർത്ഥ സമീപനമാണ്. ഉഭയകക്ഷിത്വമാണ് തികച്ചും വിവേകപൂർണ്ണമായ സമീപനം.

കാത്തിരുന്ന് കാണുക എന്നത് ഈ ലോകത്തെ ഏറ്റവും നല്ല നയമാണ്. ആ നയത്തെയാണ് ക്ഷമ എന്ന് വിളിക്കുന്നത്. അക്ഷമയെന്നാൽ കാത്തിരിക്കാതെ, പരിണിതഫലത്തെക്കുറിച്ച് ആലോചിക്കാതെ സാഹചര്യത്തിലേക്ക് എടുത്തുചാടലാണ്.

മാത്സര്യവും വെല്ലുവിളികളും നിറഞ്ഞ ഈ ലോകത്ത് ഉചിതം കാത്തിരുന്ന് കാണുക എന്ന നയമാണ്.

ഏതൊരു ലക്ഷ്യപ്രാപ്തിക്കും നല്ലൊരു ആസൂത്രണം ആവശ്യമാണ്. നല്ല ആസൂത്രണമാണ് വിജയത്തിലേക്ക് നയിക്കുക. നല്ല ആസൂത്രണം എന്നാൽ വികാരങ്ങളെക്കാൾ പരിഗണനകളെ കണക്കിലെടുക്കലാണ്.

## 81

# നന്മനേരുക സത്യസന്ധരായിരിക്കുക

പ്രവാചകത്വം ലഭിച്ചയുടനെ പ്രവാചകൻ തന്റെ സമുദായത്തോട് പറഞ്ഞകാര്യം ഖുർആൻ പരാമർശിക്കുന്നു:

*എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു.* (7:68)

ദിവ്യദൗത്യത്തിന്റെ പശ്ചാത്തലത്തിലാണ് പ്രവാചകൻ അപ്രകാരം പറഞ്ഞത്. എങ്കിലും സത്യസന്ധത, നന്മ നേരൽ എന്നീ രണ്ട് അടിസ്ഥാന തത്ത്വങ്ങളിലൂന്നി നിന്നുകൊണ്ട് ആരോഗ്യകരമായ ഒരു സമൂഹം കെട്ടിപ്പടുക്കാനാകുമെന്ന പ്രയോജനകരമായ കാര്യം ഉദ്ധരിച്ച സൂക്തത്തിൽ നിന്ന് ലഭിക്കുന്നു. നമ്മൾ മെച്ചപ്പെട്ട ഒരു സമൂഹത്തെയാണ് ആഗ്രഹിക്കുന്നതെങ്കിൽ ആ രണ്ട് തത്ത്വങ്ങൾ കൈവിടാതെ കർക്കശമായി പാലിക്കപ്പെടണം. കാരണം, സമൂഹത്തിന്റെ ഉചിതമായ വളർച്ചയ്ക്ക് സമൂഹത്തിലെ ഓരോ വ്യക്തിയിലും ഗുണകാംക്ഷയുടെയും സത്യസന്ധതയുടെയും ചൈതന്യത്തെ വളർത്തിയെടുക്കുക എന്നല്ലാതെ അതിനേക്കാൾ നല്ല വേറൊരു സൂത്രവാക്യമില്ല. സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്ക് ഈ ഗുണങ്ങളുണ്ടെങ്കിൽ അവരിൽ നിന്ന് നല്ലൊരു സമൂഹത്തെ നമുക്ക് പ്രതീക്ഷിക്കാം.

എന്താണ് ഗുണകാംക്ഷ?

ഗുണകാംക്ഷ എന്നാൽ സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ വിദ്വേഷം ഇല്ലാതിരിക്കലും മറ്റുള്ളവരുടെ വീഴ്ചകളിൽ ഉണ്ടാകാവുന്ന ദൗർഭാഗ്യകരമായ അനുഭവങ്ങളിൽ നിന്ന് അകന്നുനിൽക്കലുമാണ്. ആവലാതികൾക്കിടയിലും അംഗങ്ങൾക്ക് പരസ്പരം സ്നേഹിക്കാൻ സാധിക്കണം.

സാമൂഹിക ജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ് പരാതി. സമൂഹത്തിലെ ഒരംഗത്തിന് മറ്റുള്ളവരുമായി നല്ല ബന്ധം സ്ഥാപിക്കണമെങ്കിൽ അയാൾ തന്റെ സ്വന്തം പരാതികളെ നിസ്സാരവത്കരിക്കേണ്ടതുണ്ട്.

എന്താണ് സത്യസന്ധത?

വിശ്വാസയോഗ്യനായ ഒരു വ്യക്തിയാണ് സത്യസന്ധൻ. സാമൂഹ്യ ജീവിതം മെച്ചപ്പെടുത്തുന്നതിന് വിശ്വാസമെന്ന ഗുണം അത്യന്താപേക്ഷിതമാണ്. ഒരു മികച്ച സമൂഹത്തിലെ വ്യക്തികൾ വിശ്വാസയോഗ്യരും ഉത്തരവാദിത്തമുള്ളവരുമായിരിക്കും.

വിശ്വാസയോഗ്യരായ വ്യക്തികൾ വിശ്വാസയോഗ്യമായ സമൂഹത്തെ സൃഷ്ടിക്കുന്നു. വിശ്വാസയോഗ്യമായ സമൂഹങ്ങൾ വിശ്വാസയോഗ്യമായ രാഷ്ട്രത്തെ സൃഷ്ടിക്കുന്നു. വിശ്വാസയോഗ്യമായ രാഷ്ട്രങ്ങൾ മെച്ചപ്പെട്ട അന്തർദ്ദേശീയ ബന്ധങ്ങൾക്ക് അടിത്തറപാകുന്നു.

സത്യസന്ധതയുടെയും ഗുണകാംക്ഷയുടെയും മാനദണ്ഡത്തിന് രണ്ടിരട്ടി ഫലമുണ്ട്. ഒരു വശത്ത് വ്യക്തിവികസനത്തിന്റെ ഏക ഉറവിടമാണത്. അത് ഏറ്റവും നല്ല വ്യക്തിഗുണത്തെ പ്രതിഫലിപ്പിക്കുന്നു. വ്യക്തികൾക്ക് തങ്ങളുടെ സ്വന്തം നേട്ടത്തിനായി ധാരാളം ഗുണങ്ങൾ ആവശ്യമുണ്ട്. ആ ഗുണങ്ങളുടെ സാരാംശം രണ്ടുവാക്കിൽ സംഗ്രഹിക്കാം - ഗുണകാംക്ഷയും സത്യസന്ധതയും.

ആ രണ്ട് ഗുണങ്ങളുടെയും അടിത്തറയിൽ ഊന്നി മാത്രമാണ് ഒരു മികച്ച സമൂഹത്തെ കെട്ടിപ്പടുക്കാൻ സാധിക്കുക. നമ്മൾ മെച്ചപ്പെട്ട ഒരു സമൂഹമാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിന്റെ തുടക്കം അതിലൂടെ മാത്രമെ സാധ്യമാകൂ. ഓരോ വ്യക്തിയുടെയും സ്വഭാവത്തിലൂടെ അതിന് തുടക്കം കുറിക്കുക. വ്യക്തികളെ ഗുണകാംക്ഷയുടെയും സത്യസന്ധതയുടെയും മാർഗത്തിലൂടെ നിയന്ത്രിക്കാൻ ശ്രമിക്കുക. ആ പ്രവർത്തനം പൂർത്തീകരിക്കപ്പെടുമ്പോൾ സാമൂഹിക ലക്ഷ്യം കൈവരിക്കും.

ഗുണകാംക്ഷയും സത്യസന്ധതയും രണ്ട് സദ്ഗുണങ്ങളാണ്. ദുർവിചാരങ്ങൾ എല്ലാതരം തിന്മകളുടെയും ഉറവിടമാകുമ്പോൾ സദ്വിചാരങ്ങൾ എല്ലാതരം നന്മകളുടെയും ഉറവിമാകുന്നു. ഗുണകാംക്ഷയും സത്യസന്ധതയും വെറും രണ്ട് ഗുണങ്ങൾ മാത്രമല്ല, അവ രണ്ടായിരത്തിലധികം ഗുണങ്ങൾ ഉൾക്കൊള്ളുന്നു. ഗുണകാംക്ഷയും സത്യസന്ധതയുമുള്ള ഒരു വ്യക്തി എല്ലാ സദ്ഗുണങ്ങളുടെയും ഉടമയായിരിക്കും. സ്വഭാവരൂപീകരണത്തിലെ രണ്ട് സ്തംഭങ്ങളാണ് ഗുണകാംക്ഷയും സത്യസന്ധതയും. ആ രണ്ട് സ്തംഭങ്ങളിന്മേലാണ് സാമൂഹ്യ ഉന്നമനത്തിന്റെ മാളിക പണിയേണ്ടത്. സ്തംഭങ്ങൾ ദുർബലമാണെങ്കിൽ ഘടനയത്രയും ദുർബലമായിരിക്കും. സ്തംഭങ്ങൾ ശക്തമാണെങ്കിൽ ഘടനയത്രയും ശക്തമായിരിക്കും.

## 82

# ഖുർആൻ ജ്ഞാനത്തിന്റെ വഴി

ഏഴാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ഇസ്‌ലാമിന്റെ പ്രവാചകന് ദൈവം വെളിപാടായി നല്കിയ ഗ്രന്ഥമാണ് ഖുർആൻ. ഖുർആൻ നിഗൂഢമായ ഒരനുഗ്രഹമല്ല. അത് ഒരു വിജ്ഞാന ഗ്രന്ഥമാണ്. *സ്വാദ്* എന്ന അധ്യായത്തിൽ ഖുർആൻ പറയുന്നു:

*നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗ്രഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉത്ബുദ്ധരാകേണ്ടതിനും വേണ്ടി.* (38:29)

തീർച്ചയായും ഖുർആൻ വിവേകത്തിന്റെ ഗ്രന്ഥമാണ്. അത് ഇഹലോക വിജയത്തിനാവശ്യമായ തത്ത്വങ്ങൾ അടങ്ങിയതും ദിവ്യപദ്ധതികളെക്കുറിച്ചുള്ള അറിവ് പ്രദാനം ചെയ്യുന്നതുമാണ്. ചുരുക്കത്തിൽ ഖുർആൻ മാർഗദർശനഗ്രന്ഥമാണ്. അറബിഭാഷയിൽ പ്രാഥമിക അറിവുള്ളവർക്കുപോലും എളുപ്പം മനസ്സിലാക്കാവുന്ന ഗ്രന്ഥമാണത്. പക്ഷേ, ചിന്തയിലൂടെ മാത്രമെ അത് നല്കുന്ന കാര്യങ്ങൾ തിരിച്ചറിയാനാകൂ. *തദബ്ബുർ* അഥവാ പരിചിന്തനത്തിലൂടെ മാത്രമെ ഖുർആനിക വിജ്ഞാനനിധിയുടെ കവാടങ്ങൾ തുറക്കാനാകൂ. അതിലൂടെ ഖുർആനിക കാര്യങ്ങൾ സ്പഷ്ടമാക്കപ്പെടും. ചിന്തിക്കാതെ ഖുർആനിനെ മനസ്സിലാക്കാനാവില്ല. വാസ്തവത്തിൽ ഖുർആൻ പഠനത്തിന് രണ്ട് തലങ്ങളുണ്ട്. ഒന്നാമത്തേത്, അക്ഷരാർത്ഥത്തിലുള്ള വാച്യാർത്ഥം. രണ്ടാമത്തേത്, വ്യംഗ്യാർത്ഥത്തിലുള്ള ആന്തരികാർത്ഥം. ഖുർആന്റെ ആശയം ലളിതമായി മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിന്റെ വാച്യാർത്ഥം അറിഞ്ഞാൽ മതിയാകും.

ഖുർആന്റെ വാച്യാർത്ഥം അതിൽ അടങ്ങിയിരിക്കുന്ന അടിസ്ഥാന ഉപദേശങ്ങൾ നമുക്ക് പരിചയപ്പെടുത്തും. സൂക്ഷ്മാംശം അറിയാൻ ആഗ്രഹിക്കാത്ത സാധാരണക്കാർക്ക് ആ അറിവ് തികച്ചും പര്യാപ്തമായിരിക്കും. ഖുർആനിലെ ഓരോ വാക്കിനും ആഴമേറിയ അർത്ഥതലങ്ങളുണ്ട്. ആഴത്തിലുള്ള പഠനത്തിലൂടെ മാത്രമെ അത് ഉൾക്കൊള്ളാൻ സാധിക്കുകയുള്ളു.

ഖുർആൻ സാധാരണ ജനങ്ങൾക്കും പണ്ഡിതർക്കും തികച്ചും മാർഗ ദർശിയായ ഗ്രന്ഥമാണ്. അതിന് രണ്ടുതരത്തിലുള്ള പ്രാധാന്യവുമുണ്ട്. മനുഷ്യസമുദായം വിദ്യാസമ്പന്നരും അല്ലാത്തവരും ഉൾപ്പെട്ടതാണ്. ആയതിനാൽ കാരുണ്യവാനായ ദൈവം രണ്ടുകൂട്ടർക്കും പ്രാപ്യവും അതേസമയം അർത്ഥപൂർണ്ണവുമായ ഒരു ഗ്രന്ഥം അയക്കുക എന്നത് സ്വാഭാവികമാണ്. ഖുർആനിലെ ആദ്യവാക്യം നോക്കുക:

*സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.* (1:2)

ഈ വാക്യം സാധാരണക്കാരനും ജ്ഞാനിക്കും ഒരുപോലെ മാന സികോത്തേജനം നല്കുന്നതാണ്. ആ വാക്യത്തിൽ രണ്ടുകൂട്ടർക്കും ആത്മീയ പരിപോഷണം കണ്ടെത്താം.

സാധാരണക്കാർ അതിനെ അതിന്റെ ലളിതമായ അർത്ഥത്തിലെ ടുക്കും. അവനെയും അവനുചുറ്റുമുള്ള ലോകത്തെയും സൃഷ്ടിച്ചത് കാരുണ്യവാനായ ദൈവം തന്നെയാണെന്നർത്ഥത്തിൽ അവരതിനെ കാണും. ആയതിനാൽ, അവൻ മാത്രമാണ് ആരാധനക്കർഹൻ. കൃതജ്ഞത അവനുമാത്രമാണ്.

എന്നാൽ ഭൗതികശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം, ജ്യോതിശ്ശാ സ്ത്രം എന്നിവയിൽ ശിക്ഷണം ലഭിച്ചവർ ഖുർആനിൽ പറയുന്ന കാര്യ ങ്ങൾ അഗാധമായി മനനംചെയ്യും. താൻ ഉൾക്കൊള്ളുന്ന മുഴുവൻ ലോകവും സങ്കീർണ്ണമായ സൃഷ്ടി പ്രതിഭാസമാണെന്ന് അവൻ പറയും. ആധുനിക ശാസ്ത്ര ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ച് മനസ്സിലാക്കുന്നവർക്ക് അനിർവ്വചനീയമായ അനുഭവം ഉണ്ടാകും.

ഉദ്ധരിച്ച വാക്യം സാധാരണക്കാരനിൽ ഉണ്ടാക്കുന്ന പ്രതികരണം ചോദ്യം ചെയ്യപ്പെടാത്ത അംഗീകാരമാണെങ്കിൽ വിദ്യാസമ്പന്നനായ ഒരാളുടെ പ്രതികരണം അവന്റെ സ്രഷ്ടാവിനെ ശ്രദ്ധാപൂർവ്വം മനസ്സി ലാക്കിക്കൊണ്ടുള്ളതും സമുന്നതമായ അംഗീകാരം ഉൾകൊണ്ടുള്ള തുമായിരിക്കും.

83

# മനുഷ്യന്റെ വ്യക്തിത്വം

വിശുദ്ധ ഖുർആനിലെ, *ത്വീൻ* ചെറിയൊരു അധ്യായമാണെങ്കിലും വലിയൊരു പാഠം അതിൽ ഒളിഞ്ഞിരിപ്പുണ്ട്. അതിന്റെ തർജ്ജമ ഇങ്ങനെ:

*അത്തിയും ഒലീവും, സീനാ പർവ്വതവും,*

*നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണെ സത്യം,*

*തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടെ സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു. വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. എന്നാൽ അവർക്കാകട്ടെ മുറിഞ്ഞ് പോകാത്ത പ്രതിഫലമുണ്ടായിരിക്കും.*

*എന്നിരിക്കെ ഇതിന് ശേഷം പരലോകത്തെ പ്രതിഫല നടപടിയുടെ കാര്യത്തിൽ (നബിയേ,) നിന്നെ നിഷേധിച്ചുതള്ളാൻ എന്ത് ന്യായമാണുള്ളത്? അല്ലാഹു വിധികർത്താക്കളിൽ വെച്ച് ഏറ്റവും വലിയ വിധികർത്താവല്ലയോ?* (95: 1-8)

മനുഷ്യന് രണ്ട് വിപരീതാവസ്ഥകളാണ് വരാനുള്ളത്. ഒരു വിഭാഗത്തിന് സമ്പൂർണ്ണ വിനാശവും മറുവിഭാഗത്തിന് ശാശ്വത ബഹുമതിയും. ആദ്യവിഭാഗത്തിന് അന്തിമഫലം ഏറ്റവും ഭയാനകവും, മറുവിഭാഗത്തിന് ഏറ്റവും മികച്ചതുമായിരിക്കും.

വാസ്തവത്തിൽ ദൈവം മനുഷ്യന് വളരെയധികം കഴിവുകൾ നല്കിയിട്ടുണ്ട്. അതോടൊപ്പം തെരഞ്ഞെടുപ്പിനുള്ള പൂർണ്ണ സ്വാതന്ത്ര്യവും നല്കി. സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ രണ്ട് വിഭാഗങ്ങളാക്കി - സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുന്നവരും, ദുരുപയോഗം ചെയ്യുന്നവരും.

ദിവ്യാനുഗ്രഹത്താൽ മനുഷ്യൻ അതിരറ്റ കഴിവുള്ളവനാണ്. ആ കഴിവുകളെ യാഥാർത്ഥ്യമാക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്. അവിടെയാണ് മനുഷ്യവിധി പ്രസക്തമാകുന്നത്. കടമനിർവഹണത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ രണ്ടു വിഭാഗമായി പരിണമിക്കുന്നു - പരാജിതരും വിജയികളും.

ചില വിജയികളെ അതിനുവേണ്ടി മാത്രം സൃഷ്ടിച്ചതാണെന്ന് പറയപ്പെടുന്നു. എന്നാൽ ഖുർആനിൽ പ്രതിപാദിച്ച ദിവ്യ പദ്ധതിയനുസരിച്ച് ഓരോരുത്തരും സ്വന്തം അസ്തിത്വമുള്ളവരാണ്. കഴിവിന്റെ അടിസ്ഥാനത്തിൽ സ്വന്തം അസ്തിത്വമുള്ളവരായി മാറുന്ന വിധത്തിലാണ് ഓരോരുത്തരും ജനിക്കുന്നത്. വിധിയുടെ തത്ത്വങ്ങൾ ദൈവത്താൽ രൂപകല്പന ചെയ്തതാണെങ്കിലും വിധി നിർണ്ണയിക്കുന്നത് ഓരോ സ്ത്രീ പുരുഷന്റെയും പ്രവർത്തന രീതികൾക്കനുസൃതമായാണ്. മനുഷ്യൻ തന്റെ യുക്തിയും സാമാന്യബോധവും ഉപയോഗിച്ച് പ്രകൃതിയുടെ നിയമങ്ങൾ തിരിച്ചറിയണമെന്നതാണ് ദൈവികപദ്ധതിയുടെ കാതലായ വശം.

സ്രഷ്ടാവ് മനുഷ്യന് സ്വാതന്ത്ര്യം നല്കി. മനുഷ്യന് അത് വലിയൊരു അനുഗ്രഹമായി. നല്ല കാര്യങ്ങൾ ജീവിതത്തിൽ നടപ്പിലാക്കാൻ കഴിയുക കാരുണ്യവാനായ ദൈവത്തിന് മാത്രമാണ്. പ്രപഞ്ചത്തിലെ ഏക ദാതാവാണ് അവൻ. എന്നാൽ, കാരുണ്യവാനായ ദൈവത്തിന് തന്റെ അനുഗ്രഹം ജനങ്ങൾക്ക് അംഗീകാരത്തിന്റെ രൂപത്തിൽ നല്കേണ്ടതുണ്ട് - ഏകപക്ഷീയ ആശീർവ്വാദമായല്ല.

പ്രപഞ്ചത്തിലെ ഒരു സവിശേഷ പ്രതിഭാസമാണ് മനുഷ്യ വ്യക്തിത്വം. തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനല്ലാതെ മറ്റൊരു ചരാചരത്തിനും ദൈവം നല്കിയിട്ടില്ല. ഉത്കൃഷ്ടപദവി ദൈവം മനുഷ്യനു മാത്രം നല്കി. അസാധാരണമായ ആ പദവിയെക്കുറിച്ച് മനുഷ്യന് ശരിയായ ധാരണ ഉണ്ടായിരിക്കുകയും അത് ശരിയായി ഉപയോഗിക്കുകയും വേണം. അതുവഴി മനുഷ്യന് ഒരു സൂപ്പർമാൻ ആയി മാറാം. സ്വാതന്ത്ര്യത്തിന്റെ മറവിൽ കൈവന്ന അവസരങ്ങൾ യഥോചിതം ഉപയോഗിച്ചില്ലെങ്കിൽ അവൻ മൃഗത്തേക്കാൾ അധഃപതിക്കും.

മനുഷ്യൻ യുക്തിയും സാമാന്യബോധവും പ്രയോജനപ്പെടുത്തണം, വിവേചനശക്തി പിന്തുടരണം, പ്രകൃതി നിയമങ്ങൾ തിരിച്ചറിയണം, പ്രവാചകന്മാർക്ക് വെളിപ്പെട്ടുകിട്ടിയ ദിവ്യഗ്രന്ഥങ്ങൾ പിന്തുടരണം, ജീവിതലക്ഷ്യം എന്താണെന്നും ദൈവത്തിന്റെ സൃഷ്ടിപദ്ധതി എത്തരത്തിലാണെന്നും മനസ്സിലാക്കാൻ ശ്രമിക്കണം തുടങ്ങിയവയാണ് ദൈവികപദ്ധതിയുടെ കാതൽ. ആ വസ്തുതകൾ കണക്കിലെടുത്തു വേണം മനുഷ്യൻ ഭാവി കെട്ടിപ്പടുക്കേണ്ടത്.

84

# നേതൃഗുണം

നേതൃവിജയത്തിന്റെ നിദാനം നല്ല അനുയായികളാണ്. നേതാവിനെ പിന്തുടരുന്നതിൽ പരാജയപ്പെട്ടാൽ ഒരു നേതാവിനും വിജയകരമായി നേതൃത്വം വഹിക്കാനാവില്ല. ഖുർആനിലെ, *നിസാഅ്* എന്ന അധ്യായത്തിലെ ഒരു വചനം കാണുക:

*ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണെ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കല്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല.* (4:65)

ഖുർആനിലെ ഈ വാക്യം മതനേതൃത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേതത്ത്വം മതനിരപേക്ഷതയുടെ കാര്യത്തിലും സാധുവാണ്. മതനിരപേക്ഷ നേതൃത്വവും മതനേതൃത്വവും ലക്ഷ്യംകൊണ്ട് വ്യത്യസ്തമാണെങ്കിലും മാർഗംകൊണ്ട് ഒന്നാണ്.

സ്ത്രീ പുരുഷന്മാർ ജന്മനാ വ്യത്യസ്തരാണ്. ഓരോരുത്തരും മിസ്റ്റർ വ്യത്യസ്തനും മിസ് വ്യത്യസ്തയുമാണ്. അത് അങ്ങനെത്തന്നെയായിരിക്കുകയും ചെയ്യും. ഒരു നേതാവിന്റെ തീരുമാനങ്ങൾ എല്ലാവരെയും എപ്പോഴും കൃത്യമായി ബോധ്യപ്പെടുത്താൻ സാധിച്ചെന്നുവരില്ല. ഗ്രൂപ്പിലെ ചില അംഗങ്ങൾ നേതാവെടുക്കുന്ന ചില തീരുമാനങ്ങളോട് യോജിപ്പ് പ്രകടിപ്പിക്കുകയും ചിലതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്യുക സ്വാഭാവികമാണ്. അത്തരത്തിലുള്ള വ്യത്യാസങ്ങൾ മതനിരപേക്ഷ ഗ്രൂപ്പുകളിലും കാണാവുന്നതാണ്.

പിന്നെങ്ങനെയാണ് ഐക്യം സ്ഥാപിക്കുക?

ഒരു നേതാവിന്റെ വിജയത്തിന് ഒരുമ അത്യന്താപേക്ഷിതമാണ്. അനുയായികളിൽ ഒരുമയില്ലെങ്കിൽ നേതാവിന് ഫലപ്രദമായി പ്രവർത്തിക്കാനാവില്ല. അത്തരം സാഹചര്യങ്ങളിൽ സ്വീകരിക്കാവുന്ന ഒരേയൊരു സൂത്രം നേതാവിനെ മനഃപൂർവ്വമോ അല്ലാതെയോ പിന്തുടരുക എന്നതാണ്. ഐക്യം കൈവരിക്കാനുള്ള ഒരേയൊരു

പ്രായോഗിക രീതിയാണത്. നേതാവിന്റെ വിജയത്തിന് അത് മാത്രമാണ് അടിസ്ഥാനം.

ഒരു യഥാർത്ഥ നേതാവ് ഉണ്ടാവുകയാണ്, സൃഷ്ടിക്കപ്പെടുകയല്ല. തീരുമാനമെടുക്കാനുള്ള മിടുക്കാണ് അവന്റെ മുഖ്യ ഗുണം. ദീർഘ വീക്ഷണവും നിശ്ചയദാർഢ്യവും സംഘടനാ പാടവവുമാണ് അവന്റെ കൂട്ടാളി. നിസ്വാർത്ഥതയാണ് മറ്റൊരു ഗുണം. അവൻ ഉൾക്കാഴ്ചയുള്ള വനും സത്യസന്ധനും സ്വകാര്യ അജണ്ടകളിൽ നിന്ന് തീർത്തും മുക്ത നമായിരിക്കും. ഇപ്പറഞ്ഞ ഗുണങ്ങളാണ് ഒരു നേതാവിന്റെ വിജയത്തി നടിസ്ഥാനം. അത്തരത്തിലുള്ള നേതാക്കൾക്കാണ് പ്രശസ്തി കൈവ രിക്കാനാവുക. എന്നാൽ അത്തരം ഗുണങ്ങൾ കൊണ്ടുമാത്രം വിജയ കരമായ ഒരു നേതൃത്വം ഉറപ്പാക്കാനാവില്ല. വിജയകരമായ നേതൃത്വം അനുയായികളുടെ പാതിയെയും നേതാവിന്റെ പാതിയെയും ആശ്രയി ച്ചിരിക്കുന്നു. രണ്ടിന്റെയും സങ്കരമില്ലാതെ ഒരു നേതാവിനും മതേതര മണ്ഡലത്തിലോ മതാത്മക മണ്ഡലത്തിലോ വിജയകരമായി പ്രവർ ത്തിക്കാനാവില്ല.

ഒരു നേതാവിന് വിജയിക്കണമെങ്കിൽ ഭൗതികശക്തി ആവശ്യമു ണ്ട്. പക്ഷേ, അതുകൊണ്ട് മാത്രം ഒരു നേതാവ് വിജയിക്കണമെന്നി ല്ല. ഐക്യത്തിന്റെ പ്രയോജനങ്ങളെക്കുറിച്ചും അനൈക്യത്തിന്റെ ദുര ന്തങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ബോധ്യമുണ്ടാവണം. ഒന്നിച്ചാൽ നില നിൽക്കുമെന്നും വിഭജിച്ചാൽ പരാജയപ്പെടുമെന്നുമുള്ള യാഥാർത്ഥ്യം അവർ മനസ്സിലാക്കണം.

വിജയിച്ച നേതാവും പരാജയപ്പെട്ട നേതാവും തമ്മിലുള്ള വ്യത്യാസം, ആദ്യത്തെയാൾ തന്നെക്കുറിച്ചും തന്റെ അനുയായികളെ ക്കുറിച്ചും അറിയുന്നവനായിരിക്കും എന്നതാണ്. രണ്ടാമത്തെയാൾക്ക് തന്നെക്കുറിച്ച് മാത്രമേ അറിയൂ, അനുയായികളെക്കുറിച്ച് യാതൊന്നു മറിയുകയില്ല. അനുയായികളെക്കുറിച്ച് ശരിയായി മനസ്സിലാക്കാത്ത നേതാവിന് വിജയിക്കാനാവില്ല.

വിജയിയായ നേതാവ് ജയശാലിയായ ഒരു അഭിഭാഷകനാണെന്ന് പറയാറുണ്ട്. തീർച്ചയായും നിങ്ങളെ പിന്തുടരാൻ ജനങ്ങളെ പ്രേരിപ്പി ക്കുന്ന അവസരങ്ങൾ ഉണ്ടാകും. മറ്റുള്ളവരെ പിന്തുടരുക, അതായിരി ക്കും കൂടുതൽ അഭികാമ്യം എന്നുപറയേണ്ട അവസരങ്ങളും ഉണ്ടാകും. ആ വസ്തുത അംഗീകരിക്കലാണ് ഒരു നേതാവിന്റെ വിജയത്തിനാധാരം.

## 85

# നിരീക്ഷണപാടവം വളർത്തുക

ഓരോ പുരുഷനെയും സ്ത്രീയെയും ധ്യാനത്തിന്റെ ചൈതന്യത്തെ ക്കുറിച്ച് ബോധവത്കരിക്കലാണ് ഖുർആനിന്റെ പ്രധാന വിഷയങ്ങ ളിലൊന്ന്. *ഹിജ്ർ* എന്ന അധ്യായത്തിൽ ചരിത്ര സംഭവങ്ങളെക്കുറിച്ച് ഖുർആൻ പരാമർശിക്കുന്നത് ഇങ്ങനെയാണ്:

*നിരീക്ഷിച്ചുമനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.* (15:75)

പ്രകൃതി പ്രതിഭാസങ്ങളെയും ചരിത്ര സംഭവങ്ങളെയും കുറിച്ച് ആഴത്തിൽ പഠിക്കുകയും അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുക യും ചെയ്യുന്നവർക്ക് വലിയ പ്രയോജനങ്ങളുണ്ട്. അവ പ്രതിപാദിക്കു ന്നതിലൂടെ മനുഷ്യന്റെ ചിന്താശീലത്തെ വികസിപ്പിച്ചെടുക്കാനും, വായ നക്കാരന് ബൗദ്ധിക നേട്ടം കൈവരിക്കാനും സാധിക്കുന്നു.

അപ്പംകൊണ്ട് മാത്രം ജീവിക്കാനാവില്ലെന്ന് ജീസസ് ക്രൈസ്റ്റ് ഒരിക്കൽ പറയുകയുണ്ടായി (മാത്യു: 4:4). എല്ലാ സമുദായങ്ങൾക്കും ബാധകമായ ഒരധ്യാപനമാണത്. ശാരീരികവും ആത്മീയവുമായ പോഷണം സർവ്വ സ്ത്രീ പുരുഷന്മാർക്കും ആവശ്യമാണെന്നാണ് അതിനർത്ഥം. ശാരീരിക പോഷണത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. എന്നാൽ ആത്മീയ പോഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ആളുകൾ അജ്ഞരാണ്.

ശാരീരിക പട്ടിണിയിൽ മനുഷ്യന് ജീവിക്കാനാവില്ല. അത് ബലഹീ നതയിലേക്കും രോഗാവസ്ഥയിലേക്കും നയിക്കും. ശരീരം എങ്ങനെ യാണ് ദുർബലമാകുന്നത് എന്നറിയാവുന്നതുകൊണ്ട് ഓരോരുത്തരും തങ്ങൾക്കാവശ്യമായ ആഹാരം സ്വയം കണ്ടെത്തുന്നു. ആത്മീയ പട്ടി ണിയുടെ കാര്യത്തിലും സ്ഥിതി ഭിന്നമല്ല. ആത്മീയ പട്ടിണി നമ്മെ ഒരു ദുർബല വ്യക്തിയാക്കും. അത് നമ്മളിലെ ജ്ഞാന ശേഷി ഇല്ലാതാക്കു കയും ധാർമ്മിക മൂല്യങ്ങൾ നിഷേധിക്കുകയും ചെ യ്യും. ആത്മീയ മരണം സംഭവിക്കുന്നിടത്തോളം അത് എത്തിയേക്കും.

ആത്മീയത നിലനിർത്താൻ ആത്മീയ ഭക്ഷണമാണ് വേണ്ടത്. ആത്മീയതയുടെ ഉറവിടം ചിന്ത അല്ലെങ്കിൽ ധ്യാനമാണ്. കാര്യങ്ങളെ

ബാഹ്യമായി വിലയിരുത്താത്ത സ്വഭാവം വികസിപ്പിക്കുകയും വേണം. കാര്യങ്ങളുടെ ആഴത്തിലെത്തിച്ചേർന്നാൽ മാത്രമെ ആന്തരികാർത്ഥം കണ്ടുപിടിക്കാൻ കഴിയുകയുള്ളു. അതിന് ബൗദ്ധിക നടപടിക്രമം അഭംഗുരം തുടരണം.

ഓരോ വ്യക്തിയും ദിനം തോറും സ്വമനസ്സിനെ സജീവമാക്കണം. ഒരു പുസ്തകം വായിക്കുമ്പോഴും ഒരു രംഗം നിരീക്ഷിക്കുമ്പോഴും ഒരു ചരിത്ര സംഭവത്തെ അഭിമുഖീകരിക്കുമ്പോഴും അതിൽ നിന്ന് ആത്മീയ പാഠം ഉൾക്കൊള്ളാനുള്ള തന്റെ കഴിവുകളെ സുസജ്ജമാക്കണം. അനുഭവങ്ങളെ അർത്ഥവത്തായ പാഠങ്ങളാക്കിമാറ്റാൻ പ്രയത്നിക്കു കയും വേണം.

മനുഷ്യർക്കും മൃഗങ്ങൾക്കും ഓരോ ദിവസവും ഓരോ അനുഭവ മാണ് പരിചയിക്കേണ്ടിവരിക. ആന്തരിക സത്തയെക്കുറിച്ച് ബോധ്യമി ല്ലാതെ മൃഗങ്ങൾ അവയെ മുഖവിലക്കെടുക്കുന്നു എന്നതാണ് അതിന്റെ വ്യത്യാസം.

എന്നാൽ മനുഷ്യന് ആശയപരമായ ചിന്താശേഷിയുണ്ട്. ഗഹനമായ വിഷയങ്ങളിലേക്ക് മനുഷ്യന് കടന്നുചെല്ലാനും അതിൽ ഒളിഞ്ഞിരിക്കു ന്ന പാഠങ്ങൾ ഉൾക്കൊള്ളാനും കഴിവുണ്ട്. ആ വ്യത്യാസം വളരെ പ്രാ ധാന്യമർഹിക്കുന്നു. അനുഭവത്തിൽ നിന്ന് പാഠം പഠിക്കാത്തവർ ആരാ യിരുന്നാലും മൃഗങ്ങളുടെ നിലവാരത്തിലേക്ക് തരംതാണുപോകും.

ആത്മീയത മനുഷ്യന് ആവശ്യമാണ്. മൃഗങ്ങൾക്കാണെങ്കിൽ അതിന്റെ ആവശ്യം വരുന്നില്ല. ആത്മീയതയില്ലാതെ മൃഗങ്ങൾക്ക് ജീവിക്കാൻ സാധിക്കും. മനുഷ്യൻ അങ്ങനെയല്ല. ആത്മീയതയിൽ നിന്ന് തെന്നിമാറാൻ അവനെക്കൊണ്ടാവില്ല. ജീവിതാനുഭവങ്ങളിൽ നിന്ന് ആത്മീയപാഠങ്ങൾ ഉൾക്കൊള്ളാനുള്ള അവസരം നഷ്ടപ്പെടാതി രിക്കുന്നതിന് എപ്പോഴും മനസ്സ് സജീവമായി നിലനിർത്തുക.

ആത്മീയത നമ്മെ സൃഷ്ടിപരമായ ചിന്തകനാക്കുന്നു. സർഗാത്മ കതയില്ലെങ്കിൽ മനുഷ്യനേക്കാൾ മികച്ചത് കൽപ്രതിമയായിരിക്കും.

86

# സ്വഭാവഹത്യ അരുത്

പ്രവാചകന്റെ കാലത്ത് മദീനാ നിവാസികളിൽ ചിലർ അദ്ദേഹത്തിനന്റെ കുടുംബാംഗങ്ങളെ അപമാനിക്കുക പതിവായിരുന്നു. സ്വഭാവഹത്യയായിരുന്നു അത്. അതിന്റെ പശ്ചാത്തലത്തിൽ ഇറങ്ങിയ സൂക്തങ്ങൾ വിശുദ്ധ ഖുർആനിലെ, *നൂർ* (പ്രകാശം) എന്ന അധ്യായത്തിൽ എടുത്തുചേർത്തിട്ടുണ്ട്. തർജ്ജമ ഇങ്ങനെ:

*തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.* (24:19)

ഇസ്‌ലാമിക വീക്ഷണത്തിൽ സ്വഭാവഹത്യ കടുത്ത പാപമാണ്. അത് മാനവികതയ്ക്കും ധാർമ്മികമൂല്യങ്ങൾക്കും ഖുർആനിക അധ്യാപനങ്ങൾക്കും എതിരാണ്. അത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നാളെ സർവ്വ ശക്തനായ ദൈവം തീർച്ചയായും കഠിനമായി ശിക്ഷിക്കും.

വസ്തുനിഷ്ഠമായ സൂക്ഷ്മജ്ഞാനം നിലനിൽക്കുന്ന ചില അനിഷേധ്യ സത്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് ആരെയെങ്കിലും വിമർശിക്കണമെങ്കിൽ, നമ്മൾ നിയമപരമായി പ്രവർത്തിക്കുകയും, ദിവ്യഗ്രന്ഥത്തിൽ പ്രതിപാദിച്ചപോലെ നമ്മുടെ ധാർമ്മികാവകാശങ്ങൾ പ്രയോഗിക്കുകയും വേണം. ഉദ്ദേശ്യം നല്ലതാണെങ്കിൽ പ്രവർത്തനം പരിഗണിക്കപ്പെടും. കാരുണ്യവാനിൽ നിന്ന് പ്രതിഫലം ലഭിക്കുകയും ചെയ്യും.

നമ്മൾ ആരെയെങ്കിലും അധിക്ഷേപിക്കുകയോ, അധാർമ്മികവും അസാന്മാർഗികവുമായ ഭാഷ ഉപയോഗിക്കുകയോ, നമ്മൾ പറയുന്നതിനെ ന്യായീകരിക്കാൻ തെളിവുകൾ ഹാജരാക്കാതിരിക്കുകയോ ചെയ്താൽ അത് കുറ്റകൃത്യം തന്നെയാണ്. അടിസ്ഥാനമില്ലാതെ ഒരാൾക്കെതിരെ നടത്തുന്ന അധിക്ഷേപ വാക്കുകൾ വ്യക്തിഹത്യയാണ്. അത്തരത്തിലുള്ള ഭാഷ പ്രയോഗിക്കാൻ ആർക്കും അവകാശമില്ല. വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള വിമർശനം സൃഷ്ടിപരമാണ്.

എന്നാൽ, അടിസ്ഥാനമില്ലാതെ ഒരാൾക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നത് അത്യന്തം നികൃഷ്ടമായ കുറ്റമാണ്.

ഇക്കാര്യത്തിൽ രണ്ട് വഴികളാണ് നമുക്കുമുമ്പിലുള്ളത്. ഒരാൾ ഒരു വ്യക്തിക്കെതിരെ കുറ്റമാരോപിക്കുകയും അയാൾക്കെതിരെ നിഷേധിക്കാൻ പറ്റാത്ത തെളിവുകൾ നിരത്തിയാൽ പോലും സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാൻ കുറ്റാരോപിതനെ അനുവദിക്കണം. മറുവശത്ത്, ഒരു വ്യക്തിക്ക് ആരോടെങ്കിലും പ്രതികൂലമായ അഭിപ്രായമുണ്ടെങ്കിലും തന്റെ പ്രസ്താവനയെ പിന്തുണക്കുന്നതിനാവശ്യമായ തെളിവുകളില്ലെങ്കിൽ പിന്നെ അവന് നിശ്ശബ്ദത പാലിക്കുകയാവും കരണീയം. തന്റെ പ്രസ്താവനയ്ക്ക് തെളിവ് ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ വേറൊരാൾക്കെതിരെ കുറ്റമാരോപിക്കാൻ ആർക്കും അനുവാദമില്ല. നിരപരാധികൾക്കെതിരെ നമ്മൾ മോശം പരാമർശം നടത്തുമ്പോൾ അതൊരു ബൂമറാങ് ഫലമാണ് ഉണ്ടാക്കുകയെന്ന് പ്രവാചകൻ ഒരിക്കൽ അരുളുകയുണ്ടായി:

'നിങ്ങളുടെ ചീത്ത പ്രസ്താവനകൾ നിങ്ങൾക്കുനേരെ തിരിയുകയും നിങ്ങളെത്തന്നെ ബാധിക്കുകയും ചെയ്യും.' (ബുഖാരി: 6045)

സ്വഭാവഹത്യാപ്രവണത സമൂഹത്തെ വ്രണപ്പെടുത്തും, തെറ്റിദ്ധാരണകൾക്ക് വഴിവെക്കും. പരിണിതഫലം അപകടമായിരിക്കുകയും ചെയ്യും. സമൂഹത്തിലെ ഓരോ അംഗവും മറ്റംഗങ്ങളെ സംശയിക്കുകയും ചെയ്യും. അത്തരത്തിലുള്ള ഒരു സമൂഹത്തിൽ ആരോഗ്യകരമായ പ്രവർത്തനങ്ങളോ ആസൂത്രണങ്ങളോ നടത്താനാവില്ല. സ്വഭാവഹത്യ എല്ലാവരെയും ദോഷകരമായി ബാധിക്കുക മാത്രമല്ല അത് സമൂഹത്തിന് ഒരു ഗുണവും ചെയ്യുകയുമില്ല.

അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സമൂഹം ജാഗ്രത പുലർത്തണം. തെറ്റുകാരെ പരസ്യമായി അപലപിക്കുകയും വേണം. തീർച്ചയായും സമുദായ പരിഷ്കരണം മാത്രമാണ് അത്തരം പ്രവണതകളെ ഇല്ലാതാക്കാനുള്ള പോംവഴി. ശരീരഹത്യയെക്കാൾ അപകടകരമാണ് സ്വഭാവഹത്യ. ആ ഹീന പ്രവർത്തിയെ പരിഗണിക്കുന്ന സമൂഹം ക്രൂരവും മനുഷ്യത്വരഹിതവുമായിരിക്കും.

## 87

# ഉത്തരവാദിത്ത ബോധം

ഇസ്ലാമിന്റെ പ്രധാന അധ്യാപനങ്ങളിലൊന്നാണ് ചുമതലാ ബോധം. ഖുർആൻ അനുശാസനപ്രകാരം ജീവിതം വളരെ പ്രധാനപ്പെട്ട ഒരു വ്യവഹാരമാണ്. അക്കാരണത്താൽ എല്ലാവരും പൂർണ്ണ ചുമതലാ ബോധമുള്ളവരാവണം. ഖുർആനിലെ, *ബനൂ ഇസ്രായീൽ* എന്ന അധ്യായത്തിൽ ഈ ആശയം വ്യക്തമാക്കുന്നുണ്ട്:

*നിങ്ങൾ അളന്നുകൊടുക്കുകയാണെങ്കിൽ അളവ് നിങ്ങൾ തികച്ചു കൊടുക്കുക. ശരിയായ തുലാസ് കൊണ്ട് നിങ്ങൾ തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യ ഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും. നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.* (17: 35,36)

നമ്മൾ പറയുന്നതെന്തും പുറമെനിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. അടിസ്ഥാനപരമായി അതിന്റെ സ്രോതസ്സുകൾ മൂന്നാണ്: നമ്മൾ കേൾക്കുന്നവ, കാണുന്നവ, ചിന്തിക്കുന്നവ. ഈ മൂന്ന് ഇന്ദ്രിയങ്ങൾ വഴി നമുക്ക് ലഭിക്കുന്നവയെ വസ്തുതകൾ എന്ന് വിളിക്കാം. ഇവ ഓരോന്നിലും തെറ്റിദ്ധാരണകളോ തെറ്റായ കണക്കുകൂട്ടലുകളോ കടന്നുകൂടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് നാം സംസാരങ്ങളിൽ വളരെ കണിശത പുലർത്തേണ്ടതുണ്ട്. തൂക്കത്തെയും അളവിനെയും കുറിച്ച്, ഉദ്ധരിച്ച ഖുർആൻ സൂക്തത്തിൽ സൂചിപ്പിച്ച പദപ്രയോഗം പ്രതീകാത്മകമാണ്. അളക്കൽ തൂക്കൽ എന്നീ പ്രയോഗങ്ങൾ കൊണ്ട് ഖുർആൻ ഉദ്ദേശിക്കുന്നത്, ബൗദ്ധികതയെ അളക്കൽ അല്ലെങ്കിൽ ബൗദ്ധികതയെ തൂക്കൽ എന്നാണ്. ഏതൊരു വിഷയത്തെക്കുറിച്ച് അല്ലെങ്കിൽ ആളെക്കുറിച്ച് സംസാരിക്കുമ്പോഴും നമ്മൾ വളരെ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. നമ്മുടെ വ്യവഹാരങ്ങൾ ഒരു ശാസ്ത്രീയ അളവുകോൽ പോലെ വളരെ കൃത്യമായിരിക്കണം.

ശരിയായ ചിന്തയും സൂക്ഷ്മമായ സംസാരവും ധാർമ്മിക ഉപാധികളാണ്. അവയെ അവഗണിച്ചാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സംഭവിച്ചേക്കും. സർവ്വശക്തനായ ദൈവം സർവജ്ഞനായതുകൊ

ണ്ട് ഓരോരുത്തരുടേയും പ്രതികരണങ്ങൾക്കും പ്രവർത്തനങ്ങൾക്കു മനുസരിച്ചായിരിക്കും പ്രതിഫലം നല്കുക.

എന്നിരിക്കെ, ഓരോ പുരുഷനും സ്ത്രീയും വളരെ ഗൗരവമുള്ളവരാകുക എന്നത് അനിവാര്യമാണ്. എല്ലാം അറിയുന്ന സർവ്വശക്തനായ ദൈവത്തിന്റെ മുൻപിൽ ഹാജരാക്കപ്പെടുമെന്ന ഉറച്ചവിശ്വാസത്തിൽ ഓരോരുത്തരും ഉത്തരവാദിത്വത്തോടെയാണ് പെരുമാറേണ്ടത്.

ഓരോ മനുഷ്യനും സർവ്വശക്തനായ ദൈവത്തിന്റെ അനിവാര്യമായ ന്യായവിധിയെ നേരിടേണ്ടതുണ്ട്. ഖുർആനിലെ ആ ഉപദേശം വളരെ പ്രസക്തമാണ്. എന്തെന്നാൽ, ഒരാളെ സമൂഹത്തിലെ, ധർമ്മബോധവും ഓജസ്സുമുള്ള വ്യക്തിയായി വളർത്തിക്കൊണ്ടുവരാൻ അത് പ്രചോദിപ്പിക്കുന്നുണ്ട്.

ധർമ്മ പ്രഭാഷണങ്ങൾ കൊണ്ട് മാത്രം അത് സാധ്യമാവില്ല എന്നതാണ് അനുഭവ പാഠം. എത്രമേൽ ശക്തമായാലും പ്രഭാഷണങ്ങൾ കൊണ്ട് ജനങ്ങളെ മാറ്റുക സാധ്യമല്ലതന്നെ. എല്ലാ നല്ല പ്രഭാഷണങ്ങളിലും ഒരു കാര്യം ഉൾച്ചേർക്കേണ്ടതുണ്ട്. അതായത്, ശിക്ഷയെക്കുറിച്ചുള്ള ഭയം. അതൊന്നുകൊണ്ട് മാത്രമെ ജനങ്ങളിൽ സൽസ്വഭാവം വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളു.

ധർമ്മ പ്രഭാഷണങ്ങളിലടങ്ങിയ ഉപദേശങ്ങൾ ഉൾക്കൊള്ളാതിരിക്കാനുതകുന്ന ചില ഒഴികഴിവുകൾ ജനങ്ങൾ കണ്ടെത്തും. പ്രഭാഷണങ്ങളുടെ ഉള്ളടക്കം അനുഭവവേദ്യമാകുന്നത് ശിക്ഷയെക്കുറിച്ചുള്ള ഭയം ഒന്നുകൊണ്ട് മാത്രമാണ്. അത്തരം ഭയപ്പാടുകൾ ശരിയായ ചൈതന്യം പരിപോഷിപ്പിക്കും. തെറ്റായ പെരുമാറ്റരീതിക്ക് നല്ല അവസരങ്ങളുണ്ടെങ്കിലും അത് ഉപയോഗിക്കരുത്. കാരണം പ്രയോഗിക്കുകയാണെങ്കിൽ അതിന് കനത്തവില നല്കേണ്ടിവരും. നിയമം എപ്പോഴും നിയമം തന്നെയാണ്. അതിനെ പൊറുക്കുകയല്ലാതെ വേറെ മാർഗങ്ങളില്ല.

ശിക്ഷയുടെ ഭീതിയിൽ ജീവിക്കുക എന്നത് ഒരു ദുരനുഭവമല്ല, തീർച്ചയായും നല്ലൊരു അനുഭവമാണത്. കാരണം, അത് നമ്മെ ഒരു ഉത്തരവാദിത്തമുള്ള വ്യക്തിയാക്കിമാറ്റും. ആത്മനിയന്ത്രണത്തിന്റെ ചേതന വളർത്തും. നമ്മെ സത്യസന്ധനായ ഒരു വ്യക്തിയാക്കും. നമ്മുടെ വ്യക്തിത്വത്തിൽ സ്വാഗതാർഹമായ ലക്ഷണങ്ങൾ കണ്ടുതുടങ്ങും. എല്ലാതരം വ്യതിയാനങ്ങളിൽ നിന്നും അത് നമ്മെ രക്ഷിക്കും.

ചുമതലാ ബോധം ബന്ധങ്ങളെ മികച്ച രീതിയിൽ ഊട്ടിയുറപ്പിക്കും. നമ്മുടെ ഊർജ്ജം, സമയം, മറ്റ് വിഭവങ്ങൾ എന്നിവയുടെ മികച്ച ഉപയോഗത്തിനായി അത് നമ്മെ നിർബ്ബന്ധിക്കുകയും ചെയ്യും.

## 44

# സ്ത്രീയുടെ പദവി

വിശുദ്ധ ഖുർആനിലും ബൈബിളിലുമുള്ള വിവരങ്ങളനുസരിച്ച്, ഒരു ഇസ്രായീലീ കുടുംബത്തിലാണ് മോസസ് ജനിച്ചത്. ജനിക്കുന്ന ഇസ്രയേൽ കുഞ്ഞുങ്ങളെ വധിക്കണമെന്ന് മിസ്റിലെ ഫറോവ ഉത്തരവിട്ടു. സർവ്വശക്തനായ ദൈവം ഇടപെട്ടതിനാൽ മോസസ് മാത്രം അതിൽ നിന്ന് രക്ഷപ്പെട്ടു. ഖുർആനിലെ, *ഖസസ്* എന്ന അധ്യായത്തിൽ ആ സംഭവത്തിന്റെ അല്പഭാഗമുണ്ട്:

*മൂസായുടെ മാതാവിന് നാം ബോധനം നല്കി: അവന് നീ മുലകൊടുത്തുകൊള്ളുക. ഇനി അവന്റെ കാര്യത്തിൽ നിനക്ക് ഭയം തോന്നുകയാണെങ്കിൽ അവനെ നീ നദിയിൽ ഇട്ടേക്കുക. നീ ഭയപ്പെടുകയും ദുഃഖിക്കുകയും വേണ്ട. തീർച്ചയായും അവനെ നാം നിന്റെ അടുത്തേക്ക് തിരിച്ച് കൊണ്ടുവരുന്നതും, അവനെ ദൈവ ദൂതന്മാരിൽ ഒരാളാക്കുന്നതുമാണ്. എന്നിട്ട് ഫിർഔന്റെ ആളുകൾ അവനെ (നദിയിൽ നിന്ന്) കണ്ടെടുത്തു. അവൻ അവരുടെ ശത്രുവും ദുഃഖ ഹേതുവും ആയിരിക്കാൻ വേണ്ടി. തീർച്ചയായും ഫിർഔനും ഹാമാനും അവരുടെ സൈന്യങ്ങളും അബദ്ധം പറ്റിയവരായിരുന്നു.*

*ഫിർഔന്റെ ഭാര്യ പറഞ്ഞു: എനിക്കും അങ്ങേക്കും കണ്ണിന് കുളിർമ്മയത്രെ (ഈ കുട്ടി). അതിനാൽ ഇവനെ നിങ്ങൾ കൊല്ലരുത്. ഇവൻ നമുക്ക് ഉപകരിച്ചേക്കാം. അല്ലെങ്കിൽ ഇവനെ നമുക്ക് ഒരു മകനായി സ്വീകരിക്കാം. അവർ യാഥാർത്ഥ്യം ഗ്രഹിച്ചിരുന്നില്ല.*

*മൂസായുടെ മാതാവിന്റെ മനസ്സ് (അന്യ ചിന്തകളിൽ നിന്ന്) ഒഴിവായതായിത്തീർന്നു. അവളുടെ മനസ്സിനെ നാം ഉറപ്പിച്ചുനിർത്തിയില്ലായിരുന്നുവെങ്കിൽ അവന്റെ കാര്യം അവൾ വെളിപ്പെടുത്തിയേക്കുമായിരുന്നു. അവൾ സത്യവിശ്വാസികളുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ (നാം അങ്ങനെ ചെയ്തത്). അവൾ അവന്റെ (മൂസായുടെ) സഹോദരിയോട് പറഞ്ഞു: നീ അവന്റെ പിന്നാലെ പോയി അന്വേഷിച്ചുനോക്കൂ. അങ്ങനെ ദൂരെ നിന്ന് അവൾ അവനെ നിരീക്ഷിച്ചു. അവർ അതറിഞ്ഞിരുന്നില്ല. അതിനുമുൻപ് മുലയൂട്ടുന്ന സ്ത്രീകൾ അവന് മുല കൊടുക്കുന്നതിന് നാം തടസ്സമുണ്ടാക്കിയിരുന്നു. അപ്പോൾ അവൾ (സഹോദരി)*

*പറഞ്ഞു: നിങ്ങൾക്ക് വേണ്ടി ഇവനെ സംരക്ഷിക്കുന്ന ഒരു വീട്ടുകാരെ പ്പറ്റി ഞാൻ നിങ്ങൾക്ക് അറിവ് തരട്ടെയോ? അവർ ഇവന്റെ ഗുണകാം ക്ഷികളായിരിക്കുകയും ചെയ്യും.*

*അങ്ങനെ അവന്റെ മാതാവിന്റെ കണ്ണ് കുളിർക്കുവാനും അവൾ ദുഃ ഖിക്കാതിരിക്കാനും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്ന് അവൾ മനസ്സിലാക്കുവാനും വേണ്ടി അവനെ നാം അവൾക്ക് തിരിച്ചേല്പിച്ചു. പക്ഷേ, അവരിൽ അധികപേരും (കാര്യം) മനസ്സിലാക്കുന്നില്ല.* (28: 7-13)

ചില കാര്യങ്ങളിൽ സ്ത്രീക്കും പ്രധാന പങ്കുവഹിക്കാനാകുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് മോസസിന്റെ കഥ. മോസസിന്റെ സഹോദരി 15 വയസ്സുമാത്രം പ്രായമുള്ള മറിയത്തിന് മറ്റൊരാൾക്കും എത്തിപ്പെടാ നാവാത്ത, ഫറോവയുടെ കൊട്ടാരത്തിൽ കടക്കാൻ കഴിഞ്ഞു. അത് ഒരുപക്ഷേ, സാധ്യമായത് മറിയത്തിന്റെ ചെറുപ്പവും സഹജമായ മിടുക്കും കൊണ്ടായിരിക്കാം. എന്നിരുന്നാലും അത് വ്യക്തമാക്കുന്നത്, ഒരു സ്ത്രീക്ക് പുരുഷനേക്കാൾ സൂക്ഷ്മമായി കാര്യങ്ങൾ നിർവ്വഹിക്കാ നാവുമെന്നാണ്. ആ യാഥാർത്ഥ്യത്തിനുള്ള ഉദാഹരണമാണ് മേൽ ഉദ്ധ രിച്ച സംഭവം.

ഖുർആൻ അനുസരിച്ച്, സ്ത്രീപുരുഷന്മാർ ജന്മനാ വ്യത്യസ്തരാണ്. ആദരവിന് യോഗ്യരായവർ എന്ന അർത്ഥത്തിൽ സ്ത്രീപുരുഷന്മാർ തുല്യ രാണെന്നതിന് ഖുർആൻ അവലംബമാണ്. എന്നാൽ നിർവ്വഹിക്കുന്ന കടമകളിൽ അവർ വ്യത്യസ്തരുമാണ്.

പുരുഷന്മാർക്ക് ചില പ്രവർത്തികൾ സ്ത്രീകളെക്കാൾ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹിക്കാൻ കഴിയും. അതുപോലെ സ്ത്രീകൾക്ക് തങ്ങളുടെ കർത്തവ്യങ്ങൾ പുരുഷന്മാരേക്കാളും മെച്ചത്തിൽ നിർവ്വഹിക്കാനും കഴിയും. ദൈവത്തിന്റെ സൃഷ്ടിപദ്ധതിയനുസരിച്ചാണ് അത് സാധ്യമാ വുന്നത്. മനുഷ്യൻ എന്ന നിലയിൽ സ്ത്രീപുരുഷന്മാരുടെ സമത്വത്തെ ഖുർആൻ വിശദീകരിക്കുന്നുണ്ട്. എന്നാൽ, സമസ്തമേഖലകളിലും ഈ നിയമം പ്രായോഗികമല്ല. ഉദ്ധരിച്ച കഥ അതിനെ സാധൂകരിക്കുന്നു.

മനുഷ്യജീവിതത്തിന് വ്യത്യസ്ത കാഴ്ചപ്പാടുകളുണ്ട്. ജീവിതത്തി ന്റെ ഓരോ മേഖലയിലും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾക്ക് വ്യ ത്യസ്ത കഴിവുകൾ ആവശ്യമാണ്. അതുകൊണ്ടാണ് സർവ്വശക്തനായ ദൈവം സ്ത്രീ പുരുഷന്മാർക്ക് വ്യത്യസ്തങ്ങളായ കഴിവുകൾ നല്കിയത്. ആ വ്യത്യാസം കൃത്യമായും പ്രത്യേക ആവശ്യങ്ങളുമായി ബന്ധപ്പെട്ടി രിക്കുന്നു. സൃഷ്ടിയുടെ ആ യാഥാർത്ഥ്യത്തെ അംഗീകരിച്ചു മാത്രമെ ഒരു നല്ല ജീവിതം പടുത്തുയർത്താൻ കഴിയുകയുള്ളു.

89

# സംസാരത്തിലെ നിയന്ത്രണം

വിശുദ്ധ ഖുർആന്റെ പ്രധാന അധ്യാപനങ്ങളിൽ ഒന്ന് സംഭാഷണ നിയന്ത്രണമാണ്. വാക്കുകളുടെ ബോധപൂർവ്വമായ ഉപയോഗവും നാക്കിന്റെ നിയന്ത്രണവുമാണത്. ഖുർആനിലെ, *നിസാഅ്* എന്ന അധ്യായത്തിൽ അക്കാര്യം ഊന്നിപ്പറയുന്നുണ്ട്:

*അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയു മില്ല. വല്ല ദാനധർമ്മവും ചെയ്യാനോ, സദാചാരം കൈക്കൊള്ളാനോ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കല്പിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. വല്ലവനും അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊ ണ്ട് അപ്രകാരം ചെയ്യുന്നപക്ഷം അവന് നാം മഹത്തായ പ്രതിഫലം നല്കുന്നതാണ്.* (4:114)

ഇത് രഹസ്യ സംഭാഷണത്തിന് മാത്രം ബാധകമായ കാര്യമല്ല. എല്ലാതരം വർത്തമാനങ്ങളും സംഭാഷണങ്ങളും അതിന്റെ പരിധിയിൽ വരുന്നു. സംസാര ശേഷി എന്നത് മനുഷ്യന് സിദ്ധിച്ച ഒരപൂർവ്വ സൗഭാ ഗ്യമാണ്. എന്നാൽ, വളരെ ഉത്തരവാദിത്തമുള്ള ഒരനുഗ്രഹമാണത്. സംസാര ശക്തിയുടെ കാര്യത്തിൽ പ്രത്യേകിച്ചും. ഒരാൾ വളരെ ശ്ര ദ്ധയോടെ വേണം ആ കഴിവ് പ്രയോഗിക്കാൻ.

പ്രഭാഷണം മൂല്യവത്താവണമെങ്കിൽ മനുഷ്യർക്ക് പ്രയോജനകരമാ വണം. അത്തരം പ്രഭാഷണങ്ങൾ പ്രതിഫലാർഹമായിരിക്കും. പ്രഭാഷ ണത്തിന്റെ ദുരുപയോഗം ശിക്ഷാർഹമാവുകയും ചെയ്യും. സംഭാഷണ നിർവ്വഹണ രീതി എന്നതിനർത്ഥം നമ്മുടെ നാക്കിന്റെ നിയന്ത്രണമെ ന്നാണ്. സംസാരിക്കുന്നതിനുമുമ്പുതന്നെ പറയാൻ പോകുന്നതിനെക്കു റിച്ച് ആലോചിക്കുകയും, അതുളവാക്കാൻ സാധ്യതയുള്ള ഫലത്തെ ക്കുറിച്ച് മുൻധാരണ വെച്ചുപുലർത്തുകയും വേണം.

ചീത്ത സംസാരം തീർച്ചയായും ഒഴിവാക്കേണ്ടതാണ്. നുണ പറയൽ, വസ്തുതകൾ തെറ്റായി അവതരിപ്പിക്കൽ, രണ്ടാൾക്കിടയിൽ അഥവാ രണ്ട് വിഭാഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാകാൻ സാധ്യ തയുള്ള പ്രസ്താവനകൾ നടത്തുക തുടങ്ങിയവ വർജ്ജിക്കേണ്ടതാണ്. ആരോപണവും തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പ്രസ്താവന

യും തമ്മിലുള്ള വ്യത്യാസം ആളുകൾക്ക് ബോധ്യപ്പെടുന്നില്ലെങ്കിൽ സംസാരം ദുരുപയോഗം ചെയ്യപ്പെടും.

ഒരാളെക്കുറിച്ച് നമ്മൾ പറയാനുദ്ദേശിക്കുന്നതിൽ മതിയായ തെളിവുകളുണ്ടോ എന്ന് പരിശോധിക്കണം. സംസാരിക്കുന്നതിൽ കഴമ്പുണ്ടെങ്കിൽ മാത്രം നമുക്ക് വാ തുറക്കാം. അല്ലാത്തപക്ഷം മൗനമായിരിക്കും ഭൂഷണം.

എന്താണ് ശരിയായ ഭാഷണം? സത്യാധിഷ്ഠിതമായ ഭാഷണമാണ് ശരിയായ ഭാഷണം. അതിന് നിഷ്പക്ഷ വിശകലനം ആവശ്യമാണ്. നന്മയിൽ അധിഷ്ഠിതമായ, സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ അനാവശ്യ വിവാദങ്ങൾക്ക് ഒരിക്കലും കാരണമാകില്ല.

എല്ലാ മാനുഷിക പ്രവർത്തനങ്ങളും ഏതെങ്കിലും വിധത്തിൽ സംഭാഷണവുമായി ബന്ധപ്പെട്ടിരിക്കും. അതിനാൽ ഏതൊരു സ്ത്രീപുരുഷനും നല്ല രീതിയിൽ സംസാരിക്കാനുള്ള പരിശീലനം നേടണം. കുടുംബം, സമൂഹം, രാജ്യം എന്നീ മേഖലകളിൽ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കാനുതകുന്ന സംസാര ശീലം വളർത്തിയെടുക്കണം. നല്ല സംഭാഷണം രാഷ്ട്രനിർമ്മിതിയുടെ ഭാഗമാണ്.

സാധാരണയായി ആളുകൾ അച്ചടക്കരഹിതമായ ജീവിതം നയിക്കുന്നവരാണ്. അവരുടെ പ്രവർത്തനങ്ങളിൽ ഒരു തടസ്സവും ഉണ്ടാക്കാൻ അവർ ഇഷ്ടപ്പെടുകയില്ല. സംസാരത്തെ സംബന്ധിച്ചും അത് ബാധകമാണ്. ശരിയായ സംസാരമെന്നാൽ അച്ചടക്കമുള്ള സംസാരമാണ്. അതായത് നിയന്ത്രിത രീതിയിലുള്ള സംസാരം എന്നർത്ഥം. സംസാരത്തിനുമുൻപ് ഓരോ വാക്കും അളന്നുതൂക്കണം. പൊള്ളയായ സംസാരം കൊണ്ട് കാര്യമില്ല. പര്യാലോചനക്ക് വിധേയമാക്കിയുള്ള സംസാരം നന്മയുടെ ഉറവിടമായിരിക്കും.

ഏതൊരു പുരുഷന്റെയും സ്ത്രീയുടെയും മർമ്മപ്രധാനമായ കഴിവാണ് സംഭാഷണത്തിന്റെ ശരിയായ പ്രയോഗം. ആ പ്രയോഗം സ്വായത്തമാക്കാത്ത പുരുഷൻ ഒരു അർദ്ധപുരുഷനും സ്ത്രീ അർദ്ധസ്ത്രീയുമായിരിക്കും. സംസാര കലയിൽ നൈപുണ്യം നേടിയ സ്ത്രീപുരുഷന്മാരെ മാത്രമെ പൂർണ്ണ മനുഷ്യരായി കണക്കാക്കാൻ കഴിയൂ.

## 90

# ആഗ്രഹങ്ങളുടെ അടിമയാകരുത്

ആഗ്രഹങ്ങൾ മനുഷ്യപ്രകൃതിയുടെ അവിഭാജ്യ ഘടകമാണ്. ആഗ്രഹങ്ങൾ നിറവേറ്റുന്നതിൽ എല്ലാ സ്ത്രീപുരുഷന്മാർക്കും തങ്ങളുടെതായ താത്പര്യങ്ങളുണ്ട്. തങ്ങളുടെ ഏറ്റവും വലിയ ദൗർബ്ബല്യവും അതുതന്നെയാണ്. അതിന്റെ ആഴം എത്രത്തോളമെന്ന് ചൂണ്ടിക്കാണിക്കുന്ന, *ജാസിയ* എന്ന അധ്യായത്തിലെ ഒരു വചനം:

*എന്നാൽ തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ പിഴവിലാക്കുകയും, അവന്റെ കാതിനും ഹൃദയത്തിനും മുദ്രവെക്കുകയും, അവന്റെ കണ്ണിന് മേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴിയിലാക്കുവാനുള്ളത്? എന്നിരിക്കെ നിങ്ങൾ ആലോചിച്ചുമനസ്സിലാക്കുന്നില്ലേ?* (45:23)

ഒരാളുടെ വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകമാണ് ആഗ്രഹം. അത് എഞ്ചിൻ ഗ്രീസുപോലെയാണ്, എഞ്ചിൻ ഡ്രൈവർ പോലെയല്ല. ആഗ്രഹത്തെ ഒരു പ്രേരക ശക്തിയായി ഉപയോഗിക്കാൻ കഴിയും. ബുദ്ധിഹീനമായി എന്തും നേടിയെടുക്കാമെന്ന ആഗ്രഹം ദുരന്തത്തിലേക്ക് നയിക്കുകയും ചെയ്യും. വിജയമാണ് നമ്മൾ ആഗ്രഹിക്കുന്നതെങ്കിൽ ജീവിതത്തെ യുക്തിസഹമായി വിനിയോഗിക്കാൻ ശ്രമിക്കണം. മോഹങ്ങൾക്ക് നമ്മൾ ഒരിക്കലും കീഴടങ്ങരുത്. 'ആഗ്രഹം' അജ്ഞതയാണെങ്കിൽ, 'കാരണം' വസ്തുതകളുടെ യഥാർഥ സ്വഭാവം മനസ്സിലാക്കാനുള്ള കഴിവാണെന്ന കാര്യം ഓർക്കുക.

മനുഷ്യൻ ആഗ്രഹങ്ങളുടെ അടിമയാണെന്ന് പറയാറുണ്ടെങ്കിലും അതിൽ പകുതിയേ സത്യമുള്ളു. മനുഷ്യമനസ്സ് നിറയെ ആഗ്രഹങ്ങളാണെന്നതാണ് സത്യം. എന്നാൽ, യുക്തി സഹമായി ചിന്തിക്കാനുള്ള കഴിവ് മനുഷ്യമനസ്സിന് ഉണ്ടെന്നതും സത്യമാണ്.

ആഗ്രഹങ്ങൾ നമ്മുടെ മനസ്സിനെ പൂർണ്ണമായി കീഴടക്കുമ്പോൾ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ അതിനെ പരിശോധിക്കണം. സാധ്യതകളുടെ അടിസ്ഥാനത്തിൽ അതിനെ വിലയിരുത്തുകയും, പ്രായോഗികമാണോ എന്ന് വസ്തുനിഷ്ഠമായി ചിന്തിക്കുകയും വേണം. നല്ലതും

ചീത്തയുമായ സർവ്വ സാധ്യതകളുമുപയോഗിച്ച് അതിനെ വിലയിരുത്തുക. പൂർണ്ണമായ വിശകലനത്തിന് ശേഷം ഫലം പ്രയോജനകരമാകുമെന്ന് ഉറപ്പുണ്ടെങ്കിൽ മുന്നോട്ടുപോവുക, ആ ആഗ്രഹം നിറവേറ്റുകയും ചെയ്യുക. അതിന് നല്ല ശ്രദ്ധയും ആസൂത്രണവും വേണമെന്നമാത്രം.

നമ്മൾ ആഗ്രഹങ്ങളുടെ പിന്നാലെ ഓടരുത്. ആഗ്രഹങ്ങളെ നമ്മൾ പിന്തുടരുകയാണെങ്കിൽ അതിനെ പുനഃപരിശോധനയ്ക്ക് വിധേയമാക്കുക. ഫലം കരഗതമാകുമെന്ന് ഉറപ്പുണ്ടെങ്കിൽ ഒട്ടും അമാന്തിക്കാതെ അതുമായി മുന്നോട്ട് പോവുകയും വീണ്ടുമൊരു വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യുക. മാർഗം പിഴച്ചുപോയിട്ടുണ്ടെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അതിൽ നിന്ന് തിരിച്ചുപോകേണ്ടത് അനിവാര്യമാണ്. തിരിച്ചുവരാനാവാത്ത സാഹചര്യം ഉണ്ടാകുന്നതിനു മുൻപ് യാത്ര അവസാനിപ്പിക്കുക.

ആഗ്രഹങ്ങൾ വിവിധങ്ങളാണ്. അനുചിതങ്ങളായ ആഗ്രഹങ്ങളിൽ നിന്ന് മാറിനിൽക്കേണ്ടതാണ്. ഉചിതമാണെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം സ്വീകരിക്കുക. ഓരോ ആഗ്രഹത്തിനും അതിരുകളുണ്ട്. അവ അതിനുള്ളിൽത്തന്നെ നിലകൊള്ളണം. നല്ല ആഗ്രഹങ്ങൾ ആണെങ്കിൽപ്പോലും പരിമിതമായേ അവയെ പ്രയോജനപ്പെടുത്താവൂ.

ഉചിതമായ ആഗ്രഹങ്ങൾ നമ്മുടെ സ്വഭാവത്തെ പരിപോഷിപ്പിക്കും. എന്നാൽ മോശം ആഗ്രഹങ്ങൾ നമ്മുടെ വ്യക്തിത്വത്തെ ഹാനികരമായി ബാധിക്കുകയും ചെയ്യും. തെറ്റായ ആഗ്രഹങ്ങളെ നമ്മൾ പിന്തുടരുകയാണെങ്കിൽ അവ നമ്മുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുകയും ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്തവിധം നശിപ്പിക്കുയുകയും ചെയ്യും. അതിനാൽ നമ്മൾ ആഗ്രഹാടിസ്ഥാനത്തിലുള്ള ജീവിതത്തെ അനുഗമിക്കാതെ കാരണാടിസ്ഥാനത്തിലുള്ള ജീവിതത്തെ പിന്തുടരുക.

അടിസ്ഥാനം ഒരിക്കലും ആഗ്രഹപൂർത്തീകരണം എന്നതാവരുത്. ഫലം മാത്രമാണ് നല്ലതോ ചീത്തയോ എന്ന് നിർണ്ണയിക്കാനുള്ള ഏക മാനദണ്ഡം. ആഗ്രഹങ്ങളെ നശിപ്പിക്കാനാവില്ലെങ്കിലും അവയെ നിയന്ത്രിക്കാൻ സാധിക്കും. നമ്മൾ ആഗ്രഹങ്ങളുടെ ഇരയാകരുത്. നമ്മുടെ ആഗ്രഹങ്ങളെ സ്വയം നിയന്ത്രിക്കാൻ നമുക്കു കഴിയണം.

## 91

# ഇരട്ടത്താപ്പ് പാടില്ല

ഖുർആൻ അനുസരിച്ച്, ഒരേസമയം രണ്ട് നയങ്ങൾ സ്വീകരിക്കൽ നല്ല ലക്ഷണമല്ല. *സ്വഫ്* എന്ന അധ്യായത്തിലെ രണ്ട് സൂക്തങ്ങൾ അതിലേക്ക് വെളിച്ചം വീശുന്നു:

*സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.* (61: 2,3)

ലോകം വെറുത്ത ഒരു നയമാണ് ഇരട്ടത്താപ്പ്. അത് ഒരുതരം കാപട്യമാണ്. ഇസ്‌ലാമിനും പ്രകൃതിക്കും എതിരാണത്. താൻ ഒരു സാത്വികനാണെന്നായിരിക്കും ഇരട്ടത്താപ്പുകാരന്റെ വിചാരം. എന്നാൽ, മറ്റുള്ളവരുടെ ദൃഷ്ടിയിൽ അയാൾ ഒരു ദുഷിച്ച മനുഷ്യൻ മാത്രമാണ്. അതാണ് വാസ്തവം. ഇരട്ടത്താപ്പ് സത്യത്തിൽ സത്യനിഷേധത്തിന്റെ മറ്റൊരു പതിപ്പാണ്. എന്നാൽ, സത്യസന്ധത വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. സത്യസന്ധത നഷ്ടപ്പെടുന്നതോടെ ഒരാളുടെ വിശ്വാസ്യത നഷ്ടമാകുന്നു.

ഇരട്ടത്താപ്പ് ഒരാളുടെ വ്യക്തിവികാസത്തെ മുരടിപ്പിക്കുന്നു. ഇരട്ടത്താപ്പ്നയം പ്രകടിപ്പിക്കുന്ന വ്യക്തി കരുത്തനല്ല. അവൻ ദുർബലനും ദുർബലനായിക്കൊണ്ടുതന്നെ ലോകത്തോട് വിടപറയുന്നവനുമായിരിക്കും. അത്തരക്കാർക്ക് ആത്മാർത്ഥത അശേഷം കാണില്ല. അവർ ഒരു കാര്യം പറയുകയും വേറൊരു കാര്യം പ്രവർത്തിക്കുകയും ചെയ്യും. നിസ്സാര കാര്യങ്ങളായിരിക്കും അവരുടെ സ്വഭാവത്തെ നിയന്ത്രിക്കുക. മൗലിക തത്ത്വങ്ങളിൽ നിന്ന് അവർ അകന്നുനിൽക്കും. മറിച്ച്, നശ്വരമായ കാര്യലാഭത്തിനുവേണ്ടി പാടുപെടും. അവരുടെ സ്വഭാവം തത്ത്വാധിഷ്ഠിതമാകില്ലെന്നുമാത്രമല്ല, സ്വാർത്ഥാധിഷ്ഠിതമായിരിക്കുകയും ചെയ്യും.

ഇരട്ടത്താപ്പുനയം ഒരാളുടെ വ്യക്തിത്വ വികാസത്തെ മുരടിപ്പിക്കും. സ്വഭാവത്തിൽ ഇരട്ടത്താപ്പുനയം പ്രകടിപ്പിക്കുന്ന വ്യക്തി കരുത്തനായിരിക്കില്ല. അത്തരക്കാരുടെ സ്വഭാവത്തെക്കുറിച്ച് പ്രവചിക്കാനാവില്ല. അവർ എപ്പോഴും വാചാലരായിരിക്കും. ഊർജ്ജസ്വലതയോടെ പ്രവർ

ത്തിച്ചുതുടങ്ങുമെങ്കിലും നിശ്ചയിച്ച കാര്യം ഒരിക്കലും പൂർത്തീകരിക്കാറില്ല. അക്കാരണത്താൽത്തന്നെ സമൂഹത്തിൽ അവരുടെ വിശ്വാസ്യത നഷ്ടപ്പെടുകയും ചെയ്യും.

ഇരട്ടത്താപ്പെന്നാൽ ഒരു കാര്യം പറയലും അതേ സമയം വേറൊരു കാര്യം പ്രവർത്തിക്കലുമാണ്. പ്രകൃതിവിരുദ്ധമായ സ്വഭാവമാണത്. മൃഗങ്ങൾ പോലും അത്തരം വൈകൃതങ്ങൾ പ്രകടിപ്പിക്കാറില്ല. മനുഷ്യത്വരഹിതവും സംസ്കാരശൂന്യവുമാണ് ആ വൈകൃതം.

ദൈവം നമുക്ക് നാക്ക് നൽകിയത് ഇരട്ട സംസാരത്തിന് വേണ്ടിയല്ല. ഇരട്ട ചിന്ത പ്രോത്സാഹിപ്പിക്കാനുമല്ല. അത്തരമൊരു ജീവിതം നയിക്കാനുമല്ല. ഇരട്ട സംസാരത്തിലേക്കും ഇരട്ട ചിന്തയിലേക്കും ഇറങ്ങിപ്പുറപ്പെടുന്ന ഒരാൾക്ക് സത്യലോകം ഭാരമാകും. നമ്മുടെ ലോകം സത്യലോകമാണ്. സത്യത്തിന് നിരക്കാത്തതൊന്നുംതന്നെ സ്വീകരിക്കാൻ സത്യലോകം തയ്യാറാവില്ല.

ഒരു സൽസ്വഭാവിക്ക് ഇരട്ടത്താപ്പുസ്വഭാവക്കാരനായി തരംതാഴാനാവില്ല. സൽസ്വഭാവി എപ്പോഴും തത്ത്വാധിഷ്ഠിതനും സത്യസന്ധനുമായിരിക്കും. ചുരുക്കത്തിൽ, സൽസ്വഭാവി വിശ്വാസയോഗ്യനായിരിക്കും.

ഇരട്ടത്താപ്പുകാർക്ക് ജീവിതവിജയം കൈവരിക്കാനാവില്ല. സൽസ്വഭാവികളും സ്വഭാവ ദാർഢ്യമുള്ളവരും മാത്രമെ ജീവിതവിജയം കൈവരിച്ച് ചരിത്രത്തിൽ ഇടം നേടിയിട്ടുള്ളൂ. യോഗ്യതയ്ക്കാവശ്യമായ എല്ലാ ഗുണങ്ങളും കളഞ്ഞുകുളിച്ചവരാണ് ഇരട്ടത്താപ്പുകാർ. അവർ ജനങ്ങളുടെ ദിശാ ബോധം നശിപ്പിക്കും. ദിശാബോധമില്ലാത്തവർക്ക് സൽപ്രവർത്തികളിലേർപ്പെടാനാവില്ല.

ബുദ്ധിസാമർത്ഥ്യം വേണ്ടുവോളം ഉണ്ടെന്നാണ് ഇവരുടെ വിശ്വാസം. എന്നാൽ അങ്ങനെയല്ല, യഥാർത്ഥ സമർത്ഥൻ മറ്റുള്ളവരെ യുക്തമായി വിശ്വസിപ്പിക്കാൻ കഴിവുറ്റവനായിരിക്കും. സമൂഹത്തിൽ ദയാദാക്ഷിണ്യമോ സൗമനസ്യമോ ഊട്ടിയുറപ്പിക്കാൻ ഇരട്ടത്താപ്പുകാർക്കാവില്ല. അവർ മനോഹരങ്ങളായ പൂക്കളാണെന്ന് സ്വയം വിശേഷിപ്പിക്കും. വാസ്തവത്തിൽ അവർ യഥാർത്ഥ പൂക്കളല്ല. പ്ലാസ്റ്റിക്ക് പൂക്കൾ മാത്രമാണ്.

## 92

# സഞ്ചരിക്കുക

വലിയ അനുഭവങ്ങളിലൂടെയും ഗഹനമായ മനനങ്ങളിലൂടെയും തീക്ഷ്ണമായ നിരീക്ഷണങ്ങളിലൂടെയുമുള്ള ജ്ഞാന സംമ്പാദന ത്തിന് ഖുർആൻ വളരെ പ്രാധാന്യം നല്കുന്നുണ്ട്. *ഹജ്ജ്* എന്ന അധ്യാ യത്തിൽ ഖുർആൻ അക്കാര്യം വിശദീകരിക്കുന്നുണ്ട്:

*ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സി ലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്.* (22:46)

ഖുർആനിക ചട്ടങ്ങളിലൂന്നിയ യാത്ര വ്യത്യസ്താനുഭവങ്ങളുടെ വലിയ സ്രോതസ്സാണ്. എന്നാൽ വിനോദയാത്രയോട് ഖുർആൻ വലിയ താത്പര്യം പ്രകടിപ്പിക്കുന്നില്ലെന്നു മാത്രമല്ല, അറിവും അനുഭവവും സ്വാ യത്തമാക്കാനുള്ള യാത്ര പരമാവധി ഉപയോഗപ്പെടുത്താൻ നിർദ്ദേശി ക്കുകയും ചെയ്യുന്നു. തീർച്ചയായും യാത്ര ചരിത്രജ്ഞാനവും പ്രകൃതി പഠനവും സുഗമമാക്കുന്നു. ഖുർആനിക ജീവിതസരണി പിന്തുടർന്നു കൊണ്ടുള്ള യാത്ര അത്യന്തം അഭിനന്ദനം അർഹിക്കുന്നു. ആ ഉദ്ദേ ശ്യത്തിന് മാത്രമായി യാത്ര ചെയ്തുകൊള്ളണമെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. ലളിതമായി പറഞ്ഞാൽ, യാത്രയിലെ ആത്മീയവും ബുദ്ധിപരവുമായ ആനുകൂല്യങ്ങൾ കൈമോശം വരാതെ നോക്കണം. മനുഷ്യൻ എപ്പോഴും വ്യത്യസ്ത ഉദ്ദേശ്യങ്ങൾക്കായി സഞ്ചരിച്ചുകൊണ്ടേ യിരിക്കും. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കുള്ള യാത്ര ജീവിതത്തിന്റെ ഒരു ഭാഗമാണ്. യാത്ര നിർബ്ബന്ധമാവുകയാണെങ്കിൽ അത്തരത്തിലു ള്ള മനസ്സോടെയാവാൻ ശ്രമിക്കണം. നമ്മുടെ യാത്ര വ്യാപാരത്തിനോ മറ്റേതിനോ ആവട്ടെ, അനുഭവത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ കാണാൻ കഴിയുന്നതും നിരീക്ഷണത്തിലൂടെ പാഠങ്ങൾ ഉൾക്കൊ ള്ളാൻ ഉതകുന്ന യാത്രയായി അതിനെ വികസിപ്പിക്കണം.

*തവസ്സും* എന്ന വാക്കിന്, ഭൗതികാനുഭവങ്ങളിലെ ആത്മീയ പാഠങ്ങൾ ഉൾക്കൊള്ളാൻ സഹായിക്കുക എന്നാണർത്ഥം. ഖുർആനിക യാത്രയെ

അടിസ്ഥാനമാക്കിയുള്ളതാണ് *തവസ്സും* സങ്കല്പം. ഉദാഹരണത്തിന്, നമ്മൾ ഒരു എയർലൈൻ ഓഫീസിൽ നിന്ന് ഒരു വിമാന ടിക്കറ്റ് വാങ്ങുകയാണെങ്കിൽ അതിൽ നമ്മുടെ യാത്രാ പരിപാടി എവിടെ നിന്ന് എവിടേക്കെന്ന് രേഖപ്പെടുത്തിയിരിക്കും. ആ ടിക്കറ്റ് കാണുമ്പോൾ ഒരു ദിവസം വേറൊരു ടിക്കറ്റ് നമുക്ക് നല്കപ്പെടുമെന്നും അത് വേറൊരു ലക്ഷ്യത്തിലേക്കുള്ളതാണെന്നും നമ്മെ ഓർമ്മപ്പെടുത്തും. യാത്രാ വേളയിൽ നല്ലതും ചീത്തയും മനോഹരങ്ങളും അസുഖകരങ്ങളുമായ നിരവധി അനുഭവങ്ങൾ ഉണ്ടായേക്കാം. എന്നാൽ ആ അനുഭവങ്ങൾക്കെല്ലാം ഒരു പൊതുസ്വഭാവമാണുണ്ടാവുക. നമുക്ക് നല്കാനുള്ള ആത്മീയ പാഠങ്ങളാണവ. അതിനാൽ നമ്മുടെ മുഴുവൻ അനുഭവങ്ങളിൽ നിന്നുമുള്ള മോശവും അല്ലാത്തതുമായ ആത്മീയ പാഠങ്ങൾ ഉൾക്കൊള്ളുക. ആ ഒരു ശീലം നമ്മൾ വളർത്തിയെടുക്കുകയാണെങ്കിൽ ആ യാത്ര തീർച്ചയായും ഒരു ആത്മീയ യാത്രയായിമാറും.

യാത്ര കാർ, ബസ്, റെയിൽ, റോഡ്, വിമാനം, കപ്പൽ തുടങ്ങി വ്യത്യസ്ത രീതികളിലായിരിക്കാം. എന്നാൽ ആത്മീയാനുഭവം ലഭിക്കാത്ത ഒരു യാത്രയും ഇല്ല. കാൽനട യാത്രയിലാണെങ്കിൽ പോലും താനൊരു ആത്മീയ നിരീക്ഷകനാണെന്ന് എപ്പോഴും മനസ്സിലുണ്ടാവണം. അങ്ങനെ വിമാന യാത്രയിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ പാഠങ്ങൾ ആ യാത്രയിൽ നിന്ന് നമുക്ക് ഫലപ്രദമായി പഠിക്കാനാവും.

അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ ഭാഷ ഒരിക്കലും ഒരു തടസ്സമല്ല. നമ്മൾ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഭാഷ നമ്മുടെ മാതൃഭാഷയിൽ നിന്ന് വ്യത്യസ്തമായിരിക്കാം. എങ്കിൽത്തന്നെയും നമുക്ക് മൂല്യവത്തായ പാഠങ്ങൾ പഠിച്ചുകൊണ്ടിരിക്കാൻ കഴിയും. പ്രകൃതി ദൃശ്യങ്ങൾക്കും ചരിത്ര സ്മാരകങ്ങൾക്കും പ്രത്യേക ഭാഷയില്ല. സാമാന്യ ബോധത്തിന്റെ ഭാഷയിൽ അവ സംസാരിക്കുന്നു. അതിനാൽ ഏത് സാഹചര്യത്തിലും അവയുമായി സമ്പർക്കം പുലർത്താനും അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനും നമുക്ക് കഴിയും.

അറിവിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുന്നതിനുള്ള യഥാർത്ഥ മാർഗമാണ് യാത്ര. എല്ലാ യാത്രയിലും നമ്മൾ കൂടുതൽ പാഠങ്ങൾ പഠിക്കുകയും കൂടുതൽ അറിവുകൾ സമ്പാദിച്ച് മടങ്ങുകയും ചെയ്യും. നമ്മുടെ മനസ്സ് മുമ്പെങ്ങും ഇല്ലാത്തത്ര വികാസം പ്രപിക്കും.

## 93

# ഖുർആൻ ഒരു പഠനഗ്രന്ഥം

ഖുർആൻ മറ്റേതൊരു ഗ്രന്ഥവും പോലെയുള്ള ഒരു ഗ്രന്ഥമായി തോന്നിയേക്കാം. എന്നാൽ, വിശുദ്ധ ഖുർആൻ എന്ന ഗ്രന്ഥത്തിന് മറ്റ് ഗ്രന്ഥങ്ങൾക്കൊന്നുമില്ലാത്ത ചില സവിശേഷതകളുണ്ട്. ഖുർആൻ ശരിയായി മനസ്സിലാക്കാൻ ഏതാണ്ട് എൺപതുതരം പരിശീലനം ആവശ്യമാണെന്നാണ് പണ്ഡിത മതം. ആ പരിശീലനത്തേക്കാൾ പ്രധാനമാണ് ഖുർആനോട് നമ്മൾ പ്രകടിപ്പിക്കേണ്ട ആത്മാർത്ഥത. ആത്മാർത്ഥത ഇല്ലെങ്കിൽ ഖുർആൻ ശരിയായി മനസ്സിലായെന്ന് വരില്ല. ആ ജ്ഞാനത്തിനകത്ത് നുഴഞ്ഞുകയറാനാവില്ല. അതിലെ ഗഹനാർത്ഥങ്ങൾ മനസ്സിലാക്കാനുമാവില്ല.

എന്താണ് ആത്മാർത്ഥത? വസ്തുനിഷ്ഠതയുടെ മറ്റൊരു പേരാണത്. അതില്ലെങ്കിൽ ഖുർആൻ ആഴത്തിൽ ഗ്രഹിക്കാനാവില്ല. ഖുർആൻ മനസ്സിലാക്കുന്ന കാര്യത്തിൽ ഭൂരിഭാഗം ജനങ്ങളും ചില മുൻധാരണകൾക്ക് അടിമപ്പെട്ടിരിക്കുകയാണ്. അത്തരം മുൻവിധികളാണ് ഖുർആൻ മനസ്സിലാക്കുന്നതിന് തടസ്സമായിനിൽക്കുന്നത്. നമ്മളവ മനസ്സിൽ നിന്ന് മാറ്റിനിർത്തിയാലേ അതിന്റെ അഗാധ തലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുകയുള്ളു.

ഖുർആൻ താരതമ്യേന ലളിതമായ ഒരു ഗ്രന്ഥമാണ്. അതുപോലെ അതിന്റെ ഭാഷയും ലളിതമാണ്. ഖുർആൻ ആസ്വദിക്കാൻ അതിന്റെ ആദ്യാവസാനം വരെ മനസ്സിലാക്കേണ്ടതില്ല. ഖുർആന്റെ എല്ലാ അധ്യായങ്ങളും ഉൾക്കൊള്ളുന്ന ഒരു വ്യാപക വിഷയമുണ്ട്. അതേ സമയം ഖുർആനിലെ ഓരോ സൂക്തത്തിനും സ്വതന്ത്രാശയവുമുണ്ട്. ഒരൊറ്റ സൂക്തത്തെക്കുറിച്ച് പരിചിന്തനം ചെയ്താൽതന്നെ വിലപ്പെട്ട എത്രയോ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയും. ഒരിക്കൽ ഒരു പണ്ഡിതൻ പറഞ്ഞു: 'സാത്താനെ അകറ്റിനിർത്താൻ ഒരു ദിവസം ഒരു സൂക്തം മതി.'

ആറായിരത്തിമുന്നൂറ് സൂക്തങ്ങളാണ് ഖുർആനിലുള്ളത്. ചെറുതും വലുതുമായ 114 അധ്യായങ്ങളിൽ അവ ക്രമീകരിച്ചിരിക്കുന്നു. ഒന്നൊഴികെ മറ്റെല്ലാ അധ്യായങ്ങളും പരമ കാരുണ്യവാനായ ദൈവത്തെ സ്മരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. ഖുർആനിലെ

എല്ലാ പ്രസ്താവനകളും സർവ്വ ശക്തനായ ദൈവവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ചിലപ്പോഴത് നേരിട്ടാണെങ്കിൽ മറ്റ് ചിലപ്പോഴത് പരോക്ഷമാണ്. ദൈവം മനുഷ്യനെ നേരിട്ട് അഭിസംബോധന ചെയ്യുന്നു: 'അല്ലയോ മനുഷ്യാ, ഇത് നിങ്ങളുടെ ദൈവം നിങ്ങളെ അഭിസംബോധനചെയ്യുന്നതാണ്. എന്റെ വാക്കുകൾ ചെവികൊള്ളുകയും അനുസരിക്കുകയും ചെയ്യുക. വിജയത്തിലേക്കുള്ള നിങ്ങളുടെ പാത ഇതാണ്.'

ഖുർആനിലെ ദിക്ർ ദൈവസ്മരണ പോലുള്ള അധ്യാപനങ്ങൾ ശാശ്വതങ്ങളാണ്. ജിഹാദുപോലുള്ള നിരവധി താത്കാലിക അനുശാസനകളുമുണ്ട്. അവ തമ്മിലുള്ള വ്യത്യാസം വേർത്തിരിച്ചറിയേണ്ടത് വളരെ പ്രധാനമാണ്. അവ മനസ്സിൽ സൂക്ഷിച്ചില്ലെങ്കിൽ വേദ സൂക്തങ്ങൾ തെറ്റായി വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്. പ്രവാചകന്റെ ജീവിതകാലത്ത് നടന്ന ചില പ്രത്യേക സംഭവങ്ങൾ ഖുർആനിൽ പരാമർശിക്കുന്ന പ്രത്യേക സന്ദർഭങ്ങളുണ്ട്. ആ പ്രതിപാദ്യങ്ങൾ സാർവ്വത്രികമാണെന്ന് നമ്മുടെ മനസ്സിലുണ്ടാവണം. അങ്ങനെ ഒരു പരാമർശം നല്കുന്നതിലൂടെ ഖുർആൻ ലക്ഷ്യമാക്കുന്നത് ഒരു പൊതു സന്ദേശം നല്കുക എന്നതാണെന്ന തത്ത്വവും വളരെ പ്രധാനമാണ്. അത് മനസ്സിലാക്കിയെങ്കിലേ ഖുർആൻ ശരിയായി വ്യാഖ്യാനിക്കാൻ കഴിയൂ.

ഒരർത്ഥത്തിൽ ചരിത്രവും ജ്യോതിശാസ്ത്രവും ശരീരശാസ്ത്രവും ബൃഹത്തായ പ്രകൃതി പ്രതിഭാസങ്ങളും ഉൾക്കൊള്ളുന്ന അനേകം പരാമർശങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥമാണ് ഖുർആൻ. അത്തരം പരാമർശങ്ങളിൽ ഭൂരിഭാഗവും വിശദമാക്കപ്പെട്ടിട്ടില്ല. ചില സൂചനകളും പരാമർശങ്ങളുമാണ് കൊടുത്തിട്ടുണ്ട്. വായനക്കാരൻ തന്റെ അറിവിൽ നിന്നും അനുഭവങ്ങളിൽ നിന്നും ആ വിവരങ്ങൾ ഉൾക്കൊള്ളണം. ഖുർആന്റെ സാരം അത്തരത്തിലേ ഗ്രഹിക്കാൻ കഴിയുകയുള്ളൂ.

പ്രവാചകന്മാരുടെ ചരിത്രം ഖുർആനിൽ രേഖപ്പെട്ടുകിടപ്പുണ്ട്. വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത ഗോത്രങ്ങളിൽ പെട്ട പ്രവാചകന്മാരെക്കുറിച്ച് ഖുർആനിൽ പരാമർശമുണ്ട്. ഓരോ പ്രവാചകനെയും വ്യത്യസ്ത സാഹചര്യങ്ങളിലാണ് ഭൂമിയിലേക്ക് അയക്കപ്പെട്ടത്. ഓരോരുത്തരും പ്രത്യേക സന്ദേശവാഹകരായിരുന്നു. ആ അർത്ഥത്തിൽ എല്ലാ പ്രവാചകരും തുല്യരായിരുന്നു. എല്ലാ പ്രവാചകന്മാരും മാർഗദർശകരാണ്. പ്രവാചകന്മാരുടെ ദൗത്യം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർ ഏതെങ്കിലും ഒരു പ്രവാചകനെ മാത്രം പഠിച്ചതുകൊണ്ട് പ്രയോജനമില്ല.

ഖുർആൻ ഒരു അറബി പദമാണ്. വായിക്കപ്പെടേണ്ടത് എന്നാണ് അതിന്റെ വാച്യാർത്ഥം. ഖുർആൻ ഒരു പഠനഗ്രന്ഥമാണ് എന്നർത്ഥം. തീർച്ചയായും ഓരോ സ്ത്രീയും പുരുഷനും വായിക്കുകയും പഠിക്കുകയും സത്യം ഗ്രഹിക്കുകയും ചെയ്യണമെന്ന് ഖുർആൻ നിർദ്ദേശിക്കുന്നു. പഠനം വിജയിക്കണമെങ്കിൽ അന്വേഷണത്തിനുള്ള താത്പര്യം ഉണ്ടാവണം. അന്വേഷിയായിക്കൊണ്ട് പഠിക്കുക, ചിന്തിക്കുക എന്നതാണ് ഖുർആനിക സന്ദേശം. അറിവിനെ മുൻവിധിയില്ലാതെ വിശകലനം ചെയ്യുക, സത്യത്തെ കണ്ടെത്തുക. ഖുർആൻ അനുസരിച്ച് അതാണ് *സിറാത്തുൽ മുസ്തഖീൻ* 'നേരായ വഴി'. ആ വഴിയിൽ സഞ്ചരിച്ചാൽ പരമമായ വിജയം പ്രാപിക്കാം; അതായത് ഇഹത്തിലും പരത്തിലുമുള്ള വിജയം.

## 94

# പരിസ്ഥിതി സംരക്ഷണം

ഏതുതരത്തിലുള്ള മലിനീകരണവും സ്രഷ്ടാവായ ദൈവത്തിന്റെ സൃഷ്ടിപദ്ധതിക്ക് വിരുദ്ധമാണ്. അതിനാൽ പ്രകൃതിയുടെ പരിശുദ്ധി നിലനിർത്തേണ്ടത് മനുഷ്യന്റെ കടമയാണ്. അതിൽ ഉപേക്ഷ വരുത്തുന്നത് പാപവും നിയമപരമായ കുറ്റകൃത്യവുമാണ്. പ്രകൃതി വിഭവങ്ങൾ മനുഷ്യരുടെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ അനുമതിയുണ്ട്. എന്നാലത് പ്രകൃതിക്ക് ഹാനികരമാകാത്ത വിധത്തിലാവണമെന്നുമാത്രം. ആ വിഷയവുമായി ബന്ധപ്പെട്ട സൂക്തങ്ങൾ, *അഅ്റാഫ്, റൂം* എന്നീ അധ്യായങ്ങളിൽ കാണാം:

*മദിയൻ ജനതയിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്തമായ തെളിവ് വന്നിട്ടുണ്ട്. അതിനാൽ നിങ്ങൾ അളവും തൂക്കവും തികച്ചുകൊടുക്കണം. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ നിങ്ങൾ കമ്മി വരുത്തരുത്. ഭൂമിയിൽ നന്മ വരുത്തിയതിന് ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം.* (7:85)

*മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരു വേള മടങ്ങിയേക്കാം.* (30:41)

സർവ്വശക്തനായ ദൈവം ഏറ്റവും മികച്ച രീതിയിലാണ് പ്രകൃതി വിഭവങ്ങൾ ഒരുക്കിയിട്ടുള്ളത്. മനുഷ്യന് സ്വന്തം ആവശ്യങ്ങൾക്കായി ആ വിഭവങ്ങൾ ആസ്വദിക്കാൻ അനുമതിയുണ്ടെന്നാണ് ഉദ്ധരിച്ച രണ്ട് സൂക്തങ്ങളുടെയും പൊരുൾ. പ്രകൃതിയുടെ സന്തുലനാവസ്ഥക്ക് കോട്ടം വരുത്താൻ അവനെ ദൈവം അനുവദിക്കുന്നില്ല. ഒരു സ്വതന്ത്ര ജീവിയായിട്ടാണ് മനുഷ്യൻ ഇവിടെ ജനിച്ചത്. എന്നാൽ, അവന്റെ സ്വാതന്ത്ര്യം പ്രകൃതിയുടെ ദുരുപയോഗം തുടങ്ങുന്നിടത്ത് അവസാനിക്കുന്നു.

ഭൂമലിനീകരണവും ജല മലിനീകരണവും, ഉദ്ധരിച്ച സൂക്തത്തിൽ പേരെടുത്ത് പരാമർശിക്കുന്നുണ്ടെങ്കിലും വായു മലിനീകരണവും ശബ്ദ മലിനീകരണവും ആ പൊതു പ്രയോഗത്തിൽ ഉൾച്ചേർന്നിട്ടുണ്ട്.

മനുഷ്യൻ ഇഹലോകത്തിന്റെ സ്രഷ്ടാവല്ല. അവൻ സൃഷ്ടിയുടെ ഗുണഭോക്താവ് മാത്രമാണ്. ആ വസ്തുതയെപ്പറ്റി മനുഷ്യന് ബോധമുണ്ടാവണം. ദൈവത്തിന്റെ അതിരുകളെ മനുഷ്യന് ഉല്ലംഘിച്ചുകൂടാ. പ്രകൃതിയോടുള്ള അതിക്രമം ദോഷമേ വരുത്തുവെന്ന് അവൻ മനസ്സിലാക്കണം. എല്ലാ തരത്തിലുമുള്ള മലിനീകരണവും മനുഷ്യ നിർമ്മിതമാണ്. മലിനീകരണം പ്രകൃതിയുടെ അന്ത്യമാണ്. പ്രകൃതി സ്വയം ഏതെങ്കിലും തരത്തിലുള്ള മലിനീകരണം നടത്തുന്നില്ല. പ്രകൃതിയെ മലിനീകരിച്ചല്ലാതെ മനുഷ്യന് മറ്റൊരു ലോകം സൃഷ്ടിക്കാനാവില്ല. അതിനാൽ ദൈവത്തിനുമുൻപിൽ പാപികളാവുന്നതും ജീവന്റെ സ്രോതസ്സായ പ്രകൃതിയെ നശിപ്പിക്കുന്നതും മനുഷ്യന് ഇരട്ടി നഷ്ടമാണ് ഉണ്ടാക്കുന്നത്. ഈ അവസ്ഥയ്ക്ക് തടയിടാൻ മനുഷ്യൻ ജാഗ്രതയോടും സൂക്ഷ്മതയോടും കൂടി പെരുമാറേണ്ടതുണ്ട്. അല്ലാത്തപക്ഷം വലിയ വില നല്കേണ്ടിവരും.

പ്രകൃതിയുടെ സ്വാഭാവിക അനുഗ്രഹങ്ങൾ മനുഷ്യന് പ്രയോജനപ്പെടുത്താം. എന്നാൽ, അത് വളരെ ശ്രദ്ധയോടെ വേണമെന്ന് മാത്രം. ഈ ലോകത്തിന് ബദലായി മറ്റൊരു ലോകമില്ല. മനുഷ്യരുടെ ഏറ്റവും വലിയ ബലഹീനത എന്തെന്നാൽ, ഈ ലോകം അവന് ആസ്വദിക്കാം, പക്ഷേ, ഒരു പുതിയ ലോകം അവന് സൃഷ്ടിക്കാനാവില്ല എന്നതാണ്.

എന്താണ് മലിനീകരണം? വസ്തുക്കളെ മലിനമാക്കലാണത്. സ്വാഭാവികമായും ഈ ലോകത്തുള്ള സർവ്വ വസ്തുക്കളും പരിശുദ്ധമാണ്. മനുഷ്യന്റെ കൈകടത്തലുകൾ കൊണ്ട് അത് മലിനമായിത്തീരുകയാണ്. മനുഷ്യൻ തന്റെ പരിമിതികൾ അറിയണം. പ്രകൃതിയെ മലിനമാക്കുന്ന ഏതുനീക്കവും ആത്മഹത്യാപരമാണ്.

സൃഷ്ടിയുടെ വിഷയത്തിൽ മനുഷ്യൻ പൂർണ്ണമായും നിസ്സഹായനാണ്. ഒരണുവിനെപ്പോലും സൃഷ്ടിക്കാൻ മനുഷ്യന് കഴിവില്ല. ഒരു വൃക്ഷത്തിലെ ഒരിലപോലും സൃഷ്ടിക്കാൻ അവന് സാധ്യമല്ല. അല്ലെങ്കിൽ ഒരു തുള്ളി വെള്ളം പോലും ഉണ്ടാക്കാൻ അവനാവില്ല. അതാണ് അവസ്ഥ എന്നിരിക്കെ മനുഷ്യൻ തന്റെ കഴിവുകേടുകളെക്കുറിച്ച് പൂർണ്ണമായും മനസ്സിലാക്കി സമൂഹത്തിൽ ഉത്തരവാദിത്വമുള്ള ഒരംഗമായി ജീവിക്കാൻ ശ്രമിക്കണം.

## 95

# ഖുർആന്റെ സാരാംശം

ഖുർആനിലെ പ്രഥമാധ്യായമായ *ഫാത്തിഹ*യിലെ ആദ്യ വാക്യത്തിൽത്തന്നെ, വിശുദ്ധ ഖുർആന്റെ സാരാംശം എന്താണെന്ന് വ്യക്തമാകുന്നുണ്ട്. ഖുർആന്റെ മറ്റ് ഭാഗങ്ങൾ ആ ആദ്യ വാക്യത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ വിശദീകരണങ്ങളാണ്. *ഫാത്തിഹ* എന്ന ആ അധ്യായത്തിലെ ആദ്യ സൂക്തമാണത്. അതിന്റെ വിവർത്തനം ഇങ്ങനെ:

*സ്തുതി സർവ്വലോക പരിപാലകനായ ദൈവത്തിനാകുന്നു.* (1:2)

ഉദ്ധരിച്ച സൂക്തത്തിൽ സ്തുതിക്ക് പ്രയോഗിച്ച ഖുർആനിക പദം, ഹംദ് എന്നാണ്. ഹംദ് അറബി ഭാഷയിലെ ഒരു സമഗ്ര പദമാണ്. വിസ്മയത്തോടുകൂടിയ പ്രശംസ, കൃതജ്ഞത, ഭയഭക്തി, അംഗീകാരം എന്നിങ്ങനെയാണ് അതിനർത്ഥം. ഖുർആൻ അനുസരിച്ച്, ഹംദ് ഒരു പ്രപഞ്ച സംസ്കാരമാണ്. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും ദൈവത്തിനെ സ്തുതിച്ചുകൊണ്ടിരിക്കുകയാണ്. അവയുടെ ദൈനംദിന ആരാധനയാണ് ഹംദ്. അങ്ങനെ സർവ്വലോകവും സർവ്വ ശക്തനായ ദൈവത്തിന്റെ മഹത്വം അംഗീകരിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യനും മറ്റ് ജീവജാലങ്ങളും ദൈവമഹത്വം അംഗീകരിക്കുന്നുണ്ടെങ്കിലും അതിലൊരു വ്യത്യാസമുണ്ട്. മറ്റ് ജീവജാലങ്ങളുടെ ഹംദ് ഒരു ആസൂത്രിത ഹംദാണ്. അത് ദൈവത്തിന്റെ മാലാഖമാർ അവരിൽ ബോധവത്കരിക്കപ്പെട്ടതാണ്. ആ വസ്തുത ഖുർആനിലുണ്ട്.

*ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും ചിറക് നിവർത്തിപ്പിടിച്ചുകൊണ്ട് പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു നീ കണ്ടില്ലേ? ഓരോരുത്തർക്കും തന്റെ പ്രാർത്ഥനയും കീർത്തനവും എങ്ങനെയെന്ന് അറിവുണ്ട്. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനത്രെ.* (24:41)

മനുഷ്യന്റെ കാര്യം ഇതിൽ നിന്ന് തുലോം വ്യത്യസ്തമാണ്. സ്വാതന്ത്ര്യവും സവിശേഷമായ കഴിവുകളുമുള്ള മനസ്സിന്റെ ഉടമയായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. സ്വേച്ഛയാ മനുഷ്യൻ എല്ലാം ചെയ്യുന്നു. അതിലെ അവന്റെ ദൈവസ്തുതി സ്വയമേയുള്ളതാണ്. അതായത്, മനു

ഷ്യന്റെ ഹംദ് ഒരു ആസൂത്രിത ഹംദല്ല. അവന്റെ സ്തുതി സ്വയം തിരിച്ചറിഞ്ഞ സ്തുതിയാണ്. അതാണ് മനുഷ്യന്റെ മഹത്വം.

ഭൗതിക ലോകം പ്രകൃതി നിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. അതിൽ മൃഗങ്ങൾ അവയുടെ സഹജാവബോധത്തോടെ പെരുമാറുന്നു. മനുഷ്യനൊഴികെ മറ്റെല്ലാ ജീവജാലങ്ങളും കമ്പ്യൂട്ടർ അല്ലെങ്കിൽ റോബോട്ടുകളെ പോലെയാണ് പെരുമാറുക. അവയുടെ ഹംദ് പരിശുദ്ധമാണ്. പക്ഷേ, അത് കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ, ആസൂത്രണം ചെയ്യപ്പെട്ടതാണെന്നുമാത്രം.

വിശാലമായ ഈ പ്രപഞ്ചത്തിൽ പൂർണ്ണ സ്വാതന്ത്ര്യം ആസ്വദിക്കുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ. വാക്കിന്റെ പൂർണ്ണാർത്ഥത്തിലുള്ള ചിന്താശക്തി മനുഷ്യനുണ്ട്. അതിനാൽ മനുഷ്യൻ ചിന്തിക്കുന്നു, നിരീക്ഷിക്കുന്നു, മനനംചെയ്യുന്നു, കാര്യങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ അവൻ സൃഷ്ടിയിൽ പ്രതിഫലിക്കുന്ന ദൈവ മഹത്വം മനസ്സിലാക്കുന്നു.

സ്വയം കണ്ടെത്തിയ ആ അറിവിന് ശേഷം അവൻ വിളിച്ചുപറഞ്ഞു: 'ദൈവമേ, ഞാൻ നിസ്സംശയം സാക്ഷ്യംവഹിക്കുന്നു. നിന്റെ മഹത്വം ഞാൻ അംഗീകരിക്കുന്നു. ഞാൻ നിന്റെ മുൻപിൽ കീഴടങ്ങുന്നു. നീ എന്റെ യജമാനൻ. ഞാൻ നിന്റെ വിധേയനും.' അതാണ് ഏറ്റവും വലിയ ഹംദും, മനുഷ്യനുമാത്രം പ്രകടിപ്പിക്കാവുന്ന ഹംദും.

സൃഷ്ടിയുടെ ഉദ്ദേശ്യത്തെ ഖുർആനിലെ, *ദാരിയാത്ത്* എന്ന അധ്യായത്തിൽ വിവരിക്കുന്നു:

*നീ ഉത്ബോധിപ്പിക്കുക. തീർച്ചയായും ഉത്ബോധനം സത്യവിശ്വാസികൾക്ക് പ്രയോജനം ചെയ്യും. ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നല്കണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നല്കുന്നവനും ശക്തനും പ്രബലനും.* (51: 56-58)

ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ ഇവിടെ ആരാധന മഅ്രിഫത്ത് ആണ്. എന്താണ് മഅ്രിഫത്ത്? ധ്യാനത്തിലൂടെ ദൈവത്തെ സാക്ഷാത്കരിക്കലാണത്. ഒരാൾ ദൈവത്തെ തിരിച്ചറിയുമ്പോൾ അയാൾക്ക് വലിയ അമ്പരപ്പ് അനുഭവപ്പെടും. പ്രപഞ്ചത്തിന്റെ യജമാനനോടുള്ള അത്തരം അഗാധമായ ഭാവപ്രകടനമാണ് ഹംദ്.

## 96

# സർവസ്പർശിയായ ഗ്രന്ഥം

ഖുർആൻ ഒരു ദിവ്യഗ്രന്ഥമാണ്. അത് ഏഴാം നൂറ്റാണ്ടിന്റെ ഒന്നാം ഖണ്ഡത്തിൽ പ്രവാചകനായ മുഹമ്മദുനബിക്ക് വെളിപ്പെടുത്തിയതാണ്. അറബിയാണ് അതിന്റെ ഭാഷ. 114 അധ്യായങ്ങളാണ് അതിലുള്ളത്. വളരെ വ്യത്യസ്തതകളുള്ള ഒരു ഗ്രന്ഥമാണ് ഖുർആൻ.

മനുഷ്യരാശിയുമായി ബന്ധപ്പെട്ട മിക്കവിഷയങ്ങളും വിശുദ്ധ ഖുർആൻ കൈകാര്യം ചെയ്യുന്നുണ്ട്. അതിലെ ഭാഷ വളരെ ലളിതമാണ്. അതിന്റെ സ്പഷ്ടത ഉത്കൃഷ്ടമാണ്. ആദ്യത്തെ അധ്യായമായ *ഫാത്തിഹ*യിലെ രണ്ടുവാക്യങ്ങൾ ഇപ്രകാരമാണ്:

*പരമ കാരുണ്യവാനായ അല്ലാഹുവിന്റെ നാമത്തിൽ,*

*സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.* (1: 1,2)

ഈ രണ്ട് വാക്യങ്ങളും വിശുദ്ധ ഖുർആൻ നല്കുന്ന സന്ദേശത്തിന്റെ പ്രതീകങ്ങളാണ്. സ്രഷ്ടാവെന്ന നിലയിലും സുസ്ഥിരനെന്ന നിലയിലും, അവന്റെ സൃഷ്ടികളായ സകല ജീവജാലങ്ങളോടും സഹാനുഭൂതി ഉള്ളവനാണെന്ന നിലയിലും മനുഷ്യൻ ദൈവത്തെ അംഗീകരിക്കണമെന്നാണ് അർത്ഥമാക്കുന്നത്. അത് ദിവ്യജ്ഞാനത്തിന്റെ ആരംഭമാണ്. അത് മനുഷ്യരുടെ ഇഹലോക ജീവിതത്തിന്റെ ശരിയായ മാർഗം നിർണ്ണയിക്കുന്നു. അവസാനത്തെ അധ്യായത്തിലെ അവസാത്തെ രണ്ട് വചനങ്ങൾ ഇപ്രകാരമാണ്:

*(ദുർബ്ബോധനം നടത്തി പിന്മാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന് മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു) മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബ്ബോധനം നടത്തുന്നവരുടെ... -മനുഷ്യരിലും ജിന്നുകളിലും പെട്ടവരുടെ.* (114: 5, 6)

ഉദ്ധരിച്ച സൂക്തങ്ങൾ പറയുന്നത്, ഇഹലോകത്തുള്ള എല്ലാ മനുഷ്യരും വസ്വാസിന്റെ രൂപത്തിൽ സാത്താന്റെയും ചീത്ത മനുഷ്യരുടെയും വെല്ലുവിളികൾ നേരിടേണ്ടിവരുമെന്നാണ്.

വസ്വാസെന്നാൽ വഴിതെറ്റിക്കുന്ന ദുർബ്ബോധനമാണ്. ഏറ്റവും വലിയ പ്രശ്നമാണത്. ഓരോ മനുഷ്യന്റെയും കൂടെ പിശാചുണ്ട്. അവൻ ദുർബ്ബേധനം നടത്തി മനുഷ്യരെ വഴിതെറ്റിക്കാൻ ശ്രമിച്ചുകൊ

ണ്ടിരിക്കും. എല്ലാ സ്ത്രീപുരുഷന്മാരും ആ വെല്ലുവിളികളെ നിരന്തരം നേരിട്ടുകൊണ്ടിരിക്കുന്നു. അവയെ മനുഷ്യൻ തിരിച്ചറിഞ്ഞ് ബുദ്ധിപൂർവ്വമായ ഉണർവ്വിലൂടെയും നിശ്ചയദാർഢ്യത്തോടെയും നേരിടേണ്ടതുണ്ട്.

ഓരോ മനുഷ്യനും രണ്ട് വിരുദ്ധ ശക്തികൾക്കിടയിലാണ് ജീവിക്കുന്നത്. ഒരു വശത്ത് മനുഷ്യനെ ദൈവവും മാലാഖമാരും സഹായിക്കുന്നു. ആ ശക്തി മനുഷ്യന് ഒരനുഗ്രഹമാണ്. അത് ഒരു നല്ല ശക്തിയായി പ്രവർത്തിക്കുന്നു. ഓരോ നിമിഷത്തിലും അത് പ്രകാശവും ശക്തിയും പ്രദാനം ചെയ്യുന്നു. ഒരുവിധ നിർബ്ബന്ധവും കൂടാതെ അത് മനുഷ്യന് വലിയൊരു അനുഗ്രഹമായി വർത്തിക്കുന്നു.

മറുവശത്ത് പിശാചുക്കളും മനുഷ്യനുമായി സൗഹൃദം പുലർത്താത്ത ചീത്ത ജനങ്ങളുമുണ്ട്. അവർ നമ്മുടെ ചിന്തയെ നന്മയിൽ നിന്ന് തിന്മയിലേക്ക് വഴിതിരിച്ചുവിടാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ നമ്മെ സത്യത്തിന്റെ നേരായ വഴിയിൽ നിന്ന് വ്യതിചലിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

രണ്ടുശക്തികളും പ്രചോദനങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. എല്ലാ സന്ദർഭങ്ങളിലും ദൈവവും അവന്റെ ദൂതന്മാരും നല്ല പ്രേരണ നല്കുന്നു. ശരിയായ ചിന്തയിലൂടെ അവർ മനുഷ്യർക്ക് ശരിയായ നിർദ്ദേശം നല്കുന്നു. ദുഷ്ടശക്തികൾ മനുഷ്യരുടെ വ്യക്തിത്വത്തിൽ തിന്മയുടെ പ്രേരണ വളർത്തുന്നു. ബുദ്ധിപരമായ പ്രവർത്തനങ്ങളെ ദുഷിപ്പിക്കാൻ അവർ ശ്രമിക്കുന്നു. എല്ലാ ജീവിത സാഹചര്യങ്ങളിലും തെറ്റായ ഉപദേശങ്ങൾ നല്കി അവർ നമ്മെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു.

ലോക ജനതതിയുടെ വിജയം ആ തിരിച്ചറിവിനെ ആശ്രയിച്ചിരിക്കുന്നു. ഇരട്ട ശക്തികൾക്ക് ഇടയിലാണ് തങ്ങളെന്ന വസ്തുത തിരിച്ചറിയുന്നവർ വിജയിയായി തെളിയിക്കപ്പെടും. ഈ വസ്തുത മനസ്സിലാക്കാൻ കഴിയാത്തവർ തോൽവിയിലേക്ക് ആപതിക്കും.

അതിനാൽ, ഓരോ സ്ത്രീപുരുഷന്റെയും ജീവിത വിജയത്തിന്റെ സൂത്രവാക്യം ഒരു വരിയിൽ വിശദീകരിക്കാം: 'ജാഗ്രത പുലർത്തുക. ദൈവവും മാലാഖമാരുമായുള്ള ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുകയും മനുഷ്യരുടെയും പിശാചിന്റെയും ദുഷ്ട ശക്തിയിൽ നിന്ന് അകന്നുനിൽക്കാൻ ശ്രമിക്കുകയും ചെയ്യുക.'

ആസക്തിയും വിരക്തിയും മനഃശാസ്ത്രപരമായ പ്രക്രിയകളാണ്. ബോധലോകത്ത് മാത്രമെ അവ സ്ഥാപിക്കാൻ കഴിയുകയുള്ളു.

97

# ഉത്കൃഷ്ട ചിന്തകൾ

വിശുദ്ധ ഖുർആനിലെ, *അഹ്സാബ്* എന്ന അധ്യായത്തിൽ ദൈവ സ്മരണയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വചനത്തിന്റെ തർജ്ജമ ഇപ്രകാരം വായിക്കാം:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുവിൻ.* (33:41)

പരമകാരുണ്യവാനായ ദൈവമാണ് ഈ പ്രപഞ്ച സ്രഷ്ടാവ്. അവൻ സത്യമാണ്. സ്ഥലകാലാതീതനും സർവവ്യാപിയുമാണ്. ഉത്തമനും മഹാനുമാണ്. അവൻ അത്യുന്നതനാണ്.

ദൈവത്തെ സ്മരിക്കുക എന്നാൽ, അത്യുന്നതനായ ദൈവത്തെ ഓർക്കലാണ്. അതുവഴി ഒരാളുടെ മനസ്സിൽ ഉത്കൃഷ്ട ചിന്തകൾ രൂപപ്പെടുകയും, അത് വലിയ വലിയ ആദർശങ്ങളുടെ ഉറവിടമായിത്തീരുകയും ചെയ്യുന്നു. ആ ഉന്നത വികാരങ്ങളാണ് ഒരാളുടെ വ്യക്തിത്വത്തെ ഉത്തമവും മഹത്തരവുമാക്കുന്നത്. ഉന്നത വികാരങ്ങൾ ആത്മീയോത്കർഷത്തിലേക്കും ബൗദ്ധികോന്നമനത്തിലേക്കും നയിക്കും.

ലോകം രണ്ടുവിധമാണ്. ഭൗതിക ലോകവും അഭൗതിക ലോകവും. ഉത്കൃഷ്ട ചിന്തകളെന്നാൽ അഭൗതിക ലോകത്തെക്കുറിച്ചുള്ള ചിന്തകളാണ്. അതായത്, അഭൗതിക ലോകത്ത് ജീവിക്കലാണ്. ആ ലോകത്തെ ആത്മീയ ലോകമെന്ന് പറയുന്നു. ആത്മീയ ചിന്തകൾ ബൗദ്ധിക വികാസത്തിലേക്ക് നയിക്കും.

ഭൗതിക ലോകം മുഴുവനും വെടിഞ്ഞ് വനാന്തരങ്ങളിലോ മലകളിലോ അഭയം തേടലല്ല ആത്മീയ ജീവിതം. അത് ഭൗതിക ലോകത്തിൽ നിന്ന് ആത്മീയാംശങ്ങൾ വേർത്തിരിച്ചെടുക്കലാണ്. അങ്ങനെ സാധിക്കുമ്പോൾ നമ്മൾ ഒരു ആത്മീയ വാദിയായിമാറും. അതായത്, ഭൗതിക ലോകത്തിന്റെ ആന്തരികാർത്ഥം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നുവെന്ന് ചുരുക്കം.

ഭൗതിക ലോകത്ത് ധാരാളം ആത്മീയ പാഠങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അതുപോലെ എല്ലാ ഭൗതികാനുഭവങ്ങളിലും അർത്ഥവത്തായ

നിരവധി ആത്മീയ പാഠങ്ങളുമുണ്ട്. ആ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ഒരാൾക്ക് ആത്മീയോത്കർഷം നേടാൻ കഴിയും.

ഭൗതികത എന്നാൽ പണം, പ്രസിദ്ധി, അധികാരം തുടങ്ങിയ കാര്യങ്ങളിൽ ആകൃഷ്ടരായി ജീവിക്കലാണ്. ആത്മീയതയാകട്ടെ, ഭൗതിക കാര്യങ്ങളെക്കാൾ ഉയർന്ന തലത്തെ ലക്ഷ്യമാക്കിയുള്ള ജീവിക്കലാണ്. അത്തരത്തിലുള്ള ജീവിത രീതി ഉന്നത വിചാരങ്ങൾ മനസ്സിൽ ഉത്ഭവിപ്പിക്കുകയും അവ ആത്മീയതയിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഉത്കൃഷ്ട ചിന്തകൾ കൊണ്ട് അർത്ഥമാക്കുന്നത്, വലിയ വലിയ ആദർശങ്ങളിൽ ഊന്നി ജീവിക്കലാണ്. ഭൗതിക കാര്യങ്ങൽക്കപ്പുറം ലക്ഷ്യമുറപ്പിച്ചാൽ നമ്മൾ വലിയ ചിന്തകളിലായിരിക്കും ജീവിക്കുക. ഉത്കൃഷ്ട ചിന്തകളുടെ ഉടമയാവലാണ് ഈ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം. അപഹരിക്കാനോ നശിപ്പിക്കാനോ കഴിയാത്ത ഓരേയൊരു സമ്പാദ്യമായിരിക്കും അത്.

ഉത്കൃഷ്ട ചിന്തകളെ അന്തരീക്ഷത്തിലെ വായുവോട് സാദൃശ്യപ്പെടുത്താറുണ്ട്. വായു യഥേഷ്ടം സഞ്ചരിക്കുകയും ചുറ്റുപാടും പ്രസരിക്കുകയും ചെയ്യുന്നു. അവ തമ്മിൽ കൂട്ടിമുട്ടലുകളോ സംഘട്ടനങ്ങളോ സംഭവിക്കുന്നില്ല. അതുപോലെയാണ് ഉത്കൃഷ്ട ചിന്തകൾ. ഉത്കൃഷ്ട ചിന്തകളുള്ള ഒരാൾ കൂട്ടിമുട്ടലുകൾക്കോ സംഘട്ടനങ്ങൾക്കോ സമയം നഷ്ടപ്പെടുത്താതെ ജീവിതയാത്ര തുടരുന്നു. വായു സഞ്ചാരത്തെ തടസ്സപ്പെടുത്താൻ കഴിയാത്തതുപോലെ ഉത്കൃഷ്ട ചിന്തകളെ യാതൊന്നിനും തടസ്സപ്പെടുത്താൻ കഴിയില്ല. ഉത്കൃഷ്ട ചിന്തകൻ എല്ലാ തരത്തിലുമുള്ള ദുർവ്വികാരങ്ങളിൽ നിന്ന് മുക്തനായിരിക്കും. അയാൾ കോപം, മോഹം, അസഹിഷ്ണുത, സംഘട്ടനം എന്നിവയിൽ നിന്ന് അകലം പ്രാപിക്കും. വിദ്വേഷം, വിഷാദം, ഭയം, അസ്വാസ്ഥ്യം എന്നിവയിൽ നിന്ന് അയാൾ തീർത്തും മോചിതനായിരിക്കും. അയാൾ ആവലാതികളിൽ നിന്നും സമരങ്ങളിൽ നിന്നും മാറിനിൽക്കും.

ഉത്കൃഷ്ട ചിന്തകന്റെ മനസ്സ് എല്ലാതരം അധമവികാരങ്ങളിൽ നിന്നും മുക്തമായിരിക്കുകയും സദ്‌വികാരങ്ങൾ കൊണ്ട് സംതൃപ്തമായിരിക്കുകയും ചെയ്യും. ഉത്കൃഷ്ട ചിന്ത മനുഷ്യനെ അത്യുന്നതനാക്കും. അത്തരം ചിന്തകൾ പ്രവർത്തിക്കാനുള്ള കഴിവിനെ പ്രോത്സാഹിപ്പിക്കുകയും മാത്സര്യ ബുദ്ധിയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. അത്തരക്കാർക്ക് പ്രശ്നങ്ങളെ അതിജീവിക്കാനും അവസരങ്ങളെ ഉപയോഗപ്പെടുത്താനും സാധിക്കും.

98

# ദൈവത്തോട് തേടുക

എല്ലാവരും ദൈവാനുഗ്രഹം ആഗ്രഹിക്കുന്നു. തനിക്കൊന്നുംതന്നെ ദൈവത്തിന് പകരംകൊടുക്കാനില്ലാത്തതുകൊണ്ട് അതൊരു ഏകപക്ഷീയമായ ആഗ്രഹമാണെന്നായിരിക്കും നമ്മൾ വിചാരിക്കുക. അത്തരമൊരു സാഹചര്യത്തിൽ ഒരാൾ എങ്ങനെയാണ് ദൈവത്തോട് അനുഗ്രഹം ചോദിക്കുക?

ആ ഉദ്ദേശ്യത്തോടുകൂടി ഒരാൾ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അതിന് ഉചിതമായ നിർദ്ദേശം ഖുർആൻ തന്നെ നല്കും. ഖുർആന്റെ ഒരു ഭാഗത്ത് അനന്തരാവകാശ നിയമങ്ങൾ വിവരിക്കുന്നു. ഒരു കുടുംബാംഗം മരണപ്പെട്ടാൽ പരേതന്റെ സ്വത്തുവഹകൾ വിഭജിക്കേണ്ട രീതി ഖുർആനിലെ, *നിസാഅ്* എന്ന അധ്യായത്തിൽ വിവരിച്ചിരിക്കുന്നു:

*(സ്വത്ത്) ഭാഗിക്കുന്ന സന്ദർഭത്തിൽ (മറ്റ്) ബന്ധുക്കളോ, അനാഥകളോ പാവപ്പെട്ടവരോ ഹാജറുണ്ടായാൽ അതിൽ നിന്ന് അവർക്ക് നിങ്ങൾ വല്ലതും നല്കുകയും അവരോട് മര്യാദയുള്ള വാക്ക് പറയുകയും ചെയ്യേണ്ടതാകുന്നു.* (4:8)

ഒരാളുടെ അനന്തരവകാശ സ്വത്ത് അർഹരായവർക്ക് മാത്രമല്ല അനർഹരായവർക്കും നല്കണമെന്ന തത്ത്വം ദൈവം മുന്നോട്ടുവെക്കുന്നു. അതുകൊണ്ട് അക്കാര്യം ഒരാൾക്ക് തന്റെ പ്രർത്ഥനയിലും ഉൾപ്പെടുത്താം: 'ദൈവമേ, മനുഷ്യരോട് കാണിക്കാൻ നിർബ്ബന്ധിച്ച അതേ ദയ നീ എന്നിലും ചൊരിയണമേ...'

ഏതെങ്കിലും ഒരു സംഭവം പരാമർശിക്കൽ പ്രാർത്ഥനയുടെ ഒരു രീതിയാണ്. വളരെ പ്രാധാന്യമർഹിക്കുന്ന വചനമാണ് മേൽ ഉദ്ധരിച്ചത്. മനുഷ്യരോട് നന്മ ചൊരിയാൻ ആജ്ഞാപിച്ചിട്ട് ദൈവം നന്മയെ സ്വയം ഉപേക്ഷിക്കില്ല. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയായതുകൊണ്ട് മനുഷ്യനേക്കാൾ എത്രയോ മടങ്ങ് നന്മ ചൊരിയുന്നവനാണ് ദൈവം.

ഒരിക്കൽ പ്രവാചകൻ പറഞ്ഞു: 'ആരാണ് ദൈവത്തെ ഏറ്റവും നല്ല നാമം കൊണ്ട് അഭിസംബോധന ചെയ്യുന്നത് അവന്റെ പ്രർത്ഥന ദൈവം തീർച്ചയായും സ്വീകരിക്കും.'

*ഇസ്മ് അൽ അഅ്ലം* (ഉന്നതമായ നാമം) കൊണ്ട് അഭിസം ബോധന ചെയ്യുക എന്നാൽ എന്താണ്?

കാരുണ്യവാനായ ദൈവത്തെ പ്രാപിക്കാനുള്ള പ്രാർത്ഥനയാണത്. അത്തരത്തിലുള്ള ഒരു പ്രാർത്ഥനയാണ് മേൽ ഉദ്ധരിച്ചത്. ഒരാൾ ദൈവത്തിന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനക്ക് തക്കതായ പ്രതിഫലം ലഭിക്കും. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയായതുകൊണ്ട് തീർച്ചയായും ദൈവം മനുഷ്യനെക്കാളെത്രയോ ഇരട്ടി നന്മ ചൊരിയും.

പ്രാപിക്കുക എന്ന പദത്തിനർത്ഥം ദൈവത്തിന്റെ സഹായത്തിനു വേണ്ടി ഏറ്റവും യോജിച്ച പദത്താൽ ശരണം തേടലാണ്. ദൈവത്തെ പ്രണമിക്കാനുള്ള ഏറ്റവും നല്ല രീതിയാണത്. അങ്ങനെ പ്രാർത്ഥിക്കുന്നവന് നല്ല പ്രതിഫലം ലഭിക്കും. ഉദ്ധരിച്ച ഖുർആനിക വചനം അത് തെര്യപ്പെടുത്തുന്നു.

പ്രാർത്ഥന രണ്ടുവിധമുണ്ട്; സാധാരണ പ്രാർത്ഥനയും ദൈവത്തെ പ്രാപിച്ചുകൊണ്ടുള്ള പ്രാർത്ഥനയും. സാധാരണ പ്രാർത്ഥന ചില വാക്കുകളുടെ വെറും ഉരുവിടൽ മാത്രമാണെങ്കിൽ രണ്ടാമത്തേത് വൈകാരികതയും ആത്മീയതയും ദിവ്യ ചൈതന്യവും നിറഞ്ഞുതുളുമ്പുന്നതാണ്. അതിനാൽ, ആദ്യത്തേത് പ്രാർത്ഥനയാണെങ്കിൽ രണ്ടാമത്തേത് അതിവിശിഷ്ട പ്രാർത്ഥനയാണ്. ആദ്യത്തേത് ഒരു നിഘണ്ടുവിന്റെ സഹായത്താൽ ചെയ്യാവുന്നതാണെങ്കിൽ രണ്ടാമത്തേത് നിർവ്വഹിക്കാൻ അതിനുമുപരിയായി ചിലത് ചെയ്യേണ്ടതുണ്ട്. അതായത്, ദൈവത്തെ ആഴത്തിൽ അറിയുക, ദൈവത്തിൽ ഭരമേല്പിക്കുക, ദൈവത്തോട് വളരെയധികം ഇഷ്ടവും വൈകാരികതയും ഉണ്ടാവുക. അത്തരം ഗുണങ്ങളാണ് ഒരു മനുഷ്യനെ നല്ല പ്രാർത്ഥനക്ക് പ്രാപ്തനാക്കുന്നത്. അത്തരം പ്രാർത്ഥനകളാണ് അതിവിശിഷ്ട പ്രാർത്ഥന.

## 99

# അവരെ വിനയപൂർവം അവഗണിക്കുക

നല്ലതും തീയതുമായ അനുഭവങ്ങളുടെ തുടർച്ചയാണ് ജീവിതം. നല്ല അനുഭവങ്ങളോട് നാം പൂർണ്ണമായി പൊരുത്തപ്പെടും. ചീത്ത യാണെങ്കിൽ നാമെന്താണ് ചെയ്യുക? വിശുദ്ധ ഖുർആൻ അതിന് ലളിതമായി ഉത്തരം നല്കുന്നുണ്ട്. അനിഷ്ടകരങ്ങളായവയെ നിരാക രിക്കുക എന്നതാണ് അതിനുള്ള ലളിതമായ ഉത്തരം.

ഇക്കാര്യം ഖുർആനിലെ, *മുസമ്മിൽ* എന്ന അധ്യായത്തിൽ വിവരി ക്കുന്നുണ്ട്. എ.ഡി 610-ാം ആണ്ടിൽ പ്രവാചകൻ മക്കയിൽ ഇസ്‌ലാമിക പ്രബോധനം ആരംഭിച്ചപ്പോൾ അവിടുത്തെ സ്ഥിതി തികച്ചും പ്രതി കൂലമായിരുന്നു. ആ സാഹചര്യത്തിലാണ് ഈ വചനം അവതരിച്ചത്:

*അവർ (അവിശ്വാസികൾ) പറയുന്നതിനെപ്പറ്റി നീ ക്ഷമിക്കുക യും, ഭംഗിയായ വിധത്തിൽ അവരിൽ നിന്ന് ഒഴി ഞ്ഞുനിൽക്കുകയും ചെയ്യുക.* (73:10)

പ്രതികൂലാവസ്ഥയിൽ ക്ഷമ അവലംബിക്കൽ ഒരു നിഷ്ക്രിയ മനോഭാവമല്ല. മറിച്ച്, വിവേകമാണ്. ക്ഷമ അവലംബിക്കുന്നതിലൂടെ നമ്മൾ നമ്മുടെ സമയവും ഊർജ്ജവും സംരക്ഷിക്കുകയാണ്. ക്ഷമ കൈകൊള്ളുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രതികരിക്കു ന്ന എതിരാളിയെ തിരസ്കരിക്കലാണ്. ഒഴിവാക്കലിന് പര്യാപ്തമായ മറുപടി നല്കി സ്വന്തം കാര്യത്തിൽ മുഴുകുക. മറ്റെ ആൾ നമ്മെ ശ്ര വിക്കുമെന്ന് ബോധ്യമുണ്ടെങ്കിൽ മാത്രം നമ്മൾ നമ്മുടെ അഭിപ്രായ ങ്ങൾ അവതരിപ്പിക്കുക. സാമൂഹ്യ ജീവിതത്തിൽ അത് വളരെ പ്രാധാ ന്യമർഹിക്കുന്നു. സമൂഹത്തിൽ ജനങ്ങൾ പലവിധമാണ്. സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന് നമ്മൾ മാത്രമല്ല മറ്റുള്ളവരും കൂടെയാണ് തീരുമാനിക്കേണ്ടത്. നമ്മുടെ ആഗ്രഹങ്ങൾ നടപ്പിലാകണമെന്ന് മറ്റു ള്ളവരെക്കൊണ്ട് സമ്മതിപ്പിക്കാൻ ശ്രമിച്ചാൽ അത് വിജയിക്കണമെ ന്നില്ല. അതുകൊണ്ട്, എന്താണോ സാധ്യമാകുന്നത്, അത് നടപ്പിലാ ക്കുക. അസാധ്യമായതിനെ ഒഴിവാക്കുക.

ഇത് പക്വതയുടെ അടയാളമാണ്. പക്വതയുള്ള ഒരാൾക്ക് പ്രതികൂല സാഹചര്യത്തെ നിഷ്പക്ഷമായി നേരിടാൻ കഴിയും. ഭേദഗതി വരുത്താനാവുമെങ്കിൽ അതിനായി ശ്രമിക്കുക. ഇല്ല എങ്കിൽ അനിഷ്ടകരങ്ങളായവയെ ഒഴിവാക്കുക എന്ന നയം സ്വീകരിക്കുക.

സാമൂഹ്യ ജീവിതത്തിൽ മാത്രമല്ല കുടുംബ ജീവിതത്തിലും അനുവർത്തിക്കേണ്ട വളരെ പ്രാധാന്യമർഹിക്കുന്ന ഒരു തത്ത്വമാണത്. കുടുംബ ജീവിതത്തിൽ മറ്റ് കുടുംബാംഗങ്ങളോട് നമ്മുടെ കാഴ്ചപ്പാടിന്റെ സത്യസന്ധതയെ ബോധ്യപ്പെടുത്താൻ പറ്റാത്ത ചില അവസരങ്ങളുണ്ടാകാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ നമ്മൾ ഈ തത്ത്വം സ്വീകരിക്കുക: 'നിങ്ങൾക്ക് നിങ്ങളുടെ വഴിയിൽ ചിന്തിക്കാം, എനിക്ക് എന്റെ വഴിയിലും.'

വ്യത്യസ്തത ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഓരോരുത്തർക്കും തങ്ങളുടെതായ മന:സ്ഥിതിയുണ്ട്. അവർ വ്യത്യസ്ത കോണുകളിലൂടെ കാര്യങ്ങൾ വീക്ഷിക്കുന്നു. അതുപോലെ ഓരോരുത്തർക്കും വ്യത്യസ്ത അഭിരുചികളാണ്. ജനങ്ങളിൽ ഐകരൂപ്യം ഉണ്ടാക്കുക എളുപ്പമല്ല. അത് അസംഭവ്യമായതിനെ സംഭവ്യമാക്കുന്നതുപോലെയാണ്.

ഇത്തരുണത്തിൽ ഖുർആനിൽ പ്രസ്താവിച്ച, 'ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക' എന്ന തത്ത്വം പാലിക്കലാണ് ബുദ്ധി. ലളിതമായി പറഞ്ഞാൽ, നമ്മൾ നമ്മുടെതായ തത്ത്വത്തിലൂന്നി ജീവിക്കുക. മറ്റുള്ളവരെ അവരുടെതായ തത്ത്വത്തിലൂന്നി ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുക. അതാണ് പക്വത, അതാണ് യോജിപ്പ്, അതാണ് നല്ല ജീവിത രീതി.

അവരെ വിനയപൂർവ്വം അവഗണിക്കുക എന്നാൽ അവരുമായി നല്ല രീതിയിൽ ഇടപെടുക എന്നാണർത്ഥം. മത്സരഭാവത്തോടുകൂടെയാണ് അവർ നമ്മെ ചോദ്യം ചെയ്യുന്നതെങ്കിൽ അവരോട് പരോക്ഷമായി പ്രതികരിക്കുക. അല്ലെങ്കിൽ വിഷയത്തിൽ നിന്ന് തെന്നിമാറുക. വിഷയത്തിൽ നിന്ന് വഴിമാറൽ മര്യാദയുള്ള ഒരു പ്രതികരണ രീതിയാണ്. പക്വതയുടെയും ശാന്തമായ മനസ്സിന്റെയും പ്രകടനമാണ് അത്തരത്തിലുള്ള പ്രതികരണങ്ങൾ. അതിലുപരി ശക്തമായ വ്യക്തിത്വത്തിന്റെ അടയാളം കൂടെയാണത്.

## 100

# മൃത്യുബോധം

ഖുർആനിക അധ്യാപനങ്ങളിലെ മുഖ്യമായ ഒരു വിഷയമാണ് മരണം. എല്ലാ മനുഷ്യരുടെയും അവസാനം മരണമാണ്. പക്ഷേ, അത് എപ്പോൾ സംഭവിക്കുന്നുവെന്ന് ആർക്കും അറിയില്ല. വിശുദ്ധ ഖുർആനിലെ, *ലുഖ്മാൻ* എന്ന അധ്യായത്തിൽ മരണത്തെക്കുറിച്ച് ഒരു പരാമർശമുണ്ട്:

*തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യ സമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴ പെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.* (31:34)

മരണം എന്നത് ഒരാളുടെ ഭൂമികുലുക്കം പോലെയാണ്. മനുഷ്യൻ അതിനെ എപ്പോഴാണ് അഭിമുഖീകരിക്കുക എന്നുമാത്രം അറിഞ്ഞുകൂട. ഇഹലോകത്തുനിന്നുള്ള സമ്പൂർണ്ണ വിടുതലാണത്. ഒരാൾ തനിക്കുവേണ്ടി നിർമ്മിച്ച ലോകത്തുനിന്ന് നിർബ്ബന്ധമായ തിരോധാനം.

അതുകൊണ്ട് ഓരോരുത്തരും അടിയന്തരാവസ്ഥയിലെന്നപോലെയാണ് ജീവിക്കുന്നത്. ഓരോ നിമിഷവും അവന്റെ അവസാനത്തേതായിരിക്കാം. ഓരോ ശ്വാസവും അവന്റെ അവസാന ശ്വാസമായിരിക്കാം. ഏതു നിമിഷവും ഭയാനകമായ ആ വിധിയെ നേരിടേണ്ടിവരും. ഒരിക്കലും തിരിച്ചുവരാത്ത ഒരു ബിന്ദുവിൽ എത്തിച്ചേരും.

വളരെ ഗൗരവമുള്ള ഒരു സ്ഥിതിവിശേഷമാണത്. ഓരോ ആണിനും പെണ്ണിനും വലിയൊരു അധ്യാപനമാണ് അത് നല്കുന്നത്. മരണത്തെക്കുറിച്ചുള്ള പുതിയൊരു നീതിശാസ്ത്രം അത് രൂപപ്പെടുത്തുന്നു. ഇതിനെ ഒരു സചേതന ആശയമായിട്ടെടുക്കുമ്പോൾ അത് ഒരാളുടെ ജീവിതശൈലിയെതന്നെ മാറ്റിമറിക്കാം. അത് ഓരോരുത്തരുടേയും ജീവിതശൈലിയെ അടുമുടി മാറ്റിയെടുക്കും.

അനിവാര്യമായ മരണം നമ്മെ ആത്മാർത്ഥതയുള്ള മനുഷ്യനാക്കും. എല്ലാ തരത്തിലുള്ള പാളിച്ചകളിൽ നിന്നും അത് നമ്മെ രക്ഷിക്കും.

നമ്മുടെ ആഗ്രഹങ്ങളും ധൂർത്തും പാടേ ഇല്ലാതാക്കും. മനുഷ്യൻ സ്വ രൂപിച്ചുവെച്ച പദ്ധതികൾ പൊരുളില്ലാത്തതാണെന്ന് അത് അവനോട് പറയും. കാരണം, അത് പ്രാവർത്തികമാക്കുന്നതിനുമുൻപ് അയാൾ മരണമടഞ്ഞേക്കാം. അത് അവന്റെ അനന്തതയിലേക്കുള്ള യാത്രയാണ്.

ഒരാൾക്ക് തന്റെ സഹജരോട് എതിർപ്പ് തോന്നിയേക്കാം. പക്ഷേ, മറ്റുള്ളവർക്കെതിരെ പ്രവർത്തിക്കാൻ ആർക്കുംതന്നെ അധികാരമില്ല.

മനുഷ്യനെ സംതൃപ്തിയോടെ ജീവിക്കാൻ നിർബ്ബന്ധിക്കുന്നുവെ ന്നതാണ് മരണത്തിന്റെ ഏറ്റവും നല്ല സംഭാവന. ആ സംതൃപ്തി യാണ് മനുഷ്യന് ശാന്തിയും സ്വസ്ഥമായ ജീവിതവും പ്രദാനം ചെയ്യു ന്നത്. മരണത്തെക്കുറിച്ച് അറിവില്ലാത്തതുകൊണ്ടാണ് മനുഷ്യന് വീണ്ടും വീണ്ടും സമ്പാദിക്കണമെന്ന തോന്നലുണ്ടാവുന്നത്. എന്നാൽ, ആ സാർവ്വ ലൗകിക സത്യത്തെക്കുറിച്ചുള്ള അവബോധം അവന് സംതൃപ്തി നല്കുന്നു.

ജീവിതത്തെ നിയന്ത്രിക്കുന്ന ഒന്നായി മരണം പ്രവർത്തിക്കുന്നു. അത് ഓരോ മനുഷ്യന്റെയും നല്ല അധ്യാപകനായി പെരുമാറുന്നു. മരണ മെന്ന സങ്കല്പം നമ്മുടെ അഭിലാഷങ്ങളെ നിയന്ത്രിക്കുന്നു. അത് ഒരു മനുഷ്യനെ ആരോഗ്യപരവും ഫലപ്രദവുമായ ജീവിതം നയിക്കാൻ പ്രാ പ്തനാക്കുന്നു. മരണം ഒരാളുടെ ജീവിത ഗതിവേഗത്തെ നിയന്ത്രിക്കു കയും യാഥാർത്ഥ്യബോധമുള്ളവനാക്കുകയും ചെയ്യുന്നു. മരണം മനു ഷ്യന്റെ പരിമിതികളെ ഒറ്റപ്പെടുത്തുന്നതോടൊപ്പം എല്ലാതരം ദുരാഗ്ര ഹങ്ങളെയും അകറ്റി നിർത്തുകയും ചെയ്യുന്നു.

വ്യക്തിജീവിതത്തിലെ തിരുത്തൽ പ്രക്രിയ പോലെ യാണ് മരണം. മരണമെന്ന ആശയം ജീവിതത്തിന് പ്രതിബന്ധമായും സന്തുലിത ശക്തിയായും പ്രവർത്തിക്കുന്നു.

മരണമെന്ന സത്യം സോദ്ദേശ്യപൂർണ്ണമായ ഒരു ജീവിതം നയിക്കാൻ നമ്മെ നിർബ്ബന്ധിക്കും. അത് നമ്മളിൽ ഉദ്ദിഷ്ട ഫലവും മുൻഗണനയും പ്രദാനം ചെയ്യും, ലക്ഷ്യ പ്രാപ്തിക്കുവേണ്ടി നമ്മുടെ ഊർജ്ജവും സമയവും ഉപയോഗപ്പെടുത്തുകയും ചെയ്യും. മരണമെന്ന യാഥാ ർത്ഥ്യം തിരിച്ചറിഞ്ഞവന് ഉദ്ദേശ്യശൂന്യമായ ഒരു ജീവിതം നയിക്കാ നാവില്ല. മരണം ഒരാളുടെ ജീവിതത്തിലെ ദുഃസ്ഥിതിയല്ല. അതിൽ സമ്പൂർണ മായൊരു നന്മയുടെ പാഠമുണ്ട്.

101

# ജീവിതം ഒരു പരീക്ഷണം

വിശുദ്ധ ഖുർആന്റെ കേന്ദ്രാശയം അന്വേഷിച്ചുപോകുന്ന ഒരാൾക്ക് ഖുർആൻ ഒരു കാര്യം ഊന്നിപ്പറയുന്നതായി കാണാം. അതായത് ഫലഹ എന്ന ആശയം. അതേപോലെ സാമ്യമുള്ള വേറെ പദങ്ങളും ഖുർആനിലുണ്ട്. ഫൗസ് തുടങ്ങിയവ. ഫലഹും ഫൗസും വിജയത്തെ സൂചിപ്പിക്കുന്നു. ഖുർആൻ അനുസരിച്ച്, ശരിയായ വിജയം പ്രാപിച്ച വരാണവർ. അവർ പരലോക ജീവിതത്തിൽ വിജയം കണ്ടെത്താൻ ആഗ്രഹിച്ചവരാണ്.

ഖുർആനിന്റെ ഈ നിരീക്ഷണം നന്നായി മനസ്സിലാക്കാൻ രണ്ടു വാക്കുകൾ വളരെ ഉപകാരപ്പെടും. ഉദ്യോഗക്കയറ്റവും ഉദ്യോഗവീഴ്ച യുമാണ് ആ പദങ്ങൾ. നീണ്ട കാലത്തെ സേവന ഫലമായി ഒരാൾക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നുവെന്ന് വിചാരിക്കുക. അത് അയാൾക്ക് ശമ്പള വർദ്ധനയും ആനുകൂല്യങ്ങളും നേടിക്കൊടുക്കുന്നു. ഖുർആൻ അനുസ രിച്ച് ഒരാൾക്ക് മരണത്തോടുകൂടെയാണ് സ്ഥാനക്കയറ്റം ലഭിക്കുക.

ഇഹലോകത്ത് എല്ലാ വിധത്തിലുള്ള വിഭവങ്ങളും സാധ്യമായ ജീവിത പിന്തുണയും നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതൊരു മിനി സ്വർഗമാണ്. നമുക്കിവിടെ നല്കപ്പെട്ട സർവ്വമാന സൗഭാഗ്യങ്ങളും ഒരു പരീക്ഷണമാണെന്നോർക്കുക. ആ ഒരു ചുറ്റു പാടിൽ ഒരാൾ തന്റെ നല്ല പെരുമാറ്റത്തിലൂടെ സ്വർഗത്തിൽ പ്രവേശി ക്കാൻ യോഗ്യനാണെന്ന് തെളിയിക്കുകയാണെങ്കിൽ അയാൾ തെര ഞ്ഞെടുക്കപ്പെടുകയും ശാശ്വതമായ പോരായമകളില്ലാത്ത ലോകത്തേ ക്ക് പ്രമോട്ട് ചെയ്യപ്പെടുകയും ചെയ്യും.

പ്രസ്തുത സ്ഥാനക്കയറ്റം ലഭിക്കുക മരണത്തിനുമുൻപുള്ള കാലം നാം ചെയ്യുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാവും. ഇഹലോകം പറുദീസ പോലെയാണ്. ഒരേയൊരു വ്യത്യാസം, ഇഹലോകത്ത് ഒന്നും സമ്പൂർണ്ണമല്ല എന്നതാണ്. പരലോകം സമ്പൂർണ്ണമാണ്.

പ്രമോഷൻ ലഭിച്ചവർക്ക് തങ്ങളുടെ ഇഹലോക ജീവിതാഭിലാഷ ങ്ങൾ പൂർത്തീകരിച്ച് വരാനിരിക്കുന്ന ലോകത്ത് താമസമൊരുക്കാം. അവിടം സന്തുഷ്ടവും അതിരുകളില്ലാത്തതുമായിരിക്കും. സ്വർഗ ലോക

പ്രവേശനത്തിന് യോഗ്യത നേടിയവർ അനശ്വര ജീവിത സൗഭാഗ്യങ്ങൾ ആസ്വദിക്കുന്നവരാണ്.

സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചവർക്ക് സർവ്വീസ് ബ്രേയിക്ക് എന്നൊരു നിയമമുണ്ട്. അതായത്, ഒരാൾ പത്തുവർഷമോ അതിൽ കൂടുതലോ ജോലി ചെയ്ത ശേഷം കുറച്ചുകാലം സർവ്വീസിൽ നിന്ന് വിട്ടുനിന്നാൽ അയാൾക്ക് കിട്ടുന്ന ശിക്ഷയാണ് ബ്രേയിക്ക് ഇൻ സർവ്വീസ് അല്ലെങ്കിൽ ഉദ്യോഗവീഴ്ച. അതിന് സമാനമാണ് ഇഹലോകത്ത് നല്കപ്പെട്ട അവസരങ്ങൾ ഉപയോഗപ്പെടുത്താത്തവരുടെ അവസ്ഥ. അവരുടെ ആ പരാജയത്തെ ബ്രേയിക്ക് ഇൻ സർവ്വീസ് പോലെ കണക്കാക്കപ്പെടും. ആ നിയമത്തിന് ഒരിക്കലും ഭേദഗതി ഇല്ലെന്നതാണ് ഒരു പ്രത്യേകത. അതിൽ വീഴ്ച വരുത്തുന്നവർക്ക് ദാക്ഷിണ്യലേശമന്യേ നരകത്തിൽ പ്രവേശിക്കേണ്ടിയും വരും. പുതിയൊരു ജീവിതത്തിലേക്ക് മടങ്ങിവരാൻ അവർക്ക് ഒരിക്കലും സാധ്യമല്ല.

ഇഹലോകം സ്വർഗം പോലെയാണെന്ന് ഖുർആനിൽ ഒരു പരാമർശമുണ്ട്:

*സ്വർഗത്തിൽ അവരെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും. അവർക്ക് അതിനെ അവൻ മുമ്പേ പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.* (47:6)

എന്തുകൊണ്ടാണ് ആ സാമ്യത?

അത് ഉത്ഭവിച്ചത് ദൈവത്തിന്റെ ആസൂത്രണത്തിൽ നിന്നാണ്. അനശ്വര സ്വർഗത്തിന് അർഹരായവരെയാണ് കാരുണ്യവാനായ ദൈവത്തിന് വേണ്ടത്. അതുകൊണ്ട് ദൈവം ഇഹലോകത്തുള്ള പലതും സ്വർഗവുമായി സാമ്യമുള്ളതാക്കി. അവരുടെ ഇഹലോക ജീവിതരീതി പരിശോധിച്ച് ആരെല്ലാമാണ് സ്വർഗ ലോകത്തിന് അർഹരെന്ന് തീരുമാനിക്കപ്പെടുന്നു. അങ്ങനെ ഈ ദൈവിക പരീക്ഷണത്തിൽ വിജയിച്ചവരെ വരാനിരിക്കുന്ന പോരായ്മകളില്ലാത്ത സ്വർഗലോക നിവാസികളായി തെരഞ്ഞെടുക്കുന്നു. ഈ ആശയമാണ് ഒരാളെ തന്റെ ഇഹലോക ജീവിതത്തിൽ സൂക്ഷ്മത പാലിക്കാൻ പ്രേരിപ്പിക്കുന്നത്.

## 102

# ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്

വിശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ സത്യം വെളിച്ചവും അസത്യം ഇരുട്ടുമാണ്. അസത്യത്തിൽ ജീവിച്ച് സത്യത്തെ തിരിച്ചറിയുന്ന ഒരാൾക്ക് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കപ്പെടുന്ന പ്രതീതിയാണുണ്ടാവുക. ഇക്കാര്യം ഖുർആനിലെ, *അൻആം* എന്ന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്:

*നിർജ്ജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നല്കുകയും, നാം ഒരു (സത്യ) പ്രകാശം നല്കിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്ത് കടക്കാനാകാത്തവിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ? അങ്ങനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു.* (6:122)

എന്താണ് അസത്യം?

വിശുദ്ധ ഖുർആൻ അനുസരിച്ച്, മനുഷ്യസ്വഭാവത്തിന് അസത്യം അന്യമാണ്. സത്യമാവട്ടെ മനുഷ്യസ്വഭാവത്തിന് അനുസൃതവുമാണ്. സത്യത്തെയും അസത്യത്തെയും തിരിച്ചറിയാൻ ഉപയോഗിക്കേണ്ട അളവുകോലാണത്. ഖുർആൻ അനുസരിച്ച് ദിവ്യ പ്രകൃതിയോടുകൂടെയാണ് എല്ലാവരും ഈ ഭൂമിയിൽ ജനിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, എല്ലാവരുടെയും സ്വഭാവത്തിന്റെ മതം സത്യമാണ്. ശരിയായ സ്വഭാവവും ശരിയായ സത്യവും തമ്മിൽ വകഭേദമില്ല. രണ്ടും തുല്യമാണ്. എല്ലാവരും സത്യം അല്ലെങ്കിൽ ദിവ്യ പ്രകൃതിയെ അനുസരിക്കാൻ വിധിക്കപ്പെട്ടവരാണ്. തടമോ വ്യതിചലനമോ ഇല്ലെങ്കിൽ എല്ലാവരിലും എപ്പോഴും ജീവിതത്തിലും മരണത്തിലും ഈ ദിവ്യപ്രകൃതി ശരിയായി നിലനിൽക്കും. ഈ ദിവ്യപ്രകൃതി ആണിനും പെണ്ണിനും ഓജസ്സുള്ള ഒരധ്യാപികയാണ്. ഒരാൾ ദിവ്യപ്രകൃതിക്കനുകൂലമായി ജീവിച്ചാൽ അയാൾ ജ്ഞാനദീപ്തി കൈവരിച്ച ആളായിമാറും. അയാൾക്ക് കാര്യങ്ങളെ അതാതിന്റെ തനത് സ്വഭാവത്തിൽ കാണാൻ കഴിയും. ശരിതെറ്റുകൾ തിരിച്ചറിയാൻ കഴിയും. ഒരുവൻ തന്റെ പ്രകൃ

തിദത്ത പ്രേരണയെ പിന്തുടരുമ്പോൾ തന്റെ ദിവ്യ പ്രകൃതത്തെ പിന്തുടരാൻ നിർബ്ബന്ധിതനാകുന്നു.

ആ അർത്ഥത്തിൽ ഓരോ ആണും പെണ്ണും ശ്രീ ശരിയും ശ്രീമതി ശരിയുമായാണ് ജനിക്കുന്നത്. ജീവിതത്തിൽ, അഥവാ കുടുംബ ജീവിതത്തിൽ, സാമൂഹ്യ ജീവിതത്തിൽ വ്യതിചലനങ്ങളുണ്ടാകാം. അതിന് വശംവദനാകുന്ന വ്യക്തി ദിവ്യ പ്രകൃതത്തിൽ നിന്ന് സ്വയം വ്യതിചലിക്കുകയാണ്. അങ്ങനെ അവൻ ഇരുട്ടിൽ വഴുതിവീഴുന്നു. എല്ലാറ്റിനെയും അസ്വാഭാവിക വെളിച്ചത്തിലൂടെ കാണുന്നു. കാര്യങ്ങളെ യാഥാർത്ഥ്യ ബോധ്യത്തോടെ കാണാനുള്ള കെൽപ് അവന് നഷ്ടപ്പെടുന്നു.

ഒരാൾ സത്യത്തെ തിരിച്ചറിഞ്ഞോ എന്നറിയാനുള്ള വഴിയെന്താണ്?

അതിനുള്ള അളവുകോൽ മറ്റൊന്നുമല്ല, അയാൾ തന്നെയാണ്. അയാളിൽ പുതിയൊരു വ്യക്തിത്വം ഉടലെടുത്തിട്ടുണ്ടങ്കിൽ അത് കാണിക്കുന്നത് അവനോ അവളോ സത്യത്തെ പ്രാപിച്ചിട്ടുണ്ടെന്നാണ്. ആ തിരിച്ചറിവിന്റെ മാറ്റം അവന്റെ അഥവാ അവളുടെ സംസാരത്തിലും പെരുമാറ്റത്തിലും ക്രയവിക്രയങ്ങളിലും പ്രകടമാകും. സത്യം തിരിച്ചറിഞ്ഞവന്റെ വ്യക്തിത്വം സത്യം തിരിച്ചറിയാത്തവന്റെ വ്യക്തിത്വം പോലെയാവില്ല. അവയെല്ലാം ഒരാളിൽ പ്രകടമാകുമെന്നത് അനിഷേധ്യസത്യം മാത്രമാണ്.

ഒരാൾ മുൻപ് കപടനും ഇപ്പോൾ നിഷ്കളങ്കനും, മുൻപ് പ്രതികാരിയും ഇപ്പോൾ യഥാതഥവാദിയും, മുൻപ് നിഷേധിയും ഇപ്പോൾ ശ്രദ്ധാലുവും, മുൻപ് വാഗ്മിയും ഇപ്പോൾ ഒരു കേൾവിക്കാരനുമാണെങ്കിൽ അയാൾ സത്യത്തെ തിരിച്ചറിഞ്ഞുവെന്ന് നമുക്ക് ന്യായമായും ഊഹിക്കാം. സത്യത്തെ തിരിച്ചറിഞ്ഞവൻ അനുകൂലമായ ഒരു ആവാസ വ്യവസ്ഥയിൽ നട്ടുപിടിപ്പിച്ച മരം പോലെയാണ്. സത്യസന്ധത എന്നത് ആണിനും പെണ്ണിനും ഒരു ആവാസ വ്യവസ്ഥയായി വർത്തിക്കുന്നു. സത്യസന്ധത എല്ലാകാലത്തും ഊർജ്ജസ്വലമായി തഴച്ചുവളരാൻ ഉതകുന്ന അന്തരീക്ഷം പ്രദാനം ചെയ്യുന്നു.

## 103

# സമാധാനത്തിന്റെ തത്ത്വശാസ്ത്രം

രണ്ടു കക്ഷികളെ ബാധിക്കുന്ന വിഷയമാണ് സാമാധാനം. ഏകപക്ഷീയമായ തുടക്കത്തിലൂടെയാണ് അത് നടപ്പാവുക. അല്ലെങ്കിൽ അവിടെ സമാധാനം പ്രതീക്ഷിക്കേണ്ടതില്ല. ഈ ആശയം ഖുർആനിലെ, *അൻഫാൽ* എന്ന അധ്യായത്തിൽ വിശദമാക്കുന്നുണ്ട്:

*ഇനി, അവർ സമാധാനത്തിലേക്ക് ചായ്‌വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്‌വ് കാണിക്കുകയും, അല്ലാഹുവിന്റെ മേൽ ഭരമേല്പിക്കുകയും ചെയ്യുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവൻ.*

*ഇനി അവർ നിന്നെ വഞ്ചിക്കാൻ ഉദ്ദേശിക്കുന്നപക്ഷം തീർച്ചയായും നിനക്ക് അല്ലാഹു മതി. അവനാണ് അവന്റെ സഹായം മുഖേനയും വിശ്വാസികൾ മുഖേനയും നിനക്ക് പിൻബലം നല്കിയവൻ.* (8: 61, 62)

രണ്ട് കക്ഷികൾ തമ്മിൽ വിഭാഗീയത ഉണ്ടാവുകയും ഒടുവിൽ ഒരു കരാറിൽ എത്തിച്ചേരുകയും, മറുവിഭാഗം കരാർ ലംഘിക്കുമോ എന്ന് ഇരുവിഭാഗവും ഭയപ്പെടുകയും ചെയ്യുന്നുവെന്ന് വിചാരിക്കുക. അത്തരം സംശയങ്ങൾ നിലനിൽക്കുന്ന കാലത്തോളം സമാധാനം പുലരുകയില്ല. ദൈവത്തിൽ വിശ്വാസമർപ്പിക്കാനാണ് ഖുർആൻ വിശ്വാസികളെ ഉപദേശിക്കുന്നത്. മറുവിഭാഗത്തിന്റെ സമീപനം എന്തുമാവട്ടെ, അതിനെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല. ദൈവം തങ്ങളോടൊപ്പമുണ്ടെന്ന് അടിയുറച്ച് വിശ്വസിക്കുക. അങ്ങനെയാവുമ്പോഴേ സമാധാനത്തിനുവേണ്ടിയുള്ള ഒത്തുതീർപ്പ് വിജയിക്കുകയുള്ളൂ. ദൈവത്തിൽ വിശ്വാസമർപ്പിക്കൽ പ്രകൃതി നിയമങ്ങളിൽ വിശ്വാസമുറപ്പിക്കലാണ്. സ്രഷ്ടാവ് രൂപകല്പന ചെയ്ത പ്രകൃതി നിയമങ്ങളെ പിൻപറ്റലാണ് ഈ ലോകത്ത് നമുക്ക് സ്വീകരിക്കാവുന്ന ഏറ്റവും നല്ല പ്രായോഗിക മാർഗം.

വിവാദപരമായ കാര്യങ്ങൾ ഉന്നയിക്കുന്നതിൽ നാം ശഠിക്കുകയാണെങ്കിൽ അത് മറുവിഭാഗത്തിന്റെ അഹംബോധത്തെ ഉണർത്തും. ഒത്തുതീർപ്പ് മുൻപത്തെക്കാൾ പ്രയാസകരമാവും. നമ്മുടെ നിർബ്ബ

ന്ധം മറുവിഭാഗത്തിന്റെ പ്രതികരണത്തെ വളർത്തും. ഒത്തുതീർപ്പ് അസാധ്യമാവുകയും ചെയ്യും.

അതുകൊണ്ട് വിവാദങ്ങൾ കഴിവതും ഒഴിവാക്കുക. രണ്ടുവിഭാഗങ്ങളും തമ്മിൽ സമവായത്തിലെത്താൻ അത് സഹായിക്കും. സമവായത്തിന്റെ അടിസ്ഥാനത്തിലേ സമാധാനം സ്ഥാപിക്കാൻ കഴിയൂ എന്ന കാര്യം എപ്പോഴും ഓർക്കുക. സമവായം ഇരുവിഭാഗക്കാർക്കും സ്വീകാര്യമാവും. ഒരാളുടെ ആഗ്രഹങ്ങൾക്കനുസൃതമായി സമവായം കണ്ടെത്താനാവില്ല. പ്രായോഗിക ജ്ഞാനത്തിന്റെ വെളിച്ചത്തിലേ അത് കണ്ടെത്താനാവൂ.

സമാധാനം എന്നാൽ അത് വെറുമൊരു വാക്കല്ല. അത് മറ്റുള്ളവരുടെ ഹൃദയങ്ങൾ തുറക്കുന്ന താക്കോലാണ്. നമ്മൾ സൗമ്യമായിട്ടാണ് ജനങ്ങളെ സമീപിക്കുന്നതെങ്കിൽ അത് മറ്റുള്ളവരെ ശാന്തമാക്കുകയും ഫലം അത്ഭുതമായിരിക്കുകയും ചെയ്യും. ജനങ്ങൾ നമ്മോട് മുന്നിട്ടിറങ്ങാനും മുന്നിലെ ഇരിപ്പിടം കരസ്ഥമാക്കാനും പറയും. നേതൃസ്ഥാനം ഒരിക്കലും ഏറ്റെടുക്കരുത്. എപ്പോഴും അനുയായിയാകാൻ ശ്രമിക്കുക. അതുവഴി മറ്റുള്ളവരുടെ ഹൃദയങ്ങൾ കീഴടക്കാൻ നമുക്ക് സാധിക്കും.

ദൈവത്തിൽ വിശ്വാസമർപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ വിശ്വാസത്തെ ന്യായയുക്തമാക്കുക എന്നതാണ്. യുക്തി, സാമാന്യ ബോധം, ബുദ്ധി, സാഹചര്യത്തെ തന്മയത്വത്തോടുകൂടെ കൈകാര്യം ചെയ്യുന്നതിലൂടെ പരോക്ഷമായി ലഭിച്ചേക്കാവുന്ന ഫലം എന്നിവയിൽ വിശ്വാസമർപ്പിക്കലാണത്. വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതൊരു ദിവ്യാനുഗ്രഹമാണ്. ലൗകിക ഭാഷയിൽ അത് പ്രകൃതി നിയമവുമാണ്.

ഓരോ സംസർഗത്തിൽ നിന്നും പ്രത്യക്ഷവും പരോക്ഷവുമായ രണ്ടുതരം പ്രയോജനങ്ങളാണ് ഉണ്ടാവുക. സമാധാനപരമായ ഒത്തുതീർപ്പുകളിൽ ഇത് പ്രകടമായിരിക്കും. അത്തരത്തിലുള്ള ഓരോ ഒത്തുതീർപ്പിലും ഗുണകരമായ എന്തെങ്കിലും ഉണ്ടാവാതിരിക്കില്ല. പ്രത്യക്ഷത്തിൽ അത്തരം ഗുണങ്ങൾ വലുതായി അനുഭവപ്പെടില്ലെങ്കിലും പരോക്ഷമായി അതിൽ പല ഗുണങ്ങളുമുണ്ടായിരിക്കും. ഒത്തുതീർപ്പുവേളയിൽ നമുക്കത് അനുഭവപ്പെടില്ലെങ്കിലും ഭാവിയിൽ പരോക്ഷമായി ലഭിക്കാവുന്ന ഗുണത്തിനായിരിക്കും പ്രത്യക്ഷ ഗുണത്തേക്കാൾ വിലമതിക്കുക. മറ്റു പ്രശ്നങ്ങൾ സാമാധാനവുമായി കൂട്ടിക്കലർത്തരുതെന്ന് മാത്രം. അതിനുവേണ്ടി സമാധാനം, ഇതിനുവേണ്ടി സമാധാനം എന്നി

ങ്ങനെ വാശിപിടിക്കുന്നത് നല്ലതല്ല. ഒരേയൊരു വഴി, സമാധാനത്തിനു വേണ്ടി സമാധാനം എന്ന തത്ത്വം അംഗീകരിക്കലാണ്.

ഉദാഹരണത്തിന്, നീതിയിലൂടെ സമാധാനം എന്നത് സുഖകരമായ ഒരു ആശയമാണ്. പക്ഷേ, അത് പ്രാവർത്തികമാക്കുക എളുപ്പമല്ല. കാരണം അത്തരത്തിലുള്ള നീക്കം സമാധാനം യാഥാർത്ഥ്യമാക്കുന്നതിനെ തടഞ്ഞുനിർത്തും. സമാധാനത്തിന്റെ ഏറ്റവും വലിയ സവിശേഷത നമ്മൾ ആഗ്രഹിച്ച പരിണിതിയിൽ എത്തിച്ചേരാൻ സമരം ചെയ്യുന്നതിനുള്ള അവസരം അത് നമുക്ക് നൽകും എന്നുള്ളതാണ്. അത് നീതിയിലൂടെയും സമ്പത്തിലൂടെയും ഉള്ള ലാഭത്തേക്കാൾ വലുതും ആയിരിക്കും.

## 104

# മാത്സര്യത്തിന്റെ ലോകം

മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനശിലയായ വ്യക്തികളുടെ അസമത്വത്തിലൂന്നിയാണ് ഒരു സമൂഹം ശ്രദ്ധ പിടിച്ചുപറ്റുന്നത്. ചിലർ വായിൽ വെള്ളിക്കരണ്ടിയുമായാണ് ജനിക്കുന്നതെങ്കിൽ മറ്റുചിലർ പ്രശ്നങ്ങളുടെയും പരിവട്ടങ്ങളുടെയും ഇടയിലാവും ജന്മംകൊള്ളുന്നത്. അത് ദൗർഭാഗ്യകരമാണെങ്കിലും ആ സ്ഥിതിവിശേഷം സംജാതമാകുന്നത് ദൈവത്തിന്റെ മഹത്തായ ആസൂത്രണ ഫലമാണ്. അതിനപിന്നിലെ യുക്തി ഖുർആനിലെ, *അൻആം* എന്ന അധ്യായത്തിൽ വിശദീകരിക്കുന്നുണ്ട്:

*അവനാണ് നിങ്ങളെ ഭൂമിയിൽ പിന്തുടർച്ചാവകാശികളാക്കിയത്. നിങ്ങളിൽ ചിലരെ ചിലരേക്കാൾ പദവികളിൽ അവൻ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കവൻ നല്കിയതിൽ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയും കൂടിയാകുന്നു.* (6:165)

ജനങ്ങൾക്കിടയിലെ അസന്തുലിതാവസ്ഥ യാദൃച്ഛികമല്ല. അത് കരുതിക്കൂട്ടി ആസൂത്രണം ചെയ്യപ്പെട്ടതാണ്. ഒരാളുടെ ജീവിതം വെല്ലുവിളികളെ നേരിടുന്നതാവണമെന്നതാണ് ദൈവഹിതം. അതുകൊണ്ട് അവൻ വ്യക്തികൾക്കിടയിലും ഗ്രൂപ്പുകൾക്കിടയിലും മാത്സര്യം സൃഷ്ടിക്കുന്നു. വെല്ലുവിളികളും മാത്സര്യങ്ങളുമാണ് സമൂഹ പുരോഗതിയുടെ മുഖ്യഹേതു. അല്ലാതെ സന്തുലിതാവസ്ഥയല്ല. അത് മനുഷ്യരുടെ നിലനിൽപ് ഒരിക്കലും നിർജ്ജീവമാവില്ലെന്ന് ഉറപ്പുനല്കുന്നു.

ഒരാളുടെ സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ പരിശ്രമിക്കാനുള്ള അയാളുടെ ത്വരയെ അത് നശിപ്പിച്ചുകളയുമെന്നാണ് മനശ്ശാസ്ത്ര പഠനങ്ങൾ വ്യക്തമാക്കുന്നത്. അയാളുടെ പുരോഗതിയെ അത് കാര്യമായി സ്വാധീനിക്കുകയും ചെയ്യും. അനുകൂല സാഹചര്യങ്ങളിൽ കഴിയുന്ന മനുഷ്യന് വിജയിക്കാനാവില്ലെന്നാണ് ചരിത്രം പറയുന്നത്.

ഓരോ മനുഷ്യനും ജനിക്കുന്നത് അതിരറ്റ കഴിവുകളോടുകൂടിയാണ്. വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങൾ മനുഷ്യമനസ്സുകളെ

ഉണർത്തുകയും കഴിവുകളെ യാഥാർത്ഥ്യമാക്കി പരിവർത്തിപ്പിക്കുക യും ചെയ്യുന്നു. അതാണ് പ്രകൃതിദത്തമായ വളർച്ചയും പുരോഗതിയും.

മാത്സര്യങ്ങളുടെ ഈ ലോകത്ത് ഏതൊരു വിജയത്തിനും പോരാട്ട ത്തിന്റെ കഥ പറയാനുണ്ടാവും. ദരിദ്ര കുടുംബത്തിൽ ജനിച്ച എത്രയോ വ്യക്തികൾ ദാരിദ്ര്യത്തെ പ്രചോദനമായി കണ്ടുകൊണ്ട് സ്വപരിശ്ര മത്താൽ അത്ഭുതകരങ്ങളായ വിജയം കൈവരിച്ചതിന്റെ ധാരാളം തെളിവുകൾ നമുക്കുചുറ്റിലുമുണ്ട്. ദരിദ്ര കുടുംബത്തിൽ ജനിച്ച എത്രയോ പേർ സമൂഹത്തിൽ ബഹുമാന്യരായി മാറുകയും തങ്ങളുടെ കുടുംബത്തിനും വരും തലമുറയ്ക്കും ധാരാളം സമ്പാദിച്ചുവെച്ചതിന്റെ ഉദാഹരണങ്ങളും നമുടെ മുന്നിലുണ്ട്.

നമ്മുടെ ലോകം എന്നും കർമ്മനിരതമാണ്. പകലെന്നോ രാവെന്നോ വ്യത്യാസമില്ലാതെ പ്രപഞ്ചം സദാ കർമ്മനിരതമാണ്. അത്തരം പ്രവ ർത്തനങ്ങൾ മനുഷ്യർക്കും വേണ്ടതുണ്ട്. പ്രപഞ്ചത്തിലുള്ള മറ്റ് വസ്തു ക്കൾ കർമ്മനിരതമാകുന്നത് പ്രകൃതിനിയമങ്ങൾക്കനുസരിച്ചാണെങ്കിൽ, കർമ്മനിരതമാകാനോ അല്ലെങ്കിൽ ഇച്ഛാനുസരണം അലസനായിരി ക്കാനോ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്.

മനുഷ്യൻ സ്വതന്ത്രനാണ്. സ്വജീവിതം ആസൂത്രണം ചെയ്യാനും അവന് സ്വാതന്ത്ര്യമുണ്ട്. തെരഞ്ഞെടുക്കാനുള്ള അവന്റെ സ്വാതന്ത്ര്യം അന്തസ്സുള്ള കാര്യമാണ്. അതുപയോഗിച്ച് അവന് തന്റെ ഭാഗധേയം നിർണ്ണയിക്കാം. ദൈവം മനുഷ്യന് നല്കിയ വരദാനമാണത്. അക്കാര്യം ഖുർആനിൽ വ്യക്തമാക്കുന്നുണ്ട്:

*തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാം അവർക്ക് ഉപജീവനം നല്കുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നല്കുകയും ചെയ്തിരിക്കുന്നു.* (17:70)

ജനങ്ങൾ സാധാരണയായി പറഞ്ഞുനടക്കുന്ന ജീവിത ക്ലേശങ്ങൾ ചില പ്രത്യേക തരം പ്രശ്നങ്ങളാൽ അസഹ്യപ്പെടുന്നവയല്ല. മനുഷ്യൻ നേരിടുന്ന ജീവിത പ്രശ്നങ്ങൾ താത്കാലികം മാത്രമാണ്. അതിനെ അതിജീവിക്കാൻ മനുഷ്യന് ജന്മനാ ശേഷിയുണ്ട്. തിന്മയെ നന്മയാ ക്കാനും പരാജയങ്ങളിൽ നിന്ന് വിജയം കൈവരിക്കാനും അവന് കഴിയും. അവസാനിക്കാൻ പോകുന്നുവെന്ന് തോന്നിപ്പിക്കുന്നതിൽ നിന്ന് പുതിയൊരു തുടക്കം കുറിക്കാനും അവന് കഴിയും.

105

# കൂടിയാലോചന

വിശുദ്ധ ഖുർആനിലെ ഒരധ്യായം *ശൂറാ* അഥവാ കൂടിയാലോചന യെക്കുറിച്ചാണ്. ഈ അധ്യായത്തിലൂടെ ജനങ്ങളോട് കൂടിയാലോച നയുടെ ഗുണങ്ങൾ ഉത്ബോധിപ്പിക്കുകയാണ് ഖുർആൻ. മനുഷ്യർക്കി ടയിലുള്ള പ്രശ്നങ്ങൾ ചർച്ചകളിലൂടെയും ഉപദേശ നിർദ്ദേശങ്ങളിലൂ ടെയും ഒത്തുതീർക്കാനാവും.

പ്രസ്തുത അധ്യായത്തിൽ, ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കുന്ന തിന് വിശ്വാസികൾക്കുണ്ടായിരിക്കേണ്ട സദ്ഗുണങ്ങൾ നിർദ്ദേശിക്കു ന്നിടത്ത് ആണ് അത് വിവരിച്ചത്:

*തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, തങ്ങളുടെ കാര്യം തീരു മാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കു കയും, നാം നല്കിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തവ രാരോ, അവർക്കും.* (42:38)

എന്താണ് കൂടിയാലോചന?

തീരുമാനമെടുക്കുന്നതിനുമുൻപ് അതേക്കുറിച്ച് മറ്റൊരാളുമായി നടത്തുന്ന ചർച്ചയാണത്. കൂടിയാലോചന ഒറ്റപ്പെട്ട ഒരു ശീലമല്ല. നിസ്വാർത്ഥത, എളിമ, ജാഗ്രത, അറിയാനുള്ള താത്പര്യം എന്നീ ഗുണ ങ്ങളിൽ നിന്നാണ് അതിലേർപ്പെടാനുള്ള താത്പര്യം ഉടലെടുക്കുക. ഈ ഗുണങ്ങളുടെ അഭാവത്തിൽ ഒരാൾക്ക് നിസ്വാർത്ഥമായി കൂടി യാലോചനയിൽ പങ്കെടുക്കാനാവില്ല. ഓരാളിലെ ദൈവ വിശ്വാസം ഇത്തരത്തിലുള്ള എല്ലാ ഗുണവിശേഷങ്ങളെയും ഒന്നിച്ചു കൊണ്ടു പോവുകയും ജീവിതവ്യവഹാരങ്ങളിൽ അയാളെ നിസ്വാർത്ഥനാക്കു കയും ചെയ്യുന്നു. ഈ നിസ്വാർത്ഥതയും എളിമയും ഏതൊരു കാര്യ ത്തിലും മറ്റുള്ളവരുമായി കൂടിയാലോചിക്കാതെ തീരുമാനമെടുക്കരു തെന്ന് ഉണർത്തുന്നു.

മറ്റുള്ളവരുടെ അനുഭവപാഠങ്ങൾ ഉൾക്കൊള്ളൽ കൂടിയാലോച നയെ സമ്പന്നമാക്കും. ഒരിക്കലും ഒരാളോടും ഒന്നും കൂടിയാലോചി ക്കാത്തവർ പകുതി മനുഷ്യനേ ആകുന്നുള്ളൂ. എന്നാൽ, മറ്റുള്ളവരുമായി

കൂടിയാലോചിക്കുമ്പോൾ അയാൾ ഒരു പരിപൂർണ്ണ മനുഷ്യനായി മാറുന്നുണ്ട്. കൂടിയാലോചന ഒരു വ്യക്തിക്ക് മാത്രമല്ല സമൂഹത്തിനും പ്രയോജനകരമാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം കൂടിയാലോചനകളിലൂടെയും ചർച്ചകളിലൂടെയും അവന്റെ വ്യക്തിത്വം വികസിക്കുന്നു. കൂടിയാലോചിക്കൽ ഒരാളെ ഒരു മികച്ച വ്യക്തിത്വത്തിന്റെ ഉടമയാക്കിമാറ്റുന്നു. അത്തരം വ്യക്തികളടങ്ങിയ സമൂഹം ഉത്തമ സമൂഹമായിത്തീരുന്നു.

ഉത്തമ സമൂഹത്തിലെ വ്യക്തികൾ പരസ്പരം വിശ്വാസമർപ്പിക്കുകയും സഹായിക്കുകയും കുടുംബാംഗങ്ങളോടെന്നപോലെ പെരുമാറുകയും ചെയ്യുന്നു. കൂടിയാലോചന എന്നത് പ്രധാന പ്രശ്നങ്ങളെ മാത്രം അഭിസംബോധന ചെയ്യുന്നവയല്ല. പ്രധാന പ്രശ്നങ്ങൾക്ക് കൂടിയാലോചനകൾ അത്യാവശ്യമാണെങ്കിലും അതിനേക്കാൾ പ്രധാനമാണ് വ്യക്തികൾ തമ്മിലുള്ള കൂടിയാലോചനകൾ. ഓരോരുത്തരും തങ്ങളുടെ ദൈനംദിന ജീവിതത്തിൽ മറ്റുള്ളവരുടെ ഉപദേശങ്ങൾ സ്വീകരിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ അംഗങ്ങൾ തമ്മിലുള്ള കൂടിയാലോചനകൾ പരസ്പര ബന്ധം ഊട്ടിയുറപ്പിക്കും. വിശ്വാസവും സഹകരണ മനോഭാവവുമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ കൂടിയാലോചനക്ക് സുപ്രധാന പങ്കുണ്ട്.

കൂടിയാലോചന വ്യക്തിഗതമായി നിർവ്വഹിക്കുന്ന ഒന്നല്ല. അത് ഒരു ഉഭയകക്ഷി കൈമാറ്റമാണ്. കൂടിയാലോചന പരസ്പര കൈമാറ്റമാണ്. ശരിയായ അർത്ഥത്തിൽ അത് ബുദ്ധിവികാസത്തിന്റെ ഉറവിടം കൂടിയാണ്. രണ്ട് വ്യക്തികൾ തമ്മിൽ ഒരു വിഷയം ചർച്ചചെയ്യുമ്പോൾ മൂന്നാമതൊരാശയം ഉയർന്നുവരുന്നു. ആ ആശയം വ്യക്തിവികാസത്തിലേക്ക് നയിക്കുന്നു.

കൂടിയാലോചന ഒരർത്ഥത്തിൽ കൊടുക്കൽ വാങ്ങൽ പ്രക്രിയയാണ്. നമ്മൾ ഒരു കാര്യത്തെക്കുറിച്ച് മറ്റൊരാളോട് ചർച്ചചെയ്യുമ്പോൾ അത് വെറുമൊരു അധരവ്യായാമമല്ല. ചർച്ചയിലൂടെ നമ്മൾ മറ്റുള്ളവരിൽ നിന്ന് ചിലത് സ്വീകരിക്കുകയും അവർക്ക് ചിലത് കൊടുക്കുകയും ചെയ്യുന്നുണ്ട്.

ഫലപ്രദമായ കൂടിയാലോചനയിൽ നിബന്ധനകൾക്കോ വ്യവസ്ഥകൾക്കോ സ്ഥാനമില്ല. അത്തരം കൂടിയാലോചനകൾ സമ്പന്നനും ദരിദ്രനും തമ്മിലും, മൂത്തവനും ഇളയവനും തമ്മിലും, സ്ത്രീയും പുരുഷനും തമ്മിലും, വിദ്യാസമ്പന്നനും നിരക്ഷരനും തമ്മിലും, ചുരുക്കത്തിൽ ആരുതമ്മിലും സാധ്യമാണ്. അതിന് പ്രത്യേക വകഭേദങ്ങളില്ല.

അങ്ങനെ എല്ലാവരെയും ഉൾക്കൊള്ളിക്കാൻ കഴിയുന്ന കൂടിയാലോചനകളാണ് ആദ്യന്തം ഫലപ്രദമാവുക. രണ്ട് വിഭാഗങ്ങൾക്കും തുറന്ന മനസ്സായിരിക്കണമെന്നാണ് ഫലവത്തായ കൂടിയാലോചനക്കുണ്ടായിരിക്കേണ്ട ഗുണം. ഇരു കക്ഷികളും പക്ഷപാത രഹിതമായി തങ്ങളുടെ യോഗ്യതകൾക്കനുസരിച്ച് രൂപപ്പെടുത്തുന്ന അഭിപ്രായങ്ങൾ അംഗീകരിക്കാൻ തയ്യാറാവണം എന്നുമാത്രം.

## 106

# മാലാഖമാരെ കൂട്ടുപിടിക്കുക

ജീവിതത്തിന്റെ ഏതുസാഹചര്യത്തിലും എല്ലാവരെയും എപ്പോഴും പിന്തുണക്കുന്ന ഒരു കൂട്ടുകാരനെ ആവശ്യമുണ്ട്. ഖുർആൻ അനുസരിച്ച്, വിശ്വാസയോഗ്യനായ ആ കൂട്ടുകാരൻ മാലാഖമാരല്ലാതെ മറ്റാരുമല്ല. ഖുർആനിലെ, *ഫുസ്വിലത്ത്* എന്ന അധ്യായത്തിൽ ആ ആശയം വിശദീകരിക്കുന്നുണ്ട്:

*ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട; നിങ്ങൾക്ക് വാഗ്ദാനം നല്കപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക.*

*ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും.* (41: 30, 31)

ഖുർആൻ നമ്മോട് പറയുന്നത് എല്ലാ സ്ത്രീപുരുഷന്മാരുടെയും ഏറ്റവും വലിയ അനുഗ്രഹം അവർക്ക് കൂട്ടുകാരായി മലക്കുകൾ ഉണ്ട് എന്നതാണ്. ഇഹലോകത്തും പരലോകത്തും നമ്മെ സഹായിക്കുന്നത് അവരാണ്. സ്വർഗമെന്ന ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ രാപ്പകലന്യേ അവർ നമ്മെ സഹായിച്ചുകൊണ്ടിരിക്കും. കാരുണ്യവാനായ ദൈവത്തിൽ വിശ്വാസമർപ്പിച്ചവർക്കുള്ള സന്തോഷവാർത്തയാണത്.

മാലാഖമാരെ കൂട്ടുകാരാക്കാൻ അനുഗ്രഹം ലഭിക്കുന്ന സ്ത്രീപുരുഷന്മാർ ആരൊക്കെയായിരിക്കും?

മേലുദ്ധരിച്ച സൂക്തത്തിൽ അടിസ്ഥാനപരമായി രണ്ടുകാര്യങ്ങളേ ഖുർആൻ വ്യക്തമാക്കുന്നുള്ളു. ഈ കാര്യങ്ങൾ മനുഷ്യന്റെ നാനാവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നതും, ഭാഗ്യം സിദ്ധിച്ച ഏതാത്മാവിനാണ് ഈ സൗഭാഗ്യം ലഭിക്കുക എന്ന് തീരുമാനിക്കുന്നതുമാണ്.

ഖുർആൻ നല്കുന്ന ആദ്യത്തെ ഉപാധി, ഒരു വിശ്വാസി ആരാധിക്കേണ്ടത് ഏക ദൈവത്തെ മാത്രമായിരിക്കണം. അത് വെറും പാഴ്വാക്കായി തള്ളരുത്. അത് തിരിച്ചറിവിലൂടെ വരേണ്ടതാണ്. ഒരാൾ ദൈവത്തെ തിരിച്ചറിഞ്ഞാൽ അയാൾ ദിവ്യാധിഷ്ഠിതമായ ഒരു ജീവിതം അതിന്റെ അന്തസത്തയിൽ ഊന്നിക്കൊണ്ട് കൈകൊള്ളുമെന്നാണതിനർത്ഥം. അതായത് അയാൾ ദിവ്യാധിഷ്ഠിതമായ പെരുമാറ്റം, വിചാരം, സമീപനം മുതലായവ കൈകൊള്ളും. ചുരുക്കത്തിൽ, അദ്ദേഹത്തിന് ഒരു ദിവ്യ ഭാവം കൈവരും. അദ്ദേഹത്തിന്റെ മുഴുവൻ താത്പര്യവും ദൈവത്തിന്റെ അധീനത്തിലായിത്തീരും.

ഖുർആൻ മുന്നോട്ടുവെക്കുന്ന രണ്ടാമത്തെ ഉപാധി, വിശ്വാസി ദൃഢചിത്തനായിരിക്കണം എന്നതാണ്. അയാൾ തന്റെ തീരുമാനങ്ങളിൽ ജാഗ്രത പുലർത്തുകയും ദിവ്യ പാതയിൽ നിന്ന് വ്യതിചലിക്കാതിരിക്കുവാൻ ശ്രമിക്കുകയും വേണം. ശ്രദ്ധ വഴിമാറിപ്പോകാതിരിക്കാൻ പരിശ്രമിക്കുകയും വേണം. പ്രസ്താവിച്ച രണ്ടാമത്തെ വ്യവസ്ഥ അർത്ഥമാക്കുന്നത്, പൂർണ്ണമനസ്സോടെ ദൈവാരാധന ഏക ലക്ഷ്യമായി അംഗീകരിക്കുകയും, അതിനോട് ആത്മാർത്ഥത പ്രകടിപ്പിക്കലുമാണ്.

ഈ രണ്ട് ഉപാധികളും ദിവ്യ സംസ്കാരത്തിന്റെ പ്രധാന ഭാഗങ്ങളാണ്. ആ സംസ്കാരത്തെ ഗൗരവമായി എടുക്കുന്നവരിലേക്ക് മലക്കുകൾ ഇറങ്ങുന്നതായിരിക്കും. അത് ഗോപ്യമായ ഒരനുഭവമാണെങ്കിലും ആര് ആ സംസ്കാരത്തെ ഗൗരവമായി എടുക്കുന്നുവോ അവന് അതിന്റെ ഗുണങ്ങൾ ആശ്വാസമായോ മനഃശാന്തിയായോ സമ്മർദ്ദവിമുക്തമായോ ലഭിക്കുന്നതായി അനുഭവപ്പെടും. ചീത്ത വിചാരങ്ങളിൽ നിന്ന് മുക്തി ലഭിച്ചതായി തോന്നും. പൂർണ്ണാർത്ഥത്തിലുള്ള വ്യക്തിവൈശിഷ്ട്യം അവനിൽ രൂപപ്പെടും.

അത്തരത്തിലുള്ള ഒരനുഭവം ഒരാൾക്കുണ്ടായാൽ മലക്കുകളുടെ സാന്നിധ്യമുണ്ടെന്ന് അയാൾക്ക് മനസ്സിലാക്കാം. അതുവഴി സ്വർഗ സരണി പിന്തുടർന്നുകൊണ്ടുള്ള ഒരു ആത്മീയ ജീവിതം നയിക്കാൻ അയാൾക്ക് സാധിക്കും.

## 107

# ഏകാഗ്രചിന്ത

മതത്തിലും ആത്മീയതയിലും ഊന്നിക്കൊണ്ടുള്ളതാണ് ഖുർആനിലെ അധ്യാപനങ്ങൾ. ഏതൊരു മത അധ്യാപനങ്ങളിലും മതേതരമോ ലൗകികമോ ആയ ചില അംശങ്ങൾ അടങ്ങിയിട്ടുണ്ടാവും. വിശുദ്ധ ഖുർആനും അതിൽ നിന്ന് ഭിന്നമല്ല. ഉദാഹരണത്തിന്, റമളാനിലെ വ്രതാനുഷ്ഠാനം. അതൊരു ഖുർആനിക അധ്യാപനമാണ്. അതേസമയം ഒരാളുടെ ആരോഗ്യത്തിന് ഗുണകരമാണെന്ന മതേതര വശം കൂടെ അതിനുണ്ട്. തൗഹീദിന്റെ കാര്യത്തിലും അത് ശരിയാണ്. ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട അധ്യാപനമാണത്. ദൈവത്തിന്റെ ഏകത്വം എന്നാണതിനർത്ഥം. ആരാധ്യനായി ദൈവമല്ലാതെ മറ്റാരുമില്ല. അക്കാര്യം വ്യക്തമാക്കുന്ന ഖുർആനിക വചനം ശ്രദ്ധിക്കാം:

*(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനും.* (112: 1-4)

ഇത് ദിവ്യ പ്രമാണമാണെങ്കിലും അതിന് തീർച്ചയായും അതിന്റെതായ മതേതര സ്വഭാവവുമുണ്ട്. അതായത് ദൃഢമായ ചിന്ത. ഒരു വിശ്വാസി ദൈവം ഏകനാണെന്ന് അംഗീകരിക്കുന്നതോടുകൂടെ ഏകാഗ്രത എന്ന സ്വഭാവം അവനിൽ വളരുന്നു. ഏകാഗ്രത എന്നാൽ ഒരാളുടെ ചിന്തകളും പ്രയത്നങ്ങളും ഓരേയൊരാശയത്തിൽ കേന്ദ്രീകരിക്കുവാനുള്ള കഴിവാണ്.

തൗഹീദിലുള്ള വിശ്വാസം ഒരാളിൽ ഏകീകൃതവും ദൃഢവുമായ വ്യക്തിത്വം വളർത്തുന്നു. അങ്ങനെയുള്ള വ്യക്തിത്വം ഏകാഗ്രതയുള്ള മനസ്സിന് കാരണമാകുന്നു. ഒന്നാമതായി, ഏകാഗ്രചിന്ത മതപരമായ വിശ്വാസത്തിന്റെ ഭാവം പ്രകടമാക്കും. പക്ഷേ, പ്രകൃതി നിയമമനുസരിച്ച്, ഒരു വിശ്വാസിയുടെ വ്യക്തിത്വത്തിൽ അത് പ്രകടമാക്കുന്നതിനുവേണ്ടി അയാളുടെ സ്വഭാവത്തെ ആ വിശ്വാസം നിജപ്പെടുത്തുകയും പാകപ്പെടുത്തുകയും ചെയ്യുന്നു.

അങ്ങനെ തൗഹീദ് ഏകാഗ്ര ചിന്തയിലേക്ക് നയിക്കുന്നു. അതുവഴി ഒരു മനുഷ്യനെ ചിന്നിച്ചിതറിയ മനസ്സിന്റെ അഥവാ ഭിന്നതയുള്ള വ്യക്തിത്വത്തിന്റെ ഇരയാകുന്നതിൽ നിന്ന് തടയുന്നു. അത്തരത്തിലുള്ള ചിന്ത ഒരാളെ ഒരു ഏകീകൃത വ്യക്തിത്വത്തിന്റെ ഉടമയാക്കുന്നു. ഏകീകൃത വ്യക്തിത്വമാണ് സ്ത്രീപുരുഷന്മാരുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണം.

മാനസിക പ്രശ്നങ്ങളിൽ നിന്ന് രക്ഷിക്കുന്നു എന്നതാണ് അതിന്റെ മറ്റൊരു ഗുണം. നമ്മുടെ എല്ലാ പ്രയത്നങ്ങളും ഒരേയൊരു ബിന്ദുവിൽ കേന്ദ്രീകരിക്കാൻ അത് സഹായിക്കുന്നു. അങ്ങനെ എല്ലാ തരം മാനസിക വിഭ്രമങ്ങളിൽ നിന്നും, ചാഞ്ചാടിയ മനസ്സിൽ നിന്നും മുക്തി ലഭിക്കുന്നു.

ഏകാഗ്രചിന്ത പ്രസക്തവും അപ്രസക്തവും, യാഥാർത്ഥ്യവും അയാഥാർത്ഥ്യവും വേർത്തിരിച്ചറിയാനുള്ള പ്രാപ്തി കൈവരുത്തുന്നു. അത് നിതാന്ത പരിശ്രമത്തിലേക്ക് നയിക്കും. ഒരാളുടെ സമയവും ഊർജ്ജവും നിഷ്ഫലമല്ലെന്ന് ഉറപ്പുവരുത്തും. ഒരു തരത്തിലുമുള്ള വ്യതിചലനങ്ങളില്ലാതെ ഒരേ വഴിയിലൂടെ ഒരേയൊരു മാർഗം പിന്തുടരലാണ്, ഏകാഗ്രചിന്തകൊണ്ട് അർത്ഥമാക്കുന്നത്. ആ ഒരു ചിന്താഗതിയിൽ വ്യാപൃതനാവുന്നവന് ജീവിതവിജയം കൈവരിക്കാം.

ആധുനിക ശാസ്ത്രത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന സർ ഐസക്ക് ന്യൂട്ടൻ ഏകാഗ്രചിന്തയിൽ കഴിവ് നേടിയിരുന്നുവത്രെ. വലിയ ചിന്തകന്മാരും ജീവിത വിജയം നേടിയവരും ആ കഴിവ് പ്രദർശിപ്പിച്ചിരുന്നു. ആ സൗഭാഗ്യം കൈവരിക്കാതെ ജീവിതവിജയം നേടിയവർ ചരിത്രത്തിൽ വിരളമാണ്. ഏകാഗ്രചിന്ത ആണിന്റെയും പെണ്ണിന്റെയും ഉയർന്ന യോഗ്യതയായി കണക്കാക്കപ്പെടുന്നു.

ഒരു വിശ്വാസി വിശ്വാസത്തിന്റെ പേരിൽ ഏകാഗ്രചിന്ത പരിശീലിക്കുകയാണെങ്കിൽ അതിനെ മത കാര്യങ്ങളിൽ മാത്രമായി ഒതുക്കാനാവില്ല. സ്വാഭാവികമായി മനുഷ്യ മനസ്സിന്റെ സർവ്വ മണ്ഡലങ്ങളിലേക്കും അത് വികസിക്കും. ഏക ദൈവ വിശ്വാസി ഏക ലക്ഷ്യത്തിന്റെ വിശ്വാസിയായിമാറുന്നു. മതത്തിന്റെ കാര്യത്തിൽ അതവന് ഏകദൈവ വിശ്വാസമാണെങ്കിൽ മതേതര വിഷയത്തിൽ അത് ഏകാഗ്ര ചിന്ത എന്നാവും. അവിടെ മതവും മതേതരവും ജീവിത വഴിയിലൂടെ കൈകോർക്കുന്നു.

## 108

# വ്യക്തിയും സമൂഹവും

വിശുദ്ധ ഖുർആന് സാമൂഹ്യ ബാധ്യതകളെക്കുറിച്ചും ജീവിത കൂട്ടായ്മകളെക്കുറിച്ചും ധാരാളം പറയാനുണ്ട്. ഒരു സമൂഹത്തിൽ ഒരുമയും ഐക്യദാർഢ്യവും ഇല്ലെങ്കിൽ ആ സമൂഹം ആരോഗ്യ പൂർണ്ണമാവില്ല എന്ന യാഥാർത്ഥ്യമാണ് അതിലേറ്റവും പ്രധാനപ്പെട്ടത്. അക്കാര്യം, *ആലു ഇംറാൻ* എന്ന അധ്യായത്തിലൂടെ ഖുർആൻ മുന്നോട്ടുവെക്കുന്നു:

*നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമ്മാർഗം പ്രാപിക്കുവാൻ വേണ്ടി.* (3:103)

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സമൂഹത്തിൽ ജീവിച്ചുകൊണ്ടല്ലാതെ അവന് തന്റെ ആവശ്യങ്ങൾ നിറവേറ്റാനാവില്ല. മത്സ്യത്തിന് വെള്ളം അതിജീവനത്തിന് ആവശ്യമുള്ളതുപോലെ വ്യക്തി ജീവിതത്തിന് സമൂഹം അത്യാവശ്യമാണ്. സാമൂഹ്യ കൂട്ടായ്മ ഏകപക്ഷീയമായി നിറവേറ്റാവുന്ന ഒന്നല്ല. സമൂഹത്തിലെ ഒരംഗത്തിനും അവന്റെയോ അവളുടെയോ സ്വാർത്ഥ താത്പര്യമനുസരിച്ച് സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കാനാവില്ല. വ്യക്തി ത്യാഗത്തിന്റെ വിലകൊടുത്ത് നേടിയെടുക്കേണ്ടതാണ് സമൂഹത്തിന്റെ ഒരുമ.

സാമൂഹ്യ കൂട്ടായ്മയിൽ വ്യക്തിസ്വാതന്ത്ര്യത്തിന് ചോർച്ച സംഭവിക്കാറുണ്ട്. അതൊരു ചെറിയ കാര്യമാണ്. ആ ചെറിയ വില നല്കാൻ വ്യക്തികൾ തയ്യാറില്ലെങ്കിൽ അവർ വലിയ തുക നല്കാൻ ബാധ്യസ്ഥരാകും. അതാണ് സാമൂഹ്യ അരാജകത്വം. സാമൂഹ്യ അരാജകത്വം ഒരംഗത്തിനും ഉപകാരം ചെയ്യില്ല. ഓരോ അംഗവും മറ്റുള്ളവരുമായി

സഹകരിക്കുക എന്ന തത്ത്വമാണ് സ്വീകരിക്കേണ്ടത്. അതുവഴി സാമൂഹ്യകൂട്ടായ്മ നിലനിർത്താൻ കഴിയും.

വ്യക്തിവാദം ഒരു നല്ല ആശയമാണെന്ന് തോന്നുമെങ്കിലും അത് ഗുണം ചെയ്യില്ല എന്നതുകൊണ്ടുതന്നെ ആ ആശയം സ്വീകാര്യമല്ല. വ്യക്തിതാത്പര്യങ്ങൾക്ക് യാതൊരുവിധ കോട്ടവുമില്ലെങ്കിൽ സമൂഹത്തിലെ മറ്റംഗങ്ങളുടെ ക്ഷേമപ്രവർത്തനത്തിൽ നിന്ന് അവൻ പിന്തിരിയും. എന്നാൽ എപ്പോൾ അവന്റെ താത്പര്യങ്ങൾ അപകടത്തിലാവുന്നുവോ അപ്പോഴവൻ മറ്റുള്ളവരുമായി യോജിക്കാൻ നിർബ്ബന്ധിതനാകും. സാമൂഹ്യ സമ്മർദ്ദം അവനിൽ അവഗണിക്കാൻ സാധിക്കാത്തത്ര രൂക്ഷമാകും. സ്വന്തം താത്പര്യങ്ങൾ മാത്രം പരിഗണിക്കുന്ന വ്യക്തി ഒരു കപടഭക്തനായി തരംതാഴും.

വ്യക്തിവാദം വ്യക്തിക്ക് ഹാനികരമാണ്. അത് പിന്തുടരുന്നവന്റെ വ്യക്തിത്വ വികാസത്തിന് തടസ്സം സൃഷ്ടിക്കും. സാമൂഹ്യ ഇടപാടുകളിൽ നിന്ന് മാറിനിന്നുകൊണ്ട് വ്യക്തിവാദം പ്രാവർത്തികമാക്കുന്ന സ്വഭാവത്തിന് നല്ല വില കൊടുക്കേണ്ടിയും വരും. അതവന്റെ വ്യക്തിത്വ വികസനത്തെ നശിപ്പിക്കുകയും ചെയ്യും.

സമൂഹമെന്നാൽ ഒരു സ്കൂൾ പോലെയാണ്. അവിടെ വിദ്യാർത്ഥി അറിവിലൂടെയും പ്രവർത്തിയിലൂടെയും പരിശീലനം നേടുകയാണ്. സാമൂഹ്യ ജീവിതത്തിന് പകരമായി മറ്റൊന്നില്ല. എത്രമാത്രം അറിവ് സമ്പാദിച്ചാലും സമൂഹത്തിൽ ഒറ്റപ്പെട്ടുജീവിക്കുക അസാധ്യമാണ്.

സർവ്വ സ്ത്രീപുരുഷന്മാർക്കും പ്രകൃതിദത്തമായ പരിചയം നല്കുന്ന സ്ഥാപനമാണ് സമൂഹം. മൂല്യവത്തായ ഒട്ടേറെ അനുഭവ സമ്പത്ത് സൗജന്യമായി അത് നല്കുന്നു. നമ്മൾ സാധാരണ പറയാറുള്ളതുപോലെ പരിശീലന കേന്ദ്രങ്ങൾക്ക് സമൂഹത്തിനുപകരം നിൽക്കാനാവില്ല. അംഗങ്ങളുടെ പരസ്പര വ്യവഹാരത്തിലൂടെ എല്ലാ തരത്തിലുമുള്ള സംഭവങ്ങളും അവിടെ ചർച്ചാവിഷയമാവുന്നു.

ഒരാൾക്ക് സ്വന്തമായി ജീവിക്കാൻ കഴിയുമെന്ന തെറ്റായ ധാരണയിൽ നിന്ന് രൂപം കൊണ്ടതാണ് വ്യക്തിവാദം. ആ ചിന്താഗതി പ്രാവർത്തികമല്ല. ഓരോ അംഗവും പല രീതിയിൽ സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിക്ക് സമൂഹത്തിൽ നിന്ന് മാറിനിൽക്കാനാവില്ല. വിട്ടുനിൽക്കുന്ന ഓരോ അവസരവും അവനെ പ്രതിസന്ധികളിലേക്കും ആത്മഹത്യയിലേക്കും നയിക്കും.

## 109

# യുക്തിചിന്ത

വിശുദ്ധ ഖുർആൻ യുക്തിപ്രഭാവത്തിന് വളരെ പ്രാധാന്യം നല്കുന്നുണ്ട്. അതുസംബന്ധിയായി ഡസനിലധികം ആയത്തുകൾ ഖുർആനിൽ കാണാം. *അൻഫാൽ* എന്ന അധ്യായത്തിൽ അത്തരത്തിലുള്ള ഒരു വചനമുണ്ട്. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:

*തീർച്ചയായും ജന്തുക്കളുടെ കൂട്ടത്തിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും മോശമായവർ ചിന്തിച്ചുമനസ്സിലാക്കാത്ത ഊമകളും ബധിരരുമാകുന്നു.* (8:22)

എന്താണ് യുക്തി?

ചിന്തിക്കാനും മനസ്സിലാക്കാനും തത്ത്വാധിഷ്ഠിതമായ വിധി കല്പിക്കാനുമുള്ള മനസ്സിന്റെ കഴിവാണ് യുക്തി. സ്രഷ്ടാവ് എല്ലാവർക്കും ആ കഴിവ് നല്കിയിട്ടുണ്ട്. സ്ത്രീപുരുഷന്മാരുടെ ഉന്നത ശേഷിയാണത്. മനുഷ്യന്റെ വ്യതിരിക്തമായ ഗുണം യുക്തി മാത്രമാണ്.

യുക്തി ഒരു ഒറ്റതിരിഞ്ഞ പ്രഭാവമല്ല. എല്ലാ സൃഷ്ടികളും യുക്തിക്കതീതമാണ്. ദൈവം വെളിപ്പെടുത്തിയ മതം തത്ത്വാധിഷ്ഠിതമാണ്. ഓരോ മനുഷ്യനും തന്റെ ജീവിതം യുക്തിയധിഷ്ഠിതമായി ക്രമീകരിക്കണം. അതിൽ പരാജയപ്പെടുന്നവർ ഖുർആൻ അനുസരിച്ച്, അന്ധനും ഊമയും ബധിരനുമായിരിക്കും. യുക്തിയും വിവേകവുമുള്ള ജീവിതമാണ് സാധുവായ ജീവിതം.

മനുഷ്യൻ യുക്തിവിചാരമുള്ള ജന്തുവെന്ന നിലയിലാണ് അറിയപ്പെടുന്നത്. അവന് പരിമിതികളില്ലാത്ത മനസ്സും പരിമിതികളില്ലാത്ത കഴിവുകളുമുണ്ട്. അവന്റെ മനസ്സ്, ഗുപ്തമായ നിധിപോലെയാണ്. തങ്ങളിൽ അന്തർല്ലീനമായിക്കിടക്കുന്ന ശക്തി പ്രകാശിപ്പിക്കലാണ് ഓരോരുത്തരുടെയും പ്രഥമ കർത്തവ്യം. ആ കഴിവ് പ്രകടിപ്പിക്കാനാവാത്തവന്റെ മരണം മൃഗത്തിന്റെ മരണം പോലെയാണ്. ദൈവത്തിന്റെ സൃഷ്ടിപദ്ധതി വെളിപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നവരാണവർ.

വികസിപ്പിച്ചെടുക്കേണ്ട ഒരു കഴിവാണ് യുക്തി. ഖുർആൻ അനുസരിച്ച് ബൗദ്ധിക വികാസത്തിന് വഴികൾ പലതാണ്. പഠനം, അവലോകനം, നിരീക്ഷണം, അനുഭവപാഠം ഉൾക്കൊള്ളൽ മുതലായവ. എല്ലാ

സ്ത്രീപുരുഷന്മാരും വ്യക്തിത്വ വികാസത്തിന്റെ ഭാഗമായി അത് അഭ്യസിക്കണം.

യുക്തി സൃഷ്ടിക്കാൻ കഴിയുന്നതല്ലെങ്കിലും അതിനെ വികസിപ്പിച്ചെടുക്കാൻ കഴിയും. ഓരോരുത്തരും യുക്തിയെ വികസിപ്പിച്ചെടുക്കുകയും വ്യത്യസ്ത കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും വേണം. ഈ രണ്ട് കർത്തവ്യങ്ങൾ ഓരോരുത്തരും നിർവ്വഹിക്കേണ്ടതുണ്ട്.

ഖുർആൻ അനുസരിച്ച്, യുക്തിക്ക് രണ്ട് തലങ്ങളുണ്ട്: നന്മയും തിന്മയും. നമ്മൾ യുക്തിയെ ആത്മാർത്ഥമായും പരിമിതമായുമാണ് ഉപയോഗിക്കുന്നതെങ്കിൽ അത് നമ്മുടെ വ്യക്തിത്വത്തിന് ഉപകാരപ്രദവും ആരോഗ്യകരവുമായ ഒരു ചാലകമായി പ്രവർത്തിക്കും. എന്നാൽ നമ്മൾ അഹങ്കാരത്തിന് അടിപ്പെടുകയാണെങ്കിൽ യുക്തി നമ്മെ ധിക്കാരികളാക്കിമാറ്റും. യുക്തിചിന്തയുടെ ചീത്ത വശമാണത്.

ഖുർആനെ ശരിയായി മനസ്സിലാക്കണമെങ്കിൽ ആഴത്തിലുള്ള ധ്യാനം അനിവാര്യമാണ്. ചിന്തയെ യുക്തിസഹമായി പ്രയോഗിക്കാതെ ആർക്കുംതന്നെ ധ്യാനിക്കാൻ കഴിയില്ല. ചുരുക്കത്തിൽ, ഖുർആൻ ഗ്രഹിക്കണമെങ്കിൽ യുക്തി ആവശ്യമാണ്. ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾ എപ്പോഴും യുക്തിയെ അഭിമുഖീകരിക്കുന്നതായി കാണാം. അതിനാൽ യുക്തി വികസിപ്പിക്കാത്ത ഏതൊരാൾക്കും ഖുർആൻ ശരിയായി ഗ്രഹിക്കാൻ സാധ്യമല്ല.

ഖുർആൻ ഏതുവിധത്തിൽ മനസ്സിലാക്കുമ്പോഴും അതിന്റെ പിന്നിലെ മുഖ്യഹേതു യുക്തിയായിരിക്കും. മതം, ആത്മീയം, സാമൂഹികം എന്നിങ്ങനെ ഏതുവിഷയമാണെങ്കിലും യുക്തി ഉപയോഗിച്ചെങ്കിലേ കാര്യം ശരിയായി മനസ്സിലാക്കാൻ കഴിയുകയുള്ളു. മനുഷ്യസംബന്ധിയായ ഏത് വിഷയമാണെങ്കിലും അത് ശരിയായി മനസ്സിലാക്കുന്നതിൽ യുക്തിക്ക് പ്രധാന പങ്കുണ്ട്.

## 110

# നീതി പുലർത്തുക

ഖുർആൻ മുന്നോട്ടുവെക്കുന്ന ആദർശ സാമൂഹിക വ്യവസ്ഥിതി നീതിയിലധിഷ്ഠിതമാണ്. ഇസ്‌ലാമിലെ ഏത് സാമൂഹിക പദ്ധതിയുടെയും അകംപൊരുൾ നീതിയാണ്. അതിനെക്കുറിച്ച് വളരെ ഉചിതമായ ഒരു സന്ദേശം, *നിസാഅ്* എന്ന അധ്യായത്തിൽ കൊടുത്തിട്ടുണ്ട്:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു.* (4:135)

ഖുർആന്റെ അനുശാസന പ്രകാരം നീതിനിയമത്തിന്മേലാണ് ഒരു നല്ല സമൂഹം കെട്ടിപ്പടുക്കേണ്ടത്. ഇസ്‌ലാം പരമമായ മൂല്യത്തിന് അത്രമേൽ പ്രാധാന്യം നല്കുന്നു. അതുകൊണ്ടുതന്നെ വ്യക്തി നീതിനിഷ്ഠനാവണം. അവനോ അവന്റെ ബന്ധുക്കളോ സുഹൃത്തുക്കളോ എതിർപ്പ് പ്രകടിപ്പിക്കുകയാണെങ്കിൽ പോലും അക്കാര്യത്തിൽ ഒരു വിധത്തിലുമുള്ള ഒഴികഴിവും സ്വീകാര്യമല്ല.

'*അല്ലയോ സത്യവിശ്വാസികളേ, ഭൂമിയിൽ നീതിന്യായ വ്യവസ്ഥ നടപ്പാക്കുക*' എന്ന്, മേലുദ്ധരിച്ച ഖുർആനിക വാക്യം നിർദ്ദേശിക്കുന്നില്ല. മറിച്ച്, അവരുടെ ജീവിതത്തിൽ നീതിയുടെ തത്ത്വം പിന്തുടരാൻ പ്രേരിപ്പിക്കുകയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആ വാക്യത്തിലെ സാരാംശത്തെ പരോക്ഷമായെങ്കിലും ഉൾക്കൊള്ളണമെന്ന് ഉപദേശിക്കുകയാണ്.

സമൂഹത്തിൽ നീതി നടപ്പാക്കാനോ ഭൂമിയിൽ നീതി സ്ഥാപിക്കാനോ നമ്മൾ ജനങ്ങളെ നിയോഗിക്കുകയാണെങ്കിൽ അത് ചിലപ്പോൾ ഒരു

ഏറ്റുമുട്ടലിലായിരിക്കും കലാശിക്കുക. അത് ചിലപ്പോൾ ജനങ്ങളെ രണ്ടുചേരിയിലാക്കി മാറ്റിയേക്കും. അതായത്, നീതി സ്ഥാപിക്കുന്നവരും നീതിയുടെ പ്രയോക്താക്കളും എന്നിങ്ങനെ രണ്ടുവിഭാഗക്കാർ. അത്തരത്തിലുള്ള ലക്ഷ്യം രണ്ടുവിഭാഗങ്ങൾ തമ്മിൽ സംഘർഷങ്ങൾക്ക് കാരണമായേക്കാം. അത് പിന്നീട് യുദ്ധത്തിൽ കലാശിച്ചേക്കും.

വിശ്വാസികൾ തങ്ങളുടെ വ്യക്തിജീവിതത്തിൽ നീതിയുടെ തത്ത്വം പിന്തുടരണമെന്നാണ് ഖുർആൻ നിർദ്ദേശിക്കുന്നത്. അവരുടെ ചിന്ത, സംസാരം, പെരുമാറ്റം എന്നിവ നീതിയുക്തമായിരിക്കണം. അവർക്കിടയിലെ ഇടപാടുകൾ നീതിനിഷ്ഠമാവണം. യഥാർത്ഥത്തിൽ അത് വ്യക്തമാക്കുന്നത്, ആത്മ ശിക്ഷണം നേടണമെന്നാണ്. അവിടെ വിദ്വേഷത്തിനോ സംഘർഷത്തിനോ സ്ഥാനമില്ല.

മുകളിലുദ്ധരിച്ച ഖുർആനിക വാക്യം വ്യക്തമാക്കുന്നത് സ്വന്തം താത്പര്യങ്ങൾക്ക് എതിരാണെങ്കിൽപ്പോലും ഒരു സത്യ വിശ്വാസി നീതി മുറുകെ പിടിക്കണമെന്നാണ്. ഖുർആനിക നീതിയാണ് പരമമായ നീതി. അനീതിയോട് ബന്ധപ്പെട്ട യാതൊന്നിനോടും സത്യവിശ്വാസികൾ സമരസപ്പെടരുത്. അക്കാര്യത്തിൽ വ്യത്യസ്ത കാഴ്ചപ്പാടുള്ളവരുടെ ഇരയായിമാറാൻ ആരെയും അനുവദിക്കരുത്.

നീതി സമ്പൂർണ്ണമാണ്. ഏത് സാഹചര്യത്തിലും വിശ്വാസികൾ നീതി പാലിക്കണം. നീതിയെന്നാൽ ജനങ്ങളുടെ മാന്യമായ ഇടപെടലുകളാണ്. സമൂഹത്തിലെ അംഗങ്ങളുമായുള്ള ഉചിതമായ ഇടപെടലുകളാണത്. അത്തരത്തിലുള്ള പെരുമാറ്റം കേവലം ശീലമാണ്. ആ ശീലമാണ് ഒരാളെ യഥാർത്ഥ മനുഷ്യനാക്കുന്നത്. അതില്ലാത്തവർ മൃഗങ്ങളേക്കാൾ അധമരാണ്.

ഖുർആൻ അനുസരിച്ച്, ആ കേവല ശീലം ഇരട്ട വിജയം, ഇഹപര ലോക വിജയം, ഉറപ്പാക്കുന്നു. നീതി പരിപൂർണ്ണമായ നന്മയായതുകൊണ്ട് ഏതുവിധത്തിലുള്ള അനീതിയും പൊറുക്കപ്പെടുന്നതല്ല. നീതി സ്വർഗത്തിലേക്കും സർവ്വമാന വിജയങ്ങളിലേക്കുമുള്ള താക്കോലാണ്.

111

# മനസ്സാക്ഷിയോട് നീതിപുലർത്തുക

എല്ലാ സ്ത്രീപുരുഷന്മാർക്കും പ്രത്യേകം കഴിവുകളുണ്ട്. അതാണ് വിവേചന ശക്തി, അഥവാ ധാർമ്മിക സംവേദനക്ഷമതയുടെ കേന്ദ്രം. പ്രകൃതിയുടെ ഒരു വരദാനമാണ് ഈ കഴിവ്. അതിനെക്കുറിച്ച് ഖുർആനിലെ, *അഅ്റാഫ്* എന്ന അധ്യായത്തിൽ പാമർശിക്കുന്നുണ്ട്:

*പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുക യാണെങ്കിൽ നീ അല്ലാഹുവോട് ശരണംതേടിക്കൊള്ളുക. തീർച്ചയാ യും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. തീർച്ചയാ യും സൂക്ഷ്മതപാലിക്കുന്നവരെ പിശാചിൽനിന്നുള്ള വല്ല ദുർബോധന വും ബാധിച്ചാൽ അവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമ്മ വരുന്നതാണ്. അപ്പോഴതാ അവർ ഉൾക്കാഴ്ചയുള്ളവരാകുന്നു. എന്നാൽ അവരുടെ (പിശാചുക്കളുടെ) സഹോദരങ്ങളെയാവട്ടെ, അവർ ദുർമ്മാർഗത്തിൽ അയച്ചുവിട്ടുകൊണ്ടിരിക്കുന്നു. പിന്നെ അവർ (അധർമ്മത്തിൽ) ഒട്ടും കമ്മി വരുത്തുകയില്ല.* (7: 200-202)

ആത്മീയ ശുദ്ധി എങ്ങനെ നിലനിർത്താനാവുമെന്നതിന്റെ തികഞ്ഞ മാർഗരേഖയാണ് ഉദ്ധരിച്ച ഖുർആനിക വചനങ്ങൾ. ഒരാൾ ഒരു പൈശാചിക പ്രലോഭനത്തിന് അടിമപ്പെടുമ്പോൾ അയാളുടെ മനസ്സാ ക്ഷി ജീവസ്സുറ്റതാകും. അത് ധാർമ്മികാധ്യാപകനായി വന്ന് അയാളെ ശാസിക്കും. ചീത്ത പ്രലോഭനങ്ങൾക്ക് അടിപ്പെടരുതെന്നും ശരിയായ പാതയിൽ നിന്ന് വ്യതിചലിക്കരുതെന്നും അയാളെ ഓർമ്മപ്പെടുത്തും.

ഒരാൾ തന്റെ ഉൾവിളികളെ ഉൾക്കൊണ്ടാൽ പ്രലോഭനങ്ങളുടെ പിടിയിൽ നിന്ന് അയാൾക്ക് രക്ഷ നേടാം. അത്തരം ഉൾവിളികളെ ഗൗനിക്കാതിരുന്നാൽ ശരിയായി പെരുമാറാനുള്ള അവസരം നഷ്ടപ്പെ ടും. അത് അവന്റെ അവസാന അവസരം ആയിത്തീരുകയും ചെയ്യും.

വിവേകവും വിവേചന ശക്തിയും പ്രകൃതിയുടെ വരദാനമായി മനുഷ്യന് ലഭിച്ച രണ്ട് പ്രധാന ഗുണങ്ങളാണ്. വിവേകം യുക്തി സഹമായി ഇടപെടുമ്പോൾ വിവേചന ശക്തി സചേതനമായി ഇടപെടു ന്നു. വിവേകം ശരിയായ പാതയിലേക്ക് നയിക്കുമെന്നാണ് അനുഭവ പാഠം. തെറ്റായ യുക്തിയുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുമ്പോൾ പിഴവ്

സംഭവിക്കാം. എന്നാൽ വിവേചന ശക്തിക്ക് ഒരിക്കലും ക്ഷയം സംഭ വിക്കാറില്ല. ചീത്ത പ്രവർത്തനങ്ങളെ ശക്തമായി തടയുക വിവേചന ശക്തിയായിരിക്കും. മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം, മനുഷ്യന് വിവേചന ശക്തി ഉണ്ടെന്നുള്ളതാണ്. മൃഗം അതിൽ വളരെ പിറകിലാണ്. ശരിതെറ്റുകൾ തിരിച്ചറിയാനുള്ള സംവേദന ശക്തി മൃഗങ്ങൾക്കില്ല. അത്തരം നിർദ്ദേശങ്ങൾ അവയെ പ്രോത്സാഹിപ്പിക്കുന്നില്ല. മനുഷ്യന്റെ സവിശേഷ ഗുണമാണ് വിവേചന ശക്തി. അത് മനുഷ്യന് അധീനമാ ണെന്നത് മനുഷ്യന്റെ വിശേഷ ഗുണമാണ്.

ഈ ലോകത്ത് ആത്മാർത്ഥതയുള്ള, സദ്ഗുണ സമ്പന്നനായ വ്യക്തിയായി ജീവിക്കണമെങ്കിൽ വിവേചനശക്തിയിലും ധാർമ്മിക ശക്തിയിലും ധാർമ്മിക സംവേദന ശക്തിയിലും ജാഗരൂകരാകണം. മറ്റുയാതൊന്നിനും ഒരാളുടെ സദാചാരത്തിന് ഉറപ്പുനല്കാനാവില്ല. ദുഷ്ക്രിയ ചെയ്യാൻ തീരുമാനിക്കുകയും, അപ്പോൾ വിവേചന ശക്തിയും സംവേദന ശക്തിയും ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി അത് സദ്ക്രിയയായി പരിണമിക്കുകയും ചെയ്ത ചില സ്ത്രീപുരുഷന്മാരുടെ കഥ ചരിത്രത്തിൽ നമുക്ക് വായിക്കാം. ദുഷ്ചിന്തകളിൽ മുഴുകുന്നതിൽ നിന്ന് അവർ മാറിനിന്നു.

വിവേചനശക്തി അല്ലെങ്കിൽ സംവേദന ശക്തി ഒരു ദൈവാനുഗ്ര ഹമാണ്. ഒരു വിശുദ്ധ ന്യായാധിപൻ തന്റെ ഹൃദയത്തിൽ കുടികൊ ള്ളുന്നതുപോലെയാണ്, സംവേദന ശക്തി എന്ന ഗുണം ലഭിച്ചവന്റെ അവസ്ഥ. പക്ഷേ, ചിലർ സംവേദനക്ഷമതയെ മനുഷ്യരുടെ പ്രകൃത്യാ യുള്ള ബലഹീനതയായാണ് കാണുന്നത്. ഒരാൾ പകരത്തിനുപകരം എന്ന തത്ത്വം അംഗീകരിക്കേണ്ടതുണ്ടോ?

അത് പിന്തുടരൽ ബുദ്ധിശൂന്യമായിരിക്കും. പകരത്തിനുപകരം തത്ത്വാ ധിഷ്ഠിതമല്ല. അതിൽനിന്ന് നന്മ പ്രതീക്ഷിക്കേണ്ടതില്ല. വെറുമൊരു പ്ര തികരണം മാത്രമാണത്. പ്രതികരണം ഫലപ്രദമാകണമെന്നില്ലല്ലോ. വസ്തുതകളെ അവയുടെ പരിമിതഫലത്തിലൂടെ നോക്കിക്കാണണം. അല്ലാതെ വൈകാരികമാവരുത്. നമ്മൾ ഒരു സമൂഹത്തിൽ ജീവിക്കു മ്പോൾ ധാർഷ്ട്യം കൈവെടിയണം. നമ്മളൊരു തന്മയത്വ വാദിയായിരി ക്കണം. സഹന ശീലമുള്ള ആളാവണം. മറ്റുള്ളവരുമായി നീക്കുപോക്കു കൾക്ക് തയ്യാറാവണം. അഭിപ്രായങ്ങൾ മറ്റുള്ളവരിലേക്ക് അടിച്ചേല്പിക്കു ന്നതിന് പകരം നമ്മൾ അവരുമായി നീക്കുപോക്കുകൾക്ക് തയ്യാറാവണം.

## 112

# അക്രമം അരുത്

ഖുർആനിക അധ്യാപനങ്ങൾ അനുസരിച്ച്, പ്രകോപനം ഇസ്‌ലാമിൽ പൂർണ്ണമായി നിരോധിച്ചതാണ്. ഏത് സാഹചര്യമാണെങ്കിലും പ്രകോപനത്തിന്റെ ലാഞ്ചന പോലും വിശ്വാസികൾ പ്രകടിപ്പിക്കാൻ പാടില്ല. ഖുർആനിലെ, *തൗബ* എന്ന അധ്യായത്തിൽ അത് വ്യക്തമാക്കുന്നുണ്ട്:

*എങ്ങനെയാണ് ആ ബഹുദൈവ വിശ്വാസികൾക്ക് അല്ലാഹുവിന്റെ അടുക്കലും അവന്റെ ദൂതന്റെ അടുക്കലും ഉടമ്പടി നിലനിൽക്കുക? നിങ്ങൾ ആരുമായി മസ്ജിദുൽ ഹറാമിന്റെ അടുത്ത് വെച്ച് കരാറിൽ ഏർപ്പെട്ടുവോ അവർക്കല്ലാതെ. എന്നാൽ അവർ നിങ്ങളോട് ശരിയായി വർത്തിക്കുന്നേടത്തോളം നിങ്ങൾ അവരോടും ശരിയായി വർത്തിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.* (9:7)

മറ്റുള്ളവരുമായി സമാധാനപൂർവ്വം സഹവസിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയാണ് ഉദ്ധരിച്ച വചനത്തിൽ. അവർ സമാധാനം ലംഘിക്കുകയാണെങ്കിൽ സാഹചര്യത്തെ പുനർ വിചിന്തനം ചെയ്യണമെന്നും, തന്ത്രങ്ങൾ പുനഃക്രമീകരിക്കണമെന്നും, ഭാവി പ്രവർത്തനങ്ങൾ പുനരാലോചനയ്ക്ക് വിധേയമാക്കണമെന്നും നിർദ്ദേശിക്കുന്നു.

അതിനർത്ഥം സമാധാന ലംഘനത്തോട് ഉടനടി പ്രതികരിക്കണമെന്നല്ല. പൊടുന്നനെയുള്ള പ്രതികരണം ഇസ്‌ലാം അനുവദിക്കുന്നില്ല. തീർച്ചയായും ഏറ്റവും ഒടുവിലത്തെ പോംവഴി മാത്രമാണത്. സാഹചര്യം വീണ്ടും ഇണക്കിയെടുക്കാനുള്ള പരിശ്രമങ്ങൾ പരാജയപ്പെടുകയും മറ്റ് യാതൊരു മാർഗവും ഇല്ലാതിരിക്കുകയുമാണെങ്കിൽ മാത്രം സമരമുറ സ്വീകരിക്കാം.

സമാധാനം എല്ലാവരും ഇഷ്ടപ്പെടും. തുടക്കത്തിൽ എല്ലാവരും സമാധാന കാംക്ഷികളായിരിക്കും. അതുകൊണ്ട് സമാധാന ലംഘനമുണ്ടായാൽ വിദ്വേഷത്തോടെ പ്രതികരിക്കരുത്. തീർച്ചയായും സമരമല്ലാതെ വേറെയും പോംവഴികൾ തേടണം. ഉദാഹരണത്തിന്, തെറ്റിദ്ധാരണകൾ വല്ലതുമുണ്ടെങ്കിൽ അതിനെ ഇല്ലായ്മ ചെയ്യാനുള്ള ഉചിത മാർഗം സ്വീകരിക്കണം. സമരരീതി അവലംബിക്കൽ കടുത്ത പാപമാണ്.

ഇരുവിഭാഗക്കാർക്കും അത് ദോഷം ചെയ്യും. നിർബ്ബന്ധിതാവസ്ഥയിലേ ഇസ്‌ലാം സമരം അനുവദിക്കുന്നുള്ളു. സാധാരണ നിലയിൽ മുസ്‌ലിംകൾ തമ്മിലുള്ള ഇടപാടുകൾ സമാധാനപൂർവ്വം പരിഹരിക്കേണ്ടതാണ്. അനിവാര്യമായ തകർച്ച സംഭവിക്കാത്തിടത്തോളംകാലം നല്ല ഫലസിദ്ധി ലഭിക്കാവുന്ന നടപടിക്രമങ്ങളാണ് ഉണ്ടാവേണ്ടത്. കോപം പ്രകടിപ്പിക്കുന്നത് ന്യായമായ ഏതെങ്കിലും ആസൂത്രണത്തിന്റെ ഫലമല്ല. അതിന് യാതൊരു നന്മയും നല്കാനാവില്ല. അതിനെ ആരും പരിഗണിക്കേണ്ടതുമില്ല. പ്രകോപനം എന്ന അനിയന്ത്രിത സ്വഭാവം അക്രമിക്കും ഇരക്കും ഒരുപോലെ ദോഷകരമാണെന്നാണ് അനുഭവങ്ങൾ തരുന്ന പാഠം. പ്രകോപനത്തിലേക്കുള്ള എടുത്തുചാട്ടം ആത്മ നാശത്തിലേക്കുള്ള എടുത്തുചാട്ടമാണ്. പ്രകോപനങ്ങൾ ജീവിതത്തിലും അവസരങ്ങളിലും സമ്പത്തിലും ഉണ്ടാക്കുന്ന വലിയ പ്രത്യാഘാതങ്ങൾ കണക്കിലെടുക്കുമ്പോൾ എന്തുകൊണ്ടാണ് മനുഷ്യൻ അതിലേക്ക് എടുത്തുചാടുന്നത്? എന്താണ് മനുഷ്യനെ അതിലേക്ക് നയിക്കുന്നത്?

ദേഷ്യം, പ്രതികാരം, ചൂഷണം എന്നിവയല്ലാതെ മറ്റൊന്നുമല്ല. അത്തരം പ്രവണതകൾ എല്ലാംതന്നെ പാപമാണ്. അവയിൽ നിന്ന് ഉണ്ടാകുന്ന ചീത്ത പ്രവർത്തനങ്ങളൊന്നും നന്മയുടെ ഫലങ്ങൾ നല്കില്ല. സൽപ്രവർത്തിയിലൂടെ മാത്രമേ നല്ല ഫലങ്ങൾ ലഭ്യമാകൂ. വിവേകശാലികൾക്ക് പ്രകോപനത്തോട് അനുകൂലിക്കാനാവില്ല.

പ്രകോപനം വിദ്വേഷം വളർത്തും. വിദ്വേഷം എല്ലാതരം തിന്മകളുടെയും ഉറവിടമാകുന്നു. പ്രകോപനം സമൂഹത്തിന്റെ ഇഴയടുപ്പത്തെ നശിപ്പിക്കും. പ്രകോപനത്തിന്റെ ജന്മവാസന പിന്തുടരുന്നവർക്ക് ഉത്തമ സമൂഹം കെട്ടിപ്പടുക്കാൻ സാധ്യമല്ല. കാട്ടിലെ മൃഗങ്ങൾ എങ്ങനെയാണ് അക്രമത്തിലേർപ്പെടാതെ സമാധാനപരമായി ജീവിക്കുന്നത് എന്നതിനെക്കുറിച്ച് നമ്മൾ പുന:രാലോചിക്കണം.

പ്രകോപനത്തിന് പകരമാണ് സമാധാനം. സമാധാന പൂർണ്ണമായ പ്രവർത്തനമാണ് ഏറ്റവും നല്ല രീതി. അത് സമാധാന പൂർണ്ണമായ പരിസമാപ്തിയിലേക്ക് നയിക്കും. പ്രകോപനത്തിന് യാതൊരു യുക്തിയുമില്ല. പക്ഷേ, സമാധാനത്തെ അനുകൂലിക്കാൻ പല കാരണങ്ങളുമുണ്ട്. എല്ലാതരം ക്രിയാത്മക പ്രവർത്തനങ്ങളും ദീർഘകാലാടിസ്ഥാനത്തിലുള്ള അശ്രാന്ത പരിശ്രമ ഫലമായി വളർന്നുവന്നവയാണ്. പ്രകോപനം അതിനെ നശിപ്പിക്കുക മാത്രമാണ് ചെയ്തത്. പ്രകോപനമെന്നത് മനുഷ്യന്റെ മ്ലേച്ഛ സ്വഭാവമാണ്. സമാധാനപരമായ പ്രവർത്തനമാണ് സ്ത്രീ പുരുഷന്മാർക്ക് സ്വീകരിക്കാവുന്ന ഏറ്റവും നല്ല രീതി.

## 113

# പ്രകൃതിയുടെ ശബ്ദം

ഖുർആൻ അനുസരിച്ച് ദൈവവിശ്വാസം ബാഹ്യസ്രോതസ്സുകളിൽ നിന്ന് ഉത്ഭവിക്കുന്നതല്ല. അത് മനുഷ്യസ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ സ്വഭാവത്തിന് രണ്ട് വശങ്ങളുണ്ട്. എന്തെങ്കിലും ആപത്ത് സംഭവിക്കുമ്പോൾ മാത്രം പ്രത്യക്ഷമാകുന്ന ഒരു സ്വഭാവം. ഖുർആനിലെ, *യൂനസ്* എന്ന അധ്യായത്തിൽ അക്കാര്യം പരാമർശിക്കുന്നുണ്ട്:

*മനുഷ്യന് കഷ്ടത ബാധിച്ചാൽ കിടന്നിട്ടോ ഇരുന്നിട്ടോ നിന്നിട്ടോ അവൻ നമ്മോട് പ്രാർത്ഥിക്കുന്നു. അങ്ങനെ അവനിൽ നിന്ന് നാം കഷ്ടത നീക്കിക്കൊടുത്താൽ, അവനെ ബാധിച്ച കഷ്ടതയുടെ കാര്യത്തിൽ നമ്മോടവൻ പ്രാർത്ഥിച്ചിട്ടേയില്ല എന്ന ഭാവത്തിൽ അവൻ നടന്നുപോകുന്നു. അതിരുകവിയുന്നവർക്ക് അപ്രകാരം, അവർ ചെയ്തുകൊണ്ടിരിക്കുന്നത് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു.* (10:12)

എല്ലാം തൃപ്തികരമായിരിക്കുമ്പോൾ മനുഷ്യൻ ദൈവനിഷേധിയായി പെരുമാറുന്നു. ആപത്ത് സംഭവിക്കുമ്പോൾ അതിനെ നേരിടാനാവാതെ നിസ്സഹായാവസ്ഥ അനുഭവപ്പെടുമ്പോൾ അറിഞ്ഞോ അറിയാതെയോ അവൻ ദൈവത്തെ വിളിക്കുന്നു. വിഷമഘട്ടത്തിൽ മനുഷ്യൻ ദിവ്യശക്തിയെ അംഗീകരിക്കുന്നു. ഈശ്വര സഹായമില്ലാതെ ഭൂമിയിൽ നിലനിൽപ്പില്ലെന്ന് അപ്പോളവൻ സമ്മതിക്കുന്നു.

അതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് പ്രവാചകാനുയായി ആയിരുന്ന അലി ഇബ്നു അബീത്വാലിബിന്റെ അനുഭവം. ഒരു നിസ്സഹായാവസ്ഥയിൽ അദ്ദേഹം ദൈവത്തെ തിരിച്ചറിഞ്ഞതായി സമ്മതിക്കുന്നുണ്ട്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഉയർച്ച താഴ്ചകൾ ജീവിതത്തിലെ നിത്യസംഭവങ്ങളാണ്. അനിഷ്ടകരങ്ങളായ സന്ദർഭങ്ങൾ എല്ലാവർക്കും വരും. അത്തരം സന്ദർഭങ്ങൾ തിരിച്ചറിവിന്റെ മുഹൂർത്തങ്ങളാണ്. അത്തരം നിസ്സഹായതയാണ് ദൈവത്തെ കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം.

ദൈവാസ്തിത്വത്തെ അംഗീകരിക്കാത്തവർക്കും അംഗീകരിക്കുന്നവർക്കും അതുതന്നെയാണവസ്ഥ. ഒരു വിശ്വാസിക്ക് ചിലപ്പോൾ

തന്റെ ദൃഢവിശ്വാസം മങ്ങിപ്പോകാനും ചിലപ്പോൾ മറന്നുപോകാനും ഇടയുണ്ട്. അപ്പോഴായിരിക്കും ജീവിതത്തിൽ അവന് ഭൗതികമോ മാനസികമോ ആയ ആഘാതങ്ങൾ സംഭവിക്കുക. അപ്പോഴവൻ ദൈവത്തെ ഓർക്കുകയും വീണ്ടുമവൻ ദൈവത്തെ തിരിച്ചറിയുകയും ചെയ്യുന്നു. അങ്ങനെ തന്റെ വിശ്വാസം പുനഃസ്ഥാപിക്കപ്പെടുന്നു.

ദൈവം മനുഷ്യനെ ബുദ്ധിമാനായിട്ടാണ് സൃഷ്ടിച്ചത്. അതുകൊണ്ടു തന്നെ വ്യത്യസ്ത മേധാശക്തിയിലൂടെ അവന് ദൈവത്തെ തിരിച്ചറിയാൻ സാധിക്കുന്നു. അതായത്, പുസ്തക പഠനങ്ങളിലൂടെയും പ്രകൃതി നിരീക്ഷണത്തിലൂടെയും ചിന്താ ശക്തിയിലൂടെയും ദൈവത്തെ പൂർണ്ണമായി തിരിച്ചറിയാൻ സാധിക്കുന്നു.

പക്ഷേ, ഒരാൾ സുഖസൗകര്യങ്ങളിലും ആഡംബരങ്ങളിലും ജീവിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ അവൻ ദൈവത്തെ മറക്കുന്നു. ബോധപൂർവ്വമോ അബോധ പൂർവ്വമോ തന്റെ വിധിയുടെ യജമാനൻ താൻ തന്നെയാണെന്ന വിശ്വാസം അവനിൽ രൂഢമൂലമാകുന്നു. എല്ലാം തന്റെ സ്വന്തം കഴിവുകൊണ്ടാണ് നേടിയെടുത്തതെന്ന് അവൻ കരുതും. അവൻ ദൈവവിശ്വാസത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നതായി തോന്നും.

അപ്പോഴായിരിക്കും ഏതെങ്കിലും നിർഭാഗ്യമോ ദുരന്തമോ വന്നു പെടുന്നത്. താൻ നിസ്സഹായനാണെന്ന് അപ്പോഴവൻ തിരിച്ചറിയും. അതായത്, സ്വന്തം വിധിയുടെ രക്ഷാധികാരി താനല്ലെന്നും വേറൊരു ശക്തി തനിക്കതീതനായി ഉണ്ടെന്നും ബോധ്യപ്പെടും. അങ്ങനെ ആ പ്രതിസന്ധി വേഷം മാറി ഒരു അനുഗ്രഹമായി മാറും. അത് ദൈവത്തെ വീണ്ടും തിരിച്ചറിയാൻ കാരണമാകും. ആ പ്രതിസന്ധിഘട്ടത്തിലൂടെ അവന്റെ വിശ്വാസം ദൃഢമായി പുനഃസ്ഥാപിക്കപ്പെടും.

പ്രതിസന്ധിയുടെ നാളുകളിൽ മനുഷ്യൻ തന്റെ യജമാനനെ ഓർക്കുന്നുവെന്നത് ദുഃഖസത്യമാണ്. എന്നാൽ, പ്രതിസന്ധി തരണം ചെയ്യുമ്പോൾ, വ്യവസ്ഥ പുനഃസ്ഥാപിക്കപ്പെടുമ്പോൾ അവൻ എല്ലാ കാര്യങ്ങളും മറക്കുന്നു. പാഠം ഉൾക്കൊള്ളാൻ അവൻ വിസമ്മതിക്കുകയും ചെയ്യുന്നു.

114

# ജീവിത ലക്ഷ്യം

ദൈവത്തിന്റെ സൃഷ്ടിപദ്ധതിയനുസരിച്ച് ഒരു പരീക്ഷണത്തിനുവേണ്ടിയാണ് മനുഷ്യനെ ഈ ഭൂമിയിൽ അധിവസിപ്പിച്ചത്. ആ ദൈവിക ലക്ഷ്യം ഖുർആനിൽ പലയിടങ്ങളിലായി വ്യാപിച്ചുകിടപ്പുണ്ട്. ഖുർആനിലെ, *യൂനുസ്* എന്ന അധ്യായത്തിൽ ഇപ്രകാരം കാണാം:

*പിന്നെ, അവർക്കുശേഷം നിങ്ങളെ നാം ഭൂമിയിൽ പിൻഗാമികളാക്കി. നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നാം നോക്കുവാൻ വേണ്ടി.* (10:14)

അടിസ്ഥാനപരമായി അത്തരം പരീക്ഷണം ഒരാളുടെ ധാർമ്മിക ഉത്തരവാദിത്ത ബോധത്തിന്റേതാണ്. ഒരാളുടെ പ്രവർത്തനങ്ങൾ മലക്കുകൾ രേഖപ്പെടുത്തിവെക്കുന്നുണ്ടെന്നും താൻ ഇവിടെ ഒരു പരീക്ഷണത്തിലാണെന്നും ബോധ്യപ്പെടുമ്പോൾ അവനിൽ ഉത്തരവാദിത്ത ബോധമുണ്ടാകുന്നു. അപ്പോഴവൻ എല്ലാ പ്രവർത്തന മേഖലകളിലും സൂക്ഷ്മത പാലിക്കുന്നു, ചിന്തയിലും സംസാരത്തിലും ഇടപാടുകളിലും മറ്റെല്ലാ പ്രവർത്തനങ്ങളിലും. എങ്ങനെയാണ് താൻ പരീക്ഷിക്കപ്പെടുന്നതെന്ന തിരിച്ചറിവ് ഒരു ആത്മവിശകലനമെന്നോണം അവനിൽ പ്രവർത്തിക്കും. അത് ആഴമേറിയ ആത്മ പരിശോധനയെ പ്രോത്സാഹിപ്പിക്കും. നിർണ്ണായകമായ ആ ഘടകം അവനെ ഒരു നല്ല മനുഷ്യനും, സമൂഹത്തിലെ ഒരു നല്ല അംഗവുമാക്കിത്തീർക്കും.

എന്തിനുവേണ്ടിയാണ് ആ പരീക്ഷണം?

ഖുർആൻ അനുസരിച്ച്, മനുഷ്യന്റെ ഒടുവിലത്തെ പ്രാപ്യസ്ഥാനം സ്വർഗമാകുന്നു. പക്ഷേ, നല്ല മനുഷ്യരെ മാത്രമേ ആ കടമ്പ കടക്കാനനുവദിക്കുകയുള്ളൂ. ആരെല്ലാമാണ് സ്വർഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹരായവരെന്ന് തീരുമാനിക്കാൻ വേണ്ടിയാണ് ആ പരീക്ഷണം. പരീക്ഷണത്തിന് വിധേയമാകുമെന്ന തിരിച്ചറിവ് മനുഷ്യന് ഉയർന്ന ധാർമ്മിക നിലവാരത്തിൽ ജീവിക്കാനുള്ള പ്രചോദനം നല്കും. അച്ചടക്കമുള്ള ജീവിതം നയിക്കുക എന്നത് ഓരോരുത്തരുടെയും കടമയായി മാറും. തത്ത്വാധിഷ്ഠിതമായി ജീവിക്കണമെന്നും അല്ലാത്ത

പക്ഷം സ്വർഗ പ്രവേശനത്തിനുള്ള അവസരം നിഷേധിക്കപ്പെടുമെന്നും അവന് തോന്നും.

നേരെമറിച്ച് ഒരാളുടെ ലക്ഷ്യം തിന്നുക, കുടിക്കുക, സന്തോഷിക്കുക എന്ന രീതിയാണ് പിന്തുടരുന്നതെങ്കിൽ അത് ദൗർഭാഗ്യകരവും അപകടകരവുമായിത്തീരും. ആ തത്ത്വത്തിൽ ഊന്നിയ ജീവിതത്തിന് അവരുടെ ഇച്ഛകൾക്കനുസരിച്ചല്ലാതെ യാതൊന്നും ഗ്രഹിക്കാനാവില്ല. മൃഗങ്ങളുടെ തലത്തിൽ നിന്ന് അവർക്കൊരിക്കലും മനുഷ്യ തലത്തിലേക്ക് ഉയരാനാവില്ല. സമൂഹത്തെ അത് വനതുല്യമാക്കിമാറ്റും.

മേലുദ്ധരിച്ച ഖുർആനിക വചനം, സമൂഹത്തിൽ ഉത്തരവാദിത്തമുള്ള ഒരാളായി ജീവിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. മുഴുവൻ മനുഷ്യവർഗവും അവന്റെ ഉത്കണ്ഠയായിമാറും. അവനൊരിക്കലും ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറി ജീവിക്കാനാവില്ല. ആത്മാർത്ഥതയുള്ള ഒരു സമൂഹത്തെ അത് പ്രദാനം ചെയ്യും. പരലോക വിശ്വാസത്തിലൂന്നിയ ആ തത്ത്വം ഇഹലോക ജീവിതത്തിലും പ്രസക്തമാണ്. അത്തരത്തിലുള്ള ഒരാൾ പൈശാചിക ചിന്തകൾക്ക് അടിപ്പെടാതെ അച്ചടക്കത്തോടും ഉത്തരവാദിത്ത ബോധത്തോടുമുള്ള ഒരു നല്ല മനുഷ്യനായിമാറും, പരലോക ജീവിതത്തിൽ മാത്രമല്ല ഇഹലോക ജീവിതത്തിലും.

ധാർമ്മിക സ്വഭാവത്തിന് ചില പ്രോത്സാഹനങ്ങൾ ആവശ്യമാണ്. അതിന്റെ അഭാവത്തിൽ ധാർമ്മിക മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനാവില്ല. മേൽ ഉദ്ധരിച്ച ഖുർആനിക വചനം അതിന് വലിയ പ്രോത്സാഹനമാണ് നല്കുന്നത്. അത് സമൂഹത്തിനോ രാഷ്ട്രത്തിനോ മാത്രമല്ല, ഏതൊരു സ്ത്രീപുരുഷനും ബാധകമാണ്. ഓരോരുത്തരും തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റേണ്ടതാണ്. എല്ലാവരും ദൈവത്തിന്റെ നിരീക്ഷണത്തിലാണ്. ഓരോരുത്തരുടെയും പ്രവർത്തനങ്ങളുടെ കണക്കനുസരിച്ച് അവരെ പിടികൂടും. അതിൽ നിന്ന് ആർക്കും ഒഴികഴിവില്ല. ദൈവത്തിനുമുൻപിൽ എല്ലാവർക്കും ഓരേ ഉത്തരവാദിത്തമാണുള്ളത്.

ഉദ്ധരിച്ച ഖുർആനിക വചനം പ്രവാചകാനുയായികളെ മാത്രം അഭിസംബോധന ചെയ്യുന്നതല്ല. മുഴുവൻ സൃഷ്ടിജാലങ്ങൾക്കും ബാധകമായ ഒരു ശാശ്വത അധ്യാപനമാണത്.

## 115

# ആത്മീയതയും രാഷ്ട്രീയവും

ഖുർആൻ അനുസരിച്ച്, ആത്മീയതയ്ക്കാവണം രാഷ്ട്രീയാധികാര ത്തേക്കാൾ മുൻഗണന. ഖുർആനിലെ, *സ്വഫ്* എന്ന അധ്യായത്തിലെ ഒരു വചനം അക്കാര്യം ഉദാഹരിക്കുന്നു:

*നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റൊരു കാര്യവും (അവൻ നല്കുന്ന താണ്). അതെ, അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും ആസന്ന മായ വിജയവും. (നബിയേ,) സത്യവിശ്വാസികൾക്ക് നീ സന്തോഷ വാർത്ത അറിയിക്കുക.* (61:13)

ഒരു വിശ്വാസിയുടെ ജീവിതത്തിൽ രാഷ്ട്രീയാധികാരത്തിന് രണ്ടാം സ്ഥാനമേയുള്ളു. ഖുർആനിക അധ്യാപനങ്ങൾ അനുസരിച്ച് ആത്മീയത വിശാലമായ ഒരു വിഷയമാണ്. രാഷ്ട്രീയം ഒഴികെ മറ്റെല്ലാ വിഷയങ്ങളും അതിന്റെ പരിധിയിൽ വരും. വിശ്വാസികൾ രാഷ്ട്രീയ ത്തെ രണ്ടാം സ്ഥാനത്തേക്ക് മാറ്റിനിർത്തി ആത്മീയത കൈവരിക്കാൻ സർവ്വ വിധേനയും ശ്രമിക്കേണ്ടതാണ്.

ഖുർആനിക അധ്യാപനമനുസരിച്ച്, ആത്മീയതയാവണം വിശ്വാ സിയുടെ ലക്ഷ്യം. ജീവിതം രൂപപ്പെടുത്തേണ്ടത് ആത്മീയ തത്ത്വങ്ങ ളിൽ ഊന്നിക്കൊണ്ടാവണം. വ്യക്തിജീവിതത്തിന്റെ എല്ലാ മേഖലക ളിലും ആത്മീയതയുടെ പരിമളം പ്രസരിപ്പിക്കണം.

ആത്മീയതയും രാഷ്ട്രീയവും തമ്മിലുള്ള അകലം നിജപ്പെടുത്തു ന്നത് ഗുണം ചെയ്യും. ഏതവസരത്തിലും പ്രാപിക്കാവുന്ന ലക്ഷ്യമാണ് ആത്മീയത എന്ന് മനസ്സിൽ കരുതണം. ഇച്ഛാശക്തിയാണ് അതിന് ആദ്യമായുണ്ടാവേണ്ടത്. സാഹചര്യം അനുകൂലമാണെങ്കിലും അല്ലെ ങ്കിലും ലക്ഷ്യത്തിലെത്താൻ കിണഞ്ഞുപരിശ്രമിക്കണം.

രാഷ്ട്രീയാധികാരം അതിൽ നിന്ന് തുലോം ഭിന്നമാണ്. ആത്മീ യതയോട് താരതമ്യം ചെയ്യുമ്പോൾ രാഷ്ട്രീയം രണ്ട് കക്ഷികളെയോ അതിൽ കൂടുതൽ കക്ഷികളെയോ സംബന്ധിക്കുന്നതായി കാണാം. രാഷ്ട്രീയത്തിൽ എപ്പോഴും രണ്ട് പാർട്ടികളും വളരെയധികം എതി രാളികളും കാണും. അധികാരം കയ്യാളണമെങ്കിൽ എതിരാളികളു മായി മത്സരിക്കണം. തർക്കം രാഷ്ട്രീയത്തിൽ ഒഴിവാക്കാനാവാത്ത

വിഷയമാണ്. തർക്കങ്ങളില്ലെങ്കിൽ പിന്നെ രാഷ്ട്രീയവുമില്ല എന്ന താണവസ്ഥ. തർക്കം പലപ്പോഴും വിദ്വേഷവും അക്രമ വാസനയും വളർത്തും. തീർച്ചയായും രാഷ്ട്രീയ ലക്ഷ്യം കൈവരിക്കൽ ഖുർആൻ കാഴ്ചപ്പാടിന് എതിരാണ്.

ഖുർആനിക പദ്ധതിയനുസരിച്ച് ഒരു വിശ്വാസിയുടെ മുഖ്യ ലക്ഷ്യം ആത്മീയ ജീവിതം നയിക്കലും ആത്മീയ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കലുമായിരിക്കണം. തികച്ചും അരാഷ്ട്രീയമായ ആത്മീയ കാര്യ ങ്ങളിൽ ഒരാൾക്ക് പങ്കുചേരാം.

ഖുർആനിക അധ്യാപനമനുസരിച്ച്, ഒരു വിശ്വാസിയുടെ ജീവി തത്തിന്റെ മുഖ്യ ഭാഗവും ആത്മീയതക്കുവേണ്ടിയാവണം. രാഷ്ട്രീയ ത്തിന് രണ്ടാം സ്ഥാനമേ കല്പിക്കാവൂ. ജീവിതത്തിന്റെ ഏതവസ്ഥയി ലും ഏതുസാഹചര്യത്തിലും വേണ്ടതാണ് ആത്മീയത എന്നർത്ഥം. എന്നാൽ, രാഷ്ട്രീയം സാഹചര്യം നിർബ്ബന്ധിക്കുകയാണെങ്കിൽ മാത്രം മതി. ഒരു സമുദായത്തിന്റെ ഭരണ കാര്യങ്ങൾ ഇസ്‌ലാമിക നിയമങ്ങ ൾക്ക് അനുസൃതമാക്കാൻ സന്നദ്ധമാണെങ്കിൽ അത്തരം സാഹചര്യ ങ്ങളിൽ വിശ്വാസികൾക്ക് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാവുന്നതാണ്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആത്മീയത ഒരു വ്യക്തിയുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ളതാണ്. രാഷ്ട്രീയമാകട്ടെ, സമൂഹം അതിനായി തയ്യാറാകുമ്പോൾ മാത്രം പ്രകടമാകുന്നതാണ്. അഥവാ ഇസ്‌ലാമിക അധ്യാപനങ്ങൾക്കനുസരിച്ച് ഭരിക്കണമെന്നവരുമ്പോൾ മാത്രം.

സാമൂഹികമോ ദേശീയമോ ആയ വിഷയങ്ങളെ കുറിച്ചാകുമ്പോൾ അവയുടെ നിയന്ത്രണവും പരിപാലനവും തീരുമാനിക്കേണ്ടത് സ്വത ന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പിലൂടെയുള്ള ജനാധിപത്യ മാണ്. മറ്റ് മേഖലകളിലുള്ളവരുടെ കടന്നുകയറ്റത്തിൽ നിന്ന് ആത്മീ യതയും രാഷ്ട്രീയവും മാറിനിൽക്കണം.

ശാശ്വതമായ സ്വർഗത്തിൽ ഇടം നേടലാണ് ആത്മീയതയുടെ പരമമായ ലക്ഷ്യം. എന്നാൽ രാഷ്ട്രീയ ലക്ഷ്യം ഇഹലോകം മാത്രമാണ്. സമൂഹത്തിന്റെ തീരുമാനമനുസരിച്ചുള്ള രാഷ്ട്രീയ സ്ഥിതി സ്വീകരി ക്കൽ സാമൂഹ്യമായ ഒരു വിഷയമാണ്.

116

# സ്വയം നവീകരിക്കുക

ചെറിയ പാപങ്ങൾക്ക് മാപ്പുലഭിക്കുമെന്നത് ഒരു ദൈവികതത്ത്വമാണ്. ചെറിയ പാപങ്ങൾക്ക് ഏറ്റവും നല്ല പരിഹാര മാർഗം ഒരു സത്കർമ്മം ചെയ്യലാണ്. അത് ചെയ്യേണ്ട രീതി, *ഹൂദ്* എന്ന അധ്യായത്തിൽ ഖുർആൻ വിശദീകരിക്കുന്നുണ്ട്:

*പകലിന്റെ രണ്ടറ്റങ്ങളിലും, രാത്രിയിലെ ആദ്യ യാമങ്ങളിലും നീ നമസ്കാരം മുറപോലെ നിർവ്വഹിക്കുക. തീർച്ചയായും സത്കർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ നീക്കിക്കളയുന്നതാണ്. ചിന്തിച്ചുഗ്രഹിക്കുന്നവർക്ക് ഒരു ഉത്ബോധനമാണത്.* (11:114)

തെറ്റ് മനുഷ്യസഹജമാണെന്ന് സൂക്തം വ്യക്തമാക്കുന്നു. മനുഷ്യൻ മലക്കല്ലാത്തതുകൊണ്ടും പലവിധ വികാരങ്ങൾക്ക് അടിമപ്പെടുന്നതുകൊണ്ടും തെറ്റുകൾ സംഭവിക്കാം. അപ്പോൾ എന്താണ് ചെയ്യുക?

ഏറ്റവും നല്ലത്, ഈ ഖുർആനികോപദേശം സ്വീകരിക്കലാണ്. മനുഷ്യൻ തന്റെ തെറ്റ് ആദ്യമായി അംഗീകരിക്കണം. തുടർന്ന് ആത്മപരിശോധനയ്ക്ക് വിധേയനാവുകയും വേണം. അപ്രകാരം അവയ്ക്കുള്ള പരിഹാരം കണ്ടെത്തുക. അതിനർത്ഥം, പാപപരിഹാരമായി ഒരു സൽപ്രവൃത്തി ചെയ്യാൻ ശ്രമിക്കണമെന്നാണ്. ആ ശീലം തെറ്റിന്റേയും പോരായ്മകളുടെയും ഭവിഷ്യത്തുകളിൽ നിന്ന് അവനെ രക്ഷിക്കും. ഉദാഹരണത്തിന്, നമ്മൾ കോപത്തിന് അടിപ്പെട്ട് ഒരാളെ അസഭ്യം പറയേണ്ടിവന്നുവെന്ന് വിചാരിക്കുക. പരസ്യമായി അയാളോട് മാപ്പപേക്ഷിക്കുകയും അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതാണ് അതിനുള്ള പരിഹാര മാർഗം.

ശാരീരികമായി വല്ലവരെയും ഉപദ്രവിക്കേണ്ടിവന്നുവെങ്കിൽ നമ്മൾ സാമ്പത്തികമായോ മറ്റ് വിധേനയോ സഹായിച്ച് അയാൾക്കേറ്റ ക്ഷതത്തിന് പരിഹാരം കാണുക.

തിന്മകൾ പലവിധങ്ങളാണ്. എപ്രകാരമുള്ള തെറ്റുകളായാലും സംഭവിച്ചുപോയതിൽ പശ്ചാത്തപിക്കുകയും സത്കർമ്മങ്ങളിലൂടെ അതിനെ മായിച്ചുകളായാൻ ശ്രമിക്കുകയുമാണ് വേണ്ടത്.

നമ്മൾ ചെയ്യുന്ന ഓരോ പാപവും നമ്മുടെ മനസ്സിനെ കളങ്കപ്പെടുത്തും. കണ്ണീരിലൂടെ അഥവാ പശ്ചാത്താപത്തിലൂടെ അതിനെ പരിശുദ്ധമാക്കാം. കളങ്കപ്പെട്ട നമ്മുടെ ഹൃദയത്തെയും മനസ്സിനെയും ശുദ്ധീകരിക്കുന്നതിൽ നിന്ന് നമുക്ക് പിന്തിരിയാനാവില്ല.

തിന്മക്ക് പകരം നന്മചെയ്യൽ മനസ്സിനെ പുനക്രമീകരിക്കുന്നതിനുള്ള മാർഗമാണ്. ആ ശീലം അത്ര എളുപ്പമല്ല. അതൊരു മനഃശാസ്ത്ര പ്രക്രിയയാണ്. ആ പ്രക്രിയയിൽ ഇടപെടുന്നതോടെ ഒരാൾക്ക് തന്റെ ചിന്തകളെ വിശകലനം ചെയ്യാൻ സാധിക്കുന്നു. അഴുക്കുപുരണ്ട ശരീരം കഴുകി വൃത്തിയാക്കുന്ന പ്രവൃത്തി എങ്ങനെയോ, അതിന് സമാനമാണ് മനഃശാസ്ത്രപരമായി ചിന്തകളെ തിരുത്തുന്നതിലൂടെ സാധിക്കുന്നത്.

ആ പ്രവർത്തനത്തിൽ നന്മയുടെ നല്ലൊരു വശമുണ്ട്. അത് ഒരാളുടെ മാനസിക വികാസത്തെ സഹായിക്കുന്നു. അങ്ങനെ നമ്മുടെ തെറ്റ് മാനസികവും ബൗദ്ധികവുമായ വികാസത്തിന് കാരണമാകുന്നു. ഏതുതെറ്റും നന്മയുടെയും ആരോഗ്യപരമായ ഇടപെടലുകളുടെയും നിദാനമായിത്തീരുന്നു.

നമ്മുടെ തെറ്റ് നമുക്ക് നല്ലൊരു പാഠമാണ് തരുന്നതെങ്കിൽ അത് തെറ്റിനെക്കാളുപരി ഒരു അനുഭവമായിമാറും. നമ്മുടെ തിന്മ ഒരു നന്മ പ്രവർത്തിക്കാൻ പ്രചോദനം നല്കുന്നുവെങ്കിൽ ഫലത്തിൽ അതൊരു തിന്മയല്ല, നന്മതന്നെയാണ്.

അത്തരം പ്രവർത്തനങ്ങൾ നമ്മുടെ മനസ്സിനെ ജീവസ്സുറ്റതായി നിലനിർത്തുകയും ചിന്താ ശക്തിയെ ഉത്തേജിപ്പിക്കുകയും ചെയ്യും. ലക്ഷ്യത്തിലെത്തുന്നതിനുമുൻപുള്ള അനുകൂല സാഹചര്യങ്ങളിൽ വിശ്രമിക്കുന്ന സഞ്ചാരിയെ പോലെയാണത്.

നമ്മൾ ഒരു തിന്മ പ്രവർത്തിച്ചുപോയാൽ അതിൽ നിരാശപ്പെടരുത്. ജീവിതത്തെ നല്ല വഴിയിലൂടെ പുനഃക്രമീകരിക്കുക. അത് നമ്മെ വിജയത്തിലേക്ക് നയിക്കും.

## 117

# സൃഷ്ടിയിലെ വൈവിധ്യം

മനുഷ്യർ തമ്മിലുള്ള വൈജാത്യം പ്രകൃതിയുടെ ഭാഗമാണ്. അത് ദൈവത്തിന്റെ സൃഷ്ടിപദ്ധതിയുടെ ഫലമാണ്. ഖുർആനിലെ, ഹൂദ് എന്ന അധ്യായത്തിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്:

*നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. (എന്നാൽ) അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നതാണ്.*

*നിന്റെ രക്ഷിതാവ് കരുണചെയ്തവരൊഴികെ. അതിനുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്. ജിന്നുകൾ, മനുഷ്യർ എന്നീ രണ്ട് വിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുകതന്നെ ചെയ്യുന്നതാണ് എന്ന, നിന്റെ രക്ഷിതാവിന്റെ വചനം നിറവേറിയിരിക്കുന്നു.* (11: 118,119)

ജനങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും വ്യത്യസ്തതയുണ്ടാവുക സ്വാഭാവികം മാത്രം. അത് തിന്മയല്ല, മറിച്ച് മനുഷ്യ സമൂഹത്തിന് നന്മയാണ്. വൈജാത്യം എന്നാൽ വെറും വ്യത്യാസമല്ല. അത് വൈവിധ്യമാണ്. സ്ത്രീപുരുഷന്മാരിൽ കാണുന്ന അനിയന്ത്രിത സ്വഭാവമാണത്.

ആരോഗ്യകരമായ ആ വ്യത്യാസം ചർച്ചകൾക്കും സംവാദങ്ങൾക്കും ബൗദ്ധിക മാറ്റങ്ങൾക്കും വേദിയാവുകയാണെങ്കിൽ അത് അഭിവൃദ്ധിയിലേക്കായിരിക്കും മനുഷ്യനെ നയിക്കുക. എന്നാൽ വ്യത്യാസമില്ലാത്ത അവസ്ഥ നിശ്ചലതയിലേക്കായിരിക്കും അവനെ നയിക്കുക. വ്യത്യാസത്തെ അംഗീകരിക്കുകയാണെങ്കിൽ അത് സർവ്വമേഖലകളുടെയും വികസനത്തിന് കാരണമായിത്തീരും. ഭൗതികവും ബൗദ്ധികവുമായ വികസനം വളർച്ചയിലേക്ക് നയിക്കും. മനുഷ്യൻ കഴിവുറ്റവനാണ്. പക്ഷേ, അവന്റെ അഭിവൃദ്ധിക്ക് മാത്സര്യങ്ങളും വെല്ലുവിളികളും അനിവാര്യമാണ്. എന്നെങ്കിലേ അവന്റെ കഴിവുകൾ സജീവമാകൂ. വ്യത്യസ്തത ഒരു വിവാദ വിഷയമാകുമ്പോൾ അത് വെല്ലുവിളികളിലേക്കായിരിക്കും നയിക്കുക. ആ വെല്ലുവിളികളെ നേരിടുകയാണെങ്കിൽ നൂതനാശയങ്ങളും പുത്തൻ മേഖലകളും കണ്ടെത്താൻ കഴിയും. വ്യത്യസ്തത എന്ന അവസ്ഥയില്ലെങ്കിൽ ഒരുതരം ബൗദ്ധിക മയക്കത്തിലേക്കും ഒന്നിനും കൊള്ളാത്ത ബിംബാവസ്ഥയിലേക്കും മനുഷ്യൻ ആപതിക്കും.

വ്യത്യസ്തത സമൂഹത്തിന് ആരോഗ്യകരമായ മുതൽക്കൂട്ടാവണമെങ്കിൽ അവിടെ ചില മുൻകരുതലുകൾ ആവശ്യമായി വരും. വ്യത്യസ്തത നിലനിൽക്കെത്തന്നെ നമ്മൾ സൗമ്യരായിരിക്കണം. നമ്മൾ നിസ്വാർത്ഥരും നിഷ്പക്ഷരുമായിരിക്കണം. വ്യത്യസ്തതയോടെ അനുസരണ പുലർത്തണം. നമ്മുടെ ഭിന്നാഭിപ്രായങ്ങൾ ശക്തമായി പ്രകടിപ്പിക്കുകയും അതേ അവസരത്തിൽത്തന്നെ മറ്റുള്ളവർക്ക് സുഗമമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അനുമതി നല്കാനുള്ള തുറന്ന മനസ്സുമുണ്ടായിരിക്കണം. മറ്റ് പ്രതിഭാസങ്ങൾക്കുള്ളതുപോലെ വ്യത്യസ്തതയ്ക്കും രണ്ട് വശങ്ങളുണ്ട്, നല്ലതും ചീത്തയുമായ വശങ്ങൾ. വ്യത്യസ്തത സമാധാനപരമായ വിഷയങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണെങ്കിൽ അത് നന്മയായി ഭവിക്കും. അതിർത്തികൾ ലംഘിച്ച് അക്രമത്തിനും കലഹത്തിനും ഇടവരുത്തുകയാണെങ്കിൽ അത് പൈശാചികമായിമാറും. വ്യത്യസ്തതയെ സമാധാനപരമായ കാഴ്ചപ്പാടിലൂടെയാണ് സമീപിക്കുന്നതെങ്കിൽ അത് അനുഗ്രഹവും അക്രമത്തിലൂടെയാണ് സമീപിക്കുന്നതെങ്കിൽ അത് ഒരു വിഷമ പ്രശ്നവുമായിമാറും.

മതപരവും മതേതരവുമായ വിഷയങ്ങളിൽ വ്യത്യസ്തതക്ക് പ്രധാന സ്ഥാനമുണ്ട്. വിവാദങ്ങളേക്കാൾ ഭിന്നതയാണ് അതിന്റെ രൂപഘടന. ജീവിതത്തിന്റെ ഉന്നതങ്ങളിലെത്തിച്ചേരാനുള്ള ഒരു ഗോവണിയാണത്. വ്യത്യസ്തതയില്ലാത്ത ബൗദ്ധിക പഠനത്തിന് പുരോഗതി പ്രതീക്ഷിക്കാനാവില്ല.

വ്യത്യസ്തത നമ്മുടെ മുൻപിൽ അടഞ്ഞുകിടന്ന വസ്തുതകളുടെ മേഖലകൾ തുറന്നുതരുന്നു. അത് കൂട്ടായ തീരുമാനത്തിന് അവസരം നല്കുന്നു. അത് മനുഷ്യവർഗത്തിന്റെ ഭാഗവും ഭൗതികജീവിതത്തിന്റെ അടയാളവുമാകുന്നു; ശില്പങ്ങൾ മാത്രമാണെങ്കിൽ അവതമ്മിൽ വ്യത്യാസം ഇല്ല.

വൈവിധ്യം സൃഷ്ടിയുടെ അഭിവാജ്യ ഘടകമാണെന്നിരിക്കെ അതിനെ അംഗീകരിക്കുകയല്ലാതെ വേറെ മാർഗങ്ങളില്ല. ഭിന്നത ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പരാജയത്തിലേ കലാശിച്ചിട്ടുള്ളൂ. ഭിന്നതയെ അംഗീകരിക്കാൻ തയ്യാറാവാത്തവർ തങ്ങളുടെ അഭിലാഷങ്ങൾക്കനുസരിച്ച് മറ്റൊരു ലോകം സൃഷ്ടിക്കേണ്ടിവരും. ആർക്കാണ് ഒരു നൂതന ലോകം സൃഷ്ടിക്കാനാവുക?

## 118

# സാധ്യമായത് ചെയ്യുക

വിശുദ്ധ ഖുർആനിലെ ഓരോ സൂക്തത്തിനും ഓരോ അവതരണ പശ്ചാത്തലമുണ്ട്. അതിന്റെ ആശയം മനസ്സിലാക്കാൻ പശ്ചാത്തല വിവരണം അനിവാര്യമാണ്. അത്തരത്തിലുള്ള ഏതാനും വചനങ്ങൾ, *മുദ്ദസിർ* എന്ന അധ്യായത്തിൽ കാണാം. എ.ഡി 610-ാം ആണ്ടിൽ പ്രവാചകൻ മക്കയിൽ താമസിക്കുന്ന കാലഘട്ടത്തിലാണ് ആ അധ്യായം അവതരിച്ചത്. മക്കാ പട്ടണം വിഗ്രഹാരാധകരുടെ അധീനതയിലായിരുന്നു. ഏകദൈവാരാധനക്കായി ഇബ്രാഹിം നബി സ്ഥാപിച്ച കഅ്ബയിൽ മൂന്നൂറ്റിയറുപതോളം ബിംബങ്ങളുണ്ടായിരുന്നുവത്രെ. അത് പ്രവാചകനെ അലോസരപ്പെടുത്തി. ആ സന്ദർഭത്തിലാണ് അദ്ദേഹത്തിന് ഒരു സൂക്തം അവതരിച്ചത്. വിഗ്രഹങ്ങളുള്ള കഅ്ബയെ വൃത്തിയാക്കുക എന്ന നിർദ്ദേശമായിരുന്നു അത്. ആ സൂക്തം ഇങ്ങനെ:

*ഹേ, പുതച്ചുമൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും, നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും, പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിനുവേണ്ടി നീ ക്ഷമ കൈകൊള്ളുക.* (74: 1-7)

അതിലെ ഉപദേശങ്ങൾ വ്യക്തമാണ്. വിഗ്രഹ പ്രതിഷ്ഠകളെ അവഗണിക്കാനും ദിവ്യസന്ദേശം പ്രചരിപ്പിക്കാനുമായിരുന്നു ആ നിർദ്ദേശം. വിവേകപൂർവ്വമായ ആ നിർദ്ദേശം ഇങ്ങനെ സംഗ്രഹിക്കാം:

ദഅവാ പ്രവർത്തനത്തിന് കിട്ടിയ അവസരം പരമാവധി ഉപയോഗപ്പെടുത്തുക. അനിശ്ചിതമായ പ്രശ്നങ്ങൾ ഒഴിവാക്കുക.

ഇവിടെ അനിശ്ചിതത്വത്തിന്, ചില കാര്യങ്ങൾ സംഭവിക്കാൻ വേണ്ടി കാത്തിരിക്കുക എന്നാണർത്ഥം. സാന്ദർഭികമായി അതർത്ഥമാക്കുന്നത്, കഅ്ബയിലെ പ്രതിമകളുടെ സാമീപ്യം അനിഷ്ടകരമാണെങ്കിലും ആ പ്രശ്നത്തെ സ്പർശിക്കരുത് എന്നാണ്. പകരം, ഏകദൈവ വിശ്വാസം പ്രചരിപ്പിക്കാൻ വേണ്ടി പ്രയത്നിക്കുക. നേരിട്ടുള്ള യാതൊരു ഇടപാടുകളുമില്ലാതെ ആ തത്വം പ്രാബല്യത്തിൽ

വരുമെന്നും പ്രതിമകളുടെ പ്രശ്നം ഒരു ദിവസം പരിഹൃതമാകുമെന്ന മുള്ള വിശ്വാസത്തിൽ.

ഖുർആനിൽ പ്രതിപാദിച്ച ആ തത്ത്വം പ്രത്യക്ഷത്തിൽ മതാത്മക മാണെങ്കിലും മതേതരത്വത്തിന്റെയും അംശം അതിലുണ്ട്. ഏതൊരു സാഹചര്യവും പ്രശ്നാധിഷ്ഠിതമാണെങ്കിലും തുടക്കം മുതൽക്കുതന്നെ പ്രകൃതി നിയമം അനുസരിക്കുകയാണെങ്കിൽ അത് നമുക്ക് അനുകൂലമായി വരും. ശരിയായ തുടക്കം നന്മയിലേക്ക് നയിക്കും, അല്ലാത്തത് തിന്മയിലേക്കും.

എല്ലാ വിഷമഘട്ടങ്ങൾക്കും അതിന്റേതായ പ്രശ്നങ്ങളുണ്ടായിരിക്കും. വിഷമഘട്ടങ്ങൾക്കെല്ലാം പ്രകൃത്യാലുള്ള അവസരങ്ങളുമുണ്ട്. നമ്മൾ നമ്മുടെ കർത്തവ്യം പ്രശ്നാധിഷ്ഠിതമായാണ് തുടങ്ങുന്നതെങ്കിൽ അത് വണ്ടി കുതിരക്കുമുൻപിൽ കെട്ടുന്നതുപോലെയാവും. ഈ ലോകത്ത് ഒരേയൊരു തുടക്കമെയുള്ളു. അത് പ്രശ്നങ്ങൾക്കുപകരം അവസരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രശ്നത്തോടുകൂടെയാണ് ഒരു പ്രവൃത്തി ആരംഭിക്കുന്നതെങ്കിൽ അതിന് വൈകാരികമായ പ്രതികരണമായിരിക്കും ലഭിക്കുക. എന്നാൽ, അവസരങ്ങൾക്ക് അനുകൂലമായാണ് തുടക്കമെങ്കിൽ അതിനെ വിവേകമായി കണക്കാക്കും. അതിനർത്ഥം ഇന്ന് എന്താണോ സാധ്യമായത് അതിൽ നിന്ന് തുടങ്ങുക. എന്നാൽ, എന്താണോ ഇന്ന് അസാധ്യമായത് അത് നമ്മൾ നാളെ നേടിയെടുക്കും. പ്രശ്നങ്ങൾ തീർപ്പാക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ഉദാസീനതകൊണ്ടല്ല. സത്യത്തിലത് ആഴത്തിലൂന്നിയ വിവേകമാണ്. ആ മാർഗമാണ് സ്വീകരിക്കുന്നതെങ്കിൽ അനാവശ്യ ഏറ്റുമുട്ടലുകളിൽ നിന്ന് തത്കാലം രക്ഷനേടാം. അങ്ങനെ നമ്മുടെ മുഴുവൻ ഊർജ്ജവും ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിനിയോഗിക്കാം.

ആ തത്ത്വം ക്രിയാത്മക വിവേകത്തിൽ ഊന്നിയതാണ്. ക്രിയാത്മകവിവേകമാണ് ഈ ലോകത്തെ ഒരേയൊരു പ്രാവർത്തിക മാർഗം.

## 119

# പൊറുക്കുക

ഖുർആനിക അധ്യാപനങ്ങളനുസരിച്ച്, പ്രതികാരം ഒരു പരിഹാര മല്ല. അത് പ്രശ്നങ്ങൾ സൃഷ്ടിക്കുകയേയുള്ളൂ. *നഹൽ* എന്ന അധ്യാ യത്തിൽ ഖുർആൻ ചില പ്രായോഗിക ഉപദേശങ്ങൾ നിർദ്ദേശിക്കുന്നു ണ്ട്. അത് ഇപ്രകാരമാണ്:

*നിങ്ങൾ ശിക്ഷാ നടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളിക ളിൽ നിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാ നടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ചുകൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെ ങ്കിലോ അതുതന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം.* (16:126)

എന്താണ് പ്രതികാരം?

പ്രതികാരം എന്നത് ഒരു വ്യക്തിമൂലമുണ്ടായ ക്ലേശത്തിന് അയാളെ വേദനിപ്പിക്കുന്ന പ്രവർത്തിയോ ബുദ്ധിമുട്ടിക്കലോ ആണ്. ഖുർആനിക അധ്യാപനമനുസരിച്ച് പ്രതികാരത്തിന് രണ്ട് തലങ്ങളുണ്ട്: തുല്യ പ്രാ ധാന്യമുള്ള പ്രതികാരവും, പ്രതിയോഗികളിൽ നിന്നുണ്ടായ തിക്താനു ഭവങ്ങൾ വിസ്മരിക്കലും.

പ്രതികാരം അഥവാ പകവീട്ടൽ ചില കർശന ഉപാധികളോടെ അനുവദനീയമാണ്. പക്ഷേ, അത് തുല്യ പ്രാധാന്യമുള്ള പ്രതികാരമാ വണം. ഒരാളുടെ ദുഷ്പ്രവൃത്തിയെക്കാൾ കവിഞ്ഞതാവരുത്. അതേ ക്കുറിച്ച് ഒരാൾ ഗൗരവമായി ചിന്തിക്കുമ്പോൾ അതൊരു ഉപാധിയല്ലെ ന്ന് അയാൾ തിരിച്ചറിയും. വളരെ പ്രയാസകരമായതുകൊണ്ടുതന്നെ ആ ഉപാധി നിസ്വാർത്ഥനായ ഒരാൾക്ക് യോജിച്ചതല്ല. കാരണം, ലഭി ച്ചതിന് സമമാണോ കൊടുത്തതെന്ന് ലഭ്യമായ അളവുകോൽ വെച്ച് അളക്കാനാവില്ല.

ആ ഉപാധി ഒരു ഊഹം മാത്രമാണ്. നിസ്വാർത്ഥനായ ഏതൊരാ ൾക്കും അത് പിൻപറ്റാൻ സാധ്യമല്ല. കാരണം അയാളുടെ പകരംവീട്ടൽ തനിക്ക് കിട്ടിയതിനേക്കാൾ കൂടുതലായിപ്പോയാൽ ദൈവം അവനെ വെറുതെ വിടില്ല. അത് അസഹ്യമായിത്തീരുകയും ചെയ്യും. യഥാർത്ഥ ത്തിൽ ഒരൊറ്റ ഉപാധിയേ തത്ത്വത്തിലുള്ളൂ. അത് ക്ഷമ മാത്രമാണ്. പ്രതികാരം മറ്റൊരു പ്രതികാരത്തിന് വഴി തുറക്കുമ്പോൾ പാപമോചനം

അവിടെ അവസാനിക്കും. ക്ഷമ എന്നാൽ നമ്മൾ ചാർത്തുന്ന പൂർണ്ണ വിരാമമാണെങ്കിൽ, പ്രതികാരം നമ്മളിടുന്ന അല്പ വിരാമമായിരിക്കും.

അത്തരം സാഹചര്യങ്ങളിലെ ക്ഷമ പ്രതിഫലാർഹമാണ്. ക്ഷമ അമൂല്യമായൊരു കർമ്മമാണ്. പരലോകത്ത് ലഭിക്കുന്ന പ്രതിഫലമാണ് ഏറ്റവും മഹത്തരം. വിശ്വാസിയെ സംബന്ധിച്ചിടത്തോളം അതാണ് ഏറ്റവും ഉത്തമം.

ക്ഷമ ഇഹലോകത്ത് പാപമോചനം തരുന്നു. നമ്മൾ ഒരാളോട് ക്ഷമിച്ചാൽ നമ്മളയാളുടെ മനസ്സാക്ഷിയിലാണ് സ്പർശിക്കുന്നത്. ക്ഷമ ഒരുതരം പരിഹാരമാർഗം കൂടിയാണ്. ക്ഷമ മറ്റുള്ളവരുടെ ഹൃദയത്തിൽ പശ്ചാത്താപബോധം വളർത്തുന്നു. അതുവഴി അയാൾ സ്വയം തിരുത്താൻ ശ്രമിക്കുന്നു. ആ അർത്ഥത്തിൽ സാമൂഹ്യ പരിവർത്തനത്തിൽ ക്ഷമയ്ക്ക് വലിയ പ്രാധാന്യമുണ്ട്.

ഒരാൾ പ്രതികാരത്തിന് ശ്രമിച്ചാൽ അയാൾക്ക് മറ്റെ ആളിൽ നിന്ന് കിട്ടിയേക്കാവുന്ന തിരിച്ചടിയിൽ നിന്ന് രക്ഷപ്രാപിക്കാനാവില്ല. അതുകൊണ്ട് പ്രതികാരം അല്ലെങ്കിൽ പകവീട്ടൽ കോടതിയുടെ സവിശേഷാധികാരമാണ്. അതിനാൽ, അത്തരുണത്തിൽ ഒരാൾക്ക് രണ്ട് ഉപാധികളാണുള്ളത്. ഒന്നുകിൽ ക്ഷമിക്കുകയും മറക്കുകയും ചെയ്യുക. അല്ലെങ്കിൽ കോടതിയെ സമീപിക്കുക. ശിക്ഷയിലൂടെയുള്ള പ്രതിക്രിയ മനുഷ്യനെക്കാളുപരി അംഗീകൃത കോടതിയുടെ വിശേഷാധികാരമാണ്.

ഇസ്‌ലാം ചില നിർബ്ബന്ധ ഉപാധികളോടെ പ്രതിക്രിയക്ക് സമ്മതം നല്കുന്നുണ്ടെങ്കിലും അവ നിറവേറ്റുക പ്രയാസകരമാണ്. പ്രായോഗികമായി അതിനർത്ഥം ഒരാൾ പ്രതിക്രിയ ചെയ്യരുതെന്നാണ്.

പ്രതികാരം അല്ലെങ്കിൽ പ്രതിക്രിയ ഒരുതരം അസ്വസ്ഥതയാണ്. ക്ഷമ ഒരു പ്രശ്നത്തെ ഇല്ലാതാക്കുമ്പോൾ പ്രതിക്രിയ പരിഹരിക്കാനാവാത്ത പുതിയ പ്രശ്നങ്ങൾക്ക് രൂപം കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പ്രതിക്രിയയേക്കാൾ നല്ലത് ക്ഷമയാണ്.

## 120

# പ്രകൃതിയുടെ മതം

മനുഷ്യസ്വഭാവത്തിന്റെ ഒരു മാതൃകയായാണ് പ്രകൃതിയെ ഖുർആൻ പരിചയപ്പെടുത്തുന്നത്. *ആലു ഇംറാൻ* എന്ന അധ്യായത്തിൽ അതിനെക്കുറിച്ചുള്ള വിശദീകരണമുണ്ട്. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:

*അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബ്ബന്ധിതമായോ അവന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും.* (3: 83)

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ മതം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രകൃതി നിയമമാണ്. ഈ ലോകം മുഴുവൻ ആ നിയമത്തിന് അധീനമാണ്. അതിന്റെ കാതലായ ഭാഗം സമർപ്പണമാണ്. അതുകൊണ്ട് ഈ പ്രപഞ്ചത്തിന്റെ മതം സമർപ്പണത്തിൽ അധിഷ്ഠിതമാണ്. ദൈവത്തിന് കീഴടങ്ങലാണ് മനുഷ്യനും പ്രപഞ്ചത്തിനുമുള്ള ഒരേയൊരു മതം. മനുഷ്യനുവേണ്ടിയുള്ള ഈ പ്രാപഞ്ചിക മാതൃകയെക്കുറിച്ച് ഖുർആനിൽ പല ഭാഗങ്ങളിലായി പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഖുർആൻ ഇങ്ങനെ പറയുന്നു:

*സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ (നിശ്ചിത) ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു.* (36:40)

സൂര്യനും ചന്ദ്രനും അവയ്ക്ക് അനുവദിച്ചുകിട്ടിയ പാത പിന്തുടരുന്നു. മനുഷ്യർക്കും അതുതന്നെയാണ് ആവശ്യം. ഓരോ ആണിനും പെണ്ണിനും തങ്ങളുടെതായ കർമ്മങ്ങൾ നിർവ്വഹിക്കാൻ അനുവാദമുണ്ട്. ഒപ്പം ഒരു മുന്നറിയിപ്പുമുണ്ട്, മറ്റുള്ളവർക്ക് അത് ബുദ്ധിമുട്ട് ഉണ്ടാക്കരുത്, പരിധി ലംഘിക്കുകയുമരുത്.

സൂര്യൻ നമുക്കെന്നും ചൂടും പ്രകാശവും നല്കിക്കൊണ്ടിരിക്കുന്നു. പക്ഷേ, അതിനൊരിക്കലും ബിൽ നല്കാൻ ആവില്ല. ജീവനുള്ള എല്ലാ ജീവജാലങ്ങൾക്കും അത് ചൂടും വെളിച്ചവും സൗജന്യമായി നല്കി

വരുന്നു. അതേ സേവനം മനുഷ്യർക്കും ആവാം. നിസ്വാർത്ഥ സേവന തത്ത്വം മനുഷ്യനും അംഗീകരിക്കാം.

തേനീച്ച പൂക്കളെ സമീപിക്കുമ്പോൾ മുള്ളുകളെയും അഭിമുഖീകരിക്കേണ്ടിവരുന്നു. പൂവിൽ നിന്ന് തേൻ ശേഖരിക്കുമ്പോൾ അവ മുള്ളുകളെ അവഗണിക്കുകയും ചെയ്യുന്നു. അതേ സ്വഭാവമാണ് മനുഷ്യരും അവലംബിക്കേണ്ടത്. മനുഷ്യ സ്വഭാവത്തിൽ എപ്പോഴും നന്മയുടെ അംശം പുരളണം. ചീത്ത സ്വഭാവം മനുഷ്യന് ഒട്ടും ഭൂഷണമല്ല.

മൃഗങ്ങൾക്ക് കൊമ്പുകളുണ്ടെങ്കിലും ഒരു മൃഗവും എതിരാളികളെ അക്രമിക്കാൻ കൊമ്പുകൾ ഉപയോഗിക്കാറില്ല. എന്നാൽ അവ സ്വയം പ്രതിരോധത്തിന് മാത്രമായി കൊമ്പുകൾ ഉപയോഗിക്കുകയും ചെയ്യുന്നു. അതേ തത്ത്വമാണ് മനുഷ്യനും ആചരിക്കേണ്ടത്. മനുഷ്യന് ധാരാളം കഴിവുകളുണ്ട്. അവ മനുഷ്യന്റെ ഉന്നമനത്തിനായി ഉപയോഗിക്കാം. സഹജീവികൾക്കെതിരെ ആവരുതെന്ന് മാത്രം.

പ്രകൃതിയിലെ എല്ലാ വസ്തുക്കളിലും അത് സ്പഷ്ടമാണ്. ഇവിടെ സർവ്വവും ഒരു മാതൃക പോലെ വർത്തിക്കുന്നു. പ്രകൃതിയുടെ സ്വഭാവം എപ്പോഴും കുറ്റമറ്റതാണ്. അത് മനുഷ്യന് ശരിയായ പാത കാട്ടിക്കൊടുക്കുന്നു. അതുകൊണ്ട്, മനുഷ്യനും പ്രകൃതിയുടെ മാതൃക പിൻപറ്റണം.

പ്രകൃതിയിലെ മാതൃകകൾ ഒരിക്കലും സംസാരിക്കാറില്ല. അത് മനുഷ്യനുള്ളതാണെന്ന് പ്രഖ്യാപിക്കാറില്ല. അതുകൊണ്ട് പ്രകൃതിയെ അറിയലും അതിലടങ്ങിയ ഗോപ്യ മാതൃകകൾ തിരിച്ചറിയലും മനുഷ്യ ദൗത്യമായിരിക്കണം. ആ മാതൃകകളിൽ നിന്ന് അവൻ സ്വായത്തമാക്കുന്ന പാഠങ്ങൾ അവന്റെ ദൈനംദിന ജീവിത വ്യവഹാരങ്ങളിൽ പ്രയോഗിക്കട്ടെ. തത്ത്വത്തിൽ മനുഷ്യനുവേണ്ട എല്ലാ നടപടിക്രമങ്ങളും ഖുർആൻ മുന്നോട്ടുവെക്കുന്നുണ്ട്. മുഴുവൻ പ്രകൃതിയും സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യന് ആദർശ മാതൃകയാവാൻ ഉതകുന്ന വിധത്തിലാണ്.

പ്രകൃതിയിലെ ഈ മാതൃകകൾ സർവ്വപ്രധാനമായും യാന്ത്രിക രൂപത്തിലാണ്. യാതൊരുവിധ പ്രതിഫലവും ആഗ്രഹിക്കാതെ പൂർണ്ണമായ ഔചിത്യത്തോടുകൂടെ പെരുമാറുക എന്നത് അവക്ക് നിർബ്ബന്ധമാണ്. പക്ഷേ, മനുഷ്യൻ ഇവിടെ സർവ്വസ്വതന്ത്രനാണ്. ശരിതെറ്റുകൾക്കനുസരിച്ചാണ് പെരുമാറുന്നതെങ്കിൽ അത് അവന്റെ തീരുമാനപ്രകാരമായിരിക്കും. നല്ല പെരുമാറ്റമാണെങ്കിൽ അവന് പ്രതിഫലം ധാരാളമായി ലഭിക്കും.

മനുഷ്യൻ ദൈവത്തിന്റെ പ്രത്യേക സൃഷ്ടി ആയതിനാൽ സൽസ്വഭാവത്തിന് ഇരുലോകത്തും പ്രത്യേകം പ്രതിഫലം ലഭിക്കും.

## 121

# ആത്മപരിശോധന നടത്തുക

*ഇസ്റാഅ്* എന്ന അധ്യായത്തിൽ ഖുർആൻ ഒരു പ്രശ്നം മുന്നോട്ടുവെക്കുന്നുണ്ട്. അതായത്, എല്ലാ സ്ത്രീപുരുഷന്മാരിലും സാധാരണയായിക്കാണുന്ന മാനസികാവസ്ഥ:

*പറയുക: എല്ലാവരും അവരവരുടെ സമ്പ്രദായമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ കൂടുതൽ ശരിയായ മാർഗം സ്വീകരിച്ചവൻ ആരാണെന്നതിനെപ്പറ്റി നിങ്ങളുടെ രക്ഷിതാവ് നല്ലവണ്ണം അറിയുന്നവനാകുന്നു.* (17:84)

ഒരാളുടെ മാനസികനില അനുസരിച്ചായിരിക്കും അയാളുടെ പെരുമാറ്റ രീതി. മനഃശാസ്ത്രപരമായൊരു പ്രതിഭാസമാണത്. അത് ഉത്ഭവിക്കുന്നത് ഒരാളുടെ ആശയങ്ങളിൽ നിന്നും മന:സ്ഥിതിയിൽ നിന്നും ആയിരിക്കും. ഓരോരുത്തരിലും അത് വ്യത്യസ്തമായിരിക്കും. അത് മാറ്റിയെടുക്കുക പ്രയാസകരമാണ്.

എല്ലാ സ്ത്രീപുരുഷന്മാരുടെയും മാനസികാവസ്ഥ അവരുടെ സാമൂഹ്യ ചുറ്റുപാടുകൾക്കനുസൃതമായി ക്രമപ്പെട്ടിരിക്കും. എന്നാൽ, ആ മാനസികാവസ്ഥക്ക് ധാർമ്മിക ഗുണനിലവാരം ഉണ്ടാവണമെന്നില്ല. കാരുണ്യവാനായ ദൈവത്തിന് മാത്രമെ അത് നല്കാൻ കഴിയൂ.

പ്രായപൂർത്തിയായ ഓരോ ആണും പെണ്ണും തങ്ങളുടെ മാനസികാവസ്ഥ പരീക്ഷിക്കേണ്ടതാണ്. ദൈവം നിശ്ചയിച്ച പെരുമാറ്റ ചട്ടങ്ങൾ അവർ തിരിച്ചറിയുകയും സ്രഷ്ടാവിന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രമിക്കുകയും വേണം.

ആ പ്രക്രിയയിലൂടെ ക്രമീകരിച്ച മനസ്സിനെ, പുന:ക്രമീകരണം നടത്തിയ മനസ്സെന്ന് പറയാം. ആ പുന:ക്രമീകരണത്തിലൂടെയാണ് ഒരാളുടെ ബൗദ്ധിക യാത്ര ആരംഭിക്കുന്നത്. ഓരോ മനുഷ്യന്റെയും പ്രഥമ കർത്തവ്യം, ക്രമീകരിച്ച അവന്റെ മനസ്സിനെ പരിശോധിക്കലാണ്. ആത്മപരിശോധനയിലൂടെ സൂക്ഷ്മാവലോകനം നടത്തിയും അവന്റെ ചിന്താശക്തിയെ ശരിയാക്കാൻ ശ്രമിക്കണം.

പുന:ക്രമീകരണം നടത്താൻ ശ്രമിക്കുന്നില്ലെങ്കിൽ ഒരാൾക്ക് തന്റെ സ്വന്തം ഊഹങ്ങൾക്കുള്ളിൽ ജീവിക്കേണ്ടിവരും. പുന:ക്രമീകരണം

മനസ്സിനെ ശുദ്ധീകരിക്കുന്നു. പുന:ക്രമീകരണത്തിലൂടെ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന, ദൈവത്തിന്റെ സൃഷ്ടിപദ്ധതികളെക്കുറിച്ചും പ്രകൃതി നിയമങ്ങളെക്കുറിച്ചും ബാഹ്യ യാഥാർത്ഥ്യങ്ങളെക്കുറിച്ചും ബോധ്യം വരും.

ശരിയായ ചിന്ത, ശരിയായ പ്രവൃത്തി, ശരിയായ ആസൂത്രണം എന്നിവ ഉറപ്പുനല്കുന്നത് ആ മാനസിക നടപടിക്രമമാണ്. മാനസിക പുന:ക്രമീകരണം നടത്തിയില്ലെങ്കിൽ നമ്മുടെ മാനസിക ചുറ്റുപാടിന് പുറത്തുള്ള സത്യത്തെ നമുക്ക് മനസ്സിലാക്കാനാവില്ല. അത്തരം യാഥാർത്ഥ്യങ്ങളെ മനസ്സിന് ഉൾക്കൊള്ളാനും കഴിയില്ല.

തന്റെ സൃഷ്ടിയല്ലാത്ത ഒരു ലോകത്തേക്കാണ് മനുഷ്യൻ ജനിച്ചുവീഴുന്നത്. ഭൂമിയെ സൃഷ്ടിച്ചതും ഭൂമിയിലെ നിയമങ്ങളത്രയും തീരുമാനിച്ചതും ദൈവമാണ്. ആ നിയമങ്ങളെ തിരിച്ചറിയുകയും ആത്മാർത്ഥമായി അതിനെ പിന്തുടരുകയുമല്ലാതെ മനുഷ്യന് വേറെ ഉപാധികളില്ല. പുന:ക്രമീകരണം ഒരാളെ ആ പ്രക്രിയക്ക് പ്രാപ്തനാക്കുന്നു. മനുഷ്യന് സ്വന്തമായി തന്റെ ലോകം സൃഷ്ടിക്കാൻ സാധ്യമല്ലാത്തതിനാൽ സ്രഷ്ടാവിന്റെ നിയമങ്ങളെ അവൻ പിൻപറ്റണം. ഓരോ ആണിന്റെയും പെണ്ണിന്റെയും പ്രഥമ കർത്തവ്യമാണത്.

അതൊരു ഭീഷണിയുടെ സ്വരമല്ല. യഥാർത്ഥത്തിൽ സ്വയം അറിയാത്തതിനെ അറിയാൻ വേണ്ടി ശ്രമിക്കുന്ന ഒരാൾക്കുള്ള ശരിയായ മാർഗദർശനമാണത്. നല്ലതും ചീത്തയും, ന്യായവും അന്യായവും സ്രഷ്ടാവിനേ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട്, വിനയത്തോടും സത്യസന്ധതയോടുംകൂടെ ദൈവേച്ഛയെ അംഗീകരിക്കുക. ആ പാത പിന്തുടരലാണ് അനുയോജ്യം. ഒരാളുടെ മാനസികാവസ്ഥക്ക് അനുസൃതമായാണ് അയാളുടെ ചിന്ത. അയാളുടെ പ്രവർത്തികളാവട്ടെ, തന്റെ മാനസികാവസ്ഥയുടെ പ്രകടനവും. ഒരാളുടെ മാനസികാവസ്ഥ നല്ലതാണെങ്കിൽ പ്രവർത്തനവും നല്ലതായിരിക്കും. മാനസികാവസ്ഥ ന്യായ വിരുദ്ധമാണെങ്കിൽ പ്രവർത്തന ശൈലിയും ന്യായ വിരുദ്ധമായിരിക്കും. അതുകൊണ്ട് നിഷ്പക്ഷമായി ചിന്തിക്കാനുള്ള പ്രാപ്തി കൈവരിക്കണമെങ്കിൽ ഓരോരുത്തരും തങ്ങളുടെ മനസ്സിനെ പുന:ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്.

## 122

# അറിവിന്റെ പരിമിതികൾ

വിശുദ്ധ ഖുർആനിലെ, *ഇസ്റാഅ്* എന്ന അധ്യായത്തിൽ ചിന്തന കലയെക്കുറിച്ചുള്ള ഒരു വാക്യമുണ്ട്. ഇപ്രകാരമാണ് അതിന്റെ തർജ്ജമ:

*നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അല്പമല്ലാതെ നിങ്ങൾക്ക് നല്കപ്പെട്ടിട്ടില്ല.* (17: 85)

അറിവിന്റെ സിദ്ധാന്തത്തെക്കുറിച്ചുള്ള ഒരു തത്ത്വം ആ വാക്യം നമ്മുടെ മനസ്സിൽ പ്രതിഷ്ഠിക്കുന്നുണ്ട്. ചില പരിമിതികളോടെയാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവന് എല്ലാം പൂർണ്ണമായി മനസ്സിലായിക്കൊള്ളണമെന്നില്ല. ആ പരിമിതിയെക്കുറിച്ച് അറിയലാണ് വലിയ വിവേകം. അത് അറിവിന്റെ എല്ലാ വാതായനങ്ങളും തുറന്നുകൊടുക്കും.

തത്ത്വചിന്തക്ക് നീണ്ട ചരിത്രമുണ്ടെങ്കിലും മനുഷ്യ ജീവിതത്തെക്കുറിച്ച് വ്യക്തമായ അറിവ് നല്കുന്നതിൽ അത് പരാജയപ്പെട്ടിട്ടേയുള്ളു. പണ്ടത്തെയും ഇപ്പോഴത്തെയും തത്ത്വജ്ഞാനികൾ ആശയക്കുഴപ്പത്തിന്റെ വക്താക്കളായിമാറി. മനുഷ്യന് ഉപയോഗപ്രദമായ അറിവുകൾ നല്കാൻ കഴിഞ്ഞത് ശാസ്ത്രജ്ഞർക്ക് മാത്രമാണ്. ആധുനിക നാഗരികത ശാസ്ത്രത്തിന്റെ നേട്ടമാണ്. എന്തുകൊണ്ടാണ് ആ രണ്ട് അധ്യാപനങ്ങളും ഇങ്ങനെ വ്യതിരിക്തമായിപ്പോയത്?

മനുഷ്യ പരിമിതികളെക്കുറിച്ച് മനസ്സിലാക്കുന്നതിൽ തത്ത്വ ചിന്തകർ പരാജയപ്പെട്ടുവെന്നതാണ് കാരണം. ശാസ്ത്രജ്ഞർ അക്കാര്യം അംഗീകരിച്ചു. പരിമിതികളെ അംഗീകരിച്ചതിനാൽ അറിവിന്റെ വാതിലുകൾ അവർക്ക് തുറന്നുകിട്ടി.

നമ്മുടെ ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ച് ചിന്തിക്കുന്നത് നല്ലതാണ്. എന്നാൽ, എല്ലാ വസ്തുക്കളെക്കുറിച്ചും അറിയാൻ കിണഞ്ഞുശ്രമിക്കുന്നത് അത്ര നല്ലതല്ല. ആ രണ്ട് ചിന്താധാരകളെയും വേർത്തിരിച്ചറിയാൻ കഴിവുള്ളവനാണ് വിവേകശാലി. തനിക്ക് ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ച് അവൻ മനസ്സിലാക്കും. വസ്തുതകൾ ലഭ്യമല്ലാത്ത മേഖലകളിൽ നിന്ന് അവൻ മാറിനിൽക്കുകയും ചെയ്യും. ആ രണ്ട് ചിന്താധാരകളെ

വേർത്തിരിച്ചറിയുകയെന്നത് അറിവിന്റെ ഒരു പ്രധാന തത്ത്വമാണ്. മൈക്രോസ്കോപ്പ് അല്ലെങ്കിൽ ടെലസ്കോപ്പ് ഉപയോഗിച്ച് ഭൗതിക ലോകത്തെക്കുറിച്ച് നമുക്ക് അറിവ് നേടാം. എന്നാൽ ആ രണ്ട് ഉപകരണങ്ങൾക്കും പിടികൊടുക്കാത്ത ഒരു ലോകവുമുണ്ട്.

മാലാഖമാർ ചവിട്ടാൻ മടിക്കുന്നിടത്തിന് വിഡ്ഢികൾ തിരക്കുകൂട്ടുന്ന എന്ന ചൊല്ലിന് സമാനമാണ്, എത്തിച്ചേരാനാകാത്ത ആ ലോകത്തേക്ക് കുതിച്ചുചെല്ലാനുള്ള മനുഷ്യന്റെ ശ്രമം. ഉദാഹരണത്തിന്, ദൈവത്തെക്കുറിച്ച് ഏതാണ്ടൊരു മുഖവുര പ്രകൃതിയിൽ നിന്നും അതിലെ ജീവജാലങ്ങളിൽ നിന്നും ലഭിക്കും. പക്ഷേ, നഗ്ന നേത്രം കൊണ്ട് ദൈവത്തെ കാണാൻ ശ്രമിച്ചാൽ അതിൽ തോറ്റുപോവുകയേയുള്ളു. സ്രഷ്ടാവിനെ മനസ്സിലാക്കാനാവുമെങ്കിലും നിരീക്ഷിക്കാനാവില്ല. മനസ്സിലാക്കലും നിരീക്ഷിക്കലും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയലാണ് വിവേകമുള്ള ചിന്ത.

മറ്റൊരു ഉദാഹരണം നോക്കാം. നമുക്ക് മരണത്തിന് മുൻപുള്ള ജീവിതത്തെക്കുറിച്ച് അറിയാൻ കഴിയും. എന്നാൽ, മരണാനന്തര ജീവിതത്തെക്കുറിച്ച് അറിയാനുള്ള ശ്രമം വൃഥാവിലായിരിക്കും. ആദ്യത്തേതിൽ നമുക്ക് നേരറിവ് ലഭിക്കുമ്പോൾ രണ്ടാമത്തേതിൽ നമുക്ക് അനുമാനിക്കാനേ സാധിക്കൂ. ഇവിടെ അനുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരം കൊണ്ട് തൃപ്തിയടയേണ്ടിവരുന്നു.

വിശുദ്ധ ഖുർആൻ അനുസരിച്ച്, വിജ്ഞാന ശാസ്ത്രത്തിന്റെ അടിസ്ഥാനം അതാണ്. അഥവാ, മനസ്സിലാക്കാനാവുന്നതും മനസ്സിലാക്കാനാവാത്തതും എന്താണെന്ന് വേർത്തിരിച്ച് മനസ്സിലാക്കലാണ് ഖുർആനിക വിജ്ഞാന ശാസ്ത്രത്തിന്റെ അടിസ്ഥാനം.

നമുക്കാവശ്യമായ വസ്തുതകൾ ലഭ്യമായ ഒരിടത്തേക്ക് നമ്മുടെ മനസ്സിനെ പ്രയോഗിക്കുക. അല്ലാതെ, വസ്തുതകൾ ലഭ്യമാവുമോ എന്ന് സംശയിക്കുന്നിടത്തേക്കല്ല. ആ വിവേകമാണ് ശാസ്ത്രജ്ഞർ കൈകൊണ്ടത്. ശാസ്ത്രത്തിന്റെ പരിമിതികളെ അവർ അംഗീകരിച്ചു. ആ അംഗീകാരം ആധുനിക ശാസ്ത്രത്തിന്റെ എല്ലാ വാതിലുകളും തുറന്നു.

123

# ക്ഷമാപൂർവം കാത്തിരിക്കുക

ദിവ്യാസ്തിത്വത്തിന്റെ സ്പർശനമുള്ളതിനാൽ ഖുർആൻ എല്ലാ വിഷയങ്ങളിലും വിനയം പ്രവചിക്കുന്നു. *ത്വാഹാ* എന്ന അധ്യായത്തിൽ സർവ്വ ശക്തനായ ദൈവം മൂസാ, ഹാറൂൺ എന്നീ പ്രവാചകന്മാരോട് അന്നത്തെ ഭരണാധികാരിയായ ഫറോവയെ സമീപിക്കാൻ രണ്ടു തവണ ആജ്ഞാപിക്കുന്നുണ്ട്. ഫറോവയോട് എങ്ങനെയാണ് സംസാരിക്കേണ്ടതെന്ന് മൂസാനബിയെ ഉപദേശിക്കുന്നുമുണ്ട്.

*നിങ്ങൾ രണ്ടുപേരും ഫിർഔന്റെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു.*

*എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചുമനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം.* (20: 43, 44)

ഈജിപ്തിലെ ഫറോവ ഒരു സ്വേച്ഛാധിപതിയും ധിക്കാരിയുമായിരുന്നു. ദൈവമാണെന്ന് അദ്ദേഹം സ്വയം അവകാശപ്പെട്ടിരുന്നു. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ അടക്കത്തോടും താഴ്മയോടും വിനയത്തോടും ആയിരിക്കണമെന്ന് കാരുണ്യവാനായ ദൈവം മൂസായെ ഉപദേശിക്കുന്നു.

അഹംബോധം, മനസ്സാക്ഷി എന്നിങ്ങനെ ഓരോ മനുഷ്യനും രണ്ട് വശങ്ങളുണ്ട്. വിവാദങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ നമുക്ക് രണ്ട് ഉപാധികളാവാം. താഴ്മയോടുകൂടെയാണ് നമ്മൾ സംസാരിക്കുന്നതെങ്കിൽ മറ്റെ ആളുടെ മനസ്സാക്ഷിയെ നമുക്ക് സ്പർശിക്കാം. അയാൾ നമ്മുടെ അഭിപ്രായത്തെ പരിഗണിക്കുകയും പറയുന്നതിനെ അംഗീകരിക്കുകയും ചെയ്യും. ധാർഷ്ട്യത്തോടെയാണ് നമ്മൾ സംസാരിക്കുന്നതെങ്കിൽ അയാളുടെ പ്രതികരണം വ്യത്യസ്തമായിരിക്കും. നമ്മുടെ ധാർഷ്ട്യ ഭാവം അയാളുടെ അഹംഭാവത്തിൽ തട്ടുകയും അയാൾ മോശമായി പ്രതികരിക്കുകയും ചെയ്യും.

ഓരോ മനുഷ്യനും, അത് രാജാവായാലും പ്രജയായലും, ഇത് ബാധകമാണ്. ഉദ്ധരിച്ച ഖുർആനികോപദേശം മൂസാ നബിക്ക് മാത്രമല്ല, മുഴുവൻ മനുഷ്യരാശിക്കും ബാധകമാണ്. ഓരോ കുടുംബത്തി

ലും സമൂഹത്തിലും ദേശീയവും അന്തർദ്ദേശീയവുമായ ജീവിതത്തിലും ഇത് പ്രസക്തമാണ്. മതപരവും മതേതരപരവുമായ വിഷയങ്ങളിലും ബാധകമാണ്. ഇത് പാലിക്കുകയല്ലാതെ വേറെ മാർഗങ്ങളില്ല.

ഉദ്ധരിച്ച ദിവ്യമാർഗനിർദ്ദേശങ്ങൾ മൂസാ നബി പാലിച്ചെങ്കിലും, ഖുർആനിലും ബൈബിളിലും പരാമർശിച്ചപോലെ ഫറോവ ആ ഉപദേശം ചെവിക്കൊണ്ടില്ല. ഒരാൾ ആ മാർഗോപദേശത്തിന്റെ സത്യസന്ധതയെക്കുറിച്ച് സംശയിക്കേണ്ടതില്ല. ആ ഖുർആനിക നിർദ്ദേശം പരിപൂർണ്ണമാണ്. എന്തുതന്നെയായാലും അതിന് ഒഴികഴിവുകളില്ല. പരിണിത ഫലം എന്തായാലും എല്ലാ സ്ത്രീപുരുഷന്മാരും ആ നിർദ്ദേശത്തിന്റെ പരിണിത ഫലത്തെ പൂർണ്ണമായും പാലിക്കണം. പരിണിത ഫലം ചിലപ്പോൾ പ്രതികൂലമായാൽത്തന്നെയും ആ തത്ത്വം ഏതു സാഹചര്യത്തിലും പാലിക്കപ്പെടണം.

ഉദ്ദിഷ്ട ഫലം ലഭിക്കണമെങ്കിൽ വിനയം അവലംബിക്കണം. അല്ലെങ്കിൽ ഒന്നും ചെയ്യാതിരിക്കുക. ഇവിടെ ഒരു തെരഞ്ഞെടുപ്പിനേ അവകാശമുള്ളു. ആ തത്ത്വം സ്വീകരിക്കുക. ഉദ്ദിഷ്ട ഫലം തൽക്ഷണം ലഭിച്ചില്ലെങ്കിൽ നമ്മൾ കാത്തിരിക്കണം. നാം ആഗ്രഹിച്ചത് ഭാവിയിൽ ലഭിക്കുമെന്ന് ആശിക്കുകയും വേണം.

വിനയം ഭീരുത്വത്തിന്റെയോ പിന്തിരിയലിന്റെയോ പ്രകടനമല്ല. എന്നാൽ അത് തത്ത്വാധിഷ്ഠിത സ്വഭാവത്തിന്റെയും ഉത്കൃഷ്ട പെരുമാറ്റത്തിന്റെയും അടയാളമാണ്. ദീർഘകാലാടിസ്ഥാനത്തിൽ അത് എല്ലാറ്റിനെയും ജയിച്ചടക്കും. വിനയത്തിന് മാത്രമെ ഉദ്ദിഷ്ടഫലം നല്കാൻ കഴിയൂ. പ്രതികൂല പെരുമാറ്റം കൊണ്ട് വിപരീത ഫലമേ പ്രതീക്ഷിക്കേണ്ടതുള്ളു. ആ അധ്യാപനം ശാശ്വതമാണ്. മൂസാ നബിയുടെ കാലത്തുള്ളതുപോലെ ഇന്നത്തെ സാഹചര്യത്തിലും ഇത് പ്രസക്തമാണ്. അതിനെതിരായ ഏതൊരനുഭവത്തിനും അതിന്റെ വാസ്തവത്തിൽ സംശയിക്കാനാവില്ല. എന്നുമെന്നും നിലനിൽക്കുന്ന ഒരു സത്യമാണത്.

## 124

# സംവാദത്തിന്റെ പ്രസക്തി

പ്രവാചക ദൗത്യത്തിന്റെ ജീവിക്കുന്ന രേഖയാണ് വിശുദ്ധ ഖുർആൻ. പ്രവാചകൻ പാലിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്? പ്രവാചകന്മാർ എങ്ങനെയെല്ലാമാണ് പ്രവർത്തിച്ചത്?

ഖുർആൻ അനുസരിച്ച്, സമൂഹത്തിലെ ബുദ്ധിജീവികളെയാണ് പ്രവാചകന്മാർ തുടക്കത്തിൽ അഭിമുഖീകരിച്ചത്. അക്കാലത്തെ ബുദ്ധിജീവികളെ അവർ ലക്ഷ്യമിട്ടു. അക്കാരണത്താലായിരിക്കണം, ഒരേ കാലത്ത് ജീവിച്ചവരുടെ പ്രതികരണം പ്രതിപാദിക്കുമ്പോഴൊക്കെ സാധാരണക്കാരുടേതിനെക്കാൾ മുൻഗണന ബുദ്ധിജീവികൾക്ക് നല്കുന്നത്. ഉദാഹരണത്തിന്, *അഅ്റാഫ്* എന്ന അധ്യായത്തിലെ ഒരു വാക്യത്തിൽ ഖുർആൻ ഇപ്രകാരമാണ് പ്രസ്താവിക്കുന്നത്:

*അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: തീർച്ചയായും നീ പ്രത്യക്ഷമായ ദുർമ്മാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു.* (7:60)

എന്തുകൊണ്ടായിരിക്കാം പ്രവാചകന്മാർ ആ ഒരു മാർഗം സ്വീകരിച്ചത്?

കാരണം, ബുദ്ധിജീവികൾ സമൂഹത്തിന്റെ പ്രതിനിധികളാണ്. അത് നന്നായി അറിയാവുന്നതുകൊണ്ടുതന്നെ ആ രീതി പ്രാധാന്യമർഹിക്കുന്നു. ഒന്നാമത്തെ കാരണം, ദഅ്‌വാ ദൗത്യം അഥവാ ദിവ്യ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിന്റെ ക്രമം തിരശ്ചീനത്തെക്കാൾ ലംബ സ്വഭാവമുള്ളതാണ്. നമുക്ക് ബുദ്ധിജീവികളിൽ നിന്ന് സാധാരണ ജനങ്ങളിലേക്കെത്താം. എന്നാൽ സാധാരണ ജനങ്ങളിൽ നിന്ന് ബുദ്ധിജീവികളിലേക്കെത്തുക പ്രയാസമാണ്. അതുകൊണ്ട് കാര്യമായ പ്രയോജനം ലഭിക്കുകയുമില്ല. ദൗത്യം ബുദ്ധിജീവികളിൽ നിന്ന് രൂപം പ്രാപിച്ച് സാധാരണക്കാരിലേക്ക് എത്തുക എന്നത് പ്രകൃതി നിയമമാണ്. ബുദ്ധിജീവികളാണ് മറ്റുള്ളവരെ സ്വാധീനിക്കുക; നേരെ മറിച്ചല്ല.

മുഹമ്മദുനബിയും അതേ പാത പിന്തുടർന്നു. അക്കാലത്ത് അറേബ്യൻ ആധിപത്യത്തിന്റെ കേന്ദ്രമായിരുന്നു മക്ക. പ്രവാചകൻ മക്കയിലെ നേതാക്കൾക്ക് ദിവ്യ സന്ദേശം ഉപദേശിച്ചുകൊടുത്തു. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ മുഴുവൻ നേതാക്കളായിരുന്നു അവർ.

പ്രവാചകന്റെ പ്രവർത്തന രീതി ശരിക്കും ഫലിച്ചു. മക്കയിലെ സുമനസ്സുകൾ ആദ്യം ഇസ്‌ലാം മതം ആശ്ലേഷിച്ചു. വർഷങ്ങൾക്കുശേഷം അറേബ്യ മുഴുവൻ ഇസ്‌ലാമിലേക്ക് വന്നു. ഖുർആനിലെ, *നസ്വർ* എന്ന അധ്യായത്തിൽ അക്കാര്യം പരോക്ഷമായി പ്രതിപാദിക്കുന്നുണ്ട്:

*അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടിയാൽ,*

*ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ,*

*നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും, നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.* (110: 1-3)

ഈ സമീപന രീതിയുടെ മറ്റൊരു വശം അത് ദഅ്‌വാ പ്രവർത്തകർക്ക് വളരെ ഉപകാരപ്രദമാണെന്നതാണ്. ഒരു ബുദ്ധിജീവിയിലൂടെയാണ് ദഅ്‌വാ പ്രവർത്തനം നടത്തുന്നതെങ്കിൽ അത് നമ്മുടെ അറിവ് വർദ്ധിപ്പിക്കും. മറിച്ചാണെങ്കിൽ ബൗദ്ധിക വികാസത്തിന് വേണ്ടത് പരിമിതമായേ ലഭിക്കുകയുള്ളൂ. ബുദ്ധിജീവികൾ നമ്മുടെ മുൻപിൽ പല വെല്ലുവിളികളും നിരത്തും. അവർ ഉന്നയിക്കുന്ന ചോദ്യങ്ങൾ പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുകയും ചെയ്യും.

എപ്പോഴെല്ലാം വെല്ലുവിളികളുണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം പുരോഗതിയുമുണ്ടായിട്ടുണ്ട്. അതേ തത്ത്വം ദഅ്‌വാ പ്രവർത്തനത്തിലും പാലിക്കേണ്ടതുണ്ട്. ഒരു പ്രബോധകൻ ബൗദ്ധിക വെല്ലുവിളികളെ നേരിടുമ്പോൾ അവൻ കൂടുതൽ അന്വേഷിക്കാനും പുനർവിചിന്തനം നടത്താനും മനസ്സിനെ ഉത്തേജിപ്പിക്കാനും കൂടുതൽ അറിവ് നേടാനും ബാധ്യസ്ഥനാകും. അത് ബൗദ്ധിക വികാസത്തെ പുനരുജ്ജീവിപ്പിക്കും.

മനുഷ്യന്റെ ഏറ്റവും വലിയ അംഗീകാരമാണ് ബൗദ്ധിക പുരോഗമനം. അതില്ലെങ്കിൽ മനുഷ്യൻ മൃഗമായി അധഃപതിക്കും. ബൗദ്ധിക പുരോഗതിയുടെ വ്യക്തമായ പ്രാധാന്യം ദഅവയിലുണ്ട്. അതുകൊണ്ടുതന്നെ ദഅ്‌വാ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നവർ ബുദ്ധിജീവികളിൽ പ്രവർത്തിച്ചുതുടങ്ങേണ്ടതുണ്ട്. കാര്യങ്ങൾ അവയുടെ ഫലങ്ങളെ ആശ്രയിച്ചാണ് അറിയപ്പെടുക എന്ന ചൊല്ല് ദഅ്‌വാ പ്രവർത്തനത്തിനും ബാധകമാണ്.

## 125

# ആത്മീയ യാത്ര

വിശുദ്ധ ഖുർആൻ അനുസരിച്ച്, വിശ്വാസി ഒരു യാത്രക്കാരനായിരിക്കും.

*പശ്ചാത്തപിക്കുന്നവർ, ആരാധനയിൽ ഏർപ്പെടുന്നവർ, സ്തുതികീർത്തനം ചെയ്യുന്നവർ, (അല്ലാഹുവിന്റെ മാർഗത്തിൽ) സഞ്ചരിക്കുന്നവർ കുമ്പിടുകയും സാഷ്ടാംഗം നടത്തുകയും ചെയ്യുന്നവർ, സദാചാരം കല്പിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ അതിർവരമ്പുകളെ കാത്തുസൂക്ഷിക്കുന്നവർ. (ഇങ്ങനെയുള്ള) സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക.* (9:112)

ഒരാൾ ഒരിടത്തുനിന്ന് യാത്രപോകുന്നുവെന്ന അർത്ഥത്തിലല്ല ആ പ്രയോഗം. അത് യഥാർത്ഥത്തിൽ *തവസ്സും* ആണ്. അതായത്, ആത്മീയാധ്യാപനങ്ങൾ ഭൗതികാനുഭവങ്ങളുടെ വെളിച്ചത്തിൽ നേടിയെടുക്കലാണത്. ഖുർആനിലെ, *അൻആം* എന്ന അധ്യായത്തിൽ അതിനെക്കുറിച്ചുള്ള മാർഗ നിർദ്ദേശങ്ങൾ പ്രതിപാദിക്കുന്നുണ്ട്. അതിന്റെ ആശയം ഇപ്രകാരമാണ്:

*(നബിയേ,) പറയുക: നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കൂ. എന്നിട്ട് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കൂ.* (6:11)

ഒരു വിശ്വാസി എപ്പോഴും മനനം ചെയ്യുന്നവനായിരിക്കും. യാത്രയിലാകുമ്പോഴും അവന്റെ മനസ്സ് ധ്യാനാത്മകമായിരിക്കും. തന്റെ ചുറ്റിലൂടെ ഏതൊന്ന് കടന്നുപോകുമ്പോഴും അവന് ഒരു തരം ആത്മീയാനുഭൂതി അനുഭവപ്പെടും. യഥാർത്ഥ വിശ്വാസിയുടെ മനസ്സ് ഒരു ആത്മീയ വ്യവസായം പോലെയാണ്. അവൻ എല്ലാറ്റിനെയും ദൈവിക കാഴ്ചപ്പാടിലൂടെ കാണുകയും തവസ്സുമിലൂടെ ആത്മീയാധ്യാപനങ്ങൾ പഠിക്കുകയും ചെയ്യുന്നു. അങ്ങനെ അവന്റെ യാത്ര ഒരു ആരാധന അഥവാ ഇബാദത്തായി മാറുന്നു. ദൈവത്തെക്കുറിച്ചോർക്കാൻ അത് അവസരമൊരുക്കുകയും ചെയ്യുന്നു.

ആത്മീയ വിശപ്പുള്ള ഒരു യഥാർത്ഥ മനസ്സിന്റെ അവിഭാജ്യ പ്രവർത്തനമാണത്. എല്ലാറ്റിലും ആത്മീയ പാഠങ്ങൾ സ്ഥിരമായി അനു

മാനിക്കാൻ അയാൾ ശ്രമിച്ചുകൊണ്ടിരിക്കും. യാത്രയിൽ പോലും ആ പ്രവർത്തനം അനുസ്യൂതം തുടരും. അതിലടങ്ങിയ ഒരു തത്ത്വമുണ്ട്. അതിനെ ഇപ്രകാരം ക്രോഡീകരിക്കാം: സിയാറത്ത് + തവസ്സും = മഅരിഫത്ത്.

സിയാറത്ത് യാത്രചെയ്യലും, തവസ്സും പാഠം ഉൾക്കൊള്ളലും, മഅരിഫത്ത് ദൈവത്തെ തിരിച്ചറിയലുമാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരുതരം ആരാധനയാണത്. ആ പോക്കിൽ അവന്റെ ധ്യാനത്തിന് തീവ്രത കൂടും. അതുവഴി അവന് ആത്മീയാനുഭവങ്ങളെ പരിപോഷിപ്പിക്കാൻ സാധിക്കും. വീട്ടിലായിരിക്കുമ്പോൾ അയാൾ പരിമിതമായ ചുറ്റുപാടിലായിരിക്കും ജീവിക്കുക. മാത്രവുമല്ല, അവന്റെ വ്യക്തിത്വം ഒരു ശതമാനത്തോളം മാത്രമേ വളരുകയുള്ളു. എന്നാൽ യാത്രയിലാകുമ്പോൾ അയാളുടെ വ്യക്തിത്വത്തിൽ പല മാനങ്ങളും കൂടിച്ചേരുന്നു. ഒരുപക്ഷേ നൂറുശതമാനം എന്ന നിരക്കിൽ വളർച്ച പ്രാപിച്ചേക്കാം.

ഉദാഹരണത്തിന്, നമ്മൾ എയർപോർട്ടിൽ നിന്ന് ഒരു മടക്കടിക്കറ്റ് എടുത്തുവെന്നിരിക്കട്ടെ. അത് യഥാർത്ഥ മടക്കടിക്കറ്റുതന്നെ ആണോ എന്ന് ഉറപ്പുവരുത്തുകയും നമ്മൾ നമ്മുടെ വീട്ടിൽ മടങ്ങിയെത്തുമെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. അപ്പോൾ നമ്മൾ മരണത്തെക്കുറിച്ചായിരിക്കും ഓർക്കുക. മരണവും ഒരു യാത്രയാണല്ലോ. എന്നാൽ, അതിന് മടക്കയാത്രാ ടിക്കറ്റ് ഇല്ല. ഈ ലോകത്തിനുമപ്പുറത്തെ നമുക്കറിയാത്ത ഒരു ലോകത്തേക്ക് നമ്മൾ യാത്ര പോവുകയാണ്. തിരിച്ചുവരുമെന്ന് യാതൊരു ഉറപ്പുമില്ല. തവസ്സുമിന്റെ ഒരു ഉദാഹരണമാണത്. വിമാനടിക്കറ്റ് ഇഹലോകത്തെ കാര്യമാണെങ്കിലും ആ ടിക്കറ്റിലടങ്ങിയ തവസ്സും വിഷയം പരലോക ജീവിതത്തെ ഓർമ്മിപ്പിക്കലാവുന്നു.

നമ്മൾ ഒരു ആധുനിക പട്ടണമാണ് സന്ദർശിക്കുന്നതെന്ന് വിചാരിക്കുക. അവിടെ എല്ലായിടങ്ങളിലും പലരും പല വിധത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി കാണാം. അത് നമ്മെ സ്വർഗ സ്മരണയിലേക്ക് നയിക്കും. സ്വർഗവും വിവിധതരം പ്രവർത്തനങ്ങളുടെ ലോകമാണല്ലോ. ഇഹലോക പ്രവർത്തനങ്ങൾ ഭൗതികമാണ്. അതേസമയം ആത്മീയതയുടെയും ദൈവികതയുടെയും സ്പർശമുള്ളതാണ് സ്വർഗലോകം. അവ ഉത്കൃഷ്ടവും കുറ്റവിമുക്തവുമാണ്.

എല്ലാം മനുഷ്യമനസ്സിനെ ആശ്രയിച്ചിരിക്കുന്നു. നമ്മൾ ഒരു ഭൗതികവാദിയാണെങ്കിൽ നമ്മുടെ യാത്രകൾക്ക് ഭൗതികതയുടെ പരിവേഷമായിരിക്കും. നമ്മൾ ഒരു ദൈവവിശ്വാസി ആണെങ്കിലോ, നമ്മുടെ

ആത്മീയാനുഭവങ്ങളും യാത്രകളും ദൈവികമായിരിക്കും. യാത്ര തിരിക്കുന്നതിനുമുൻപ് നമ്മുടെ മനസ്സുകളെ ആത്മീയതക്ക് തുറന്നുകൊടുക്കുക. അതുവഴി നമ്മുടെ യാത്രകൾ ഉയർന്നതലത്തിലേക്കുയരും, മനസ്സ് ആത്മീയ ലോകത്തിലൂടെ സഞ്ചരിക്കും.

## 126

# സമദർശനം

യജമാനത്വം ജീവിതത്തിന്റെ സർവ്വമാന തുറകളിലുമുള്ളതിനാൽ ഖുർആൻ അതിനെ ഒരു പ്രകൃതി തത്ത്വമായി അംഗീകരിക്കുന്നു. ഖുർആൻ അതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത് ഒരു വീടാണ്. *നിസാഅ്* എന്ന അധ്യായത്തിൽ അത് വിശദമാക്കുന്നുണ്ട്:

*പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറുവിഭാഗത്തെക്കാൾ അല്ലാഹു കൂടുതൽ കഴിവ് നല്കിയതുകൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ചപ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നുനിൽക്കുക. അവരെ വെടിയുകയും ചെയ്തുകൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു.* (4:34)

അതിന്റെ വിശദാംശങ്ങൾ മറ്റൊരു വചനത്തിലും കാണാം:

*അവരാണോ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം പങ്കുവെച്ചുകൊടുക്കുന്നത്? നാമാണ് ഐഹിക ജീവിതത്തിൽ അവർക്കിടയിൽ അവരുടെ ജീവിത മാർഗം പങ്കുവെച്ചുകൊടുക്കുന്നത്. അവരിൽ ചിലർക്ക് ചിലരെ കീഴാളരാക്കി വെക്കത്തക്കവണ്ണം അവരിൽ ചിലരെ മറ്റു ചിലരേക്കാൾ ഉപരി നാം പല പടികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിന്റെ കാരുണ്യമാകുന്നു അവർ ശേഖരിച്ചുവെക്കുന്നതിനേക്കാൾ ഉത്തമം.* (43:32)

ചില പ്രത്യേക കാരണങ്ങളാൽ കാരുണ്യവാനായ ദൈവം മനുഷ്യരെ വ്യത്യസ്തരായാണ് സൃഷ്ടിച്ചത്. രണ്ടുസ്ത്രീകൾ അഥവാ രണ്ട് പുരുഷന്മാർ തമ്മിൽ ജന്മനാ സാമ്യമില്ല. വാസ്തവത്തിൽ ഓരോ പുരുഷനും ഓരോ സ്ത്രീയും പ്രത്യേകം പ്രത്യേകം സൃഷ്ടിയാണ്. ഓരോരുത്തരിലും മറ്റു

ള്ളവരിൽ നിന്ന് വ്യതിരിക്തമായ ചില പ്രത്യേകതകളും കഴിവുകളും കാണും. ഓരോ പുരുഷനും മിസ്റ്റർ വ്യത്യസ്തനും ഓരോ സ്ത്രീയും മിസ് വ്യത്യസ്തയുമാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

ആ വ്യത്യാസം അപ്രതീക്ഷിതമല്ല. അത് ദൈവത്തിന്റെ സൃഷ്ടിപദ്ധതികൾക്കനുസൃതമാണ്. മറിച്ച് തുല്യത, അതിനെ ബാധിക്കുന്നുമില്ല. ആ അസമത്വത്തിന് പ്രയോജനങ്ങൾ പലതുണ്ട്. മത്സരങ്ങളും വെല്ലുവിളികളും ഉണ്ടാക്കുന്നത് ആ അസമത്വങ്ങളാണ്.

വ്യത്യസ്തതകളുടെ ഫലമായി പ്രവർത്തനക്ഷമമായ ഒരു ജീവിതം സാധ്യമാകുന്നു. എല്ലാവരും തുല്യരാണെങ്കിൽ അത്തരമൊരു ജീവിത സാധ്യത പ്രതീക്ഷിക്കേണ്ടതില്ല. ഓരോരുത്തരും ശ്രീ തുല്യൻ അല്ലെങ്കിൽ ശ്രീമതി തുല്യ ആയാണ് ജനിക്കുന്നതെങ്കിൽ അരാജകത്വത്തിലേക്കായിരിക്കും അത് നയിക്കപ്പെടുക. എല്ലാവരും സമന്മാരായ ഒരു സമൂഹത്തിൽ ഒരു വ്യവസ്ഥിതിയും ഉണ്ടാകാൻ പോകുന്നില്ല.

വ്യവസ്ഥിതികളോട് സമരസപ്പെട്ട് ജീവിക്കാനാണ് മനുഷ്യനോട് ദൈവം കല്പിച്ചത്. എന്നാൽ, സർവ്വരും സമന്മാരാണെങ്കിൽ വ്യവസ്ഥാപിതമായ ഒരു ജീവിതം ഈ ലോകത്ത് പ്രതീക്ഷിക്കേണ്ടതില്ല. സമന്മാർക്ക് അതാത് സ്ഥിതിയിലേ ജീവിക്കാൻ കഴിയൂ. വ്യവസ്ഥാപിതമായി ഒത്തൊരുമയോടെ ജീവിക്കാൻ അവർക്ക് കഴിയുകയില്ല.

സംഘടനക്ക് ഒരു തലവൻ വേണം. എന്നാൽ, എല്ലാവരും സമന്മാരാണെങ്കിൽ ഒരാൾക്ക് മറ്റൊരാളെ തലവനായി അംഗീകരിക്കാൻ കഴിയില്ല. വിശുദ്ധ ഖുർആൻ വിവേചനത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് അതിനർത്ഥമില്ല. ദൈവത്തിന്റെ കണ്ണിൽ വിവേചനം കുറ്റകരമാണ്.

എല്ലാ സാമൂഹ്യ പ്രവർത്തനങ്ങളിലും മനുഷ്യൻ ആ പ്രകൃതി നിയമം പാലിക്കുന്നുണ്ട്. ഖുർആൻ അനുസരിച്ച്, ലിംഗ സമത്വം ധാർമ്മിക തലത്തിൽ ശരിയാണെങ്കിലും സംഘടനാതലത്തിൽ ശരിയല്ല. ഓരോരുത്തർക്കും തങ്ങളുടെതായ പദവികളുണ്ട്. ഓരോരുത്തരും തുല്യ ബഹുമാനം അർഹിക്കുന്നു. സംഘടനാ തലത്തിൽ ഇത് പ്രാവർത്തികമല്ലെങ്കിലും സംഘടനക്ക് ആരെങ്കിലും ഒരാളെ എപ്പോഴും ഒരു തലവനായി വേണം. തലവനായതുകൊണ്ട് അയാൾ മറ്റുള്ളവരുടെ മേലധികാരിയാണെന്ന് അർത്ഥമില്ല. അയാൾ സംഘടനാപരമായി തലവനാണ്, ധാർമ്മികമായി തലവനല്ല.

അപ്പോൾ വീട്ടിലെ സ്ഥിതി എന്താണ്?

വീടെന്നാൽ ഭാര്യയും ഭർത്താവും കുട്ടികളും പേരക്കുട്ടികളും അടങ്ങിയതാണ്. അതുകൊണ്ടുതന്നെ വീട് സമൂഹത്തിന്റെ ഏകകമാണ്.

ആയതിനാൽ വീട് ഒരു തലവന്റെ കീഴിലായിരിക്കണം രൂപവത്കരിക്കേണ്ടത്. സമൂഹഘടനയിൽ പുരുഷനെ തലവനായി നിയമിക്കുന്നതാണ് അനുയോജ്യം. പക്ഷേ, ആ തത്ത്വം പരിപൂർണ്ണമല്ല. പുരുഷൻ സ്ത്രീയെ യജമാനയാക്കുന്ന വ്യത്യസ്ത രീതിയും ആകാം. അതുകൊണ്ട് സാഹചര്യവും അംഗീകാരവും അനുസരിച്ച് പുരുഷനോ സ്ത്രീക്കോ യജമാന സ്ഥാനത്ത് ഇരിക്കാം.

## 127

# ആഗ്രഹ നിയന്ത്രണം

എല്ലാ സ്ത്രീപുരുഷന്മാരും തങ്ങളുടെ ആഗ്രഹങ്ങൾക്കനുസൃതമായി ജീവിതത്തെ മുന്നോട്ട് നയിക്കുന്നു. മിക്കപ്പോഴും അവ സഫലമാകാതെ അവർ മരിച്ചുപോകുന്നു. ആഗ്രഹങ്ങളും അവയുടെ പൂർത്തീകരണവും തമ്മിലുള്ള വിടവ് നിരാശക്ക് കാരണമാകുന്നു. എത്രമേൽ പ്രയത്നിച്ചാലും ആഗ്രഹങ്ങൾ മുഴുവനും പൂർത്തീകരിച്ച് മരിച്ചുപോകാൻ ആർക്കും സാധ്യമല്ല.

അനിഷ്ടകരങ്ങളായ അത്തരം സാഹചര്യങ്ങളിൽ നിന്ന് എങ്ങനെയാണ് ജനങ്ങളെ രക്ഷിക്കാനാവുക? അതിന് ഖുർആൻ മുന്നോട്ടുവെക്കുന്ന പ്രതിവിധി വളരെ എളുപ്പവും പ്രാവർത്തികവുമാണ്. അതായത് ആവശ്യങ്ങൾക്കനുസൃതമായി ജീവിക്കാൻ ശ്രമിക്കുക. ആഗ്രഹങ്ങളുടെ പൂർത്തീകരണം പരലോകത്തേക്ക് മാറ്റിവെക്കുക. അതിനെ ആസ്പദമാക്കി വിശുദ്ധ ഖുർആനിൽ രണ്ട് വചനങ്ങളുണ്ട്:

*നിങ്ങളവനോട് ആവശ്യപ്പെട്ടതിൽ നിന്നെല്ലാം നിങ്ങൾക്ക് അവൻ നല്കിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. തീർച്ചയായും മനുഷ്യൻ മഹാ അക്രമകാരിയും വളരെ നന്ദികെട്ടവനും തന്നെ.* (14:34)

ആ വചനം സൂചിപ്പിക്കുന്നത്, നമ്മുടെ ആഗ്രഹ പൂർത്തീകരണത്തിന് വേണ്ടിയല്ല ഈ ലോകത്തെ സൃഷ്ടിച്ചതെന്നും മറിച്ച് ജീവനോപാധികൾക്ക് വേണ്ടതെല്ലാം നല്കാനാണെന്നുമാണ്. അതിനാൽ ദിവ്യമായ ആ പദ്ധതിക്കനുസൃതമായാണ് ഒരാളുടെ ചിന്ത തുടങ്ങേണ്ടത്. ഇഹലോകത്ത് ജീവിക്കുമ്പോൾത്തന്നെ സംതൃപ്താവസ്ഥ കൈവരിക്കാൻ ശ്രമിക്കണം.

ഇഹലോകത്ത് നടപ്പാക്കാവുന്ന ഒരേയൊരു സാങ്കേതിക തത്ത്വം സന്തുഷ്ടിയുടെതാണ്. മനുഷ്യന്റെ ആവശ്യങ്ങൾക്ക് ഉതകുന്നതെല്ലാം പ്രകൃതി നല്കുന്നുണ്ട്. എന്നാൽ, അവയൊന്നും തന്നെ അവന്റെ അത്യാഗ്രഹങ്ങൾക്കനുസരിച്ചുള്ളതല്ലതാനും. സംതൃപ്താവസ്ഥ മാത്രമാണ് പ്രാവർത്തികമാക്കാവുന്ന ഓരേയൊരു സാങ്കേതിക തത്ത്വം. എല്ലാവർക്കും അത് ആശ്വാസവും സമാധാനവും നല്കുന്നു. നമ്മൾ വളരെ

താഴ്മയോടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ജീവിതം നയിക്കുകയാണെങ്കിൽ അത് നമുക്ക് സന്തോഷം പ്രദാനംചെയ്യും. എന്നാൽ, ജീവിതം കൃത്രിമമാണെങ്കിൽ അത് പ്രശ്നസങ്കീർണ്ണമായിത്തീരും. ജീവിതം സ്വാഭാവികമാണെങ്കിൽ അത് പ്രശ്നമുക്തമാകുക മാത്രമല്ല, ആരോഗ്യപ്രദമാകുകയും ചെയ്യും.

ഖുർആൻ അനുസരിച്ച്, ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഒരു ശാശ്വത ജീവിയായിട്ടാണ്. സമുദ്രപരപ്പിലെ ഹിമ പടലാഗ്രം കാണുമ്പോലെ മനുഷ്യജീവിതത്തിന്റെ അല്പഭാഗം മാത്രമേ മരണത്തിന് മുൻപുള്ള ജീവിതത്തിൽ ഉണ്ടാകുന്നുള്ളു. ജീവിതത്തിന്റെ സിംഹഭാഗവും മരണാനന്തരമാണ്. മരണത്തിന് മുൻപുള്ള ജീവിതകാലം വളരെ ഹ്രസ്വവും മരണാനന്തര ജീവിതം ശാശ്വതവുമാണ്.

മരണാനന്തര ജീവിതാവസ്ഥ എന്തായിരിക്കും? സ്വർഗലോകത്തെ പരിചയപ്പെടുത്തിക്കൊണ്ട് ഖുർആൻ ഇപ്രകാരംപ്രസ്താവിക്കുന്നു:

*നിങ്ങൾക്കവിടെ നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാം ഉണ്ടായിരിക്കും, നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഉണ്ടായിരിക്കും.* (41:31)

മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് പരിമിതികളില്ല. പക്ഷേ, ഈ ലോകം പരിമിതികളുടെ ലോകമാണ്. അവ നിറവേറ്റുക അസാധ്യവുമാണ്. പരിമിതികളില്ലാത്ത ആ അനുഗ്രഹങ്ങളെ പൂർണ്ണമാക്കണമെങ്കിൽ പരിധികളില്ലാത്ത ഒരു ലോകം വേണം. ആ ലോകത്തെയാണ് പരലോകം എന്ന് പറയുന്നത്.

ഇഹലോകം അപൂർണ്ണമാണെങ്കിൽ പരലോകം പരിപൂർണ്ണമാണ്. സ്വർഗം പരിമിതികളില്ലാത്ത, പ്രതികൂല സാഹചര്യങ്ങളില്ലാത്ത, ഭയമോ വേദനയോ ഇല്ലാത്ത, മരണമില്ലാത്ത അപകടങ്ങളില്ലാത്ത, നിയന്ത്രണങ്ങളില്ലാത്ത ലോകമാണ്. മനുഷ്യൻ ആഗ്രഹിക്കുന്നതെല്ലാം നല്കപ്പെടുന്ന ഇടമാണത്.

ഇഹലോകം പരീക്ഷണ നിലമാണ്. ഇഹലോക പരീക്ഷണത്തിൽ ആരാണോ വിജയിക്കുന്നത്, അവർക്ക് വരാനിരിക്കുന്ന ലോകത്ത് സ്വർഗം പാരിതോഷികമായി ലഭിക്കും. ആഗ്രഹങ്ങളെ നിയന്ത്രിക്കാനുള്ള നല്ല വഴി മനസ്സിനെ യാഥാർത്ഥ്യങ്ങളിൽ കേന്ദ്രീകരിക്കലാണ്. പിരിമുറുക്കത്തിൽ നിന്നും നിരാശയിൽ നിന്നും സ്വയം രക്ഷപ്രാപിക്കാനുള്ള ഒരേയൊരു വഴി അതുമാത്രമാണ്.

128

# ഉത്തരവാദിത്ത സമൂഹം

അവകാശങ്ങളേക്കാൾ കർമ്മങ്ങൾക്ക് മുൻഗണന നല്കൽ ഖുർആനിന്റെ വൈശിഷ്ട്യങ്ങളിൽ ഒന്നാണ്. ചെയ്യേണ്ടതും അല്ലാത്തതുമായ പ്രവർത്തനങ്ങളെ മുൻനിർത്തിയുള്ള ഒട്ടേറെ വചനങ്ങൾ ഖുർആനിലുണ്ട്. എന്നാൽ, മനുഷ്യർ മനുഷ്യർക്ക് വേണ്ടി ഉന്നയിക്കുന്ന ഒരൊറ്റ വചനം പോലും നമുക്കതിൽ കണ്ടെത്താനാവില്ല. ജനങ്ങൾക്ക് സമൂഹത്തിൽ അവകാശ വാദങ്ങൾ ഉന്നയിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാവുന്ന ഖുർആൻ വചനങ്ങളുമില്ല. ഖുർആൻ മുച്ചൂടും ആ മാനദണ്ഡത്തിൽ അധിഷ്ഠിതമാണ്. അത്തരത്തിലുള്ള ഒരു ഖുർആനിക വചനമാണ്:

*തീർച്ചയായും അല്ലാഹു കല്പിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് (സഹായം) നല്കുവാനുമാണ്. അവൻ വിലക്കുന്നത് നീച വൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചുഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നല്കുന്നു.* (16:90)

വ്യക്ത്യധികാര കേന്ദ്രിതമായ ഏത് പ്രത്യയശാസ്ത്രവും പ്രകൃതി വിരുദ്ധമാണ്. എന്നാൽ കർത്തവ്യാധിഷ്ഠിതമായ ഏത് പ്രത്യയശാസ്ത്രവും സ്വാഭാവികമാണ്. സ്വന്തം അവകാശങ്ങളെക്കുറിച്ച് മാത്രം ബോധ്യമുള്ള ഒരാൾ മറ്റുള്ളവരോട് എപ്പോഴും ആജ്ഞാപിച്ചുകൊണ്ടിരിക്കും. അവരുടെ സമവാക്യം ഇതാണ്: 'നിങ്ങൾ ഞങ്ങൾക്ക് തരേണ്ടതാണിത്'.

എന്നാൽ, കർത്തവ്യബോധമുള്ള വ്യക്തി എപ്പോഴും സ്വയം രൂപകല്പന നല്കിയുണ്ടാക്കുന്നതിന് അനുസൃതമായിട്ടായിരിക്കും ചിന്തിച്ചുകൊണ്ടിരിക്കുക. അവൻ തന്റെ കർത്തവ്യം നിറവേറ്റുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുകയും ചെയ്യും. അവകാശബോധമുള്ളവന്റെ സമവാക്യം, 'ആരെങ്കിലും അത് ചെയ്യണം' എന്നായിരിക്കും. എന്നാൽ, കർത്തവ്യാധിഷ്ഠിത ബോധമുള്ളവന്റെ സമവാക്യം, 'ഞാനെന്തു ചെയ്യും' എന്നായിരിക്കും.

അവകാശാധിഷ്ഠിത ചിന്താഗതിയുള്ള വ്യക്തി മറ്റുള്ളവരിൽ നിന്ന്, എന്താണ് വരാനുള്ളത് എന്നതിൽ ശ്രദ്ധ പതിപ്പിക്കും. കർത്തവ്യാധിഷ്ഠിത ചിന്താഗതിക്കാരൻ സ്വന്തത്തിൽ നിന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. 'ഞങ്ങളും അവരും' എന്നതാണ് അവകാശങ്ങളിൽ അധിഷ്ഠിതമായ ചിന്താഗതി. കർത്തവ്യാധിഷ്ഠിത ചിന്താഗതി, 'ഞങ്ങളും നമ്മളും' എന്ന ആശയത്തിലൂന്നിക്കൊണ്ടുള്ളതായിരിക്കും.

അവകാശങ്ങളിലൂന്നിയ ചിന്താഗതി തിന്മയും കർത്തവ്യങ്ങളിലൂന്നിയ ചിന്താഗതി യാഥാർത്ഥ്യവുമാണ്. അവകാശങ്ങളിലൂന്നിയ ചിന്താഗതി സാമൂഹ്യ അരാജകത്വത്തിലേക്ക് നയിക്കുന്നു. അത് വിവിധതരത്തിലുള്ള പ്രതിയോഗികളെ സൃഷ്ടിക്കുന്നതിൽ അവസാനിക്കുകയും ചെയ്യുന്നു. ഐക്യം, സഹോദരഭാവം, സമാധാനം, അനുകമ്പ എന്നിവയിലേക്കായിരിക്കും കർത്തവ്യത്തിൽ ഊന്നിയ ചിന്താഗതി നയിക്കുക.

ഒരു പ്രവാചക പ്രസ്താവനയിൽ ആ തത്ത്വം പരാമർശിക്കുന്നുണ്ട്: 'മറ്റുള്ളവർ നിങ്ങളിൽ നിന്ന് എന്താണോ ആഗ്രഹിക്കുന്നത്, അത് നിങ്ങൾ അവർക്ക് സാധിപ്പിച്ചുകൊടുക്കുക. ദൈവത്തിൽ നിന്നുള്ള അവകാശങ്ങൾ തേടുകയും ചെയ്യുക.' (സഹീഹ് അൽ ബുഖാരി: 7052)

അതായത്, നമ്മൾ മറ്റുള്ളവർക്കുവേണ്ടി ചെയ്യേണ്ടത് പൂർത്തിയാക്കുകയും നമ്മൾക്കുവേണ്ടത് സ്വപ്രയത്നത്താൽ നേടിയെടുക്കുകയും ചെയ്യുക. അതാണ് ഇഹലോകത്തെ പ്രായോഗിക തത്ത്വം. ദൈവത്തിന്റെ സൃഷ്ടിപദ്ധതിയനുസരിച്ച് ഇഹലോകം മാത്സര്യങ്ങളുടെയും വെല്ലുവിളികളുടെയും കേദാരമാണ്. നമുക്ക് ആവശ്യമുള്ളത് ആരും തരില്ല. എല്ലാറ്റിനും വേണ്ടി നമ്മൾ സ്വയം കഠിനാധ്വാനം ചെയ്യണം. പ്രകൃതി നിയമമാണത്. സ്രഷ്ടാവ് മുന്നോട്ടുവെക്കുന്ന നിയമങ്ങൾക്ക് യാതൊരു മാറ്റവുമില്ല.

ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ച് നമ്മൾ ആദ്യം മനസ്സിലാക്കുക. അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക. ക്രമീകരണമല്ലാതെ ഇഹലോകത്ത് വേറെ വഴികളില്ല. ലോകത്തെ ക്രമീകരിക്കാൻ നമുക്കാവില്ല. സ്വയം ക്രമീകരണത്തിലൂടെ മാത്രമെ നമുക്ക് നമ്മുടെ ലക്ഷ്യം പ്രാപിക്കാൻ കഴിയുകയുള്ളു.

മറ്റുള്ളവരിൽ നിന്ന് കിട്ടാനുള്ളതിനെക്കുറിച്ച് ചിന്തിച്ചുവിഷമിക്കുന്ന ഒരാൾ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിൽ പരാജയപ്പെടും. പരാജയങ്ങളും പിരിമുറുക്കങ്ങളുമുള്ള ഒരു ജീവിതം നയിക്കേണ്ടിയും വരും. മറുവശത്ത് കർത്തവ്യ

ബോധമുള്ള മനുഷ്യൻ മറ്റുള്ളവരോടുള്ള കടമകൾ നിർവ്വഹിക്കും. പ്രകൃതി നിയമമനുസരിച്ച് മറ്റുള്ളവരിൽ നിന്ന് അയാൾക്ക് പ്രത്യുപകാരം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. നാം നല്കുന്നതുതന്നെയാണ് നമുക്ക് ലഭിക്കുക എന്ന ചൊല്ലിൽ ആ ആശയമാണ് പ്രതിഫലിക്കുന്നത്.

ഭൗതിക ജീവിതം 'കൊടുക്കൽ വാങ്ങൽ' തത്ത്വത്തിൽ ഊന്നിയുള്ളതാണ്. അതുകൊണ്ട് നമ്മൾ മറ്റുള്ളവരിൽ നിന്ന് വല്ലതും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അതിനുമുൻപ് നമ്മൾ അവർക്ക് എന്തെങ്കിലും കൊടുക്കുക. മറിച്ചായാൽ, നമ്മുടെ ആവശ്യങ്ങളെ ആരും ഗൗനിക്കുകയില്ല.

129

# വാർദ്ധക്യത്തെ തടയാം

സാധാരണയായി വാർദ്ധക്യത്തെ ഒഴിവാക്കാനാവാത്ത, വളരെ നിന്ദ്യ മായ ഒരു സ്ഥിതിവിശേഷമായിട്ടാണ് കരുതിവരുന്നത്. ഖുർആനിലെ, *നഹ്‌ൽ* എന്ന അധ്യായത്തിൽ ആ കാഴ്ചപ്പാടിനെപ്പറ്റി ഒരു പരാമർശ മുണ്ട്:

*അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. പിന്നീട് അവൻ നിങ്ങളെ മരി പ്പിക്കുന്നു. നിങ്ങളിൽ ചിലർ ഏറ്റവും അവശമായ പ്രായത്തിലേക്ക് തള്ള പ്പെടുന്നു; (പലതും) അറിഞ്ഞതിന് ശേഷം യാതൊന്നും അറിയാത്ത അവസ്ഥയിൽ എത്തത്തക്കവണ്ണം. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും എല്ലാ കഴിവുമുള്ളവനുമാകുന്നു.* (16:70)

വാർദ്ധക്യത്തെക്കുറിച്ച് ആ വചനം ഒരു സാമാന്യ വിവരണം തരുന്നു. ചിലപ്പോൾ അതിന് അപവാദങ്ങൾ കണ്ടേക്കാം. വാർദ്ധക്യ ത്തെ മറികടക്കണമെന്ന് ആരെങ്കിലും ഗൗരവമായി ആഗ്രഹിക്കുന്നു വെങ്കിൽ അയാൾക്ക് അതിനെ അതിജീവിക്കാൻ കഴിയും. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾക്ക് വാർദ്ധക്യം ബാധിക്കില്ലെ ന്നും യുവത്വം ദീർഘിപ്പിക്കാൻ അത് സഹായിക്കുമെന്നും പ്രവാചകൻ ഒരിക്കൽ അരുളുകയുണ്ടായി.

ഖുർആൻ പാരായണം എന്നതുകൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചത്, വിശുദ്ധ ഖുർആൻ പഠനമാണ്. അതായത് ഖുർആൻ വചനങ്ങളിൽ ചിന്താനിമഗ്നനാവുക. അതിലെ ഗഹനാർത്ഥം മനസ്സിലാക്കുക. അതി ലടങ്ങിയ അറിവിന്റെ ആഴം തിരിച്ചറിയുക. ഖുർആൻ പ്രപഞ്ചസാരം ഉൾക്കൊള്ളുന്ന ഒരു ദിവ്യഗ്രന്ഥമാണ്. ദിവ്യരഹസ്യങ്ങളുടെ സ്രോത സ്സായ ആ ഗ്രന്ഥത്തിലെ വസ്തുതകൾ ദിനംതോറും കണ്ടെത്താൻ ശ്ര മിക്കുക.

ബൗദ്ധിക കണ്ടെത്തലുകൾ മനസ്സിനെ ആവേശംകൊള്ളിക്കും. ജലത്തിൽ മുങ്ങിക്കിടക്കുന്ന പദാർത്ഥത്തിന്മേലുള്ള ജലമർദ്ദം കണ്ടുപി ടിച്ചതാണ് ഗ്രീക്ക് തത്ത്വചിന്തകനായ ആർക്കമെഡീസിനെ ആവേശം കൊള്ളിച്ചത്. അതിന്റെ ഫലമായി അദ്ദേഹം യുറേക്കാ, യുറേക്കാ എന്ന് ആർത്തട്ടഹിച്ചു. ആവേശത്താൽ അദ്ദേഹം വെള്ളത്തിൽ നിന്ന് എടു

ത്തുചാടി. ബുദ്ധിമാന്മാരെ സംബന്ധിച്ചിടത്തോളം അത്തരത്തിലുള്ള ആവേശം വലിയൊരു അനുഭൂതിയാണ് നല്കുക. അത് അവരുടെ ബൗദ്ധികാസക്തിയെ ശമിപ്പിക്കും. കണ്ടുപിടുത്തം അങ്ങനെ കണ്ടുപിടുത്തക്കാരനെ ഉത്സാഹിയും യുവാവുമായി മാറ്റിമറിക്കും.

എന്തുകൊണ്ടാണ് സാധാരണക്കാർക്ക് വാർദ്ധക്യം നിന്ദ്യ മാകുന്നത്? കാരണം, അയാൾ മനസ്സിനെ ആനന്ദിപ്പിക്കുന്ന ആവിഷ്കരണങ്ങളൊന്നും നടത്തുന്നില്ല. ഖുർആൻ അറിവ് പകരുന്ന ഒരമൂല്യ ഗ്രന്ഥമാണ്. അതിലെ അറിവ് വരികൾക്കിടയിൽ ഒളിഞ്ഞുകിടക്കുകയാണ്. ഒരാൾ അതിലെ വചനങ്ങളെ മനനം ചെയ്താൽ മാത്രമെ അതിലൊളിഞ്ഞിരിക്കുന്ന വിജ്ഞാന ലോകത്തെ തിരിച്ചറിയുകയുള്ളൂ. അത്തരത്തിലുള്ള തിരിച്ചറിയലുകൾ ഒരാളെ ആവേശ ഭരിതനാക്കും. ഒരാളുടെ ശരീരത്തിനേ ക്ഷയം സംഭവിക്കുകയുള്ളൂ, മനസ്സിനെ അത് ബാധിക്കില്ല എന്നാണ് ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. മനസ്സ് ജീർണ്ണതയിൽ നിന്ന് മുക്തമാണ്. അതിനെ വേണ്ട രീതിയിൽ പരിരക്ഷിച്ചാൽ എന്നുമെന്നും ജീവസ്സുറ്റതായി നിലനിൽക്കും.

മനസ്സിനെ ജീവസുറ്റതായി നിലനിർത്തുന്നവർക്ക് മാത്രമെ പുതിയ മാനസിക സാധ്യതകൾ ആസ്വദിക്കാൻ കഴിയൂ. പുന:രാലോചനയിൽക്കൂടി അത് കൈവരിക്കാൻ കഴിയും. എന്നാൽ ഖുർആന്റെ ഒഴുക്കൻ പാരായണത്തിലൂടെ മനസ്സിന്റെ ആ അളവറ്റ അനുഗ്രഹം ഉപയോഗപ്പെടില്ല. എല്ലാവരിലും ജന്മനാ ഉള്ളതാണ് ആ കഴിവ്. സ്വന്തം പക്ഷപാതിത്വത്തിൽ നിന്ന് അപ്പുറത്തേക്ക് പോകാൻ തയ്യാറാകുന്നവർക്ക് മാത്രമെ അത് ആസ്വദിക്കാൻ സാധിക്കുകയുള്ളു.

പുന:രാലോചന എന്നതുകൊണ്ട് ഖുർആൻ എന്താണ് ഉദ്ദേശിക്കുന്നത്? ഖുർആനിക വചനത്തിന്റെ വാച്യാർത്ഥത്തിനുമപ്പുറം എത്തലാണത്. വരികൾക്കിടയിലുള്ള ആ അറിവ് കണ്ടെത്താൻ കഠിന പ്രയത്നംതന്നെ നടത്തേണ്ടതുണ്ട്. ഗൗരവമായ പഠനത്തിലൂടെ അതിലെ വ്യംഗ്യാർത്ഥത്തിൽ ആണ്ടിറങ്ങാൻ ശ്രമിക്കുമ്പോൾ കിട്ടുന്ന സൂചനകൾ മനസ്സിൽ നിലനിർത്തുക.

എല്ലാ പ്രപഞ്ച വിഷയങ്ങളും ഖുർആൻ ഉൾക്കൊള്ളുന്നുണ്ട്. സൃഷ്ടിയിൽ അടങ്ങിയ സർവ്വമാന അറിവുകളും അതിൽ പരാമർശിക്കുന്നു. അതുകൊണ്ട് ഖുർആനിക വചനങ്ങളിൽ അഭിരമിക്കുന്നവർക്ക് വീണ്ടും വീണ്ടും അർത്ഥം തരുന്ന ഒരു അർത്ഥതലം ഖുർആനിൽ കണ്ടെത്താൻ കഴിയും. കണ്ടെത്തലിന്റെ ഓരോ സന്ദർഭവും തന്റെ മനസ്സിനെ അത് ചൈതന്യവത്താക്കും.

## 130

# അയുക്തികത

അടിസ്ഥാനരഹിതമായി അരോപണങ്ങൾ ഉന്നയിക്കുന്നതും യുക്തി രഹിതമായി തർക്കത്തിലേർപ്പെടുന്നതും ദൈവ നിഷേധമാണെന്ന് ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിക അധ്യാപനമനുസരിച്ച് ഒരാളുടെ വീക്ഷണങ്ങൾക്ക് അടിസ്ഥാനമുണ്ടാവണം. പ്രസ്താവനകൾ യുക്തിസഹവുമായിരിക്കണം. കുറ്റാരോപണങ്ങൾ ഇസ്‌ലാം നിരോധി ച്ചതാണ്. ഖുർആനിലെ, *ഖലം* എന്ന അധ്യായത്തിൽ അത് രേഖപ്പെ ടുത്തിയിട്ടുണ്ട്:

*അധികമായി സത്യംചെയ്യുന്നവനും നീചനുമായിട്ടുള്ള യാതൊരാളെ യും നീ അനുസരിച്ചുപോകരുത്. കുത്തുവാക്ക് പറയുന്നവനും ഏഷണി യുമായി നടക്കുന്നവനുമായ, നന്മക്ക് തടസ്സം നിൽക്കുന്നവനും അതിക്ര മിയും മഹാപാപിയുമായ.* (68: 10-12)

കുറ്റവാളികൾ അവിശ്വാസികളാണെന്നും സത്യവിശ്വാസിയെ അത്തരം പ്രവർത്തികളിൽ ഏർപ്പെടാൻ അനുവദിക്കുന്നില്ല എന്നുമാണ് ഈ സൂക്തം വ്യക്തമാക്കുന്നത്.

ഒരാൾ മുസ്‌ലിമാണെന്ന് അവകാശപ്പെടുകയും കുറ്റാരോപണം നടത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അത്തരം പെരുമാറ്റം വിശ്വാസിക്ക് ചേർന്നതല്ല. എല്ലാവരും ദൈവത്തിന്റെ മുൻപിൽ ഒരുനാൾ കണക്കുപറ യേണ്ടിവരും. ഖുർആൻ അനുസരിച്ച്, ഒരാൾ ഉരുവിടുന്ന ഓരോ വാക്കും മാലാഖമാർ രേഖപ്പെടുത്തുന്നുണ്ട് (50:18). മാലാഖമാർ തയ്യാറാക്കുന്ന ആ രേഖ ന്യായവിധി ദിനത്തിൽ ദൈവത്തിന് മുൻപിൽ ഹാജരാക്ക പ്പെടുകയും (50:17), ദൈവം വിധി നിർണ്ണയിക്കുകയും ചെയ്യും. ദിവ്യ തത്ത്വങ്ങൾ പാലിക്കാത്തവർക്ക് കഠിനശിക്ഷ നല്കപ്പെടും.

വിശ്വാസിയുടെ മുഖമുദ്രയാണ് യുക്തിസഹമായ പ്രസ്താവനകൾ. യുക്തിഹീനമായ പ്രസ്താവനകളും കുറ്റാരോപണങ്ങളും നിരുത്തരവാദി യുടെ അല്ലെങ്കിൽ അവിശ്വാസിയുടെ അടയാളമാണ്. അതിൽ ഒന്നാമൻ മനുഷ്യനും രണ്ടാമൻ മൃഗവുമാണ്.

ഉദ്ധരിച്ച ഖുർആനിക വചനങ്ങളിൽ സൂചിപ്പിച്ച പെരുമാറ്റം ഒരുതരം സ്വഭാവഹത്യയാണ്. സ്വഭാവഹത്യ ഒരു സമ്പൂർണ്ണ പരാജയത്തിന്റെ

അടയാളവുമാകുന്നു. തർക്കങ്ങളിലും ന്യായവാദങ്ങളിലും പരാജയപ്പെടുമെന്ന് തോന്നുമ്പോഴാണ് അത്തരത്തിലുള്ള പ്രതിക്രിയാ നടപടികൾ സ്വീകരിക്കുക. സ്വഭാവഹത്യ ഒരുതരം പകപോക്കലാണ്. അത് വെല്ലുവിളികളെ നേരിടാനുള്ള ശരിയായ മാർഗമല്ല. കൂടാതെ, കുറ്റം ആരോപിക്കുന്നതും അപകടകരമാണ്. ബൂമറാങ് പോലെയായിരിക്കും അത് പ്രവർത്തിക്കുക.

ഇസ്‌ലാമിൽ കളവുപറയുന്നതിനേക്കാൾ വലിയ പാപമില്ല. കുറ്റാരോപണം കളവുപറയുന്നതിനേക്കാൾ ഒട്ടും ഗുണകരമല്ല. ഒരു അസത്യവാദി ദൈവത്തിന്റെ കണ്ണിൽ അയോഗ്യനാണ്. അവന്റെ എല്ലാ പ്രയത്നങ്ങളും ചവറ്റുകൊട്ടയിലേക്കാണ് പോവുക. അതുകൊണ്ട് യാതൊരു ഗുണവും ലഭിക്കാൻ പോകുന്നില്ല.

ഉദ്ധരിച്ച ഖുർആനിക വചനം പരാമർശിക്കുന്നത്, എല്ലാതരം ദുർവൃത്തികളിൽ നിന്നും മുക്തരായ സഹ്രവർത്തകരെക്കുറിച്ച് കുറ്റാരോപണം നടത്തുന്നവരെയാണ്. ഖുർആനിലെ മറ്റ് ഉപദേശങ്ങളെപ്പോലെ ഇതും ശാശ്വത തത്ത്വമാണ്. എല്ലാ പ്രായത്തിലുമുള്ള എല്ലാതരം ആൾക്കാർക്കും, ദിവ്യോപദേശം വകവെക്കാതെ മുസ്‌ലിമായി നടക്കുന്നവർക്കും ഇത് ബാധകമാണ്.

## 131

# കർമത്തിനു മുമ്പുള്ള തയ്യാറെടുപ്പ്

ഏത് കർമ്മത്തിനും ഒരു തയ്യാറെടുപ്പ് അത്യാവശ്യമാണ്. ഇസ്‌ലാമിക ജീവിതം നയിക്കുന്ന ഒരാൾക്ക് ആദ്യമായി വേണ്ടത് ഇസ്‌ലാമിന്റെ പ്രഥമ തത്ത്വമായ ഈമാൻ, അഥവാ വിശ്വാസമാണ്. പക്ഷേ, ഈമാനിനുമുൻപ് തയ്യാറെടുപ്പിന്റെ ഒരുപടി കൂടെയുണ്ട്. അതാണ് മഅ്‌രിഫത്ത്, അഥവാ തിരിച്ചറിവ്. ഒരുകൂട്ടം വിശ്വാസികളുടെ കഥ വിവരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

*റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ.* (5:83)

വിശ്വാസത്തിന് മുൻപ് തിരിച്ചറിവ് (മഅ്‌രിഫത്ത്) എന്ന, ഇസ്‌ലാമിലെ പ്രധാന തത്ത്വമാണ് ഉദ്ധരിച്ച വചനം സൂചിപ്പിക്കുന്നത്. ഒരു മനുഷ്യൻ ഇസ്‌ലാം സ്വീകരിച്ച് കലിമ ചൊല്ലുന്നതിനുമുൻപ് അയാൾ മഅ്‌രിഫത്ത് എന്താണെന്ന് അറിയേണ്ടതുണ്ട്. ആ തിരിച്ചറിവാണ് ആശയം ഉൾക്കൊണ്ടുകൊണ്ടുള്ള കലിമ ചൊല്ലൽ. തിരിച്ചറിയാതെ കലിമ ഉരുവിട്ടതുകൊണ്ട് പ്രയോജനമില്ല.

ഇസ്‌ലാമിലെ എല്ലാ തത്ത്വങ്ങൾക്കും അത് ബാധകമാണ്. അതായത്, ഫർള് (നിർബ്ബന്ധ) നിസ്കാരത്തിന് മുൻപുള്ള നാഫിൽ ഐച്ഛിക പ്രാർത്ഥന, റമളാനിലെ വ്രതാനുഷ്ഠാനത്തിന് മുമ്പത്തെ ശഅബാൻ മാസത്തെ വ്രതാനുഷ്ഠാനം, നിർബ്ബന്ധ ദാനമായ സക്കാത്തിന് പുറമെയുള്ള ഇൻഫാഖ് (പാവപ്പെട്ടവനും ആവശ്യക്കാരനും സ്വമേധയാ ചെയ്യുന്ന ദാനം), ഹജ്ജിനുപുറമെയുള്ള ഉംറ മുതലായവ. ഇസ്‌ലാമിലെ എല്ലാ കർമ്മങ്ങളിലും ആ പ്രാരംഭ തത്ത്വം ബാധകമാണ്. ഭക്ഷണത്തിനുമുൻപ് സ്റ്റാർട്ടർ കഴിക്കുന്നതുപോലെയാണത്. അത്തരത്തിലുള്ള പ്രാരംഭക്രമങ്ങളാണ് ഇസ്‌ലാമിക കർമ്മങ്ങളെ ജീവസ്സുറ്റതാക്കുന്നത്.

കർമ്മങ്ങളിൽ പ്രവേശിക്കുന്നതിനുമുൻപുള്ള ഇത്തരം കാര്യങ്ങൾ മനസ്സിനെ ഉത്തേജിപ്പിക്കും. അത് മനസ്സിനെയും വ്യക്തിത്വത്തെയും സജീവമാക്കും. അത്തരം തയ്യാറെടുപ്പുകൾ നടത്തുന്നവർക്കേ ഇസ്ലാമിന്റെ ചൈതന്യം ഉൾക്കൊള്ളാൻ സാധിക്കുകയുള്ളൂ. അല്ലാത്തവർ ഇസ്ലാമിക ദൗത്യം പൂർത്തിയാക്കാൻ യോഗ്യതയുള്ളവരല്ല.

ഒരാൾ ഒരു മുസ്ലിമായി ജീവിക്കുന്നുവെന്ന് പറയുമ്പോൾ അതൊരു അർദ്ധ സത്യമേ ആകുന്നുള്ളൂ. മുസ്ലിമായി ജീവിക്കുന്നതിനുമുൻപ് അയാളൊരു തിരിച്ചറിവുള്ള മനുഷ്യനാകണം. ദൈവിക സത്യത്തിന്റെ ആ തിരിച്ചറിവാണ് അയാളെ ശരിയായ ബോധത്തോടുകൂടെ ജീവിക്കുന്ന മുസ്ലിമാക്കിമാറ്റുന്നത്. തിരിച്ചറിവിന് മുൻപ് മുസ്ലിമായി ജീവിക്കുക എന്നത് ഔപചാരികത മാത്രമാണ്. ഔപചാരികതയിൽ അഭിരമിക്കുന്ന മുസ്ലിം ശരിയായ മുസ്ലിമല്ല. ആദ്യമായി അയാൾ സ്വയം തിരിച്ചറിവുള്ളവനാകണം. എങ്കിലേ അയാൾ ശരിയായി ജീവിക്കുന്ന മുസ്ലിമാണെന്ന് തെളിയിക്കപ്പെടുകയുള്ളൂ.

തയ്യാറെടുപ്പ് മനസ്സിനെ ജീവസ്സുറ്റതാക്കാൻ സഹായിക്കും. ഖുർആൻ ഏതുതരം മനസ്സിനെ വളർത്തിയെടുക്കാനാണ് ശ്രമിക്കുന്നതെന്ന് ആദ്യമായി അറിയണം. അതറിഞ്ഞതിന് ശേഷം ചിന്തകളെ ആ വഴിയിൽ ക്രമീകരിക്കണം - അതൊരു ബൗദ്ധിക വികസനമാണ്. തുടർന്ന് ഇസ്ലാം മുന്നോട്ടുവെച്ച ലക്ഷ്യത്തിലേക്ക് മുന്നേറണം. വേറൊരു വിധത്തിൽ പറഞ്ഞാൽ, ഖുർആൻ അനുസരിച്ചുള്ള ബൗദ്ധിക വികസനം ആദ്യം ഉണ്ടാവണം. അതിനുശേഷമേ ഇസ്ലാമിക ജീവിത രീതി സ്വീകരിക്കാൻ ഒരാൾ പ്രാപ്തനായെന്ന് പറയാൻ കഴിയൂ.

മനസ്സാണ് ശരീരത്തെ നിയന്ത്രിക്കുന്നത്, നേരെ മറിച്ചല്ല. ഇസ്ലാമിക നടപടിക്രമങ്ങൾ ആന്തരിക തിരിച്ചറിവിന്റെ സാക്ഷാത്കാരമാണ്. ആദ്യം മനസ്സിനെ ഇസ്ലാമീകരിക്കണം. പിന്നീട് ശരീരത്തെ അല്ലെങ്കിൽ ഭൗതിക ജീവിതത്തെ ഇസ്ലാമീകരിക്കാൻ ശ്രമിക്കണം. ഇസ്ലാം ഉള്ളിൽ നിന്ന് തുടങ്ങുന്നു. പിന്നീടത് ഒഴിച്ചുകൂടാത്തതായിത്തീരുന്നു.

## 132

# കള്ളപ്പറ പാടില്ല

ഖുർആനിലെ, *മുത്വഫഫീൻ* എന്ന അധ്യായം കപടനാട്യക്കാരെ ക്കുറിച്ചുള്ളതാണ്. ഖുർആൻ അതിനെ കള്ളപ്പറ എന്ന് വിശേഷിപ്പി ക്കുന്നു. അതിലെ വചനങ്ങൾ ഇപ്രകാരമാണ്:

*അളവിൽ കുറക്കുന്നവർക്ക് മഹാ നാശം.*

*അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടു ക്കുകയും,*

*ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്.*

*അക്കൂട്ടർ വിചാരിക്കുന്നില്ലേ, തങ്ങൾ എഴുന്നേല്പി ക്കപ്പെടുന്നവരാ ണെന്ന്...*

*ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്?*

*അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം.* (83: 1-6)

അളന്നുകൊടുക്കുമ്പോൾ അളവിൽ കുറച്ചുകൊടുക്കലും അളന്നു വാങ്ങുമ്പോൾ കൂടുതൽ വാങ്ങലുമാണ് കള്ളപ്പറ. കുറച്ചുകൊടുക്കൽ കച്ചവടത്തെ മാത്രം ബാധിക്കുന്ന വിഷയമല്ല. എല്ലാതരം സാമൂഹ്യ പ്രവർത്തനങ്ങളെയും അത് ബാധിക്കുന്നു. അത് വ്യാപാര ക്രമങ്ങളെ ദുഷിപ്പിക്കുന്നു. സാമൂഹ്യവും ധാർമ്മികവുമായ ബന്ധങ്ങളെ ദുർബല മാക്കുന്നു. എങ്ങനെ നോക്കിയാലും, അത് നിന്ദ്യമായ ഒരു ഇടപാടാണ്. അതിന് വഴങ്ങുന്നവരൊക്കെയും ദുഷ്ടന്മാരാണ്.

ഉദ്ധരിച്ച വചനത്തിന്റെ അടുത്ത വചനം അനീതിയോട് ആസക്തി യുള്ളവരെ കുറ്റപ്പെടുത്തുകയാണ്. അതായത് കൊടുക്കുമ്പോൾ കുറച്ചു കൊടുക്കുകയും വാങ്ങുമ്പോൾ കൂടുതൽ ചോദിക്കുകയും ചെയ്യുന്ന മനോഭാവത്തെ കുറ്റപ്പെടുത്തുന്നു. വാണിജ്യ ഇടപാടുകളിലാണ് ഇത് കണ്ടുവരുന്നത്.

കുടുംബപരവും സാമൂഹികവുമായ വിഷയങ്ങളിൽ വ്യക്തി അല്ലെ ങ്കിൽ ഒരു സമൂഹം ആദരവ്, ബഹുമതി, സേവനം തുടങ്ങിയവ ആഗ്ര

ഹിച്ചേക്കാം. പക്ഷേ, മറ്റു സാഹചര്യങ്ങളിൽ അവ തിരിച്ചുനല്കാൻ അവർ തയ്യാറാവില്ല.

ഏകപക്ഷീയമായ സ്വാർത്ഥതയേക്കാൾ മോശമാണത്. അത് ഇരട്ട ദ്രോഹമാണ്. മതത്തിലും ആത്മീയ ജീവിതത്തിലുമാണ് അതിന്റെ ഏറ്റവും മോശമായ പ്രകടനം കാണാൻ കഴിയുക. സഹജീവികളോട് ദയയോ സ്നേഹമോ കാണിക്കാതെ എങ്ങനെയാണ് ഒരാൾക്ക് ദൈവത്തോട് സ്നേഹത്തിനും കാരുണ്യത്തിനും വേണ്ടി യാചിക്കാനാവുക? മനസ്സിൽ കൊണ്ടുനടക്കേണ്ട ഒരു സുവർണ്ണ നിയമമുണ്ട്: 'നിങ്ങൾ ചെയ്യേണ്ടത് ചെയ്യേണ്ടതുപോലെ ചെയ്യുക'. അതിന് പൂർണ ആവിഷ്കാരം നല്കുമ്പോൾ - കൊടുക്കാനുള്ളത് മുഴുവനും നിങ്ങൾ പൂർണ്ണ അളവിൽ കൊടുക്കുക, മറ്റുള്ളവരിൽ നിന്ന് പരിഗണന തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിച്ചാലും ഇല്ലെങ്കിലും.

വഞ്ചനാപരമായ പ്രവർത്തനം ഒരാളുടെ സത്യസന്ധതയിൽ കളങ്കം ചാർത്തും. അത് പൂർണ്ണമായും മനുഷ്യത്വരഹിതമാണ്. ഭൂമിയിൽ ഒരു ജീവിപോലും അത്തരം പ്രവർത്തികളിൽ ഏർപ്പെടുകയില്ല. സ്വന്തം ദേഹേച്ഛയ്ക്കനുസരിച്ച് മനുഷ്യൻ മാത്രമാണ് അങ്ങനെ പെരുമാറുക. സ്വാർത്ഥത സ്പഷ്ടമായും ഒരു മാനുഷിക പ്രതിഭാസമാണ്. മൃഗങ്ങളുടെ നിഘണ്ടുവിൽ സ്വന്തം താത്പര്യം എന്ന ഒരു വാക്കേ കാണില്ല.

എല്ലാ മൃഗങ്ങളുടെയും സ്വഭാവം പ്രവചിക്കാവുന്നതാണ്. മനുഷ്യന്റെ പെരുമാറ്റം മാത്രം പ്രവചനാതീതമാണ്. മൃഗങ്ങൾക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല എന്നതാണ് ആ വ്യത്യസ്തതയ്ക്ക് കാരണം. എന്നാൽ മനുഷ്യന് തെരഞ്ഞെടുക്കാനുള്ള സ്വതന്ത്ര്യമുണ്ട്. പരിധികളില്ലാത്ത ആ സ്വാതന്ത്ര്യമാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.

ഒരു സത്യവിശ്വാസി ഒരിക്കലും അളവിൽ വഞ്ചന കാണിക്കില്ല. ആ തെറ്റ് വരുത്താത്ത ഒരാൾ സൽസ്വഭാവിയായിരിക്കും. നമുക്കയാളെ വിശ്വസിക്കാം. അയാൾ യാതൊരു ദ്രോഹവും ചെയ്യില്ല എന്ന ഉറച്ച വിശ്വാസത്തോടെ നമുക്ക് അയാളുടെ അയൽവാസിയായി തുടരാം.

133

# ആത്മീയ ഭക്ഷണം

'മനുഷ്യന് അപ്പംകൊണ്ടുമാത്രം ജീവിക്കാനാവില്ല' എന്ന് ജീസസ്. ഖുർആനിന്റെയും അധ്യാപനമാണത്. ഭൗതിക ഭക്ഷണത്തിന് പുറമെ മനുഷ്യന് ആത്മീയ ഭക്ഷണവും ആവശ്യമാണ്. ഭൗതിക ഭക്ഷണം ശരീരത്തിന് ആവശ്യമാണ്. ആത്മീയ ഭക്ഷണമാകട്ടെ, ബൗദ്ധിക വികസനത്തിന് അത്യാവശ്യവുമാണ്. ഖുർആനിലെ, *ത്വാഹാ* എന്ന അധ്യായത്തിൽ പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം പറയുകയാണ്:

*അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹിക ജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു). നിന്റെ രക്ഷിതാവ് നല്കുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും.* (20:131)

ഭൗതിക ഭക്ഷണം നമ്മുടെ ദഹനേന്ദ്രിയങ്ങൾ വഴി സ്വീകരിക്കുമ്പോൾ ആത്മീയ ഭക്ഷണം ചിന്തകളിലൂടെയും നിരീക്ഷണങ്ങളിലൂടെയുമാണ് സ്വീകരിക്കപ്പെടുക. രണ്ടും വ്യത്യസ്ത വിഷയങ്ങളല്ല. സത്യത്തിൽ രണ്ടും ഒന്നുതന്നെയാണ്. നമ്മൾ ഭക്ഷണമായി കഴിക്കുന്ന ഏതൊന്നിലും ആത്മീയതയുടെ അംശങ്ങളുണ്ട്. അവ ചിന്തയിലൂടെയും മനനത്തിലൂടെയും സ്വായത്തമാക്കാം.

ഉദാഹരണത്തിന് നമ്മൾ ബ്രഡ്ഡും ചോറും, അല്ലെങ്കിൽ പച്ചക്കറികളും പഴങ്ങളുമാണ് കഴിക്കുന്നതെങ്കിൽ മണ്ണിന് എങ്ങനെയാണവ നിർമ്മിക്കാൻ കഴിയുന്നതെന്ന് ചിന്തിക്കുന്നു. അത് ദൈവത്തിന്റെ അനുഗ്രഹം കൊണ്ടാണെന്ന് നമ്മൾ തിരിച്ചറിയും. അത്തരം ചിന്തകൾ ദൈവത്തോട് നമുക്കുള്ള സ്നേഹം വർദ്ധിപ്പിക്കും. ദൈവത്തെ അംഗീകരിച്ചുകൊണ്ട് നമ്മൾ പറയും: 'രക്ഷിതാവേ, നീ മനുഷ്യവർഗത്തോട് കാരുണ്യവും അനുകമ്പയും ഉള്ളവനാണ്.' അവ ഭൂമിയിൽ ഇത്രയും കാലം ഉണ്ടായിരുന്നെങ്കിലും അവയുടെ കഴിവ് എങ്ങനെയാണ് അവയിൽ ഒളിഞ്ഞിരുന്നതെന്ന് നമ്മൾ വീണ്ടും ചിന്തിക്കും. ആരാണ് ആ കഴിവിനെ ഇപ്പോൾ യാഥാർത്ഥ്യമാക്കിയത്?

കർഷകരും കൃഷി ശാസ്ത്രജ്ഞരും തോട്ടപ്പണിക്കാരും മണ്ണിൽ അധ്വാനിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണ് ജനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ മണ്ണിന് നല്കാൻ കഴിഞ്ഞതെന്നും അപ്പോൾ നമ്മൾ തിരിച്ചറിയും. ആ തിരിച്ചറിവിലൂടെ മനുഷ്യരാശിയോടുള്ള സ്നേഹം നമ്മുടെ ഹൃദയത്തിൽ ഉടലെടുക്കും. അപ്പോൾ നമ്മൾ പറയും: 'ജനങ്ങളേ, ഞാൻ നിങ്ങളോട് നന്ദിയുള്ളവനാണ്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ മൂലമാണ് എനിക്ക് ഇത്ര രുചികരവും പോഷക ഗുണങ്ങളുള്ളതുമായ ഭക്ഷണം എന്റെ ഉച്ചയൂണിനും അത്താഴത്തിനും ലഭിച്ചത്.' ഭൗതികതയിൽ നിന്ന് ആത്മീയത നേടിയെടുക്കുന്നതിനുള്ള ഒരു ഉദാഹരണമാണത്. അത്തരത്തിലുള്ള നേട്ടം ദൈവത്തെ അംഗീകരിക്കാൻ നമ്മെ പ്രാപ്തമാക്കുന്നതോടൊപ്പം, നമ്മളിലും നമ്മുടെ സംസ്കാരത്തിലുമുള്ള അതിന്റെ പങ്കിനെ നമ്മൾ അംഗീകരിക്കുകയും ചെയ്യുന്നു.

ഇത്തരം ആത്മീയാനുഭവങ്ങൾ ഒരു യഥാർത്ഥ സത്യ വിശ്വാസിയുടെ ആത്മീയ വികാസത്തിന് ആവശ്യമാണ്. ഉദ്ധരിച്ച വചനത്തിലെ, ദൈവിക ഉപജീവനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, വിശ്വാസിക്ക് പ്രതിഫലം ലഭിക്കുന്നത് പരലോക ജീവിതത്തിൽ മാത്രമാണെന്ന അർത്ഥത്തിലല്ല. വിശ്വാസിക്ക് പരലേകത്ത് പ്രതിഫലം ലഭിക്കുമെന്നത് തീർച്ചയാണ്. എന്നാൽ, ഈ ലോകത്തും അവർക്ക് ഉപജീവനം ലഭിക്കും. അത് ആത്മീയ ഉപജീവനമാണ്, ഒരു സത്യവിശ്വാസി ഭൗതികാനുഭവങ്ങളിൽ നിന്ന് നേടിയെടുക്കുന്ന ഉപജീവനം.

ഒരാൾ തനിക്കുചുറ്റിലുമുള്ള ലോകാവലോകനത്തിലൂടെ നേടിയെടുക്കുന്ന ആത്മീയപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തന്റെ ആത്മീയ വ്യക്തിത്വം വളർത്തുന്നു. ആത്മീയ ഭക്ഷണം ഒരുതരം പ്രചോദനദായകമായ ഭക്ഷണമാണ്. അതിന്റെ ഉറവിടം രണ്ടുവിധത്തിലാണ്. ദൈവത്തിന്റെ മഹാത്മ്യത്തെക്കുറിച്ചുള്ള അവലോകനവും നിത്യജീവിതത്തിലെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളലുമാണവ. ഖുർആനികാത്മീയത നിഗൂഢമല്ല. മറിച്ച്, മനസ്സിനെ ആസ്പദിച്ചുള്ളതാണ്. നിത്യാനുഭവങ്ങളിന്മേൽ ബുദ്ധി പ്രയോഗിച്ച് അവ നേടിയെടുക്കാം.

## 134

# വേണ്ടാത്തത് ഉപേക്ഷിക്കുക

ഖുർആൻ നിർദ്ദേശിക്കുന്നത് ഉദ്ദേശ്യ പൂർണ്ണമായൊരു ജീവിതമാണ്. അനാവശ്യ സംസാരങ്ങളിലും അനാവശ്യ പ്രവർത്തനങ്ങളിലും അഭിരമിക്കുന്ന ജനങ്ങളെ ഖുർആൻ ഗുണദോഷിക്കുന്നു. ആ വിഷയവുമായി ബന്ധപ്പെട്ട് ഖുർആനിലെ, *മുഅ്മിൻ* എന്ന അധ്യായത്തിൽ ഒരു ആപ്ത വചനമുണ്ട്. അത് ഇങ്ങനെ പരിചയപ്പെടുത്താം:

*സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു, തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ, അനാവശ്യ കാര്യത്തിൽ നിന്ന് തിരിഞ്ഞുകളയുന്നവരുമായ,* (23: 1-3)

മനുഷ്യയത്നം രണ്ടുവിധത്തിലാണ്, ഉചിതവും അനുചിതവും. ഉചിതമായ യത്നം സത്ഫലത്തിലേക്ക് നയിക്കുന്നു. അനുചിതമാകട്ടെ, യാതൊരു ഫലവും നല്കുന്നില്ല. ഒരു സത്യവിശ്വാസിക്ക് മുന്നിൽ പ്രത്യേക ലക്ഷ്യമുണ്ട്. അയാൾ ഏതുകാര്യത്തിലും സൂക്ഷ്മത പുലർത്തുന്നു. അയാൾ എപ്പോഴും ഉചിതമായത് തെരഞ്ഞെടുക്കുകയും അനുചിതമായതിനെ ത്യജിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ദൈവം വിജയം പ്രദാനം ചെയ്യുന്നു.

സത്യവിശ്വാസി ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും അതിന്റെ ഫലത്തെക്കുറിച്ച് പരിശോധിക്കണം. അതിന്റെ വരുംവരായ്കകളെക്കുറിച്ച് മുൻധാരണ ഉണ്ടായിരിക്കണം. ഏതുസാഹചര്യത്തിലും അയാളുടെ പ്രതികരണം യുക്തിസഹവും പരിഗണനാർഹവുമായിരിക്കണം. അത് വികാരപരമായ ഒരു പൊട്ടിത്തെറിയാവരുത്. എല്ലാതരം മാനുഷിക വികാരങ്ങളും മനുഷ്യ ചര്യകളായ ചിന്ത, ചർച്ച, പെരുമാറ്റം, ഇടപെടൽ, വായന, ഷോപ്പിങ്, യാത്ര എന്നിവയും അതിൽ ഉൾപ്പെടുന്നു. ഒരു വിശ്വാസി ജീവിതത്തിന്റെ സർവ്വതലങ്ങളിലും അവ സ്വീകരിക്കണം.

നമ്മുടെ ഇഹലോക ജീവിതം ഹ്രസ്വമാണ്. നമുക്കിവിടെ വളരെ കുറഞ്ഞ സമയമേ ഉള്ളൂ. അതുകൊണ്ട് നമ്മുടെ സമയവും ഊർജ്ജവും ആഡംബരത്തിനുവേണ്ടി ദുരുപയോഗം ചെയ്യരുത്. സദാ നേരവും നമ്മൾ ജാഗരൂകരാവണം. നമ്മൾ ഉദ്ദേശിക്കുന്ന ഫലം ഒടുവിൽ ലഭി

ക്കുമെന്ന് ഉറപ്പുള്ള ഉദ്യമങ്ങളിൽ മാത്രം വ്യാപൃതരാവുക. അക്കാര്യത്തിൽ യാതൊരു ഒഴികഴിവും പാടില്ല.

നമ്മൾ നമ്മുടെ മനസ്സിനെ ആരോഗ്യകരമായ വിഷയങ്ങൾക്കുവേണ്ടി ഉപയോഗിക്കുക. നമുക്കും മറ്റുള്ളവർക്കും ഉപകാരപ്രദമായതുമാത്രം പറയുക. നമ്മൾ ഒരടി മുന്നോട്ടുവെക്കാൻ ഒരുങ്ങുമ്പോൾ അതിനോടനുബന്ധമായ വിഷയങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയും, നമ്മൾ മുന്നോട്ടുവെക്കുന്ന ഓരോ അടിയും ഉപകാരക്ഷമമല്ലെങ്കിൽ അതിൽ നിന്ന് മാറിനിൽക്കുകയും ചെയ്യുക.

ഒരു വിവേക ശാലി നല്ല പ്രതികരണങ്ങളെയും ചീത്ത പ്രത്യാഘാതങ്ങളെയും എല്ലായ്പോഴും തിരിച്ചറിയും. അതുപോലെ വൈകാരിക സമീപനത്തെയും യഥാർത്ഥ സമീപനത്തെയും തിരിച്ചറിയും. പരിണിത ഫലത്തെക്കുറിച്ച് ബോധവാനായിരിക്കും. വിഡ്ഢികൾ മാത്രമാണ് ഏതുകാര്യത്തിലും എടുത്തുചാടുക. മാലാഖമാർ ചവിട്ടാൻ മടിക്കുന്നിടത്തേക്ക് വിഡ്ഢികൾ ധൃതിപെട്ട് ചെല്ലും. എന്നാൽ വിവേക ശാലിയായ ഒരു മനുഷ്യന് അത്തരത്തിലുള്ള ഇടപെടൽ സാധ്യമല്ല.

വ്യർത്ഥമായത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യാതൊരു ഫലവും നല്കാത്തത് എന്നാണ്. ഫലങ്ങൾ ഒന്നും നല്കാത്തത് കാര്യമില്ലാത്തതാകുന്നു. ചവറ്റുകൊട്ടയിലാണ് അവയുടെ സ്ഥാനം. മൃഗങ്ങൾ വരെ ഫലപ്രദമായ മാർഗം പിന്തുടരുമ്പോൾ എന്തുകൊണ്ട് സ്ത്രീ പുരുഷന്മാർക്ക് അത് സാധിക്കുന്നില്ല?

ആത്മാർത്ഥതയുള്ള ഒരാൾ കൊള്ളരുതാത്ത വിഷയങ്ങളിലാണ് വ്യാപൃതനാവുന്നതെങ്കിൽ അയാളുടെ മനസ്സാക്ഷി അയാൾക്കെതിരായി പ്രവർത്തിക്കും. മറ്റുള്ളവരെ അഭിമുഖീകരിക്കുന്നതിന് പകരം സ്വന്തം മനസ്സാക്ഷിയെയാണ് അഭിമുഖീകരിക്കേണ്ടത്. വളരെ കുറച്ചു പേർക്ക് മാത്രമേ അത് സാധ്യമാകൂ. ഏതൊരു ആണിനും പെണ്ണിനും സ്വന്തം മനസ്സാക്ഷി ഒരാന്തരിക തടസ്സമായി വർത്തിക്കുന്നത് ധാർമ്മിക സംരക്ഷണമാകുന്നു. മനസ്സാക്ഷി ഒരിക്കലും തോൽക്കില്ല. നമ്മളത് ശ്രദ്ധിച്ചാൽ മാർഗഭ്രംശം സംഭവിക്കുന്നതിൽ നിന്ന് നമുക്ക് സ്വയം രക്ഷപ്പെടാം. നമ്മൾ നമ്മുടെ മനസ്സാക്ഷിയെ പിന്തുടരുക. അതുവഴി നമ്മൾ തീർച്ചയായും ഒരു ദിവ്യ വ്യക്തിത്വത്തിന്റെ ഉടമയായി വളരും.

## 135

# ദൈവത്തിന്റെ പാത

മനുഷ്യൻ സൃഷ്ടിയും ദൈവം അവന്റെ സ്രഷ്ടാവുമാണ്. ഓരോ സൃഷ്ടിയും സ്രഷ്ടാവിന്റ അനുഗ്രഹം ആഗ്രഹിക്കുന്നു. എല്ലാ സ്ത്രീപുരുഷന്മാരും ദൈവ നിശ്ചിതമായ ലക്ഷ്യത്തിലേക്കാണ് മുന്നേറേണ്ടത്. ഖുർആനിലെ, *ദാരിയാത്ത്* എന്ന അധ്യായത്തിൽ ആ വിഷയം പരാമർശിക്കുന്നുണ്ട്. അതിന്റെ പരിഭാഷ ഇപ്രകാരമാണ്:

*അതിനാൽ നിങ്ങൾ അല്ലാഹുവിങ്കലേക്ക് ഓടിച്ചെല്ലുക. തീർച്ചയായും ഞാൻ നിങ്ങൾക്ക് അവന്റെ അടുക്കൽ നിന്നുള്ള വ്യക്തമായ താക്കീതുകാരനാകുന്നു.* (51:50)

എല്ലാ സ്ത്രീ പുരുഷന്മാരും ദിവ്യസരണിയിലാണ് പിറക്കുന്നത്. ചിലർ മുൻനിശ്ചയപ്രകാരം ആ പാതയിലൂടെ നീങ്ങുന്നു. മറ്റുചിലർ അതിൽ നിന്ന് വ്യതിചലിക്കുന്നു. നേർമാർഗത്തിൽ നിലകൊള്ളുന്ന മന:സ്ഥിതിയെ ദിവ്യ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ഓരോരുത്തരും ആ പരീക്ഷണത്തിന് വിധേയമാക്കുന്നുണ്ട്. സർവ്വരും ജാഗ്രതയോടെ അതിനെ കാണണം. എന്തെന്നാൽ, ശരിയായ പാത പിന്തുടരുന്നവർക്ക് മാത്രമേ സ്വർഗപ്രവേശനമുള്ളൂ. അതിൽ വീഴ്ചവരുത്തുന്നവർ ശാശ്വതനഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നു.

ഓരോ മനുഷ്യനും ചില ഉൾപ്രേരണയോടുകൂടെയാണ് ജനിക്കുന്നതെന്നത് ഒരു അംഗീകൃത വസ്തുതയാണ്. അവന് പ്രകൃതി നല്കിയ വരദാനമാണ് ഒരു പ്രത്യേക ലക്ഷ്യത്തിൽ എത്തിച്ചേരുക എന്നത്. അത് സർവസാധാരണമാണ്. അതായത്, ആരുതന്നെയായാലും, പണക്കാരനും പാവപ്പെട്ടവനും പണ്ഡിതനും പാമരനും, അതിൽ നിന്ന് ഒഴിവല്ല.

എന്താണ് ആ ലക്ഷ്യം? ദൈവിക പദ്ധതിയെക്കുറിച്ച് മനസ്സിലാക്കുകയും, ഇഹലോക ജീവിതത്തിന് യോജിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും ഗ്രഹിക്കുകയും അതിലൂടെ തന്റെ സ്രഷ്ടാവിനെ കണ്ടെത്തലുമാണ് അതിൽ ആദ്യത്തേത്. ആ ഒരു അജണ്ടയോടുകൂടെയാണ് എല്ലാ പ്രവാചകന്മാരും വന്നത്. ജനങ്ങളെ അതേ പാതയിലേക്ക് നയിക്കലായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. കാരുണ്യവാനായ ദൈവത്തിൽ

നിന്ന് അതിനുവേണ്ട മാർഗ നിർദ്ദേശങ്ങൾ അവർക്ക് വെളിപാടായി ലഭിച്ചിരുന്നു.

വിശുദ്ധഖുർആന്റെ അവതരണത്തെക്കുറിച്ച് മറ്റ് ഗ്രന്ഥങ്ങളിൽ മുൻക്കൂട്ടി വ്യക്തമാക്കിയിരിക്കുന്നു. അതിന്റെ മൗലികസ്വഭാവത്തിൽ എന്നും സംരക്ഷിക്കപ്പെടുന്ന ഒരേയൊരു ദിവ്യഗ്രന്ഥം വിശുദ്ധ ഖുർആൻ ആയതുകൊണ്ട് മതപരമായ വിഷയങ്ങളുടെ ആധികാരിക ഗ്രന്ഥം ഖുർആൻ മാത്രമാണെന്ന് അംഗീകരിക്കപ്പെട്ടതാണ്.

അവസാനിക്കാത്ത ഒരേയൊരു പാത ദൈവത്തിലേക്കുള്ളതാണ്. സ്ത്രീപുരുഷന്മാരുടെ മരണശേഷവും അത് തുടരുകയാണ്. അത് നിത്യ തയിലേക്ക് നീണ്ടുപോകുന്ന ഒരു പാതയാണ്. അത് അതിരുകളുള്ള ലോകത്തുനിന്ന് അതിരുകളില്ലാത്ത ലോകത്തേക്കുള്ള യാത്രയെ സൂചിപ്പിക്കുന്നു. അത് അപൂർണ്ണതയുടെ ലോകത്തുനിന്ന് പൂർണ്ണത യുടെ ലോകത്തേക്കും, ഭൗതികതയിൽ നിന്ന് ആത്മീയതയിലേക്കുമു ള്ള യാത്രയാണ്. സ്ഥലവും സമയവും ഉള്ളയിടത്തുനിന്ന് സ്ഥലത്തി നും സമയത്തിനും അപ്പുറത്തെ ലോകത്തേക്കുള്ള ദീർഘയാത്ര. മരണ ത്തോടുകൂടെ ഇഹലോകത്തെ എല്ലാ യാത്രകളും അവസാനിക്കുന്നു.

എല്ലാ മനുഷ്യരും നിരാശയിലാണ് ജീവിക്കുന്നതെന്നത് ഒരു നിത്യ സത്യമാണ്. എന്തിനാണ് ആ നിരാശ? കാരണം, മനുഷ്യന് ജീവിക്കാൻ എല്ലാം തികഞ്ഞ ഒരു ലോകം വേണം. ഈ അപൂർണ്ണ ലോകത്ത് ജീവി ക്കാൻ അവൻ നിർബ്ബന്ധിക്കപ്പെടുകയാണ്. ദൈവത്തിലേക്കുള്ള യാത്ര മാത്രമാണ് അതിനുള്ള പരിഹാരം. അത് നമ്മെ അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്ക് നയിക്കുന്നു. ദൈവത്തിന്റെ ആ പാത പരിശുദ്ധമാണ്. പരിമിതികളില്ലാത്ത ആ യാത്ര അപാരമായ ആനന്ദം നല്കും.

ദൈവത്തിലേക്കുള്ള വഴികൊണ്ട് ഉദ്ദേശിക്കുന്നത് പൂർത്തീകരിക്കാ ത്ത ആഗ്രഹങ്ങളിൽ നിന്ന് പൂർണ്ണമായി പൂർത്തിയാക്കപ്പെട്ട യാത്ര എന്നാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദൈവത്തിലേക്കുള്ള വഴി എന്നാൽ സ്വർഗത്തിലേക്കുള്ള വഴി എന്നാണ്. സ്രഷ്ടാവിലേക്ക് മടങ്ങി ച്ചെല്ലണമെന്നുള്ള അവസാനത്തെ ലക്ഷ്യം.

136

# വിശ്വാസിയുടെ സൗമ്യഭാവം

ഖുർആൻ എളിമയെ പ്രോത്സാഹിപ്പിക്കുന്നു, ഖുർആന്റെ സംസ്കാരം സമാനതകളില്ലാത്ത ഗുണമായ വിനയമായതുകൊണ്ടു തന്നെ. *ഫുർഖാൻ* എന്ന അധ്യായത്തിലെ ഒരു വചനത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

*പരമകാരുണികന്റെ ദാസന്മാർ ഭൂമിയിൽകൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നല്കുന്നവരുമാകുന്നു.* (25:63)

ഒരാൾ ദൈവത്തെ തിരിച്ചറിയുന്നതോടുകൂടെ മറ്റുള്ളവരോട് പെരുമാറാനുള്ള ഏറ്റവും നല്ല പെരുമാറ്റ രീതി വിനയമാണെന്ന് അയാൾക്ക് ബോധ്യമാകുന്നു. ദൈവ സാക്ഷാത്കാരത്തോടുകൂടെ വിനയം ഉടലെടുക്കുന്നു. ദൈവവിശ്വാസത്തിൽ നിന്ന് വിനയത്തെ വേർത്തിരിക്കാനാവില്ല.

ഒരു ദൈവവിശ്വാസി തന്റെ ദിനേനയുള്ള പ്രാർത്ഥനയിൽ 'അല്ലാഹു അക്ബർ' എന്ന് എത്രയോ തവണ ആവർത്തിക്കുന്നുണ്ട്. ദൈവം അത്യുന്നതനാകുന്നു എന്നാണ് അതിനർത്ഥം. ദൈവം വലിയവനാണ്, താൻ വലിയവനല്ല എന്ന ധ്വനികൂടെ അതിൽ ഉൾച്ചേർന്നിട്ടുണ്ട്. ഇസ്‌ലാം മതത്തിലെ ലാളിത്യത്തിന്റെ ഉറവിടം അവിടെയാണ്.

നന്ദിയും ആത്മാർത്ഥതയും ആത്മീയതയുമുള്ള ദൈവത്തിന്റെ അടിമകളെ സംബന്ധിച്ചുള്ളതാണ് ഉദ്ധരിച്ച ഖുർആനിക വചനം. പ്രവാചകാനുയായികളെയാണ് അവിടെ പരാമർശിക്കപ്പെടുന്നത്. അവരുടെ ജീവിതത്തിന്റെ എല്ലാ വ്യവഹാരങ്ങളിലും പെരുമാറ്റത്തിലും വിനയം പ്രകടമായിരുന്നു. ആ തത്ത്വം പിന്തുടർന്നതിനാൽ അവർ കാലാകാലങ്ങളിലുള്ള ജനങ്ങൾക്ക് ചരിത്ര മാതൃകകളായിമാറി.

ഖുർആൻ അധ്യാപന പ്രകാരം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വിനയം അത്യാവശ്യമാണ്. ചിന്തയിൽ, സംസാരത്തിൽ, പെരുമാറ്റത്തിൽ, വ്യവഹാരങ്ങളിൽ, പ്രതികൂല സാഹചര്യങ്ങളിൽ, കോപം വരുമ്പോൾ, പ്രലോഭനങ്ങളുണ്ടാകുമ്പോൾ തുടങ്ങി ഏതവസരങ്ങളിലും വിനയം ശീലിക്കണം.

പ്രതികാരം പ്രതീക്ഷിക്കപ്പെടാവുന്ന സാഹചര്യങ്ങളിൽ ഒരു വിശ്വാസി പറയണം: 'നമുക്ക് അവരവരുടെ വഴിയിൽ നീങ്ങാം. ഞങ്ങൾക്ക് നിങ്ങളോട് വഴക്കുകൂടാൻ താത്പര്യമില്ല.'

വാക്കിന്റെ പൂർണ്ണാർത്ഥത്തിൽ സത്യവിശ്വാസിയുടെ വ്യക്തിത്വം വിനയാന്വിതമായിരിക്കും. വിനയത്തിന് രണ്ട് ഗുണങ്ങളുണ്ട്. ഒന്നാമത്, വിനയം ഒരാളെ സമൂഹത്തിലെ ഉന്നത വ്യക്തിയാക്കിമാറ്റുന്നു. രണ്ടാമത്, സ്വർഗത്തിലേക്കുള്ള വിജയിയായ അപേക്ഷകനാക്കുന്നു.

വിനയം ഈ ലോകത്തും പരലോകത്തും ആവശ്യമാണ്. അത് അറിവിന്റെ വാതായനമാണ്. പഠനത്തിൽ താത്പര്യമുള്ള ഒരാളെ അത് അന്വേഷകനാക്കുന്നു. ഒരു അന്വേഷകൻ എപ്പോഴും യാഥാർത്ഥ്യത്തെക്കുറിച്ച് കൂടുതൽക്കൂടുതൽ അറിയാൻ ശ്രമിക്കും. അവൻ വിനയാന്വിതനം ആണെങ്കിൽ അവന് മതം, പ്രായം, പദവി എന്നിവ കണക്കിലെടുക്കാതെ എല്ലാ തരക്കാരിൽ നിന്നും പഠിക്കാൻ കഴിയും. അതുകൊണ്ട്, ഏതൊരു വിജയത്തിന്റെയും താക്കോലാണ് വിനയം.

ഈ ലോകത്ത് മനുഷ്യന് രണ്ടുതരം പെരുമാറ്റങ്ങളുണ്ട്, അഹങ്കാരവും വിനയവും. ഖുർആനിക അധ്യാപനങ്ങളനുസരിച്ച് അഹങ്കാരം ദൈവത്തിന് സ്വീകാര്യമല്ല. പ്രപഞ്ചത്തിലെ മറ്റെല്ലാ ജീവികളും അഹങ്കാരത്തിൽ നിന്ന് മുക്തമാണ്. മനുഷ്യരിൽ മാത്രമാണ് ഈ വിചിത്ര സ്വഭാവം കാണുന്നത്. അങ്ങനെയുള്ള ഒരു ലോകത്ത് മറ്റ് ജീവികൾക്കൊന്നിച്ച് സഹവസിക്കാൻ അഹങ്കാരിയായ മനുഷ്യൻ ഒരിക്കലും യോഗ്യനല്ല. എന്നാൽ വിനയം എപ്പോഴും എവിടെയും സ്വീകാര്യമാണ്. ഭൗതിക ലോകം മുഴുവനും വിനയത്തെ ഒരു സംസ്കാരമായി അംഗീകരിച്ചിരിക്കുന്നു. മൃഗങ്ങൾ പോലും വിനയ പൂർവ്വം ജീവിക്കുന്നു. ആ സാർവ്വ ലൗകിക സംസ്കാരത്തെ മനുഷ്യരും കൈകൊള്ളണം.

137

# ഖുർആനെ സുമനസ്സോടെ സമീപിക്കുക

ഖുർആൻ മുഖ്യമായും മാർഗനിർദ്ദേശത്തിന്റെ ഗ്രന്ഥമാണെന്ന തിൽ സംശയമില്ല. പക്ഷേ, അതിൽ നിർബ്ബന്ധത്തിന്റെ ധ്വനിയി ല്ല. ഖുർആനിൽ നിന്നുള്ള മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളണമോ വേണ്ടയോ എന്നത് വായനക്കാരനെ ആശ്രയിച്ചിരിക്കുന്നു. അധ്യായം *ബഖറ*യിലെ ഒരു സൂക്തം അക്കാര്യം വിശദമാക്കുന്നുണ്ട്:

*ഏതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ലജ്ജിക്കുക യില്ല; തീർച്ച. അതൊരു കൊതുകോ അതിലുപരി നിസ്സാരമോ ആകട്ടെ. എന്നാൽ, വിശ്വാസികൾക്ക് അത് തങ്ങളുടെ നാഥന്റെ പക്കൽ നിന്നുള്ള സത്യമാണെന്ന് ബോധ്യമാകുന്നതാണ്. സത്യനിഷേധികളാകട്ടെ, ഈ ഉപമ കൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കുക യാണ് ചെയ്യുക. അങ്ങനെ ആ ഉപമ നിമിത്തം ധാരാളം ആളുകളെ അവൻ പിഴവിലാക്കുന്നു. ധാരാളം പേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അധർമ്മകാരികളല്ലാത്ത ആരെയും അത് നിമിത്തം അവൻ പിഴപ്പിക്കുകയില്ല.* (2:26)

ഖുർആൻ എന്ന വിശുദ്ധ ഗ്രന്ഥം എങ്ങനെയാണ് വഴികേടിലാ ക്കുന്നതിന്റെയും നേർവഴിയിലാക്കുന്നതിന്റെയും സ്രോതസ്സാവുന്നത്?

അതിനുകാരണം ഖുർആനല്ല. വായനക്കാരന്റെ മനസ്സിലാണത് കുടി കൊള്ളുന്നത്. ഖുർആനിൽ നിന്ന് സന്മാർഗമാണോ ദുർമ്മാർഗമാണോ ലഭിക്കേണ്ടതെന്ന് തീരുമാനിക്കുന്നത് വായനക്കാരന്റെ മനസ്സാണ്.

സന്മനസ്സോടെ അഥവാ അറിയാനുള്ള ആഗ്രഹത്തോടെ ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾ അതിന്റെ ഏടുകളിൽ സത്യം കണ്ടെത്തും. അത്തരക്കാർ തുറന്ന മനസ്സോടെ ഖുർആൻ പാരായണം ചെയ്യുന്നു. ഖുർആൻ പ്രതിപാദിക്കുന്ന വസ്തുതകൾ അവർക്ക് അതിന്റെ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ സാധിക്കുന്നു. അവരുടെ മനസ്സിൽ കൊണ്ടുനടന്ന അതേ കാര്യങ്ങളാണ് അവയെന്ന് അവർക്ക് ബോധ്യപ്പെ ടും. തങ്ങളുടെ സ്വഭാവത്തിന് അനുയോജ്യമായവയാണ് ഖുർആനിലെ

പ്രതിപാദ്യങ്ങളെന്ന് അവർക്ക് അനുഭവപ്പെടും. യാതൊരു വൈമനസ്യവും കൂടാതെ ഉടൻ തന്നെ ഖുർആൻ മുന്നോട്ടുവെക്കുന്ന ആശയം അവർ സ്വീകരിക്കും.

എന്നാൽ, ചില ആളുകളുണ്ട്, സത്യവും നിഷേധാത്മകവുമായ കാഴ്ചപ്പാടുകളോടെ ഖുർആനെ സമീപിക്കുന്നവർ. അവർക്ക് വേറെ ഫലങ്ങളാണ് ലഭിക്കുക. അവരുടെതായ ലക്ഷ്യങ്ങൾ മനസ്സിൽ കണ്ടുകൊണ്ടാണ് അവർ ഖുർആൻ പാരായണം ചെയ്യുക. ഇസ്‌ലാമിന്റെ യഥാർത്ഥ മുഖം ദർശിക്കുന്നതിന് അവരുടെ ചിന്തകൾ വലിയ തടസ്സമായിത്തീരുന്നു. അവരുടെ ചിന്തകൾ ശരിയാക്കാൻ അവർ ഒട്ടും തയ്യാറുമല്ല. ബോധപൂർവ്വമോ അല്ലാതെയോ അവർ ഖുർആനിലെ ഒരു വാക്കോ ചിലപ്പോൾ വാചകമോ കണ്ടുപിടിക്കാൻ ശ്രമിക്കും. അതിന്റെ അടിസ്ഥാനത്തിൽ സ്വന്തം അഭിപ്രായങ്ങൾ ഖുർആൻ അംഗീകരിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യും. നല്ല മനസ്സോടെ, അല്ലെങ്കിൽ അറിയാനുള്ള ആഗ്രഹത്തോടെ ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾ അതിന്റെ ഏടുകളിൽ സത്യം കണ്ടെത്തും.

ഉദാഹരണത്തിന്, സംസ്ഥാന നിയന്ത്രിത സമ്പദ് വ്യവസ്ഥയിൽ വലിയ വിശ്വാസമുള്ള ഒരു കമ്യൂണിസ്റ്റുകാരനുണ്ടായിരുന്നു. അദ്ദേഹം ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കവെ ഈ വചനം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു:

*മൂസാ തന്റെ ജനങ്ങളോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവോട് സഹായം തേടുകയും ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഭൂമി അല്ലാഹുവിന്റേതാകുന്നു. അവന്റെ ദാസന്മാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് അവകാശപ്പെടുത്തിക്കൊടുക്കുന്നു. പര്യവസാനം ധർമ്മ നിഷ്ഠ പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.* (7:128)

തെറ്റായ വ്യാഖ്യാനത്തിലൂടെ ഒരാൾ എങ്ങനെയാണ് വഴിതെറ്റുന്നതെന്നാണ് ഈ ഉദാഹരണം വ്യക്തമാക്കുന്നത്. കമ്യൂണിസ്റ്റുകാരന്റെ സാമൂഹിക തത്ത്വശാസ്ത്രവുമായി ഉദ്ധരിച്ച വചനത്തിന് പുലബന്ധം പോലുമില്ല. എന്നാൽ ആ വചനത്തിലെ, ഭൂമി എന്ന പദത്തെ വായനക്കാരൻ കമ്യൂണിസ്റ്റായതുകൊണ്ട്, നിലം എന്നാക്കിമാറ്റി. ഖുർആൻ സംസ്ഥാന നിയന്ത്രിത സമ്പത്‌വ്യവസ്ഥയെ സാധൂകരിക്കുന്നുവെന്ന നിഗമനത്തിലുമെത്തി. മറ്റ് കോലാഹലങ്ങൾ ഒന്നുമില്ലാതെ തുടർന്നുവരുന്ന തത്ത്വത്തിന് രൂപം നല്കി: 'നിലം ദൈവത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്. ഭരണകൂടം ദൈവത്തിന്റെ പ്രതിനിധിയാണ്. അതുകൊണ്ട് നിലം ഭരണകൂടത്തിന്റെ ഉടമസ്ഥതയിലായിരിക്കണം.'

അത്തരത്തിലുള്ള, സ്വയം രൂപകല്പനചെയ്ത അറിവ് അദ്ദേഹത്തിന്റെ ആത്മവിശ്വാസം ശക്തിപ്പെടുത്തുകയും, ഖുർആൻ സോഷ്യലിസ്റ്റ് തത്ത്വചിന്തയുടെ ഒരു പുസ്തകമാണെന്നും, കാറൽ മാർക്സ് ഖുർആനിക തത്ത്വചിന്തകളെ ആധുനിക രീതിയിൽ വ്യാഖ്യാനിക്കുകയാണ് ചെയ്തതെന്ന ഉദ്ഘോഷിക്കാൻ വരെ അദ്ദേഹത്തെ അത് പ്രേരിപ്പിച്ചു.

## 138

# പ്രയാസത്തിലൂടെ ആത്മവികാസത്തിലേക്ക്

പാവപ്പെട്ടവനും പണക്കാരനും സാക്ഷരനും നിരക്ഷരനും ജീവിതത്തിൽ പലതരം ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ട്. ഖുർആൻ അനുസരിച്ച് അത് സൃഷ്ടിപ്പിന്റെ ഭാഗമാണ്. സഹനത്തിന്റെയോ പൈശാചികതയുടെയോ ഭാഗമല്ല. ഖുർആനിലെ, *ബലദ്* എന്ന അധ്യായത്തിൽ അക്കാര്യം വ്യക്തമാക്കുന്നുണ്ട്:

*തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു.* (90:4)

എന്തിനാണ് ദൈവം മനുഷ്യന് ബുദ്ധിമുട്ടുകൾ നല്കുന്നത്?

പ്രകൃതിയിലുള്ളതെല്ലാം സുന്ദരവും പ്രശ്നരഹിതവുമാണ്. അപ്പോൾ മനുഷ്യൻ മാത്രമെന്തിനാണ് പ്രശ്നങ്ങൾ നേരിടുന്നത്? പ്രകൃതി നിയമങ്ങളിൽ നിന്ന് മനുഷ്യനെ മാത്രം മാറ്റിനിർത്തുന്ന അവസ്ഥ എന്തുകൊണ്ടാണ്? സൃഷ്ടിപദ്ധതിയുടെ പിന്നിലുള്ള വിവേകം എന്താണ്?

ദൈവം ലോകത്ത് മറ്റൊരു ജീവിക്കും നല്കാത്ത പദവി മനുഷ്യന് നല്കിയിരിക്കുന്നു. അവന് സ്വയം പുരോഗമിക്കാനുള്ള അവസരവും നല്കിയിരിക്കുന്നു. മറ്റ് ജീവികളുടെ ജീവിതം എല്ലാ പ്രകാരത്തിലും മുൻകൂട്ടി തീരുമാനിക്കപ്പെട്ടതാണ്. അവയ്ക്ക് വേറെ ഒരു തരത്തിലുമുള്ള തെരഞ്ഞെടുപ്പില്ല. സൃഷ്ടിച്ച അതേപോലെത്തന്നെയാണവ. മനുഷ്യന് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അവന് സ്വന്തം തെരഞ്ഞെടുപ്പുകൾ സാധ്യമാണ്.

മനുഷ്യജീവിതത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചവിട്ടുപടികളാണ്. വളരെയധികം ബൗദ്ധിക കഴിവുകളോടെയാണ് അവനെ സൃഷ്ടിച്ചത്. പക്ഷേ, ആ കഴിവുകൾ നിദ്രാവസ്ഥയിലാണ്. ബുദ്ധിമുട്ടുകൾ അവനെ സംബന്ധിച്ചിടത്തോളം വെല്ലുവിളികളാണ്. ബുദ്ധിമുട്ടുകൾ മനസ്സിനെ ഉണർത്തുന്നു. ബുദ്ധിമുട്ടുകൾ സ്വഭാവത്തെ വളർത്തുന്നു. ബുദ്ധിമുട്ടുകൾ കഴിവുകളെ യാഥാർത്ഥ്യമാക്കാനുള്ള പ്രേരകമായി വർത്തിക്കുന്നു.

മഞ്ഞുമലകൾ ഉരുകുന്നത് പ്രകൃതി നിയമങ്ങൾക്ക് അനുസരിച്ചാണ്. നദികൾ ഒഴുകുന്നത് ഭൂമിയുടെ കിടപ്പനുസരിച്ചാണ്. നക്ഷത്രങ്ങളും ഗ്രഹങ്ങളും സഞ്ചരിക്കുന്നു. പക്ഷേ, അവയുടെ സഞ്ചാരപഥം പ്രകൃതി നിയമമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചതാണ്. മനുഷ്യന്റെ അവസ്ഥ അതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമാണ്. ഓരോ ആണും പെണ്ണും സ്വയം നിർമ്മിച്ച വ്യക്തികളാണ്. അവരും പ്രകൃതി നിയമങ്ങൾക്കനുസരിച്ച് സൃഷ്ടിക്കപ്പെട്ടവരാണ്. എന്നാൽ ജനനത്തിനുശേഷം അവരുടെ വ്യക്തിത്വ വികാസം അവരുടെതന്നെ കൈകളിലാണ്.

മനുഷ്യന് സ്വയം ചിന്തിക്കാനും സ്വയം ആസൂത്രണം ചെയ്യാനും വികസനത്തിനുമുള്ള കഴിവുകളുണ്ട്. സ്വപ്രയത്നം കൊണ്ട് തന്റെ വിധി നിശ്ചയിക്കാനുള്ള കഴിവുമുണ്ട്.

സ്വാതന്ത്ര്യം ചിലപ്പോൾ മനുഷ്യന് പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. എന്നാൽ ആ പ്രശ്നങ്ങൾ അവന്റെ സ്വാതന്ത്ര്യത്തിന്റെ വിലയാണ്. അപ്പോൾ സ്വാതന്ത്ര്യത്തിന്റെ ഉപാധിയെന്നപോലെ മനുഷ്യൻ തന്റെ പ്രവർത്തനങ്ങൾക്കുള്ള ഉത്തരവാദിയാകുന്നു. ഉത്തരവാദിത്തബോധം ആണിനും പെണ്ണിനും അത്യാവശ്യമാണ്.

മനുഷ്യന് തന്റെ സ്വതന്ത്ര്യം ഉപയോഗപ്പെടുത്താം. എന്നാലവന് പ്രകൃതിയുടെ ഗതി മാറ്റാനാവില്ല. പ്രകൃതിയുടെ ഗതി ആര് പിൻപറ്റുന്നവോ അവന് വിജയം കൈവരിക്കാം. ആര് അതിൽ നിന്ന് തെന്നിമാറുന്നുവോ, അവന് ക്ലേശിക്കേണ്ടിവരും. ആ ക്ലേശം അവന്റെ തെറ്റായ തെരഞ്ഞെടുപ്പിന്റെ അനന്തര ഫലമല്ലാതെ മറ്റൊന്നുമല്ല.

അപ്പോൾ ഒരാൾ ഒരു പ്രശ്നത്തെ എങ്ങനെ അഭിമുഖീകരിക്കും എന്നതാണ് ചോദ്യം. അതിനുള്ള ഉത്തരം, ദൈവിക മാർഗനിർദ്ദേശം പിൻപറ്റലാണ്. മനുഷ്യൻ സ്വതന്ത്രനാകുന്നത് തന്റെ പ്രവർത്തിയിൽ മാത്രമാണ്. ആഗ്രഹങ്ങൾക്കനുസരിച്ചുള്ള ഒരു ലോകം അവന് കെട്ടിപ്പടുക്കാൻ കഴിയില്ല. അതുകൊണ്ട് പ്രകൃതിയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് വേണം സ്വാതന്ത്ര്യം പ്രയോഗിക്കാൻ. അവൻ ദിവ്യ മാർഗനിർദ്ദേശങ്ങൾ മനസ്സിലാക്കുകയും ജീവിതത്തിൽ പാലിക്കുകയും വേണം. ലോകത്ത് മറ്റുള്ളവയെല്ലാം അത് കണിശമായ് പാലിക്കുന്നുണ്ട്. പക്ഷേ, സ്വമേധയാ ദൈവ മാർഗ നിർദ്ദേശം പിന്തുടരാനുള്ള കഴിവ് മനുഷ്യനു മാത്രമാണ്.

## 139

# യുവാക്കൾ നന്മയുടെ ശക്തിസ്രോതസ്സ്

യുവജനങ്ങൾ തങ്ങളുടെ അഭിലാഷങ്ങൾ കാരണം എപ്പോഴും ഊർജ്ജസ്വലരും ധൈര്യശാലികളുമായിരിക്കുമെന്നത് ചരിത്ര സത്യമാണ്. ആ ഒരു സ്വഭാവ ഗുണം കൊണ്ടാവണം അവർ പുതിയ ദൗത്യത്തോട് എളുപ്പത്തിൽ പ്രതികരിക്കുന്നത്. *യൂനുസ്* എന്ന അധ്യായത്തിൽ ഖുർആൻ ആ സ്വഭാവം പരാമർശിക്കുന്നുണ്ട്:

*എന്നാൽ മൂസായെ തന്റെ ജനതയിൽ നിന്നുള്ള ചില ചെറുപ്പക്കാരല്ലാതെ മറ്റാരും വിശ്വസിച്ചില്ല. (അതുതന്നെ) ഫിർഔനും അവരിലുള്ള പ്രധാനികളും അവരെ മർദ്ദിച്ചേക്കുമോ എന്ന ഭയപ്പാടോടുകൂടിയായിരുന്നു. തീർച്ചയായും ഫിർഔൻ ഭൂമിയിൽ ഔന്നത്യം നടിക്കുന്നവൻ തന്നെയാകുന്നു. തീർച്ചയായും അവൻ അതിരുകവിഞ്ഞവരുടെ കൂട്ടത്തിൽത്തന്നെയാകുന്നു.* (10:83)

മതപരവും മതേതരവുമായ ഏത് ചരിത്ര ദൗത്യത്തിന്റെയും കേന്ദ്ര ശക്തി യുവ സമൂഹമായിരുന്നു. സാധാരണയായി ഒരു ദൗത്യത്തിന് തുടക്കമിടുന്നത് തലമുതിർന്ന ഒരാളുടെ നേതൃത്വത്തിലായിരിക്കും. പക്ഷേ, അതിനോട് പ്രതികരിക്കുന്നത് സമൂഹത്തിലെ യുവാക്കളായിരിക്കും. അത് ആകസ്മികമല്ല. ദൈവിക പദ്ധതിയാണ്. ആ പ്രതിഭാസം കാരുണ്യവാനായ ദൈവം പ്രത്യേകമായി ഉണ്ടാക്കിയതാണ്.

ഓരോ ദൗത്യത്തിനും അതിന്റെ ആരംഭദശയിൽ യുവാക്കളുടെ സാന്നിധ്യം ആവശ്യമാണ്. അതേസമയം യുവാക്കൾ തങ്ങളുടെ പരിമിതികളെക്കുറിച്ച് ബോധവാന്മാരുമാവണം. യുവാക്കൾക്ക് പ്രവർത്തനശേഷി ഉണ്ടായിരിക്കാം. പക്ഷേ, അനുഭവങ്ങൾ കുറവായിരിക്കും. അതുകൊണ്ട് ജീവിതം, പങ്കുവെക്കൽ എന്ന തത്ത്വത്തിൽ ഊന്നിയതായിരിക്കണം. യുവാക്കൾ തങ്ങളുടെ പ്രവർത്തനശേഷി പങ്കുവെക്കുകയും മുതിർന്നവർ തങ്ങളുടെ അനുഭവങ്ങൾ കൈമാറുകയും വേണം. അതിന്റെ രണ്ടിന്റെയും സമന്വയമാണ് ഏത് ദൗത്യത്തിന്റെയും വിജയം ഉറപ്പാക്കുന്നത്.

മുഹമ്മദുനബി(സ)യുടെ ചരിത്രത്തിൽ നിന്നുള്ള ഒരു ഉദാഹരണം ഇതാ: അദ്ദേഹം പ്രായംകൊണ്ട് മുതിർന്ന ഒരാളായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ സഹയാത്രികരിൽ മിക്കവരും യുവാക്കളായിരുന്നു. അവരെയാണ് പ്രവാചകന്റെ സഹയാത്രികർ എന്ന് വിളിച്ചിരുന്നത്. അവർക്ക് തങ്ങളുടെ പരിമിതികളെക്കുറിച്ച് അറിയാമായിരുന്നു. അതുകൊണ്ട് അവർ ഇസ്‌ലാമിന്റെ പ്രവാചകനെ പിന്തുടർന്നു. പ്രവാചക മാർഗനിർദ്ദേശങ്ങളുടെയും യുവാക്കളായ സഹയാത്രികരുടെയും പിൻബലത്തോടുകൂടെ അറേബ്യയിൽ ഏഴാം നൂറ്റാണ്ടിൽ വിപ്ലകരമായ മാറ്റം സാധ്യമായി.

ആ വിപ്ലവം കേവലമൊരു മതപരമായ സംരംഭമായിരുന്നില്ല. അതിന്റെ സ്വീകാര്യത അതിരുകളില്ലാത്തതായിരുന്നു. ബെൽജിയത്തിലെ ചരിത്രകാരനായ ഹെൻട്രി പൈറെന്നെ ആ സംരംഭത്തെ ശരിയായി നിരീക്ഷിച്ചു: ‘ഇസ്‌ലാമിക വിപ്ലവം ലോകത്തിന്റെ മുഖച്ഛായതന്നെ മാറ്റി. ചരിത്രത്തിന്റെ പരമ്പരാഗത ക്രമത്തെ അത് അട്ടിമറിക്കുകയും ചെയ്തു.’

ഓരോ സമൂഹത്തിലെയും യുവജനങ്ങൾ നന്മയുടെ മഹാശക്തിയാണ്. അതേസമയം അവർ അളവറ്റ ആത്മവിശ്വാസത്തിന്റെ ഇരയാകാനും പാടില്ല. ആത്മ വിശ്വാസം നല്ലതാണ്. പക്ഷേ, അമിതമായ ആത്മവിശ്വാസം നല്ലതല്ല.

യുവാക്കൾ തങ്ങളുടെ പരിമിതികളെക്കുറിച്ച് ബോധവാന്മാരായിരിക്കണം. മുതിർന്നവരുടെ നേതൃത്വത്തെ അംഗീകരിക്കുകയും, അവരുടെ ഉപദേശം സ്വീകരിക്കുകയും വേണം. അഹങ്കാരം അവരെ അതിൽ നിന്ന് തടയുന്നുവെങ്കിൽ സമൂഹത്തിന് അവർ ഭാരമായിരിക്കും. അതേസമയം വിനയമുള്ള യുവാക്കൾ സമൂഹത്തിന് എപ്പോഴും മുതൽക്കൂട്ടായിരിക്കുകയും ചെയ്യും.

വലിയ ഉദ്യമങ്ങൾക്ക് ഒരുമ ആവശ്യമാണ്. ഒരു വ്യക്തിക്ക് അവ സ്വന്തം ഏറ്റെടുക്കാനാവില്ല. അവയ്ക്ക് കൂടുതൽ ആളുകളുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ആ പ്രയത്നങ്ങളെ ഏകോപിപ്പിക്കാൻ ഒരു നേതാവ് ആവശ്യമാണ്. നേതാവിനെ അവർ അംഗീകരിക്കണം. അർഹിക്കുന്ന ബഹുമാനം അവർ തിരിച്ചുനല്കുകയും വേണം.

## 140

# ശുദ്ധീകരണ പ്രക്രിയ

ഖുർആനിൽ പലതവണ പ്രതിപാദിച്ച അതിവിശിഷ്ടമായ പ്രകൃതി പ്രതിഭാസമാണ് മഴ. അത്തരമൊരു പ്രതിപാദനം, *ഖാഫ്* എന്ന അധ്യായത്തിലുണ്ട്:

*ആകാശത്തുനിന്ന് നാം അനുഗ്രഹീതമായ വെള്ളം വർഷിക്കുകയും, എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു.* (50: 9)

അനുഗൃഹീത വെള്ളം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ശുദ്ധമായ വെള്ളം എന്നാണ്. മഴയിൽ നിന്ന് ലഭിക്കുന്ന ശുദ്ധമായ വെള്ളമാണ് ഭൂമിയുടെ ഉപരിതലത്തിലുള്ള സർവ്വ ജീവജാലങ്ങൾക്കും ജീവനാധാരമായ പോഷകം നല്കുന്നത്. മഴയില്ലെങ്കിൽ ഭൂതലം മുഴുവനും മരുഭൂമിയായിമാറും.

ശുദ്ധിയാക്കിയ വെള്ളമെന്നാൽ ലവണങ്ങൾ നീക്കിയ വെള്ളമാണ്. ഭൂമിയുടെ നാലിൽ മൂന്നുഭാഗത്ത് പരന്നുകിടക്കുന്ന കടലാണ് അതിന്റെ ഉറവിടം. ആ വെള്ളം കേടാകാതിരിക്കാൻ പ്രകൃതി 3.5 ശതമാനം ഉപ്പ് അതിൽ കലർത്തിയിട്ടുണ്ട്. അതിനാൽ, ആ വെള്ളം മനുഷ്യനോ കൃഷിക്കോ ഉപയോഗപ്രദമല്ല.

വെള്ളത്തിൽ നിന്ന് ലവണങ്ങൾ നീക്കുന്നത് പ്രകൃതിതന്നെയാണ്. പ്രകൃതി നിയമമനുസരിച്ച് ലവണങ്ങൾ നീങ്ങിയ വെള്ളമാണ് ബാഷ്പീകരിച്ച് മേഘങ്ങളായി പരിണമിക്കുന്നത്. മേഘങ്ങളിൽ നിന്ന് ശുദ്ധജലം മഴയായി പെയ്യുന്നു. അങ്ങനെ 'അനുഗ്രഹിച്ച വെള്ളം' അഥവാ ലവണങ്ങൾ നീങ്ങിയ വെള്ളം ഭൂമിയിലേക്കിറങ്ങി മനുഷ്യന്റെയും കൃഷിയുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു.

എങ്ങനെ നമുക്ക് സ്വയം ശുദ്ധീകരിക്കാമെന്നതിന്റെ പ്രകൃതി പാഠമാണത്. ആ പ്രകൃതി രീതി പിന്തുടർന്ന് നമുക്കുചുറ്റുമുള്ള കാര്യങ്ങളെ അവലോകനം ചെയ്യുകയും, പിന്നെ അതിനെ നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കാനുള്ള ആയുധമാക്കുകയും ചെയ്യുക (തസ്കിയ).

പ്രകൃതിയുടെ ജല സംഭരണിയിൽ ഉപ്പിന്റെ അംശമുണ്ട്. എന്നാൽ, ജലത്തിൽ അടങ്ങിയ ലവണാംശത്തെ പ്രകൃതി വേർതിരിച്ച് ജലം മനുഷ്യനും കൃഷിക്കും ഉപയുക്തമാക്കുന്നു. എല്ലാ വിഷയത്തിലും അത് ബാധകമാണ്. നമുക്കുചുറ്റുമുള്ള, ചെറുതും വലുതുമായ എല്ലാറ്റിലും ഭൗതികാംശവും ആത്മീയാംശവുമുണ്ട്. അതിലെ ആത്മീയാംശം നേടിയെടുക്കാൻ അവയെ അഭൗതീകരിക്കണം. പിന്നീട് അതിലെ ആത്മീയാംശത്തെ തസ്കിയയുടെ ഭക്ഷണമാക്കിയെടുക്കണം. എല്ലാവരും ഭൗതിക വാദത്തിന്റെ പ്രയോഗ ചാതുരി അറിയണം. ഭൗതികതയുടെ സംതൃപ്തിയിൽ നിന്ന് ആത്മീയതയുടെ സംതൃപ്തി നേടിയെടുക്കണം. ആ പ്രക്രിയയിലൂടെ മാത്രമെ നമ്മുടെ വിശ്വാസം വളർത്തിയെടുക്കാനാവൂ.

ജലം നമ്മുടെ ഭൗതിക ഭക്ഷണമാണെങ്കിലും മനുഷ്യ നിലനിൽപ്പിന് ആത്മീയ ഭക്ഷണവും ആവശ്യമാണ്. കടൽവെള്ളത്തിൽ നിന്ന് ലവണങ്ങൾ വേർത്തിരിച്ചെടുക്കുന്നത് പോലെയാണ് ആത്മീയ ഭക്ഷണം ഭൗതിക വസ്തുക്കളിൽ നിന്ന് വേർത്തിരിച്ചെടുക്കുന്നത്.

പ്രകൃതി പ്രതിഭാസത്തിലൂടെ നമുക്ക് ജലം ലഭിക്കുന്നു. എന്നാൽ ആത്മീയഭക്ഷണം ബൗദ്ധിക പ്രക്രിയയിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. ഈ പ്രക്രിയയുടെ അഭാവത്തിൽ നമുക്ക് തീർച്ചയായും ആത്മീയ വിശപ്പും അതിലൂടെ ആത്മീയ അന്ത്യവും അഭിമുഖീകരിക്കേണ്ടിവരും.

ഉദാഹരണത്തിന് നമുക്കോരോരുത്തർക്കും സംസാര ശേഷിയുണ്ട്. മനുഷ്യന് മാത്രമായുള്ള അപൂർവ്വ സിദ്ധിയാണ് വാക്കാലുള്ള സംഭാഷണം. ഭൂമിയിലുള്ള മറ്റൊരു ജന്തുവിനും ആ കഴിവ് പങ്കുവെക്കാനാവില്ല. സംസാരം പ്രത്യക്ഷത്തിൽ ഭൗതിക സ്വഭാവമാണെങ്കിലും അതിലും ആത്മീയതയുടെ അംശങ്ങളുണ്ട്. ദൈവം നമുക്ക് നല്കിയ പ്രത്യേക അനുഗ്രഹത്തെ അത് ഓർമ്മിപ്പിക്കുന്നു.

ഈ കഴിവ് ഭൗതികലോകത്തെ മറ്റൊരു ജീവിക്കും ഇല്ലെന്ന തിരിച്ചറിവ് ഉത്കൃഷ്ടരീതിയിൽ ദൈവത്തെ അംഗീകരിക്കാൻ നമ്മെ പ്രാപ്തമാക്കുന്നു.

## 141

# യുക്തിലംഘനം

ചില തെറ്റുകൾക്ക് പൊതുവായി അനുഭവിക്കേണ്ടിവരുന്ന ശിക്ഷയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു സാമൂഹിക നിയമം ഖുർആനിലെ, *അൻഫാൽ* എന്ന അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതിന്റെ പരിഭാഷ ഇപ്രകാരമാണ്:

*ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേക മായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.* (8:25)

സമൂഹത്തിലെ ചില ആളുകൾ തിന്മയിൽ പങ്കാളികളാവുകയും മറ്റുള്ളവർ നിശ്ശബ്ദരായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിനു നേർക്കാണ് ഉദ്ധരിച്ച ഖുർആനിക വചനം വിരൽ ചൂണ്ടുന്നത്. ഈ സാഹചര്യം തുടരുകയാണെങ്കിൽ പ്രകൃതി നിയമം അനുസരിച്ച് അവർ ഇരുകൂട്ടരും ശിക്ഷ അനുഭവിക്കേണ്ടിവരും.

സമൂഹത്തിലെ ചിലർ അനീതി പ്രവർത്തിക്കുമ്പോൾ മറ്റുചിലർ അതിൽ നിന്ന് മാറിനിൽക്കുന്നുണ്ടെങ്കിലും ഈ നിയമം ബാധകമാണ്. പീഡിതരിൽ നിന്ന് തിരിച്ചടി വരുമ്പോൾ തെറ്റുചെയ്തവരെ മാത്ര മല്ല സമൂഹത്തിലെ മുഴുവൻ അംഗങ്ങളെയും അത് വിപരീതമായി ബാധിക്കും. അതുകൊണ്ട് ജനങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങളുടെ പരിണിതികളെക്കുറിച്ച് ബോധവാന്മാരാകണം. മറ്റുള്ളവരിൽ നിന്നുള്ള പീഡനങ്ങളുടെ തെളിവുകൾ ഹാജരാക്കി ശത്രുവിനെതിരെ തിരിച്ച ടിക്കുന്നതിനെ നീതീകരിക്കാനാവില്ല. ശേഷം എതിരാളികളിൽ നിന്ന് തിരിച്ചടികൾ ഏൽക്കേണ്ടിവരും. അതിന് അവസരം കൊടുക്കാതെ ക്ഷമ അവലംബിക്കുക. അല്ലാത്തപക്ഷം പ്രശ്നങ്ങൾ കൂടുതൽ സങ്കീ ർണ്ണമാകും.

ഇതിനൊരു ദൃഷ്ടാന്തമുണ്ട്. ഖുർആനിലെ, നംല് എന്ന അധ്യാ യത്തിൽ നിശ്ശബ്ദമായ ഒരു ആസ്വാദനത്തിലൂടെ ആ കഥ വിവരിക്കു ന്നു. ഒരു തുറന്ന രാഷ്ട്രീയദ്രോഹം ശേബാ രാജ്യത്തിനുമേൽ അടി ച്ചേല്പിക്കപ്പെടുകയുണ്ടായി. ആ ഒരു സാഹചര്യത്തിൽ അക്രമമാർഗം

ഗുണം ചെയ്യില്ലെന്ന് മനസ്സിലാക്കിയ സൈന്യം അതിനോട് പ്രകതി കരിക്കാൻ തയ്യാറായില്ല. അനീതി അംഗീകരിച്ചുകൊണ്ട് അവരുടെ രാജ്ഞി പറഞ്ഞു:

*തീർച്ചയായും രാജാക്കന്മാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും, അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യന്മാരാക്കുകയും ചെയ്യുന്നതാണ്. അപ്രകാരമാകുന്ന അവർ ചെയ്തുകൊണ്ടിരിക്കുന്നത്.* (27:34)

പണ്ടുകഴിഞ്ഞ ഒരു സംഭവമാണെങ്കിലും വളരെ പ്രാധാന്യമേറിയ ഒരു തത്ത്വമാണ് ആ കഥയിലൂടെ ഖുർആൻ നല്കുന്നത്. ചില സന്ദർഭങ്ങളിൽ സാഹചര്യങ്ങളുടെ നിജസ്ഥിതിയനുസരിച്ച് നമ്മൾ ഉണരേണ്ടിവരും, അത് മനുഷ്യാവകാശങ്ങൾക്ക് എതിരാണെങ്കിൽപ്പോലും.

സാമൂഹ്യ വിഷയങ്ങളിൽ നീതിയും മനുഷ്യാവകാശവും മാനദണ്ഡമായി കാണാനാവില്ല. അത്തരം വിഷയങ്ങളിൽ പ്രായോഗിക ജ്ഞാനമാണ് അഭികാമ്യം. എന്തുചെയ്യണമെന്ന് തീരുമാനിക്കുന്ന ഘടകം പ്രായോഗികമായിരിക്കണം.

നമ്മൾ തെരുവിൽ ഒരു പ്രതിഷേധം സംഘടിപ്പിക്കുന്നുവെന്ന് കരുതുക. അതിലെ ചില അംഗങ്ങൾ പോലീസിനുനേരെ കല്ലെറിയുന്നുവെന്ന് വെക്കുക. പോലീസ് സായുധരാണെങ്കിൽ നമുക്കുനേരെ വെടിയുതിർക്കും. ആ ഒരു സാഹചര്യത്തിൽ വെടിയുണ്ട ചിലപ്പോൾ കല്ലെറിഞ്ഞവരിലേക്ക് മാത്രമായിരിക്കില്ല പതിക്കുക. അത് നമ്മുടെ കൂടെയുള്ളവരുടെ ദേഹത്തും പതിച്ചേക്കും, അവർ നിശ്ശബ്ദ പ്രതിഷേധക്കാരാണെങ്കിൽപ്പോലും.

അത്തരമൊരു സാഹചര്യത്തിൽ അത് മനുഷ്യാവകാശങ്ങൾക്ക് എതിരാണെന്ന് പറയുന്നതിൽ കാര്യമില്ല. വാസ്തവത്തിലത് മനുഷ്യാവകാശങ്ങളേക്കാൾ കാരണങ്ങൾക്ക് എതിരാണ്. നമുക്ക് നമ്മുടെ അക്രമത്തിന്റെ വില നല്കുകയാണ്. അതുകൊണ്ട് സ്വയം കുറ്റപ്പെടുത്തുക, മറ്റുള്ളവരെയല്ല കുറ്റപ്പെടുത്തേണ്ടത്.

## 142

# ജീവിതം ഒരനുഗ്രഹം

കാരുണ്യവാനായ ദൈവം ജീവനുള്ളതും ഇല്ലാത്തതുമായ കോടിക്കണക്കിന് വസ്തുക്കൾ സൃഷ്ടിച്ചു. അവയിൽ സന്തോഷിക്കാനുള്ള കഴിവ് നല്കപ്പെട്ടിട്ടുള്ള ഒരേയൊരു ജീവി മനുഷ്യനാണ്. ആ മാനുഷിക കഴിവാണ് ജീവിതത്തെ ആസ്വാദ്യകരവും പൊരുത്തമുള്ളതുമാക്കുന്നത്. സന്തോഷിക്കാനുള്ള കഴിവില്ലെങ്കിൽ അവൻ കല്ലോ റോബോട്ടോ പോലെ ജീവിതത്തെ തള്ളിനീക്കുമായിരുന്നു. ഇഹലോക ജീവിതത്തിൽ അവരുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ കഴിയുമെന്നാണ് ഓരോരുത്തരുടെയും വിചാരം. എന്നാൽ ജീവിതത്തിൽ പരിമിതികളും പ്രതികൂല സാഹചര്യങ്ങളുമുണ്ട്. അതുകൊണ്ട് മനുഷ്യന്, പാവപ്പെട്ടവനായാലും പണക്കാരനായാലും, തൃപ്തി കൈവരിക്കാനാവില്ല.

എന്നാൽ കാരുണ്യവാനായ ദൈവം മനുഷ്യന് ഒരു പ്രത്യേകാനുഗ്രഹം നല്കിയിട്ടുണ്ട്. അതായത്, അത്യുത്തമ സാഹചര്യങ്ങളോടുകൂടിയതും എല്ലാതരത്തിലും സമ്പൂർണ്ണവുമായ സ്വർഗ ലോകം അവനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അതിന് അർഹതപ്പെട്ടവരാണെന്ന് സ്വയം തെളിയിച്ചവർക്ക് ദൈവം അതിൽ നിത്യജീവിതം കല്പിച്ചു. ആ അസുലഭ സൗഭാഗ്യം പരാമർശിക്കുന്ന ഖുർആൻ വചനം ഇതാണ്:

*ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും.* (41:31)

ദൈവം തന്റെ പരീക്ഷണത്തിൽ വിജയിക്കുന്ന സ്ത്രീ പുരുഷന്മാരെ ശാശ്വതമായ, നിർഭയമായ, അന്യൂനമായ, അസൗകര്യങ്ങളില്ലാത്ത സ്വർഗത്തിൽ താമസിക്കാൻ തെരഞ്ഞെടുക്കുമെന്ന് തീരുമാനിച്ചു. സ്വർഗത്തിന് അർഹരാവാൻ വേണ്ട മാനദണ്ഡവും കല്പിച്ചു. അക്കൂട്ടർ കാരുണ്യവാനായ ദൈവം തങ്ങൾക്കു നല്കിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാത്തവർ ആയിരിക്കണമെന്നും തീരുമാനിച്ചു.

സ്വാതന്ത്ര്യം പ്രയോഗിക്കാൻ സാധിക്കുന്നതും അല്ലാത്തതുമായ സാഹചര്യങ്ങളുണ്ട്. ഖുർആനിൽ അവ വ്യക്തമായി പ്രതിപാദിച്ചിട്ടു

ണ്ട്. അവ യഥാവിധി പാലിക്കുന്നവർ മാത്രമേ സ്വർഗ പ്രവേശനത്തിന് തെരഞ്ഞെടുക്കപ്പെടുകയുള്ളു.

ദൈവം മനുഷ്യജീവിതത്തെ രണ്ട് ഭാഗമായി തിരിച്ചു. മരണത്തിന് മുൻപുള്ള ജീവിതവും മരണത്തിന് ശേഷമുള്ള ജീവിതവും. മരണത്തിന് മുൻപുള്ള ജീവിതം പരീക്ഷണത്തിന്റേതാണ്. ആ കാലഘട്ടത്തിൽ മനുഷ്യരെ പലതരം പരീക്ഷണങ്ങൾക്ക് വിധേയരാക്കും. മരണാനന്തര ജീവിതം സൽഫലത്തിന്റെ അല്ലെങ്കിൽ ശിക്ഷയുടേതായിരിക്കും. ഓരോരുത്തർക്കും സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. അവർ ആ സ്വാതന്ത്ര്യം ഏതുവിധമാണ് ഉപയോഗിക്കുന്നതെന്ന നിർണായകമായ പരിശോധന, അദൃശ്യവ്യവസ്ഥയിലൂടെ രാവും പകലും രേഖപ്പെടുത്തുന്നുണ്ട്. അവസാനം ആ രേഖ കാരുണ്യവാനായ ദൈവത്തിന് മുന്നിൽ ഹാജരാക്കപ്പെടും. അതിന്റെ അടിസ്ഥാനത്തിൽ ദൈവം ഓരോ ആണിന്റെയും പെണ്ണിന്റെയും വിധി തീരുമാനിക്കും. ആ പരിശോധനയിൽ പരാജയപ്പെടുന്നവർ ചവറ്റുകൊട്ടയിൽ എറിയപ്പെടും. വിജയിക്കുന്നവർ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും.

ആ ഉദ്ദേശ്യത്തിനുവേണ്ടിയാണ് മനുഷ്യനെ ഭൂലോകത്തേക്കയച്ചത്. ദൈവത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമായ സ്വർഗം ആസ്വദിക്കാൻ വേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. പക്ഷേ, അതിന് അർഹതപ്പെട്ടവരാണെന്ന് തെളിയിച്ചവർക്കേ ആ സന്തോഷം അനുഭവിക്കാൻ സാധിക്കൂ. അത് മനുഷ്യന് മേലുള്ള ദൈവത്തിന്റെ വലിയൊരു അനുഗ്രഹമാണ്. ആ അനുഗ്രഹം ജീവിതത്തിലെ ബുദ്ധിമുട്ടുകളത്രയും നീതീകരിക്കാൻ കഴിയുന്നത്ര വലിയ അനുഗ്രഹമാണ്.

സ്വർഗസങ്കല്പം മനുഷ്യന്റെ ആഗ്രഹങ്ങളുടെ മനോഹരമായ സ്വപ്നാവിഷ്കരണമാണെന്ന് പരിഹസിക്കപ്പെട്ടിട്ടുണ്ട്. ആഗ്രഹങ്ങളുടെ മനോഹരമായ സാക്ഷാത്കാരമാണ് സ്വർഗം എന്നതാണ് കൂടുതൽ ഉചിതം. യഥാർത്ഥ ആഗ്രഹങ്ങളെക്കുറിച്ച് അറിയിച്ചുതന്നിട്ടുണ്ട്. അതിന്റെ സഫലീകരണം യാഥാർത്ഥ്യമാകണമെന്നത് സ്വാഭാവികം മാത്രം. അകലെയാണെങ്കിലും സഫലീകരണം സാധ്യമാണെന്ന് വിശ്വസിക്കുന്നത് തികച്ചും ന്യായമാണ്.

## 143

# നസ്ക് ഖുർആനിൽ

ഖുർആനിലെ ചില സൂക്തങ്ങൾ പ്രബലമല്ലെന്ന് ധരിച്ചുവശായവരുണ്ട്. ഖുർആന്റെ ഇപ്പോഴത്തെ പതിപ്പിൽ അവ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിൽ അവ നമ്മുടെ ജീവിതത്തെ ഏതെങ്കിലും വിധത്തിൽ ബാധിക്കുന്നതല്ല. ഇനി പറയുന്ന ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിലാണ് ആ ധാരണ.

*വല്ല 'ആയത്തും' നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടേ; അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്?* (2:106)

ഈ വ്യാഖ്യാനം ശരിയല്ല. വാസ്തവത്തിൽ, നസക് എന്ന പദം സ്ഥിരമായി അസാധുവാണ് എന്നർത്ഥത്തിലല്ല. മറിച്ച് താത്കാലത്തേക്കുള്ള മുടക്കം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചത്. തത്വത്തിൽ എല്ലായ്പോഴും അത് ബാധകമാണ്. അതിന്റെ പ്രായോഗികത സാഹചര്യമനുസരിച്ചാകുന്നു. സാഹചര്യം അതിനനുകൂലമാണെങ്കിൽ വചനങ്ങളിലെ സന്ദേശം പ്രായോഗികമാണ്. എന്നാൽ സാഹചര്യം അതിന് പ്രതികൂലമാണെങ്കിൽ വചനങ്ങളിലെ സന്ദേശം താത്കാലികമായി മാറ്റിനിർത്തപ്പെടും.

ഇപ്പോൾ ഖുർആൻ പൂർണ്ണമായി ഗ്രന്ഥരൂപത്തിലാണുള്ളത്. ഈ രൂപം പിന്നീടുണ്ടായതാണ്. സത്യത്തിൽ ഖുർആൻ അല്പാല്പമായ രൂപത്തിൽ സാഹചര്യത്തിനനുസരിച്ചാണ് വെളിവായത്. പ്രവാചക ജീവിതത്തിലെ 23 വർഷവും ആ വെളിവാക്കൽ തുടർന്നുപോന്നു. വസ്തുതാപരമായി ഖുർആൻ അനുശാസനങ്ങളുടെ പ്രയോഗികത പല കാലങ്ങളിലെയും സാഹചര്യങ്ങളിലെയും പ്രസക്തമായ പല ഘടകങ്ങളെയും ആശ്രയിച്ചുള്ളതാണെങ്കിലും അനുശാസനങ്ങൾ ആത്യന്തികമായി നിലനിൽക്കുന്നവയാണ്.

വ്രതാനുഷ്ഠാനത്തെ ഉദാഹരണമായെടുക്കാം. ആരംഭഘട്ടത്തിൽ നോമ്പ് കുറച്ചുദിവസം, അതായത് പത്തുദിവസം മാത്രം ബാധകമാക്കി. എന്നാൽ പിന്നീട് റമളാൻ മാസം മുഴുവനും വിശ്വാസികൾ നോമ്പനു

ഷ്ഠിക്കണമെന്ന് നിർബ്ബന്ധമാക്കി. അപ്പോൾ പൊതുവെ പറയുമ്പോൾ, വിശ്വാസികൾ റമളാൻ മാസം മുഴുവനും നോമ്പെടുക്കണം. എന്നാൽ പുതുതായി ഇസ്‌ലാമിലേക്ക് വന്നവർക്ക് റമളാൻ മുഴുവനും നോമ്പ് അനുഷ്ഠിക്കാൻ കഴിയില്ലെങ്കിൽ ദിവസങ്ങളുടെ എണ്ണം കുറക്കാം.

ഇസ്‌ലാമിന്റെ ആരംഭകാലത്തെ സാമൂഹ്യ നിയമങ്ങളിലും അത് പ്രകടമായിരുന്നു. ആ സമയത്ത് അവ ഖുർആനിൽ പ്രത്യേകമായി പ്രതിപാദിച്ചിരുന്നില്ല. മക്കാ കാലം മുഴുവൻ അതേ സാഹചര്യമായിരുന്നു. എന്നാൽ പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തു. അവിടെ ജീവിതം സ്വസ്ഥമായപ്പോൾ സാമൂഹ്യ നിയമങ്ങൾ വെളിപ്പെട്ടുതുടങ്ങി. കാരണം മദീനയിൽ പ്രവാചകന് ഒരു സമൂഹത്തെ രൂപപ്പെടുത്താൻ സാധിച്ചു. ജനങ്ങൾ നിയമങ്ങൾ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തു. ഖുർആനിലെ ഓരോ അനുശാസനത്തിലും അത് പ്രകടമാണ്. അവ നിരുപാധികമായ തത്ത്വങ്ങളല്ല. എന്നാൽ വ്യത്യസ്ത കഴിവുകളോടുകൂടിയ ആളുകൾക്കും സമൂഹങ്ങൾക്കും ബാധകമാക്കേണ്ടവയാണ്.

ദൈവകല്പനകൾ തിടുക്കമില്ലാതെ അവധാനതയോടെ അവതരിപ്പിക്കുന്നതാണ് ഇസ്‌ലാമിന്റെ രീതി. അതായത്, ജനങ്ങൾ പുതുകാര്യങ്ങൾ സ്വീകരിക്കാൻ തയ്യാറാണോ അല്ലയോ എന്നുനോക്കാതെ അവയുമായി മുന്നോട്ട് പോകാമെന്ന് ഇസ്‌ലാം വിശ്വസിക്കുന്നില്ല.

ഇസ്‌ലാമിക ശാസനകൾ പ്രാവർത്തികമാക്കുക എന്ന കടമയുള്ള ഭരണകൂടത്തിനും ആ തത്ത്വം ബാധകമാണ്. എന്നാൽ അതൊരു നിരുപാധിക തത്ത്വമല്ല. തത്ത്വത്തിൽ ഖുർആനിലെ ദൈവിക കല്പനകൾ പ്രാബല്യത്തിൽ വരുത്തണമെന്ന ഉത്തരവാദിത്തം ഇസ്‌ലാമിക ഭരണകൂടം വഹിക്കുന്നില്ല. വേദഗ്രന്ഥങ്ങളിൽ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. ജനങ്ങളുടെ കഴിവിനനുസരിച്ച് മാത്രമേ അത് നടപ്പാക്കാൻ കഴിയുകയുള്ളു. ജനങ്ങളുടെ മാനസിക തയ്യാറെടുപ്പിന്റെ അഭാവം മൂലം ദൈവ കല്പനകൾ ജനങ്ങൾക്ക് അംഗീകരിക്കാനാവുന്നില്ലെങ്കിൽ മന്ദവും ക്രമാനുഗതവുമായ പ്രവർത്തനങ്ങളിലൂടെ അവ നിർബ്ബന്ധമാക്കപ്പെടണം.

## 144

# ന്യൂനപക്ഷവും ഭൂരിപക്ഷവും

ഖുർആനിലെ, *ബഖറ* എന്ന അധ്യായത്തിൽ പ്രതിപാദിച്ച പ്രകൃതി നിയമമനുസരിച്ച് ന്യൂനപക്ഷവും ഭൂരിപക്ഷവും ആപേക്ഷിക പദങ്ങളാണ്. അളവിനേക്കാൾ തൂക്കത്തിനാണ് പ്രാധാന്യം. അനുബന്ധ വചനത്തിന്റെ പരിഭാഷ ഇപ്രകാരമാണ്:

*അങ്ങനെ സൈന്യവുമായി പുറപ്പെട്ടപ്പോൾ ത്വാലൂത്ത് പറഞ്ഞു: അല്ലാഹു ഒരു നദി മുഖേന നിങ്ങളെ പരീക്ഷി ക്കുന്നതാണ്. അപ്പോൾ ആർ അതിൽ നിന്ന് കുടിച്ചുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനല്ല. ആരത് രുചിച്ച് നോക്കാതിരുന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു. എന്നാൽ തന്റെ കൈകൊണ്ട് ഒരിക്കൽ മാത്രം കോരിയവൻ ഇതിൽ നിന്ന് ഒഴിവാണ്. അവരിൽ നിന്ന് ചുരുക്കം പേരൊഴികെ അതിൽ നിന്ന് കുടിച്ചു. അങ്ങനെ അദ്ദേഹവും കൂടെയുള്ള വിശ്വാസികളും ആ നദി കടന്നുകഴിഞ്ഞപ്പോൾ അവർ പറഞ്ഞു: ജാലൂത്തി(ഗോലിയത്ത്)നെയും അവന്റെ സൈന്യങ്ങളെയും നേരിടാൻ മാത്രമുള്ള കഴിവ് ഇന്ന് നമുക്കില്ല. തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടേണ്ടവരാണ് എന്ന വിചാരമുള്ളവർ പറഞ്ഞു: എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ അനുമതിയോടെ വലിയ സംഘങ്ങളെ കീഴ്പെടുത്തിയിട്ടുള്ളത്! അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.* (2:249)

ന്യൂനപക്ഷം ഭൂരിപക്ഷത്തെ ജയിക്കുക എന്നത് ഒരു നിഗൂഢ വിഷയമല്ല. അത് പ്രകൃതി നിയമങ്ങളെ അടിസ്ഥാനമാക്കിയ സംഭവങ്ങളുടെ അംഗീകൃത ക്രമമാണ്. ഉദ്ധരിച്ച വചനത്തിലെ 'ദൈവിക അനുമതി'യിലേക്ക് വിരൽ ചൂണ്ടുന്നതാണത്.

ഭൂരിപക്ഷത്തിനുമേൽ ന്യൂനപക്ഷത്തിനുള്ള വിജയം യുദ്ധഭൂമിയിൽ മാത്രം നടക്കുന്ന പ്രതിഭാസമല്ല. യഥാർത്ഥത്തിൽ ജീവിതത്തിന്റെ ജന്മസിദ്ധമായ വെല്ലുവിളികളിൽ നിന്നും മാത്സര്യത്തിൽ നിന്നും ആവിർഭവിക്കുന്ന നടപടിക്രമങ്ങളുടെ ഫലമാണത്. അത് രണ്ടു ഗ്രൂപ്പുകൾക്കിടയിൽ തലമുറകളിലായി തുടർന്നുപോരുന്ന പ്രകൃതി നിയമത്തോട് യോജിച്ച ഒരു അനിവാര്യ പ്രക്രിയയാണ്. ആ പ്രക്രിയ ഭൂരിപക്ഷത്തിനിടയിലും ന്യൂനപക്ഷത്തിനിടയിലും സമാന്തരമായി തുടരുന്നു.

അവസാനമത് ന്യൂന പക്ഷത്തിന് ഭൂരിപക്ഷം കീഴടങ്ങുന്ന ദിവ്യാത്ഭുതത്തിന് കാരണമാകും.

സാഹചര്യങ്ങൾ ഭൂരിപക്ഷത്തിന് അനുകൂലമായതിനാൽ അവർ ഉയർന്നനിലയിലാണെന്ന് തോന്നും. അതേസമയം ന്യൂനപക്ഷത്തിന്, തങ്ങൾ പ്രതിരോധത്തിലാണെന്നും എതിരാളികളെക്കാൾ കഠിനമായി പ്രയത്നിക്കുകയല്ലാതെ വേറെ വഴിയില്ലെന്നും തോന്നും. അവ രണ്ടു വിഭാഗങ്ങളിൽ വ്യത്യസ്തരീതിയിൽ പ്രവർത്തിക്കുന്ന ഇരട്ട പ്രക്രിയകളാണ്. ഭൂരിപക്ഷത്തിന്റെ അലംഭാവ മനസ്സ് ക്രിയാത്മകതയെ നശിപ്പിച്ച് കഠിനമായി പ്രവർത്തിക്കുക എന്നത് അവരുടെ രണ്ടാമത്തെ പരിഗണനയാക്കി മാറ്റിയിരിക്കും. അതിനുപകരം ന്യൂനപക്ഷത്തിൽ ഒരു പ്രതിരോധ മനസ്സ് വികസിക്കുന്നു. ഭൂരിപക്ഷത്തോടൊപ്പം നിൽക്കണമെങ്കിൽ അവർ മറ്റുള്ളവരേക്കാൾ കഠിനമായി പണിയെടുക്കണമെന്ന് തോന്നും. അസംതൃപ്തിയുടെ ആ വികാരം ഒരു അനുകൂല ഫലം നല്കും. അത് ന്യൂനപക്ഷത്തിന്റെ ക്രീയാത്മകതയെ പടിപടിയായി ഉയർത്തും.

ഉദ്ധരിച്ച ഖുർആനിക വചനമനുസരിച്ച് സമൂഹത്തിലെ രണ്ട് ഗ്രൂപ്പുകൾക്കിടയിലും ഒരു സ്വാഭാവിക പ്രവർത്തനം എപ്പോഴും മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നുണ്ട്. അത് ഭൂരിപക്ഷത്തിന്റെ കരുത്ത് കുറയ്ക്കുമ്പോൾ ന്യൂനപക്ഷത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നു.

ആ പ്രകൃതിനിയമം നമ്മെ ബോധ്യപ്പെടുത്തുന്നത്, അന്യായം ബോധിപ്പിക്കലിനെയോ സമരം നടത്തലിനെയോ അവലംബിക്കാതിരിക്കുക. ന്യൂനപക്ഷത്തിന് പക്ഷപാതമോ മറ്റുവല്ല ശത്രുതാ മനോഭാവമോ നേരിടേണ്ട സാഹചര്യം സംജാതമാവുകയാണെങ്കിൽ പ്രതികരിക്കാതിരിക്കുക. അതൊരു വെല്ലുവിളിയായി സ്വീകരിക്കണമെന്ന് സമുദായ മുഖ്യൻ അവരോട് പറയണം. മാത്രമല്ല, അത് ഭൂരിപക്ഷത്തിന്റെ പ്രവർത്തനങ്ങളായി കാണുന്നതിനുപകരം പ്രകൃതിനിയമമായി കാണണമെന്നുകൂടെ പറയണം. ന്യൂനപക്ഷത്തിന് വേണ്ട അടിസ്ഥാന ആവശ്യം അവർ നിരാശയിലും ഇച്ഛാഭംഗത്തിലും അടിപ്പെടുന്നതിൽ നിന്ന് സ്വയം രക്ഷപ്പെടലാണ്. അവർ സാഹചര്യത്തെ അവസരങ്ങളായെടുക്കണം. എന്തുവിലകൊടുത്തും നന്മ കാത്തുസൂക്ഷിക്കണം. ഏതെങ്കിലും ന്യൂനപക്ഷം ഇത്തരം മാനസികാവസ്ഥയിലാണെങ്കിൽ അവർ ഒന്നുകിൽ അടുത്ത തലമുറയിൽ അല്ലെങ്കിൽ അതിനടുത്ത തലമുറയിൽ ക്രിയാത്മക ശക്തിയായി വളരും.

## 145

# ആബേലിന്റെ സംസ്കാരം

കാബേലും ആബേലും സഹോദരന്മാരായിരുന്നു, ആദം ഹവ്വാ ദമ്പദികളുടെ മക്കൾ. അവർ തമ്മിൽ ചെറിയ അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ആ സംഭവം നമുക്ക് ഖുർആനിൽ ഇങ്ങനെ വായിക്കാം:

*(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടുപുത്രന്മാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപ്പിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുകതന്നെ ചെയ്യും. അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമ്മനിഷ്ഠയുള്ളവരിൽ നിന്ന് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ.*

*എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈ നീട്ടിയാൽ പോലും, നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈ നീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോക രക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു.* (5: 27,28)

ആ രണ്ട് സഹോദരന്മാർക്കിടയിൽ ഒരിക്കൽ നടന്ന ഒരു സംഭവമല്ല ഇത്; മറിച്ച്, ഒരു സാർവ്വ ലൗകിക തത്ത്വമാണ് വ്യക്തമാക്കുന്നത്.

ഖുർആനിലെ എല്ലാ വചനങ്ങൾക്കും രണ്ട് വശങ്ങളുണ്ട്. ഒന്ന് അതിന്റെ വ്യംഗ്യാർത്ഥവും, രണ്ട് അതിന്റെ പ്രായോഗികാർത്ഥവും. ഉദ്ധരിച്ച ഖുർആനിക വചനവും അങ്ങനെത്തന്നെയാണ്. കൊലയാളിയെ തിരിച്ചുകൊല്ലാൻ ശ്രമിക്കാതെ കൊല്ലപ്പെടുന്ന എന്ന കഥപറയുന്നത് അതിന്റെ പ്രാഥമിക വശം. എന്നാൽ അതിൽ വേറൊരു പ്രായോഗിക തലം കൂടെയുണ്ട്. അക്ഷരാർത്ഥത്തിൽ ആ ഖുർആനിക വചനത്തിൽ പറഞ്ഞ സംഭവം ചരിത്രത്തിൽ ഒരിക്കൽ സംഭവിച്ചതായിരിക്കാം. എന്നാൽ ആദർശത്തിൽ അതിന് വലിയ ധാർമ്മിക മൂല്യമുണ്ട്. അത് ഓരോ മനുഷ്യനെ സംബന്ധിച്ചും പ്രസക്തമാണ്.

ആ സ്വഭാവത്തിന്റെ ശാശ്വതമായ ആദർശം എന്താണ്?

അത് തിന്മക്കെതിരെ നന്മ പ്രകടിപ്പിക്കുക എന്നതാണ്. ചുരുക്കത്തിൽ ആബേലിന്റെ പ്രതികരണം അതുതന്നെയായിരുന്നു. മറുപക്ഷ

ത്തുനിന്ന് തിന്മ അനുഭവിക്കുമ്പോഴും അവൻ തിരിച്ച് നല്ല പെരുമാറ്റം പ്രകടിപ്പിക്കുന്നു, ആ അർത്ഥത്തിൽ, മേലുദ്ധരിച്ച ഖുർആനിക വചനം എല്ലായിടത്തും എല്ലായ്പോഴും പ്രയോഗിക്കാവുന്ന തത്ത്വമാണ്.

ജീവിതം മുഴുവനും പ്രശ്ന കലുഷിതമാണ്. അത്തരം സാഹചര്യങ്ങളിൽ മോശം പ്രതികരണത്തിന് നല്ല നിലയിലുള്ള പ്രതികരണമോ അല്ലെങ്കിൽ മോശം പ്രതികരണമോ വേണ്ടത് എന്ന തെരഞ്ഞെടുപ്പ് ഓരോ സമയത്തും നടത്തേണ്ടതാണ്. ആബേലിന്റെ സംസ്കാരം ആദ്യത്തേതായിരുന്നു. അതായത്, തിന്മയ്ക്ക് പകരം നന്മ. ആബേലിന്റെ ആ സംസ്കാരമാണ് ജീവിതത്തെ ഉത്കൃഷ്ടമാക്കുന്ന തത്ത്വം. ആ തത്ത്വത്തിലൂടെ മാത്രമാണ് വിജയം ഉറപ്പാക്കാൻ സാധിക്കുക.

## 146

# എല്ലാം ദൈവത്തിന്റെ അനുഗ്രഹം

2014 ജൂലായ് 6-ാം തീയതി വിമ്പിൽഡണിൽ വെച്ച് നടന്ന ടെന്നീസ് ഗ്രാന്റ് സ്ലാമിൽ സെർബിയയുടെ നോവക് ജോകോവിക് സ്വിസ്സിന്റെ റോജർ ഫെഡറെ തോല്പിച്ചു. നാലുമണിക്കൂർ നീണ്ട കളിക്കുശേഷം ജോകോവിക് പറഞ്ഞു: 'അവൻ ഒന്നാംതരം കളിക്കാരനാണ്. അതി ഗംഭീര മാതൃകാ പുരുഷനാണ്. ഇന്ന് എനിക്ക് വിജയിക്കാൻ സാധി ച്ചതിന് നന്ദി.'

ഒരാളൊരു മഹത്തായ വിജയം കൈവരിച്ചാൽ അതിന്റെ അംഗീകാരം എപ്പോഴും അയാൾക്കുതന്നെയും സുഹൃത്തുക്കൾക്കും മാതാപിതാക്കൾക്കും അല്ലെങ്കിൽ മറ്റ് അഭ്യുദയകാംക്ഷികൾക്കുമായി രിക്കും നല്കുന്നത്. എന്നാൽ അത് തികച്ചും തെറ്റായ നന്ദി പ്രകട നമാണ്. സത്യത്തിൽ കാരുണ്യവാനായ ദൈവമാണ് ആ വിജയത്തി ന്റെ കാരണഭൂതൻ. അതിനനുഗുണമായി പ്രവർത്തിക്കാൻ വേണ്ട അനുകൂല സാഹചര്യങ്ങളും പിന്തുണയും സഹായവും നല്കിയത് അവന്റെ സ്രഷ്ടാവാണ്. ദൈവത്തിനല്ലാതെ മറ്റൊരാൾക്കുംതന്നെ ഒരു വ്യക്തിയുടെ മേൽ അത്രമാത്രം ആനുകൂല്യങ്ങൾ ചൊരിയാനാവില്ല. ഓരോ വ്യക്തിയും അതേക്കുറിച്ച് അജ്ഞനാകുന്നത് വിചിത്രമാണ്. എല്ലാറ്റിന്റെയും അംഗീകാരം സ്രഷ്ടാവിന് നല്കുന്നതിൽ അവൻ പരാ ജയപ്പെടുന്നു. അത് മനുഷ്യകുലത്തിന് സംഭവിക്കുന്ന ഏറ്റവും വലിയ മണ്ടത്തരമാണ്.

ഓരോ സ്ത്രീക്കും പുരുഷനും ലഭിക്കുന്ന വിജയവും അനുഗ്രഹവും അവനോ അവൾക്കോ ഉള്ള പരീക്ഷണമാണ്. ഒരു വ്യക്തി തനിക്ക് ലഭിച്ച അംഗീകാരം സ്രഷ്ടാവിന് നല്കിയാൽ അവൻ തന്റെ പരീക്ഷ ണത്തിൽ വിജയിച്ചു. എന്നാൽ അവൻ ദൈവത്തിനല്ലാതെ മറ്റാർക്കെ ങ്കിലുമാണ് ആ അംഗീകാരം നല്കുന്നതെങ്കിൽ അവൻ പരീക്ഷണ ത്തിൽ പരാജയപ്പെട്ടു.

ആ സ്ഥിതിവിശേഷം അന്ത്യനാൾ വരെ തുടരും. അന്ത്യനാളിൽ എല്ലാറ്റിന്റെയും മറ നീക്കംചെയ്യപ്പെടും. കണ്ണുകാണാത്ത ആൾക്കു പോലും സത്യം സ്പഷ്ടമാകും. അന്നത്തെ ദിവസം പരാജിതരെ

ശിക്ഷ കാത്തിരിക്കുന്നുണ്ടാവും. പരീക്ഷണങ്ങളിൽ വിജയിച്ചവർക്ക് സത്ഫലവും ഉണ്ടാവും. അതുകൊണ്ടായിരിക്കാം ആ ദിവസത്തെ ഖുർആൻ, നഷ്ടത്തിന്റെയും ലാഭത്തിന്റെയും ദിവസമെന്ന് പരാമർശിച്ചത്. (64:9)

147

# സംതൃപ്തിയുടെ നിദാനം

*തകാഥുർ* എന്ന അധ്യായത്തിൽ ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു:

*പരസ്പരം പെരുമനടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു. നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നത് വരേക്കും.* (102: 1-2)

ചരിത്രപരമായ ഒരു വസ്തുത ഇവിടെ പരാമർശിക്കുകയാണ്. ഓരോ വ്യക്തിയും കൂടുതൽ കൂടുതൽ ധനം സമ്പാദിച്ചുകൂട്ടുന്നു. ആഗ്രഹങ്ങൾ പൂർണ്ണമാക്കാനാവാതെ അവൻ ഒരുനാൾ ഈ ലോകത്തോട് വിടപറയുന്നു. മനുഷ്യന് എന്തുകൊണ്ടാണ് ഇത്തരമൊരു സങ്കടാവസ്ഥ? കാരണം, മനുഷ്യൻ ആഗ്രഹങ്ങളുടെ പിന്നാലെയാണ്. ഈ ലോകം സൃഷ്ടിച്ചത് അതിനുവേണ്ടിയല്ല. മനുഷ്യനും ലോകവും തമ്മിലുള്ള വ്യത്യാസം അതാണ്. മനുഷ്യൻ തന്റെ ആഗ്രഹങ്ങൾ പൂർണ്ണമാക്കാനാവാതെ മരിക്കുന്നുവെന്ന സങ്കടകരമായ അന്ത്യത്തിലേക്കാണ് നയിക്കപ്പെടുന്നത്. ലോകം കുറഞ്ഞ കാലത്തേക്കുള്ള പരീക്ഷണ നിലമാണ്. അല്ലാതെ മനുഷ്യന്റെ പരിധികളില്ലാത്ത ആഗ്രഹ പൂർത്തീകരണത്തിന് വേണ്ടിയുള്ളതല്ല.

ഓരോ സ്ത്രീയുടെയും പുരുഷന്റെയും ശരിയായ ജീവിത വഴി സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയെ കണ്ടെത്തുകയും അതിനനുസൃതമായി തന്റെ ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുക എന്നതാണ്. മനുഷ്യൻ ലോകത്തിന്റെ സ്രഷ്ടാവല്ല. അതുകൊണ്ട് ദൈവം തീരുമാനിച്ച കാര്യങ്ങൾ പിന്തുടരുകയല്ലാതെ വേറെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല.

ആവശ്യത്തിനുവേണ്ടി പണം എന്നതിന് പരിധിയുണ്ട്. എന്നാൽ പണത്തിനുവേണ്ടി പണം എന്നതിന് പരിധിയില്ല. പണത്തിനുവേണ്ടി പണം എന്നത് പൂർത്തിയാക്കാൻ പറ്റാത്ത ഒരു ലക്ഷ്യമാണ്. പൂർത്തിയാക്കാൻ പറ്റാത്ത ലക്ഷ്യത്തെ സ്വീകരിച്ചവൻ എല്ലാ കാലത്തും പിരിമുറുക്കത്തിൽ ജീവിക്കാൻ ബാധ്യതപ്പെട്ടിരിക്കും.

## 148

# യുക്തിയും വികാരവും

ജീവിതം തെരഞ്ഞെടുപ്പുകളുടെ ഒരു വിനോദമാകുന്നു. ഓരോ നിമിഷത്തിലും നമുക്ക് വികാരപരവും ബുദ്ധിപരവുമായ ചില തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതായിവരും. ബുദ്ധിപൂർവ്വമായ തെരഞ്ഞെടുപ്പ് വിജയത്തിലേക്ക് നയിക്കും. എന്നാൽ, വികാരപരമായവ പ്രശ്നങ്ങളിലേക്കോ അല്ലെങ്കിൽ മുഴുതോൽവിയിലേക്കോ ആയിരിക്കും എത്തിക്കുക. ബുദ്ധിപൂർവ്വമായ തെരഞ്ഞെടുപ്പ് മനസ്സിന് ശാന്തിനല്കുന്നു. വികാരപരമായ തെരഞ്ഞെടുപ്പ് പിൽക്കാലത്തെ വീണ്ടുവിചാരങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

അത് പ്രകൃതിയുടെ നിയമമാണ്. പ്രകൃതി നിയമങ്ങൾ യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമാണ്. അത് ആരുടെയും വികാരങ്ങൾക്ക് വിധേയമല്ല. ഒരാൾ ഒരു പ്രത്യേക സാഹചര്യത്തിലൂടെ കടന്നുപോവുകയും യുക്തിസഹമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അയാൾക്ക് സ്വമേധയാ പ്രകൃതി നിയമങ്ങളുടെ കൈത്താങ്ങ് ലഭിക്കുന്നു. നേരെമറിച്ച് വികാരാധിഷ്ഠിതമായ തീരുമാനമാണ് എടുക്കുന്നതെങ്കിൽ അയാൾക്ക് പ്രകൃതി നിയമങ്ങളുടെ സഹായം ലഭിക്കുക സാധ്യമല്ല. ആ വ്യത്യസ്തതയാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഈ പ്രകൃതി നിയമം ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്:

*യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബ്ബന്ധ കല്പന നല്കപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർത്ഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല.* (2:216)

വിവാഹ വിഷയത്തിലും ഖുർആൻ ആ തത്ത്വമാണ് അവലംബിച്ചത്. അക്കാര്യത്തെക്കുറിച്ച് പ്രസക്തമായ ഒരു ഖുർആനിക വചനമുണ്ട്:

*സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരമായിട്ട് അനന്തരാവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്ക് അനുവദനീയമല്ല. അവർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്ക*

*വാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യരുത്. അവർ പ്രത്യക്ഷമായ വല്ല നീച വൃത്തിയും ചെയ്തെങ്കിലല്ലാതെ. അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്. ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്നപക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം.* (4:19)

വിവാഹാനുഭവം ഓരോ സ്ത്രീക്കും പുരുഷനും ഉള്ളതാണ്. ആ അനുഭവത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാവില്ല. അതായത്, വിവാഹസമയത്ത് ഓരോരുത്തരും യുക്തിസഹമോ വികാരപരമോ ആയി തെരഞ്ഞെടുക്കുക എന്ന പ്രശ്നത്തെ അഭിമുഖീകരിക്കുന്നു. വിവാഹബന്ധം ജീവിതകാലം മുഴുവനുമായുള്ള കൂട്ടുകെട്ടിലേക്ക് നയിക്കുന്നു. അതുകൊണ്ട് രണ്ട് പങ്കാളികളും ആ വിഷയത്തെക്കുറിച്ച് ഗൗരവമുള്ളവരാകണമെന്നത് നിർബ്ബന്ധമാണ്. ഹ്രസ്വകാല നന്മയേക്കാൾ ദീർഘകാല നന്മയാണ് അവർ പരിഗണിക്കേണ്ടത്. രണ്ടുപേരും. ബുദ്ധിപൂർവ്വമായ തീരുമാനമാണ് എടുക്കേണ്ടത്, വികാരപരമായ തീരുമാനമല്ല.

അവിടെ ഒരു പ്രശ്നമുള്ളത്, രണ്ടുപേരും വിവാഹ സമയത്ത് പക്വതയുള്ളവരായിരിക്കണമെന്നില്ല. അവർക്ക് യഥാർത്ഥ ജീവിതാനുഭവങ്ങളുണ്ടാവില്ല. ആ പ്രായത്തിൽ വസ്തുനിഷ്ഠമായി തീരുമാനങ്ങൾ എടുക്കാനുള്ള അവസ്ഥയും ഉണ്ടായിരിക്കില്ല.

അപ്പോൾ എന്താണ് ചെയ്യേണ്ടത്? ഖുർആൻ ആ വിഷയത്തിൽ വളരെ പ്രായോഗികമായ മാനദണ്ഡം നിർദ്ദേശിക്കുന്നുണ്ട്. അത് മനസ്സിൽ സൂക്ഷിക്കുന്ന ഏതൊരാൾക്കും അവന്റെയോ അവളുടെയോ വിവാഹ ജീവിതം വിജയകരമായിരിക്കുമെന്ന് ഉറപ്പാക്കാം. അത് പാലിക്കാത്തവരുടെ വിവാഹ ജീവിതം പ്രശ്ന സങ്കീർണ്ണമായിരിക്കുമെന്ന അപായ സാധ്യതയും കണക്കിലെടുക്കണം.

ആ വിഷയത്തിൽ ഖുർആന്റെ മാനദണ്ഡം, നമ്മുടെ ആഗ്രഹങ്ങളെ പിന്തുടരരുത്, വിവേകത്തെ പിന്തുടരണം. ആരെയാണോ അവരുടെ വികാരങ്ങൾ നയിക്കുന്നത് അവർ പുറംമോടി മാത്രം കാണുന്നു. അല്ലെങ്കിൽ അവർ കാര്യങ്ങളെ മാത്രമെ മുഖവിലക്കെടുക്കുന്നുള്ളൂ. എന്നാൽ, വിവേകങ്ങളാണ് നയിക്കുന്നതെങ്കിൽ അവർക്ക് വിഷയങ്ങളുടെ ആഴത്തിലെത്താൻ സാധിക്കുന്നു. അതുകാരണം, യാഥാർത്ഥ്യത്തെ പിന്തുടർന്ന് നിലവിലുള്ള സ്ഥിതിയേക്കാൾ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള തീരുമാനങ്ങൾ എടുക്കുന്നു. ആ വ്യത്യാസം മൂലം വികാരപരമായ

തീരുമാനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ, വിവേകപൂർവ്വമായ തീരുമാനം എല്ലായ്പോഴും വിജയത്തിലേ കലാശിക്കൂ.

ഉദാഹരണത്തിന്, ഒരാൾ ബാഹ്യരൂപം മാത്രം പരിഗണിച്ചുകൊണ്ട് സമർത്ഥയായ ഒരു ഇണയെ വിവാഹം ചെയ്യുന്നതിൽ കാര്യമില്ല. അത്തരത്തിലുള്ള തെരഞ്ഞെടുപ്പിൽ വിനോദത്തിന്റെയും ഉപഭോഗത്തിന്റെയും പരിഷ്കാരത്തിന്റെയും സംസ്കാരം ഉൾച്ചേർന്നിട്ടുണ്ട്. ആ തെരഞ്ഞെടുപ്പ് ജീവിതത്തെ മുച്ചൂടും മാറ്റിമറിക്കാൻ കാരണമായിത്തീരുന്നു. അതായത്, ഉപരിപ്ലവമായ വിഷയങ്ങൾക്ക് പ്രാധാന്യം നല്കുന്നതും ഭൗതിക സൗകര്യങ്ങൾക്ക് കൂടുതൽ പണം ചെലവഴിക്കുന്നതും വിനോദത്തിൽ ഏർപ്പെടുന്നതും ദുർവ്യയം ചെയ്യുന്നതും പരിഷ്കൃത ജീവിത രീതി അവലംബിക്കുന്നതുമായ ഒരു സംസ്കാരം കൊണ്ടുവരുന്നു. അതിനുപകരം വ്യക്തിയുടെ നന്മയിൽ അധിഷ്ഠിതമായ ഒരു തെരഞ്ഞെടുപ്പാണ് നമ്മൾ നടത്തുന്നതെങ്കിൽ വീട്ടിലെ അവസ്ഥ വളരെ വ്യത്യസ്തമായിരിക്കും. അവിടെ ഗൗരവമുള്ള ചർച്ചകൾ, ബൗദ്ധിക വികസനം, ലളിത ജീവിതശൈലി, പണത്തിന്റെയും ഊർജ്ജത്തിന്റെയും ഉപയോഗം എന്നീ വിഷയങ്ങൾക്കായിരിക്കും പരിഗണന നല്കുക. തെരഞ്ഞെടുപ്പിലുള്ള ആ വൈജാത്യം രണ്ടുതരത്തിലുള്ള ഭാവി കെട്ടിപ്പടുക്കാൻ കാരണമാകുന്നു. ആദ്യത്തെ തെരഞ്ഞെടുപ്പ് പ്രശ്നങ്ങൾ ഒടുങ്ങാത്ത ജീവിതത്തിലേക്കും രണ്ടാമത്തേത് വിജയകരമായ ജീവിത പന്ഥാവിലേക്കും നയിക്കും.

വികാരപരമായ തെരഞ്ഞെടുപ്പ് ഒരാൾക്ക് താത്കാലിക സന്തോഷം നല്കിയേക്കാം. എന്നാൽ അത് പ്രശ്ന കലുഷിതമായ ജീവിതമായി പരിണമിക്കാനാണ് സാധ്യത. എന്നാൽ വിവേകപൂർവ്വമായ തെരഞ്ഞെടുപ്പ് പ്രയാസമേറിയതാണെന്ന് അനുഭവത്തിൽ തോന്നാമെങ്കിലും പങ്കാളികളുടെ ഭാവി ജീവിതം ധന്യമായിരിക്കുമെന്നതിൽ സംശയമില്ല.

വികാരപരമായ തെരഞ്ഞെടുപ്പ് വീട്ടിൽ സമയവും ഊർജ്ജവും നഷ്ടപ്പെടുത്തുന്ന ഉപരിപ്ലവമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കും. എന്നാൽ വിവേകപരമായ തെരഞ്ഞെടുപ്പ് ആരോഗ്യകരമായ ചുറ്റുപാടും സൃഷ്ട്യന്മുഖമായ പ്രവർത്തനങ്ങളുമായിരിക്കും പ്രോത്സാഹിപ്പിക്കുക. അത് പങ്കാളികളുടെയും സന്താനങ്ങളുടെയും ശോഭനമായ ഭാവിക്ക് പ്രേരകമായി ഭവിക്കുകയും ചെയ്യും.

149

# കാക്ക ഒരു അധ്യാപകൻ

മനുഷ്യന് വലിയൊരു പാഠം നല്കുന്ന കഥയുണ്ട് ഖുർആനിൽ. ആദ്യത്തെ മനുഷ്യൻ ആദം ആണ്. ആബേലും കാബേലും ആദമിന്റെ സന്തതികളായിരുന്നു. അവർക്കിടയിൽ തർക്കം മൂത്തു. ആ കഥയുടെ ബാക്കിഭാഗം ഖുർആനിൽ വിവരിക്കുന്നത് ഇങ്ങനെ:

*എന്നിട്ട് തന്റെ സഹോദരനെ കൊല്ലുവാൻ അവന്റെ മനസ്സ് അവന് പ്രേരണ നല്കി. അങ്ങനെ അവനെ കൊലപ്പെടുത്തി. അതിനാൽ അവൻ നഷ്ടക്കാരിൽപ്പെട്ടവനായിത്തീർന്നു.*

*അപ്പോൾ തന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യേണ്ടത് എങ്ങനെയെന്ന് അവന് കാണിച്ചുകൊടുക്കുവാനായി നിലത്ത് മാന്തി കുഴിയുണ്ടാക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു. അവൻ പറഞ്ഞു: എന്തൊരു കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെ ആകാൻ പോലും എനിക്ക് കഴിയാതെ പോയല്ലോ. അങ്ങനെ അവൻ ഖേദക്കാരുടെ കൂട്ടത്തിലായിത്തീർന്നു.* (5: 30-31)

ഇത് ഒറ്റപ്പെട്ട ഒരു കഥയല്ല. പ്രകൃതിയിൽ നിന്ന് മനുഷ്യന് പലതും പഠിക്കാനുണ്ടെന്ന് ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ കഥയുടെ ഉൾപ്പൊരുളിലാഴ്ന്നിറങ്ങുന്ന ഒരാൾക്ക് ജീവിതം അനായാസം നയിക്കാനുള്ള ജ്ഞാനം ലഭിക്കും. മനുഷ്യനൊഴികെ മറ്റെല്ലാ ചരാചരങ്ങളും പ്രകൃതിയുടെ കർശന നിയമങ്ങൾ പാലിക്കുന്നുണ്ട്. ഭൗതിക ലോകവും സസ്യലോകവും പ്രകൃതി നിയമങ്ങൾ അനുസരിക്കുന്നു. മൃഗങ്ങൾ അവയുടെ സഹജ വാസന പിന്തുടരുന്നു. അവയ്ക്ക് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമില്ല. അക്കാരണത്താൽ ഭൗതികലോകവും സസ്യലോകവും ജന്തുലോകവും ശരിയായ പാതയിൽ നിന്ന് വ്യതിചലിക്കുന്നില്ല.

മനുഷ്യൻ അതിൽ നിന്ന് തികച്ചും വ്യത്യസ്തനാണ്. മനുഷ്യൻ സ്വാതന്ത്ര്യം ആസ്വദിക്കുന്നു. അതുകൊണ്ട് തന്റെ താത്പര്യങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യം അവനുണ്ട്. അക്കാരണത്താൽ മനുഷ്യജീവിത പാതയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നു.

മനുഷ്യൻ തന്റെ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നതിന്റെ ഫലമായി അഴിമതിയും അക്രമവും നടമാടുന്നു.

ഈ അവസ്ഥയിൽ ഏറ്റവും നല്ലത് ചുറ്റുമുള്ള ലോകത്തെ പിന്തുടരലാണ്. സ്വമേധയാ അവ എന്താണോ പിന്തുടരുന്നത് അതവൻ തെരഞ്ഞെടുപ്പിലൂടെ നിർവ്വഹിക്കണം. ഉദാഹരണത്തിന് വിശാലമായ ഈ ലോകത്ത് വളരെയധികം നക്ഷത്രങ്ങളും ഗ്രഹങ്ങളുമുണ്ട്. അവ നിരന്തരമായി ചലിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അവ തമ്മിൽ ഒരിക്കലും കൂട്ടിമുട്ടുന്നില്ല. അവ ഭ്രമണപഥത്തിൽ ചുറ്റിക്കൊണ്ടിരിക്കുന്നു. തമ്മിൽ കൂട്ടിമുട്ടാൻ ഒരിക്കലുമവ ശ്രമിക്കുന്നില്ല. മനുഷ്യനും അതേ രീതി പിന്തുടരണം. അതായത്, മറ്റുള്ളവരുമായി ഉരസലുകളില്ലാതെ ജീവിക്കാൻ ശ്രമിക്കണം.

സചേതനവും അചേതനവുമായ സൃഷ്ടികളിൽ മനുഷ്യന് ധാരാളം ഉദാഹരണങ്ങളുണ്ട്. മനുഷ്യൻ പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ച് പരിചിന്തനം ചെയ്താൽ അവന് തീർച്ചയായും ഏറ്റുമുട്ടലുകൾ, വിദ്വേഷം, ഹിംസ തുടങ്ങിയവയിൽ നിന്ന് മാറിനിൽക്കാനും ശരിയായ ജീവിതം തിരിച്ചറിയാനും കഴിയും. ശരിയായ ജീവിതമാർഗം കണ്ടെത്താനുള്ള ഏറ്റവും നല്ല എളുപ്പവഴി അതുതന്നെയാണ്.

## 150

# ദിവ്യഭോജനം

ഇനി പറയുന്ന സൂക്തത്തിൽ ദിവ്യ ഭക്ഷണത്തെക്കുറിച്ച് ഖുർആൻ പാരാമർശിക്കുന്നുണ്ട്:

*അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹിക ജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു). നിന്റെ രക്ഷിതാവ് നല്കുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും.* (20:131)

ആ ദിവ്യഭക്ഷണമാണ് മറിയമിന് ദൈവം നല്കിയത്. ഈ വചനങ്ങളിൽ ഖുർആൻ പ്രസ്തുത വിഷയം പരാമർശിക്കുന്നു:

*അങ്ങനെ അവളുടെ (മറിയമിന്റെ) രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും, നല്ല നിലയിൽ വളർത്തിക്കൊണ്ടുവരികയും, അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏല്പിക്കുകയും ചെയ്തു. 'മിഹറാബി'ൽ (പ്രാർത്ഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നുചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: 'മറിയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്?' അവൾ മറുപടി പറഞ്ഞു: 'അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു.' തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക്നോക്കാതെ നല്കുന്നു.* (20:131)

മറിയമിന് നല്കിയ ഭക്ഷണം ഭൗതിക ഭക്ഷണമായിരുന്നില്ല. അത് ദിവ്യ ഭക്ഷണം, അഥവാ ആത്മീയ ഭക്ഷണമായിരുന്നു. അത് കഴിക്കാതിരുന്നാൽ ഒരാൾക്ക് തന്റെ വ്യക്തിത്വത്തെ പരിപോഷിപ്പിക്കാനാവില്ല. യേശുക്രിസ്തുവിന്റെ പ്രസിദ്ധമായ ഒരു തിരുവചനമുണ്ട്: 'മനുഷ്യന് അപ്പം കൊണ്ട് മാത്രം ജീവിക്കാനാവില്ല.'

ഈ ലോകത്ത് എല്ലാറ്റിനും രണ്ട് വശങ്ങളുണ്ട്, ഭൗതികതയും ആത്മീയതയും. നമ്മുടെ മനസ്സിനെ ഭൗതിക വിഷയങ്ങളിൽ നിന്ന് ആത്മീയതയെ വേർതിരിച്ചെടുക്കാൻ സാധിക്കുന്നവിധം പാകപ്പെടുത്തണം. അങ്ങനെ നമുക്ക് ആത്മീയ ഭക്ഷണം അല്ലെങ്കിൽ ദിവ്യ

ഭക്ഷണം സ്വീകരിക്കാൻ കഴിയും. ഭൗതിക ഭക്ഷണം നമ്മുടെ ആരോഗ്യത്തെ കാത്തുസൂക്ഷിക്കുമ്പോൾ അതിലെ ദൈവികാംശം നമ്മുടെ വ്യക്തിത്വത്തെ ദിവ്യ പാതയിലൂടെ വികസിപ്പിക്കുന്നു. ഭൗതിക ഭക്ഷണം നമുക്ക് ആരോഗ്യം പ്രദാനം ചെയ്യുന്നു. ആത്മീയ ഭക്ഷണം നമ്മുടെ വ്യക്തിത്വത്തിന്റെ അഭൗതികാംശത്തെ ഓജസ്സുറ്റതാക്കി നിലനിർത്തുന്നു.

ഉദാഹരണത്തിന് നമുക്ക് ഒരു ഗ്ലാസ് വെള്ളമെടുക്കാം. ആ വെള്ളം നമ്മൾ കയ്യിലെടുക്കുമ്പോൾ വെള്ളം രണ്ട് വാതകങ്ങളായ ഹൈഡ്രജന്റെയും ഓക്സിജന്റെയും സംയുക്തമാണെന്ന ഭൗതിക ഉള്ളടക്കമായിരിക്കും നമ്മുടെ നിരീക്ഷണത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്നത്. ആ നിരീക്ഷണത്തിന്റെ ആത്മീയാംശം പുറമെ കാണുമ്പോൾ രണ്ട് വാതകങ്ങളുടെ സംയുക്തമാണെങ്കിലും മനുഷ്യ ശരീരത്തിൽ എത്തിയാൽ അത് ശരീരത്തിന്റെ ഭാഗമാവുകയും, ശരീര പ്രവർത്തനങ്ങളെ നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നുവെന്ന വസ്തുതയെക്കുറിച്ചുള്ള പര്യാലോചനയായിരിക്കും. വെള്ളവും മനുഷ്യ ശരീരവും തമ്മിലുള്ള ആ ചേർച്ച തിരിച്ചറിയുമ്പോൾ അത് നമ്മുടെ ചിന്തകൾക്കുള്ള ആത്മീയ ഭക്ഷണമാകും. കാരണം, ആ തിരിച്ചറിവ് ദൈവത്തിന്റെ ജ്ഞാന സാക്ഷാത്കാരത്തിലേക്കും ആസ്വാദനത്തിലേക്കും നയിക്കുന്നു. അതായത്, ദൈവം വെള്ളം സൃഷ്ടിച്ചത് മനുഷ്യ ശരീരവുമായി മുഴുവനും ഇണങ്ങുന്ന വിധത്തിലാണ്. നമുക്ക് ചുറ്റുമുള്ള പലതരം ഭൗതിക വസ്തുക്കളിൽ നിന്നുമുള്ള അത്തരം തിരിച്ചറിവ് പരിധികളില്ലാത്ത ആനന്ദവും സംതൃപ്തിയും നല്കുന്നു.

നമുക്ക് ഒരു ആത്മീയ മനുഷ്യനായി ജീവിക്കണമെങ്കിൽ ഒന്നിൽ നിന്ന് അതിന്റെ അന്ത:സത്ത വേർതിരിച്ചെടുക്കുന്ന കല പഠിക്കുക. ഭൗതിക വിഷയങ്ങളിൽ നിന്ന് അതിലെ ആത്മീയാംശം വേർതിരിച്ചെടുക്കുക. അത് നമുക്ക് ആത്മീയഭക്ഷണം നല്കും. അങ്ങനെ ഒരു ആത്മീയ മനുഷ്യനായി നമ്മൾ പാകപ്പെടും.

151

# ആർത്തി വെടിയുക

നായയെ സൂക്ഷിക്കുക എന്ന ബോർഡിലെ പ്രയോഗം, അതിനകത്ത് അപകടകാരിയായ നായ ഉണ്ടെന്നതിന്റെ അപായ സൂചനയാണ് നല്കുന്നത്. എന്നാൽ വേറൊരു പ്രശ്നമുണ്ട്. അതിനെ, നായ സംസ്കാരം എന്നുവിളിക്കാം. നായ ഒരു മൃഗമെന്ന നിലയിൽ ഒരു പ്രശ്നമല്ല. എന്നാൽ, നായ സംസ്കാരം എന്നതാണ് മനുഷ്യർക്ക് മാരകമാകുന്നത്.

ആ പ്രതിഭാസത്തെക്കുറിച്ച് ഖുർആനിലെ, *അഅ്റാഫ്* എന്ന അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഖുർആൻ ഒരു ഉപമയിലൂടെ മനുഷ്യസ്വഭാവത്തെ പ്രതിപാദിക്കുന്നു:

*നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന് ഉയർച്ച നല്കുമായിരുന്നു. പക്ഷേ, അവൻ ഭൂമിയിലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടേത് പോലെയാകുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളിയവരുടെ ഉപമ. അതിനാൽ (അവർക്ക്) ഈ കഥ വിവരിച്ചുകൊടുക്കൂ. അവർ ചിന്തിച്ചെന്ന് വരാം.* (7:176)

കിതയ്ക്കുക എന്നത് നായയുടെ പ്രത്യേക സ്വഭാവമാണ്. കിതയ്ക്കൽ അവയ്ക്ക് തണുപ്പ് ലഭിക്കാനുള്ള ഒരു ഉപാധിയാണ്. കിതയ്ക്കൽ നായയുടെ ശരീരവ്യവസ്ഥയുടെ ഒരു പ്രതിഭാസമാണ്. ഖുർആൻ അതിനെ, ധാർമ്മികതയെ ഉപേക്ഷിച്ച് ഭൗതികതയുടെ പിന്നാലെ പോകുന്ന ആളുകളോടാണ് ഉപമിച്ചിരിക്കുന്നത്. അക്കൂട്ടർ തുടർച്ചയായി അസംതൃപ്തരായിരിക്കും. അക്കാര്യം ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നത് ഇങ്ങനെയാണ്:

*പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു.*

*നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നത് വരേക്കും.* (102: 1, 2)

നമ്മുടെ ആവശ്യങ്ങൾ 99 ശതമാനം പൂർത്തീകരിച്ചാലും ഒരു ശതമാനം ബാക്കിയുണ്ടാകുമെന്നത് പ്രകൃതി നിയമമാണ്. ചിന്തകളെ പാകപ്പെടുത്താത്തവരുടെ ശ്രദ്ധ ആ ഒരു ശതമാനത്തിലായിരിക്കും. 99 ശതമാനത്തെ അവർ മറക്കും. അത്തരക്കാർ എപ്പോഴും നന്ദിയില്ലാത്തവരായിരിക്കും. എന്നാൽ, ശരിയായ ചിന്താ ശീലർ, തങ്ങൾക്ക് 99 ശതമാനം പൂർത്തിയാക്കാൻ സാധിച്ചതിൽ ദൈവത്തോട് നന്ദി പ്രകടിപ്പിക്കും. സാധിക്കാത്ത ഒരു ശതമാനത്തെ അവർ അവഗണിക്കും. ആ സ്വഭാവം എല്ലാ കാലത്തും എല്ലാ സാഹചര്യത്തിലും നന്ദിയോടുകൂടെ ജീവിക്കാൻ അവരെ സഹായിക്കും. രണ്ടാമത്തെ വിഭാഗക്കാർ നല്ല ചിന്തയോടെയും ആദ്യത്തെ വിഭാഗക്കാർ മോശമായ ചിന്തയോടെയും ജീവിക്കും. കിതയ്ക്കുന്ന നായയുടെ ഉദാഹരണത്തിലെ പരാമർശം ആദ്യ വിഭാഗത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ഈ സ്വഭാവം വെറുമൊരു സ്വഭാവമല്ല. ഖുർആനിക വചനത്തിൽ സൂചിപ്പിച്ച പോലെ അതിന് ഗൗരവതരമായ ഒരു വശമുണ്ട്:

*നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും.* (7:176)

ആദ്യത്തെ വിഭാഗത്തിൽ പെട്ടവർ വളരെ അപകടകരമായ, ആത്മവിശ്വാസമില്ലാത്ത ചിന്തയുടെ വക്താക്കളായിത്തീരുന്നു. എന്നാൽ രണ്ടാമത്തെ വിഭാഗക്കാർ മനസ്സിൽ അല്ലലില്ലാതെ തുടരുന്നു. മനുഷ്യന്റെ ഏറ്റവും വലിയ കഴിവാണ് അവന്റെ മനസ്സ്. മനസ്സ് ചിന്തയുടെ ഒരു യന്ത്രം പോലെയാണ്. പ്രകൃതി നിയമമനുസരിച്ച്, മനസ്സിന്റെ ചിന്താപ്രക്രിയ അനായാസമായി തുടരണമെങ്കിൽ അത് സ്വതന്ത്രവും ഒഴിയാബാധകൾ ഇല്ലാത്തതുമായിരിക്കണം. എന്നാൽ മനസ്സ് അത്തരം ഒഴിയാ ബാധകൾക്കും ചീത്ത ചിന്തകൾക്കും അടിപ്പെട്ടാൽ അത് അതിന്റെ ചിന്താപ്രക്രിയയെ ബാധിക്കും. അതാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ നഷ്ടം.

ഇപ്പോഴത്തെ യുഗം വളരെ വ്യത്യസ്തമാണ്. ധന വികേന്ദ്രീകരണമാണ് ഈ യുഗത്തിന്റെ പ്രത്യേകത. അതുകൊണ്ട് ഓരോ മനുഷ്യനും പണം സമ്പാദിക്കാനും സുഖമായി ജീവിതം നയിക്കാനുമുള്ള അവസരങ്ങളുണ്ട്. യഥാർത്ഥത്തിൽ ദാരിദ്ര്യ ദുരിതമനുഭവിക്കുന്നവർ വളരെ ചുരുക്കമാണ്. മുൻപ് ദാരിദ്ര്യം ഒരു സാധാരണ സംഭവമായിരുന്നു. എന്നാൽ ആധുനിക കാലത്ത് പൊതുവെയുള്ളത് സമൃദ്ധിയാണ്. ഒരേയൊരു വ്യത്യാസം, ചിലർ ആഢംബരത്തിൽ ജീവിക്കുമ്പോൾ മറ്റുള്ളവർ നിരാഢംബരരായി ജീവിക്കുന്നു. നന്ദിപൂർവ്വം ജീവിക്കാനു

ള്ള അവസരം എല്ലാവർക്കും ലഭിക്കുന്നതുകൊണ്ട് ആ പ്രതിഭാസം ദൈവത്തിന്റെ വലിയൊരു അനുഗ്രഹമായി കണക്കാക്കാം. പക്ഷേ, നായ സംസ്കാരം പിന്തുടരുന്നവർ നന്ദിയില്ലാത്തവരായി ജീവിക്കുന്നു. അവർക്ക് ലഭിച്ച 99 ശതമാനത്തെ നിരാകരിച്ച് ഒരു ശതമാനത്തിന്മേൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ശരിയായ മനുഷ്യൻ തനിക്ക് ലഭിച്ച 99 ശതമാനത്തിൽ ശ്രദ്ധ ചെലുത്തുകയും ലഭിക്കാത്ത ഒരു ശതമാനം അവഗണിക്കുകയും വേണം. ഖുർആനികമായി പറഞ്ഞാൽ, അത്തരക്കാർ ഹംദിന്റെ ചൈതന്യത്തിൽ, അല്ലെങ്കിൽ ദൈവത്തോടുള്ള നന്ദിയിൽ ജീവിക്കുന്നവരായിരിക്കും.

## 152

# എല്ലാം നല്ലതിന്

ഒരിക്കൽ ഒരു യുവാവും അദ്ദേഹത്തിന്റെ നവവധുവും എന്നോടു 'ഞങ്ങൾ വിവാഹജീവിതം ആരംഭിക്കുകയാണ്. ഞങ്ങൾക്ക് നല്ല ഉപദേശങ്ങൾ നല്കിയാലും' എന്നു പറഞ്ഞു.

ഞാൻ പറഞ്ഞു: 'നിങ്ങളോട് എനിക്ക് ഒന്നേ പറയാനുള്ളൂ. നിങ്ങളുടെ തെരഞ്ഞെടുപ്പ് നല്ലതാണെന്നും, ഇതിനെക്കാൾ നല്ല തെരഞ്ഞെടുപ്പ് വേറെ നിങ്ങൾക്കില്ലെന്നും വിശ്വസിക്കണം. ഈ ഉപദേശം കാവ്യാത്മകമായി എടുക്കരുത്. ഇത് പ്രകൃതി നിയമാനുസൃതമാണെന്ന് കരുതണം. ജീവിതത്തിന്റെ സർവ്വവും തീരുമാനിക്കുന്ന ഒരേയൊരു ഘടകം പ്രകൃതി നിയമമാണ്.'

സൃഷ്ടിപ്പിനെക്കുറിച്ച്, *തീൻ* എന്ന അധ്യായത്തിൽ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്:

*തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടന യോടുകൂടെ സൃഷ്ടിച്ചിരിക്കുന്നു.* (95:4)

ഓരോ സ്ത്രീയും പുരുഷനും ദൈവത്തിന്റെ ഏറ്റവും നല്ല സൃഷ്ടിപ്പാണ്. ഓരോ സ്ത്രീയും ശ്രീമതി ഉത്തമയും ഓരോ പുരുഷനും ശ്രീ ഉത്തമനുമാണ്. അതുകൊണ്ട് വിവാഹിതരായ എല്ലാ പുരുഷന്മാരും തങ്ങൾക്ക് ലഭിച്ച ഇണ തീർച്ചയായും ഏറ്റവും നല്ല ഇണയാണെന്ന് വിശ്വസിക്കണം.

പിന്നെ എന്തുകൊണ്ടാണ് വിവാഹ ബന്ധങ്ങൾ പരാജയപ്പെട്ടു പോകുന്നത്? ഇനി വിജയിക്കുന്ന ഇണകൾ വിചാരിക്കുന്നുണ്ടാകുമോ, തങ്ങളുടെ തെരഞ്ഞെടുപ്പ് തെറ്റായിപ്പോയെന്ന്?

ചിലത് വിജയിക്കില്ല എന്നത് സത്യമാണ്. പക്ഷേ, അതിന് കാരണം തെറ്റായ തെരഞ്ഞെടുപ്പല്ല. മറിച്ച്, തെറ്റായ പെരുമാറ്റമാണ്.

വിവാഹത്തിലൂടെ ഒന്നിക്കുന്ന ഭാര്യാ ഭർത്താക്കന്മാർ കഴിവുകൊണ്ട് ഏറ്റവും നല്ല ഇണകളാണ്. ആ കഴിവിനെ യാഥാർത്ഥ്യമാക്കൽ സ്ത്രീയുടെയും പുരുഷന്റെയും കർത്തവ്യമാണ്. ആ വിഷയത്തിൽ നമ്മൾ പ്രകൃതിനിയമമാണ് അനുസരിക്കുന്നതെങ്കിൽ നമ്മുടെ വിവാഹം തീർച്ച

യായും വിജയിക്കും. നമ്മൾ പ്രകൃതി നിയമം അനുസരിക്കുന്നില്ലെങ്കിൽ നമ്മുടെ വിവാഹം അമ്പേ പരാജയപ്പെടുകയും ചെയ്യും.

എന്താണ് ആ പ്രകൃതി നിയമം?

അതാണ് യോജിപ്പുണ്ടാക്കൽ. അക്കാര്യം ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്:

*ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നല്ല നിലയിൽ വർത്തിക്കുകയും, സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു.* (4:128)

വിവാഹജീവിത്തിലായാലും മറ്റ് ജീവിത രീതികളിലായാലും ഒരാൾക്ക് രണ്ട് സമീപനങ്ങൾ സ്വീകരിക്കാം, അനുരഞ്ജനത്തിന്റെ സമീപനവും അനുരഞ്ജനത്തിന്റേതല്ലാത്ത സമീപനവും.

അനുരഞ്ജനത്തിന്റെ സമീപനം പ്രകൃതി നിയമാനുസൃതമാണ്. അതുകൊണ്ടുതന്നെ അത് എല്ലായ്പോഴും പ്രായോഗികമാണ്. എന്നാൽ അനുരഞ്ജനത്തിന്റെതല്ലാത്ത സമീപനം പ്രകൃതി നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ടുതന്നെ അത് വൈവാഹിക ജീവിതത്തിലോ മറ്റ് ജീവിത രീതികളിലോ പ്രായോഗികമല്ല.

ജനങ്ങൾ സാധാരണയായി പുറംമോടി നോക്കിയുള്ള അഭിപ്രായങ്ങളാണ് പ്രകടിപ്പിക്കാറുള്ളത്. അത്തരം പ്രവർത്തനങ്ങൾ ചിന്താശൂന്യതയെയാണ് പ്രകടിപ്പിക്കുക. ആഴത്തിൽ ചിന്തിക്കുകയാണെങ്കിൽ നമ്മൾ നമ്മുടെ വിവാഹത്തിൽ പുലർത്തിയ തെരഞ്ഞെടുപ്പ് തീർച്ചയായും ശരിയും നല്ലതുമാണെന്ന് തിരിച്ചറിയും.

# 153

# വിശ്വാസികുടുംബം

പ്രവാചകന്റെ കുടുംബത്തെ സംബന്ധിച്ച് ഖുർആൻ നല്കുന്ന അധ്യാപനം:

*നിങ്ങളുടെ വീടുകളിൽ വെച്ച് ഓതികേൾപ്പിക്കപ്പെടുന്ന അല്ലാഹുവിന്റെ വചനങ്ങളും തത്വജ്ഞാനവും നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മ ജ്ഞാനിയുമാകുന്നു.* (33:34)

അത് വിശ്വാസികൾക്കുള്ള ആദർശ മാതൃകയാണ്. ആ വചനം പ്രത്യേകിച്ച് പ്രവാചകന്റെ കുടുംബത്തെയാണ് പരാമർശിക്കുന്നതെങ്കിലും പൊതുവായി അത് വിശ്വാസികളുടെ കുടുംബത്തിനും ബാധകമാണ്.

കുടുംബനാഥൻ കുടുംബത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഒരംഗമായിരിക്കണം. അദ്ദേഹം ഖുർആനിലും ഹദീസിലുമുള്ള അധ്യാപനങ്ങളെക്കുറിച്ച് അറിവുള്ളവനായിരിക്കണം. അത് കുടുംബത്തിന്റെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാൻ അവന് കഴിയണം.

കുടുംബത്തിന് മതപരമായ ശിക്ഷണം നല്കൽ കുടുംബ നാഥന്റെ കടമയാണ്. ഖുർആൻ വെറുതെ കേൾക്കുന്നതുകൊണ്ട് മാത്രമായില്ല. ശരിയായ ശിക്ഷണമെന്നത് പ്രയോഗിക വഴികളിലൂടെ ആ കർത്തവ്യം നിറവേറ്റലാണ്. അതായത് കുടുംബജീവിതത്തിൽ ദിവസംതോറും വ്യത്യസ്തങ്ങളായ സംഭവങ്ങളുണ്ടാവാം. കുടുംബനാഥൻ അത്തരം സംഭവങ്ങളെ ഖുർആനിന്റെയും ഹദീസിന്റെയും പരിപ്രേക്ഷ്യത്തിലൂടെ അവർക്ക് പറഞ്ഞുകൊടുക്കണം. ആ കർത്തവ്യം കുടുംബാംഗങ്ങളുടെ മനസ്സിനെ അഭിസംബോധന ചെയ്യുന്ന വിധമാവണം. കുടുംബാംഗങ്ങൾക്ക് വിദ്യ നല്കുന്നത് കുടുംബനാഥന്റെ കടമയാണ്.

കുടുംബനാഥൻ തന്റെ കുടുംബാംഗങ്ങൾക്ക് നല്കുന്ന ധർമ്മോപദേശങ്ങൾ സ്വയം പാലിക്കണം. ഉദാഹരണത്തിന് കുംടുംബ നാഥൻ പൂർണ്ണമായും നന്മ ചിന്തിക്കുന്നവനാണെങ്കിലേ കുടുംബാംഗങ്ങളോട് ചീത്ത ചിന്ത സ്വീകരിക്കരുതെന്ന് ഉപദേശിക്കാൻ കഴിയൂ. അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ സാരോപദേശങ്ങൾ പൊള്ളയായിപ്പോകും. അതുപോലെ, കുടുംബ നാഥന് ആത്മീയത ഉണ്ടെങ്കിലേ

ഭൗതിക സംസ്കാരം കൈക്കൊള്ളുന്നതിൽ നിന്ന് കുടുംബാംഗങ്ങളെ തടയാനാകൂ.

എല്ലാ വിശ്വാസികൾക്കും പ്രവാചക കുടുംബം മാതൃകയാണ്. അവ്വിഷയകമായി പ്രവാചകൻ മുന്നോട്ടുവെച്ച ഉദാഹരമണമായ സുന്നത്ത് അല്ലെങ്കിൽ പ്രവാചക ശീലം നമ്മൾ പ്രവാചകനെ മറ്റ് പല വിഷയങ്ങളിലും പിന്തുടരുന്നതുപോലെ കുടുംബജീവിതത്തിലും പിന്തുടരണം.

## 154

# വാക്കുപാലിക്കുക

വാഗ്ദാനം നിറവേറ്റൽ ഒരാളുടെ ഏറ്റവും വലിയ നന്മയും ഗുണവുമാണ്. അതിനോട് തുലനം ചെയ്യാൻ മറ്റൊന്നുമില്ല. ഇസ്‌ലാമിക അധ്യാപന പ്രകാരം ശപഥം വെറും സാമൂഹിക വിഷയമല്ല. ദൈവത്തിനുമുൻപിൽ കണക്കുബോധിപ്പിക്കേണ്ട വലിയ ഉത്തരവാദിത്തമാണ്. ഖുർആനിലെ, *ഇസ്‌റാഅ്* എന്ന അധ്യായത്തിൽ ഇപ്രകാരം പറയുന്നു:

*അനാഥയ്ക്ക് പ്രാപ്തി എത്തുന്നത് വരെ ഏറ്റവും നല്ല രീതിയിലല്ലാതെ അവന്റെ സ്വത്തിനെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്.* (17:34)

മറ്റൊരധ്യായമായ, *സ്വഫിൽ* ഖുർആൻ പ്രസ്താവിക്കുന്നു:

*നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.* (61:3)

ശപഥം നിറവേറ്റാതിരിക്കൽ വൻ പാപമാണ്. അതിന്റെ അനന്തരഫലം മനുഷ്യനെ അനുഭവിപ്പിക്കും. ശപഥത്തിന് ഭംഗം വരുത്തിയാൽ അത് മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തെയും നശിപ്പിക്കും. ശപഥത്തിനും ആത്മീയതയ്ക്കും ഒന്നിച്ചുനില്കാനാവില്ല. ഒരാൾ ഒരു ശപഥം ചെയ്തിട്ട് അത് നിറവേറ്റാതിരുന്നാൽ അത് അയാളിലെ സർവ്വ ഗുണങ്ങളും നശിപ്പിക്കും.

അത്തരം സ്വഭാവക്കാരുടെ വിശ്വാസ്യത സമൂഹത്തിൽ നഷ്ടപ്പെടും. അയാളെ പ്രവചനാത്മക സ്വഭാവഗുണമുള്ളവനായി സമൂഹം പരിഗണിക്കില്ല. ശപഥങ്ങൾ നിറവേറ്റൽ ഒരാളുടെ സ്വഭാവ സവിശേഷതയുടെ ഗണത്തിലാണ് പെടുക. സാമൂഹിക സവിശേഷത നഷ്ടപ്പെടുന്ന ഒരാൾക്ക് തന്റെ സാമൂഹിക പദവിയും നഷ്ടപ്പെടും.

അതിലെ ഏറ്റവും വലിയ അപകടം വിധിദിനത്തിൽ അത്തരക്കാരെ ദൈവത്തിനുമുൻപിൽ ഹാജരാക്കി അവരോട് ചോദിക്കും: ‘എന്തുകൊണ്ടാണ് വാഗ്ദാനങ്ങൾ നിറവേറ്റാതിരുന്നത്?’

അതിന്റെ ഭവിഷ്യത്തുകൾ അത്രമാത്രം ഗൗരവതരമാണ്. ദൈവത്തിനുമുൻപിൽ അപമാനിക്കപ്പെടാനുള്ള സാധ്യതയുമുണ്ട്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിലും വലിയ നഷ്ടം മറ്റെന്താണുള്ളത്?

വാഗ്ദാനങ്ങൾ ലംഘിക്കൽ ചീത്തസ്വഭാവമാണ്. ചെറിയൊരു വാഗ്ദാനലംഘനം പോലും വലിയ ഗൗരവത്തോടുകൂടി വേണം പരിഗണിക്കാൻ.

155

# ജീവിതവും മരണവും

ഗോപിനാഥ് പണ്ടുരംഗ് മുണ്ടെ (1949 ഡിസംബർ 12-2014 ജൂൺ 3) ഇന്ത്യയിലെ മുതിർന്ന രാഷ്ട്രീയനേതാവായിരുന്നു. 2014 മെയ്മാസം നടന്ന പൊതുതെരഞ്ഞെടുപ്പിൽ വിജയിക്കുകയും കേന്ദ്രമന്ത്രിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 2014 ജൂൺ 4-ാം തീയതിയായിരുന്നു അദ്ദേഹം കേന്ദ്രമന്ത്രിയായി ചുമതല ഏൽക്കേണ്ടിയിരുന്നത്. തലേദിവസം, അതായത് ജൂൺ 3-ാം തീയതി അദ്ദേഹം ഒരു റോഡപകടത്തിൽ മരണപ്പെട്ടു.

അന്ന് അദ്ദേഹം മുംബൈയിലേക്ക് പറക്കാനായി ഇന്ദിരാഗാന്ധി വിമാനത്താവളത്തിലേക്ക് പോവുകയായിരുന്നു. മഹാരാഷ്ട്രയിലെ ബീഡിലും പറാലിലും സംഘടിപ്പിച്ച വിജയഘോഷയാത്രയെ അഭിസംബോധന ചെയ്യാനായിരുന്നു ആ യാത്ര. എയർപോർട്ടിൽ എത്തുന്നതിനുമുൻപ് അപകടം സംഭവിച്ചു. അങ്ങനെ ഗോപിനാഥ് മുണ്ടെ മരണത്തിനുമുൻപുള്ള എല്ലാ വിജയങ്ങളും ബാക്കിയാക്കി തനിച്ച് മരണത്തിന് കീഴടങ്ങി.

അത് ഒരാളുടെ മാത്രം സ്ഥിതിയല്ല. ഓരോ ആണിന്റെയും പെണ്ണിന്റെയും സ്ഥിതിയാണ്. ഒരോരുത്തരും അവനവന്റെ സ്വന്തം ഭൗതിക ജീവിതത്തിന് വേണ്ടി കിണഞ്ഞുശ്രമിക്കുന്നു. എന്നാൽ വിജയ ദിനം ആഘോഷിക്കുന്നതിനുമുൻപ് മടക്കമില്ലാതെ ഒരൊറ്റ സ്പോട്ടിൽ വെച്ച് അവൻ മരിക്കുന്നു. മരണം എല്ലാവരുടെയും നിയതിയാണ്. മരണത്തിൽ നിന്ന് ആർക്കും രക്ഷപ്പെടാനാവില്ല. ഒരോ ശരീരവും മരണം ആസ്വദിക്കുകതന്നെ ചെയ്യും:

*ഏതൊരാളും മരണത്തെ ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.* (29:57)

അത് പ്രകൃതിനിയമമാണ്. നമ്മുടെ വാസസ്ഥലം ഈ ലോകമല്ല എന്ന സത്യം മരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. പരലോകത്തിനുവേണ്ടി നമ്മൾ സ്വയം തയ്യാറെടുക്കണം. മരണം എന്നത് ഓരോരുത്തരും പരലോകത്തേക്ക് പ്രവേശിക്കാൻ നിശ്ചയിക്കപ്പെട്ടവരാകുന്നുവെന്ന വസ്തുതയുടെ ഓർമ്മപ്പെടുത്തൽ മാത്രമാണ്.

## 156

# അനുഗൃഹീത ജീവിതം

*നഹ്ൽ* എന്ന, ഖുർആനിക അധ്യായത്തിൽ ദൈവം മൂന്ന് അനുഗ്രഹങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്:

*മനുഷ്യനെ അവൻ ഒരു ബീജകണത്തിൽ നിന്ന് സൃഷ്ടിച്ചു. എന്നിട്ട് അവനതാ വ്യക്തമായ എതിർപ്പുകാരനായിരിക്കുന്നു. കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു; നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനുള്ളതും (കമ്പിളി) മറ്റ് പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്നുതന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ (വൈകുന്നേരം ആലയിലേക്ക്) തിരിച്ചുകൊണ്ടുവരുന്ന സമയത്തും, നിങ്ങൾ മേയാൻവിടുന്ന സമയത്തും അവയിൽ നിങ്ങൾക്ക് കൗതുകമുണ്ട്.*

*ശാരീരിക ക്ലേശത്തോടുകൂടിയല്ലാതെ നിങ്ങൾക്ക് ചെന്നെത്താനാകാത്ത നാട്ടിലേക്ക് അവ നിങ്ങളുടെ ഭാരങ്ങൾ വഹിച്ചുകൊണ്ട് പോകുകയും ചെയ്യുന്നു. തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.*

*കുതിരകളെയും കോവർകഴുതകളെയും കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു). അവയെ നിങ്ങൾക്ക് വാഹനമായി ഉപയോഗിക്കുവാനും അലങ്കാരത്തിന് വേണ്ടിയും. നിങ്ങൾക്ക് അറിവില്ലാത്തതും അവൻ സൃഷ്ടിക്കുന്നു.* (16: 4-8)

ഈ പ്രപഞ്ചത്തിലുള്ള മുഴുവൻ വസ്തുക്കളിൽ നിന്നും മനുഷ്യന് മാത്രമായി നല്കിയ 3 അനുഗ്രഹങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശം. മനുഷ്യൻ ആ അനുഗ്രഹങ്ങളെ അംഗീകരിക്കുകയും അവയോട് നന്ദി പ്രകടിപ്പിക്കുകയും വേണം. മനുഷ്യന്റെ ഇത്തരം പ്രതികരണങ്ങളായിരിക്കും അവന് സ്വർഗത്തിൽ ഒരു ഇരിപ്പിടം ലഭിക്കാൻ കാരണമാകുക. ആ ദിവ്യാനുഗ്രഹങ്ങളെ അംഗീകരിക്കുന്നതിലൂടെ ഒരാളിൽ നല്ല വ്യക്തിത്വം വികസിക്കുന്നു. ആ വ്യക്തിത്വമായിരിക്കും അയാളെ സ്വർഗവാസത്തിന് പ്രാപ്തനാക്കുന്നത്.

നിർബ്ബന്ധ പ്രേരണയില്ലാതെ ആ അനുഗ്രഹങ്ങളെ ബോധപൂർവ്വം അംഗീകരിക്കേണ്ടത് മനുഷ്യന്റെ ആവശ്യമാണ്. അംഗീകരിക്കൽ അർത്ഥമാക്കുന്നത്, ഒരു സമ്മാനത്തെ ഗാഢമായി പ്രശംസിക്കലാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അവന് വിശിഷ്ട വ്യക്തിത്വം നല്കിയതുമാണ് ഒന്നാമത്തെ അനുഗ്രഹം. മനുഷ്യന് ലഭിച്ച അപൂർവ്വ സമ്മാനമാണത്. പ്രപഞ്ചത്തിൽ മറ്റൊന്നിനും ആ സമ്മാനവുമായി താദാത്മ്യം പ്രാപിക്കാനാവില്ല. രണ്ടാമത്തെ അനുഗ്രഹം, വഹിച്ചുകൊണ്ടുപോകുന്ന രീതിയെക്കുറിച്ചുള്ളതാണ്. അഥവാ സമ്പർക്കപ്പെടലിന്റെ മാർഗങ്ങളെക്കുറിച്ചാണ്. അത് വചനത്തിൽ പ്രതിപാദിച്ചിട്ടുള്ളത് മറ്റ് പല അനുഗ്രഹങ്ങളുടെയും പ്രതീകമായിട്ടാണ്. മനുഷ്യന് നല്കപ്പെട്ട, സഞ്ചരിക്കുന്നതും അല്ലാത്തതുമായ, എല്ലാതരം ജീവൻരക്ഷാ അനുഗ്രഹങ്ങളെയും കുറിച്ചാണ്. നമുക്ക് അറിയാത്തത് അവൻ സൃഷ്ടിക്കുന്നു എന്ന വാക്യമാണ് മൂന്നാമത്തെ അനുഗ്രഹം. ആ അനുഗ്രഹത്തെ ഒരു പ്രവചനമായിട്ടാണ് പരാമർശിച്ചിട്ടുള്ളത്. ഏഴാം നൂറ്റാണ്ടിൽ ഖുർആൻ അവതരിക്കുന്ന കാലം പ്രസ്തുത അനുഗ്രഹം പ്രാബല്യത്തിലില്ലാതിരുന്ന, പിന്നീട് പ്രത്യക്ഷപ്പെടേണ്ട അനുഗ്രഹങ്ങളാണവ. ഖുർആനിന്റെ അവതരണ കാലത്ത് അത്തരം അനുഗ്രഹം വ്യവസായിക നാഗരികതയുടെ വിവിധ ഘടകങ്ങളെ ഉൾക്കൊണ്ടിരുന്നു. സഹസ്രാബ്ദങ്ങളോളം നീണ്ട കാലത്തെ പ്രവർത്തന ഫലമായി വ്യാവസായികവും ശാസ്ത്രീയവുമായ വിപ്ലവത്തിലൂടെ അത് യാഥാർത്ഥ്യമായതായി നമുക്കറിയാം.

കാരുണ്യവാനായ ദൈവമാണ് അനുഗ്രഹങ്ങളുടെ ദാതാവ്. മനുഷ്യൻ അതിന്റെ സ്വീകർത്താവും. യാതൊരുവിധ നിർബ്ബന്ധവുമില്ലാതെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക എന്നതാണ് മനുഷ്യന് കരണീയമായിട്ടുള്ളത്. നന്ദി കാണിക്കുക എന്നാൽ സമ്മാനത്തെക്കുറിച്ച് ഉള്ളഴിഞ്ഞ് നന്ദി പ്രകാശിപ്പിക്കലാണ്. നന്ദിപ്രകടനമാണ് അത്തരത്തിലുള്ള മനുഷ്യന്റെ ഏറ്റവും വലിയ ഗുണം. അത് മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തെയും രൂപപ്പെടുത്തുന്നു. ഒരു വ്യക്തിയെ നല്ല വ്യക്തിയായി മാറ്റുന്നത് ആ അംഗീകാരമാണ്.

മേലുദ്ധരിച്ച ഖുർആനിക വചനങ്ങൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾ തിരിച്ചറിയാനും നന്ദിപൂർവ്വം അതിനോട് പ്രതികരിക്കാനും മനുഷ്യനെ വിളിക്കുന്നു. അത് മനുഷ്യനിൽ ഉന്നത വ്യക്തിത്വം വളർത്തും. ആ വ്യക്തിത്വമുള്ള ഒരാളെയായിരിക്കും നാളെ സ്വർഗലോകാവകാശിയായി പരിഗണിക്കുക.

## 167

# പ്രപഞ്ചവും മനുഷ്യനും

കാരുണ്യവാനായ ദൈവം പ്രപഞ്ചം സൃഷ്ടിച്ചു. അതിന്റെ വിശാലതയിൽ ക്ഷീരപഥങ്ങൾ, ഗ്രഹങ്ങൾ, സൗരയൂഥങ്ങൾ, എണ്ണിയാൽ ഒടുങ്ങാത്ത കണികകൾ തുടങ്ങിയവ പൂർണ്ണമായും കീഴടങ്ങി ഈശ്വരാരാധനയിൽ മുഴുകിക്കൊണ്ടിരിക്കുന്നു. ദൈവത്തിനുള്ള ആ കീഴടങ്ങലാണ് നമ്മുടെ പ്രപഞ്ചത്തെ അന്യൂനമാക്കുന്നത്. ആ വസ്തുതകളെക്കുറിച്ച് ഖുർആനിലെ, *മുൽക്ക്* എന്ന അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്:

*ഏഴാകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നു കൂടി തിരിച്ചുകൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?* (67:3)

എന്നിരുന്നാലും ഈ പ്രപഞ്ചത്തിൽ കാണാതായ ഒരു കണ്ണിയുണ്ട്. പ്രപഞ്ചം അതിന്റെ എല്ലാവിധ വിശാലതയോടുംകൂടെ നിർബ്ബന്ധപൂർവ്വം ദൈവത്തിന് കീഴടങ്ങുന്നു. എന്നാൽ, തെരഞ്ഞെടുപ്പിലൂടെ ദൈവത്തിന് കീഴടങ്ങുന്ന ഒരു ജീവിയുടെ ഒരു ഒഴിവുണ്ടായിരുന്നു. ആ ഒഴിവ് നികത്താനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യന് പൂർണ്ണ സ്വാതന്ത്ര്യം നല്കി. അതോടൊപ്പം ചിന്തിക്കാനുള്ള മനസ്സും നല്കി. ആ മനസ്സുപയോഗിച്ച് ദൈവത്തിനുമുന്നിൽ നിർബ്ബന്ധങ്ങൾക്ക് വഴങ്ങാതെ യഥാർത്ഥമായി കീഴ്പെടുകയാണ് വേണ്ടത്. അപ്രകാരം മനുഷ്യൻ ദൈവത്തിന് കീഴടങ്ങുമ്പോൾ അയാൾ ഇപ്രകാരം പറയണം: 'ദൈവമേ, നീയാണ് വലിയവൻ, ഞാൻ വലിയവനല്ല. യാതൊരുവിധ നിർബ്ബന്ധവുമില്ലാതെ ഞാനത് അംഗീകരിക്കുന്നു.'

പ്രപഞ്ച സൃഷ്ടികളിൽ മനുഷ്യന് മാത്രമാണ് മനസ്സ് നല്കപ്പെട്ടത്. താൻ ആരാണെന്ന് അവന് ബോധപൂർവ്വം തിരിച്ചറിയാൻ കഴിയുന്നുണ്ട്. മനുഷ്യന് യാതൊരു വിധ അധികാരവുമില്ലെങ്കിലും അവൻ പ്രതിബന്ധങ്ങളില്ലാതെ സ്വാതന്ത്ര്യം ആസ്വദിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവം സർവ്വശക്തനാണ്, മനുഷ്യനാകട്ടെ എല്ലാവിധത്തിലുമുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിൽപ്പോലും അവൻ പൂർണ്ണമായും ദുർബലനാണ്. മനുഷ്യൻ, 'കാരുണ്യവാനായ ദൈവമേ, നീയാണെന്റെ

രക്ഷിതാവ്' എന്ന് പറയുന്നത് നിർബ്ബന്ധങ്ങളൊന്നുമില്ലാത്ത സ്വമേധ യായുള്ള പറച്ചിലാണ്. ആ പ്രതിഭാസമാണ് മുഴുവൻ പ്രപഞ്ചത്തിലെ യും ഏറ്റവും മഹത്തായ സന്ദർഭം.

അത് മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്. ആ പ്രത്യേകത മനുഷ്യനെ സ്വർഗത്തിന് അർഹനാക്കുന്നു. സ്വർഗം ബഹുജനങ്ങൾക്കാ കമാനം ലഭിക്കുന്ന ഇടമല്ല. അതി സങ്കീർണ്ണമായ അത്തരം ഗുണപരീ ക്ഷണങ്ങളെ അതിജയിക്കാൻ ഭാഗ്യം സിദ്ധിച്ചവർക്ക് മാത്രമേ അത് ലഭിക്കൂ. സമ്പൂർണ്ണമായും കുറ്റമറ്റ സ്ഥലമാണത്. സ്വബോധത്തോടു കൂടി ദൈവത്തെ തിരിച്ചറിഞ്ഞ സാത്വികർക്കേ സ്വർഗത്തിൽ പ്രവേ ശിക്കാനാവൂ. പ്രപഞ്ചത്തിലെ ആ നികത്തിയ കണ്ണിയാണ് മനുഷ്യൻ.

## 158

# സ്വർഗം വിശ്വാസിയുടെ ഗേഹം

സ്വർഗത്തെക്കുറിച്ചുള്ള ഒരു ഖുർആൻ വിവരണം കാണുക:

*ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും.* (41:31)

ഖുർആൻ ഇശ്തിഹാ, ഇദ്ദആ എന്നീ പദങ്ങളാണ് വചനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഇശ്തിഹാ = ഇഷ്ടപ്പെടുക, ഇദ്ദആ = ആവശ്യപ്പെടുക എന്നിങ്ങനെയാണ് അർത്ഥം. ഭൗതിക ലോകത്തെ ഇഷ്ടങ്ങളാണ് ഇശ്തിഹാ. ഇദ്ദആ ആവട്ടെ, ബൗദ്ധിക അഭ്യർത്ഥനകളുമാണ്.

മനുഷ്യവ്യക്തിത്വത്തിന്റെ രണ്ട് വശങ്ങളെ അത് പരാമർശിക്കുന്നു. സ്വർഗവാസികളുടെ ഭൗതികാവശ്യങ്ങൾ പൂർണ്ണമായി പൂർത്തീകരിക്കും എന്നാണ് ഇശ്തിഹാ അർത്ഥമാക്കുന്നത്. ഈ ലോകത്ത് നമ്മൾ ഇഷ്ടപ്പെടുന്ന ഒരുപാട് വിഷയങ്ങളുണ്ട്. പക്ഷേ, അവ അപൂർണ്ണവും, അവയുടെ പൂർത്തീകരണത്തോടെ ലഭിക്കുന്ന സുഖം താത്കാലികവുമാണ്. സ്വർഗ വാസിയുടെ എല്ലാ ആവശ്യങ്ങളും പൂർണ്ണമായും ശാശ്വതമായും പൂർത്തീകരിക്കപ്പെടുന്നതാണ്. ഒരു യഥാർത്ഥ വിശ്വാസിയുടെ ഏറ്റവും വലിയ ആവശ്യവും അതാണ്.

ബൗദ്ധിക അവകാശങ്ങൾക്ക് രണ്ട് വശങ്ങളുണ്ട്. അതിൽ ആദ്യത്തേത് ഏതൊരാൾക്കും ചിന്തിക്കാൻ പരിധികളില്ലാതെ സ്വമനസ്സിന് ഉപയോഗപ്പെടുത്താനുതകുന്ന ഒരു സാർവ്വത്രിക ചട്ടക്കൂട് കണ്ടെത്തുക എന്നതാണ്. ആ ചട്ടക്കൂട് ഇഹലോകത്ത് ലഭ്യമല്ല. എന്നാൽ സ്വർഗത്തിൽ നമുക്കത് ലഭ്യമാക്കാൻ കഴിയും. മനുഷ്യന് തന്റെ ചിന്താപ്രക്രിയ പരിധികളില്ലാതെ കൊണ്ടുപോകാൻ സാധിക്കും. ആ വസ്തുതയാണ് ഖുർആനിൽ ഇപ്രകാരം പരാമർശിക്കുന്നത്:

*ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാകുകയും അതിനുപുറമെ ഏഴുസമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.* (31:27)

ഈ ലോകത്ത് ലഭ്യമല്ലാത്തതും പരിധികളില്ലാതത്തതുമായ വിവരങ്ങളും വസ്തുതകളുമാണ് ഉദ്ധരിച്ച വചനത്തിൽ പ്രതിപാദിച്ചത്. സ്വർഗലോകത്ത് അത് നമുക്ക് ലഭ്യമാണുതാനും. അങ്ങനെ മനുഷ്യന് സ്വർഗലോകത്തെ ആ ചട്ടക്കൂട് ലഭ്യമാകുന്നതോടുകൂടി ബൗദ്ധികാവശ്യങ്ങൾക്കനുസരിച്ച് പരിധികളില്ലാതെ ചിന്തിക്കാനാവും.

ബൗദ്ധികാവശ്യത്തിന്റെ രണ്ടാമത്തെ വശം മനുഷ്യന് തന്റെയത്ര ചിന്താശേഷി ഉള്ളവരുടെ കൂടെ ജീവിക്കാൻ സാധ്യമാവലാണ്. അത് ഉയർന്ന ചിന്താഗതിയുള്ള ആളുകളുടെ കൂടെ സഹവസിക്കലാണ്. അതുവഴി അവർക്ക് ബൗദ്ധിക വിനിമയങ്ങൾ സാധ്യമാകും. പ്രകൃതി നിയമമനുസരിച്ച് അത്തരം ആൾക്കാരെ ഈ ലോകത്ത് കാണാനാവില്ല. കാരുണ്യവാനായ ദൈവം മനുഷ്യ രാശിയിൽ നിന്ന് അത്തരം ആൾക്കാരെ തെരഞ്ഞെടുത്ത് സ്വർഗത്തിൽ ഒന്നിച്ച് താമസിപ്പിക്കും. ഒരു സത്യവിശ്വാസി അത്യാവശ്യമായ അത്തരം സമൂഹങ്ങളെ സ്വർഗത്തിൽ രൂപീകരിക്കും. ഖുർആൻ ആ വസ്തുതയാണ് പരാമർശിക്കുന്നത്:

*ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!* (4:69)

159

# സഹനത്തിന്റെ സത്ഫലം

ഖുർആൻ ക്ഷമയ്ക്ക് വലിയ പ്രാധാന്യം നല്കുന്നുണ്ട്. *സുമർ* എന്ന അധ്യായത്തിലെ ഒരു വചനം ഇപ്രകാപമാണ്:

*പറയുക: വിശ്വസിച്ചവരായ എന്റെ ദാസന്മാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹിക ജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സത്ഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാ ശീലർക്കുതന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റിക്കൊടുക്കപ്പെടുന്നത്.* (39:10)

മറ്റേതൊരു കർമ്മത്തിനുവേണ്ടിയും അത്തരം ഒരു വചനം വെളിപ്പെട്ടിട്ടില്ല. ക്ഷമയ്ക്കുള്ള പ്രതിഫലം എണ്ണിയാൽ ഒടുങ്ങാത്തതാണ്. എന്താണ് ആ പ്രതിഫലം?

ഈ പ്രതിഫലം നിഗൂഢമായ ഒരു കാര്യത്തിന്റെ ഫലമല്ല. ക്ഷമ യഥാവിധി പ്രയോഗത്തിൽ വരുത്തിയവർക്ക് ഉടനടി ലഭിക്കുന്ന പ്രതിഫലമാണത്.

ക്ഷമയും പ്രതിഫലവും അവിഭാജ്യ ഘടകങ്ങളാണ്. ഉദ്ധരിച്ച ഖുർആനിക വചനത്തിലെ പ്രതിഫലം വ്യക്തിത്വ വികാസത്തെ സൂചിപ്പിക്കുന്നു. ഒരു മനുഷ്യന്റെ ഏറ്റവും വലിയ ഗുണമാണ് ഉന്നത വ്യക്തിത്വം. യഥാർത്ഥത്തിൽ ഒരു മനുഷ്യനെ മൃഗത്തിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അയാളുടെ വ്യക്തിത്വമാണ്. ക്ഷമയിലൂടെയാണ് ഏറ്റവും വലിയ വ്യക്തിത്വ വികാസം സാധിക്കുന്നത്. വിവേകം, സദ്ചിന്തകൾ, സ്നേഹം, കാരുണ്യം, സഹനം എന്നിവ മനുഷ്യന്റെ സഹജ ഗുണങ്ങളാണ്. ഒരു വിത്ത് വളർന്ന് പൂർണ്ണ വളർച്ചയുള്ള മരമാകുന്നതുപോലെ അവസരം കിട്ടിയാൽ മനുഷ്യനും പൂർണ്ണ വ്യക്തിത്വത്തിന് ഉടമയാകും.

വാസ്തവത്തിൽ മനുഷ്യൻ അപാരമായ കഴിവുകളുമായാണ് ജനിക്കുന്നത്. ജനിച്ചതുമുതൽ അവൻ തന്റെ കഴിവുകൾ പ്രകാശിപ്പിക്കാൻ തുടങ്ങും. ആ കഴിവുകൾ പ്രകാശിപ്പിക്കാൻ കൂടുതൽ പ്രയത്നം ആവശ്യമില്ല. ഖുർആനിലെ ഒരു പരാമർശം അതിനെ സാധൂകരിക്കുന്നു:

*അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നല്കിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു.*

*അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നതുമാകുന്നു.*

*അതിന്റെ രക്ഷിതാവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും ഫലം നല്കിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു.* (14: 24-25)

മരം പ്രകൃതിയിലെ ഒരു അതുല്യ പ്രതിഭാസമാണ്. സൃഷ്ടിയുടെ സ്വയം വികസിക്കുന്ന ഒരു പ്രതിഭാസമാണത്. ഒരു മരം പൂർണ്ണമായി ഒരു വിത്തിൽ മറച്ചുവെക്കപ്പെട്ടിരിക്കുകയാണ്. മനുഷ്യനും അതുപോലെത്തന്നെയാണ്. മനുഷ്യൻ ഒരു കുഞ്ഞായി ജനിക്കുന്നു. വിത്തുപോലെ കുഞ്ഞിനുള്ളിൽ വളരാനുള്ള കഴിവുകൾ ഒളിഞ്ഞിരിപ്പുണ്ട്. പ്രദർശിപ്പിക്കാനുള്ള അവസരം നല്കുകയാണെങ്കിൽ അത് വളർന്നുകൊണ്ടേയിരിക്കും. അങ്ങനെ പക്വതയുള്ള ഒരു പൂർണ്ണ മനുഷ്യനായി മാറും.

മനുഷ്യ പുരോഗതിയുടെയും വ്യക്തിത്വത്തിന്റെയും വളർച്ചയെ തടയുന്നതെന്താണ്?

മനുഷ്യന് സമൂഹത്തിൽ ജീവിക്കേണ്ടതായുണ്ട്. അവിടെ അവൻ അനഭിലഷണീയങ്ങളായ സാഹചര്യങ്ങളോട് എതിരിടേണ്ടിവരും. അതവനെ പ്രയാസപ്പെടുത്തും. അവനിൽ ദേഷ്യം, അസൂയ, ശത്രുത, ദുർവിചാരങ്ങൾ എന്നിവ വളർത്തും. അവന്റെ സ്വാഭാവിക വളർച്ചയെ അത് മുരടിപ്പിക്കും. അത്തരം സംഭവ പരമ്പരകളിൽ നിന്ന് രക്ഷപ്രാപിക്കാനുള്ള ഒരൊറ്റ ഉപാധിയേയുള്ളൂ, ക്ഷമ വളർത്തുക. പ്രതികൂല സാഹചര്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അതിൽ നിന്ന് മുക്തി പ്രാപിക്കാൻ പഠിക്കണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നിഷ്കപടമായ ജീവിത കല പഠിക്കാൻ ശ്രമിക്കണം.

എങ്ങനെയാണ് നിഷ്കപടമായ ജീവിതം നയിക്കാൻ സാധിക്കുക?

അതിന്റെ മാർഗം എളുപ്പമാണ്. വെറും 30 സെക്കന്റിന്റെ കാര്യമേയുള്ളൂ. നമ്മൾ ശ്രീ 30 സെക്കന്റ് അല്ലെങ്കിൽ ശ്രീമതി 30 സെക്കന്റ് ആയി മാറണം. ബാക്കി പ്രകൃതി നിർവ്വഹിച്ചുകൊള്ളും.

അനാവശ്യമായ ഏതൊരു സാഹചര്യത്തെ നേരിടേണ്ടിവരുമ്പോഴും നമ്മൾ അക്ഷമരാവുക സാധാരണയാണ്. അതിനെ നിയന്ത്രിച്ചില്ലെങ്കിൽ പൊട്ടിപ്പോകുന്ന അവസ്ഥയിലെത്തും. നമ്മളിലുണ്ടാവുന്ന അനാവശ്യ പ്രതികരണങ്ങളെ നിയന്ത്രിക്കണമെങ്കിൽ നിശ്ശബ്ദത പാലിച്ച് മനസ്സിനെ 30 സെക്കന്റ് ശൂന്യമാക്കുക. തത്ഫലമായി

നമ്മളിൽ ഉടലെടുത്ത വിരുദ്ധ തരംഗം പൊട്ടിപ്പിളർന്ന് അപ്രത്യക്ഷമാകും. അത് ഒരിക്കലും നമ്മുടെ വ്യക്തിത്വത്തിന്റെ ഭാഗമായിത്തീരില്ല.

അത് പരിശീലിക്കുകയാണെങ്കിൽ, ആദ്യത്തെ 30 സെക്കന്റിൽ നമ്മൾ വളരെ അസ്വസ്ഥമായിരുന്നെങ്കിലും അതിനുശേഷം നമ്മൾ പൂർണ്ണമായി സാധാരണ നില പ്രാപിക്കുന്നുവെന്ന് നമ്മൾ തിരിച്ചറിയും. 30 സെക്കന്റിന് ശേഷം നമ്മൾ നമ്മുടെ സാധാരണ മാനസികാവസ്ഥയിലേക്ക് തിരിച്ചുവരും.

ആ തത്ത്വത്തിന്റെ സത്യസന്ധത തിരിച്ചറിയണമെങ്കിൽ നമ്മൾ അത് പരിശീലിക്കണം. ഏറ്റവും ആദ്യത്തെ പരീക്ഷണത്തിൽത്തന്നെ അത് 100 ശതമാനവും വിജയകരമായ തത്ത്വമാണെന്ന് നമുക്ക് ബോധ്യമാകും.

160

# ദൈവഭയം

ജിം കോബർട്ട് (1875 - 1953) ഐതിഹാസികനായ ഒരു ബ്രിട്ടീഷ് നായാട്ടുകാരനായിരുന്നു. 'മാൻ ഈറ്റേഴ്സ് ഓഫ് കുമവൺ' എന്ന വിശ്വവിഖ്യാത ഗ്രന്ഥത്തിന്റെ രചയിതാവ് കൂടിയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ കുമവണിൽ നരഭോജികളായ പുലികളെയും കടുവകളെയും വേട്ടയാടിയ സാഹസികാനുഭവങ്ങളാണ് അതിലെ പ്രതിപാദ്യ വിഷയം. പുലിയുടെ രൗദ്രഭാവത്തെക്കുറിച്ചുള്ള അനുഭവകഥ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു: 'പകൽ വെളിച്ചത്തിൽ പുലിയെ അടുത്തുകാണുമ്പോൾ, അത് നിങ്ങളെ കാണുന്നില്ലെങ്കിലും, നിങ്ങളുടെ രക്തോട്ടം അതിനെ അലോസരപ്പെടുത്തും. എന്നാൽ മനുഷ്യനെ തിന്നുന്ന ഒരു ജീവി രാത്രി പത്തുമണിക്ക് നിങ്ങളെ നിരീക്ഷിക്കുന്നതായി അറിഞ്ഞാൽ നിങ്ങളുടെ രക്തോട്ടം ഒരു കൊടുങ്കാറ്റായിമാറും.'

രക്തത്തിലെ ആ കൊടുങ്കാറ്റ് പുലിയോടുള്ള പേടിമൂലമാണ്. ഒരു സത്യവിശ്വാസിക്ക് ദൈവത്തോട് അതേ പേടിയുടെ സ്വഭാവഗുണമാണുണ്ടാകേണ്ടത്. ഖുർആനിലെ, *അൻഫാൽ* എന്ന അധ്യായത്തിൽ ദൈവഭയത്തെക്കുറച്ച് പറയുന്നു:

*അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെമേൽ ഭരമേല്പിക്കുകയും ചെയ്യുന്നവരാണ് സത്യവിശ്വാസികൾ.* (8:2)

പുലിയോടുള്ള പേടിയും ദൈവത്തോടുള്ള പേടിയും ഒരുപോലെയല്ല. രണ്ടും തമ്മിൽ ഗുണപരമായ വ്യത്യാസങ്ങളുണ്ട്. പുലിപ്പേടി ദുർഭയമാണെങ്കിൽ ദൈവത്തോടുള്ള പേടി സദ്ഭയമാണ്. പുലിയോടുള്ള പേടിയിൽ നന്മയുടെ യാതൊരംശവുമില്ല. എന്നാൽ ദൈവത്തോടുള്ള പേടി നന്മയുടെ പേടിയാണ്. പുലിയോടുള്ള പേടി ഒരു മൃഗത്തോടുള്ള പേടിയാണ്. എന്നാൽ, ദൈവത്തോടുള്ള പേടി എല്ലാവിധ നന്മയും ചൊരിയുന്ന ഒരു ഉണ്മയാകുന്നു. പുലിയോടുള്ള പേടി പേടിക്കുവേണ്ടി മാത്രമാണെങ്കിൽ ദൈവത്തോടുള്ള പേടി മോക്ഷത്തിന്റെയും സ്വർഗത്തിന്റെയും അനശ്വരമായ അനുഗ്രഹങ്ങളുടെയും പേരിലുള്ളതാണ്.

ദൈവത്തോടുള്ള പേടി രൂപത്തിൽ മാത്രമാണ്. ചൈതന്യപരമായി അത് ഏറ്റവും വലിയ സ്നേഹവും ഏറ്റവും വലിയ പ്രതിപത്തിയുമാണ്. ദൈവഭയം തികച്ചും പ്രതീക്ഷയുടെ നിറവാണ്. ദൈവത്തോടുള്ള പേടി നമുക്ക് സ്വർഗവാസത്തിനുവേണ്ടി സൽപ്രവർത്തനങ്ങൾ ചെയ്യാനുള്ള പ്രചോദനം നല്കുന്നു. കാരുണ്യവാനായ ദൈവം എല്ലാ അനുഗ്രഹങ്ങളുടെയും ഖജനാവാണ്. അവൻ മാത്രമാണ് അനുഗ്രഹദാതാവ്. അതേ അവസരത്തിൽ അവൻ അർഹമുർറാഹിമുമാണ്.

*അദ്ദേഹം (മൂസാ) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്കും എന്റെ സഹോദരനും നീ പൊറുത്തുതരികയും, ഞങ്ങളെ നീ നിന്റെ കാരുണ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. നീ പരമ കാരുണികനാണല്ലോ.* (7:51)

അതായത്, കാരുണ്യവാന്മാരിൽ വെച്ച് ഏറ്റവും വലിയ കാരുണ്യവാൻ. നമ്മൾ ദൈവത്തെ തിരിച്ചറിഞ്ഞ് അവന്റെ ഗുണങ്ങൾ മനസ്സിലാക്കുമ്പോൾ അവനോടുള്ള സ്നേഹം നമ്മളിൽ നിറയുന്നു. ദൈവമാണ് അത്യുന്നതൻ, അവനാണ് സർവ്വ ശക്തൻ, അവനാണ് എല്ലാറ്റിന്റെയും രക്ഷാധികാരി എന്ന് നമ്മൾ തിരിച്ചറിയും. രണ്ടുവിധത്തിലുള്ള മനോവികാരങ്ങളുടെ ആ മേളനം, അതായത്, നമുക്ക് ദൈവത്തോടുള്ള ഇഷ്ടവും ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള തിരിച്ചറിവും അതുല്യമായി നമ്മളിൽ പ്രത്യക്ഷപ്പെടുന്നു. ആ വികാരത്തെ വിവരിക്കാൻ നിഘണ്ടുവിലെ മുഴുവൻ വാക്കുകളും അപര്യാപ്തമായിരിക്കും. ആ വികാരം സ്നേഹം കൊണ്ട് നിറഞ്ഞതായിരിക്കും, അതേസമയം ഭയം കൊണ്ടും.

മനുഷ്യരുടെ ഭാഷയിൽ ആ ഉത്കൃഷ്ട ചൈതന്യത്തെ വിവരിക്കാനുള്ള വാക്കുകളില്ല. ഭയത്തിന്റെ രൂപത്തിലാണ് അത് കാണപ്പെടുന്നതെങ്കിലും അതിന്റെ ഉള്ളടക്കം നിർഭയത്തിന്റേതാണ്. ദൈവവിശ്വാസത്തിന്റെ ഏറ്റവും ഉയർന്ന തലമാണത്.

ദൈവബോധമാണ് മനുഷ്യന്റെ ഏറ്റവും ഉയർന്ന വികാര പ്രകടനം. ഒരാൾ ആ ബോധാവസ്ഥയിൽ എത്തിയാൽ തന്റെ വികാരങ്ങളിൽ ആമഗ്നനായി ഓർമ്മയിലുള്ള എല്ലാ പദങ്ങളും മറന്നുപോകും. അതിനെ, സ്നേഹമെന്ന പദം കൊണ്ട് പ്രകടിപ്പിക്കാൻ ശ്രമിക്കുമ്പോൾ തന്റെ വികാരങ്ങൾ ഭയംകൊണ്ട് നിറഞ്ഞതാണെന്ന് അയാൾ കാണും. ആധ്യാത്മിക വികാരങ്ങളുടെ നിഘണ്ടുവിൽ അത്, സമ്പൂർണ്ണാനുഭവം എന്നാകും. എന്നാൽ പദങ്ങളെ സംബന്ധിച്ചാകുമ്പോൾ ഒരു നിഘണ്ടുവിലും ഒരൊറ്റ പദം പോലുമുണ്ടാവില്ല ആ ഉന്നതവികാരം പ്രകടിപ്പിക്കാൻ.

161

# സ്വർഗാവകാശികൾ

ആരാണ് ശാശ്വത സ്വർഗലോകത്തിന് അർഹതപ്പെട്ടവർ?

ഈ ചോദ്യത്തിന് ഉത്തരം നല്കുന്ന വെളിപാടായി ഇറങ്ങിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഖുർആൻ അനുസരിച്ച് പരിശുദ്ധി നേടിയ മനുഷ്യരെ മാത്രമാണ് സ്വർഗത്തിൽ സ്ഥിരതാമസപ്പെടുത്തുക:

*അതായത് താഴ്ഭാഗത്ത് കൂടി നദികൾ ഒഴുകുന്ന, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതാണ് പരിശുദ്ധി നേടിയവർക്കുള്ള പ്രതിഫലം.* (20:76)

*മുസക്ക* എന്ന പദത്തിനർത്ഥം സംസ്കരിച്ച ആത്മാവ് എന്നാണ്. ശുദ്ധാത്മാവായ മനുഷ്യൻ സ്വർഗ സംസ്കാരത്തിനുവേണ്ടി ഒരുങ്ങുന്നവനാണ്. സ്വർഗ സമൂഹത്തിൽ ജീവിക്കാൻ വേണ്ട വ്യക്തിത്വം വികസിപ്പിക്കുന്നവനാണവൻ. സ്വർഗത്തിലേത് ഭാവനാ പരമായ ഒരു സമൂഹമാകുന്നു. സ്വർഗത്തിലെ എല്ലാ വസ്തുക്കളും പൂർണ്ണവും ഉന്നത നിലവാരം പുലർത്തുന്നവയുമായിരിക്കും. മുക്തിനേടിയ വ്യക്തിക്ക് വേണ്ട ഗുണങ്ങൾ ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്:

*സ്വർഗനിവാസികളുടെ ഹൃദയം ദിവ്യമഹത്വത്താൽ നിറക്കപ്പെട്ടതായിരിക്കും.*

*മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം ചെയ്തുകൊണ്ട് സിംഹാസനത്തിന്റെ ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം. അവർക്കിടയിൽ സത്യപ്രകാരം വിധി കല്പിക്കപ്പെടും. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്ന് പറയപ്പെടുകയും ചെയ്യും.* (39:75)

അതാണ് ശുദ്ധീകരിക്കപ്പെട്ട വ്യക്തികളുടെ ഒന്നാമത്തെ ഗുണം. അതായത്, അവർ ഇഹലോകത്തുവെച്ചുതന്നെ ദൈവത്തിന്റെ മഹത്വം തിരിച്ചറിയുകയും, ഹൃദയത്തിന്റെ അടിത്തട്ടിൽ അതിനെ അംഗീകരിക്കുകയും ചെയ്യും. ദൈവത്തെ മഹത്വപ്പെടുത്തുക എന്നത് തിരിച്ചറിവിന്റെ ഫലമായുള്ളതാണ്. അത് അർത്ഥമാക്കുന്നത്, ഒരു വ്യക്തി ധ്യാനത്തിന്റെ സംസ്കാരം സ്വീകരിക്കണം എന്നാണ്. അങ്ങനെ ചിന്തയിലൂടെയും മനനത്തിലൂടെയും ദൈവത്തെ പ്രപഞ്ചത്തിന്റെ അധിപനാ

ണെന്ന് തിരിച്ചറിയണം. ബൗദ്ധികമായ ആ തിരിച്ചറിവ് വളരെ ആഴത്തി ലുള്ളതായിരിക്കണം. അതിന് അയാളുടെ വ്യക്തിത്വത്തിൽ വിപ്ലവാത്മകമായ മാറ്റം സൃഷ്ടിക്കാൻ സാധിക്കണം. അതുവഴി അദ്ദേഹം ഖുർആനിൽ വർണ്ണിച്ച 'റബ്ബാനി' ആയിത്തീരും.

*ഖമർ* എന്ന അധ്യായത്തിലെ, സ്വർഗത്തെക്കുറിച്ചുള്ള വിവരണം കാണുക:

*തീർച്ചയായും ധർമ്മനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും അരുവികളിലുമായിരിക്കും,*

*സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ.* (54: 54,55)

അതുപ്രകാരം സ്വർഗവാസികൾക്ക് സത്യസന്ധതയും ആത്മാർത്ഥതയും പൂർണ്ണാർത്ഥത്തിൽ ഉണ്ടായിരിക്കും. ആ ഉന്നത ഗുണങ്ങൾ കൈവശമുണ്ടെന്ന് തെളിയിക്കുന്നവരെ സ്വർഗപ്രവേശനത്തിന്റെ തിളക്കമാർന്ന പട്ടികയിൽ ഉൾപ്പെടുത്തും.

ഖുർആനിൽ സ്വർഗത്തെ, ദാറുസ്സലാം എന്നാണ് പരാമർശിച്ചിട്ടുള്ളത്. ദാറുസ്സലാമിന് ശാന്തിയുടെ വീട് എന്നാണർത്ഥം. അതുപ്രകാരം സ്വർഗത്തിലെ ഓരോ അംഗവും ആ വാക്കിന്റെ പൂർണ്ണാർത്ഥത്തിൽ സമാധാന പൂർണ്ണനായിരിക്കും. ഇഹലോകത്ത് ഒരാൾ ബൗദ്ധികമായി ഉയർന്ന് സമാധാനത്തോടും അനുകമ്പയോടുംകൂടെ ജീവിച്ചുവെന്ന് തെളിയിച്ചാലേ സ്വർഗപ്രവേശനത്തിന് അയാൾ തെരഞ്ഞെടുക്കപ്പെടുകയുള്ളു. വിദ്വേഷത്തിനും അനീതിക്കും കളമൊരുക്കിയവർക്ക് യാതൊരുവിധ ഒഴികഴിവും ലഭിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.

സ്വർഗത്തിലെ അന്തരീക്ഷത്തെക്കുറിച്ച് ഖുർആനിൽ പറയുന്നത്, 'അവരവിടെ യാതൊരു അനാവശ്യ വാക്കുകളും കേൾക്കുകയില്ല' എന്നാണ്. ആ മാനദണ്ഡത്തിന് അനുസൃതമായി നിലകൊള്ളാത്തവർ സ്വർഗപ്രവേശനത്തിന് അർഹരല്ലെന്ന് പ്രഖ്യാപിക്കപ്പെടും.

*നിസാഅ്* എന്ന അധ്യായത്തിൽ സ്വർഗത്തിലെ ഉദാരമതികളായ ആളുകളെക്കുറിച്ച് പറയുന്നുണ്ട്:

*ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!* (4:69)

അതാണ് ഖുർആനിലെ ചിത്രീകരണം. മുഴുവൻ മനുഷ്യ ചരിത്രത്തിലെയും ഉത്തമ വ്യക്തിത്വങ്ങളുടെ സമാഹരണമായിരിക്കും സ്വർഗ

സമൂഹം എന്നാണ് അത് അർത്ഥമാക്കുന്നത്. വാക്കിന്റെ കണിശമായ അർത്ഥത്തിൽ ആ ഖുർആനിക വചനം വിവരിക്കുന്നത്, സ്വർഗ വാസികൾ ഉയർന്ന നിലവാരത്തിലുള്ള സമൂഹമായിരിക്കും എന്നാണ്. പ്രസ്തുത സമൂഹത്തിലെ ഓരോ അംഗവും ഉദാത്ത സ്വഭാവ ഗുണങ്ങ ളുടെ വക്താക്കളായിരിക്കും. നല്ല ചിന്ത, ശാന്ത സ്വഭാവം, ഉദാരമായ പെരുമാറ്റം, സത്യസന്ധത, ആത്മാർത്ഥത, സൗമ്യമായ വ്യക്തിത്വം എന്നിവയായിരിക്കും അവരുടെ സ്വഭാവ ഗുണങ്ങൾ. അവർ ചിന്തക ളിൽ ആദർശവാദികളും പെരുമാറ്റത്തിൽ പൂർണ്ണതാ വാദികളുമായിരി ക്കും. ഓരോ വ്യക്തിയും ദൈവിക പൂന്തോട്ടത്തിലെ സുന്ദരമായ പൂക്ക ളെപ്പോലെയായിരിക്കും.

ഇഹലോകത്ത് അത്തരം വ്യക്തിത്വം വികസിപ്പിച്ചെടുത്തവർ തങ്ങളുടെ സമൂഹത്തിലെ യോഗ്യരായ അംഗങ്ങളായിരിക്കും. ഈ ലോകത്ത് സ്വയം യോഗ്യത നേടിയവർക്കേ സ്വർഗ പ്രവേശനം സാധ്യമാകൂ.

സ്വർഗം ആരുടെയും ജന്മാവകാശമല്ല. ഒരാൾക്ക് ശുപാർശ കൊണ്ടോ സാമർത്ഥ്യം കൊണ്ടോ അതിൽ പ്രവേശിക്കാനാവില്ല. സ്വ ർഗത്തിലേക്കുള്ള പ്രവേശനം പൂർണ്ണമായും തെരഞ്ഞെടുപ്പിലൂടെ യാണ്. ആ തെരഞ്ഞെടുപ്പ് പരലോകത്തുവെച്ച് ദൈവമല്ലാതെ മറ്റാ രുമല്ല നിർവ്വഹിക്കുക. ആ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്:

*മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല.* (53:39)

യോഗ്യത നേടിയവർക്ക് മാത്രമേ സ്വർഗത്തിൽ പ്രവേശനം കണ്ടെ ത്താനാകൂ. സ്വർഗം ഉത്തമമായൊരു ലോകമാണ്. ഉത്തമ സ്വഭാവമു ള്ളവർക്കേ അതിൽ പ്രവേശനം കണ്ടെത്താനാകൂ.

162

# പ്രയാസങ്ങൾ ഒരനുഗ്രഹം

ഇ-മെയിലിൽ എനിക്കൊരു ചോദ്യം ലഭിച്ചു. അതിലെ ഉള്ളടക്കം ഇങ്ങനെയായിരുന്നു: 'ഞാൻ ദൈവത്തോട് പലപ്പോഴും ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്: എന്റെ പ്രിയപ്പെട്ടവരെയും കുടുംബത്തെയും നീ സന്തോഷത്തിലാക്കണമേ... അവരുടെ പ്രയാസങ്ങൾ എന്റെ ജീവിതത്തിലേക്ക് മാറ്റണമേ... അവർക്ക് ജീവിതത്തിൽ യാതൊരുവിധ ബുദ്ധിമുട്ടുകളും കൊടുക്കരുതേ... എല്ലാ ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കാൻ ഞാൻ തയ്യാറാണ്, അവരെ സന്തോഷവാന്മാരും ഐശ്വര്യമുള്ളവരുമായി എപ്പോഴും കാണമാറാകണേ...' ഈ പ്രാർത്ഥന ഖുർആനിന് വിരുദ്ധമാണോ?

അത്തരം പ്രാർത്ഥനകൾ ഖുർആന്റെ ആദർശത്തിന് യോജിച്ചതല്ല. കാരണം, അത് ദൈവത്തിന്റെ സൃഷ്ടിപദ്ധതിക്ക് എതിരാണ്. ഒരു മനുഷ്യൻ എത്രതന്നെ പ്രാർത്ഥിച്ചാലും ദൈവത്തിന്റെ സൃഷ്ടിപദ്ധതിക്കെതിരായുള്ള ഏതൊരു പ്രാർത്ഥനയും സ്വീകരിക്കപ്പെടില്ല. ഖുർആനിലെ, *ഫാത്വിർ* എന്ന അധ്യായത്തിൽ അത് വ്യക്തമാക്കുന്നുണ്ട്:

*പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ഏറ്റെടുക്കുകയില്ല. ഭാരം കൊണ്ട് ഞെരുങ്ങുന്ന ഒരാൾ തന്റെ ചുമട് താങ്ങുവാൻ (ആരെയെങ്കിലും) വിളിക്കുന്ന പക്ഷം അതിൽ നിന്ന് ഒട്ടും തന്നെ ഏറ്റെടുക്കപ്പെടുകയുമില്ല.* (35:18)

കുടുംബനന്മയെക്കുറിച്ച് രക്ഷിതാക്കൾക്കുണ്ടാകുന്ന ഉത്കണ്ഠയാണ് ഉദ്ധരിച്ച പ്രാർത്ഥന. അവരുടെ പരലോക നന്മയെക്കുറിച്ചാണ് യഥാർത്ഥത്തിൽ അവർ ഉത്കണ്ഠപ്പെടേണ്ടത്. ആദ്യമായി ഒരു വിശ്വാസി പരലോക വിജയത്തിനുതകുന്ന ജീവിതശൈലി സ്വീകരിക്കണം. അതിനെതിരായുള്ള ഏത് പ്രവർത്തനവും ദൈവകോപം വിളിച്ചുവരുത്തുകയേയുള്ളൂ. ഖുർആനിലെ, *അഅ്ലാ* എന്ന അധ്യായത്തിലെ രണ്ടു വചനങ്ങൾ കാണുക:

*പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും.* (87: 16,17)

അത്തരത്തിലുള്ള പ്രാർത്ഥനകൾ വിവേകത്തിന് എതിരാണ്. പ്രകൃതിനിയമമനുസരിച്ച് ബുദ്ധിമുട്ടുകൾ പ്രശ്നമായെടുക്കാതെ അതിനെ അനുഗ്രഹമായി പരിഗണിക്കണം. വളരെ പ്രചാരം സിദ്ധിച്ച ഒരു ചൊല്ലുണ്ട്: 'എളുപ്പമല്ല, എന്നാൽ പ്രയത്നമാണ്; സൗകര്യമല്ല, എന്നാൽ ബുദ്ധിമുട്ടാണ് ഒരാളെ മനുഷ്യനാക്കുന്നത്.'

പ്രകൃതി നിയമമനുസരിച്ചുള്ളതാണ് ആ ചൊല്ല്. പ്രകൃതി നിയമമനുസരിച്ച് ബുദ്ധിമുട്ടുകളാണ് വ്യക്തിത്വത്തെ വാർത്തെടുക്കുന്നതിന്റെ ശരിയായപാഠ്യപദ്ധതി. ബുദ്ധിമുട്ട് ഒരു ശാപമല്ല, അത് വിജയത്തിലേക്കുള്ള ഒരു ചവിട്ടുപടിയാണ്.

ജനങ്ങൾ ബുദ്ധിമുട്ടുകളെ പ്രയാസമായി കാണുന്നു എന്നതാണ് പ്രശ്നം. അതൊരു വെല്ലുവിളിയാണ്. ബുദ്ധിമുട്ട് ചീത്ത പദവും, വെല്ലുവിളി നല്ല പദവുമാണ്. വെല്ലുവിളി നമ്മെ ഉത്തേജിപ്പിക്കും. നമ്മുടെ കഴിവുകളെ പുറത്തെടുപ്പിക്കും. സർഗശേഷിയെ പരിപോഷിപ്പിക്കും. ചുരുക്കത്തിൽ വെല്ലുവിളികൾ ഒരു മനുഷ്യനെ ഉന്നത വ്യക്തിയായി പരിവർത്തിപ്പിക്കും. ഒരു വെല്ലുവിളി നേരിടുമ്പോൾ നമ്മൾ നമ്മുടെ ബുദ്ധിവികാസത്തെ പരിപോഷിപ്പിക്കുകയാണ് ചെയ്യുന്നത്. ബൗദ്ധിക വികസനമാണ് എല്ലാ വിധത്തിലുമുള്ള വിജയത്തിന്നാധാരം.

ദുരിതങ്ങളെ വെല്ലുവിളികളായിട്ടെടുക്കുക. നമ്മൾ വിനാശകരമായി കണ്ടത് നമുക്ക് യഥാർത്ഥത്തിൽ ഒരു അനുഗ്രഹമായിരുന്നുവെന്ന് വേഗത്തിൽ തിരിച്ചറിയും.

163

# ദൈവം കൂടെയുണ്ട്

എ.ഡി 610-ലാണ് പ്രവാചകൻ ഇസ്‌ലാമിക ദൗത്യം മക്കയിലാരംഭിച്ചത്. പതിമൂന്ന് വർഷത്തിനുശേഷം അദ്ദേഹം മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്യാനും അവിടെ സ്ഥിരതാമസമാക്കാനും നിർബ്ബന്ധിതനായി. 400 കിലോമീറ്ററോളം ദൂരമുള്ള, വളരെ പ്രയാസകരമായ ഒരു യാത്രയായിരുന്നു അത്. യാത്രക്കിടയിൽ ഒരു ഗുഹയിൽ ഒളിഞ്ഞിരിക്കേണ്ടിയും വന്നു. പ്രവാചകന്റെ സന്തത സഹചാരിയായിരുന്ന അബൂബക്കർ ആയിരുന്നു കൂടെയുണ്ടായിരുന്നത്. ശത്രുക്കൾ ഗുഹാ കവാടത്തിനടുത്തെത്തി. അബൂബക്കർ പേടിച്ചുവിറച്ചു. അദ്ദേഹം പറഞ്ഞു: 'അവർ ഇവിടെയുമെത്തി!'

അബൂബക്കറിനോടുള്ള പ്രവാചകന്റെ പ്രതികരണം ഖുർആനിലെ, *തൗബ* എന്ന അധ്യായത്തിൽ കാണാം:

*നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യ നിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നല്കുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നുനിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.* (9:40)

അത് പ്രവാചകന്റെ മാത്രം കഥയല്ല. മുഴുവൻ വിശ്വാസീ സമൂഹത്തിനും ഗുണപാഠമാണ്. നമ്മൾ ഒരു ദിവ്യദൗത്യം പൂർണ്ണാർത്ഥത്തോടും അർപ്പണ ബോധത്തോടുംകൂടി ഏറ്റെടുക്കുകയാണെങ്കിൽ കാരുണ്യവാനായ ദൈവത്തിന്റെ അനുഗ്രഹം നമുക്ക് ലഭിക്കുമെന്നാണ് അതിനർത്ഥം.

അത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ദൈവം നമ്മെ ഒരിക്കലും തനിച്ചാക്കില്ല.

നമ്മൾ ഒരു ദിവ്യദൗത്യത്തിൽ ഇടപെടാൻ ശ്രമിക്കുന്നുണ്ടെങ്കിൽ ബാഹ്യ ഇടപെടലുകളെ കണക്കിലെടുക്കരുത്. നമ്മുടെ സ്വന്തം താത്പര്യം മാത്രം പരിഗണിക്കുക. ദൗത്യത്തോട് നമുക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ അതിനെ പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുക. ദൈവം തീർച്ചയായും നമ്മെ സഹായിക്കും. ദൃഢവിശ്വാസം ഉണ്ടായിരിക്കണമെന്ന് മാത്രം.

## 164

# രജതരേഖ

ബ്രിട്ടീഷ് ചരിത്രകാരൻ ആർണോൾഡ് ജെ ടോയിൻബി (1889 - 1975) 12 വാല്യങ്ങളിലായി 1934 - 61 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച, *എ സ്റ്റഡി ഓഫ് ഹിസ്റ്ററി* എന്ന പ്രശസ്ത കൃതിയിലൂടെയാണ് പ്രസിദ്ധി കൈവരിച്ചത്. ആ കൃതിയിൽ സംസ്കാരങ്ങളുടെ വളർച്ചയും അതിന്റെ ശൈഥില്യവും അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. ചരിത്രത്തിന്റെ വെളിച്ചത്തിൽ 26 സംസ്കാരങ്ങൾ അദ്ദേഹം പരിശോധനയ്ക്ക് വിധേയമാക്കി.

അദ്ദേഹത്തിന്റെ വിശകലനപ്രകാരം, ചരിത്രത്തെ നിയന്ത്രിക്കുന്നത് പ്രകൃതി നിയമമാണ്. പ്രകൃതിനിയമം വെല്ലുവിളികളും പ്രതികരണങ്ങളും എന്ന പ്രക്രിയയിൽ ഊന്നിയതാണ്. അതുപ്രകാരം, എല്ലാ സംസ്കാരങ്ങളും ന്യൂനപക്ഷ സമൂഹത്താൽ സൃഷ്ടിക്കപ്പെട്ടവയാണ്.

ന്യൂനപക്ഷം എപ്പോഴും ചരിത്ര ഘടകങ്ങളുടെ സ്വാധീനത്തിൽപ്പെടുന്നു. ആ സ്വാധീനം ന്യൂനപക്ഷ സമുദായത്തിന്റെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും സൃഷ്ടിപരതയുള്ള ഒരു സമൂഹമായി ആവിർഭവിക്കുകയും ചെയ്യുന്നു. സംസ്കാരങ്ങൾ ന്യൂനപക്ഷത്തിന്റെ സൃഷ്ടിപരമായ പ്രയത്നങ്ങളുടെയും പോരാട്ടങ്ങളുടെയും ഫലമായുള്ളതാണ്.

സൃഷ്ടിപരതയുള്ള ന്യൂനപക്ഷം ആവിർഭവിക്കാൻ പ്രകൃതി നിയമം മാത്രം മതിയാവില്ല. വിവേകമുള്ള ഒരു നേതൃത്വം അതിന് ആവശ്യമാണ്. ന്യൂനപക്ഷം എപ്പോഴും ഭൂരിപക്ഷത്തിന്റെ സമ്മർദ്ദത്തിൻ കീഴിലാണ്. അത് സ്വാഭാവികമാണ്. അതിൽനിന്ന് തെന്നിമാറാൻ ഒഴികഴിവുകളില്ല. ഗുരുതരമായ അവസ്ഥാവിശേഷമാണത്. ആ സന്ദർഭം ന്യൂനപക്ഷത്തിന്റെ നേതൃത്വത്തെ പരീക്ഷണ വിധേയമാക്കുന്നു. ന്യൂനപക്ഷ നേതൃത്വം ഭൂരിപക്ഷ സമ്മർദ്ദത്തിനെതിരെ സമര മുറ സ്വീകരിച്ചാൽ അത് ന്യൂനപക്ഷ ദുരന്തത്തിലായിരിക്കും കലാശിക്കുക. അത്തരത്തിലുള്ള നേതൃത്വം ജനങ്ങൾക്ക് ഗുണപരമായി ഒന്നും നല്കുകയില്ല. ഒരു അറബി കവിതയിൽ ആ നേതൃത്വത്തെ പരിഹസിക്കുന്നത് ഇങ്ങനെയാണ്: 'കഴുത ഒരു രാഷ്ട്രത്തിന്റെ നേതാവാവുകയാണെങ്കിൽ അത് അവിടുത്തെ ജനങ്ങളെ ദാരുണമായ അന്ത്യത്തിലേക്ക് നയിക്കും.'

ഇതിന്റെ മറ്റൊരുവശം ന്യൂനപക്ഷം ഭൂരിപക്ഷത്തിന് കീഴിലുള്ളപ്പോൾ അവർക്ക് പ്രശ്നങ്ങൾ നേരിടേണ്ടിവരുമ്പോൾ നേതാക്കൾ അവരെ നന്മയിലേക്ക് നയിക്കുമെന്നതാണ്. ന്യൂനപക്ഷ നേതാക്കാൾ അതിലെ ജനങ്ങളോട്, 'ഇപ്പോൾ നമ്മൾ നേരിടുന്ന സാഹചര്യം ഒരു പ്രശ്നമേയല്ല, അതൊരു വെല്ലുവിളി മാത്രമാണ്. നമ്മൾ നമ്മുടെ എല്ലാ ശേഷിയും ഉപയോഗിച്ച് ആ വെല്ലുവിളിയെ നേരിടാൻ ശ്രമിക്കുക' എന്ന് പറയണം. അത്തരത്തിലുള്ള ഉന്നത നേതൃത്വം അതിലെ ജനങ്ങൾക്ക് ശരിയായ ദിശ നല്കും. അതുവഴി അവർ സമർപ്പിക്കുന്ന പരാതികൾക്ക് പകരം അധ്വാനത്തിന്റെ വഴികൾ തേടും. ഉന്നത നേതൃത്വമാണ് എപ്പോഴും അതിലെ ജനങ്ങളെ ശരിയായ ദിശയിലേക്ക് നയിക്കുക. അങ്ങനെ പുതിയ സംസ്കാരം ഉടലെടുക്കും.

ഈ പ്രകൃതി നിയമം അർത്ഥമാക്കുന്നത്, ന്യൂനപക്ഷം എപ്പോഴും ഗുണപരമായ അവസ്ഥയിലാണെന്നാണ്. അവർക്ക് ഭൂരിപക്ഷത്തെ മറികടക്കാം. ഓരോ ന്യൂനപക്ഷവും കഴിവിന്റെ അടിസ്ഥാനത്തിൽ ലോകത്തിന് എന്തെങ്കിലും സമ്മാനിക്കാൻ കെല്പുള്ളവരാണ്. അതായത്, ഒരു പുതിയ സംസ്കാരം സംഭാവന ചെയ്യാൻ കഴിവുറ്റവരാണ്.

ഈ പ്രകൃതിനിയമമാണ് ഖുർആനിലെ *ബഖറ* എന്ന അധ്യായത്തിൽ ഇങ്ങനെ പരാമർശിക്കുന്നത്:

*തങ്ങൾ അല്ലാഹുവുമായി കണ്ടുമുട്ടേണ്ടവരാണ് എന്ന വിചാരമുള്ളവർ പറഞ്ഞു: എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ അനുമതിയോടെ വലിയ സംഘങ്ങളെ കീഴ്പെടുത്തിയിട്ടുള്ളത്! അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.* (2:249)

ഉദ്ധരിച്ച വചനത്തിലെ 'അനുമതി' ഒരു പ്രാപഞ്ചിക നിയമത്തെപ്പറ്റി പരാമർശിക്കുന്നു. ഈ പ്രാപഞ്ചിക നിയമമാണ് വിവേകമുള്ളതും ഉന്നതപദവി അലങ്കരിക്കുന്നതുമായ നേതൃത്വമുള്ള ന്യൂനപക്ഷത്തിന് സൃഷ്ടിപരതയുള്ള ന്യൂനപക്ഷമായി മാറാനുള്ള ഉത്തേജനം നൽകുന്നത്.

## 165

# അന്ത്യയാത്ര

അമേരിക്കയിലെ പ്രശസ്തനായ സുവിശേഷ പ്രാസംഗികൻ ബില്ലി ഗ്രഹാം (ജനനം: 1918) തന്റെ ഒരു ജീവിതാനുഭവം വിവരിക്കുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഒരു അമേരിക്കൻ രാഷ്ട്രതന്ത്രജ്ഞനിൽ നിന്ന്, അത്യാവശ്യമായി കാണണമെന്ന സന്ദേശം ലഭിച്ചു. സന്ദേശം ലഭിച്ച ഉടനെ ബില്ലി ഗ്രഹാം മറ്റ് പരിപാടികളെല്ലാം മാറ്റിവെച്ച് അദ്ദേഹത്തെ കാണാൻ ചെന്നു. രാഷ്ട്രതന്ത്രജ്ഞന്റെ കൊട്ടാരസദൃശമായ ഭവനത്തിലെ ഒരു മുറിയിൽ അവർ രണ്ടുപേരും അഭിമുഖമായി ഇരുന്നു. അദ്ദേഹം ബില്ലി ഗ്രഹാമിനോട് ഗൗരവപൂർവ്വം പറഞ്ഞു: 'നോക്കൂ, ഞാനൊരു വൃദ്ധനാണ്. ജീവിതം എല്ലാ അർത്ഥത്തിലും അവസാനിക്കാറായി. അജ്ഞാതമായ ഒരിടത്തേക്ക് പോകാൻ ഞാൻ തയ്യാറായിരിക്കുകയാണ്. യുവാവേ, താങ്കൾക്ക് പ്രതീക്ഷയുടെ ഒരു കിരണമെങ്കിലും നല്കാൻ കഴിയുമോ?' (*ദി സീക്രട്സ് ഓഫ് ഹാപ്പിനെസ്,* ബില്ലി ഗ്രഹാം, പുറം: 2)

അതൊരു സാധാരണ ചോദ്യമാണ്. ഓരോ സ്ത്രീയിലും പുരുഷനിലും ബോധപൂർവ്വമോ അല്ലാതെയോ അതേ ചോദ്യമുണ്ടാവും. അതിനാണ് ഓരോ മനുഷ്യന്റെയും ആദ്യത്തെ പരിഗണന. അതിന്റെ ശരിയായ ഉത്തരം ലഭിക്കണമെങ്കിൽ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ച് അറിയണം. ദൈവമാണ് ഈ ലോകത്തിന്റെ സ്രഷ്ടാവ്. സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയെക്കുറിച്ച് മനസ്സിലാക്കിയാലേ ആ ചോദ്യത്തിന് ശരിയായ ഉത്തരം നല്കാൻ കഴിയൂ.

ദൈവത്താൽ സംരക്ഷിക്കപ്പെട്ടുപോരുന്ന ഖുർആൻ അതിനുള്ള ഉത്തരം നല്കുന്നു. ഖുർആൻ അനുസരിച്ച്, മനുഷ്യൻ ഒരു ശാശ്വത ജീവിയായിട്ടാണ് ജനിച്ചത്. അവന്റെ ജീവിതത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു, മരണത്തിന് മുമ്പും മരണത്തിന് ശേഷവും. മരണത്തിനു മുൻപുള്ള കാലം വളരെ ചെറുതും, മരണത്തിന് ശേഷമുള്ള കാലം ശാശ്വതവുമാണ്.

ഓരോരുത്തർക്കും പല പല ആഗ്രഹങ്ങളാണ്. അവയൊന്നും പൂർത്തീകരിക്കാനാവില്ലല്ലോ എന്ന തോന്നലാണ് എല്ലാവർക്കും.

മനുഷ്യ പ്രകൃതം അനുസരിച്ച്, ആഗ്രഹങ്ങൾ സഫലമാക്കാൻ കഴിയുന്ന ലോകമാണ് അവന് ആവശ്യം. അതിനുകാരണം, ഈ ലോകം പരിമിതികളുടേതാണ്. ഇവിടെ ഗുണകരമല്ലാത്ത കാര്യങ്ങളുണ്ട്. അത് കാണിക്കുന്നത്, മനുഷ്യന്റെ ആഗ്രഹങ്ങൾ സഫലീകരിക്കണമെന്ന സ്വഭാവവും അത് സാധ്യമാക്കാൻ പറ്റാത്ത ലോകവും തമ്മിലുള്ള വൈരുധ്യമാണ്. ഇഹലോകം അതിൽ പരാജയപ്പെട്ടുപോകുന്നു. സർ ജയിംസ് ജീൻസ് തന്റെ *ദി മിസ്റ്റീരിയസ് യൂനിവേഴ്സ്* (നിഗൂഢ പ്രപഞ്ചം) എന്ന പുസ്തകത്തിൽ അക്കാര്യം വ്യക്തമാക്കുന്നത് നോക്കുക: 'മനുഷ്യൻ തനിക്കാവശ്യമില്ലാത്ത ഒരു ലോകത്തേക്ക് വഴിതെറ്റിപ്പോയിരിക്കുന്നു.'

ഖുർആൻ അനുസരിച്ച്, ഇഹലോകം മനുഷ്യന്റെ സ്ഥിരതാവളമല്ല. സ്ഥിര താവളം പരലോകമാണ്. ദൈവികപദ്ധതി പ്രകാരം മരണത്തിന് മുൻപുള്ള ജീവിതകാലം അവൻ തന്റെ വ്യക്തിത്വത്തെ സ്വർഗ പ്രവേശനത്തിന് യോഗ്യതയുള്ളതാക്കി പാകപ്പെടുത്തിയെടുക്കണം.

സ്ഥിര താവളം അല്ലെങ്കിൽ സ്വർഗം അക്ഷരാർത്ഥത്തിൽ മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ പൂർണ്ണ പ്രാപ്തിയുള്ളതാണ്.

മനുഷ്യൻ സ്വതന്ത്രനായാണ് ജനിക്കുന്നത്. സ്വർഗപ്രവേശനത്തിനുവേണ്ട ഉപാധി ദൈവം നല്കിയ സ്വാതന്ത്ര്യത്തെ ശരിയാംവണ്ണം ഉപയോഗിക്കലും, അതിന്റെ എല്ലാ തരത്തിലുമുള്ള ദുരുപയോഗം തടയലുമാണ്.

ആരാണ് ആ സ്വാതന്ത്ര്യം ശരിയാംവണ്ണം ഉപയോഗിച്ചത്, ആരാണ് അതിനെ ദുരുപയോഗം ചെയ്തത് എന്നിവയാണ് ദൈവത്തിന്റെ തീരുമാനത്തിനുള്ള മാനദണ്ഡം. *തീൻ* എന്ന അധ്യായത്തിലെ ഏതാനും സൂക്തങ്ങൾ പരാമർശിക്കുന്നത് സന്ദർഭോചിതമായിരിക്കും:

*തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു.*

*പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു.*

*വിശ്വസിക്കുകയും സത്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. എന്നാൽ അവർക്കാകട്ടെ മുറിഞ്ഞ് പോകാത്ത പ്രതിഫലമുണ്ടായിരിക്കും.*

*എന്നിരിക്കെ ഇതിന് ശേഷം പരലോകത്തെ പ്രതിഫല നടപടിയുടെ കാര്യത്തിൽ (നബിയേ,) നിന്നെ നിഷേധിച്ചു തള്ളാൻ എന്ത് ന്യായമാണുള്ളത്?*

*അല്ലാഹു വിധികർത്താക്കളിൽ വെച്ച് ഏറ്റവും വലിയ വിധികർത്താവല്ലയോ?* (95: 4-8)

മനുഷ്യൻ പൂർണ്ണ വ്യക്തിത്വത്തോടെയാണ് ജനിക്കുന്നതെങ്കിലും അവന്റെ ഇപ്പോഴത്തെ വാസ സ്ഥലം, ഭൂമി എന്ന ഗ്രഹം അപൂർണ്ണമാണ്. ആ വൈജാത്യം മൂലം ഭൂമിയിലെ മനുഷ്യാവസ്ഥ കരയിലെടുത്തിട്ട മത്സ്യത്തെപ്പോലെയാണ്. ബൗദ്ധികമായി ഉയർന്ന തലത്തിലാണ് വർത്തമാന ലോക രൂപകല്പന. മനുഷ്യ പ്രകൃതിയും മനുഷ്യന്റെ ആഗ്രഹങ്ങളെ സഫലമാക്കാൻ വേണ്ട വർത്തമാന ലോക പരിമിതികളും തമ്മിലുള്ള വൈജാത്യം മനുഷ്യന് ഒരു സുസ്ഥിര വാസസ്ഥാനം ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു. ആ സ്ഥിരതാവളമാണ് സ്വർഗം. അതിലേക്ക് യോഗ്യരാണെന്ന് തെളിയിക്കുന്ന സ്ത്രീപുരുഷന്മാർക്ക് മാത്രമേ പ്രവേശനം ലഭിക്കുകയുള്ളൂ. ഭൂമി ഗ്രഹം ആ തെരഞ്ഞെടുപ്പിനുള്ള ഇടമാണ്.

ഖുർആനിലെ, ഫുസ്സിലത്ത് എന്ന അധ്യായത്തിൽ സ്വർഗത്തെക്കുറിച്ച് പരാമർശിക്കുന്നത് ഇപ്രകാരമാണ്:

*ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും.* (41:31)

ഖുർആൻ സ്വർഗക്കാഴ്ചകളെ വ്യക്തമാക്കുന്നതോടൊപ്പം തന്നെ മനുഷ്യന് മാർഗദർശനവും നല്കുന്നു:

*ഇതുപോലെയുള്ളതിന് വേണ്ടിയാകട്ടെ പ്രവർത്തകന്മാർ പ്രവർത്തിക്കുന്നത്.* (37:61)

## 166

# മരണാനന്തര ജീവിതം

2013 ഡിസംബർ 6-ാം തീയതി പ്രഭാത വാർത്തകൾക്കായി ഞാൻ റേഡിയോ ഓൺ ചെയ്തതായിരുന്നു. പെട്ടെന്ന് നെൽസൺ മണ്ടേല യുടെ മരണവാർത്ത ബ്രെയിക്കിങ് ന്യൂസായി അറിയിപ്പ് വന്നു. അതി നടുത്ത നിമിഷം തന്നെ, മണ്ടേല ദക്ഷിണാഫ്രിക്കയിലെ രാഷ്ട്രപതി എന്ന നിലയിൽ 1994 മെയ് 10-ാം തീയതി പാർലമെന്റിൽ നടത്തിയ പ്രസംഗം പ്രക്ഷേപണം ചെയ്യപ്പെട്ടു. ഭൗതികമായി ആ പ്രാസംഗി കൻ അപ്പോൾ ഇല്ല. എങ്കിലും അദ്ദേഹത്തിന്റെ ശബ്ദം മാറ്റങ്ങളൊന്നു മില്ലാതെ എല്ലാവർക്കും കേൾക്കാൻ കഴിയുന്നു.

2013 നവംബർ 12-ാം തീയതിയിലും അതുപോലുള്ള ഒരു അനു സ്മരണമുണ്ടായി. മഹാത്മാഗാന്ധി അന്തരിച്ചിട്ട് 68 വർഷമായെങ്കി ലും അദ്ദേഹത്തിന്റെ ശബ്ദം റേഡിയോവിലൂടെ ഞാൻ ശ്രവിച്ചു. ഹരി യാനയിലെ ഒരു ക്യാമ്പിൽ ഒരുമിച്ചുകൂടിയ 2 ലക്ഷത്തോളംവരുന്ന പാക്കിസ്ഥാൻ അഭയാർത്ഥികളെ അഭിസംബോധന ചെയ്തുകൊണ്ട് 1947 നവംബർ 12-ാം തീയതി ആൾ ഇന്ത്യാ റേഡിയോയിൽ ഗാന്ധിജി ചെയ്ത പ്രസംഗമായിരുന്നു അത്. ആ പ്രസംഗം ആൾ ഇന്ത്യാ റേഡിയോ എല്ലാ കൊല്ലവും നവംബർ 12-ാം തീയതി സംപ്രേഷണം ചെയ്യാറുണ്ട്.

അത്തരത്തിലുള്ള അനുഭവങ്ങൾ സാധാരണമാണ്. ഒരാൾ മരണ പ്പെട്ടെങ്കിലും അയാളുടെ ശബ്ദത്തിലൂടെ അയാൾ ഇപ്പോഴും ജീവി ക്കുന്നുവെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ശബ്ദം മനുഷ്യവ്യക്തിത്വത്തി ന്റെ ഭാഗമാണ്. അപ്പോൾ നമ്മുടെ വ്യക്തിത്വത്തിന്റെ ഒരു ഭാഗം മരണ ത്തിന് ശേഷവും നിലനിൽക്കുമെങ്കിൽ എന്തുകൊണ്ട് മുഴുവൻ വ്യക്തി ത്വത്തിനും നിലനിന്നുകൂടാ.

നിഘണ്ടുപ്രകാരം മരണം ശാശ്വത അന്ത്യമാണ്. എന്നാൽ ഖുർആൻ അനുസരിച്ച്, മനുഷ്യജീവിതം അനന്തമാണ്. മരണം ആ യാത്രയിലെ ഒരു ഘട്ടം മാത്രം. മറ്റ് കാരണങ്ങൾ കൂടാതെ മരണാന ന്തര ജീവിതം നമുക്ക് സമ്മാനിക്കപ്പെടുന്നു. ഖുർആൻ ആ ആശയം, *ദാരിയാത്ത്* എന്ന അധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്:

*എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും രക്ഷിതാവിനെ തന്നെയാണെ സത്യം, നിങ്ങൾ സംസാരിക്കുന്നു എന്നതുപോലെ തീർച്ചയായും ഇത് സത്യമാകുന്നു.* (51:23)

സംസാരം മനുഷ്യന്റെ ഒരു ഭാഗമാണ്. ആധുനിക സാങ്കേതിക വിദ്യയിലൂടെ ഒരാളുടെ സംസാരത്തെ ആവർത്തിപ്പിക്കാം. സംസാരം ആവർത്തിപ്പിക്കാമെങ്കിൽ വ്യക്തിത്വവും ആവർത്തിപ്പിക്കാം. കഴിഞ്ഞ നൂറ്റാണ്ടുകളിൽ അത് ഒരു അവകാശം മാത്രമാണെങ്കിൽ ഇന്ന് അതൊരു തെളിയിക്കപ്പെട്ട വസ്തുതയാണ്.

ആ ആശയത്തെ പിന്താങ്ങുന്ന, ജീവശാസ്ത്രപരമായ ഒരു പ്രതിഭാസമുണ്ട്. മൈക്രോസ്കോപ്പിലൂടെ കാണാവുന്ന പത്തുലക്ഷം കോടി കോശങ്ങളാൽ നിർമ്മിതമാണ് മനുഷ്യശരീരം. നമ്മുടെ ശരീരത്തിലെ ഓരോ കോശവും 7 മുതൽ 10 കൊല്ലംകൊണ്ട് പുനഃസ്ഥാപിക്കപ്പെടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 90 വയുള്ള ഒരാളുടെ ശരീരം 9 തവണ പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ വ്യക്തിത്വം മാറ്റമില്ലാതെ സ്ഥിരമായി നിൽക്കുന്നു. അപ്പോൾ ആ 9 മരണത്തിൽക്കൂടിയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മാറ്റമില്ലാതെ നിലനിൽക്കാമെങ്കിൽ എന്തുകൊണ്ട് പത്താമത്തെ പ്രാവശ്യം ഭൗതിക ശരീരം മരിക്കുമ്പോൾ അത് മരിക്കണം? ഒരു തത്ത്വ ചിന്തകൻ ആ യാഥാർത്ഥ്യത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരുന്നു: 'മാറ്റത്തിലെ മാറ്റമില്ലാത്ത അവസ്ഥയാണ് വ്യക്തിത്വം.'

മരണം ഈ ലോകജീവിതത്തിൽ നിന്ന് അടുത്ത ലോകത്തേക്കുള്ള ഒരു കവാടം പോലെയാണ്. മരണം, ഇതിനുശേഷം വേറൊരു ലോകമുണ്ടെന്ന യാഥാർത്ഥ്യത്തിന്റെ ഓർമ്മപ്പെടുത്തലാണ്. അടുത്ത ലോകത്ത് നല്ലൊരു സ്ഥാനം ലഭിക്കാനായി നമ്മൾ തീർച്ചയായും സ്വയം ഒരുങ്ങേണ്ടിയിരിക്കുന്നു.

## 167

# ശുഭചിന്തയുടെ അത്ഭുതസിദ്ധി

ബ്രിട്ടണിൽ നിന്ന് ഒരു നല്ല വാർത്തയുണ്ട്. 2013 മെയ് 22-ാം തീയതി തെക്കുകിഴക്കൻ ലണ്ടനിലെ വൂൽവിച്ചിൽ വെച്ച് 2 മുസ്‌ലിംകൾ ഒരു പട്ടാളക്കാരന്റെ കഴുത്തറുത്തു. അനന്തരഫലമായി ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ചില വിദ്വേഷ പ്രതിഷേധങ്ങളുണ്ടായി. പ്രത്യക്ഷത്തിൽ അതൊരു ദാരുണ സംഭവം ആയിരുന്നെങ്കിലും അത് സന്തോഷകരമായ അനുഭവമായിമാറി. യോക്കിലെ, ബുൾലൈൻ എന്ന സ്ഥലത്തുള്ള മുസ്‌ലിം പള്ളിക്കുപുറത്ത് 2013 മെയ് 26-ാം തീയതി കുറച്ചാളുകൾ ഒരുമിച്ചുകൂടി. അവർക്ക് തികച്ചും പ്രകോപനപരമല്ലാതെ നടന്ന പട്ടാളക്കാരന്റെ കൊലക്കെതിരെ ദേഷ്യം പ്രകടിപ്പിക്കേണ്ടിയിരുന്നു. ആ വിവരം അറിഞ്ഞപ്പോൾ പള്ളിയിലുള്ളവർ നിശ്ശബ്ദമായി ഒരു പദ്ധതി ആസൂത്രണം ചെയ്തു. പദ്ധതി പ്രകാരം, പള്ളിക്കുചുറ്റും കൂടിയ പ്രതിഷേധക്കാരെ കണ്ടപ്പോൾ പള്ളിയിലുള്ളവർ പുറത്തുചെന്ന് സ്വീകരിച്ചു. അവർ പ്രതിഷേധക്കാരെ പള്ളിക്കകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ചായയും ബിസ്കറ്റും കസ്ടഡ് ക്രീമും നല്കി സൽക്കരിച്ചു. ആ ഒരു സമീപനം നല്ല ഫലം കണ്ടെത്തി. റിപ്പോർട്ടറുമാരുടെ അഭിപ്രായത്തിൽ, ആ പെരുമാറ്റം ടെൻഷൻ ഇല്ലാതാക്കുകയും സംഘട്ടത്തിനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്തു.

ആ സംഭവം ഖുർആന്റെ സത്യസന്ധതയെ സാക്ഷ്യപ്പെടുത്തുന്നു. ഖുർആൻ അധ്യായം *ഫുസ്സിലത്ത്* ഇപ്രകാരം പറയുന്നു:

*നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു.* (41:34)

ഖുർആൻ നമ്മോട് പറയുന്നു: *ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടത് ഫിത്തറ, അതായത് ദൈവിക സ്വഭാവത്തോടുകൂടെയാണ്.* (30:30)

അത് അർത്ഥമാക്കുന്നത്, മനുഷ്യസ്വഭാവം നല്ല പ്രതികരണങ്ങളിൽ അധിഷ്ഠിതമാണെന്നാണ്. മോശം പ്രതികരണം താത്കാലികം മാത്രം. ഒരാൾ മോശമായി പ്രതികരിക്കുകയാണെങ്കിൽ, തിരസ്കരിക്കുക എന്ന നയം സ്വീകരിക്കുക. വളരെ എളുപ്പത്തിൽത്തന്നെ കാര്യങ്ങൾ സാധാരണ നില പ്രാപിക്കുന്നത് കാണാൻ കഴിയും.

ജീവിതം സമ്പൂർണ്ണമായും പ്രതിസന്ധികളുടേതാണ്. അതിനുള്ള ഒരേയൊരു പരിഹാരം പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കല പഠിക്കലാണ്. പ്രതിസന്ധികളെ പ്രശ്നമായിട്ടെടുക്കാതിരിക്കുക. മറിച്ച്, ഒരു സാധാരണ വിഷയമായിട്ടെടുക്കുക. അതിനെ നിർവ്വീര്യമാക്കാൻ ശ്രമിക്കുക. എന്നാൽ പ്രതിസന്ധികളെ വളരെ സാമാധാനപരമായി തരണം ചെയ്യാൻ കഴിയും. വിവേകം ഉപയോഗിച്ച് വിദ്വേഷത്തെ സ്നേഹമാക്കിമാറ്റാൻ കഴിയും. തിന്മയെ നന്മയാക്കി മാറ്റിയെടുക്കാൻ കഴിയും. എളുപ്പ മാർഗമുള്ളപ്പോൾ പിന്നെന്തിന് ബുദ്ധിമുട്ടുള്ള മാർഗം സ്വീകരിക്കണം. ഇസ്‌ലാമിക അധ്യാപന പ്രകാരം ഏതൊരവസ്ഥയും ഒരു പരീക്ഷയാകുന്നു. വിവേകം കൊണ്ട് നമുക്ക് ആ പരീക്ഷ ജയിക്കാൻ കഴിയും.

## 168

# അത്ഭുതകരമായ ഒമ്പത് ദിനങ്ങൾ

സൂര്യനിൽ നിന്ന് വളരെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാന്തിക സ്ഫുരണങ്ങൾ അതിന്റെ ഉള്ളിലെ പിണ്ഡത്തെ പുറന്തള്ളി പുറത്തുവന്നുവെന്ന് ബോർക്‌ലിയിലെ കാലിഫോർണിയ യൂനിവേഴ്‌സിറ്റിയിലെ ശാസ്ത്രജ്ഞർ പ്രസ്താവിച്ചിരുന്നു. ശക്തമായ ആ കാന്തിക കാറ്റിന് സെക്കന്റിൽ 3000 കിലോമീറ്റർ വേഗതയുണ്ടായിരുന്നു. ഭൂമിയെ ഒരു മിനുട്ടിൽ 5 പ്രവാശ്യം വലംവെക്കാനുള്ളത്ര വേഗത. അത് സംഭവിച്ചത് 2012 ജൂലായ് 12-ാം തീയതി ആയിരുന്നു. 9 ദിവസം മുമ്പാണ് അത് നടന്നതെങ്കിൽ സൂര്യനിൽ നിന്ന് ഉതിർന്ന ആ കാന്തികക്കാറ്റ് ഭൂമിയെ ഉന്നം വെച്ചാകുമായിരുന്നു. അങ്ങനെ അത് ഭൂമിയിൽ തട്ടിയേനേ.

2014 മാർച്ച് 18-ാം തീയതിയിലെ *നാചർ കമ്യൂണിക്കേഷൻസ്* എന്ന പ്രസിദ്ധീകരണത്തിൽ വന്ന റിപ്പോർട്ട് പ്രകാരം, സൂര്യനിൽ നിന്നുണ്ടായ പൊട്ടിത്തെറി ഭൂമിയുടെ ഭ്രമണപഥത്തിലൂടെ കടന്നുപോയെങ്കിലും ഭൂമിയും മറ്റ് ഗ്രഹങ്ങളും ഭാഗ്യവശാൽ ആ സമയത്ത് സൂര്യന്റെ മറുവശത്തായിരുന്നതുകൊണ്ട് ഭൂമിയിൽ പതിക്കാതെ പോയി. ഭൂമി ദൃശ്യരേഖയിൽ ആയിരുന്നുവെങ്കിൽ പൊട്ടിത്തെറിയാലുണ്ടായ കാന്തിക പ്രഭാവവും ഭൂമിയുടെ കാന്തിക പ്രഭാവവും തമ്മിൽ കെട്ടുപിണഞ്ഞ് വളരെയധികം അപകടങ്ങൾ സംഭവിക്കുമായിരുന്നു. അത് വൈദ്യുതി വിതരണ ശൃംഖലക്ക് നാശം വിതക്കുമായിരുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളെയും കൃത്രിമ ഉപഗ്രഹങ്ങളെയും ജി പി എസ് സിസ്റ്റത്തെയും അത് ബാധിക്കുമായിരുന്നു.

റിപ്പോർട്ട് പ്രകാരം, സൂര്യനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട ശക്തിയേറിയ ആ കാന്തിക കൊടുങ്കാറ്റ് ഭൂമിയെ നശിപ്പിക്കാൻ സാധ്യതയുണ്ട്. എന്നാൽ ഭാഗ്യം നമ്മെ കടാക്ഷിച്ചു. ഭൂമി ആ സമയത്ത് സൂര്യന്റെ മറുഭാഗത്തായിരുന്നതുകൊണ്ട് നാം രക്ഷപ്പെട്ടു.

ആ ഭാഗ്യം എന്തായിരുന്നു?

വാസ്തവത്തിൽ അത് പ്രപഞ്ചനാഥന്റെ ഇടപെടലായിരുന്നു. ഓരോ പ്രാവശ്യവും നമ്മുടെ ഗ്രഹം അപകടത്തിൽ നിന്ന് രക്ഷപ്പെടുകയാണ്. ഈ പ്രപഞ്ചത്തിന് നല്ല സമനിലയും പരിശോധനാ നിയന്ത്രണവും ഉണ്ടെന്നതിന്റെ തെളിവാണ് ആ പ്രതിഭാസം. ആ നിയന്ത്രണമാണ് നമ്മെ രക്ഷിച്ചത്.

ഖുർആനിലെ, *അമ്പിയാ* എന്ന അധ്യായത്തിൽ ആ പ്രാപഞ്ചിക നിർണ്ണയത്തെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്:

*(നബിയേ,) പറയുക: പരമ കാരുണികനിൽ നിന്ന് രാത്രിയും പകലും നിങ്ങൾക്ക് രക്ഷ നല്കാനാരുണ്ട്? അല്ല, അവർ (ജനങ്ങൾ) തങ്ങളുടെ രക്ഷിതാവിന്റെ ഉത്ബോധനത്തിൽ നിന്ന് തിരിഞ്ഞുകള യുന്നവരാകുന്നു.* (21:42)

169

# അനുനിമിഷം നന്ദിപൂർവം ജീവിക്കുക

കാരുണ്യവാനായ ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും, എല്ലാ സാഹചര്യങ്ങളിലും താൻ കൂടെയുണ്ടാകുമെന്നും എല്ലാ കാര്യങ്ങളിലും തന്റെ സഹായം ലഭിക്കുമെന്നും പ്രഖ്യാപിക്കുകയും ചെയ്തു. ആ വസ്തുത ഖുർആൻ പല സന്ദർഭങ്ങളിലായി വിവരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഒരു വചനം ഇപ്രകാരമാണ്:

*ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യ നിർവ്വഹണത്തിലാകുന്നു.*

*അപ്പോൾ നിങ്ങൾ ഇരു വിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?* (55: 29, 30)

ഉദ്ധരിച്ച വചനം മനുഷ്യനെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണ്. ദൈവത്തിന് മനുഷ്യനുമേൽ താത്പര്യമുണ്ട്. കാരുണ്യവാനായ ദൈവം മനുഷ്യനോട് എല്ലായ്പോഴും പ്രതികരിക്കാൻ തയ്യാറാണ്. ഉദ്ധരിച്ച ഖുർആൻ വചനവും ഇനി പറയുന്ന ഹദീസും അതാണ് വിശദമാക്കുന്നത്:

പ്രവാചകൻ അരുളി: മാപ്പപേക്ഷിക്കുന്നവന് മാപ്പുനല്കാൻ ദൈവം ഏത് നിമിഷവും തയ്യാറാണ്. സഹായം അഭ്യർത്ഥിക്കുന്നവന് സഹായവും, വിളിച്ചുപ്രാർത്ഥിക്കുന്നവന് പ്രത്യുത്തരവും നല്കും. (സ്വഹീഹ് അൽ ബുഖാരി: 1145)

ദൈവത്തിൽ നിന്ന് ലഭ്യമാകുന്ന ആ സഹായത്തിന് നാം എപ്പോഴാണ് സ്വയം പ്രാപ്തരാവുക?

അത് സാധിക്കുക നമ്മുടെ ജീവിതത്തിലെ ഓരോ സംഭവവും സ്വയം പരിശോധനയ്ക്ക് വിധേയമാക്കുമ്പോഴായിരിക്കും. നമുക്ക് തിരിച്ചറിയാനുള്ള ജാഗ്രതയുണ്ടെങ്കിൽ നമ്മുടെ ജീവിതം മുഴുവൻ പരിശോധനക്ക് വിധേയമാണെന്ന് മനസ്സിലാക്കാം. ഓരോ നിരീക്ഷണവും പഠനവും നമുക്ക് ദൈവത്തോട് ബന്ധം സ്ഥാപിക്കാനും, അവന്റെ അനുഗ്രഹങ്ങൾ നേടിയെടുക്കാനുമുള്ള കാര്യങ്ങളായി മാറും. ആ ക്രമം

പിന്തുടരുകയാണെങ്കിൽ ദൈവത്തിന്റെ അനുഗ്രഹം ലഭിക്കാൻ നമ്മൾ എപ്പോഴും പ്രാപ്തരായിരിക്കും. ഉദാഹരണത്തിന്, നമ്മുടെ ജീവിതത്തിൽ വിഷമകരങ്ങളായ എന്തെങ്കിലും പ്രതിസന്ധികൾ നേരിടേണ്ടിവരുമ്പോൾ അതിനെ പരിശോധനയ്ക്ക് വിധേയമാക്കി ശാശ്വത ലോകത്തെ വിഷമങ്ങളിൽ നിന്നുള്ള രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. അതുപോലെ, ജീവിതത്തിൽ സുഖം അനുഭവപ്പെടുമ്പോൾ അതിനെ ആധാരമാക്കി ദൈവത്തോട് ശാശ്വതലോകത്തെ സുഖത്തിനുവേണ്ടി പ്രാർത്ഥിക്കാം. നാം ഈ ലോകത്ത് ഓരോ നിമിഷവും വ്യാകുലപ്പെട്ടും, ദൈവത്തെ സ്മരിക്കുന്നതിൽ പരാജയപ്പെട്ടുമാണ് ജീവിക്കുന്നത്. ആ ദൗർബ്ബല്യത്തെ നമുക്കെങ്ങനെ അതിജീവിക്കാം? നമുക്കെങ്ങനെ ദൈവത്തെ സ്മരിച്ചുകൊണ്ട് ജീവിക്കാം?

നിരന്തരമായ ബൌദ്ധിക പരിശ്രമത്തിൽ ഏർപ്പെടുന്നതിലൂടെ മാത്രമേ ആ തുടർച്ച നിലനിർത്താൻ കഴിയുകയുള്ളൂ.

നമ്മുടെ മനസ് ഒരു മൊബൈൽ ഫോൺ പോലെയാണ്. അതിലെ ബാറ്ററി ചാർജ്ജ് തീർന്നാൽ നിശ്ചലമാകും. വീണ്ടും അതിനെ നമ്മൾ റീചാർജ്ജ് ചെയ്യണം. നമ്മുടെ മനസ്സും അതുപോലെയാണ്. മനസ്സിനെ വീണ്ടും വീണ്ടും റീചാർജ്ജ് ചെയ്തുകൊണ്ടിരിക്കണം. ദൈവികാവബോധം രാവും പകലും വളർത്തിയെടുക്കാനുള്ള ഒരേയൊരു വഴി അതുമാത്രമാണ്.

ഉദാഹരണത്തിന്, ഈ കൃതി വായിക്കാൻ നമ്മൾ നമ്മുടെ മനസ്സും കണ്ണും സൂര്യപ്രകാശവും അല്ലെങ്കിൽ വൈദ്യുത വെളിച്ചവും ഉപയോഗിക്കുന്നു. അവ സൃഷ്ടിച്ചത് നമ്മളല്ല, ദൈവമാണ്. ആ ഔദാര്യത്തെക്കുറിച്ചോർത്ത് ദൈവത്തെ സ്തുതിക്കുക. അതാണ് അംഗീകരിക്കൽ. ആ അംഗീകരിക്കലാണ് ദൈവത്തിൽ നിന്നുള്ള ഔദാര്യങ്ങൾ ലഭിക്കാൻ നമ്മെ അർഹരാക്കുന്നത്. ഖുർആനിലെ, *ഇബ്രാഹീം* എന്ന അധ്യായത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:

*നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ).* (14:7)

അത് ദൈവം മനുഷ്യന് നല്കിയ വാഗ്ദാനമാണ്. ദൈവം തന്റെ വാഗ്ദാനങ്ങൾ ഒരിക്കലും ലംഘിക്കുകയില്ല.

170

# ആരാധനയുടെ ഫലം

ഖുർആൻ പ്രകാരം ശരിയായ ദൈവാരാധന ഒരാളുടെ സ്വഭാവ ത്തെ നിയന്ത്രിക്കുന്നു. *അൻഗബൂത്ത്* എന്ന അധ്യായത്തിൽ ഖുർആൻ പ്രസ്താവിക്കുന്നു:

*തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധ കർമ്മ ത്തിൽ നിന്നും മനുഷ്യനെ തടയുന്നു.* (29:45)

ഉദ്ധരിച്ച ഖുർആനിക വാക്യം ആരാധനയുടെ ഒരു സുപ്രധാന വശം കാട്ടിത്തരുന്നു. അത് ദൈവാരാധനയുടെ ഒരു യഥാർത്ഥ ചിത്രം അവതരിപ്പിക്കുന്നു. ആ ആരാധന ഒരു ആത്മീയാചാരമല്ല. ആരാധന ഒരു സജീവ പ്രവൃത്തിയാണ്. ആരാധകൻ തന്റെ പ്രാർത്ഥനയിൽ ഖുർആനിക വചനങ്ങൾ ഉരുവിടുന്നു. നിത്യജീവിതത്തിൽ ചെയ്യേണ്ട തും അല്ലാത്തതുമായ കാര്യങ്ങൾ അത് അവനോട് പറയുന്നു. വിജയ രഹസ്യം എന്താണെന്നും ഒരാൾക്ക് പരലോക മോക്ഷം എങ്ങനെ നേടാമെന്നും നിർദ്ദേശിക്കുന്നു. ആരാധന ഒരാളുടെ ദൈനംദിന സ്വഭാവം, സാമൂഹ്യ പെരുമാറ്റം, കുടുംബത്തിലും മറ്റ് മേഖലകളിലും അനുവർത്തിക്കേണ്ട പെരുമാറ്റം എന്നിവയെക്കുറിച്ച് അവബോധമു ണ്ടാക്കുന്നു. പ്രാർത്ഥനയ്ക്ക് ശേഷം സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലു ന്ന അവൻ വേറെയൊരു വ്യക്തിയായി മാറിയിരിക്കും.

ഉദാഹരണത്തിന് ആരാധകൻ തന്റെ ആരാധനയിൽ, *അല്ലാഹു അക്ബർ* എന്ന് പറയുമ്പോൾ അല്ലാഹു ഏറ്റവും വലിയവൻ എന്നും, മഹത്വം കാരുണ്യവാനായ ദൈവത്തിന് മാത്രമാണെന്നും അവൻ ആവർത്തിച്ചുപറയുന്നു. അത് അവനിൽ വിനയത്തിന്റെ ചൈതന്യം ഊട്ടിയുറപ്പിക്കുന്നു. ആരാധനയ്ക്ക് ശേഷം അവൻ എല്ലാവരോടും, അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു (ദൈവ ത്തിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളിൽ വർഷിക്കുമാറാകട്ടെ) എന്ന് സംബോധന ചെയ്യുന്നു.

ആരാധനയിൽ നിന്ന് നിത്യേന ചൈതന്യം ഉള്ളിലേക്ക് വലി ച്ചെടുക്കുന്ന ഒരു വിശ്വാസി പെരുമാറ്റത്തിൽ വളരെയധികം ജാഗ്രത പാലിക്കേണ്ടവനും എളിയ ജീവിതം നയിക്കേണ്ടവനുമാണ്. അവന്

എല്ലാവർക്കും നന്മ വരണമെന്ന മനോഭാവത്തോടുകൂടെ ജീവിക്കാൻ കഴിയണം.

ഉദ്ധരിച്ച ഖുർആൻ വചനം ഓരോ വ്യക്തിയുടെയും സത്യസന്ധത അളക്കാനുള്ള മാനദണ്ഡമാണ്. ഒരാളുടെ ആരാധന ആ മാനദണ്ഡത്തിന് അനുകൂലമാണെങ്കിൽ അത് യഥാർത്ഥ ആരാധനയായി കണക്കാക്കാം. എന്നാൽ, ആ മാനദണ്ഡം പാലിക്കുന്നില്ലെങ്കിൽ അത് സത്യസന്ധമല്ലാത്ത വെറുമൊരു ആത്മീയ ചടങ്ങ് മാത്രമായി അവശേഷിക്കും.

ആരാധന സ്വർഗ പ്രവേശനത്തിനുള്ള ഉപാധിയാണ്.

*നിങ്ങൾ പ്രവർത്തിച്ചതിനു ഫലമായി നിങ്ങൾ ഈ സ്വർഗ്ഗത്തിന് അവകാശികളായി തീർന്നിരിക്കുന്നു*(43:72).

പക്ഷേ, ദൈവം ആ ടിക്കറ്റ് അനുവദിക്കുക ഉദ്ധരിച്ച ഖുർആനിക വചനത്തിൽ പറഞ്ഞ മാനദണ്ഡം പാലിക്കുന്നവർക്ക് മാത്രമായിരിക്കും (29:45).

171

# ദൈവത്തെ ധാരാളമായി സ്മരിക്കുക

ഖുർആന്റെ ഒരു പ്രധാനകല്പന *അഹ്സാബ്* എന്ന അധ്യായത്തിൽ വിവരിക്കുന്നുണ്ട്:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ.* (33: 41, 42)

ഖുർആനിക വചനപ്രകാരം വിശ്വാസികൾ ദൈവത്തെ ഓരോ ദിവസവും ഓരോ നിമിഷവും ഓർമ്മിക്കണം. ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട അധ്യാപനമാണത്. ആരാധനയുടെ ഏറ്റവും ഉയർന്ന തലവും അതുതന്നെയാണ്. അത് പ്രാവർത്തികമാക്കുന്നവർക്ക് ദൈവാനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കും.

ദൈവത്തെ കൂടുതൽ സ്മരിക്കുക എന്നാൽ എന്താണ്?

അത് ചില വാക്കുകളുടെ വെറും ആവർത്തനമല്ല. അത് ചിന്തയുടെ അർത്ഥത്തിലാണ്. കൂടുതൽ ഓർക്കുക എന്നത് വെറും അധരവ്യായാമമല്ല. അത് ഉന്നത തലത്തിലുള്ള ബൗദ്ധിക കർമ്മമാണ്. കൂടുതൽ ഓർക്കുന്നു എന്നത് ദൈവത്തെ ആഴത്തിൽ മനസ്സിലാക്കിയതിന്റെ അടയാളമാണ്.

ദൈവത്തെ കൂടുതൽ സ്മരിക്കുക എന്നത് മനുഷ്യന്റെ ചിന്താ പ്രക്രിയയിൽ തുടർച്ചയായുണ്ടാകുന്ന പ്രതികരണങ്ങളുടെ ഫലമാണ്. അതായത്, ഒന്ന് മറ്റൊന്നിന് കാരണമാകുന്ന തുടർച്ചയായ ചിന്ത. ദിക്റും കദീറും അല്ലെങ്കിൽ കൂടുതൽ സ്മരിക്കുക എന്നത് സൃഷ്ടിപരതയുള്ള ചിന്തകളുടെ ഫലമായുള്ളതാണ്. അതിന് സജ്ജമായ മനസ്സിന്റെ ഉല്പന്നമാണത്. നമ്മുടേത് സജ്ജമായ മനസ്സാണെങ്കിൽ അത് ഏതൊരു അനുഭവത്താലും നിരീക്ഷണത്താലും ഉത്തേജിപ്പിക്കപ്പെടും. ദൈവത്തെ തിരിച്ചറിയുന്നതിലെ ഓരോ വിഷയവും ഒന്നിനുപിറകെ മറ്റൊന്നായി നമ്മൾ ഗ്രഹിക്കാൻ തുടങ്ങും. അപ്രകാരം നമ്മുടെ മനസ്സിൽ തുടർച്ചയായുള്ള ഒരു പ്രവർത്തനത്തിന് തുടക്കം കുറിക്കും.

ആ ബൗദ്ധിക പ്രക്രിയക്കാണ്, ദികിറും കദീറും എന്ന് പറയുന്നത്. ഉദാഹരണത്തിന്, മഴ പെയ്യുകയാണെങ്കിൽ ഒരു വിശ്വാസി ഉടനെത്തന്നെ അവന്റെ നന്ദി, അഥവാ ദൈവത്തിനുള്ള അംഗീകാരം ബോധിപ്പിക്കും. പിന്നീട് അവൻ കൂടുതൽ ആലോചിക്കാൻ തുടങ്ങും, എന്താണ് ഈ മഴക്ക് കാരണം?

ആ മഴയ്ക്ക് കാരണമാകുന്ന പ്രകൃതി പ്രതിഭാസം അവൻ തിരിച്ചറിയും. വെള്ളത്തിന് കടലിലായിരിക്കുമ്പോൾ ഉപ്പുരസമായിരുന്നു. എന്നാൽ മഴയായി വർഷിക്കുമ്പോൾ അത് ശുദ്ധ ജലമായി മാറുന്നുവെന്ന് അവൻ ചിന്തിക്കും. അങ്ങനെ പടിപടിയായി, എങ്ങനെയാണ് ഓരോ പ്രക്രിയയും ദൈവം നടപ്പാക്കിയതെന്നും, അവസാനം എങ്ങനെയാണ് അവന് കുടിക്കാൻ ശുദ്ധ ജലം ലഭ്യമാക്കിയതെന്നും അവൻ കണ്ടെത്തും. തുടർച്ചയായ ചിന്തകൾക്കുള്ള ഒരു ഉദാഹരണമാണത്. തുടർച്ചയായുള്ള അത്തരം ചിന്തകളിലൂടെ ദൈവത്തെ കണ്ടെത്താനുള്ള കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ തുടങ്ങും. നമുക്ക് സുസജ്ജമായ മനസ്സാണുള്ളതെങ്കിൽ പരിധികളില്ലാതെ ആ പ്രക്രിയ തുടർന്നു കൊണ്ടേയിരിക്കും.

തുടർച്ചയായ ആ പ്രവർത്തനം, അഥവാ ദിക്ർ നമ്മുടെ മഅ്രിഫത്തിനെ വർദ്ധിപ്പിക്കും. അതായത് ദൈവത്തെ കണ്ടെത്താനും മനസ്സിലാക്കാനുമുള്ള കഴിവും, കാര്യങ്ങൾ ക്രമീകരിക്കാനുള്ള കഴിവും, ദൈവവുമായുള്ള ബന്ധവും, വിശകലന ശക്തിയും വർദ്ധിപ്പിക്കും.

ഖുർആൻ അനുസരിച്ച്, വിശ്വാസികൾക്ക് പ്രത്യേക അനുഗ്രഹം നല്കപ്പെട്ടിട്ടുണ്ട്. അവർക്ക് തങ്ങളുടെ വിശ്വാസത്തിന്മേൽ വിശ്വാസം വർദ്ധിപ്പിക്കാനുള്ള കഴിവും നല്കിയിട്ടുണ്ട് (48:4). അതൊരു നിഗൂഢ പ്രതിഭാസമല്ല. അത്, മേൽ വിവരിച്ച തുടർപ്രവർത്തനങ്ങളുടെ നേർഫലമാണ്. വ്യക്തിത്വവികാസത്തിൽ ദിക്റിന് വലിയ പ്രാധാന്യമുണ്ട്. ഒരു വിശ്വാസിക്ക് തന്റെ ആത്മീയത അതുവഴി വളർത്താൻ കഴിയുന്നു.

## 172

# പ്രകൃതിയിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുക

ട്രിഗർ എന്നത് ഒരു യാന്ത്രിക പദമാണ്. വെടി ഉതിർക്കാൻ പീരങ്കിയെ പ്രചോദിപ്പിക്കുന്ന ഭാഗമാണത്. ആയുധത്തിലെ തീ പിടിക്കുന്ന അറയിലുള്ള കാട്രിഡ്ജിന് തീ കൊളുത്താൻ അത് ഉപയോഗിക്കുന്നു. അത് ട്രിഗറിന്റെ യാന്ത്രിക ആശയമാണ്. എന്നാൽ, അതിൽ ഒരു ബൗദ്ധിക ആശയം കൂടെ അടങ്ങിയിട്ടുണ്ട്. യാന്ത്രിക ഉത്തേജനം തീപ്പിടുത്തത്തിന് കാരണമായതുപോലെ ബൗദ്ധിക ഉത്തേജനത്തിന്റെ കാര്യത്തിലും അത് ശരിയാണ്.

ഉദാഹരണത്തിന്, നമ്മൾ ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽ അത് നമ്മുടെ മാനസിക ഉത്തേജനത്തിന് കാരണമാകുന്നു. ഉണർന്നിരിക്കുന്ന ഒരു മനസ്സാണ് നമുക്ക് ഉള്ളതെങ്കിൽ, വെള്ളം എങ്ങനെയാണ് ഉണ്ടായിരിക്കുന്നതെന്ന് നമ്മൾ ആലോചിക്കും. എങ്ങനെയാണ് രണ്ട് വാതകങ്ങൾ, ഹൈഡ്രജനും ഓക്സിജനും, കൂടിച്ചേർന്ന് വളരെ ഉപകാരപ്രദമായ വെള്ളം ഉണ്ടായതെന്ന് ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിനെ അത് തീർച്ചയായും ഉത്തേജിപ്പിക്കും.

നമ്മുടെ ചിന്താപ്രക്രിയ തുടരുകയാണെങ്കിൽ നമ്മെ ഉയർന്ന തലത്തിലുള്ള ആത്മീയതയിലേക്ക് അത് നയിക്കും. ഓരോ നിമിഷവും നമുക്ക് അത്തരം അനുഭവങ്ങളുണ്ടാകുന്നുണ്ട്. ഉദാഹരണങ്ങൾ: രാവിലെ ഉദിച്ചുയരുന്ന സൂര്യൻ, വായുവിൽ നിന്ന് സ്ഥിരമായി ലഭിക്കുന്ന ഓക്സിജൻ, ആകാശത്തിലെ പറവകൾ, മരങ്ങൾ, അരുവികൾ മുതലായവ. നമ്മുടെ മനസ്സിനെ ഉത്തേജിപ്പിക്കുന്നതും, ഉയർന്ന നിലവാരത്തിലുള്ള ആത്മീയ ഭക്ഷണം നല്കുന്നതുമായ അത്തരം പ്രതിഭാസങ്ങൾ പ്രകൃതിയിൽ ധാരാളമുണ്ട്.

അതിനുവേണ്ട ഒരേയൊരു ഉപാധി, സുസജ്ജമായ ഒരു മനസ്സാണ്. സുസജ്ജമായ മനസ്സ് നിറതോക്കുപോലെയാണ്. തോക്ക് നിറച്ചതാണെങ്കിൽ അതിന്റെ ട്രിഗർ പ്രവർത്തിക്കും. നമ്മൾ സുസജ്ജമായ ഒരു മനസ്സുള്ള, അഥവാ ബൗദ്ധിക ഉണർവ്വുള്ള ഒരു വ്യക്തിയാണെങ്കിൽ

ഓരോ അനുഭവവും, അല്ലെങ്കിൽ ഓരോ നിരീക്ഷണവും നമ്മുടെ മനസ്സിനെ ഉത്തേജിപ്പിക്കും, ഗൗരവമായ ചിന്തനം നടത്താൻ നമ്മെ നിർബ്ബന്ധിക്കുകയും ചെയ്യും. അത് നമ്മുടെ മനസ്സിന്റെ ചിന്താധാര യ്ക്ക് ആക്കം വർദ്ധിപ്പിക്കും. നമുക്ക് ഉണർന്നിരിക്കുന്ന ഒരു മനസ്സി ല്ലെങ്കിൽ, നമ്മൾ പലതരം അനുഭവങ്ങളുടെ നടുവിലാണെങ്കിലും അതിനെ ആത്മീയ വികസനത്തിനുള്ള അവസരമായി ഉപയോഗ പ്പെടുത്തുന്നതിൽ നമ്മൾ പരാജയപ്പെടും. നമ്മൾ ഒരു അന്ധനാ യിട്ടാണ് ജീവിക്കുക. കണ്ണ് കാണാത്തതുകൊണ്ടു സൂര്യപ്രകാശം നമുക്ക് കാണാൻ കഴിയില്ല. യേശുക്രിസ്തുവിന്റെ ഒരു പ്രസ്താവനയുണ്ട്: 'ദൈവമേ, ഞങ്ങൾക്ക് നിത്യേനയുള്ള അപ്പം ഇന്നും നല്കേണമേ...' (മാത്യു 6:11).

അതുതന്നെയാണ് ഖുർആനിലെ *രിസ്ക റബ്ബ്* (20:131). അതായത്, ഉപജീവനം.

നിത്യേനയുള്ള അപ്പവും ദൈവിക വിഭവവും നിഗൂഢാർത്ഥങ്ങളു ള്ള പദങ്ങളല്ല. അവ രണ്ടും ഖുർആനിൽ പരാമർശിച്ച തവസ്സുമിൽ നിന്ന് വന്നതാണ് (15:75). അതായത്, ഭൗതിക സംഗതികളിലൂടെയോ അനുഭവങ്ങളിലൂടെയോ ആത്മീയ പാഠങ്ങൾ ഉൾക്കൊള്ളുക എന്ന താണത്. ആർക്കെക്കിലും ആത്മീയ വ്യക്തിയായി ജീവിക്കണമെന്നു ണ്ടെങ്കിൽ അവർ സ്വയം തവസ്സുമിൽ മുഴുകാൻ പ്രാപ്തിനേടട്ടെ. നിത്യ ജീവിതത്തിലെ, ആത്മീയമല്ലാത്ത അനുഭവങ്ങളിൽ നിന്ന് ആത്മീയ പാഠങ്ങൾ ഉൾക്കൊള്ളാൻ അവർ സ്വയം പ്രാപ്തി കൈവരിക്കട്ടെ.

## 173

# ശാശ്വതജീവിതം പ്രതീക്ഷിക്കുക

മനുഷ്യൻ നഷ്ടത്തിലാണെന്നതിന് കാലം സാക്ഷിയാണെന്ന് ഖുർആനിലെ 103-ാം അധ്യായം പ്രഖ്യാപിക്കുന്നു. ഇവിടെ കാലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ചരിത്രമാണ്. മനുഷ്യവർഗത്തിന്റെ മുഴുവൻ ചരിത്രത്തെയും കുറിച്ചുള്ള ഒരു സമ്പൂർണ്ണ പ്രസ്താവനയാണത്. അതായത്, ഓരോരുത്തരുടെയും അവസ്ഥ നഷ്ടത്തിന്റേതാണ്. ചരിത്രത്തിൽ നിരവധി വ്യക്തികൾ ധനം, രാഷ്ട്രീയ പദവി, പ്രശസ്തി തുടങ്ങി പലതും സമ്പാദിച്ചുവെച്ചിട്ടുണ്ട്. എന്നാൽ, അവരിൽ ആരുംതന്നെ, 'നേടേണ്ടത് നേടി' എന്നുപറയുന്നില്ല. ഖുർആനിലെ ആ പ്രസ്താവനയെ ഖണ്ഡിക്കുന്ന ഒരു രേഖയും ചരിത്രത്തിൽ ലഭ്യമല്ല.

വലിയ ആഗ്രഹങ്ങളും മോഹങ്ങളുമായാണ് മനുഷ്യൻ ജനിക്കുന്നത്. ആഗ്രഹങ്ങൾ പൂർത്തീകരിക്കാനും മോഹങ്ങൾ കൈവരിക്കാനും ഓരോരുത്തരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഓരോരുത്തരും അതിൽ പരാജയപ്പെടുന്നതേ കാണുന്നുള്ളൂ. പൂർണ്ണത കൈവരിക്കാൻ ആർക്കും കഴിയുന്നില്ല. ആഗ്രഹങ്ങൾ പൂർണ്ണമാക്കാനാവാതെ മനുഷ്യൻ ഒരുനാൾ മരിച്ചുപോകുന്നു.

അത് മനുഷ്യരുടെ മാത്രം പ്രശ്നമല്ല. അതിനേക്കാളുപരി അത് സൃഷ്ടിപ്പിന്റെ മേലുള്ള ഒരു ചോദ്യചിഹ്നമാണ്. പ്രപഞ്ചം പൂർണ്ണമാണെന്ന് ഖുർആൻ അവകാശപ്പെടുന്നുണ്ട്. *മുൽക്ക്* എന്ന അധ്യായത്തിൽ ഖുർആൻ അതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്:

*ഏഴാകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?*

*പിന്നീട് രണ്ടുതവണ നീ കണ്ണിനെ തിരിച്ചുകൊണ്ടുവരൂ. നിന്റെ അടുത്തേക്ക് ആ കണ്ണ് പരാജയപ്പെട്ട നിലയിലും പരവശമായിക്കൊണ്ടും മടങ്ങിവരും.* (67: 3, 4)

ആ പ്രസ്താവനയുടെ സത്യാവസ്ഥയെ ഉറപ്പിക്കുക മാത്രമാണ് ഗവേഷണങ്ങൾ ചെയ്തത്. പ്രപഞ്ചം ബുദ്ധിപരമായി രൂപപ്പെട്ടതാണെന്നും പ്രപഞ്ചത്തിന് യാതൊരുവിധ പോരായ്മയും ഇല്ലെന്നും ശാസ്ത്രം അംഗീകരിക്കുന്നുണ്ട്. എന്നാൽ പ്രപഞ്ചത്തിന് പ്രത്യക്ഷമായി ഒരു പോരായ്മയുണ്ട്. അതിനെക്കുറിച്ച് ഖുർആനിൽ പരാമർശമുണ്ട്. *ദാരിയാത്ത്* എന്ന അധ്യായത്തിൽ ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നു:

*എല്ലാ വസ്തുക്കളിൽ നിന്നും ഈരണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി.* (51:49)

വചനത്തിലെ ഇണകൊണ്ട് ഉദ്ദേശിക്കുന്നത്, ന്യൂനത പരിഹരിക്കുന്ന ഘടകം എന്നാണ്. ഓരോന്നിനും അതാതിന്റെ പ്രതിരൂപം ഈ ലോകത്തുണ്ടെന്നാണ് പ്രകൃതിയെക്കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത്. അത് പദാർത്ഥലോകത്തായാലും സസ്യലോകത്തായാലും ജന്തുലോകത്തായാലും ശരി. അക്കാരണത്താൽ ഈ ലോകത്തുള്ള ഓരോ വസ്തുവും സംതൃപ്തിയോടെ ജീവിക്കുന്നു.

എന്നാൽ, യഥാർത്ഥത്തിൽ മനുഷ്യൻ അസന്തുഷ്ടനാണ്. ഈ ലോകത്തിൽ അത്തരത്തിലുള്ള ഒരേയൊരു സ്വഭാവം മനുഷ്യന് മാത്രമാണ്. അവന് തന്റെ പ്രതിരൂപം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഓരോ സസ്യത്തിനും മൃഗത്തിനും അതാതിന്റെ പ്രകൃതിക്കനുസരിച്ചുള്ള വാസസ്ഥലം നല്കിയിട്ടുണ്ട്. അവ അവിടെ സംതൃപ്തിയോടെ ജീവിക്കുന്നു. പക്ഷേ, സർവ്വ സൃഷ്ടിജാലങ്ങളിൽ നിന്നും മനുഷ്യൻ മാത്രം വ്യത്യസ്തനാണ്. അവൻ തന്റെ ശരിയായ വാസസ്ഥലം നഷ്ടപ്പെടുത്തിയിരിക്കുന്നു. അവൻ എല്ലായ്പോഴും അസന്തുഷ്ടിയിലും സങ്കടത്തിലും ജീവിക്കുന്നതിന്റെ കാരണം അതാണ്. ഓരോ മനുഷ്യനും പൂർണ്ണത കൈവരിക്കാത്ത അവസ്ഥയിൽ മരിക്കുന്നു.

മനുഷ്യന്റെ അപവാദം മനുഷ്യനോട് മാത്രമുള്ള ഒരു വിവേചനമല്ല. പകരം അത് അവന് നല്ലൊരു വാർത്തയാകുന്നു. അതുകൊണ്ട് ഉദ്ദേശിക്കുന്നത്, എല്ലാ ജീവികൾക്കും ഈ ലോകത്ത് വാസസ്ഥലം നല്കിയപ്പോൾ മനുഷ്യന് മാത്രം നഷ്ടപ്പെട്ടത് എന്തുകൊണ്ടാണെന്ന് ചിന്തിക്കാൻ അവൻ തന്റെ മനസ്സിനെ ഉത്തേജിപ്പിക്കണം എന്നതാണ്. മനുഷ്യൻ ഗാഢമായ ധ്യാനത്തിൽ ഏർപ്പെടുമ്പോൾ അത് ദൈവത്തിന്റെ വലിയ ആസൂത്രണമാണെന്ന് തിരിച്ചറിയും.

ഈ ലോകം ശാശ്വതമല്ല. നമ്മുടെ ലോകം നശിച്ചുകൊണ്ടിരിക്കുകയാണെന്നും അവിടെ മനുഷ്യർക്ക് തികച്ചും വാസയോഗ്യമല്ലാതാകു

ന്ന ഒരു ദിവസം വരും എന്നുമാണ് ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ഇവിടെ മനുഷ്യന് വാസയോഗ്യമായ ഒരിടം ലഭിച്ചാൽത്തന്നെയും അത് തികച്ചും താത്കാലികമായിരിക്കും. എന്നാൽ മനുഷ്യന്റെ ഉയർന്ന ആഗ്രഹങ്ങൾ ശാശ്വതമായ ഒരു വാസസ്ഥലത്തല്ലാതെ പൂർത്തീകരിക്കപ്പെടുകയുമില്ല. കാരുണ്യവാനായ ദൈവം മനുഷ്യനുവേണ്ട ആ ശാശ്വത വാസസ്ഥലം ഇപ്പോഴത്തെ താത്കാലിക ലോകം നിർമ്മിച്ചതുപോലെ വിശാലമായ ഈ പ്രപഞ്ചത്തിൽ എവിടെയോ സജ്ജമാക്കിയിട്ടുണ്ട്. അക്കാര്യം ഖുർആനിലെ, *സജ്ദ* എന്ന അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു:

*എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല.* (32:17)

സ്വർഗമാകുന്ന ആ ശാശ്വത വാസസ്ഥലത്ത് ശ്രേഷ്ഠമായൊരിരിപ്പിടം ലഭിക്കാൻ ഉപാധി ഒന്നേയുള്ളു. ആ പരിപൂർണ്ണലോകത്തേക്ക് അർഹതപ്പെട്ട സ്ഥാനാർത്ഥിയാകാൻ സ്വയം തയ്യാറെടുക്കുക. സൃഷ്ടിപ്പിലെ നഷ്ടപ്പെട്ട സംഗതി ഇഹലോകത്തില്ലെന്നും, മറിച്ച് പരലോകത്തുണ്ടെന്നുമുള്ള യാതാർഥ്യം തിരിച്ചറിയുന്ന ഒരു ദിവസം വരും.

## 174

# ധന സംസ്കാരം

സമൂഹത്തിൽ ധനസംബന്ധിയായി രണ്ട് സംസ്കാരങ്ങൾ നിലനിൽക്കുന്നുണ്ട്: പണത്തിനുവേണ്ടി മനുഷ്യനും, മനുഷ്യന് വേണ്ടി പണവും. പണം മനുഷ്യനുവേണ്ടി എന്ന ആശയത്തോട് ഖുർആൻ അനുകൂലിക്കുന്നു. *തകാഥുർ* എന്ന അധ്യായത്തിൽ ഖുർആൻ പ്രസ്താവിക്കുന്നു:

*പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു.നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നതുവരേക്കും.* (102: 1, 2)

ഖുർആനിക സങ്കല്പമനുസരിച്ച് പണം അല്ലെങ്കിൽ ഭൗതിക വസ്തുക്കൾ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റാൻ മാത്രമുള്ളതാണ്. പണം ഒരു ലക്ഷ്യമല്ല. മനുഷ്യന്റെ ശരീരാവശ്യങ്ങൾ നിറവേറ്റാൻ പണത്തിന് കഴിയും. എന്നാൽ മനുഷ്യൻ ഭൗതിക സത്തക്കും അപ്പുറമാണെന്നതാണ് യാഥാർത്ഥ്യം. മനുഷ്യൻ ബുദ്ധിജീവിയാണ്. പണത്തേക്കാൾ ഉന്നതമായ ചില ലക്ഷ്യങ്ങൾ അവന് നേടിയെടുക്കേണ്ടതായുണ്ട്.

ഒരു മനുഷ്യന്റെ ഉന്നത ലക്ഷ്യം എന്താണ്?

ബൗദ്ധിക വികാസമാണത്. അത് അവന്റെ വ്യക്തിത്വത്തിന്റെ ആത്മീയ സ്വഭാവം വെളിപ്പെടുത്തലാണ്, മാനസിക ശേഷി വർദ്ധിപ്പിക്കലുമാണ്. മനുഷ്യന്റെ ഭൗതികാസ്തിത്വത്തെക്കാൾ ഉന്നത ശ്രേണിയിലാണ് അത് നിലകൊള്ളുന്നത്.

മനുഷ്യൻ തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി മാത്രമാണ് പണം സമ്പാദിക്കുന്നതെങ്കിൽ അവന്റെ സഞ്ചാരം യഥാർത്ഥ പാതയിലാണെന്ന് പറയാം. അവന് ജീവിത പാതയിലൂടെ സുഗമമായി യാത്ര ചെയ്യാം. എന്നാൽ, പരമോന്നത ലക്ഷ്യം പണം സമ്പാദിക്കുക എന്നത് മാത്രമാകുമ്പോൾ അവന് വഴി പിഴക്കുന്നു. ധനാത്മക ചിന്താഗതിയാണ് സ്ത്രീ പുരുഷന്മാരുടെ ശ്രദ്ധ തിരിക്കുന്ന ഏറ്റവും വലിയ സ്രോതസ്സ്.

പണത്തേക്കാൾ വലുതാണ് മനുഷ്യൻ. ജീവിതത്തിൽ ഉയർന്ന ലക്ഷ്യമുണ്ടാവണം, ക്രിയാത്മക പ്രവർത്തനങ്ങളുടെ ഭൗതിക ഘടകം മാത്രമായി പണത്തെ ഉപയോഗിക്കണം. പണം തീർച്ചയായും മനുഷ്യന്

പ്രയോജനകരമാണ്. എന്നാൽ പണം സമ്പാദിക്കലും പൂഴ്ത്തിവെക്കലും ജീവിതത്തിന്റെ മുഖ്യ ലക്ഷ്യമായി കാണുന്നത് തെറ്റാണ്.

പണം മനുഷ്യന് ഭൗതിക സുഖം നല്കും. എന്നാൽ വിവേകവും അറിവും നല്കാൻ പണത്തെക്കൊണ്ടാവില്ല. സത്യം, ജ്ഞാനം, വിവേകം എന്നീ ലക്ഷ്യങ്ങൾ തേടിയുള്ള ജീവിതമാണ് യഥാർത്ഥ ജീവിത മാർഗവും, ആത്യന്തികമായി ഉയർത്തപ്പെട്ട ലക്ഷ്യവും. അതാണ് മനുഷ്യന്റെ ശരിയായ ജീവിത മാർഗ്ഗം.

ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിന് പണമാണ് ഫലപ്രദമായ മാർഗ്ഗമെന്നത് ശരിതന്നെ. ആ അർത്ഥത്തിൽ പണം നല്ലൊരു സഹായികൂടെയാണ്. എന്നാൽ പണത്തെ നല്ലൊരു യജമാനനായി കാണാനാവില്ല. പണത്തിനടിമപ്പെട്ടവൻ പണത്തെ യജമാനനാക്കിയവനെ പോലെയാണ്. ആവശ്യങ്ങൾ നിറവേറ്റാൻ പണം നല്ലതാണ്. എന്നാൽ, അധികമായി സ്വരൂപിക്കുന്ന പണം മോശമാണ്. പണത്തോട് വെച്ചു പുലർത്തുന്ന ആർത്തിയിൽ നിന്ന് നമ്മൾ സ്വയം രക്ഷ നേടണം. അപ്പോൾ പണം സ്വരൂപിക്കുന്നതിൽ നിന്ന് നമ്മൾ സ്വയം രക്ഷപ്പെടും.

ചില കാര്യങ്ങൾക്ക് പണം ഉപകരിച്ചേക്കും. ഉദാഹരണത്തിന്, അറിവ് നേടുന്നതിനോ; കോളജ്, ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനോ പണം ആവശ്യമാണ്. അതുപോലെ പണം ആവശ്യമുള്ള നിരവധി പ്രവർത്തന മേഖലകളുണ്ട്. തീർച്ചയായും ഈ ഭൂമിയിൽ പണമില്ലാതെ ജീവിത വിജയം നേടുക പ്രയാസമാണ്.

പണത്തിന് നന്മയുടെയും തിന്മയുടെയും വശങ്ങളുണ്ട്. വിലമതിപ്പുള്ള ഭൗതിക വസ്തുക്കൾ വാരിക്കൂട്ടാൻ സാധിക്കുന്നുവെന്നത് പണത്തിന്റെ നന്മയുടെ വശം. തിന്മയുടെ വശം എന്നത്, അതിന്റെ ഉടമസ്ഥൻ ഉയർന്ന അളവിൽ ഉറക്ക ഗുളിക കഴിക്കേണ്ടിവരുന്നു. ഉയർന്ന അളവിൽ ഉറക്ക ഗുളിക കഴിച്ചാൽ ചിലപ്പോൾ വ്യക്തി മരിച്ചുപോയെന്നും വരാം.

പണത്തിനുവേണ്ടി പണമുണ്ടാക്കുന്നത് ഗുണകരമല്ല. ഉന്നത ലക്ഷ്യങ്ങൾക്കുവേണ്ടി പണം സമ്പാദിക്കുന്നത് നല്ലതാണ്. അത്യാവശ്യത്തിന് പണം എന്നതും നല്ലതാണ്. എന്നാൽ, പണ സംസ്കാരം വിനാശകരവും മനുഷ്യനെ മൃഗമാക്കുന്നതുമാണ്.

175

# ആരിൽനിന്നും പഠിക്കണം

അറിവിന് ഖുർആൻ വലിയ പ്രാധാന്യമാണ് നല്കുന്നത്. അത് ബുദ്ധി വികാസ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിലെ, *മറിയം* എന്ന അധ്യായത്തിലെ ഒരു സൂക്തം പ്രവാചകനായ അബ്രഹാം തന്റെ പിതാവിനോട് പറഞ്ഞതാണ്:

*എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗ്ഗം കാണിച്ചുതരാം.* (19:43)

ഇളമുറക്കാരനായ അബ്രഹാമിൽ നിന്ന് ഉപദേശം തേടാൻ പിതാവായ ആസർ വൈമനസ്യം പ്രകടിപ്പിച്ചു. എന്നാൽ, ജ്ഞാന സമ്പാദനത്തിന്റെ കാര്യത്തിൽ മുൻഗാമിയെന്നോ പിൻഗാമിയെന്നോ വ്യത്യാസമില്ല. അറിവിന്റെ വക്താവ് ഇളമുറക്കാരനാണെങ്കിൽ പോലും അറിവാണ് വിഷയമെങ്കിൽ കാതുകൊടുക്കേണ്ടതുതന്നെയാണ്.

അതാണ് ജ്ഞാനത്തിന്റെ യഥാർത്ഥ ആത്മാവ്. അതിന്റെ അഭാവത്തിൽ പഠന പ്രക്രിയ അവതാളത്തിലാവും. പഠനപ്രക്രിയയില്ലാതെ ബൗദ്ധിക വികസനം സാധ്യമല്ല. ബൗദ്ധികമായി ഉയർന്ന ഒരു ഉത്തമ വ്യക്തിയാവാൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാവരിൽ നിന്നും വിവിധങ്ങളായ അറിവ് സമ്പാദിക്കാൻ തയ്യാറാവണം. അറിവിന്റെ ലോകം വിശാലമാണ്. എന്നാൽ, അത് മുഴുവൻ ഉൾക്കൊള്ളാൻ മാത്രം വിശാലമല്ല മനുഷ്യ മന്. കൂടുതൽക്കൂടുതൽ അറിവ് നേടാൻ നമ്മളെ സഹായിക്കുന്ന ഏക ഘടകം ഖുർആനിൽ പ്രതിപാദിപ്പിക്കപ്പെട്ട ചേതനയാണ്. ഓരോരുത്തരും വ്യത്യസ്ത ദിക്കുകളിൽ നിന്ന് അറിവു സമ്പാദിക്കാൻ വേണ്ട അനന്യവും ബുദ്ധിപരവുമായ ദാഹം ഓരോ രാത്രിയിലും പകലിലും വികസിപ്പിക്കണം.

അറിവ് മഹാ സമുദ്രം പോലെയാണ്. അതിന്റെ വൈവിധ്യത്തെ അഭിമുഖീകരിക്കുന്ന ഏതൊരാൾക്കും സ്വയം പര്യാപ്തനാവാൻ കഴിയില്ല. അറിവുനേടുന്ന പ്രക്രിയ പരസ്പര പ്രയത്നമാവണം. എല്ലാവരിൽ നിന്നും ഓരോരുത്തരും അറിവ് സമ്പാദിക്കേണ്ടതുണ്ട്.


എടുക്കുന്ന ആൾ തന്നെയാണ് കൊടുക്കുന്ന ആളും. അതുപോലെ കൊടുക്കുന്ന ആളും എടുക്കുന്ന ആളാകണം. ഓരോരുത്തരും ആ രണ്ട് കടമകളും നിർവ്വഹിക്കണം.

ജ്ഞാന സമ്പാദനത്തിന്റെ വഴികൾ പലതാണ്. അവയിൽ ഏറ്റവും പ്രധാനം ചർച്ച അഥവാ സംവാദമാണ്. അത് വാദപ്രതിവാദമല്ല. മറിച്ച്, ഒരു ബൗദ്ധിക കൈമാറ്റമാണ്. ചർച്ച ഫലപ്രദമാകണമെങ്കിൽ വസ്തു നിഷ്ഠമാകണം. ഒപ്പം ആത്മാർത്ഥമായ വിട്ടുവിഴ്ചാ മാനോഭാവവുമുണ്ടായിരിക്കണം.

പുസ്തകങ്ങൾ അറിവിന്റെ ഉറവിടങ്ങളാണ്. പുസ്തക പഠനം എന്നാൽ ഒഴുക്കൻ വായനയല്ല. അത് ചിന്തകരും പണ്ഡിതരുമായി ബന്ധം സ്ഥാപിക്കലും ആശയ വിനിമയം നടത്തലുമാണ്. വായനക്കാർക്ക് യഥാർത്ഥ താത്പര്യവും പൊതുവിലുള്ള എല്ലാ സ്രോതുകളിൽ നിന്ന് അറിവ് നേടാനുള്ള കഴിവുമുണ്ടെങ്കിൽ അതൊരു സാർവ്വലൗകിക ചർച്ചയായി പരിണമിക്കും. വായനശാലകൾ ആഗോള ചർച്ചകളുള്ള ഇടമാണ്. ലോകമെമ്പാടുമുള്ള മനുകളിൽ എത്തിച്ചേരാൻ ലൈബ്രറികൾ സഹായിക്കുന്നു.

പഠന പ്രക്രിയ എല്ലാവർക്കും അത്യാവശ്യമാണ്. എല്ലാ സ്ത്രീപുരുഷന്മാർക്കും അത് ബാധകമാണ്. ചെറുപ്പക്കാരെപ്പോലെത്തന്നെ പ്രായം ചെന്നവർക്കും അതാവശ്യമാണ്. പണ്ഡിതർ പോലും അതിൽ നിന്ന് വ്യത്യസ്തരല്ല. ഒരു പണ്ഡിതൻ പറഞ്ഞത് ഏറെ ശരിയാണ്: 'പഠിക്കാനുള്ള ഉത്സാഹത്തോടെ ജീവിക്കുക. പഠിക്കാനുള്ള ആഗ്രഹത്തോടെ മരിക്കുക. പഠനം ഒരു ജീവിത ചര്യയാണ്. അതിന് തുടക്കമേയുള്ളൂ, ഒടുക്കമില്ല.'

'നിങ്ങൾ ഭൂമിയുടെ ഏതറ്റത്തുപോയിട്ടെങ്കിലും അറിവ് നേടുക.' എന്ന് പ്രവാചകൻ ഒരിക്കൽ അരുളി. അറിവുനേടാനുള്ള യഥാർത്ഥ ഉത്സാഹമാണ് ആ നബിവചനം വളർത്തുന്നത്. എല്ലാ സ്ത്രീപുരുഷന്മാരും അതിൽ പ്രചോദിതരാവണം.



**മൗലാനാ വഹീദുദ്ദീൻഖാൻ**

# ജീവിതവിജയം ഖുർആനിലൂടെ

ഇഹലോകം നശ്വരവും പരലോകം അനശ്വരവും - ഇതാണ് ഖുർആന്റെ ഉപദേശം. ഭൂമിയിൽ മനുഷ്യന് താൽക്കാലിക ജീവിതവിഭവങ്ങളുണ്ട്. ശാശ്വതമായ ജീവിതസൗകര്യങ്ങളും ദുരിതങ്ങളും അവനെ പരലോകത്ത് കാത്തിരിക്കുന്നു. ഖുർആൻ മനുഷ്യനെ ആത്മീയ ജീവിതത്തിന് പ്രേരിപ്പിക്കുന്നു. ലളിതജീവിതവും ഉയർന്ന ചിന്തയുമാണ് ആത്മീയതയുടെ ലക്ഷണം. മന:ശുദ്ധീകരണത്തിലൂടെ നേടിയെടുക്കാവുന്ന ഒന്നാണിത്. മനസ്സിനെ ശുദ്ധീകരിക്കുന്നവൻ വിജയിക്കുമെന്നും അല്ലാത്തവൻ പരാജയപ്പെടുമെന്നും ഖുർആൻ (91: 9-10) ഓർമ്മപ്പെടുത്തുന്നു. മന:ശുദ്ധിയും വിശുദ്ധ ജീവിതവുമാണ് ആത്മീയജീവിതം. അതാണ് ജീവിത വിജയത്തിന്റെ നിദാനം. ജീവിതവിജയത്തിന് ഖുർആൻ പ്രതിപാദിക്കുന്ന ഏതാനും തത്വങ്ങളാണ് ഈ പുസ്തകത്തിൽ.

ആത്മം ബുക്സ്

ISBN 978-93-89766-01-1

9 789389 766011